SGOU
Higher Education for All

# മലയാളകവിത: പ്രാചീനം-മധ്യകാലീനം

## Course Code: SGB24ML305MC

Major Course
Malayalam Language and Literature (Honours)
Self Learning Material

'ഓടുന്ന ഗുളികനെന്നും
ഒളിക്കുന്ന ഗുളികനെന്നും
മൂളുന്ന ഗുളികന്മാർ
എതിർത്തു വന്നാൽ
എക്കിട്ട വീർപ്പുമുട്ടൽ'

SGOU

'അച്യുതൻ തന്നുടെ നൽച്ചരിതങ്ങൾ ഞാൻ
അജ്ഞരായുള്ളോർക്കു ബോധിപ്പാനായ്' -
കൃഷ്ണഗാഥ

SREENARAYANAGURU
OPEN UNIVERSITY

**SREENARAYANAGURU OPEN UNIVERSITY**
The State University for Education, Training and Research in Blended Format, Kerala

## Vision

To increase access of potential learners of all categories to higher education, research and training, and ensure equity through delivery of high quality processes and outcomes fostering inclusive educational empowerment for social advancement.

## Mission

To be benchmarked as a model for conservation and dissemination of knowledge and skill on blended and virtual mode in education, training and research for normal, continuing, and adult learners.

## Pathway

Access and Quality define Equity.

SGOU

# മലയാളകവിത: പ്രാചീനം-മധ്യകാലീനം

Course Code: SGB24ML305MC

Semester - V

SGOU

**Four Year Undergraduate Programme**
**Malayalam Language and Literature (Honours)**
**Major Course**
**Self Learning Material**

വിദ്യകൊണ്ട് സ്വതന്ത്രരാവുക
SREENARAYANAGURU
OPEN UNIVERSITY

SREENARAYANAGURU OPEN UNIVERSITY
The State University for Education, Training and Research in Blended Format, Kerala

SREENARAYANAGURU
OPEN UNIVERSITY

# മലയാളകവിത: പ്രാചീനം-മധ്യകാലീനം

Course Code: SGB24ML305MC
Semester- V
Major Course
BA Malayalam Language and Literature (Honours)


**Academic Committee**

Prof. (Dr.) Thomas Thamarassery
Dr. Indusree S. R.
Dr. Lekshmi V. S.
Dr. Vidhya D. R.
Dr. Athman A. V.
Chayam Dharmarajan
Dr. S. Nazeeb
Dr. Aju K. Narayanan
Dr. Baburajan K.
Dr. Suja S.
Dr. S. Sudarsana Babu
Dr. S. Ajayakumar
Dr. Vijaya V.A.
Dr. Sudha Mary Thomas



**Development of the Content**

Dr. Thara S.S., Leja V.R., Dr. James G., Athira A.R., Dr. Jessy Narayanan

**Review and Edit**

Dr. James G.
Prof. Thomas Thamarassery

**Linguistics**

Prof. (Dr.) M.S. Suchithra
Dr. Jaya R.S.
Prof. Reghunathan Pillai G.

**Scrutiny**

Dr. Thara S.S.
Dr. Deepam S.
Dr. Aswani A.P.
Dr. Deepthi V.S,
Dr. Lathika A.C.

**Cover Design**

Jobin J.

**Co-ordination**

**Director (IC), MDDC :**
Dr. Sajeevkumar G.
**Coordinator, Development:**
Dr. Anfal M.


SGOU

Scan this QR Code for reading the SLM on a digital device.


**Second Edition**
May 2025



**Copyright**
© Sreenarayanaguru Open University



ISBN 978-81-86425-6-0

9 788168 642560



All rights reserved. No part of this work may be reproduced in any form, by mimeograph or any other means, without permission in writing from Sreenarayanaguru Open University. Printed and published on behalf of Sreenarayanaguru Open University by Registrar, SGOU, Kollam.


www.sgou.ac.in

YouTube

Visit and Subscribe our Social Media Platforms

# MESSAGE FROM VICE CHANCELLOR

Dear Learner,

It is with great pleasure that I welcome you to the Four Year UG Malayalam Language and Literature Programme offered by Sreenarayanaguru Open University.

Established in September 2020, our university aims to provide high-quality higher education through open and distance learning. Our guiding principle, 'access and quality define equity', shapes our approach to education. We are committed to maintaining the highest standards in our academic offerings.

Our university proudly bears the name of Sreenarayanaguru, a prominent Renaissance thinker of modern India. His philosophy of social reform and educational empowerment serves as a constant reminder of our dedication to excellence in all our academic pursuits.

The Four Year UG Malayalam Language and Literature Programme covers all relevant areas aligned with Malayalam language and literary studies. We have incorporated the latest trends in Malayalam studies to ensure a comprehensive and up-to-date curriculum. Moreover, the programme encompasses flexible options for learners to choose from a range of Ability Enhancement Courses, Multi-disciplinary Courses, Value Added Courses, and Skill Enhancement Courses, complemented by discipline-oriented Advanced and Additional Advanced Courses.

Our teaching methodology combines three key elements: Self Learning Material, Classroom Counselling, and Virtual modes. This blended approach aims to provide a rich and engaging learning experience, overcoming the limitations often associated with distance education. We are confident that this programme will enhance your understanding of Malayalam language and literature, preparing you for various career paths and further academic pursuits.

Our learner support services are always available to address any concerns you may have during your time with us. We encourage you to reach out with any questions or feedback regarding the programme.
We wish you success in your academic journey with Sreenarayanaguru Open University.

Best regards,

Dr. Jagathy Raj V.P.
Vice Chancellor

01-05-2025

SGOU

# Contents


**BLOCK - 01 കവിതയുടെ പ്രഭവങ്ങൾ** 1

യൂണിറ്റ് - 1 കവിതയുടെ പ്രഭവങ്ങൾ 2

**BLOCK - 02 മണിപ്രവാളം** 43

യൂണിറ്റ് - 1 മണിപ്രവാളം 44

**BLOCK - 03 പാട്ട് സാഹിത്യം- രണ്ടാംഘട്ടം** 88

യൂണിറ്റ് - 1 കൃഷ്ണഗാഥ 89

**BLOCK - 04 കീർത്തനപ്രസ്ഥാനം** 118

യൂണിറ്റ് - 1 കീർത്തനപ്രസ്ഥാനം 119

**BLOCK - 05 രംഗകല** 146

യൂണിറ്റ് - 1 സഭാപ്രവേശം തുള്ളൽ - കുഞ്ചൻനമ്പ്യാർ 147

**BLOCK - 06 മുക്തകങ്ങൾ** 170

യൂണിറ്റ് - 1 മുക്തകങ്ങൾ 171


SGOU

# കവിതയുടെ പ്രഭവങ്ങൾ

# BLOCK - 01

SGOU

BLOCK - 1

# യൂണിറ്റ് - 1 കവിതയുടെ പ്രഭവങ്ങൾ

## Learning Outcomes

- സംഘസാഹിത്യത്തെക്കുറിച്ച് അറിവ് നേടുന്നു
- രാമചരിതത്തിന്റെ പ്രാധാന്യം മനസ്സിലാക്കുന്നു
- പ്രാചീന ഗാനമാതൃകകൾ പരിചയപ്പെടുന്നു
- നാടോടിപാട്ടുകളുടെ സവിശേഷതകൾ കണ്ടെത്തുന്നു

## Prerequisite

മലയാളവും തമിഴും വേർപിരിയുന്നതിനുമുമ്പ് അവയ്ക്ക് ഒരു പൊതുഭാഷയുണ്ടായിരുന്നു. മൂലദ്രാവിഡഭാഷ എന്നാണ് അത് അറിയപ്പെട്ടത്. ആ പൊതുഭാഷയുടെ കിഴക്കൻ തീരത്തുള്ള ഭാഷ തമിഴായും പടിഞ്ഞാറൻ തീരത്തുള്ള ഭാഷ മലയാളമായും പരിണമിച്ചുവെന്ന ഭാഷയുടെ ഉല്പത്തിവാദത്തിന് തെളിവു നൽകുന്നവയാണ് സംഘസാഹിത്യം. ഈ സാഹിത്യം തമിഴിന്റെയും മലയാളത്തിന്റെയും പൊതുസ്വത്താണ്. ചേര-ചോള-പാണ്ഡ്യനാടുകൾ ചേർന്ന് തമിഴകം എന്ന ഒറ്റ രാജ്യം നിലനിന്നിരുന്ന കാലത്ത് പാണ്ഡ്യനാട്ടിലെ മധുര ആസ്ഥാനമാക്കി നിലനിന്നിരുന്ന ഭരണസംവിധാനമാണ് സംഘം എന്നറിയപ്പെട്ടിരുന്നത്. ആ കാലഘട്ടത്തെ സംഘകാലഘട്ടമെന്നും അക്കാലത്ത് രചിക്കപ്പെട്ട സാഹിത്യത്തെ സംഘസാഹിത്യം എന്നും വിളിച്ചു വരുന്നു. ക്രിസ്തുവർഷം ആദ്യ അഞ്ച് നൂറ്റാണ്ടുകളെയാണ് സംഘകാലം എന്ന് പറയുന്നത്. സംഘസാഹിത്യത്തിലെ പ്രാചീന തമിഴ്കാവ്യങ്ങളിൽ നിന്നാണ് അക്കാലത്തെ സാമൂഹ്യജീവിതത്തെക്കുറിച്ചും സംസ്കാരത്തെക്കുറിച്ചും സൂചനകൾ ലഭിക്കുന്നത്. പ്രാചീനകാലത്ത് ദക്ഷിണേന്ത്യയിൽ നല്ല സാഹിത്യസൃഷ്ടികൾ രചിച്ചിരുന്ന അനേകം കവികൾ ഉണ്ടായിരുന്നു. ഇവർ എഴുതിയ കൃതികൾ പഴന്തമിഴ് പാട്ടുകളെന്നും അറിയപ്പെട്ടു. കേരളചരിത്ര രചനയ്ക്ക് ഉതകുന്ന ധാരാളം വസ്തുതകൾ ഈ പഴന്തമിഴ് പാട്ടുകളിൽ നിന്ന് കണ്ടെത്താനാകും.

വരേണ്യരുടെ കവിതകൾ സമ്മാനിക്കുന്ന സൗന്ദര്യമല്ല നാടൻപാട്ടുകളിൽ ദൃശ്യമാകുന്നത്. അനുഭവത്തിന്റെ തീവ്രതയും ജീവിതാവബോധവുമാണ് നാടൻപാട്ടുകളെ കാലാതിവർത്തിയായി നിലനിർത്തുന്നത്. സാമാന്യജനത്തിന്റെ സംസാരഭാഷയിൽ അലങ്കാരങ്ങളൊന്നുമില്ലാതെ ജീവിതചിത്രങ്ങൾ വരച്ചുകാട്ടുമ്പോൾ അവ ഒരു കാലഘട്ടത്തിന്റെ ആത്മകഥയായി മാറുന്നു. പറയാതെ പറയുന്നവരുടെ ആഖ്യാനതന്ത്രത്തെ ധ്വനി എന്നുവിളിക്കാമെങ്കിൽ എഴുതപ്പെട്ട കവിതയേക്കാൾ 'കവിത' ഈ പാട്ടിലുണ്ടെന്ന് സമ്മതിക്കേണ്ടിവരും. മനുഷ്യജീവിതത്തെ മാത്രമല്ല പ്രകൃതിയേയും അതിന്റെ ഉള്ളിലെ ഓരോ സൂക്ഷ്മാണുവിനെയും ഈ നാടൻപാട്ടുകളിൽ കണ്ടെത്താൻ കഴിയും. നാടൻപാട്ടുകൾ മനുഷ്യന്റെ അതിജീവനത്തിന്റെ താളങ്ങളാണ്. ഈ പാട്ടുകളെല്ലാം തന്നെ പല വിഭാഗങ്ങളായി ചിന്നിച്ചിതറി കിടക്കുകയാണ്. ചില പാട്ടുകൾ വിനോദപ്രദങ്ങളാണ്. മറ്റു പലതിലും ഈശ്വരാരാധനയും വീരാരാധനയും ആണ്. കർഷക നാടായ കേരളം പുതുനെല്ലിന്റെയും പശമണ്ണിന്റെയും മണം ഉയരുന്ന പണിപ്പാട്ടുകളുടെ നാടാണ്. വർണ്ണശബളമല്ലാത്ത ജീവിതം നയിച്ച സാധാരണക്കാരുടെ ഹൃദയതാളമാണ് പണിപ്പാട്ടിൽ

SGOU



SREENARAYANAGURU OPEN UNIVERSITY

മുഴങ്ങികേൾക്കുന്നത്. കഥാഗാനങ്ങളെ ദേശപ്രകൃതിക്കനുസരിച്ച് തെക്കൻപാട്ടെന്നും വടക്കൻപാട്ടെന്നും, ഇടനാടൻപാട്ടെന്നും വേർതിരിക്കുന്നു.

നാടൻപാട്ടുകൾക്ക് പുറമേ തമിഴ് സ്വാധീനമേറിയ വരമൊഴി പാട്ടുകൃതികളും പന്ത്രണ്ടാം ശതകത്തോടെ കേരളത്തിൽ ഉണ്ടായി. തമിഴും മലയാളവും ചേർന്ന ആ പാട്ടുകൃതികളെ ഭാഷയുടെ ആദ്യ സാഹിത്യരൂപമായി ഗണിക്കുന്നു. പാട്ട്, മണിപ്രവാളം എന്നിങ്ങനെ രണ്ട് ഭാഷാരീതികൾ വികാസം പ്രാപിച്ചു. സംസ്കൃത സ്വാധീനം കൂടുതലുണ്ടായിരുന്ന മണിപ്രവാളത്തിൽ നിന്നും വ്യത്യസ്തമായിരുന്നു പാട്ടുകൃതികൾ. പാട്ടുകൃതികളുടെ ഇതിവൃത്തം പുരാണസംബന്ധികളായ കഥകളായിരുന്നു. ഊഴിയിൽ ചെറിയവരായ ജനങ്ങളെ നേർവഴിക്ക് കൊണ്ടുവരാനും അവരിൽ ഭക്തിനിറയ്ക്കാനും വേണ്ടിയായിരുന്നു പാട്ടുസാഹിത്യത്തിലെ കൃതികൾ. അത്തരം കൃതികളുടെയെല്ലാം മൂലകൃതികൾ സംസ്കൃതത്തിൽ തന്നെയാണ് വിരചിതമായിരുന്നത്. അതിനാൽ സംസ്കൃതപണ്ഡിതരായ കവികൾ തന്നെയായിരിക്കണം പാട്ടുകൃതികളുടെ സ്രഷ്ടാക്കൾ. എന്നിട്ടും തങ്ങളുടെ രചനകളിൽ നിന്നും സംസ്കൃതത്തിന്റെ ആധിക്യം ഒഴിവാക്കിയത്, അന്നത്തെ സാധാരണ ജനങ്ങളിലേക്ക് ഇത്തരം ഭക്തിസംവർധകമായ ചിന്തകൾ എത്തുന്നതിനും അവരെ ആകർഷിക്കുന്നതിനും വേണ്ടിയായിരിക്കണം. അതിനാൽ അവർ സാധാരണക്കാരന്റെ ഭാഷയിൽ കാവ്യം രചിച്ചു. പാട്ട്സാഹിത്യപ്രസ്ഥാനത്തിലെ പ്രധാന കൃതികളാണ് രാമചരിതം, തിരുനിഴൽമാല, രാമകഥപ്പാട്ട് തുടങ്ങിയവ. തുടർന്നു വന്ന പാട്ടുകൃതികൾക്ക് ലീലാതിലകത്തിലെ പാട്ടിന്റെ ലക്ഷണങ്ങളിൽ നിന്ന് വ്യതിചലനം സംഭവിച്ചിട്ടുണ്ട്.

## Keywords

സംഘസാഹിത്യം - പത്തുപ്പാട്ട് - അകം കവിതകൾ - പുറം കവിതകൾ - ഐന്തിണകൾ - വടക്കൻ പാട്ട് - തെക്കൻ പാട്ട് - ഞാറ്റുപാട്ട് - പാട്ടുപ്രസ്ഥാനം - രാമചരിതം

## Discussion

### 1.1.1 സംഘകാലസാഹിത്യം

"വടവേങ്കടം തെൻകുമരി
ആയിടെ തമിഴു കൂറു നല്ലുലകത്തു''

വടക്ക് വേങ്കടവും തെക്ക് കന്യാകുമാരിയും കിഴക്ക് ബംഗാൾ ഉൾക്കടലും പടിഞ്ഞാറ് അറബിക്കടലും ആയ അതിരുകൾക്കുള്ളിൽ സ്ഥിതി ചെയ്തിരുന്ന തമിഴകം ക്രിസ്തുവർഷം ഒന്നാം നൂറ്റാണ്ടുമുതൽ ഒമ്പതാംനൂറ്റാണ്ടുവരെ ഭരിച്ചിരുന്നത് മൂവേന്തന്മാർ (മൂവരശ്ശന്മാർ) എന്നറിയപ്പെട്ടിരുന്ന ചേര-ചോള-പാണ്ഡ്യരാജവംശങ്ങളായിരുന്നു. അതിൽ പാണ്ഡ്യ തലസ്ഥാനമായ മധുര കേന്ദ്രമാക്കി ഒരു കവിസദസ് നിലനിന്നിരുന്നു. ഈ കവിസദസ് സംഘം എന്നും ആ കാലഘട്ടം സംഘകാലം എന്നും അറിയപ്പെട്ടു. പ്രസ്തുത സംഘകാലത്ത് രചിക്കപ്പെട്ടവയും സംഘത്തിന്റെ അംഗീകാരം നേടുകയും ചെയ്ത കൃതികളാണ് സംഘകാലസാഹിത്യം എന്നറിയപ്പെട്ടത്.

എ.ഡി. എട്ടാം നൂറ്റാണ്ടിൽ രചിക്കപ്പെട്ട 'ഇറൈയനാർ അകപ്പൊരുൾ' എന്ന സാഹിത്യലക്ഷണ ഗ്രന്ഥത്തിന് നക്കീരർ എഴുതിയ വ്യാഖ്യാനത്തിലാണ് സംഘത്തെപ്പറ്റി ആദ്യമായി പരാമർശിച്ചിട്ടുള്ളത്. അതിനുമുമ്പ് എ.ഡി. ഏഴാം നൂറ്റാണ്ടിലുണ്ടായ തേവാരം എന്ന സ്തോത്രകൃതിയിലും സംഘത്തെക്കുറിച്ച് പരാമർശമുണ്ട്. തമിഴർക്കിടയിൽ പ്രചരിച്ചിരുന്ന ഒരു ഐതിഹ്യത്തെ അടിസ്ഥാനമാക്കിയാണ് നക്കീരർ സംഘത്തെക്കുറിച്ച് പ്രസ്താവിക്കുന്നത്. അതനുസരിച്ച് പാണ്ഡ്യർ

സ്ഥാപിച്ചവയും മൂന്നു കാലഘട്ടങ്ങളിൽ മൂന്നു വ്യത്യസ്ത കേന്ദ്രങ്ങളിൽ പ്രവർത്തിച്ചിരുന്ന വയുമായ മൂന്ന് തമിഴ് സംഘങ്ങൾ ഉണ്ടായിരുന്നു. തലൈച്ചങ്കം (മുതൽചങ്കം), ഇടൈച്ചങ്കം, കടൈച്ചുങ്കം. പല മലകൾ ഉയർന്നു നിന്നിരുന്ന കുമരിക്കോട് എന്ന ഭൂപ്രദേശം ഇപ്പോഴത്തെ കന്യാകുമാരിക്ക് തെക്ക് പരന്നു കിടന്നിരുന്നു. പിൽക്കാലത്ത് കടലിൽ മുങ്ങിപ്പോയ ഈ പ്രദേശത്ത് ഉണ്ടായിരുന്ന തെൻമധുര എന്ന നഗരത്തിലായിരുന്നു ആദ്യസംഘമായ മുതൽച്ചങ്കം (തലൈച്ചങ്കം) 'ഇരുന്ന്' പോന്നത്. അഗസ്ത്യർ, ത്രിപുരം എരിയിച്ച വിരിജടൈകടവുൾ (ശിവൻ), കുന്ന് എറിഞ്ഞ മുരുകവേൾ (സുബ്രഹ്മണ്യൻ), നിധിയിൽ കിഴവൻ (വൈശ്രവണൻ), മുരഞ്ചിയൂർമുടി നാഗരായർ തുടങ്ങി ദിവ്യരും അർധദിവ്യരുമായ 549 പണ്ഡിതന്മാർ ഈ സംഘത്തിൽ അംഗങ്ങളായിരുന്നുവെന്നും 4440 വർഷം ഈ സംഘം നിലനിന്നിരുന്നുവെന്നും 'അകപ്പൊരുളിന്റെ' വ്യാഖ്യാനത്തിൽ പറയുന്നു. തമിഴ് ഭാഷയുടെയും സാഹിത്യത്തിന്റെയും വ്യാകരണ-ലക്ഷണഗ്രന്ഥമായ 'അകത്തിയം' (അഗസ്ത്യം) എന്ന കൃതിയാണ് ഈ സംഘത്തിന് പ്രമാണമായിരുന്നത്. 4449 കവികൾ ഈ സംഘത്തിനുമുമ്പാകെ സ്വന്തം കൃതികൾ പരിശോധനയ്ക്കു സമർപ്പിച്ചിരുന്നു എന്ന് പറയപ്പെടുന്നു. കായ്ചിന വഴുതി തുടങ്ങി കടുങ്കോൻ വരെ 89 പാണ്ഡ്യരാജാക്കന്മാരാണ് മുതൽച്ചങ്കത്തിന് സംരക്ഷണം നൽകിയത്. ഈ സംഘത്തിന്റെ കാലത്തുണ്ടായ എല്ലാ കൃതികളും നഷ്ടപ്പെട്ടു.

തെൻമധുര കടലിൽ മുങ്ങിയപ്പോൾ, ആ നഗരത്തിൽനിന്നും കുറെ വടക്കോട്ടു മാറി സ്ഥിതി ചെയ്തിരുന്ന കവാടപുരം രണ്ടാംസംഘത്തിന്റെ (ഇടൈച്ചങ്കം) ആസ്ഥാനമായി. അഗസ്ത്യൻ, തൊൽക്കാപ്പിയർ, തുവരൈക്കോമൻ, തിരൈയൻമാറൻ തുടങ്ങി ദിവ്യരും അർധദിവ്യരുമായ 59 പണ്ഡിതന്മാർ ഈ സംഘത്തിൽ ഉണ്ടായിരുന്നു. ഇടൈച്ചങ്കത്തിനുമുമ്പിൽ 3700 കവികൾ പരിശോധനയ്ക്കായി സ്വന്തം കൃതികൾ സമർപ്പിച്ചു. ഇവരിൽ അഞ്ച് രാജാക്കന്മാരും സ്വന്തം കൃതികൾ സമർപ്പിച്ചവരിൽ ഉൾപ്പെടുന്നു. അകത്തിയം, തൊൽകാപ്പിയം, മാപുരാണം, ഇചൈനുണുക്കം. പൂതപുരാണം എന്നിവയായിരുന്നു ഈ സംഘത്തിന് പ്രമാണങ്ങളായിരുന്നവ. വെൺതേർചെഴിയൻ മുതൽ മുടത്തിരുമാറൻ വരെ 59 പാണ്ഡ്യരാജാക്കന്മാർ ഇടൈച്ചങ്കത്തിന് സംരക്ഷണം നൽകി. ഈ സംഘം 3700 വർഷം നിലനിന്നിരുന്നുവെന്ന് വിശ്വസിക്കപ്പെടുന്നു. ഈ സംഘത്തിലെ കൃതികളിൽ തൊൽകാപ്പിയമൊഴികെ മറ്റെല്ലാം നഷ്ടപ്പെട്ടുപോയി.

കവാടപുരവും കടലിൽ മുങ്ങിപോയപ്പോൾ, ഇപ്പോഴത്തെ മധുരാപട്ടണത്തിൽ മൂന്നാംസംഘം (കടൈച്ചങ്കം) നിലവിൽവന്നു. കവാടപുരത്തെ കടലാക്രമണത്തിൽനിന്നും രക്ഷിക്കപ്പെട്ടുപോന്ന മുടത്തിരുമാറൻ മുതൽ ഉക്കിരപ്പെരുവഴുതി വരെ 49 പാണ്ഡ്യരാജാക്കന്മാർ 'കടൈച്ചങ്ക'ത്തിന് സംരക്ഷണം നൽകി. ഈ രാജാക്കന്മാരിൽ മൂന്നു പേർ സ്വന്തംകൃതികൾ സംഘത്തിനു മുന്നിൽ സമർപ്പിച്ച് 'കവിയരങ്ങ്' ഏറുകയും ചെയ്തു. ചേന്തം പൂതനാർ, പെരുംകുന്റൂർ കിഴാർ, ഇളംതിരുമാറൻ, മതുരൈ മരുതൻ ഇളനാകനാർ, നക്കിരനാർ തുടങ്ങിയ 49 പണ്ഡിതന്മാർ ഈ സംഘത്തിൽ അംഗങ്ങളായിരുന്നു. 1850 വർഷമായിരുന്നു കടൈച്ചങ്കത്തിന്റെ കാലമെന്ന് കരുതപ്പെടുന്നു. അകത്തിയവും തൊൽകാപ്പിയവുമായിരുന്നു ഈ സംഘത്തിന്റെ പ്രമാണഗ്രന്ഥങ്ങൾ.

മൂന്നാം സംഘം പരിശോധിച്ച് അംഗീകരിച്ചവയാണ് 'സംഘസാഹിത്യം' എന്ന പേരിൽ അറിയപ്പെടുന്ന മുപ്പത്തിയാറു കൃതികൾ. മൂന്നു നൂറ്റാണ്ടിലേറെക്കാലം ഇവ നിലനിന്നിരുന്നു. അതിനുകാരണം പരണർ, കപിലർ, മാമൂലനാർ, പാലൈപാടിയ പെരുങ്കടുങ്കോ, അമ്മുവനാർ, അരശിൽ കിഴാർ, പാലൈ ഗൗതമനാർ, നച്ചെള്ളയാർ, വെറിപാടിയ കാമക്കണ്ണിയാർ, ഇളങ്കോ അടികൾ തുടങ്ങിയ പ്രശസ്തരായ പല സംഘം കവികളും ചേരരാജ്യത്ത് പിറന്നവരാണ് എന്നുള്ളതാണ്.

സംഘസാഹിത്യകൃതികളെ അകമെന്നും പുറമെന്നും രണ്ടായി വിഭജിക്കാം. പ്രണയം, വിവാഹം, വിരഹം തുടങ്ങിയ വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന കൃതികളെ അകമെന്നും രാജ്യഭരണം, യുദ്ധങ്ങൾ, ജനങ്ങളുടെ ജീവിതരീതി, സംസ്കാരം എന്നിവയെ പ്രതിപാദിക്കുന്ന കൃതികളെ പുറമെന്നും പറയുന്നു. രാജാക്കന്മാരുടെ ചരിത്രം, യുദ്ധവീര്യം, ധർമം, നീതി, മതം തുടങ്ങിയ വിഷയങ്ങളാണ് സംഘംകൃതികളിലെ പ്രതിപാദ്യം. പരമ്പരാഗതമായി പത്തുപ്പാട്ട്, എട്ടുതൊകൈ, പതി



SGOU

നെൺകീഴ്ക്കണക്ക്, ചിലപ്പതികാരം, മണിമേഖല, തൊൽകാപ്പിയം എന്നിവയാണ് സംഘകാല സാഹിത്യകൃതികളായി പരിഗണിക്കപ്പെടുന്നത്.

### 1.1.1.1 പത്തുപ്പാട്ട്

സംഘംകൃതികളിലെ നീണ്ട പാട്ടുകളടങ്ങിയ പത്ത് മനോഹരമായ കാവ്യങ്ങളുടെ സമാഹാരമാണ് പത്തുപ്പാട്ട്. തിരുമുരുകാറ്റുപടൈ, പൊരുനരാറ്റുപടൈ, ചിറുപാണാറ്റുപടൈ, പെരുമ്പാണാറ്റുപടൈ, മുല്ലൈപ്പാട്ട്, മതുരൈകാഞ്ചി, നെടുതൽവാടൈ, കുറിഞ്ചിപ്പാട്ട്, പട്ടിനപ്പാലൈ, മലൈപടുകടാം എന്നിവയാണ് പത്തുപ്പാട്ടിൽ കാണുന്ന കൃതികൾ. അതിൽ നാലെണ്ണം ആറ്റുപടൈ എന്ന പേരുകൊണ്ടും അഞ്ചാമത്തേതായ മലൈപടുകടാം 'കുത്തരാറ്റു പടൈ' എന്ന പേരിലും അറിയപ്പെടുന്നു. ആറ്റുപട എന്ന കാവ്യരീതി സംഘസാഹിത്യത്തിലെ ഒരു പ്രത്യേക വിഭാഗമാണ്. ദാനശീലനായ ഒരു പ്രഭുവിനെ സമീപിച്ച് അയാളെ വാഴ്ത്തി സമ്മാനങ്ങൾ നേടി മടങ്ങുന്ന ഒരു പണ്ഡിതനെയോ പാണനെയോ പൊരുന്നനെയോ വിറലിയെയോ അതേ പ്രഭുവിന്റെ സന്നിധിയിൽ ചെന്നു വാഴ്ത്തി സങ്കടപരിഹാരം നേടുവാൻ ഉപദേശിക്കുന്ന രീതിയിൽ എഴുതിയ കൃതികളാണ് ആറ്റുപടൈകൾ. ആറ് എന്നാൽ വഴി എന്നർഥം. ആറ്റിൽ (വഴിയിൽ) പെടുത്തുന്നത് (ചേർത്തുകൊടുക്കുന്നത്) ആറ്റുപടെ. പ്രഭുവിന്റെ മഹത്വം, അദ്ദേഹത്തിന്റെ നാട്ടിലെ ഫലപുഷ്ടി, അങ്ങോട്ട് പോകാനുള്ള വഴി എന്നിവ ഈ കൃതികളിൽ വിവരിക്കപ്പെടുന്നു. മാർഗനിർദ്ദേശക കാവ്യങ്ങളെന്നും അറിയപ്പെടുന്ന ഇവ സംസ്കൃതത്തിലെ സന്ദേശകാവ്യങ്ങളുടെ മാതൃകയിലുള്ള അകം കവിതകളാണ്.

> പട്ടിനപ്പാല, മുല്ലപ്പാട്ട്, കുറിഞ്ചിപ്പാട്ട് എന്നീ മൂന്നും അകം കാവ്യവിഭാഗത്തിൽപ്പെടുന്നു. ജീവിതത്തിലെ അനിശ്ചിതത്വത്തെ വിവരിക്കുന്ന മധുരൈകാഞ്ചി പുറം കാവ്യമാണ്. നെടുനൽവാട അകം പുറം ലക്ഷണങ്ങൾ കലർന്ന കാവ്യമാണ്.

പത്തുപ്പാട്ടുകളിൽ ആദ്യത്തേതായി കരുതപ്പെടുന്ന തിരുമുരുകാറ്റുപടൈ മറ്റുള്ളവയിൽനിന്നും അല്പം വ്യത്യസ്തമാണ്. മോക്ഷം ആഗ്രഹിക്കുന്ന ഒരു ഭക്തന്, മുക്തി നേടിക്കഴിഞ്ഞ മറ്റൊരു ഭക്തൻ, മുരുകന്റെ ആറുക്ഷേത്രങ്ങളിലേയ്ക്ക് വഴി പറഞ്ഞുകൊടുക്കുന്നതാണ് ഇതിലെ പ്രതിപാദ്യം. മുരുകന്റെ ആറുക്ഷേത്രങ്ങളെ 'പടവീടുകൾ' എന്ന് വിളിക്കുന്നു. തിരുപ്പറംകുന്റം, തിരുച്ചെന്തൂർ, തിരുനാവിനൻകുടി, തിരുവേരകം, കുന്റുതോറാടൽ, പഴമുതിർച്ചോലൈ എന്നിവയാണ് ആറ് പടവീടുകൾ. നക്കീരരാണ് ഈ കൃതി രചിച്ചിട്ടുള്ളത്. 'പുലവരാറ്റുപടൈ' എന്നുകൂടി ഈ കൃതിക്ക് പേരുണ്ട്. സാധാരണയായി ആറ്റുപട കാവ്യത്തിൽ മൂന്ന് പ്രധാനഘടകങ്ങൾ അടങ്ങിയിരിക്കും. സമ്മാനം നേടി വരുന്നവർ, സമ്മാനാർഥികൾ, കാവ്യനായകനായ വദാന്യൻ (സമ്മാനദാതാവ്) എന്നിവർ. ഈ കാവ്യങ്ങളുടെ മറ്റൊരു സവിശേഷത, ഓരോന്നിലും ഓരോ ചരിത്രപുരുഷനേയും അവരുടെ വിദ്വൽസഭ, കലാപ്രോത്സാഹനം, ഉദാരത, സ്ഥലമാഹാത്മ്യം, അഞ്ചുതരത്തിലുള്ള ഭൂഭാഗ വിവരണം, അവിടത്തെ നിവാസികൾ, അവരുടെ ആചാര്യമര്യാദകൾ, തൊഴിലുകൾ, കൃഷി, ഭക്ഷണരീതി, സാമൂഹികവും സാംസ്കാരികവുമായ പ്രത്യേകതകൾ എന്നിങ്ങനെ അക്കാലത്തെ ചരിത്രപശ്ചാത്തലം കാവ്യാത്മകമായി വിവരിക്കുന്നു. മറ്റൊരു വിധത്തിൽ പറഞ്ഞാൽ ഒരു കാലഘട്ടത്തിലെ ദക്ഷിണേന്ത്യൻ ജനതയുടെ ജീവിതവും സംസ്കാരവും വിദേശബന്ധങ്ങളും ഈ കൃതികൾ അവതരിപ്പിക്കുന്നു.

### 1.1.1.2 എട്ടുത്തൊകൈ

എട്ടുത്തൊകൈ എന്നത് ചെറുതും വലുതുമായ എട്ട് ഖണ്ഡകാവ്യങ്ങളുടെ സമാഹാരമാണ്. തൊകൈ എന്ന വാക്കിന് സമാഹാരം എന്നർഥം. നറ്റിണൈ, കുറുന്തൊകൈ, ഐങ്കുറുനൂറ്, പതിറ്റുപത്ത്, പരിപാടൽ, കലിത്തൊകൈ, അകനാനൂറ്, പുറനാനൂറ് എന്നിവയാണ് എട്ടുകാവ്യങ്ങൾ. ഇവയിൽ തമിഴകത്തിന്റെ നാഗരികതയും സംസ്കാരവും ജനജീവിതവും വിവരിക്കുന്നു. കൂടാതെ ചരിത്രസൂചനകളും ധാരാളമായി കാണാം. ഈ കാവ്യസമാഹാരങ്ങളിൽ അഞ്ചെണ്ണം അകം കവിതകളാണ്. അവയിൽ 13 വരിമുതൽ 31 വരെ വരെയുള്ള 400 ഒറ്റക്കവിതകൾ ചേർന്നതാണ് അകനാനൂറ്. 9 വരി മുതൽ 12 വരിവരെ



SGOU

യുള്ള 400 കവിതകൾ അടങ്ങിയതാണ് നറ്റിണൈ. 4 വരി മുതൽ 8 വരി വരെയുള്ള ലഘുഗീതങ്ങളാണ് കുറുന്തൊകയിലുള്ളത്. 3 വരിമുതൽ 5 വരി വരെ 500 ചെറിയ പദ്യങ്ങളുടെ സമാഹാരമാണ് ഐങ്കുറുനൂറ്. രാഗവും താളവുമുള്ള 150 കവിതകൾ ഉൾക്കൊള്ളുന്ന കാവ്യസഞ്ചികയാണ് കലിത്തൊകൈ. ഈ അഞ്ച് പ്രാചീന കവിതാ സമാഹാരങ്ങളും പ്രേമസംബന്ധികളായ ഇതിവൃത്തം ഉള്ളവയാണ്. ഇവയിൽ ഐങ്കുറുനൂറ് മരുതം, നെയ്തൽ, കുറിഞ്ചി, പാലൈ, മുല്ലൈ എന്ന ക്രമത്തിൽ കേരളീയ ഭൂപ്രകൃതിയെ ആസ്പദമാക്കി അഞ്ച് നിലങ്ങളെയും അവിടത്തെ ഗൃഹജീവിതപ്രശ്നങ്ങളെയും പ്രതിപാദിക്കുന്നു. അതുപോലെ ചേരരാജധാനിയായ വഞ്ചിയിലെ ജനജീവിതവും സംസ്കാരവും പ്രതിഫലിക്കുന്ന മറ്റു കൃതികളാണ് കുറുന്തൊകൈയും അകനാനൂറും.

**എട്ടുത്തൊകൈ**

നറ്റിണൈ, കുറുന്തൊകൈ, ഐങ്കുറുനൂറ്, കലിത്തൊകൈ, അകനാനൂറ് എന്നിവ അകംകവിതകളും പതിറ്റുപത്ത്, പുറനാനൂറ് എന്നിവ പുറംകവിതകളും പരിപാടൽ മിശ്രകൃതിയുമാണ്.

പാട്ടുകൾ എന്ന് പറയാവുന്ന രാഗവും താളവുമടങ്ങിയ 70 കവിതകളുടെ ശേഖരമാണ് പരിപാടൽ. ഇതിൽ പ്രണയവിഷയകമായ കവിതകളും ദൈവകീർത്തനങ്ങളും ഉൾപ്പെടുന്നു. പതിറ്റുപത്ത് പത്ത് ചേരരാജാക്കന്മാരെ പ്രശംസിച്ചുകൊണ്ട് എഴുതിയ പത്ത് പാട്ടുകളുടെ സമാഹാരമാണ്. പത്ത് പാട്ടുകൾ വീതം 100 കവിതകൾ അടങ്ങിയതാണ് ഈ കാവ്യം. തമിഴകരാജാക്കന്മാർ, പ്രഭുക്കന്മാർ, ധനികന്മാർ, ഉന്നതകുലജാതർ എന്നിവരുടെ പ്രവൃത്തികളും സ്വഭാവഗുണവും ഇതിവൃത്തമായുള്ള 400 കവിതകളുടെ സമാഹാരമാണ് പുറനാനൂറ്. എട്ടുത്തൊകൈയിൽ തികച്ചും കേരളീയമായ സംഘം കൃതികളാണ് ഐങ്കുറുനൂറും പതിറ്റുപത്തും.

### 1.1.1.3 പതിനെൺകീഴ്ക്കണക്കുകൾ

ധർമ്മാർഥകാമങ്ങളെ അധികരിച്ചുള്ളവയും മുഖ്യമായും വെൺപാട്ടുകളായും ഉള്ള ലഘു പദ്യങ്ങളാണ് പതിനെൺകീഴ്ക്കണക്കുകൾ. കണക്ക് എന്നാൽ ഗ്രന്ഥം എന്നാണ് അർഥം. കീഴ്ക്കണക്ക് എന്നു പറഞ്ഞാൽ ചെറിയ ഗ്രന്ഥമെന്ന് അർഥം പറയാം. കീഴ്കണക്കുകളിൽ പ്രധാനപ്പെട്ടത് തിരുവള്ളുവരുടെ 'തിരുക്കുറൾ' ആണ്. നാലടിയാർ, നാൻമണിക്കടികൈ, കാർനാർപത്, കളവഴി നാർപത്, ഇന്നാ നാർപത്, ഇനിയവൈ നാർപത്, തിണൈമാലൈ നൂറ്റൈമ്പത്, തിണൈമൊഴി ഐമ്പത്, ഐന്തിണൈ ഐമ്പത്, ഐന്തിണൈ എഴുപത്, തിരുകടുകം, ആചാരക്കോവൈ, പഴമൊഴി, ചിറുപഞ്ചമൂലം, മുതുമൊഴിക്കാഞ്ചി, ഏലാതി എന്നിവ പതിനൊന്നും സദാചാരോപദേശകൃതികൾ ആണ്. കാർനാർപത്, തിണൈമാലൈ നൂറ്റമ്പത്, തിണൈമൊഴി ഐമ്പത്, ഐന്തിണൈ ഐമ്പത്. ഐന്തിണൈ എഴുപത്, കൈന്നിലൈ എന്നീ ആറുകൃതികളിലെ പ്രതിപാദ്യം അകപ്പൊരുൾ (പ്രണയം) ആണ്. കളവനിനാർപതിർ പുറപ്പൊരുൾ (രാജനീതി) പ്രതിപാദിക്കപ്പെട്ടിരിക്കുന്നു.

**തമിഴിലെ പഞ്ചമഹാകാവ്യങ്ങൾ**

ചിലപ്പതികാരം, മണിമേഖല, ജീവകചിന്താമണി, വളൈയാപതി, കുണ്ഡലകേശി. വളൈയാപതിയും കുണ്ഡലകേശിയും അപൂർണ്ണ കാവ്യങ്ങളാണ്. മണിമേഖലയും കുണ്ഡലകേശിയും ബൗദ്ധമഹാകാവ്യങ്ങളും, ജീവകചിന്താമണിയും വളൈയാപതിയും ജൈനമഹാകാവ്യങ്ങളുമാണ്. ചിലപ്പതികാരം ഒരു പ്രത്യേക മതവിഭാഗത്തിലുള്ള സാഹിത്യകൃതിയായി ഗണിക്കപ്പെടുന്നില്ല.

## 1.1.2 അകം കവിതകൾ

തമിഴിൽ ലഭിച്ചിട്ടുള്ള ഏറ്റവും പ്രാചീനമായ വ്യാകരണ-കാവ്യമീമാംസാഗ്രന്ഥമാണ് തൊൽകാപ്പിയം. ഈ കൃതിയുടെ കർത്താവിനെക്കുറിച്ചോ കാലത്തെക്കുറിച്ചോ കൃത്യമായ വിവരങ്ങളൊന്നുമില്ല. അദ്ദേഹത്തിന്റെ യഥാർഥ പേരുപോലും അജ്ഞാതമാണ്. 'തൊൽകാപ്പിയർ' എന്നാണദ്ദേഹം അറിയപ്പെടുന്നത്. തൊൽ (പ്രാചീനം) കാപ്പിയക്കുടിയിൽ ജനിച്ചതുകൊണ്ടാണ് അദ്ദേഹം അങ്ങനെ അറിയപ്പെടുന്നത്.



SGOU

എഴുത്തതികാരം, ചൊല്ലതികാരം, പൊരുളതികാരം എന്ന മൂന്നു ഭാഗങ്ങളിലായി 1603 സൂത്രങ്ങളാണ് തൊൽകാപ്പിയത്തിലുള്ളത്. ഓരോ അതികാരവും ഇയലുകളായി (അധ്യായം) തിരിച്ചിട്ടുണ്ട്. അക്ഷരങ്ങളെക്കുറിച്ചുള്ള വിവരണമാണ് എഴുത്തതികാരം. ചൊല്ലതികാരം പദങ്ങളെപ്പറ്റിയാണ് പ്രതിപാദിക്കുന്നത്. ഇവ വ്യാകരണവിഷയമാണ് ചർച്ച ചെയ്യുന്നത്. പൊരുളതികാരത്തിൽ സാഹിത്യവിഷയമാണ്. ദ്രാവിഡസൗന്ദര്യശാസ്ത്രത്തിന്റെ ആധികാരികരേഖയാണ് പൊരുളതികാരം. മനുഷ്യജീവിതത്തെ ഭൂപ്രകൃതിയോടും കാലാവസ്ഥകളോടും ബന്ധപ്പെടുത്തുന്ന ഒരു ദർശനമാണ് പൊരുളതികാരത്തിലുള്ളത്. ഇന്ന് നാം കാണുന്ന പരിസ്ഥിതി സൗന്ദര്യശാസ്ത്രവുമായി ഈ ദർശനത്തിന് ഒരളവുവരെ ബന്ധമുണ്ടെന്ന് പറയാം.

വിവിധ ഭൂവിഭാഗങ്ങൾ തിണകളെന്നാണ് അറിയപ്പെടുന്നത്. ഈ തിണകളെ അടിസ്ഥാനമാക്കി സാഹിത്യത്തിന്റെ പ്രമേയത്തെ (പൊരുളിനെ) അകമെന്നും പുറമെന്നും രണ്ടായി വിഭജിച്ചിരിക്കുന്നു. അകവും പുറവും പ്രതീകാത്മകങ്ങളാണ്. ആത്മനിഷ്ഠവും വൈയക്തികവും വികാരപ്രധാനവുമായ ഭാവഗീതങ്ങളുടെ സവിശേഷതകൾ ഉൾക്കൊള്ളുന്നവയാണ് അകം കവിതകൾ. വസ്തുനിഷ്ഠവും സാമൂഹികവും വിവരണപ്രധാനവുമായ ആഖ്യാനവിശേഷങ്ങൾ അടങ്ങിയതാണ് പുറം കവിതകൾ. ഇവ ആത്മപരവും അന്യപരവുമായ ജീവിതതലങ്ങളെ ഉൾക്കൊള്ളുന്നു. ഇവയ്ക്ക് ആധാരമായ തിണകളെ അകത്തിണയെന്നും പുറത്തിണയെന്നും പറയുന്നു.

അകവും പുറവും ജീവിതത്തിന്റെ ഇരുവശങ്ങളാണ്. അകം കവിത ആന്തരാനുഭൂതിയുടെ ആവിഷ്കാരമാണ്. സ്ത്രീ-പുരുഷപ്രണയത്തിന്റെ രൂപഭേദങ്ങളും ഗാർഹികബന്ധങ്ങളുമാണ് അകം കവിതകളുടെ വിഷയം. എന്നാൽ പ്രേമജീവിതത്തിന്റെ ബാഹ്യവശങ്ങളാണ് പുറം കവിതകൾ. രാജാക്കന്മാരുടെയും വീരനായകന്മാരുടെയും ചരിതങ്ങൾ, യുദ്ധവീരപരാക്രമങ്ങൾ, ദാനദയാധർമ്മങ്ങൾ തുടങ്ങിയവ പുറംകവിതകളിൽ വിഷയമാകുന്നു. അകംകവിതകൾ പ്രേമകാവ്യങ്ങളും പുറംകവിതകൾ വീരചരിതങ്ങളുമാണെന്ന് പറയാം. അകം എന്നതിന് 'ആന്തരികം, വൈകാരികം, ഗാർഹികം' എന്നിവ ഉൾക്കൊള്ളുന്ന അർഥമാണുള്ളത്. സ്ത്രീ-പുരുഷപ്രണയത്തിന്റെ രൂപഭേദങ്ങൾക്ക് അടിസ്ഥാനമായ മാനസികാവസ്ഥകളാണ് അകം കവിതകളിൽ ആവിഷ്കരിക്കുന്നത്. നായികയുമായി നായകനുള്ള ബന്ധത്തിന്റെ അടിസ്ഥാനത്തിൽ സംയോഗം (പുണർതൽ), വേർപാട് (പിരിതൽ), കാത്തിരിപ്പ് (ഇരുത്തൽ), പ്രണയകലഹം (ഊടൽ), വിലാപം (ഇരങ്കൽ) ഏകപക്ഷീയമായ പ്രണയം (കൈക്കിളൈ), ബലാൽക്കാരം (പെരുന്തിണൈ) എന്നിങ്ങനെ അകപ്പൊരുളിന് ഏഴ് വിഭാഗങ്ങളുണ്ട്. വിവാഹത്തിനുമുമ്പുണ്ടാകുന്ന പ്രണയത്തെ കളവ് എന്നും വിവാഹാനന്തരമുണ്ടാകുന്ന പ്രണയത്തെ കർപ്പ് എന്നും പറയുന്നു.

അകം കവിതകളിൽ പ്രതിപാദിക്കുന്ന കാവ്യസാമഗ്രികളെ മൂന്നു ഘടകങ്ങളായി തിരിക്കുന്നു. മുതൽപ്പൊരുൾ, ഉരിപ്പൊരുൾ, കരുപ്പൊരുൾ. സ്ഥലവും കാലവുമാണ് മുതൽപ്പൊരുൾ. കാവ്യപ്രമേയത്തിന് അടിസ്ഥാനമായ മാനസികാവസ്ഥയാണ് ഉരിപ്പൊരുൾ. ദൈവം, ജനം, തൊഴിൽ, ആഹാരം, മൃഗം, പക്ഷി, മരം, പൂവ് എന്നിങ്ങനെ മുതൽപ്പൊരുളിനെ ഉരിപ്പൊരുളുമായി ബന്ധിപ്പിക്കുന്ന ഘടകങ്ങളാണ് കരുപ്പൊരുൾ എന്ന് പറയുന്നത്.

### 1.1.2.1 ഐന്തിണകൾ

പ്രേമത്തിന്റെ ഓരോ ഭാവത്തിനും യോജിക്കുന്ന അന്തരീക്ഷം സൃഷ്ടിക്കാൻ പ്രകൃതിദൃശ്യങ്ങളെ ഉപയോഗിക്കുന്ന സങ്കേതം സംഘസാഹിത്യത്തിന്റെ പ്രത്യേകതയാണ്. പ്രേമത്തിന്റെ വിവിധ ഭാവങ്ങൾക്ക് പശ്ചാത്തലമാകുന്ന ഭൂപ്രദേശങ്ങളെ കുറിഞ്ചി, മുല്ല, പാല, മരുതം, നെയ്തൽ എന്നിങ്ങനെ അഞ്ചു തിണകൾ അഥവാ നിലങ്ങളായി തിരിച്ചിരിക്കുന്നു. ഇവയാണ് ഐന്തിണകൾ (പഞ്ചനിലങ്ങൾ) എന്നറിയപ്പെടുന്നത്. ഓരോ ഭൂപ്രദേശത്തിന്റെയും പേരിനാസ്പദം അവിടെ വിരിയുന്ന പൂക്കളാണ്. ഓരോ തിണയ്ക്കും അതിന്റേതായ ദേവതകളുണ്ട്. അതുപോലെ അഞ്ചു തിണകൾ അഞ്ചു പ്രേമഭാവങ്ങളോട് ബന്ധപ്പെട്ടിരിക്കുന്നു. മുതൽ, ഉരി, കരു എന്നീ പൊരുളുകളുടെ സമന്വയമാണ് തിണ. ഇവയിൽ ഉരിപ്പൊരുളാണ് അടിസ്ഥാന

SGOU

ഘടകം. ഒരു തിണയ്ക്ക് യോജിക്കുന്നത് മറ്റൊരു തിണയിൽപ്പെടുന്ന കവിതയിൽ വരുന്നത് തെറ്റല്ലെന്ന് തൊൽക്കാപ്പിയർ പറയുന്നു. ഒരു തിണയിലെ കരുക്കൾ മറ്റൊരു തിണയിൽ വന്നാൽ അതിനെ തിണമയക്കം എന്ന് പറയുന്നു.

അകം കവിതകളുടെ പ്രധാന ഘടകമായി വരുന്നതാണ് ഋതുക്കളും സമയവും. രാത്രിയെ പത്തുനാഴികവീതമുള്ള മൂന്നു ഭാഗങ്ങളായി തിരിക്കുന്നു. അതിൽ ആദ്യഭാഗത്തിന് 'മാലൈ' എന്നും മധ്യത്തിന് 'യാമം' എന്നും അവസാന ഭാഗത്തിന് 'വൈകറൈ' എന്നും പറയുന്നു. ഇതുപോലെ പകലിനെയും മൂന്നു ഭാഗങ്ങളായി തിരിച്ചിട്ടുണ്ട്. ആദ്യഭാഗത്തിന് 'വിടിയൽ', മധ്യത്തിന് 'നൺപകൽ', അന്ത്യത്തിന് 'യെർപാട്' എന്നും പറയുന്നു. ഓരോ തിണകൾക്കും പ്രത്യേക സമയവും നിർണ്ണയിച്ചിരിക്കുന്നു. മുല്ലത്തിണക്ക് മഴക്കാലവും സന്ധ്യാസമയവും. കുറിഞ്ചിക്ക് ശരത് കാലവും രാത്രിയുടെ മധ്യഭാഗവും. ഹേമന്തവും മഴയും കുറിഞ്ചിക്കവിതകളിൽ ഉൾപ്പെടുത്താവുന്നതാണ്. രാത്രിയുടെ അന്ത്യഭാഗവും വെളുപ്പാൻ കാലവുമാണ് മരുതത്തിന് യോജിക്കുക. കൂടാതെ എല്ലാ ഋതുക്കളും മരുതത്തിനു ചേരും. മധ്യാഹ്നവും വേനൽക്കാലവുമാണ് പാലൈ നിലത്തിന്. ശിശിരകാലവും ഇതിനു ചേരും. നെയ്തലിന് പകലിന്റെ അന്ത്യഭാഗവും എല്ലാ ഋതുക്കളും ചേരുന്നതാണ്.

**കുറിഞ്ചിത്തിണ :-** മലയും മലയോട് ചേർന്ന സ്ഥലവുമാണ് കുറിഞ്ചിനിലം. ഈ തിണയോട് ബന്ധപ്പെട്ട കാലം ശരത്തും ഹേമന്തവും, സമയം രാത്രിയുടെ മധ്യഭാഗവുമാണ്. നായികയും നായകനും പരസ്പരം കണ്ട് അനുരക്തരാകുന്നത് ഇവിടെ വെച്ചാണ്. വിവാഹപൂർവപ്രണയവും സംഭോഗശൃംഗാരവും കുറിഞ്ചിക്കവിതയിൽ വർണ്ണ്യവിഷയമാകുന്നു. മലയരും കുറവരുമാണ് ഇവിടത്തെ നിവാസികൾ. തൊഴിൽ മലനെല്ലു വിതയ്ക്കൽ, തേനെടുക്കൽ, നായാട്ട്, കൊയ്ത്ത് തുടങ്ങിയവയാണ്. തേക്ക്, അകിൽ, ചന്ദനം, വേങ്ങ, അശോകം എന്നിവ ഇവിടത്തെ മരങ്ങളും കുറിഞ്ഞിപ്പൂവ്, വേങ്ങപ്പൂവ്, കാന്താൾപ്പൂവ് എന്നിവ പൂക്കളുമാണ്. പക്ഷികൾ: മയിൽ, പ്രാവ്, കാട്ടുകിളികൾ എന്നിവയാണ്. പുലി, കരടി, ആന, സിംഹം, പന്നി എന്നിവയാണ് ഈ പ്രദേശത്തു കാണുന്ന മൃഗങ്ങൾ. വാദ്യങ്ങൾ: വെറിയാട്ടുപറ, തൊണ്ടകപ്പറ, കൈവീണ. കുറിഞ്ചിനിലത്തെ ദേവത മുരുകനും ഭാവം പുണർത്തലുമാണ്.

**മുല്ലത്തിണ :-** കാടും പരിസരങ്ങളും അടങ്ങുന്നതാണ് മുല്ലനിലം. മഴക്കാലവും സന്ധ്യാസമയവും ഇതിനോട് ബന്ധപ്പെട്ടിരിക്കുന്നു. ഇടയരാണ് ഇവിടത്തെ നിവാസികൾ. കൃഷിയും കാലിമേയ്ക്കലുമാണ് ഇവരുടെ തൊഴിൽ. വിനോദങ്ങൾ കാളപ്പോരും കുരവക്കൂത്തുമാണ്. കൊന്ന, കായാവ്, തുടങ്ങിയവ ഈ പ്രദേശത്തോട് ബന്ധപ്പെട്ട വൃക്ഷങ്ങളും മുല്ല, കാന്താൾ, കായാവ് തുടങ്ങിയവ പുഷ്പങ്ങളുമാണ്. ഇവിടത്തെ പക്ഷികൾ കാട്ടുകോഴി, മയിൽ, ചീവൽ എന്നിവയും മൃഗങ്ങൾ മുയൽ, മാൻ എന്നിവയുമാണ്. പറയും മുരചുമാണ് വാദ്യങ്ങൾ. ദേവത വിഷ്ണു (മായോൻ) ഭാവം കാത്തിരിപ്പ് (ഇരുത്തൻ) ആണ്.

**പാലത്തിണ :-** അരുവികളോ നീർച്ചാലുകളോ ഇല്ലാത്തതും ചൂടും വരൾച്ചയും കൂടിയതുമായ ഊഷരഭൂമിയാണ് പാലൈനിലം. കാലം വേനലും സമയം നട്ടുച്ചയുമാണ്. എയിനർ, മറവർ എന്നെല്ലാം അറിയപ്പെടുന്ന പാലനിലത്തിലെ നിവാസികൾ പലരും തട്ടിപ്പറിക്കുന്നതും കൊള്ളയടിക്കുന്നതും തൊഴിലാക്കിയവരാണ്. പാല, ഇരിപ്പ, കള്ളി, കരിമ്പന എന്നിവയാണ് ഇവിടത്തെ മരങ്ങൾ. പൂക്കളിൽ പാലപ്പൂവും മാമ്പൂവും പാതിരപ്പൂവും കുരവപ്പൂവും പെടുന്നു. കഴുകൻ, പരുന്ത്, പ്രാവ് എന്നിവ പക്ഷികളും ബലം ക്ഷയിച്ച ആന, ചടച്ച കുറുക്കൻ, പുലി, ചെന്നായ തുടങ്ങിയവ മൃഗങ്ങളുമാണ്. പെരുമ്പറയും തുടിയുമാണ് വാദ്യങ്ങൾ. കലാഹൃദയമുള്ളവരാണ് പാലനിലത്തിലെ ജനങ്ങൾ എന്ന് പൊതുവെ വിശ്വസിക്കപ്പെടുന്നു. കൊറ്റവൈ ആണ് ഇവിടത്തെ ദേവത. വിരഹത്തെ തീവ്രമാക്കി ശൂന്യതാബോധം ഉണർത്തുവാൻ പര്യാപ്തമാണ് വിജനമായ പാലനിലം.

**മരുതത്തിണ :-** വയലും കൃഷിയിടങ്ങളും ചേർന്നതും ജലസമൃദ്ധിയുള്ളതുമായ പ്രദേശമാണ് മരുതനിലം. എല്ലാ ഋതുക്കളും പ്രഭാതത്തിനു മുമ്പും പിമ്പുമുള്ള സമയവും ഈ തിണയ്ക്കു യോജിക്കും. ഉഴവരും കർഷകരുമാണ്

മരുതത്തിലെ നിവാസികൾ. നെല്ല്, കരിമ്പ് തുടങ്ങിയവ കൃഷി ചെയ്യുന്നു. മരുത്, കാഞ്ചി, പഞ്ഞി എന്നിവ വൃക്ഷങ്ങളും താമര, ചെങ്കഴുനീർ എന്നിവ പുഷ്പങ്ങളുമാണ്. പക്ഷികൾ നീർക്കോഴി, താറാവ്, ഞാറപ്പക്ഷി, അന്നം, പരുന്ത്, കാക്ക തുടങ്ങിയ പക്ഷികൾ മൃഗങ്ങൾ : എരുമ, നീർനായ വാദ്യങ്ങൾ : മണമുഴാവ്, നെല്ലിരികിണ എന്നിവയാണ്. ഇവിടത്തെ ദേവത ഇന്ദ്രനാണ്. ചില പുരുഷന്മാർ വേശ്യാഗൃഹത്തിലേക്ക് പോകുന്നതുകൊണ്ട് പ്രണയകലഹം ഇവിടത്തെ നിത്യഭാവമാണ്. വയലും കൃഷിയിടങ്ങളും ചേർന്ന മരുതനിലം ജന്മിമാരുടെയും ഇടനില കൃഷിക്കാരുടെയും സുഖസമൃദ്ധമായ ജീവിതത്തിന്റെ വേദിയാണ്. തെങ്ങിൻതോപ്പുകളും നെൽപ്പാടങ്ങളും തോടുകളും മാളികകളും നിറഞ്ഞതാണ് ഈ പ്രദേശം.

**നെയ്തൽ :-** കടലും കടലോരവും ചേർന്ന പ്രദേശം. എല്ലാ ഋതുക്കളും സന്ധ്യയും ഇതിനോട് ചേർന്നിരിക്കുന്നു. നായികയുടെ കാത്തിരിപ്പും വിലാപവുമാണ് നെയ്തൽക്കവിതകളുടെ പ്രമേയം. കടലും സന്ധ്യയും അതിന് പശ്ചാത്തലമാകുന്നു. കരുണരസപ്രധാനമാണ് നെയ്തൽ ക്കവിതകൾ. മുക്കുവർ, ഉമണർ എന്നിവരാണ് ജനങ്ങൾ. മീൻപിടിച്ച് വിൽക്കലും ഉപ്പുണ്ടാക്കി വിൽക്കലുമാണ് പ്രധാന തൊഴിൽ. പുന്ന, ഞാവൽ, കൈത, കണ്ടൽ എന്നിവയാണ് മരങ്ങൾ. നെയ്യാമ്പൽ, കൈതപ്പൂവ്, മുണ്ടകപ്പൂവ് ഇവ പുഷ്പങ്ങൾ. കടൽകാക്കയും അന്നവും നെയ്തൽപക്ഷികളും സ്രാവും മുതലയും മൃഗങ്ങളുമാണ്. വാദ്യങ്ങൾ : മീൻകോൾപ്പറ, നാവായ്പ്പറ. ദേവത : വരുണൻ. സ്നേഹസംയോഗവും വിയോഗവും വിരഹത്തിന്റെ വിങ്ങലും അടങ്ങിയതാണ് നെയ്തൽതീരം. വിരഹത്തിന്റെ ബിംബങ്ങളാണ് കടലും സന്ധ്യയും.

ഐന്തിണകളെക്കൂടാതെയുള്ള കൈക്കിളയ്ക്കും പെരുന്തിണക്കും തൊൽകാപ്പിയത്തിൽ പൊരുളുകൾ നിർദ്ദേശിക്കപ്പെട്ടിട്ടില്ല. വൈകാരികവും ആത്മനിഷ്ഠകങ്ങളുമായ അകം കവിതകളിൽ കഥാപാത്രങ്ങൾ വ്യക്തികളല്ല. മാതൃകകൾ ആണ്. നായികാനായകന്മാരുടെ പേരുകൾ കവിതകളിൽ പറയാൻ പാടില്ലെന്ന് തൊൽകാപ്പിയർ വ്യക്തമാക്കുന്നു. പ്രത്യേക വ്യക്തികളെ പരാമർശിക്കാതെ മനുഷ്യസാധാരണമായ ആന്തരാനുഭൂതികളാണ് അകം കവിതകളിൽ ആവിഷ്കരിക്കുന്നത്. നായകൻ, നായിക, തോഴി, അമ്മ, വളർത്തമ്മ, നാട്ടുകാർ തുടങ്ങിയ സാമാന്യ കഥാപാത്രങ്ങളെ അകംകവിതകളിൽ കാണാം. ഇവരുടെ 'നാടകീയ സ്വഗതോക്തി'കളിലൂടെയാണ് (dramatic monologue) ബന്ധപ്പെട്ടവരുടെ മാനസികാവസ്ഥ വെളിവാക്കപ്പെടുന്നത്.

പ്രകൃതിയിലെ എല്ലാ വസ്തുക്കളും അകം കവിതകളിൽ സജീവഘടകങ്ങളായി നിൽക്കുന്നു. മനുഷ്യന്റെ മനസ്സിനെ പ്രകാശിപ്പിക്കുവാനും വ്യാഖ്യാനിക്കുവാനുമുള്ള അനുഷ്ഠാനശക്തികളായാണ് സ്ഥലവും ജന്തു-സസ്യജാലങ്ങളും വർത്തിക്കുന്നത്. പ്രണയികളുടെ മനസ്സിന്റെ ആദിരൂപങ്ങളും പ്രതീകങ്ങളുമായി തിണയുടെ പേരുകൾക്ക് ആസ്പദമായ പൂവും മറ്റു കരുക്കളും പ്രത്യക്ഷപ്പെടുന്നു. പ്രകൃതിയോടിണങ്ങി ജീവിച്ച ഒരു ജനതയുടെ വികാരാവിഷ്കാരമാണ് അകം കവിതകളിൽ കാണുന്നത്. ഓരോ ഭൂവിഭാഗത്തിനും അതിന്റേതായ ജൈവവൈവിധ്യങ്ങൾ ഉള്ളതിനാൽ അവയോട് ബന്ധപ്പെട്ട ജനജീവിതത്തിനും പ്രത്യേകമായ സ്വഭാവസവിശേഷതകൾ ഉണ്ടായിരിക്കും. മാറിക്കൊണ്ടിരിക്കുന്ന ഋതുഭേദങ്ങൾക്കനുസരിച്ച് ഇവയുടെ രൂപഭാവങ്ങൾക്കും മാറ്റം വരാം. അകം കവിതകളുടെ പ്രമേയ വൈവിധ്യത്തിന് ഇതാകാം കാരണം.

## 1.1.3 പുറം കവിതകൾ

വസ്തുനിഷ്ഠവും സാമൂഹികവുമായ വിഷയങ്ങളാണ് പുറംകവിതകളുടെ പ്രമേയം. ഭരണകാര്യങ്ങൾ, യുദ്ധവർണ്ണനകൾ, രാജാക്കന്മാരുടെ വീരാപദാനങ്ങൾ തുടങ്ങിയവയാണ് പുറം കവിതകളിലെ പ്രമേയം. പുറംകവിതകളിലും ഏഴു തിണകളുണ്ട്. വെട്ചി, വഞ്ചി, വാകൈ, ഉഴിഞ്ഞൈ, തുമ്പൈ, പാടാൺ, കാഞ്ചി എന്നിവയാണവ. ഈ ഏഴു വിഭാഗങ്ങൾക്കും വർണ്ണ്യസന്ദർഭങ്ങളായ ഏഴു തുറകൾ ഉണ്ട്. 'തുറ' എന്നത് ജനങ്ങളും മറ്റുജീവികളും ചെന്ന് ജലപാനം ചെയ്ത് ദാഹശമനം വരുത്തുന്ന കടവുപോലെ പലതരത്തിലുള്ള പൊരുളുകളും ഒത്തുചേർന്ന് വരുന്നതിന് പറ്റിയ വഴിയാണ്.

SGOU

### 1.1.3.1 വെട്ചി

അകത്തിണകൾക്ക് യോജിച്ച പുറത്തിണകളുമുണ്ട്. കുറിഞ്ചി എന്ന അകത്തിണയ്ക്ക് വെട്ചിയാണ് പുറത്തിണ. അതിർത്തിപ്രദേശത്ത് താമസിക്കുന്നവർ രാജാവിന്റെ ആജ്ഞപ്രകാരം അയൽരാജ്യത്ത് കടന്നുചെന്ന് പശുക്കളെ അപഹരിച്ചു കൊണ്ടുവന്ന് സൂക്ഷിക്കുന്നതാണ് വെട്ചി. വീരന്മാർ ജനിച്ച കുടുംബങ്ങളെ വാഴ്ത്തുന്നതും കൊറ്റവൈയെ സ്തുതിക്കുന്നതും ഈ തിണയിൽ പെടുന്നു. 21 തുറകളാണ് വെട്ചിക്കുള്ളത്. ഈശ്വരാനുഗ്രഹത്തിനായി വെറിയാട്ടു നടത്തുക, സ്വപക്ഷക്കാരെ തിരിച്ചറിയുന്നതിനായി യുദ്ധത്തിൽ വീരന്മാർ പനമ്പു ധരിക്കുക, യുദ്ധത്തിൽ വിജയിച്ചതിനുശേഷം വള്ളിക്കൂത്താടുക, ശത്രുക്കൾ കവർന്ന പശുക്കളെ തിരിച്ചു കൊണ്ടു വരിക തുടങ്ങിയവ ഈ തിണയിലെ ചില തുറകളാണ്.

### 1.1.3.2 വഞ്ചി

മുല്ലത്തിണയുടെ പുറത്തിണയാണ് വഞ്ചി. രാജ്യം വലുതാക്കണമെന്നുള്ള ആഗ്രഹത്തോടെ യുദ്ധത്തിനുവന്ന രാജാവിനെ സൈന്യവുമായി നേരിട്ടെതിർക്കുന്നതാണ് വഞ്ചിത്തിണയുടെ സ്വഭാവം. സൈന്യത്തിന്റെ ആരവങ്ങൾ, ശത്രുരാജ്യത്തിന് തീ വെക്കുക, രാജാവിന്റെ ദാനശീലം, ശത്രുക്കളെ കൊന്ന് വിജയം നേടുക. സൈന്യങ്ങൾക്ക് വേണ്ടുവോളം ചോറു കൊടുക്കുക തുടങ്ങി 13 തുറകൾ വഞ്ചിത്തിണക്കുണ്ട്.

### 1.1.3.3 വാകൈ

പാലത്തിണയുടെ പുറമാണ് വാകത്തിണ. ഓരോരുത്തരും അവരുടെ തുറകളിൽ നേടിയിട്ടുള്ള കറതീർന്ന വൈദഗ്ധ്യത്തെ പല പ്രകാരത്തിൽ കീർത്തിക്കുന്നതാണ് ഈ തുറയുടെ സ്വഭാവം. 25 തുറകൾ വാകയ്ക്കുണ്ട്. ബ്രാഹ്മണർ,

അയ്യപ്പപ്പണിക്കരുടെ 'മൃത്യുപൂജ' എന്ന കവിതയിൽ കുറിഞ്ചിത്തിണയിലെ കാമിനീകാമുക സംഗമത്തിന് പശ്ചാത്തലമാകുന്ന മലമ്പ്രദേശവും ഹേമന്തവും ശരത്തും അർധരാത്രിയോടടുത്ത സമയവും കടന്നുവരുന്നത് കാണാം. "ഹേ, മന്ദഗാമിനി, ഹേമന്തയാമിനി, ഘനശ്യാമരൂപിണീ വരൂ നീ നർമ്മമൃദുമർമ്മരം വിലാസങ്ങളെത്തഴുകി സന്ധ്യയുടെ രാഗം പൊലിഞ്ഞു സഹ്യാദ്രി തീരവുമിരുണ്ടു".

നഗരജീവിതത്തിന്റെ മടുപ്പിൽനിന്നും ഗൃഹാതുരത്വത്തിന്റെ ഓർമ്മകൾ ഉണർത്തുന്ന ശാന്തിയും സമാധാനവും നിറഞ്ഞ തന്റെ വീട്ടിലേക്ക് അഭയം തേടിയെത്തുന്ന ഒരാളുടെ മാനസികാവസ്ഥയാണ് എൻ.എൻ. കക്കാടിന്റെ 'മോഷ്ടിച്ചെടുത്ത ഒരു രാത്രി' എന്ന കവിത. മുല്ലത്തിണയിലെ നായകന്റെ മാനസികാവസ്ഥയോട് സാമ്യമുള്ളതാണ് കക്കാടിന്റെ കവിതയിലെ നായകന്റെ മാനസികാവസ്ഥ.

"പാന്ഥാ നീ എങ്ങോട്ടു പോകുന്നു? ചൂടും തളർച്ചയും ബാധിച്ച ഈ ഗ്രാമത്തിന്റെ ഹൃദയത്തിലേക്കോ" - എന്ന് പറയുന്ന കടമ്മനിട്ട രാമകൃഷ്ണന്റെ 'ശാന്ത' എന്ന കവിത പാലൈ നിലത്തിന്റെ പ്രതിഫലനമാണ്.

സച്ചിദാനന്ദന്റെ 'ഏഴിമല' എന്ന കവിതയിൽ പ്രതിപാദിക്കുന്നത് മരുതനിലത്തിന്റെ കാഴ്ചകളാണ്. "അന്തിമേഘങ്ങളെക്കണ്ടു പേടിച്ചുവോ സന്ധ്യയുടെ ശോകം മനസിൽ നിറയുന്നുവോ സ്നേഹം സമുദ്രമെന്നറിയുക, മനസ്വിനി സ്നേഹിപ്പവർക്കില്ല സ്വാസ്ഥ്യവും ശാന്തിയും'' ഡി. വിനയചന്ദ്രന്റെ 'പോവുക പ്രിയംവദേ' എന്ന കവിത തുടങ്ങുന്നതുതന്നെ സന്ധ്യാസമയത്തിന്റെ ദുഃഖം മനസിൽ നിറച്ചുകൊണ്ടാണ്. പകലിന്റെയും രാത്രിയുടെയും കൂടിച്ചേരലിനെ കുറിക്കുന്ന സന്ധ്യ അവയുടെ വേർപിരിയലിനെയും സൂചിപ്പിക്കുന്നു. വിരഹികളുടെ വിലാപവും അസ്വസ്ഥതയും പ്രമേയമാക്കുന്ന നെയ്തൽക്കവിതയുടെ സ്ഥലം കടലും കടലോരവുമാണ്. സ്നേഹം സമുദ്രമാണെന്നും പ്രണയികൾക്ക് സ്വാസ്ഥ്യവും ശാന്തിയും ഉണ്ടാകില്ലെന്നും കവി ഓർമ്മപ്പെടുത്തുന്നു

SGOU

രാജാക്കന്മാർ, ജ്ഞാനികൾ, താപസർ, യുദ്ധവീരന്മാർ എന്നിവരുടെ പ്രവൃത്തികൾ, യുദ്ധവിജയത്തിന് കാരണമായ പ്രവൃത്തികൾ എന്നിവയും യുദ്ധത്തിനുവേണ്ടി ശരത്കാലത്തും വേനൽക്കാലത്തും തമ്പടിക്കുക, കളവഴി, കുരവൈക്കൂത്ത് തുടങ്ങിയവയും ഈ തിണയുടെ തുറകളിൽപെടുന്നു.

### 1.1.3.4 ഉഴിഞ്ഞൈ

മരുതം എന്ന അകത്തിണക്ക് ഉഴിഞ്ഞൈത്തിണയാണ് പുറം. പ്രധാനകോട്ടയെ വളയുന്നതും പിടിച്ചെടുക്കുന്നതുമാണ് ഈ തിണയുടെ പ്രതിപാദ്യം. ഇതിന് 8 തുറകളുണ്ട്. ശത്രുരാജ്യം ജയിച്ച് കീഴടക്കാനുള്ള തീരുമാനം, ഉദ്ദേശിച്ച കാര്യം ചെയ്തുതീർക്കുന്ന രാജാവിന്റെ മേന്മ, കോട്ടയിൽ സൈന്യങ്ങൾ വ്യാപിക്കുന്നത്, സൈന്യത്തിന്റെ വിസ്താരം, കോട്ടക്കകത്തുള്ള രാജാവിന്റെ സമ്പദ്സമൃദ്ധി തുടങ്ങിയവയാണവ.

### 1.1.3.5 തുമ്പൈ

നെയ്തലിന്റെ പുറത്തിണയാണ് തുമ്പൈ. തന്റെ ശക്തിയെ വിശ്വസിച്ച് യുദ്ധത്തിനു വന്ന രാജാവിനെ സൈന്യസമേതം ചെന്ന് നശിപ്പിക്കുന്നതാണ് ഈ തിണയുടെ സ്വഭാവം. അസ്ത്രങ്ങളും വേലുകളും തറച്ചതുമൂലം ജീവൻ വേർപെട്ട ശരീരങ്ങൾ നിലത്തുവീഴാതെ നിന്ന് നൃത്തം ചെയ്യുന്ന അതിശയകരമായ സംഭവവും തുമ്പൈത്തിണയുടെ സ്വഭാവമാണ്. സൈന്യം, ആന, കുതിര എന്നിവയുടെ പരാക്രമങ്ങൾ, ശത്രുസംഹാരം തുടങ്ങി 12 തുറകൾ തുമ്പൈക്കുണ്ട്.

### 1.1.3.6 കാഞ്ചി

പെരുന്തിണയുടെ തുറയാണ് കാഞ്ചി. ലോകം നശ്വരമാണെന്ന് പലവിധത്തിൽ പറയുന്നതാണ് ഈ തിണ. 20 തുറകളുണ്ട് ഈ തിണയ്ക്ക്.

### 1.1.3.7 പാടാൺ

കൈക്കിളയുടെ പുറംതിണയാണിത്. ഇതിന് 8 തുറകളുണ്ട്. ദേവന്മാരെ വർണ്ണിക്കുന്നതും ദേവന്മാരുടെ പ്രേമത്തെ വർണ്ണിക്കുന്നതും പാടാണിന്റെ തുറകളാണ്. ദേവന്മാർക്കും മനുഷ്യർക്കുമുള്ള പ്രണയത്തെ വർണ്ണിക്കുന്നത് തെറ്റായി കരുതുന്നില്ല. കുട്ടിക്കാലത്തെ സ്നേഹത്തെ വർണ്ണിക്കുന്നതും ഈ തിണയിൽ പെടും. നായകന്റെ ജനനസ്ഥലത്തെയും കുടുംബത്തെയും പറ്റിയുള്ള വർണ്ണനകളും അനുയോജ്യമായ വിധത്തിൽ വരും. ആറ്റുപടൈ എന്ന കാവ്യരൂപം ഈ തിണയിൽപ്പെട്ടതാണ്.

പുറപ്പൊരുൾ പ്രമേയമായി വരുന്ന കൃതികളാണ് പുറനാനൂറും പതിറ്റുപത്തും. പുറം, പുറപ്പാട്ട്, പുറമ്പുനാനൂറ് എന്നെല്ലാം പുറനാനൂറ് അറിയപ്പെടുന്നു. കടവുൾ വാഴ്ത്ത് അടക്കം നാനൂറ് പാട്ടുകളാണ് ഇതിലുള്ളത്. 159 കവികളാണ് ഇതിലെ പാട്ടുകൾ രചിച്ചിട്ടുള്ളത്. 130 രാജാക്കന്മാരെയും നാടുവാഴികളെയും ദാനശീലരെയും വാഴ്ത്തിയിട്ടുണ്ട്. പതിറ്റുപത്ത് പത്ത് ചേരരാജാക്കന്മാരെ പത്ത് കവികൾ വാഴ്ത്തുന്നതാണ്.

അറം (ധർമ്മം), പൊരുൾ (അർഥം), ഇൻപം (കാമം), വീട് (മോക്ഷം) എന്ന നാലു പുരുഷാർഥങ്ങളെയും സംഘസാഹിത്യത്തിൽ കാണാം. ഇവയിൽ കാമം അകപ്പൊരുളിലും മറ്റു മൂന്നു പുരുഷാർഥങ്ങൾ പുറപ്പൊരുളിലും പ്രതിപാദിക്കപ്പെടുന്നു. ശൃംഗാരമാണ് അകംകവിതകളിലെ അംഗിയായ രസമെങ്കിലും നായികമാരുടെ അംഗപ്രത്യംഗവർണ്ണനകളൊന്നും സംഘസാഹിത്യത്തിൽ കാണുന്നില്ല എന്നത് ശ്രദ്ധേയമാണ്. ശൃംഗാരത്തിന്റെ ബാഹ്യവും ശാരീരികവുമായ വശത്തേക്കാൾ പ്രാധാന്യം ആന്തരികവും വൈകാരികവുമായ വശത്തിനാണ്. സംഘം കൃതികളിൽ ഒരിടത്തും സഭ്യതയുടെ സീമകൾ ലംഘിക്കുന്നില്ല എന്നതും എടുത്തുപറയേണ്ട കാര്യമാണ്.

## 1.1.4 നാടൻ പാട്ടുകൾ

നാടോടി ജനതയുടെ ആത്മാവിഷ്കാരം എന്ന നിലയിൽ എല്ലാ സമൂഹങ്ങളിലും നിലനിൽക്കുന്ന ഒന്നാണ് നാടൻകലകളും പാട്ടുകളും. നമ്മുടെ മണ്ണിന്റെ വാമൊഴി പാരമ്പര്യത്തിലുമുണ്ട് നാടൻപാട്ടുകളുടെ സമൃദ്ധി. കൂട്ടായ ജീവിതപരിസരത്തിൽ നിന്നും ഉരുവംകൊള്ളുന്ന ഇത്തരം പാട്ടുകൾ ആ ജനതയുടെ അതിജീവനമന്ത്രങ്ങളാണ്. സവിശേഷമായ സാമൂഹിക സന്ദർഭങ്ങളിൽനിന്ന് അനുഭവങ്ങളും ഭാവനയും ഒത്തുചേർന്ന് താളത്തിൽ രൂപം കൊള്ളുന്ന പാട്ടുകൾ ചുണ്ടുകളിൽനിന്നും ചുണ്ടുകളിലേ

SGOU

ക്ക് പടർന്ന് കാലത്തെ അതിജീവിക്കുന്നു. കൂട്ടം ചേർന്ന് പാടാനുള്ളതാകയാൽ പാമരനെന്നോ പാടാനറിയാത്തവനെന്നോ വ്യത്യാസമില്ലാതെ എല്ലാവരും പാട്ടിന്റെ ഭാഗമായിത്തീരുന്നു. പ്രകൃതിപ്രതിഭാസങ്ങളോടും സമൂഹത്തിലെ അധികാരശക്തിയോടും മല്ലിട്ടു ജീവിക്കേണ്ടിവരുന്ന അടിയാളജനതയുടെ നിലവിളിയും പ്രതിഷേധവും നാടൻപാട്ടുകളുടെ അന്തഃസത്തയാണ്. അധ്വാനഭാരത്തെ ലഘൂകരിക്കുവാനുള്ള വാങ്മയങ്ങളും വിനോദവേളകളെ പൊലിപ്പിക്കുവാനുള്ള രസികത്തങ്ങളും അതിനൊത്ത താളക്രമങ്ങളും നാടൻപാട്ടിനെ ജനജീവിതത്തോട് ചേർത്തുനിർത്തുന്നു. "ആ ഗാനപ്രപഞ്ചത്തിനുമുണ്ട് ശൈശവമധുരമായ ഒരു സൗന്ദര്യം. അത് സഹൃദയന്മാരെ അന്തരന്തരാ രസിപ്പിക്കുന്നു. ഓലയുടെയും നാരായത്തിന്റെയും ഒത്താശ കൂടാതെ നാടെങ്ങും പ്രചരിക്കുന്നു" എന്ന് മഹാകവി ഉള്ളൂർ അഭിപ്രായപ്പെടുന്നു. സാമാന്യജനതയുടെ സംസാരഭാഷയിൽ അവരുടെ ജീവിതതാളത്തിനൊത്ത് താനേ ഉണ്ടായ ഇത്തരം പാട്ടുകൾ അവരുടെ ജീവിതയാഥാർഥ്യങ്ങളെ പലരീതിയിൽ പ്രതിഫലിപ്പിക്കുന്നുണ്ട്. മേലാളരുടെ കൊല്ലിനും കൊലയ്ക്കും വിധേയരായ അടിയാളജനതയുടെ വീർപ്പും എതിർപ്പും പ്രതിരോധവും നമ്മുടെ നാടൻപാട്ടുകളുടെ മുഖ്യപ്രമേയമാണ്. തിരുവായ്ക്കെതിർവാ പാടില്ലാത്ത കാലത്ത് പാട്ടിലൂടെ അവർ തങ്ങൾക്ക് പറയാനുള്ളത് പറഞ്ഞു വെച്ചു. നാടൻപാട്ടുകളിലെ പ്രതിരോധശബ്ദം സൂക്ഷ്മമായി പരിശോധിച്ചാൽ അവയ്ക്കു പല സ്വരങ്ങൾ ഉള്ളതായി ബോധ്യപ്പെടും. കീഴാളജീവിതാനുഭവങ്ങൾ ആവിഷ്കരിക്കുന്നവ, മേലാളനോടുള്ള പ്രതിഷേധം പ്രകടിപ്പിക്കുന്നവ, അതിജീവനത്തിന് ഊർജം പകരുന്നവ എന്നിങ്ങനെ ബഹുസ്വരതയിലൂന്നുന്നവയാണ് നാടൻപാട്ടുകൾ.

### നാടൻപാട്ടുകളുടെ വിഭജനം

നാടൻപാട്ടുകളിൽ ഏറെ പ്രാചീനം ഗാനങ്ങളാണ്. ഗാനങ്ങളിൽ കഥാംശം ഒരു പ്രശ്നമല്ല. വിനോദവും വേദാന്തവും അനുരാഗവും നേരിയ വിഷാദവും നിറഞ്ഞവയാണ് ഗാനങ്ങൾ. അവയിൽ പാടുന്നവന്റെ ഹൃദയം, ചിന്ത, സങ്കല്പങ്ങൾ എന്നിവയെല്ലാം പ്രവർത്തിക്കുന്നതായി കാണാം. നമ്മുടെ നാടൻമനസ്സിന്റെ ഊർജസ്വലമായ ഭാവനയും അകൃത്രിമത്വവും നിറഞ്ഞുനിൽക്കുന്ന ഈ ഗാനങ്ങൾ മലയാളകാവ്യകലയുടെ ഏറ്റവും വലിയ സമ്പത്തുകളിൽ ഒന്നാണ്. ഉള്ളടക്കത്തെ സംബന്ധിച്ചിടത്തോളം ഏറെ വൈവിധ്യം പുലർത്തുന്നവയാണ് നാടൻപാട്ടുകൾ. നാടൻപാട്ടുകളെ ഗാനങ്ങളെന്നും കഥാഗാനങ്ങളെന്നും രണ്ടായി തിരിക്കാം. നാടൻപാട്ടുകളെ ദേവതാപൂജ, വീരപുരുഷാരാധന, വിനോദം, ശാസ്ത്രം, കുലവൃത്തി, സദാചാരം എന്നീ പ്രകാരമാണ് മഹാകവി ഉള്ളൂർ വിഭജിച്ചിട്ടുള്ളത്. രാമവർമ്മ അപ്പൻ തമ്പുരാൻ പാട്ടുകളെ പുരാണം, സ്തോത്രം, സദാചാരം, ശാസ്ത്രം, വീരചരിതം, ദേശചരിതം, തൊഴിൽ, വിനോദം, ഭൗതികം, വൈഷയികം, രാഷ്ട്രീയം, സാമുദായികം എന്നിങ്ങനെ 12 ആയി വിഭജിച്ചിരിക്കുന്നു. എന്നാൽ നാടൻപാട്ടുകളെ വർഗീകരിക്കുക എന്നത് അത്ര എളുപ്പമല്ല. ഒരേ പാട്ടുതന്നെ പല വിഭാഗങ്ങളിലും ഉൾപ്പെടുന്നതുകൊണ്ടാണ് നാടൻപാട്ടുകളുടെ വർഗീകരണം അസാധ്യമാകുന്നത്.

കലകൾ, അനുഷ്ഠാനങ്ങൾ, ഉത്സവങ്ങൾ, കളികൾ, തൊഴിൽ തുടങ്ങിയവയോട് ബന്ധപ്പെട്ടവയാണ് നാടൻപാട്ടുകൾ. ജീവിതവൃത്തിക്കുവേണ്ടിയുള്ള അധ്വാനത്തോടു ബന്ധപ്പെട്ട ഗാനങ്ങളും ധാരാളമുണ്ട്. കുലപാരമ്പര്യം, അവതരണപശ്ചാത്തലം, സാമൂഹികപശ്ചാത്തലം, ഇതിവൃത്തം, ശൈലി, ദേശഭേദം, ഉപയോഗിക്കുന്ന വാദ്യങ്ങൾ തുടങ്ങിയവ നാടൻപാട്ടുകളുടെ വൈവിധ്യത്തിന് കാരണമാകുന്നു. ധർമ്മത്തെ അടിസ്ഥാനമാക്കിയും ഇത്തരം പാട്ടുകളുടെ വിഭജനം സാധ്യമാണ്. വീരകഥാപരം, വിനോദപരം, മതപരം, അനുഷ്ഠാനപരം, തൊഴിൽപരം എന്നിങ്ങനെയും പാട്ടുകളെ വർഗീകരിക്കാവുന്നതാണ്.

## 1.1.5 വീരകഥാഗാനങ്ങൾ

ആഖ്യാനസ്വഭാവമുള്ളവയാണ് കഥാഗാനങ്ങൾ. പേരു സൂചിപ്പിക്കുന്നതുപോലെ നിയതമായ ഒരു കഥാംശം ഇതിനുണ്ടാകും. കഥയാണ് ഇതിന്റെ നട്ടെല്ല് എന്ന് പറയാം. ജനകീയ കവിതയുടെ മുഖ്യഗുണങ്ങളായ ലാളിത്യവും സംഗീതാത്മകതയും ഇതിനുണ്ട്. ഇതിവൃത്ത

SGOU

സ്വീകാര്യത്തിലും പ്രതിപാദനത്തിലും ഇതിഹാസങ്ങളുടെ സ്വാധീനം വളരെയുണ്ട്. അതിനാൽ ചില നിരൂപകർ കഥാഗാനത്തെ ലഘുഇതിഹാസം (Minor Epic) എന്ന് വിശേഷിപ്പിക്കുന്നു. എന്നാൽ ഉപകഥകളും ഉപാഖ്യാനങ്ങളുമായി പടർന്നു പന്തലിച്ചുപോകുന്ന ഒരു രൂപപ്പൊലിമ ഇവയിൽ കാണുന്നില്ല. സുനിശ്ചിതമായ ഒരു കാവ്യരൂപമുള്ള ഇതിലെ കഥാവസ്തു ആഖ്യാനം ചെയ്യപ്പെടുന്നത് നാടകീയമായ സാധ്യതകളോടു കൂടിയായിരിക്കും. കേരളീയ കഥാഗാനങ്ങളെ ദിക്കുകളെ അടിസ്ഥാനമാക്കി രണ്ടായി വിഭജിക്കാം; വടക്കൻപാട്ടുകളെന്നും തെക്കൻപാട്ടുകളെന്നും.

### 1.1.5.1 വടക്കൻപാട്ട്

കേരളത്തിന് വടക്കുള്ള കോലത്തിരിനാട്, കടത്തനാട്, വയനാട്, വടകര എന്നീ പ്രദേശങ്ങൾ പശ്ചാത്തലമാക്കിയുള്ള പാട്ടുകളെയാണ് വടക്കൻപാട്ടുകൾ എന്ന് പറയുന്നത്. അതുകൊണ്ട് ഉത്തരകേരളത്തിലെ വീരകഥാഗാനങ്ങളാണ് വടക്കൻപാട്ടുകളെന്നു പറയാം. നാടൻപാട്ടിന്റെ ചരിത്രത്തിലെ സവിശേഷമായ ഒരധ്യായമാണ് വടക്കൻപാട്ടുകളുടേത്. തച്ചോളി മാണിക്കോത്ത്, പുത്തൂരം വീട് എന്നീ കുടുംബങ്ങളിലെ അംഗങ്ങളെ ആസ്പദമാക്കിയാണ് വടക്കൻപാട്ടുകളിൽ ഏറെയും രചിക്കപ്പെട്ടിരിക്കുന്നത്. ആറ്റുമണമേൽ, തൊണ്ണൂറാംവീട്, പാലാട്ട് വീട് തുടങ്ങി ഏതാനും വീടുകളും ഇതിന്റെ കഥാപരിസരവുമായി ബന്ധപ്പെട്ട് വരുന്നു. കേരളത്തിൽ പണ്ട് ജീവിച്ചിരുന്ന ചില വീരപുരുഷന്മാരുടെയും വീരവനിതകളുടെയും അപദാനങ്ങളാണ് വടക്കൻപാട്ടുകൾ. 'വീരസാഹസികതയുടെ അവതാരങ്ങളായ ആ വീരപുരുഷന്മാർക്ക് നാട്ടുകാർ അവരുടെ നാവിൽതന്നെ കാവ് പണിതിരിക്കുന്നു' എന്ന് ഡോ.എം. ലീലാവതി മലയാളകവിതാസാഹിത്യചരിത്രത്തിൽ അഭിപ്രായപ്പെടുന്നു.

കഥാനായകന്മാരുടെ തറവാടിനെ ആസ്പദമാക്കി വടക്കൻപാട്ടുകളെ തച്ചോളി പാട്ടുകളെന്നും പുത്തൂരം പാട്ടുകളെന്നും രണ്ടായി തിരിക്കാം. തച്ചോളി ഒതേനന്റെ പാട്ടുകൾ തച്ചോളി പാട്ടിൽ ഉൾപ്പെടും. ഒതേനന്റെ കാലം എ.ഡി. 1584 മുതൽ 1615 വരെയാണെന്ന ഊഹം വെച്ചുകൊണ്ട് പതിനാറാം നൂറ്റാണ്ടു മുതലുള്ള ചരിത്രം വടക്കൻ പാട്ടുകൾക്കുണ്ടെന്ന് ഭാഷാചരിത്രകാരന്മാർ സൂചിപ്പിക്കുന്നു. പുത്തൂരംവീട്ടുകാരുടെ കാലം അതിനും മുമ്പാണെന്നാണ് അനുമാനം. പുത്തൂരംവീട്ടിലെ ആരോമൽ ചേകവർ, സഹോദരിയായ ഉണ്ണിയാർച്ച, അവരുടെ മകൻ ആരോമലുണ്ണി എന്നിവരുടെ വീരകൃത്യങ്ങളെ കേന്ദ്രമാക്കിയുള്ളവയാണ് പുത്തൂരം പാട്ടുകൾ. ഈ രണ്ടുവിഭാഗത്തിലും പെടാത്ത പൂമാതൈ പൊന്നമ്മ തുടങ്ങിയ പാട്ടുകളും വടക്കൻ കേരളത്തിൽ പ്രചാരത്തിലുണ്ടായിരുന്നു.

കളരിയും അങ്കവും പൊയ്ത്തുമെല്ലാം അരങ്ങുവാണിരുന്ന ഒരു കാലത്തിന്റെ വീരാപദാനങ്ങൾ എന്ന നിലയിൽ മാത്രമല്ല വടക്കൻപാട്ടുകളുടെ പ്രസക്തി. കാർഷികജീവിതത്തിന്റെ മിടിപ്പുകളും സ്നേഹവും വിദ്വേഷവും ഇടകലർന്ന സാമൂഹികജീവിതത്തിന്റെ പ്രതിഫലനങ്ങളും അവയിൽ കാണാം. പാട്ടുകളിലൂടെ ഒരു ജനത കാലത്തെ അതിജീവിച്ചതിന്റെ മാതൃക കൂടിയാവാം ഇത്തരം പാട്ടുകൾ. ഞാറു പറിക്കുമ്പോഴും നടുമ്പോഴും കല്യാണവീടുകളിൽ അരയ്ക്കുമ്പോഴും വടക്കൻപാട്ടുകൾ പാടുക പതിവായിരുന്നു. അരവുപാട്ടുകളെന്നും നാട്ടിപ്പാട്ടുകളെന്നും വടക്കൻ പാട്ടിനെ പറഞ്ഞുപോരുന്നു. വടക്കൻപാട്ടിലെ ചില വരികൾ 'ഒരുക്കു ശീലുകൾ' ആയി മിക്ക പാട്ടുകളിലും ആവർത്തിച്ചു വരുന്നതുകാണാം. ഒരു സന്ദർഭത്തെ ആവിഷ്കരിക്കാൻ കവി സംവിധാനം ചെയ്തുവെച്ച പാട്ടിന്റെ ഭാഗം, സമാന സന്ദർഭം വരുന്ന മറ്റൊരു പാട്ടിൽ മാറ്റമില്ലാതെ ഉപയോഗിക്കുന്ന രീതിയാണ് ഒരുക്കുശീലുകൾ. ഒരു സുന്ദരിയെ വർണ്ണിക്കാനുപയോഗിക്കുന്ന ഉപമാനങ്ങൾ തന്നെയാണ് മറ്റുള്ള സുന്ദരിമാരെ വർണ്ണിക്കാനും ഉപയോഗിക്കുന്നത്. 'ഒന്നുണ്ട് കേൾക്കണം പെറ്റോരമ്മേ', 'അപ്പോൾ പറയുന്നു വാഴുന്നോരും', 'എന്നു പറയുന്നു കുഞ്ഞ്യാതേനൻ' തുടങ്ങിയ വാക്യങ്ങളും വടക്കൻപാട്ടുകളിൽ ആവർത്തിച്ചുവരുന്നതായി കാണാം.

വടക്കൻകേരളത്തിന്റെ സംസാരഭാഷയാണ് വടക്കൻപാട്ടുകളിൽ കാണുന്നത്. ഈ പ്രാദേശികഭേദത്തിലൂടെ പ്രാദേശികമായ ഇതിവൃത്തങ്ങളാണ് ആവിഷ്കൃതമാകുന്നതും. എന്തുകൊണ്ടാണ് പ്രാദേശികമായ സംഭവങ്ങളും

SGOU

പ്രാദേശികഭാഷയും നാടൻപാട്ടിന് ആധാരമാകുന്നത് എന്ന് പരിശോധിച്ചാൽ അത് നാടൻജനതയുടെ മൗലിക സ്വഭാവമായതുകൊണ്ടാണെന്ന് കാണാം. ആഹ്ളാദവും സത്യവും ഭാവനയും ഒരുപോലെ സമ്മേളിക്കുന്ന മനോഹരമായ ഒരു ദൃശ്യാവിഷ്കരണം വടക്കൻപാട്ടുകളുടെ സവിശേഷതയാണ്. മറ്റൊന്ന് അവയിലെ വർണ്ണനകളിൽ കാണുന്ന അകൃത്രിമത്വമാണ്. ജീവിതപരിസരങ്ങളിൽനിന്നും സ്വീകരിച്ച ബിംബങ്ങളാണ് ഇത്തരം പാട്ടിന്റെ ആകർഷണങ്ങൾ. 'കുന്നത്തുകൊന്നയും പൂത്തപോലെ, വയനാടൻ മഞ്ഞൾ മുറിച്ച പോലെ, എളമാവിൻ തൈ തളിർത്ത പോലെ', 'കിളിവാലൻ നല്ലൊരു വെറ്റിലയും ചാപ്പാടൻ നല്ല പുകലെടുത്തേ, പാലിൽ പുഴുങ്ങിയ കളിയടയ്ക്ക, ശങ്കിലൊളിമിന്നും നൂറെടുത്തു' തുടങ്ങിയ കല്പനകളിലെ ചലനാത്മകതയാണ് അവയെ സജീവമാക്കുന്നത്. ശബ്ദത്തിലും അർഥത്തിലും ആർജവം പ്രകടമാക്കുന്ന പ്രസാദം എന്ന ഗുണമാണ് ഇത്തരം പാട്ടുകളിൽ നിറഞ്ഞിരിക്കുന്നത്.

**വടക്കൻപാട്ടുകളെ കേന്ദ്രീകരിച്ച് നിർമ്മിച്ച മലയാളം സിനിമകൾ**

തച്ചോളി വീട്: തച്ചോളി ഒതേനൻ, കടത്തനാടൻ അമ്പാടി, തച്ചോളി അമ്പു

പുത്തൂരം വീട്: ആരോമലുണ്ണി, ഒരു വടക്കൻ വീരഗാഥ, പുത്തൂരം പുത്രി ഉണ്ണിയാർച്ച.

പാലാട്ട് വീട്: പാലാട്ടു കോമൻ, കോമപ്പനുണ്ണി, പാലാട്ടുകുഞ്ഞിക്കണ്ണൻ.

### 1.1.5.2 തെക്കൻപാട്ടുകൾ

തിരുവനന്തപുരവും കളിയിക്കാവിളവരെയുള്ള തെക്കൻ കേരളത്തിലും കന്യാകുമാരി ജില്ലയിലും പ്രചരിക്കപ്പെട്ടവയാണ് തെക്കൻപാട്ടുകൾ. കഥാഗാനങ്ങൾ, വീരകഥാഗാനങ്ങൾ, കലാരൂപങ്ങൾക്കായുള്ള ഗാനങ്ങൾ, നാടോടിശൈലിയിലുള്ള കാവ്യരൂപങ്ങൾ എന്നിവ തെക്കൻപാട്ടുകളിൽ ഉൾപ്പെടുന്നു. തമിഴിന്റെ അതിപ്രസരം തെക്കൻപാട്ടുകളിൽ ഏറെയുണ്ട്. മലയാളശബ്ദങ്ങളും തെക്കൻ തിരുവിതാംകൂറിലെ ശുദ്ധ തമിഴ് ശബ്ദങ്ങളല്ലാത്ത പ്രാചീന സംസാരഭാഷയും കൂടിക്കലർന്ന മിശ്രഭാഷയിലാണ് ഈ കൃതികൾ രചിച്ചിട്ടുള്ളത്. അതോടൊപ്പം ധാരാളം സംസ്കൃതപദങ്ങളും ഉപയോഗിച്ചിട്ടുണ്ട്. ഈ മിശ്രഭാഷയെ മലയാന്തമിഴ് എന്നോ മലയാണ്മ എന്നോ പറയുന്നതായിരിക്കും ഉചിതം. ഇവയിൽ മിക്കവയും 'വില്ലടിച്ചാൻപ്പാട്ടുകൾ' കൂടിയാണ്. തെക്കൻ തിരുവിതാംകൂറിലെ ക്ഷേത്രങ്ങളിൽ പാടുന്നവയാണ് തെക്കൻപാട്ടുകവിതകളിൽ ഉൾപ്പെടുന്ന അയ്യിപ്പിള്ള ആശാന്റെ രാമകഥപ്പാട്ട്. ചന്ദ്രവളയം എന്ന വാദ്യോപകരണം ഉപയോഗിച്ചാണ് ഈ പാട്ട് പാടുന്നത്. തെക്കൻപാട്ടുകളിൽ വീരാരാധനാപരമായ പാട്ടുകൾക്ക് പുറമെ മറ്റിനം പാട്ടുകളും ഉൾപ്പെടുന്നു. പ്രമേയവും പ്രയോജനവുമനുസരിച്ച് തെക്കൻപാട്ടുകളെ മൂന്നായി തിരിക്കാം. വായനപ്പാട്ട്, ശാസ്ത്രപ്പാട്ട്, കേൾവിപ്പാട്ട്.

#### 1. വായനപ്പാട്ട്

അനുഷ്ഠാനപരങ്ങളാണ് വായനപ്പാട്ടുകൾ. മണ്ഡലകാലങ്ങളിൽ, ചില വീടുകളിലെ രാമായണം വായനപോലെ ചില കുടുംബക്ഷേത്രങ്ങളിൽ അതതുദേവതകളെപ്പറ്റിയുള്ള സ്തോത്രങ്ങൾ നിത്യവും സന്ധ്യാദീപാരാധന കഴിഞ്ഞ് ആലപിക്കും. ക്ഷേത്രത്തിലെ പൂജാരിയോ കുടുംബനാഥനോ കുടുംബനാഥൻ നിയോഗിച്ചിട്ടുള്ള ആളോ ആയിരിക്കും ഇവ വായിക്കുന്നത്. ഇതിനെ ഏടുവായന എന്നാണ് പറയുക. എല്ലാ വർഷവും വൃശ്ചികമാസം ഒന്നാം തീയതി മുതൽ ഏടുവായന ആരംഭിക്കുന്നു. കുറഞ്ഞത് ഒരു മണ്ഡലകാലമെങ്കിലും ഈ വായന ഉണ്ടായിരിക്കും.

#### 2. ശാസ്ത്രപ്പാട്ട്

ശാസ്ത്രസംബന്ധമായ പാട്ടുകളാണ് ഇവ. മർമ്മശാസ്ത്രം, ചികിത്സാശാസ്ത്രം എന്ന് ശാസ്ത്രപാട്ടുകളെ രണ്ടായി തിരിക്കാം. മർമ്മശാസ്ത്രപ്പാട്ടുകളിൽ മനുഷ്യശരീരത്തിന്റെ ഘടന, മർമ്മസ്ഥാനങ്ങൾ, മർമ്മസ്ഥാനങ്ങൾ ശരീരത്തിൽ സൂക്ഷിച്ചിരിക്കുന്ന വിധങ്ങൾ, എതിരാളിയെ മർമ്മത്തിൽ അടിക്കേണ്ട വിധം, അടിയേറ്റാലുണ്ടാകുന്ന അനുഭവങ്ങൾ, അടിയേറ്റാൽ രക്ഷപ്പെടുത്തേണ്ട വിധം എന്നിവയാണ് വിശദീകരിച്ചിട്ടുള്ളത്. ചികിത്സാപ്പാട്ടുകളിൽ മനുഷ്യർക്കും മൃഗങ്ങൾക്കും വരാവുന്ന രോഗ

SGOU

ങ്ങളും അവയ്ക്കുള്ള ഔഷധങ്ങളും ആഹാരക്രമങ്ങളുമാണ് വിവരിച്ചിട്ടുള്ളത്. ഈ ഗ്രന്ഥങ്ങൾ പാരമ്പര്യവൈദ്യന്മാരുടെ വീടുകളിലാണ് സൂക്ഷിച്ചിട്ടുള്ളത്.

### 3. കേൾവിപ്പാട്ട്

അനുഷ്ഠാന പ്രധാനമായ ഇത്തരം പാട്ടുകൾ കേട്ടു രസിക്കാനുള്ളതാണ്. താളമേളങ്ങളും കൂത്തും വെളിച്ചപ്പാടിന്റെ തുള്ളലും ഉൾപ്പെട്ട ഇത്തരം പാട്ടുകൾ ദൃശ്യകലയുമായി അഭേദ്യബന്ധം പുലർത്തുന്നവയാണ്. അമ്പലത്തിലെ ഉത്സവത്തോടനുബന്ധിച്ചും വിവാഹം തുടങ്ങിയ പ്രത്യേക സന്ദർഭങ്ങളിലും കേൾവിപ്പാട്ട് നടത്താറുണ്ട്. നാടകീയതയും രാഗവ്യത്യാസങ്ങളുമുള്ള കേൾവിപ്പാട്ടുകളെ പ്രമേയത്തെ അടിസ്ഥാനമാക്കി മൂന്നായി തിരിയ്ക്കാം.

**1. ദേവതാസ്തുതിപരങ്ങൾ :** ക്ഷേത്രങ്ങളിലെ ഉത്സവങ്ങളോടനുബന്ധിച്ച് പാടുന്നവയാണ് ദേവതാസ്തുതിപരങ്ങളായ കേൾവിപ്പാട്ടുകൾ. രണ്ടുദിവസം നീണ്ടുനിൽക്കുന്നതായിരിക്കും സ്വകാര്യ ക്ഷേത്രങ്ങളിലെ ഉത്സവം. ഉത്സവത്തിലെ പ്രധാന ഇനം കേൾവിപ്പാട്ടാണ്. ഉദാ: തോറ്റംപാട്ടുകൾ

**2. കഥാപരങ്ങൾ:–** കഥാപരങ്ങളായ കേൾവിപ്പാട്ടുകളിൽ കഥയ്ക്കാണ് പ്രാധാന്യം. ഇവ സദസ്യർക്ക് രസിക്കുവാനുള്ളതാണ്. പുരാണകഥാപരങ്ങൾ, ചരിത്രപരങ്ങൾ, സാമുദായികപരങ്ങൾ എന്നിവയാണ് കഥാപരങ്ങളായ കേൾവിപ്പാട്ടുകൾ. പുരാണസംബന്ധമായവയാണ് പുരാണകഥാപരങ്ങളായ പാട്ടുകൾ. ഭാരതം, ഭാഗവതം, രാമായണം തുടങ്ങിയ ഇതിഹാസങ്ങളിലെ കഥകളെ അടിസ്ഥാനമാക്കി കഥപ്പാട്ടുകൾ രചിച്ച് അവതരിപ്പിക്കുന്നു. അയോധ്യകഥ, മാവാരതം പാട്ട്, ഹരിശ്ചന്ദ്രൻകഥ തുടങ്ങിയവ ഇത്തരം കഥാഗാനങ്ങളാണ്. കൂടാതെ ചിലപ്പോഴൊക്കെ പാട്ടെഴുത്തുകാർ ഇതിഹാസങ്ങളിലെ കഥകളെ ആവശ്യാനുസരണം മാറ്റി എഴുതിയും അവതരിപ്പിക്കുന്നു. തക്കരാജൻ ചരിതം (ദക്ഷചരിതം), കുഞ്ചുവീമൻകഥ എന്നിവ ഇത്തരത്തിലുള്ള കഥകളാണ്. പുരാണങ്ങളെ സംബന്ധിച്ചുള്ള പാട്ടുകൾ അധികവും ശിവനെക്കുറിച്ചുള്ളവയാണ്. ശൈവമത സ്വാധീനമാകാം അതിനുകാരണം. രാജചരിത്രം, യുദ്ധത്തിൽ വീരന്മാർക്കുണ്ടാകുന്ന ജയപരാജയങ്ങൾ, രാജ്യത്തിനുവേണ്ടി വീരചരമം പ്രാപിക്കുക എന്നിവ ഇതിൽ ഉൾപ്പെടുന്നു. കണിയാംകുളം പോരിന് ഇരവിക്കുട്ടിപ്പിള്ളപ്പോര് എന്നും പേരുണ്ട്.

വീരചരമം പ്രാപിച്ചവരുടെ ജീവചരിത്രം, യുദ്ധ വിവരണങ്ങൾ എന്നിവയാണ് ചരിത്രപരങ്ങളായ പാട്ടുകളിൽ പെടുന്നത്. കണിയാംകുളം പോര്, വലിയകേശിക്കഥ, വലിയതമ്പി കുഞ്ചുതമ്പിക്കഥ, അനന്തപത്മനാഭൻ പാട്ട്, ദിവാൻവെറ്റി, രാമേശ്വരം യാത്ര, കന്നടിയാൻപോര്, പുതവാതപ്പാട്ട്, അഞ്ചുതമ്പുരാൻപാട്ട് തുടങ്ങിയവ ചരിത്രപരങ്ങളായ പാട്ടുകളാണ്. തെക്കൻപാട്ടുകളിൽ ഭൂരിഭാഗവും ഈ വിഭാഗത്തിൽ ഉൾപ്പെടുന്നവയാണ്. സാമുദായികപരമായ പാട്ടുകളിലെ പ്രമേയങ്ങൾ പൊന്നിനും പെണ്ണിനും വേണ്ടി നടത്തുന്ന പോരാട്ടങ്ങളെക്കുറിച്ചുള്ളവയാണ്. ഒരു കുടുംബത്തിന്റെ പ്രതാപമോ പതനമോ കഥയുടെ വിഷയങ്ങളല്ല. കുടുംബങ്ങളിലെ അംഗങ്ങൾ തമ്മിലുള്ള വഴക്കോ അതിനോടനുബന്ധിച്ച വിജയപരാജയങ്ങളോ ആയിരിക്കും അവയിലെ വിഷയം. സ്വന്തം കുടുംബത്തിൽപ്പെട്ട അംഗങ്ങളുടെ വിരോധവും ബലപരീക്ഷണവുമാകാം വഴക്കുകൾക്ക് കാരണം. ഈ വിധമുണ്ടാകുന്ന പക ഒരംഗത്തിന്റെ വധത്തിലാണ് അവസാനിക്കുക. സാമുദായിക വിഭാഗത്തിൽ വളരെക്കുറച്ച് പാട്ടുകളാണ് ലഭ്യമായിട്ടുള്ളത്. മുവോട്ടുമല്ലൻ കഥ, പൊന്നുരുവിക്കഥ. നല്ലതങ്കാൾകഥ, മുത്തുപ്പട്ടൻ കഥ തുടങ്ങിയവ ഉദാഹരണങ്ങളാണ്.

**3. ശാസ്ത്രപരങ്ങൾ :** ശാസ്ത്രപ്പാട്ടുഗ്രന്ഥങ്ങളിൽ നിന്ന് ചില പാട്ടുകൾ തിരഞ്ഞെടുത്ത് രാഗത്തോടും താളത്തോടും കൂടി അവതരിപ്പിക്കുന്നവയാണ് ശാസ്ത്രപരങ്ങളായ പാട്ടുകൾ. മർമ്മശാസ്ത്ര പ്രധാനങ്ങളായ പാട്ടുകളാണ് കേൾവിപ്പാട്ടിന് കൂടുതൽ ഉപയോഗിക്കുന്നത്. സദസ്യർ ആവശ്യപ്പെട്ടാൽ മാത്രമേ പാട്ടുകാർ ശാസ്ത്രപ്പാട്ട് പാടുകയുള്ളൂ. എന്നാൽ ഗ്രന്ഥങ്ങളിലുള്ളത് അതേപോലെ പാടാറില്ല. പ്രധാന അംശങ്ങൾ ചോർന്നു പോകാതെ ചില വെട്ടിച്ചുരുക്കലും കൂട്ടിചേർക്കലും വരുത്തിയിട്ടുണ്ട്. "തെക്കൻപാട്ടുകൾ മലയാളം അല്ല എന്ന് മലയാളികളും നല്ല തമിഴ് അല്ല എന്ന് തമിഴരും പറഞ്ഞ്

SGOU

ത്രിശ്ശങ്കുസ്വർഗത്തിൽ തള്ളിവിട്ടു''എന്ന് മഹാകവി ഉള്ളൂർ അഭിപ്രായപ്പെട്ടിട്ടുണ്ട്. തെക്കൻ തിരുവിതാംകൂറിൽ ഉണ്ടായി വളർന്നു വന്ന പ്രസ്ഥാനം എന്ന നിലയ്ക്ക് ഈ കൃതികളിലെ ഭാഷയും സാഹിത്യവും തെക്കൻ കേരളീയരുടേതാണെന്ന് ഉറപ്പിച്ചു പറയാവുന്നതാണ്. ഒരു ദേശത്തിന്റെ ഭാഷാപരമായ സവിശേഷതകൾ അവിടെയുണ്ടാകുന്ന കൃതികളിലും പ്രതിഫലിക്കും. തെക്കൻപാട്ടുകളെ സംബന്ധിച്ചും ഇത് ശരിയാണ്. ഇവയിലെ ഭാഷയ്ക്ക് ദേശകാലഭേദത്തിന്റെ വ്യത്യാസമുണ്ടെന്ന് കാണാം. കണിയാംകുളത്തു വെച്ചു നടന്ന യുദ്ധത്തെ ആസ്പദമാക്കി രചിച്ച 'കണിയാംകുളം പോര്' എന്ന കൃതിയിലെ ഭാഷയ്ക്കും അയ്യിപ്പിള്ള ആശാന്റെ രാമകഥപ്പാട്ടിലെ ഭാഷയ്ക്കും വ്യത്യാസമുണ്ട്. ഇവ രചിക്കപ്പെട്ട കാലത്തിന്റെയും ദേശത്തിന്റെയും വ്യത്യാസമാകാം പ്രധാന കാരണം. നാടൻപാട്ടുകളിൽ പൊതുവെ കാണുന്ന ശൈലീ വിശേഷങ്ങളോ ലാളിത്യമോ തെക്കൻപാട്ടുകളിൽ കാണുന്നില്ലെന്ന് പറയാം. എന്നാൽ ഈ പാട്ടുകളിലെ ഭാഷയും സാഹിത്യവും പ്രമേയവും ജനകീയ സ്വഭാവത്തോടുകൂടിയവയാണ്. അതുകൊണ്ട് ജനകീയ സാഹിത്യത്തിന്റെ കൂട്ടത്തിൽ തെക്കൻപാട്ടുകളെയും ഉൾപ്പെടുത്താവുന്നതാണ്. തെക്കൻപാട്ടിലും വടക്കൻപാട്ടിലും ഉൾപ്പെടാത്ത ഒറ്റപ്പെട്ട ചില വീരകഥാഗാനങ്ങൾ കേരളത്തിന്റെ പല ഭാഗങ്ങളിലും പ്രചാരത്തിലുണ്ട്. ഇടപ്പള്ളി നാട്ടിലെ അതിയാരുപ്പിള്ള, ഒരു പുലയ യുവാവായ ഇടനാടൻ, അരയ സമുദായത്തിൽപ്പെട്ട വീരപ്പൻ എന്നിവരെക്കുറിച്ചുള്ള പാട്ടുകൾ പ്രശസ്തങ്ങളാണ്. ചെങ്ങന്നൂർ ആതി എന്ന വീരനെക്കുറിച്ചുള്ള പാട്ടുകൾ സാംബവർക്കിടയിൽ നിലവിലുണ്ട്. ഉത്തരകേരളത്തിലെ പുലയർക്കിടയിലും കാരികുരിക്കൾ, വട്ട്യൻപെള്ള, തേവര് വെള്ളയൻ തുടങ്ങിയവരെക്കുറിച്ചുള്ള പാട്ടുകളുണ്ട്. വള്ളുവനാട്ടിൽ നിലവിലുള്ള 'ചാവേർപാട്ടുകൾ' വീരകഥാഗാനങ്ങളാണ്.

## 1.1.6 വിനോദഗാനങ്ങൾ

വിനോദിപ്പിക്കുകയെന്ന ധർമ്മം നാടൻപാട്ടുകളിൽ മിക്കതിനുമുണ്ട്. തൊഴിൽ പാട്ടുകളിലും അനുഷ്ഠാനഗാനങ്ങളിലും വിനോദപ്രധാനമായ പാട്ടുകൾ ഉൾപ്പെടുന്നു. കളികൾക്കും വിനോദത്തിനും വേണ്ടി പാടുന്നവയെല്ലാം ഈ വിഭാഗത്തിലാണ് പെടുന്നത്. എന്നാൽ 'കളി' എന്ന് പറയുന്നതെല്ലാം കേവലം കളികളല്ല. പാലക്കാട്, തൃശൂർ എന്നീ ജില്ലകളിൽ കുമ്മാട്ടിക്കളിക്കു പാടുന്ന പാട്ടുകളും കണ്ണൂർ ജില്ലയിൽ കോതാമൂരിയാട്ടത്തിനു പാടുന്ന കോതാമൂരിപ്പാട്ടുകളും വിനോദപരങ്ങളാണ്. എന്നാൽ പാനേങ്കളി, കണ്യാർകളി, പൂരക്കളി തുടങ്ങിയവ അനുഷ്ഠാനങ്ങളുമായി ബന്ധപ്പെട്ടവയാണ്. കോൽക്കളി, താലംകളി, ചവിട്ടുകളി, വട്ടക്കളി, കൈകൊട്ടിക്കളി, തുമ്പിതുള്ളൽ, ഏഴാമത്തുകളി തുടങ്ങിയ കളികൾക്കു പാടുന്ന പാട്ടുകൾ വിനോദപ്പാട്ടുകളെന്ന വിഭാഗത്തിൽപ്പെടുത്താവുന്നവയാണ്. കല്ല്യാണപ്പാട്ടുകളുടെ ധർമ്മവും വിനോദിപ്പിക്കലാണ്. തിരണ്ടുപാട്ടുകൾ, മങ്ങലപ്പാട്ടുകൾ, വാതിൽ തുറപ്പാട്ട്, അടച്ചുതുറപ്പാട്ട്, തോഴമ്മപ്പാട്ട് തുടങ്ങിയവയെല്ലാം കല്ല്യാണപ്പാട്ടുകളുടെ വിവിധ ഇനങ്ങളാണ്. ഓണപ്പാട്ടുകൾ, തിരുവാതിരപ്പാട്ടുകൾ തുടങ്ങിയ ആഘോഷങ്ങളുമായി ബന്ധമുള്ള പാട്ടുകളും ഈ വിഭാഗത്തിൽപ്പെടുന്നു.

ആബാലവൃദ്ധം ജനങ്ങൾക്കും പാടിക്കളിച്ച് രസിക്കുവാനുള്ള പാട്ടുകളെല്ലാം 'വിനോദം' എന്നയിനത്തിൽപ്പെട്ടവയാണ്. കളികൾക്കു മാത്രമായല്ലാതെ നേരംപോക്കിനുവേണ്ടി പാടുന്ന പാട്ടുകളും നാടൻപാരമ്പര്യത്തിൽ കാണാവുന്നതാണ്. നിരർഥകമെന്നോ അയുക്തികമെന്നോ അബദ്ധമെന്നോ അസംബന്ധമെന്നോ അശ്ലീലമെന്നോ തോന്നാവുന്ന പാട്ടുകൾപോലും നാടൻ ജനത പാടികേൾക്കാറുണ്ട്. ഇവയെല്ലാം വിനോദപ്പാട്ടുകൾ എന്നയിനത്തിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. തികച്ചും വിനോദപരമായ പാട്ടുകൾക്ക് അവതരണത്തിൽ വിലക്കുകളോ നിയന്ത്രണങ്ങളോ കാണാറില്ല.

"ഓലച്ചക്കരനാറ്റം കേട്ടാൽ
ഓടിക്കൂടും കുമ്മാട്ടി
എത്താക്കൊമ്പത്ത് എളമ്പുളിങ്ങ
എത്തിച്ചുപൊട്ടിക്കും കുമ്മാട്ടി''

എന്നീ വരികൾ തൃശൂർ ജില്ലയിൽ കുമ്മാട്ടിക്കളിക്കു പാടിവരുന്നതാണ്.

"ഒന്നാം തുമ്പിയും തുമ്പി പെറ്റ മക്കളും
പൂവാമടപ്പള്ളി തുമ്പിയുറയിൽ

SGOU


SREENARAYANAGURU OPEN UNIVERSITY

തുമ്പീരെ നാടിരുമ്പല്ല ചെമ്പല്ല
തുമ്പീരെ നാട് തുളുനാട്"

എന്നിങ്ങനെ ആവർത്തന സ്വഭാവമുള്ള പാട്ടാണ് തുമ്പിതുള്ളലിലുള്ളത്. കോൽക്കളിക്ക് സാധാരണയായി പാടികേൾക്കാറുള്ള ഒരു പാട്ടാണ്.

'കമലനയന കരുണസദന വിബുധവൈരിമർദ്ദന
കനിവോടെന്റെ കളിയരങ്ങിൽ വിലസുകിന്ന് മാധവാ.'
കോതാമൂരിപ്പാട്ടിൽ 'വിത്തുപൊലിപ്പാട്ട്'
എന്നൊരിനമുണ്ട്.
"ചെന്നെല്ല് വിത്ത് പൊലിക പൊലി
ചെന്നെല്ല് വിത്ത് പൊലിക
നാരകൻ വിത്ത് പൊലിക പൊലി
നാരകൻ വിത്ത് പൊലിക"

ഇത്തരത്തിൽ ധാരാളം വിത്തിനങ്ങളുടെ പേർ ചൊല്ലിപ്പൊലിക്കുന്നതാണ് വിത്തുപൊലിപ്പാട്ട്. പഴയകാലത്ത് നാലുതരം കല്ല്യാണങ്ങളാണ് കേരളത്തിൽ ആഘോഷിച്ചിരുന്നത്. കാതുകുത്ത്, കെട്ടുകല്യാണം, തിരണ്ടുകുളി, വിവാഹം എന്നിവയാണവ. പെൺകുട്ടികളുടെ കാതുകുത്തുന്നതാണ് ആദ്യത്തേത്. പ്രായപൂർത്തിയാകുന്നതിന് മുമ്പ് മുറച്ചെറുക്കനെക്കൊണ്ട് താലി കെട്ടുന്നതാണ് കെട്ടുകല്യാണം. തിരണ്ടുകുളിയാണ് മൂന്നാമത്തേത്. ഒടുവിലത്തേതാണ് വിവാഹമെന്ന ചടങ്ങ്. കല്ല്യാണപ്പാട്ടുകളിൽ വാതിൽ തുറപ്പാട്ടുകൾ എന്നൊരിനമുണ്ട്. മണവാളൻ കൂട്ടുകാരുമായി മണിയറയിൽ വാതിലടച്ചിരിക്കും. അപ്പോൾ പലഹാരങ്ങളും മറ്റു കാഴ്ചവസ്തുക്കളും കൊണ്ടുവന്ന് വാതിൽ തുറക്കുവാൻ അമ്മായി അപേക്ഷിക്കുന്ന പാട്ടുകളാണ് വാതിൽ തുറപ്പാട്ടുകൾ. കേരളത്തിലെ ക്രിസ്ത്യാനികൾ ഇത്തരം പാട്ടുകൾക്ക് അടച്ചു തുറപ്പാട്ട് എന്ന് പറയുന്നു. ക്രിസ്ത്യാനികളുടെ കല്ല്യാണത്തിന് വരന്റെ സഹോദരി അയനിഅപ്പവും മന്ത്രകോടിയുമായി പള്ളിയിൽ പോകുമ്പോൾ പാടുന്ന പാട്ടാണ് അയനിപ്പാട്ട്. മുസ്ലീം വിഭാഗത്തിലുള്ളവർ വധുവിന് മൈലാഞ്ചി അണിയുമ്പോൾ മൈലാഞ്ചിപ്പാട്ട് പാടുന്നു.

ആഘോഷങ്ങളോടുമായി ബന്ധപ്പെട്ട നിരവധി പാട്ടുകൾ കേരളത്തിൽ പ്രചാരത്തിലുണ്ട്. ഉത്സാഹവും ആഹ്ലാദവും നിറഞ്ഞുനിൽക്കുന്ന ഈ പാട്ടുകൾ കേരള സംസ്കാരത്തിന്റെ പ്രതിഫലനങ്ങളാണ്. ഇല്ലായ്മയുടെയും വല്ലായ്മയുടെയും വിഷാദവും പ്രതിഷേധവും തുളുമ്പുന്ന സന്ദർഭങ്ങളും ഇവയിൽ കാണാറുണ്ട്.

"തുമ്പപ്പൂവേ പൂത്തിരളേ
നാളേയ്ക്കൊരു വട്ടി പൂ തരണേ
ആയ്ക്കില ഈയ്ക്കില ഇളം
കൊടി പൂയ്ക്കില
പിന്നെ ഞാനെങ്ങനെ പൂ തരേണ്ടു"

"ചന്തത്തിൽ മുറ്റം ചെത്തിപ്പറിച്ചീല
എന്തെന്റെ മാവേലി ഓണംവന്നു
ചന്തയ്ക്ക് പോയില്ല നേന്ത്രക്കാ വാങ്ങീല
എന്തെന്റെ മാവേലി ഓണംവന്നു"

തിരുവാതിര ദിവസം പ്രഭാതത്തിൽ ഏഴര നാഴിക പുലരുവാനുള്ളപ്പോൾ ഗംഗയെ ഉണർത്തി കുളിക്കുന്നതോടു കൂടിയാണ് തിരുവാതിര ച്ചടങ്ങുകൾ ആരംഭിക്കുന്നത്. അന്ന് സ്ത്രീകൾ ആടിപ്പാടികളിക്കുന്ന പാട്ടാണ് തിരുവാതിരപ്പാട്ട്.

'തോഴീ നമുക്കു ധനുമാസം വന്നിപ്പോൾ
ഘോഷിക്ക വേണം തിരുവാതിര
ചാതുരി തേടുന്ന മാതർ പലർകൂടി
പാരാതെ ചേർന്നു കളിച്ചിടേണം.'

## 1.1.7 സാമുദായികഗാനങ്ങൾ

മലയാളത്തിലെ നാടൻപാട്ടുകളിൽ നല്ലൊരു ഭാഗം സാമുദായികഗാനങ്ങളാണ്. ജാതി-വർഗ പാരമ്പര്യം അവകാശപ്പെടുന്നവയാണ് മിക്ക പാട്ടുകളും. നാടൻകലയും നാടൻപാട്ടും കുലത്തൊഴിലായി സ്വീകരിച്ച ധാരാളം ജനങ്ങൾ നമുക്കിടയിലുണ്ട്. അക്കമ്മ, ഗണകർ, മണ്ണാർ, വണ്ണാർ, പാണർ, മലയർ, വേലർ, വേട്ടുവർ, പുലയർ എന്നിങ്ങനെ കേരളത്തിലെ മിക്ക സമുദായങ്ങളിലുള്ളവർക്കും തനതായ നാടൻപാട്ടുകളുണ്ട്. പാണപ്പാട്ട്, പുള്ളുവൻപാട്ട്, പുലയർപാട്ട്, വേലർപാട്ട്, ബ്രാഹ്മണിപ്പാട്ട്, അക്കമ്മപ്പാട്ട്, മാപ്പിളപ്പാട്ട് തുടങ്ങിയ പേരുകൾ തന്നെ അവയുടെ ജാതിപാരമ്പര്യത്തെ ഉയർത്തിക്കാട്ടുന്നവയാണ്. പാട്ടുകളുടെ അവതരണസമ്പ്രദായത്തിലും ഈ പാരമ്പര്യം കാണാം. ഒരേ പാട്ടു തന്നെ വിവിധ സമുദായക്കാർ പാടുമ്പോൾ അവ ഓരോന്നും വ്യത്യസ്ത രീതിയിലായിരിക്കും. 'പുള്ളുവൻ പാടുന്നതേ വീണ പാടൂ' എന്നൊരു പഴമൊഴിയുണ്ട്. പുള്ളുവന്മാരുടെ സ്വഭാവവുമാ

SGOU

യി അവരുടെ പാട്ടുകൾ എത്രമാത്രം ബന്ധപ്പെട്ടിരിക്കുന്നു എന്നതിന്റെ സൂചനയാണിത്. മതം, അനുഷ്ഠാനങ്ങൾ, ഐതിഹ്യങ്ങൾ, ഇതിഹാസപുരാണകഥകൾ, വീരാപദാനങ്ങൾ, വർഗോല്പത്തി കഥകൾ, സങ്കല്പകഥകൾ, തൊഴിൽഗാനങ്ങൾ, വിനോദഗാനങ്ങൾ എന്നിങ്ങനെ ഏതുമാകാം സാമുദായികഗാനങ്ങളിലെ വിഷയങ്ങൾ. എന്നാൽ ആ പാട്ടുകൾ കൈകാര്യം ചെയ്യുന്ന സമുദായത്തിന്റെ സാംസ്കാരികവും ഭാഷാപരവുമായ സവിശേഷതകൾ അവയിലുണ്ടാകും.

### 1.1.7.1 തെയ്യംപാടി പാട്ടുകൾ

കണ്ണൂർ, കാസർകോട് ജില്ലകളിലെ ക്ഷേത്രങ്ങളിലും കാവുകളിലും കളമെഴുത്തും പാട്ടും നടത്തിവരുന്ന ഒരു വിഭാഗമാണ് തെയ്യംപാടി നമ്പ്യാന്മാർ. ദൈവംപാടി എന്നതിന്റെ തദ്ഭവരൂപമാണ് തെയ്യംപാടി എന്നത്. നിശ്ചിത കാലയളവിലാണ് തെയ്യംപാടി പാട്ടുകൾ നടത്തുന്നത്. കാവുകളിലും ക്ഷേത്രങ്ങളിലും പാട്ടു നടത്തുന്നതിന് പ്രത്യേകം കൊട്ടിലുകൾ ഉണ്ടാകും. പാട്ടിനൊപ്പം താളവാദ്യമായി കൈമണി ഉപയോഗിക്കുന്നു. വേട്ടയ്ക്കൊരുമകൻപാട്ട്, വൈരജാതൻപാട്ട്, ദൈവത്താർപാട്ട്, ഭഗവതിപ്പാട്ട്, ശാസ്താംപാട്ട് എന്നിവയും യക്ഷിത്തോറ്റം, അയ്യപ്പൻതോറ്റം, നാഗത്തോറ്റം എന്നീ തോറ്റം പാട്ടുകളും പ്രാധാന്യമുള്ളവയാണ്.

"പീഡകളത്തു വൻമുനിവർഗ്ഗത്തിനും
നീപീലിതിങ്ങിന മുടിയുടയോനും സഖിയായി
വാടാതെ മരുവീടും ഊർപ്പഴച്ചിക്കാവമരും
ദൈവത്താർ കഴലിണ നിനന്തു
കൈതൊഴുന്നേൻ"

തെയ്യംപാടികൾ പാടുന്ന ദൈവത്താർ പാട്ടിലെ ഒരു ഭാഗമാണിത്. വേട്ടക്കൊരു മകന്റെ ചങ്ങാതിയാണ് ദൈവത്താർ.

### 1.1.7.2 കല്ലാറ്റ്ക്കുറുപ്പന്മാരുടെ പാട്ടുകൾ

മലപ്പുറം, തൃശൂർ, പാലക്കാട് ജില്ലകളിലാണ് കല്ലാറ്റ്ക്കുറുപ്പന്മാർ താമസിക്കുന്നത്. സവർണ്ണക്ഷേത്രങ്ങളും കാവുകളുമാണ് ഈ പാട്ടുകളുടെ സങ്കേതങ്ങൾ. ഭദ്രകാളി, വീരഭദ്രൻ, വേട്ടക്കൊരുമകൻ, ഗന്ധർവൻ, അന്തിമഹാകാളൻ, ക്ഷേത്രപാലൻ, ഭൂതം, നാഗം തുടങ്ങി അനേകം ദേവതകളുടെ രൂപക്കളമെഴുതിയാണ് കല്ലാറ്റക്കുറുപ്പന്മാർ പാട്ടു പാടുക.

"നമ്പുമലയോടെ വാലുശ്ശേരിയോ
നായാട്ടോ കൂട്ടമോ പുളിയരയാൽ കീഴോ
അമ്പും കെട്ടും പല ആയുധങ്ങളും
ആണ്ടെഴും ഉള്ളുരെ പടിപ്പുര തന്നിലോ"

വേട്ടക്കൊരു മകൻ പാട്ടിലെ നായാട്ടിന്റെ വർണ്ണനകളിലൊന്നാണിത്.

### 1.1.7.3 ബ്രാഹ്മണിപ്പാട്ടുകൾ

പുഷ്പകസമുദായത്തിൽപ്പെട്ട സ്ത്രീകളാണ് ബ്രാഹ്മണിയമ്മമാർ. ഭഗവതീക്ഷേത്രങ്ങളിലും ബ്രഹ്മാലയങ്ങളിലും ശൂദ്രഭവനങ്ങളിലും പാട്ടുപാടുവാനുള്ള അവകാശം ബ്രാഹ്മണിഅമ്മമാർക്ക് അവകാശപ്പെട്ടതാണ്. അവർ പാടുന്ന പാട്ടുകളെയാണ് ബ്രാഹ്മണിപ്പാട്ടുകൾ എന്ന് പറയുന്നത്. ഭഗവതിപ്പാട്ടാണ് ഇവരുടെ പാട്ടുകളിൽ പ്രധാനം. പാട്ടു നടത്തുന്ന സ്ഥലത്ത് വെളുത്ത വസ്ത്രം, ചുവന്ന പട്ട്, കുരുത്തോല, കവുങ്ങിൻ പൂക്കുല എന്നിവകൊണ്ട് അലങ്കരിക്കുന്നു. ഓട്ടുകിണ്ണത്തിൽ കത്തികൊണ്ട് മുട്ടി താളം പിടിച്ചുകൊണ്ടാണ് അവർ പാടുന്നത്. ഗണപതി, സരസ്വതി, ശ്രീകൃഷ്ണൻ എന്നിവരെ സ്തുതിച്ചുകൊണ്ടാണ് ഭഗവതിപ്പാട്ട് ആരംഭിക്കുന്നത്. 'ചന്തം തടവും മസ്തക തടവും' എന്നു തുടങ്ങി 'ഗണപതിദേവാ, നിൻതിരുവടിയെ ഞാൻ സ്തുതിക്കുന്നേൻ' - എന്ന് അവസാനിക്കുന്ന ഒരു ഗണപതി സ്തുതിയാണിത്.

### 1.1.7.4 കണിയാൻപാട്ടുകൾ

ഉത്തരകേരളത്തിലെ കണിയാന്മാർക്കിടയിൽ ധാരാളം നാടോടിപ്പാട്ടുകളുണ്ട്. കളത്തിലരിയും പാട്ടും, കളംപാട്ടുകൾ, ആരാധനാപരമായ പാട്ടുകൾ, കല്യാണപ്പാട്ടുകൾ, മന്ത്രവാദസംബന്ധമായ പാട്ടുകൾ എന്നിങ്ങനെ വിവിധതരത്തിൽ തിരിക്കാവുന്നതാണ് കണിയാൻ പാട്ടുകൾ. കാസർകോട്, കണ്ണൂർ ജില്ലകളിലെ തീയ്യരുടെയും ആശാരിമാരുടെയും ആരാധനാലയങ്ങളായ പൂമാലക്കാവുകളിലാണ് കണിയാന്മാർ കളത്തിലരിയും പാട്ടും എന്ന പാട്ടുത്സവം നടത്തുന്നത്. ഗണപതിസ്തുതിയോടെയാണ് പാട്ടു തുടങ്ങുക.

SGOU

"ദാരികൻ തല വെട്ടി മുറിപ്പവൾ
ചോരകൾ വാരി കുരുതി കുടിപ്പവൾ''

ഈ വരികൾ ദാരികവധം പാട്ടിലുള്ളതാണ്.

### 1.1.7.5 പുള്ളുവർ പാട്ടുകൾ

കേരളത്തിലെ പുള്ളവന്മാരിൽ രണ്ടുവിഭാഗങ്ങളുണ്ട്. നാഗംപാടികളും പ്രേതംപാടികളും. ഈ വ്യത്യാസമനുസരിച്ച് അവരുടെ സമുദായപരമായ പാട്ടുകളിലും വ്യത്യാസം കാണാം. ആരാധന, അനുഷ്ഠാനം, മാന്ത്രികകർമ്മങ്ങൾ, കാർഷികവൃത്തി, തൊഴിൽ എന്നിവയുമായി ബന്ധപ്പെട്ട പാട്ടുകളാണ് പുള്ളുവർ പാട്ടുകൾ. പുരാവൃത്തങ്ങളും, പുരാണങ്ങളും ഇതിഹാസങ്ങളും അവരുടെ പാട്ടുകൾക്ക് വിഷയമായിട്ടുണ്ട്. നാഗക്കളങ്ങളോടനുബന്ധിച്ച് നടത്തുന്ന സർപ്പംപാട്ട് പുള്ളുവരാണ് പാടാറുള്ളത്. മാന്ത്രിക പാരമ്പര്യമുള്ളവരാണ് പുള്ളുവന്മാർ. പുള്ളുപീഡ മാറ്റുന്നതിനായി അവർ ഓലവായന നടത്തുന്നു.

"ഓടുന്ന ഗുളികനെന്നും
ഒളിക്കുന്ന ഗുളികനെന്നും
മൂളുന്ന ഗുളികന്മാർ
എതിർത്തു വന്നാൽ
എക്കിട്ട വീർപ്പുമുട്ടൽ
എരിപൊരി ദാഹമോഹം
ഞെട്ടലുമന്ധകാരം
ഞെടുഞ്ഞെടക്കരയുമാറ്"

തുടങ്ങിയ ഭാഗങ്ങൾ ഗുളിക ദൃഷ്ടി, ഞെട്ടൽ തുടങ്ങിയ ബാലപീഡകൾ നീക്കുവാനായി വടക്കേ മലബാറിലെ പുള്ളുവർ പാടാറുള്ളതാണ്.

"വിഷ്ണുഭഗവാന്റെ തിരുനാമംകൊണ്ടു ഞാൻ
ഏറ്റ നാവേറ് പാടിയൊഴിക്കുന്നു"

എന്നിങ്ങനെ കണ്ണേറും നാവേറും മാറ്റുവാനായി നാവേറ്റുപാട്ടുകളും അവർ പാടുന്നു.

### 1.1.7.6 മാപ്പിളപ്പാട്ടുകൾ

സാമുദായികഗാനങ്ങളിൽ ഉൾപ്പെടുന്നതാണെങ്കിലും തനതു ഗാനശാഖയായി നിൽക്കുന്ന നാടോടിഗാനമാണ് മാപ്പിളപ്പാട്ട്. മലബാറിലെ മുസ്ലീംങ്ങളുടെ സാംസ്കാരിക ജീവിതത്തെ പ്രതിഫലിപ്പിക്കുന്നവയാണ് മാപ്പിളപ്പാട്ടുകൾ. അറബിമലയാളം എന്ന ഭാഷയാണ് ഈ പാട്ടിൽ ഉപയോഗിക്കുന്നത്. 28 വർണ്ണങ്ങളുള്ള അറബി അക്ഷരമാലയോട് തദ്ദേശീയപദങ്ങൾ എഴുതാൻ ആവശ്യമായ ചില അക്ഷരങ്ങൾ കൂട്ടിച്ചേർത്തുണ്ടാക്കിയതാണ് അറബിമലയാളം. മലയാളത്തെ അറബി അക്ഷരമാലയിൽ എഴുതുന്ന രീതിയാണിത്.

ഗാനാത്മകതയാണ് മാപ്പിളപ്പാട്ടിന്റെ ജനകീയതയ്ക്ക് കാരണം. അറേബ്യൻ സംഗീത പാരമ്പര്യത്തിൽനിന്ന് ഉത്ഭവിച്ചതാണെങ്കിലും തനതായ പ്രാസങ്ങൾ മാപ്പിളപ്പാട്ടിന്റെ സവിശേഷതയാണ്. പൂർത്തിയായ അർഥത്തോടുകൂടിയ വരികളുടെ സംഘാതമായ മൊഴി ആണ് മാപ്പിളപ്പാട്ടിന്റെ ഏകകം. രണ്ടോ അതിലധികമോ പാദങ്ങൾ കൊണ്ട് മൊഴി പൂർത്തിയാകും. ഒരു മൊഴിയിലെ എല്ലാ പാദത്തിലെയും ഒന്നാമത്തെ അക്ഷരം ഒരുപോലെ വരുന്നതാണ് കമ്പി. മൊഴിയിലെ എല്ലാ വരിയിലെയും അവസാനത്തെ അക്ഷരം ഒരുപോലെ വരുന്നത് വാൽകമ്പി. നാലു മൊഴികൾ ചേർന്ന ഭാഗത്തിലെ ഓരോ മൊഴിയിലെയും ആദ്യപാദത്തിലെ രണ്ടാമത്തെ അക്ഷരം ഒരു പോലെ വരുന്നത് വാൽകമ്പി. മാപ്പിളപ്പാട്ടിലെ വരികൾ ഇശലുകളെന്നാണ് അറിയപ്പെടുന്നത്. കല്യാണവീടുകളിൽ ഇരുകൂട്ടരും പാട്ട് തത്സമയം കെട്ടിയുണ്ടാക്കി മത്സരിച്ചുപാടുന്ന പതിവുണ്ടായിരുന്നു.

ഖാസി മുഹമ്മദ് എഴുതിയ 'മുഹമുദ്ദീൻ മാല' യാണ് ആദ്യത്തെ മാപ്പിളപ്പാട്ടായി കരുതുന്നത് (AD 1577). മോയിൻകുട്ടി വൈദ്യരാണ് മാപ്പിളപ്പാട്ടിനെ ജനകീയമാക്കിയത്. അദ്ദേഹത്തിനു മുമ്പേ കപ്പപ്പാട്ട്, നഫീസത്തുമാല തുടങ്ങിയ പാട്ടുകൾ നിലനിന്നിരുന്നു. കുഞ്ഞായിൻ മുസ്ല്യാർ, പുലക്കോട്ടിൽ ഹൈദർ, ചേറ്റുവായ് പരീക്കുട്ടി തുടങ്ങിയവർ ഈ ഗാനരംഗത്ത് പ്രസിദ്ധരായവരാണ്. നാടകങ്ങളിലും സിനിമകളിലും മാപ്പിളപ്പാട്ടുകൾ പ്രത്യക്ഷപ്പെട്ടതോടുകൂടി അവ കൂടുതൽ ജനകീയവും സർവസമ്മതിയും നേടാൻ തുടങ്ങി. (പി. ഭാസ്കരൻ രചിച്ച കായലരികത്ത് വലയെറിഞ്ഞപ്പോൾ വള കിലുക്കിയ സുന്ദരീ.... ഒരുദാഹരണമാണിത്.) മാലപ്പാട്ടുകൾ, കത്തുപ്പാട്ടുകൾ, കല്ല്യാണപ്പാട്ടുകൾ എന്നിങ്ങനെ മാപ്പിളപ്പാട്ടുകളുടെ വൈവിധ്യം ശ്രദ്ധേയമാണ്.

SGOU

## 1.1.8 അനുഷ്ഠാനഗാനങ്ങൾ

സാമൂഹികജീവിതത്തിൽ അനുഷ്ഠാനങ്ങൾക്ക് ഒരു പ്രധാന പങ്കുണ്ട്. പാരമ്പര്യവിശ്വാസമാണ് അനുഷ്ഠാനങ്ങൾക്ക് അവലംബം. മലയാളത്തിലെ നാടൻപാട്ടുകളിൽ കൂടുതലും ദേവതോപാസനാപരമായ അനുഷ്ഠാനഗാനങ്ങളാണ്. ആരാധനകൾ, അനുഷ്ഠാനകർമ്മങ്ങൾ, മതപരമായ സംസ്കാരച്ചടങ്ങുകൾ, അനുഷ്ഠാനകലാനിർവഹണങ്ങൾ, മന്ത്രവാദക്രിയകൾ, ഉച്ചാടനകർമ്മങ്ങൾ മുതലായവയ്ക്കു പാടുന്ന ഗാനങ്ങളെല്ലാം ഈ വിഭാഗത്തിൽപെടുന്നു.

### 1.1.8.1 തോറ്റംപാട്ടുകൾ

കേരളത്തിന്റെ നാനാഭാഗങ്ങളിലുമുള്ള ജനസമൂഹങ്ങൾ വിവിധ സന്ദർഭങ്ങളിൽ പാടുന്ന ധാരാളം തോറ്റംപാട്ടുകളുണ്ട്. ധർമ്മത്തിലും സ്വഭാവത്തിലും അവയ്ക്ക് വ്യത്യാസമുണ്ടാകും. പുലയർ പാടുന്ന കണ്ണകിത്തോറ്റം, വേലന്മാരുടെ ഭഗവതിതോറ്റം, കരിങ്കുട്ടിത്തോറ്റം, ഭദ്രകാളിത്തോറ്റം, മണിമങ്കത്തോറ്റം, ശാസ്താംതോറ്റം എന്നിങ്ങനെ വിവിധതരം തോറ്റംപാട്ടുകൾ കേരളത്തിൽ നിലവിലുണ്ട്. തെയ്യാട്ടത്തിനും തിറയാട്ടത്തിനും പാടുന്ന തോറ്റംപാട്ടുകൾ മറ്റുള്ളവയിൽനിന്നും വ്യത്യസ്തമാണ്. ഭഗവതി, കാളി, ചാമുണ്ഡി, ശൈവ-വൈഷ്ണവമൂർത്തികളുടെ അംശങ്ങളായ ദേവതകൾ, യക്ഷി, ഗന്ധർവൻ, നാഗം, മൺമറഞ്ഞ വീരപുരുഷന്മാർ, വീരവനിതകൾ. ഇതിഹാസപുരാണ കഥാപാത്രങ്ങൾ തുടങ്ങിയ വൈവിധ്യമാർന്ന ദേവതകളുടെ ലോകമാണ് ഈ പാട്ടുകളിൽ നിറയുന്നത്.

> "അളിമാലകളുലാവും കുളിർവാതിൽ
> കളിയോളിള കൊണ്ടൊരു കിളിയേ
> തെളിവോടൊരു കഥപറകിൽ നിനക്കു ഞാൻ
> ഹിതമാം പഴം നല്ല കദളിപ്പഴം തരുന്നുണ്ട്"

എന്നാരംഭിക്കുന്ന മലയർതോറ്റം (പ്രഹ്ലാദോൽപ്പത്തി) എഴുത്തച്ഛന്റെ കിളിപ്പാട്ടിനെ ഓർമ്മിപ്പിക്കുന്നതാണ്. 'തട്ടിയും മുട്ടിയും മുട്ടിനാൽ തട്ടിയും പൊട്ടിയും നെറ്റിമേൽ പൊട്ടുപെട്ടു തമ്മിൽ' എന്നു തുടങ്ങുന്ന വണ്ണാൻ തോറ്റത്തിലെ ബാലി-ദുന്ദുഭി യുദ്ധവർണ്ണനയും എഴുത്തച്ഛന്റെ യുദ്ധവർണ്ണനയോടടുക്കുന്നു. എന്നാൽ ഇവയ്ക്ക് കാലപ്പഴക്കം അധികം കാണുന്നില്ല എന്നതും ശ്രദ്ധേയമാണ്.

### 1.1.8.2 സർപ്പംപാട്ടുകൾ

നാഗപ്രീതിക്കുവേണ്ടി സർപ്പക്കാവുകളിലും നാഗക്ഷേത്രങ്ങളിലും മധ്യ-ദക്ഷിണകേരളത്തിലെ പുള്ളുവർ നടത്തുന്ന പ്രാചീനമായ ഒരനുഷ്ഠാന നിർവഹണമാണിത്.

> "വെട്ടിക്കോട്ടമരുന്ന നാഗരാജാവേ
> ആടി വരൂ നാഗമാടി വരൂ
> പാട്ടുണ്ട് കളമുണ്ട് നൂറും പാലുമതുണ്ട്
> മണ്ണാറശ്ശാലയിൽ വാഴും യക്ഷിയമ്മേ."

### 1.1.8.3 തീയാട്ട്പാട്ടുകൾ

രണ്ടു തരത്തിലുള്ള തീയാട്ടുപാട്ടുകളുണ്ട്. ഭദ്രകാളിതീയാട്ടും അയ്യപ്പൻതീയാട്ടും. ഭദ്രകാളിതീയാട്ടിന് തീയാട്ടുണ്ണികൾ സ്തുതിഗാനങ്ങൾക്കു പുറമെ 'നിറംപാടൽ' എന്നൊരിനവും കേശാദിപാദവർണ്ണനകളും പാടും. 'കാളീനാടക'മെന്ന പാട്ടും പ്രധാനമാണ്. അയ്യപ്പൻതീയാട്ടിന് തീയാടി നമ്പ്യാന്മാർ പാടുന്ന പാട്ടുകളിൽ കളംപാട്ട്, വേട്ടചൊല്ലൽ, ഉച്ചപ്പാട്ട്, വലിയപാട്ട്, പുലിപ്പാട്ട്, കേശാദിപാദവർണ്ണന, കളത്തിൽപാട്ട്, പൊലിച്ചുപാട്ട് എന്നിവ മുഖ്യമാണ്.

> "വാഴ്കയല്ലോ വാഴ്കമുന്നം
> വിളക്കിനോടെ ഗണപതി വാഴ്ക
> വാഴ്കയല്ലോ വാഴ്കമുന്നം
> നമ്മുടെയ ഭഗവതി വാഴ്ക"

ഭദ്രകാളി തീയാട്ടിന് തീയാട്ടുണ്ണികൾ പാടുന്ന പാട്ടാണിത്.

### 1.1.8.4 പൂരക്കളിപ്പാട്ടുകൾ

ഉത്തരകേരളത്തിലെ കാവുകളിലും ചില ഭഗവതിക്ഷേത്രങ്ങളിലും മീനപൂരത്തിന് സമാപിക്കുന്നവിധം ഒൻപതു നാളുകളിലായി ആടിപ്പാടിക്കളിക്കുന്നതാണ് പൂരക്കളി. അതിനു പാടുന്ന ഒരു പാട്ടിൽ,

> "ഉത്തമമായ വസന്തേകാലേ
> മീനമതാകിയ മാസത്തിങ്കൽ
> കാർത്തിക നക്ഷത്രേ പുലർകാലേ

ചിത്ത കുതൂഹലമോടവരെല്ലാം
കാർത്തികനാൾ മുതലെമ്പതു ദിവസം
ചിത്തജനാകിയ കാമൻ തന്നെ
ഭക്തി കലർന്നവരാരാധിച്ചു"

എന്നിങ്ങനെ ഒൻപതുനാൾ കാമദേവനെ പൂവിട്ടു പൂജിക്കുന്നതിനെപ്പറ്റി വർണ്ണിക്കുന്നു.

### 1.1.8.5 തുടിപ്പാട്ട്

പുലയരുടെ അനുഷ്ഠാനപ്പാട്ടുകളിലൊന്നാണ് തുടിപ്പാട്ട്. കടുന്തുടി അവർക്ക് ദേവന്മാരിൽ നിന്നും വരമായി ലഭിച്ചതെങ്ങനെയെന്ന് അതിൽ വിശദമാക്കുന്നു. ഈ പാട്ടിന്റെ തുടക്കത്തിൽ

"ആതിയുമന്തവുമില്ലാതെയൊരുകാലം
ഭൂമിയുമാകാശവുമില്ലാതെയൊരുകാലം
എങ്ങുമിരുളകം പൂക്കി കിടക്കുന്നെ കാലം
ആദിത്യചന്ദ്രന്മാരില്ലാതെ കാലം"

എന്നിങ്ങനെ ഒന്നുമില്ലാതിരുന്ന കാലമുണ്ടായിരുന്നുവെന്നും അതിനുശേഷം ഈ പ്രപഞ്ചത്തെ ആദി ഭഗവാൻ സൃഷ്ടിക്കുകയാണ് ചെയ്തതെന്നുമുള്ള പുരാതനമായ സങ്കല്പത്തിന്റെ ആഖ്യാനം കാണാം. അനുഷ്ഠാനപരങ്ങളായ ഗാനങ്ങൾ നമുക്ക് ഏറെയുണ്ട്. തെയ്യംപാടിപ്പാട്ടുകൾ. ആവിയർപാട്ട്, കുത്തിയോട്ടപ്പാട്ടുകൾ, പാനേങ്കളിപ്പാട്ടുകൾ, കണ്യാർകളിപ്പാട്ടുകൾ, ഐവർ കളിപ്പാട്ടുകൾ, മുണ്ട്യൻപ്പാട്ട്, കുറുന്തിനിപ്പാട്ട്, ഗന്ധർവൻപാട്ട്, കളംപാട്ട്, മന്ത്രവാദപ്പാട്ടുകൾ എന്നിങ്ങനെ വിശാലമായ ഒരു ഭൂമികയാണ് അനുഷ്ഠാനഗാനങ്ങൾക്കുള്ളത്.

## 1.1.9 തൊഴിൽപ്പാട്ടുകൾ

തൊഴിലുകളുമായി ബന്ധപ്പെട്ടവയാണ് പണിപ്പാട്ടുകൾ. വിവിധ തൊഴിലുകളിൽ ഏർപ്പെടുന്നവർക്ക് ആശ്വാസവും ആനന്ദവും പകരുകയാണ് ഇവയുടെ മുഖ്യധർമ്മം. ഒരു സമൂഹത്തെ ചലനാത്മകമാക്കുകയെന്നത് നാടൻപാട്ടുകളുടെ പൊതുസ്വഭാവമാണ്. എങ്കിലും അവയിൽ കൂടുതൽ പങ്കാളിത്തമുള്ളത് തൊഴിൽപ്പാട്ടുകൾക്കാണ്. അധ്വാനഭാരം കുറയ്ക്കുന്നതിനും ആ സമയങ്ങൾ ആസ്വാദ്യമാക്കുന്നതിനും വേണ്ടി പാട്ടുകൾ പാടുക എന്നത് സാധാരണമാണ്. വിത്തു വിതയ്ക്കുമ്പോഴും ഞാറു നടുമ്പോഴും വെള്ളം തേവുമ്പോഴും തിനകുത്തുമ്പോഴും കൊയ്ത്തു നടത്തുമ്പോഴും വണ്ടി വലിക്കുമ്പോഴും വഞ്ചി തുഴയുമ്പോഴും എന്നുവേണ്ട സാമൂഹികസ്വഭാവമുള്ള ഏതു ജോലിക്കും പറ്റിയ പാട്ടുകൾ മാനവരാശിയുടെ ഏതു കൂട്ടായ്മയിലും കാണുന്നുണ്ട്.

### 1.1.9.1 ഞാറ്റുപ്പാട്ടുകൾ

പണിപ്പാട്ടുകളിൽ കൃഷിപ്പാട്ടുകൾ മുഖ്യമായ ഒരിനമാണ്. കാർഷികവൃത്തിയുടെ വിവിധ ഘട്ടങ്ങളിൽ പാടുന്ന ഇവയ്ക്ക് പ്രാദേശികഭേദങ്ങൾ കാണാം. പുനംകൃഷിക്ക് വിത്ത് വിതച്ച് കിളയ്ക്കുമ്പോൾ പാടുന്ന വിത്തുകിളപ്പാട്ടും ഞാറു നടുമ്പോൾ പാടുന്ന ഞാറ്റുപ്പാട്ടുകളും ഇവയിൽ പ്രാധാന്യമർഹിക്കുന്നു. ഞാറ്റുപ്പാട്ടുകൾ കേരളത്തിന്റെ നാനാഭാഗങ്ങളിലും പാടികേൾക്കാറുണ്ട്. നാട്ടിപ്പാട്ട്, പൊരിപ്പാട്ട്, തൊരെപാട്ട്, കളപ്പാട്ട് തുടങ്ങിയ പേരുകളിലാണ് ഉത്തരകേരളത്തിൽ ഞാറ്റുപാട്ടുകൾ അറിയപ്പെടുന്നത്. വയനാട്ടിലും മറ്റും ഞാറുനടുമ്പോൾ മത്സരിച്ചു പാടുന്ന പാട്ടാണ് 'കുണ്ടംവലിപ്പാട്ട്' ഉത്തരകേരളത്തിലെ പുള്ളുവർ കൊയ്ത്തുകാലത്ത് അവരുടെ വീണകളുമായി വയലുകൾ തോറും ചെന്ന് പാടാറുണ്ട്. ആ സമയത്ത് കർഷകർ അവർക്ക് നെൽക്കറ്റകൾ നൽകും. അത്തരം പാട്ടുകളെ കറ്റപ്പാട്ട് എന്ന് പറയും. നെല്ലും തെങ്ങും തമ്മിലുള്ള തർക്കമാണ് ആ പാട്ടിൽ വർണ്ണിക്കപ്പെടുന്നത്.

"തെയ്യോ തീനം തിനന്തോ
തിനം താരാ
താര തിനം തിനന്തോ
തിനം താരാ"
"തിന്താര തെയ്യം തെയ്യന്നം താരാ
തെയ്യന്നം താരാ തിന്താര"

ഞാറ്റുപാട്ടുകളുടെ പ്രത്യേകതയാണ് എന്നിങ്ങനെയുള്ള വായ്ത്താരികളുടെ ആവർത്തനം.

"മാരിമഴകൾ ചൊരിഞ്ഞേ-ചെറു
വയലുകളൊക്കെ നനഞ്ഞേ
പൂട്ടിയൊരുക്കിപ്പറഞ്ഞേ-ചെറു
ഞാറുകൾ കെട്ടിയെറിഞ്ഞേ"

മഴ പെയ്തു കഴിഞ്ഞ് കൃഷിക്കായി നിലമൊരുക്കുമ്പോൾ ഓരോ കർഷകന്റെയും നാവിൻതു

SGOU

മ്പിൽനിന്ന് ഉറക്കെ അടർന്നുവീഴുന്ന സന്തോഷത്തിന്റെ അലകളാണീ പാട്ടിൽ തെളിയുന്നത്.

### 1.1.9.2 പോർപ്പാട്ടും കുണ്ടംവലിപ്പാട്ടും

ഉത്തരകേരളത്തിൽ ഞാറു നടുന്ന പെണ്ണുങ്ങൾ രണ്ടു ചേരികളായി തിരിഞ്ഞ് മത്സരിച്ചു പാടുന്നതാണ് പോർപ്പാട്ട്. മത്സരിച്ച് ഞാറു നട്ട് മറ്റുള്ളവരെ പിന്നിലാക്കി മുന്നേറുന്നതിന് കുണ്ടംവലി എന്നു പറയും. ഇത്തരം സന്ദർഭങ്ങളിൽ പാടുന്നവയാണ് കുണ്ടംവലി പാട്ടുകൾ. വയനാടൻ പ്രദേശങ്ങളിലാണ് ഈ പാട്ടിന് കൂടുതൽ പ്രചാരം.

"ഓ....മൂലനാട്ടിക്കാരാ.... ഓ ഒയ്യ
ഓ.... നമ്മളെനാട്ടി... ഓ ഒയ്യ
ഏ... വേഗം നടണം... ഓ ഒയ്യ
ഓ... കക്കരി പെണ്ണിന്.... ഓ ഒയ്യ"

തുടങ്ങിയ വരികൾ നർമ്മരസപ്രധാനങ്ങളാണ്. ഇത്തരം പാട്ടുകൾ ചിലപ്പോൾ സഭ്യതയുടെ സീമകൾ ലംഘിച്ചുവെന്നും വരാം.

### 1.1.9.3 ചക്രപ്പാട്ടുകൾ

വെള്ളം കെട്ടി നിൽക്കുന്ന വയലുകളിൽനിന്ന് ചക്രം ചവിട്ടി വെള്ളം വറ്റിക്കുമ്പോൾ പാടുന്ന പാട്ടുകളാണ് ചക്രപ്പാട്ടുകൾ. തേക്കുപ്പാട്ടുകളെന്നും ഇവയെ വിളിക്കാറുണ്ട്. കുട്ടനാടൻ പ്രദേശങ്ങളിലാണ് ഇവയ്ക്ക് കൂടുതൽ പ്രാചാര്യം.

"ആരോമൽപ്പെണ്ണാകുമെന്റെ ജാനകിയെ നിരൂപിച്ച്
അകതാരിൽ വെന്തുരുകീട്ടിരുന്നു രാമൻ...'

രാമകഥാവലംബികളായ പാട്ടുകളാണ് ചക്രപ്പാട്ടുകളിൽ കൂടുതലുള്ളത്.

### 1.1.9.4 വട്ടിക്കെട്ടുപാട്ട്

വട്ടിയും കുട്ടയും ഉണ്ടാക്കുമ്പോൾ പാടുന്ന പാട്ടാണിത്. കുട്ടയും വട്ടിയും നെയ്യാൻ നാരെടുക്കുന്നതും അത് കീറി മെടയുന്നതും വിശദീകരിക്കുന്നതുമായ ഒരു പാട്ട്-

"ചാമ്പക്കച്ചാലിൽ ചെന്നേ-തെയ്യത്താരാ-തൈ
ഏയല്ലോ നാരെടുത്തേ- തെയ്യത്താരാ-തൈ
ഏയായി കീറുന്നുണ്ടേ തെയ്യത്താരാ തൈ വെയിലത്തും പനിയത്തിട്ടേ തെയ്യത്താരാ-തൈ
നെട്ടനും തുച്ചനിട്ടേ തെയ്യത്താരാ-തൈ"

### 1.1.9.5 അരവുപാട്ടുകൾ

പണിപ്പാട്ടുകളിൽ എടുത്തുപറയാവുന്ന ഒരിനമാണ് അരവുപാട്ട്. കല്യാണത്തിന് പന്തലിൽ അമ്മികളിലിട്ട് അരയ്ക്കുമ്പോൾ പാടുന്ന കല്യാണപ്പാട്ടുകളാണിവ.

"ഒന്നുണ്ടേ, കേക്ക്ട്ടോ, കുഞ്ഞിക്കണ്ണാ
നിന്റോരളിയനാ നേരളിയൻ
ഓനോടിപ്പന്തലിൽ വരുവാൻ പറ
പന്തലിൽ പൊലിക്കിണ്ണം പൊലിഞ്ഞതില്ല.''

എന്നിങ്ങനെ പന്തലിൽവെച്ച പൊലിത്തട്ടിൽ പണവും മറ്റും പൊലിക്കുവാൻ ആവശ്യപ്പെടുന്ന പൊലിപ്പാട്ടുകളും അരവുപാട്ടുകളിൽ ഉൾപ്പെടും. നാളേയ്ക്ക് കരുതിവെക്കണമെന്ന് തോന്നിയ എല്ലാ അറിവുകളും പാട്ടിന്റെ രൂപത്തിലാക്കുവാൻ പ്രാചീനർ ശ്രമിച്ചിട്ടുള്ളതായി കാണാം. ശാസ്ത്രം, തത്വജ്ഞാനം, സദാചാരം, ചരിത്രം, വൈദ്യം, മർമ്മശാസ്ത്രം, വ്യാകരണം, ജ്യോതിഷം, വേദാന്തം തൊട്ടുള്ള കാര്യങ്ങളെല്ലാം നാടൻപാട്ടുകൾക്ക് വിഷയമായിട്ടുണ്ട്.

ചുണ്ടിൽനിന്നു ചുണ്ടിലേക്കും ഹൃദയത്തിൽ നിന്ന് ഹൃദയത്തിലേക്കും പകർന്നുവന്ന, മണ്ണിന്റെ മണമൂറുന്ന പാട്ടുകൾ കൊണ്ട് കൈരളിയുടെ കാവ്യപാരമ്പര്യം സമ്പന്നമായിരുന്നു. കാലമേതെന്നോ കർത്താവ് ആരെന്നോ ദേശമേതെന്നോ തിരിച്ചറിയാൻ കഴിയാത്ത ഈ നാടൻപാട്ടുസാഹിത്യം സ്വതസിദ്ധമായ താളബോധവും സംഗീതസാന്ദ്രമായ ഈണവും ജീവിതഗന്ധിയായ പ്രമേയവും ഉൾക്കൊള്ളുന്നു. ഗ്രാമീണതയുടെ സ്വച്ഛതയും സാംസ്കാരിക പൈതൃകവും അനുഷ്ഠാനപാരമ്പര്യവും സാമൂഹികമൂല്യങ്ങളും ഇവയുടെ സവിശേഷതയാണ്. മനുഷ്യമനസിന്റെ ഉള്ളറകളിലേക്ക് ഇറങ്ങിച്ചെല്ലാൻ കഴിയുന്ന താളാത്മകതയാണ് നാടൻപാട്ടുകളെ ജനകീയമാക്കുന്നത്. അവയിൽ അലിഞ്ഞുചേർന്നിരിക്കുന്ന അലങ്കാരകല്പനകൾ, ശൈലികൾ, പ്രയോഗങ്ങൾ എല്ലാംതന്നെ സവിശേഷശ്രദ്ധ ആകർഷിക്കുന്നു. സാധാരണക്കാരായ ജനതയുടെ അധ്വാനലഘൂകരണത്തിനായി യഥാർഥ ജീവിതസാഹചര്യങ്ങളിൽ നിന്നും

SGOU

ഉരുത്തിരിഞ്ഞുവന്ന തൊഴിൽപ്പാട്ടുകൾ, കലയും ആചാരങ്ങളും അനുഷ്ഠാനങ്ങളും ആഘോഷങ്ങളുമായി ബന്ധപ്പെട്ട അനുഷ്ഠാനഗാനങ്ങൾ, വിനോദത്തിനുവേണ്ടി രചിക്കപ്പെട്ട വിനോദഗാനങ്ങൾ, വിവിധ സമുദായങ്ങളിൽ നിലനിൽക്കുന്ന സാമുദായികഗാനങ്ങൾ, വീരകഥാഗാനങ്ങൾ എന്നിങ്ങനെ വൈവിധ്യത്തിന്റെ കാര്യത്തിലും ഇവ മുന്നിട്ടുനിൽക്കുന്നു. നാടൻശീലുകളിൽ രൗദ്രതാളത്തിലും പതിഞ്ഞ താളത്തിലും ഭാവപ്രകാശനത്തിനനുയോജ്യമായ ഈണത്തിൽ സംഗീതാത്മകമായി അവതരിപ്പിക്കാനും കഴിയുന്നവയാണ് നാടൻപാട്ടുകൾ. നാടൻസാഹിത്യപാരമ്പര്യത്തിലെ പ്രബലവും പ്രധാനവുമായ ഒരു ധാരയാണ് നാടൻപാട്ടുകൾ. പ്രാചീനമനുഷ്യർ അവരുടെ ആർജിതാനുഭവങ്ങളും അറിവുകളും സങ്കല്പങ്ങളും പ്രതീക്ഷകളും സ്വപ്നങ്ങളും പ്രതിഷേധങ്ങളും പരിഹാസങ്ങളും തങ്ങളുടെ പാട്ടുകളിലൂടെ പ്രകാശിപ്പിക്കാൻ ശ്രമിക്കുന്നു. ഒരു ജനതയുടെ സംസ്കാരത്തിന്റെ മൂലസ്രോതസുകളാണ് അവ. ശബ്ദസൗന്ദര്യം നാടൻപാട്ടുകളെ ജനമനസ്സുകളിൽ പ്രതിഷ്ഠിക്കാൻ കാരണമായ ഒരു ഘടകമാണ്.

## 1. വിശദപഠനം

### ഞാറ്റുപാട്ട്

#### പുഞ്ചപ്പാടത്തെ പൂങ്കുയിലേ

തൊഴിൽപ്പാട്ടുകളിൽ കാണുന്ന ഒരു വിഭാഗം പാട്ടുകളാണ് ഞാറ്റുപാട്ടുകൾ. നാട്ടിപ്പാട്ട് എന്നും ഇവയെ വിളിക്കാം. ഞാറു പറിച്ചുനടുമ്പോൾ നടിലിന്റെ താളത്തിനൊത്താണ് ഇത്തരം പാട്ടുകൾ പാടുക. ആയാസരഹിതമായി പണിചെയ്യാനും ഉത്സാഹത്തിനും മാനസീകോല്ലാസത്തിനും വേണ്ടിയാണ് തൊഴിൽപ്പാട്ടുകൾ പാടുന്നത്. കൂടാതെ അടിയാളജനതയുടെ സാമൂഹികാവസ്ഥയും ജീവിതാനുഭവങ്ങളും പല ഞാറ്റുപാട്ടുകളിലും ആവിഷ്കൃതമായിട്ടുണ്ട്. പണിയാളരുടെ അധ്വാനഫലം തമ്പ്രാനുവേണം. എന്നാൽ പണിയാളനോട് തീണ്ടലാണ് എന്ന പരിഹാസം ദ്യോതിപ്പിക്കുന്ന ഞാറ്റുപാട്ടാണ് 'പൂഞ്ചപാടത്തെ പൂങ്കുയിലേ' എന്നത്.

### വരികൾ

"പൂഞ്ചോപ്പാടത്തെ പൂങ്കുയിലേ
പുന്നാരപ്പാട്ടൊന്നു പാടാമോ
അക്കണ്ടം നട്ടു ഞാൻ ഇക്കണ്ടം നട്ടു ഞാൻ
മേലേ കണ്ടത്തിൽ ഞാറു നട്ടു.
ഞാറു കുത്തികേറി വരുമ്പം
ഏനേ തമ്പ്രാന് തീണ്ടലാണ്"

### അർഥവിശദീകരണം

തമ്പ്രാൻ = തമ്പുരാൻ
ഏനേ = എന്റെ

### ആശയവിശദീകരണം

തത്തയോടും കുയിലിനോടും പാട്ടുപാടാൻ പറയുന്ന കാവ്യരീതി മലയാളികൾക്ക് അപരിചിതമല്ല. ഇവിടെ പുഞ്ചപ്പാടത്തെ കുയിലിനോട് ഒരു പാട്ടുപാടാൻ അഭ്യർഥിക്കുകയാണ് കർഷകൻ. അവന്റെ ജീവിതാനുഭവങ്ങളും വേദനകളും ഒപ്പം പങ്കുവെക്കുന്നു. വയലേലകളിൽ മുഴുവൻ പണിയെടുക്കുന്നത് ഗ്രാമീണരായ കർഷകരാണ്. പകലന്തിയോളം പണിയെടുത്ത് പറമ്പിലേക്ക് കയറിവരുമ്പോൾ തമ്പ്രാന്റെ മുമ്പിൽനിന്നും ദൂരേക്ക് മാറി ഓച്ഛാനിച്ചുനിൽക്കണം. അടിയാളൻ തീണ്ടിയാൽ അശുദ്ധമാകും എന്ന ചിന്തയാണ് തമ്പ്രാക്കന്മാർ പുലർത്തിയിരുന്നത്.

### വരികൾ

"നെല്ലായ നെല്ലെല്ലാം കൊയ്തു മെതിച്ച്
അറയിലിടുമ്പം തീണ്ടലില്ല.
അറകൾ നിറഞ്ഞേ പത്തായം നിറഞ്ഞേ
അറകൾ നിറച്ചിട്ടും പത്തായം നിറച്ചിട്ടും
ഏനിറങ്ങി വരുമ്പോഴും തീണ്ടലാണ്.
പൊന്മണി വാരിയറ നിറച്ചാലും
കേറിയിറങ്ങിയാൽ തീണ്ടലില്ല
കൊയ്ത്തുകാലകഴിഞ്ഞാ പടിപ്പൊരകേറിയാ
പിന്നെയും തമ്പ്രാന് തീണ്ടലാണ്
കന്നിക്കൊയ്ത്തു കഴിഞ്ഞ പാടത്ത്
നെന്മണി വാരി വാരിവിതറിയാലും
മാസം പലതു കഴിഞ്ഞാലും പിന്നേം
തമ്പ്രാന്റെ മൂക്കത്തു കോപം തന്നെ"

### ആശയവിശദീകരണം

അതിനുശേഷം വിളഞ്ഞ നെല്ലെല്ലാം കൊയ്തുമെതിച്ച് തമ്പുരാന്റെ വീട്ടിലെ അറകളിൽ നിറയ്ക്കാനും ഈ അടിയാളർ തന്നെ വേണം. അറകളിലും പത്തായങ്ങളിലും നെല്ല് നിറയ്ക്കുമ്പോൾ, ആ നേരം അടിയാളർക്ക് തീണ്ടലില്ല. കൃഷിക്കാരുടെ അധ്വാനത്തിന്റെ ഫലം തമ്പുരാന് വേണം. അറ നിറച്ച് ഇറങ്ങിയാൽ പിന്നെ പണിയെടുത്തവർ തീണ്ടിക്കൂടാത്തവരുമായ അയിത്തജാതിക്കാരാണ്. ധാരാളം അനാചാരങ്ങൾ നിറഞ്ഞതായിരുന്നു കേരളത്തിന്റെ മധ്യകാലഘട്ടം. സമൂഹത്തിലെ ജനത മേലാളരെന്നും കീഴാളരെന്നും രണ്ടുതട്ടിലായി ജീവിച്ചിരുന്ന കാലമായിരുന്നു അത്. അന്ന് നിലവിലിരുന്ന അയിത്തമെന്ന ദുരാചാരത്തോടുള്ള സാധാരണക്കാരന്റെ ആത്മരോഷവും പ്രതികരണവുമാണ് ഈ പാട്ടിൽ തെളിയുന്നത്.

കർഷകതൊഴിലാളികളുടെ ജീവിതചിത്രീകരണം നടത്തുന്ന വരികളാണ് ഈ പാട്ടിന്റെ മറ്റൊരു പ്രത്യേകത.

## 2. വിശദപഠനം

### രാമചരിതം

**ഒന്നാം പടലം**

ആശയവിനിമയോപാധികളായ ഭാഷകൾ ജനതകളുടെ സഞ്ചാരങ്ങൾക്കൊപ്പം ദേശങ്ങളും കാലങ്ങളും കടന്നുപോകും. അവ വളരുകയും പിരിഞ്ഞ് സഹഭാഷകളുണ്ടാവുകയും ചെയ്യും. ഏതു ഭാഷയും കാലങ്ങൾ കഴിയുന്തോറും മാറ്റങ്ങൾക്ക് വിധേയമാവും. പ്രാചീനമായ പല എഴുത്തുരൂപങ്ങളും - ഹൈറോഗ്ലിഫിക്സ് പോലെ- ശാസ്ത്രീയ വിശകലനത്തിലൂടെ ആധുനികകാലത്ത് വായിച്ചെടുക്കുന്നുണ്ട്. ദേശങ്ങളും കാലങ്ങളും അധികാരരൂപങ്ങളും കടന്ന് ജനതകൾ മാറിവരുമ്പോൾ അവരുടെ ആശയവിനിമയോപാധിയായിരുന്ന ഭാഷകളുടെ പദാവലികളിലും വലിയ മാറ്റങ്ങളും, കൂട്ടിച്ചേർക്കലുകളും വന്നുകൊണ്ടിരിക്കും.

മലയാളസാഹിത്യത്തിന്റെ ആദ്യകാലചരിത്രവും ഒരു പരിധിവരെ അവ്യക്തമാണ്. 12-ാം ശതകത്തിനു മുൻപ് കേരളത്തിൽ സാഹിത്യമുണ്ടായിരുന്നിരിക്കാമെങ്കിലും അതിന് കൃത്യമായ രേഖകളില്ല. ഒൻപതും പന്ത്രണ്ടും ശതകങ്ങൾക്കിടയിൽ ചെന്തമിഴിൽനിന്നു വ്യത്യസ്തവും കേരളത്തിന്റേതെന്നു പറയാവുന്നതുമായ ഒരു സാഹിത്യം ഇവിടെ ഉണ്ടായിരുന്നതായി ഭാഷാ - സാഹിത്യ പഠിതാക്കൾ കരുതുന്നു. ഇവ പ്രാചീന മലയാള ഭാഷയിലായിരുന്നു രചിച്ചിരുന്നത്. മലയാളസാഹിത്യമെന്നു പറയാവുന്ന കൃതികൾ എഴുതപ്പെട്ടത് പന്ത്രണ്ടാം നൂറ്റാണ്ടിനുശേഷമെന്ന് അംഗീകരിക്കപ്പെട്ടതാണ്.

പൂർവ തമിഴ് - മലയാള ഭാഷാസിദ്ധാന്തമനുസരിച്ച് തമിഴിനും മലയാളത്തിനും പൊതുവായ ഒരു പൂർവകാലമുണ്ടായിരുന്നു. പിന്നീട് കാലക്രമത്തിൽ ഇവ സ്വതന്ത്രങ്ങളായി മാറി. 12-ാം ശതകത്തിൽ കേരളത്തിലെയും തമിഴ്നാട്ടിലെയും വ്യവഹാരഭാഷകളിൽ വ്യത്യാസങ്ങൾ വന്നിരുന്നു. മറ്റെവിടെയും എന്ന പോലെ, ഗദ്യം, പദ്യം എന്നീ വിഭാഗങ്ങളായാണ് മലയാളസാഹിത്യം ഉദ്ഭവിച്ചതും വളർന്നതും. ഇതിൽ പദ്യശാഖയ്ക്ക് മുൻഗണന കിട്ടി. അത് പാട്ട്, മണിപ്രവാളം, നാടൻപാട്ടുകൾ എന്നീ മൂന്നു വഴികളിലൂടെ അവ വികാസം പ്രാപിച്ചു. തുടർന്ന് മലയാളഗദ്യരൂപത്തിൽ, ഭാഷാകൗടലീയം, ബ്രഹ്മാണ്ഡപുരാണം തുടങ്ങിയവയുണ്ടായി. പദ്യം സംസ്കൃതാഭിമുഖ്യമുള്ള മണിപ്രവാളമായും ചെന്തമിഴ് പാരമ്പര്യമുള്ള പാട്ടായും വേർതിരിഞ്ഞു. ഭാഷകൾ വേർതിരിഞ്ഞു കൊണ്ടിരുന്ന കാലത്തെ സ്വതന്ത്രമായ സാഹിത്യശ്രമങ്ങളായി അവയെ കാണാം. വിഭക്ത്യന്ത സംസ്കൃതപദങ്ങളും കേരളഭാഷാപദങ്ങളും ഹൃദയാഹ്ലാദകരമായി യോജിപ്പിച്ചായിരുന്നു മണിപ്രവാളത്തിന്റെ രചനാരീതി. ഈണത്തിൽ പാടാനാവുന്നതും വാമൊഴിയായി കൈമാറിവന്നതുമാണ് നാടൻപാട്ടുകൾ. സാധാരണഗ്രാമീണരുടെ ഹൃദയങ്ങളിൽ രചിക്കപ്പെട്ട്, ജനമനസ്സുകൾ കൈമാറിവന്ന, ജനകീയഗാനങ്ങളായിരുന്നു നാടൻപാട്ടുകൾ.

ഗ്രാമീണജനതയുടെ സംസ്കാരവും സ്പന്ദനങ്ങളും ആ ഗ്രാമഗീതങ്ങളിൽ തുടിച്ചുനിൽക്കുന്നു. തലമുറകളും കാലങ്ങളും മറികടന്നുവന്ന ഇവയ്ക്ക് ആധുനിക കാലമാണ് വരമൊഴിരൂപം നൽകിയത്. പാട്ടുകാവ്യങ്ങൾ അക്കാലയളവിലുണ്ടായിരുന്നു. മണിപ്രവാള ലക്ഷണഗ്രന്ഥമായ

SGOU

ലീലാതിലകത്തിൽ മണിപ്രവാളത്തിൽനിന്നു വ്യത്യസ്തമായിരുന്ന പാട്ടിനെ നിർവചിച്ചത് പാട്ടിനും അക്കാലത്ത് പ്രാധാന്യമുണ്ടായിരുന്നതുകൊണ്ടാണ്. അന്ന് പാട്ടുപ്രസ്ഥാനം വലിയൊരു കാവ്യവിഭാഗമായിരുന്നിരിക്കണം. അതിൽ നഷ്ടപ്പെട്ട ധാരാളം കൃതികളുമുണ്ടാവാം.

കേരളഭാഷയിലെ ആദ്യപാട്ടുകാവ്യമായാണ് രാമചരിതം കരുതപ്പെട്ടിരുന്നത്. രാമചരിതത്തിന്റെ രചനാകാലത്തെ സംബന്ധിച്ച് വിഭിന്ന അഭിപ്രായങ്ങൾ നിലവിലുണ്ട്. ക്രിസ്ത്വബ്ദം പന്ത്രണ്ടാംശതകത്തിലായിരിക്കാം രാമചരിതകാലമെന്നാണ് കരുതിയിരുന്നത്. എന്നാൽ കമ്പരാമായണത്തിനുശേഷമാണ് രാമചരിതരചനയെന്ന് ചില ആഭ്യന്തരതെളിവുകൾ സൂചിപ്പിക്കുന്നു. രാമചരിതകാരൻ കമ്പരെ പലഭാഗങ്ങളിലും അനുകരിച്ചിട്ടുണ്ട്. കമ്പരെപ്പോലെ, സംജ്ഞാനാമങ്ങൾ സംസ്കൃതത്തിൽനിന്നു വിവർത്തനം ചെയ്ത് ഉപയോഗിച്ചിട്ടുമുണ്ട്. പിന്നാലെവന്ന നിരണംകവികൾ രാമചരിതകാരനെ ഉപജീവിക്കുന്നുമുണ്ട്. അപ്പോൾ കമ്പർക്കുശേഷവും നിരണം കവികൾക്കു മുൻപുമാണ് രാമചരിതകാലം എന്നുവരുന്നു. പന്ത്രണ്ടാം ശതകമോ പതിമൂന്നാം ശതകമോ ആവാം രാമചരിതത്തിന്റെ കാലം. പാട്ടിന്റെ ലക്ഷണങ്ങളുള്ള കൃതികളാണ് രാമചരിതവും തിരുനിഴൽമാലയും. രാമചരിതഭാഷ തമിഴാണെന്നും, മിശ്രഭാഷയാണെന്നും, അക്കാലത്തെ പാട്ടുഭാഷയാണെന്നുമുള്ള ചിലവാദങ്ങൾ നിലവിലുണ്ട്. രാമചരിതഭാഷയെ സംക്രമണഭാഷ, പരിവർത്തന ഭാഷ, അന്തരാളഘട്ട ഭാഷ എന്നൊക്കെ വിളിക്കുന്നുമുണ്ട്. കേരളത്തിൽ രാമചരിതകാലംവരെ നിലനിന്നത് തമിഴ് – സംസ്കൃത കൃതികളായിരുന്നു. രാമചരിതം ഊഴിയിൽ ചെറിയവർക്ക്, സംസ്കൃത പരിചയം ഇല്ലാത്തവർക്ക് വേണ്ടിയാണ് എഴുതിയത്. അന്ന് നിലനിന്ന ഭാഷാസ്വഭാവങ്ങളെ മാനിച്ചും, സാധാരണക്കാരുടെ പരിചിതഭാഷയിലും ആയിരിക്കാം അത് രചിച്ചത്. തമിഴ് സ്വാധീനമുള്ള മലയാളത്തിന്റെ ഒരു പൂർവഭാഷയായിരുന്നു അത്.

## കവിയും കാലവും

ചീരാമൻ എന്നാണ് രാമചരിതകാരന്റെ പേര്. കാവ്യാവസാനത്തിലെ പാട്ടിൽ അത് വ്യക്തമാക്കിയിട്ടുണ്ട്. ചീരാമൻ എന്നത് ശ്രീരാമൻ എന്ന പദത്തിന്റെ ഭാഷീകൃത രൂപമാണ്. ഈ ചീരാമൻ ആരെന്നത് ഇപ്പോഴും ചില നിഗമനങ്ങൾ മാത്രമാണ്. കൊ.വ. 500– നടുത്ത് ഭരിച്ചിരുന്ന തിരുവിതാംകൂർ രാജാവാണു ഗ്രന്ഥകാരനെന്ന് ഗുണ്ടർട്ടും, ഒരു തിരുവിതാംകൂർ രാജാവാണെന്ന് കോവുണ്ണി നെടുങ്ങാടിയും കരുതുന്നു. ആദിത്യവർമ്മരാജാവെന്ന് പി. ഗോവിന്ദപിള്ള കരുതുന്നു. തപതീസംവരണവ്യാഖ്യാതാവായ ശിവരാമനാണു രാമചരിതകാരനായ ചീരാമനെന്ന് ആർ. നാരായണപ്പണിക്കർ അഭിപ്രായപ്പെടുന്നു. വേണാടു ഭരിച്ച ഒരു രാമവർമ്മയാണ് ചീരാമനെന്നാണ് ഉള്ളൂരിന്റെ അഭിപ്രായം. എന്നാൽ, ഉത്തരകേരളീയനായ ഒരു കവിയാകാം ചീരാമൻ എന്നാണ് ഇപ്പോഴത്തെ നിഗമനം. ചിറയ്ക്കൽ ടി. ബാലകൃഷ്ണൻനായർ, പി.വി. കൃഷ്ണൻനായർ, എം.എം. പുരുഷോത്തമൻനായർ എന്നിവരാണ് ഇതിനാധാരമായ തെളിവുകൾ തരുന്നത്.

പൊതുവെ, മലയാളത്തിലെ പാട്ടുപ്രസ്ഥാനത്തിന്റെ പരിണാമം ഇപ്രകാരമായിരുന്നു. രാമചരിതം, തിരുനിഴൽമാല എന്നിവ ഉൾപ്പെട്ട ആദ്യഘട്ടം. നിരണംകൃതികളും രാമകഥപ്പാട്ടും ഉൾപ്പെട്ട രണ്ടാംഘട്ടം. ലീലാതിലകകാരൻ പാട്ടിന് നിർദ്ദേശിച്ച ലക്ഷണങ്ങൾ ഉപേക്ഷിച്ച കൃഷ്ണപ്പാട്ട്, കിളിപ്പാട്ട്, വഞ്ചിപ്പാട്ട്, തുള്ളൽപ്പാട്ട് എന്നിവ ഉൾപ്പെട്ട മൂന്നാംഘട്ടം. ആദ്യമായി ഈ കാവ്യത്തിന് രാമചരിതം എന്നപേര് നൽകിയതും, അതിൽനിന്ന് ചില ഉദ്ധരണികൾ തന്റെ മലയാളം – ഇംഗ്ലീഷ് നിഘണ്ടുവിൽ (1872) ചേർത്തു നൽകിയതും ഡോ.ഹെർമ്മൻ ഗുണ്ടർട്ടാണ്. തുടർന്ന് 1917– ൽ ഉള്ളൂർ 'പ്രാചീനമലയാള മാതൃകകൾ' ഒന്നാംഭാഗത്തിൽ രാമചരിതത്തിന്റെ ആദ്യ മുപ്പതു പടലങ്ങൾ പ്രസിദ്ധീകരിച്ചു. തിരുവിതാംകൂർ ഗവൺമെന്റിന്റെ 'ശ്രീചിത്രോദയ മഞ്ജരി' ഭാഷാഗ്രന്ഥാവലിയിൽ സാംബശിവ ശാസ്ത്രികളാണ് 1932– ൽ രാമചരിതം പൂർണ്ണമായ രൂപത്തിൽ പ്രസിദ്ധീകരിച്ചത്. തുടർന്ന് 1979–ൽ കേരളസാഹിത്യഅക്കാദമി പ്രൊഫ. പി.വി. കൃഷ്ണൻ നായരുടെ ഗവേഷണാത്മകമായ ആമുഖത്തോടും വ്യാഖ്യാനത്തോടുംകൂടി രാമചരിതം പൂർണരൂപത്തിൽ പ്രസിദ്ധീകരിച്ചു.

രാമചരിതത്തിന്റെ സ്വാധീനം കേരളത്തിലെ പിൽകാല എഴുത്തുകാരിൽ കാണാനാവും. ഉണ്ണിയച്ചീചരിതകാരൻ, ഉണ്ണിച്ചിരുതേവീചരി

SGOU

തകാരൻ, ചെറുശ്ശേരി, പുനം, എഴുത്തച്ഛൻ, കണ്ണശ്ശൻ തുടങ്ങിയവരിലെ രചനകളിൽ രാമചരിതത്തിന്റെ സ്വാധീനം കാണാം. രാമചരിതത്തിലെ സീതാവർണ്ണന ചില ചമ്പുക്കളിലെ നായികാവർണ്ണനകളിലും കൃഷ്ണഗാഥയിലെ അംബികാവർണ്ണനയിലും പ്രതിഫലിക്കുന്നുണ്ട്. ഏതാനും നൂറ്റാണ്ടുകൾക്കിടയിൽ മലയാള വ്യവഹാരഭാഷയിൽവന്ന മാറ്റമാണ് രാമചരിതത്തെ സാധാരണക്കാരിൽ നിന്ന് അകറ്റി നിർത്തിയത്. ആദ്യഘട്ടത്തിലെ പാട്ടുകൃതികൾക്ക് കൃത്യമായൊരു ലക്ഷണമുണ്ട്. മണിപ്രവാള ലക്ഷണഗ്രന്ഥമായ ലീലാതിലകത്തിൽ നിർവചിച്ചവിധം എഴുതപ്പെട്ട സാഹിത്യരൂപത്തെ മാത്രമാണ് അന്ന് പാട്ടെന്ന് വിളിച്ചിരുന്നത്. മലയാളത്തിലെ ആദ്യ സാഹിത്യപ്രസ്ഥാനമായി പാട്ട് കരുതപ്പെടുന്നു. ലീലാതിലകകാരൻ പാട്ടിനെ നിർവചിച്ചിരിക്കുന്നത് ഇപ്രകാരമാണ്

> 'ദ്രമിഡ സംഘാതാക്ഷരനിബദ്ധം
> എതുക മോന വൃത്തവിശേഷയുക്തം പാട്ട്'.

ദ്രമിഡസംഘാതത്തിലെ അക്ഷരങ്ങൾ ഉപയോഗിച്ചുകൊണ്ട്, എതുകയും മോനയും നിലനിർത്തി, വൃത്തവിശേഷത്തിൽ രചിക്കുന്ന കാവ്യമാണ് പാട്ട്. പന്ത്രണ്ട് ഉയിരും, പതിനെട്ട് മെയ്കളും കൂടി മുപ്പത് ആണ് ദ്രാവിഡ അക്ഷരങ്ങൾ. അതായത് പന്ത്രണ്ട് സ്വരങ്ങളും, ഖരവും അനുനാസികവുമായി പത്തു വ്യഞ്ജനങ്ങളും എട്ട് മധ്യമങ്ങളും ചേർന്ന് പതിനെട്ട് വ്യഞ്ജനങ്ങളും. പാട്ടിൽ ആ മുപ്പത് അക്ഷരങ്ങളേ സ്വീകാര്യമായിരുന്നുള്ളു. ദ്രമിഡസംഘാതാക്ഷരങ്ങൾ അന്ന് തമിഴിന്റെയും മലയാളത്തിന്റെയും സ്വീകാര്യമായ അക്ഷരമാലയായിരുന്നു. എതുകയും മോനയും തമിഴുരീതിയിലുള്ള ശബ്ദാലങ്കാരങ്ങളാണ്. എല്ലാ പാദങ്ങളിലേയും - ഈരടികളിലേയും - രണ്ടാമക്ഷരം ഒരുപോലെ വരുന്നതാണ് എതുക. ദ്വിതീയാക്ഷരപ്രാസത്തോട് സാദൃശ്യമുണ്ട് എതുകയ്ക്ക്. ഒരുപാട്ടിലെ നാലു പാദത്തിലെയും ആദ്യാക്ഷരങ്ങളുടെ മാത്രയും ഒത്തുവരണം. മോന പാദാർദ്ധാദി പ്രാസമാണ്. താരതമ്യേന ദീർഘവൃത്തങ്ങളിലാണ് പാട്ടുകൾ രചിച്ചിട്ടുള്ളത്. പാട്ടിന്റെ ഓരോ പാദവും രണ്ട് പകുതികളായി തിരിക്കാം. ഇതിൽ ആദ്യപകുതിയിലെ ആദ്യക്ഷരവും രണ്ടാംപകുതിയിലെ ആദ്യക്ഷരവും സമാനമാകുന്നതാണ് മോന. അ, ആ, ഐ, ഔ എന്നിവയും ഇ, ഈ, എ, ഏ എന്നിവയും ഉ, ഊ, ഒ, ഓ എന്നിവയും ച, ത യും ഞ, ന യും മ, വ യും പരസ്പരം മോനയാകാം. സമാനാക്ഷര പ്രതീതിയാണ് മോന. പാട്ടിൽ വിഭക്ത്യന്തമായോ, തത്സമമായോ സംസ്കൃത പദങ്ങൾ സ്വീകരിച്ചാൽ അവ തമിഴ് അക്ഷരമാലയിലെ അക്ഷരങ്ങൾകൊണ്ടേ എഴുതാറുള്ളു. അല്ലെങ്കിൽ വർണ്ണമാറ്റം വരുത്തി തത്ഭവമാക്കി ഉപയോഗിക്കും.

ദ്രാവിഡ വൃത്തങ്ങളിലേ പാട്ടുകൾ രചിച്ചിരുന്നുള്ളു. മണിപ്രവാളത്തിലെ വസന്തതിലകാദിവൃത്തങ്ങളിൽനിന്നു വ്യത്യസ്തമായ വൃത്തങ്ങളായിരുന്നു പാട്ടുകളുടേത്. സംസ്കൃതവൃത്തങ്ങൾ ഉപയോഗിക്കില്ലായിരുന്നു. പാട്ടുകളിൽ ലീലാതിലകകാരൻ പറയാത്ത 'അന്താദിപ്രാസം' കൂടി കാണാറുണ്ട്. ഒരു പാട്ടിന്റെ അന്ത്യത്തിലുള്ള പദം (വാക്ക്) കൊണ്ടോ പദങ്ങൾകൊണ്ടോ അടുത്ത പാട്ട് ആരംഭിക്കുന്നതാണ് ഇത്. രാമചരിതഭാഷ പാണ്ഡ്യഭാഷയോട് സാരൂപ്യമുള്ളതാണ്. കേരളപാണിനി നിർദ്ദേശിച്ച ആറു നയങ്ങളനുസരിച്ച് മാറ്റംവന്ന രൂപങ്ങളും മാറ്റം വരാത്തവയും രാമചരിതത്തിലുണ്ട്. രാമചരിത ഭാഷയിൽ അനുനാസികാതിപ്രസരം സംഭവിച്ച രൂപങ്ങളധികമുണ്ട്. താലവ്യാദേശം വരാത്തവയും കൂടുതലാണ്. പദമധ്യത്തിൽ 'ഐ'കാരമുള്ള രൂപങ്ങളും 'ഐ'കാരം അകാരമായതും കാണപ്പെടുന്നു. ഭാഷാരീതിയനുസരിച്ച് 'ന്ന' വരേണ്ടിടങ്ങളിൽ 'റ്റ' യും കാണാം. പൂർണ്ണക്രിയകളിൽ പുരുഷഭേദ പ്രത്യയങ്ങളുമുണ്ട്. ഇപ്പോൾ പ്രചാരത്തിലില്ലാത്ത പ്രാചീനപദങ്ങളും കാണാം. ഉദ്ദേശികാപ്രത്യയമുള്ള ഇനിക്കു, നിനക്കു, എനക്കു, ഇനക്കു തുടങ്ങിയ സർവനാമങ്ങളും രാമചരിതത്തിൽ കാണപ്പെടുന്നു.

രാമചരിതത്തിലെ ആദ്യത്തെ ഒൻപതുപാട്ടുകൾ ദേവതാസ്തുതികളും അനുസ്മരണങ്ങളുമാണ്. പത്താമത്തെ പാട്ടുമുതലാണ് കഥയിലേക്ക് കടക്കുന്നത്. ഇഷ്ടദേവതമാരെ സ്തുതിച്ചുകൊണ്ടാണ് പ്രാചീനകവികൾ കാവ്യം ആരംഭിച്ചിരുന്നത്. രാമചരിതകാരൻ ആദ്യം ഗണപതിയെ സ്തുതിക്കുന്നു. തുടർന്ന് സരസ്വതീസ്തവമാണ്. മധുരശബ്ദങ്ങളുടെ നായികേ, എനിയ്ക്ക് അറിവുതരണേ എന്ന് പ്രാർഥിക്കു

SGOU

ന്നു. പിന്നെ, വിഷ്ണുവിനെ സ്തുതിക്കുന്നു. നാലാമതായി ശിവനെ സ്തുതിക്കുന്നു. തുടർന്ന് പാർവതിയെ സ്തുതിക്കുന്നു. ആറാമതായി ലക്ഷ്മീദേവിയെ സ്തുതിക്കുന്നു. പ്രധാനദേവകളെ പ്രകീർത്തിച്ചശേഷം മറ്റുദേവന്മാരെ അനുസ്മരിക്കുന്നു. യുദ്ധത്തിൽ, അസുരന്മാരെ മുടിക്കുന്ന വമ്പനായ ഇന്ദ്രനും അഗ്നിയും യമനും നിരൃതിയും വരുണനും വായുവും കുബേരനും ഈശാനനും ചന്ദ്രനും സൂര്യനും സർപ്പരാജനും അഴകാർന്ന ഭൂമാതും ബ്രഹ്മാവും ദേവന്മാരും ദുർഗയും ഭൈരവിയും ഷണ്മുഖനും കാമദേവനും ഇതിന് എനിക്കു തുണയാകട്ടെ. മികച്ചവരുടെയെല്ലാം തുണയും തനിക്കുണ്ട്. തുടർന്ന് പൂർവകവികളെ സ്മരിക്കുന്നു. കവീന്ദ്രരിൽ ആദ്യനായ വാല്മീകിയും പിന്നെ വ്യാസനും വേദവിത്തായ അഗസ്ത്യനും തമിഴ്ക്കവിത രചിച്ച മുനിയും, ഭൂമിയിൽ ദശരഥപുത്രനായ് അവതരിച്ച് ശ്രീരാമൻ സീതയെ വീണ്ടെടുത്ത കഥ പറയുന്നതിന് ബുദ്ധിയും ഓർമയും തരണേ.

പത്താമത്തെ പാട്ടിലെത്തുമ്പോൾ രാമചരിതത്തിന്റെ ആമുഖസ്തുതികൾക്കും അഭ്യർഥനകൾക്കും ശേഷം കഥയിലേക്ക് കടക്കുന്നു. വാല്മീകീരാമായണത്തിലെ യുദ്ധകാണ്ഡമാണ് രാമചരിതത്തിലെ പ്രതിപാദ്യം, വീരരസപ്രധാനമായ യുദ്ധവർണ്ണനയ്ക്കാണ് കവി പ്രാധാന്യം നൽകുന്നത്. യുദ്ധകാണ്ഡകഥ പറയുമ്പോഴും, മറ്റ് കാണ്ഡങ്ങളിലെ സംഭവങ്ങൾ സൂചിപ്പിക്കയും ആവശ്യമായ മാറ്റങ്ങൾ വരുത്തുകയും കവി ചെയ്യുന്നുണ്ട്. രാമചരിതത്തിൽ ആകെ 164 പടലങ്ങളും 1814 പാട്ടുകളുമുണ്ട്. ഒരു പടലത്തിൽ പതിനൊന്ന് പാട്ടുകൾ വീതമാണുള്ളത്.

## രാമചരിതം ഒന്നാം പടലം

### പാട്ട് 1

### വരികൾ

"കാനനങ്ങളിലരൻ കളിറുമായ്ക്കരിണിയായ്
കാർനെടുങ്കണ്ണുമ തമ്മിൽ വിളയാടി നടന്റ-
ന്റാനനം വടിവുള്ളാനവടിവായവതരി-
ത്താതിയേ, നല്ല വിനായകനെന്മൊരമലനേ,
ഞാനിതിനൊന്റു തുനിയിന്റതിനെൻ മാനതമെന്നും
നാളതാർതന്നിൽ നിരന്തരമിരുന്തരുൾ തെളിന്ത-
നമറ്ററിവെനിക്കു വന്നുതിക്കും വണ്ണമേ-
ഊഴിയേഴിലും നിറൈന്ത മറഞാനപൊരുളേ! '

### അർഥവിശദീകരണം

| | | |
|---|---|---|
| കാനനങ്കളിൽ | = | കാടുകളിൽ |
| അരൻ | = | ഹരൻ, ശിവൻ |
| കളിറുമായ | = | കൊമ്പനാനയായും |
| കരിണിയായ് | = | പിടിയാനയായും |
| കാർനെടുങ്കണ്ണുമ | = | കറുത്ത നീണ്ടകണ്ണുകളുള്ള (പാർവതി) |
| തമ്മിൽ | = | ഒന്നിച്ച് |
| വിളയാടി നടന്റന്റ് | = | കളിച്ചുനടന്ന അന്ന് |
| ആനനം | = | മുഖം |
| വടിവുള്ള | = | ഭംഗിയുള്ള |
| ആനവടിവായ് | = | ആനയുടെ ആകൃതിയിൽ |
| അവതരിത്താതിയേ | = | അവതരിച്ച ആദിപുരുഷാ |
| നല്ല വിനായകൻ | = | നല്ലവനായ ഗണപതി |
| എന്മൊരമലനേ | = | എന്ന പരിശുദ്ധനേ |
| ഞാനിതൊന്റു | = | ഞാൻ (ഇതൊന്ന്) ഇപ്പോൾ |
| തുനിയിന്റതിന് | = | ആരംഭിക്കുന്നതിന് |
| എന്മൊനതമെന്നും | = | എന്റെ മനസാകുന്ന |
| നാളതാർതന്നിൽ | = | നാളത്തോടുകൂടിയതാരിൽ, താമരപ്പൂവിൽ |
| നിരന്തരം | = | എപ്പോഴും |
| ഇരുന്തരുൾ | = | ഇരുന്ന് അരുളണമേ |
| തെളിന്ത് | = | തെളിഞ്ഞ |
| ഊനമറ്റ | = | അന്യൂനമായ, കുറവില്ലാത്ത |
| അറിവെനക്കു | = | അറിവ് എനിക്ക് |
| വന്നുതിക്കും വണ്ണമേ | = | വന്ന് ഉദിക്കത്തക്കവണ്ണം, ഉണ്ടാകത്തക്കവണ്ണം. |
| ഊഴിയേഴിലും | = | ഏഴുലോകത്തിലും |
| നിറൈന്ത | = | നിറഞ്ഞ |
| മറഞാനപൊരുളേ | = | അറിവാകുന്നസത്യമേ, വേദസാരമേ. |

SGOU

## ആശയവിശദീകരണം

ഇഷ്ടദേവതമാരെ സ്തുതിച്ചുകൊണ്ടാണ് പ്രാചീനകവികൾ കാവ്യം ആരംഭിച്ചിരുന്നത്. രാമചരിതകാരനും വിഘ്നേശ്വരനെ - ഗണപതിയെ സ്തുതിച്ചുകൊണ്ടാണ് കാവ്യം തുടങ്ങുന്നത്. ഒന്നാമത്തെ പാട്ടിന്റെ ആശയം കാനനങ്ങളിൽ ഹരൻ അതായത് ശിവൻ കൊമ്പനാനയും കറുത്ത നീണ്ട കണ്ണുകളുള്ള പാർവതി പിടിയാനയും ആയി കളിച്ചുനടന്ന അന്ന്, ആനയുടെ ആകൃതിയിലവതരിച്ച മുഖകാന്തിയുള്ള ആദിപുരുഷാ, ഗണപതിയേ, വിനായകൻ(തടസങ്ങൾ നീക്കുന്ന ഗണപതി) എന്ന പരിശുദ്ധദേവാ, ഏഴുലോകത്തിലും നിറഞ്ഞ വേദസാരമേ, ഞാനിപ്പോഴാരംഭിക്കുന്ന കാര്യത്തിന്, അന്യൂനമായ അറിവ് എനിക്കുണ്ടാകത്തക്കവണ്ണം എന്റെ മാനസമാകുന്ന താമരപ്പൂവിൽ എല്ലായ്പ്പോഴും ഇരുന്നരുളണമേ. സംസ്കൃതാക്ഷരമാലയിലുള്ള വാക്കുകൾ ദ്രമിഡസംഘാതാക്ഷര നിബദ്ധമാക്കുമ്പോൾ വന്നമാറ്റം ശ്രദ്ധിക്കണം. ആദി- ആതി, ഉദിക്കുക - ഉതിക്കുക എന്നിവ നോക്കുക. കേരളപാണിനീയത്തിൽ പറയുന്ന നയങ്ങൾ പ്രവർത്തിച്ചിരിക്കുന്നതും ശ്രദ്ധിക്കണം. ‘കാനനങ്കൾ’ അനുനാസികാതിപ്രസരം കൊണ്ട് കാനനങ്ങളായി. ‘നിറന്ത’ താലവ്യാദേശം കൊണ്ട് ‘നിറ’ എന്നും പിൽക്കാലത്ത് മാറി. ലീലാതിലകകാരൻ പാട്ടിനുനൽകിയ ലക്ഷണവും ഇവിടെ പാലിക്കപ്പെടുന്നുണ്ട്.

## പാട്ട് 2

## വരികൾ

“ഞാനമെങ്കൽ വിളയിച്ചു തെളിയിച്ചിനിയ
ചൊൽ-
നായികേ, പരവയിൽത്തിരകൾ നേരുടനുടൻ
തേനുലാവിന പതങ്കൾ വന്തു തിങ്ങി നിയതം
ചേതയുൾത്തുടർന്നു തോന്റും വണ്ണമിന്റുമുത
ലായ്
ഊനമറ്റെഴും ഇരാമചരിതത്തിലൊരു തെ-
ല്ലൂഴിയിൽച്ചെറിയവർക്കറിയുമാറുരചെയ്‌വാൻ
ഞാനുടക്കിനതിനേണനയനേ, നടമിടെൻ
നാവിലിലച്ചയൊടു വച്ചടിയിണക്കമലതാർ”.

## അർഥവിശദീകരണം

| | | |
|---|---|---|
| ഞാനമെങ്കൽ | = | അറിവ് എന്നിൽ |
| ഇനിയ | = | മധുരമായ |
| ചൊൽനായികേ | = | വാക്കുകളുടെ, ശബ്ദങ്ങളുടെ നായികയായവളേ |
| പരവയിൽ | = | സമുദ്രത്തിൽ |
| തിരകൾ | = | തിരമാലകൾ |
| നേരുടനുടൻ | = | തുടർച്ചയായി വരുന്ന പോലെ |
| തേനുലാവിന | = | തേൻകിനിയുന്ന |
| പതങ്കൾ | = | പദങ്ങൾ, വാക്കുകൾ, |
| വന്തുതിങ്ങി | = | വന്നുനിറഞ്ഞ് |
| ചേതയുൾ | = | മനസിൽ |
| തോന്റുംവണ്ണം | = | തോന്നുംവിധം |
| ഇൻ മുതലായ് | = | ഇപ്പോൾ മുതൽ |
| ഊനമറ്റെഴും | = | കുറ്റമറ്റതായ |
| ഒരു തെല്ല് | = | ഒരുഭാഗം |
| ഊഴിയിൽ | = | ഭൂമിയിൽ |
| അറിയുമാറ് | = | അറിയാൻവേണ്ടി |
| ഉരചെയ്‌വാൻ | = | പറയാൻ ആരംഭിച്ചത് |
| ഞാനുടക്കിനതിന് | = | ഞാൻ തുടങ്ങുന്നതിന് |
| ഏണനയനേ | = | മാനിന്റെ കണ്ണുപോലുള്ള കണ്ണോടുകൂടിയവളേ |
| എൻനാവിലിച്ചയൊടുവച്ച് | = | എന്റെ നാവിൽ ഇഷ്ടം പോലെ വച്ച്. |
| അടിയിണക്കമലതാർ | = | താമരപ്പൂപോലെയുള്ള നിന്റെ രണ്ട് പാദങ്ങൾ |
| നിയതം | = | നിശ്ചയം |

## ആശയവിശദീകരണം

വാഗ്ദേവതയെ - സരസ്വതിയെ സ്തുതിക്കുന്നു. അല്ലയോ മധുരശബ്ദങ്ങളുടെ നായികയായവളേ, മാനിന്റെ കണ്ണുകളോട് കൂടിയവളേ എന്നിൽ ജ്ഞാനം വിളയിച്ചു തെളിയിച്ച് കുറ്റമറ്റ രാമചരിതത്തിന്റെ ഒരുഭാഗം ഭൂമിയിലെ സാധാരണക്കാർക്ക് അറിയാനായി പറയാനാരംഭിച്ചത്, സമുദ്രത്തിലെ തിരമാലകൾപോലെ, തേൻകിനിയുന്ന പദങ്ങൾ തുടർച്ചയായിവന്ന്

SGOU


SREENARAYANAGURU OPEN UNIVERSITY

മനസ്സിൽ തോന്നും വിധം എന്റെ നാവിൽ താമരപ്പൂപോലെയുള്ള നിന്റെ പാദങ്ങൾവച്ച് ഇഷ്ടം പോലെ നൃത്തം ചെയ്താലും. സമുദ്രത്തിൽ തിരമാലകൾ തുടർച്ചയായി വരുന്നപോലെ, മധുരപദങ്ങൾ ഒന്നിനുപുറകേ ഒന്നായി മനസ്സിൽ തോന്നണമെന്നാണ് കവിയുടെ പ്രാർഥന. "ഊനമറ്റെഴുമിരാമചരിതത്തിലൊരുതെല്ലു" മാത്രമേ പറയുന്നുള്ളൂ എന്നും ഊഴിയിൽ ചെറിയവർക്കറിയുമാറുരചെയ്യുവാനാണ് ആഗ്രഹിക്കുന്നത് എന്നീ പ്രസ്താവനകൾ ശ്രദ്ധിക്കുക. രാമായണത്തിലെ യുദ്ധകാണ്ഡകഥ മാത്രമാണ് പ്രതിപാദിക്കുന്നത്. സമുദായത്തിലെ സാധാരണക്കാർക്കു മനസിലാക്കാൻവേണ്ടി വീരരസപ്രധാനമായ യുദ്ധകാണ്ഡകഥയാണ് അവരുടെ ഭാഷയിൽ എഴുതുന്നത്.

## പാട്ട് 3

### വരികൾ

"താരിണങ്കിന തഴൈക്കുഴൽ മലർത്തയ്യൽ മുലൈ
ത്താവളത്തിലിളകൊള്ളുമരവിന്തനയനാ,
ആരണങ്കളിലെങ്ങും പരമയോകികളുഴ-
ന്റാലുമെന്റുമറിവാനരിയ ഞാനപൊരുളേ,
മാരി വന്തതൊരു മാമലയെടുത്തു തടയും
മായനേ, അരചനായ് നിചിചരാതിപതിയെ
പോരിൽ നീ മുന്നം മുടിത്തമയെടുത്തു പുകഴ്‌വാൻ
പോകിപോകചയനാ, കവിയെനക്കരുൾ ചെയ്യേ."

### അർഥവിശദീകരണം

| | | |
|---|---|---|
| താര് | = | പൂവ് |
| ഇണങ്കിന | = | ഇണങ്ങിയ, ചേർന്ന |
| താരിണങ്കിന | = | പൂചൂടിയ |
| തഴൈക്കുഴൽ | = | മയിൽപ്പീലിപോലെ മനോഹരമായ മുടി |
| മലർത്തയ്യൽ | = | പൂമാതിന്റെ ലക്ഷ്മീദേവി യുടെ |
| മുലൈത്താവളത്തിൽ | = | മാറിൽ വിശ്രമിക്കുന്ന |
| അരവിന്തനയനൻ | = | താമരദളംപോലെയുള്ള കണ്ണോടുകൂടിയ വിഷ്ണു. |
| ആരണങ്കൾ | = | വേദങ്ങൾ |
| പരമയോകികൾ | = | ശ്രേഷ്ഠ താപസന്മാർ |
| ഉഴന്റാലും | = | അന്വേഷിച്ചാലും |
| എന്റും | = | എങ്ങും |
| അറിവാനരിയ | = | അറിയാൻ പ്രയാസമായ |
| മാരിവന്തത് | = | മഴ വന്നപ്പോൾ |
| അരചനായ് | = | രാജാവായി |
| നിചിചരാതിപതിയെ | = | നിശാചരന്മാരുടെ അധിപതിയെ, രാവണനെ |
| പോരിൽ | = | യുദ്ധത്തിൽ |
| പോകിപോകചയനാ | = | അനന്തന്റെ മേൽ ശയിക്കുന്നവനേ |

### ആശയവിശദീകരണം

വിഷ്ണുവിനെ സ്തുതിക്കുന്നു. പീലിത്തിരുമുടിയിൽ പൂചൂടിയ പൂമാതിന്റെ, ലക്ഷ്മീദേവിയുടെ മാറിൽ വിശ്രമിക്കുന്ന അരവിന്ദനയനാ- വിഷ്ണു, പരമയോഗികൾ വേദങ്ങൾ തോറും അന്വേഷിച്ചാലും അറിയാൻ പ്രയാസമായ ജ്ഞാനസാരമേ. മഹാപർവതമെടുത്ത് മഴയെ തടുത്ത മായനേ, അല്ലയോ ഭോഗിഭോഗശയനാ, മുമ്പ് അങ്ങ് രാജാവായി നിശിചരാധിപതിയെ യുദ്ധത്തിൽ നശിപ്പിച്ച കഥ പുകഴ്ത്തുന്നതിന് വേണ്ടതായ കവിത്വശക്തി അരുളിച്ചെയ്താലും. (ഭോഗിഭോഗശയനൻ- അനന്തന്റെമേൽ ശയിക്കുന്നവൻ- (വിഷ്ണു) എന്ന പ്രയോഗം കണ്ടാണ് കവി തിരുവനന്തപുരത്ത് ശ്രീപദ്മനാഭദാസനും നാട്ടുകാരനുമാകാമെന്ന് സാഹിത്യചരിത്രകാരന്മാർ ഊഹിക്കാൻ ഇടയായത്.

## പാട്ട് 4

### വരികൾ

"അരുവൈ പാതിയുരുവായ പരനേ, ചരണ താ-
രകകുരുന്തുകൊടു തന്തതം നിനൈന്തു കൊൾവവ-
ർക്കരിയ വൻപിറവിയാം തുയരറുത്തുകളവോ-
രചുരനാചകരനേ! വിചയൻ വിൽത്തടിയിനാൽ
തിരുവുടമ്പുടയുമാറന്തവന്നപിമതം
തെളുതെളുപ്പിൽ വിളയിച്ചു തെളിയിച്ച ചിവനേ,
അരചനാകി മതുചുതനനിരാവണനെ വെ-
ൻമയെനക്കു പുകഴാൻ വഴി വരം തന്നരുളേ''.

SGOU

## അർഥവിശദീകരണം

| | | |
|---|---|---|
| അരുവൈ | = | സ്ത്രീ, സുന്ദരി |
| അരുവൈപാതി ഉരുവായ പരൻ | = | അർധനാരീശ്വരൻ, |
| ചരണതാര | = | പാദപത്മങ്ങൾ. |
| അകകുരുന്തു കൊടു | = | അകക്കുരുന്നുകൊണ്ട്, മനസുകൊണ്ട് |
| തന്തതം | = | എല്ലായ്പ്പോഴും |
| നിനൈന്തു കൊൾവവർക്ക | = | ചിന്തിക്കുന്നവർക്ക് |
| അരിയ | = | പ്രയാസമേറിയ |
| വൻപിറവിയാം | = | വലിയ ജന്മമാകുന്ന, പിറവിയാകുന്ന |
| തുയർ | = | ദുഃഖം, സംസാരദുഃഖം |
| അറുത്തുകള വോര് | = | ഇല്ലാതാക്കിക്കൊടു ക്കുന്ന |
| അചുരൻ | = | രാക്ഷസൻ |
| നാചകരനേ | = | അന്തകനായവനേ |
| വിൽത്തടിയി നാൽ | = | വില്ല് കൊണ്ട് |
| തിരുവുടമ്പ് | = | തിരുശരീരം |
| ഉടയുമാറ് | = | ഉടയത്തക്കവണ്ണം |
| അപിമതം | = | ആഗ്രഹം |
| തെളുതെളുപ്പിൽ | = | വളരെ സന്തോഷത്തോ ടെ |
| ചിവൻ | = | ശിവൻ |
| മതുപുതനൻ | = | മധുസൂദനൻ,വിഷ്ണു |
| വെന്റുക | = | വിജയിക്കുക |

## ആശയവിശദീകരണം

ശിവനെ സ്തുതിക്കുന്നു. അർധനാരീശ്വര നായ പരംപുരുഷാ, പാദപത്മങ്ങൾ അകക്കുരു ന്നുകൊണ്ട് എല്ലായ്പ്പോഴും ചിന്തിക്കുന്നവർക്ക്, പ്രയാസമേറിയ പിറവിയാകുന്ന ദുഃഖം ഇല്ലാതാ ക്കിക്കൊടുക്കുന്ന അസുരാന്തകാ, ശരീരമുടയ ത്തക്കവണ്ണം വിജയൻ വില്ലുകൊണ്ടടിച്ചപ്പോൾ അവന് അഭിമതങ്ങളെല്ലാം കൊടുത്ത് സന്തോ ഷിപ്പിച്ച ശിവനേ, മധുസൂദനൻ രാജാവായി പിറ ന്ന് രാവണനെ വിജയിച്ചത് പുകഴ്ത്തുന്നതിന് എനിക്ക് വഴിപോലെ വരം തന്നരുളിയാലും. പാണ്ഡവരുടെ വനവാസകാലത്തൊരിക്കൽ, ധർമ്മപുത്രർ അർജുനനെ രഹസ്യമായി വിളിച്ച് ഹിമാലയത്തിൽച്ചെന്ന് തപസുചെയ്ത് ദിവ്യാ സ്ത്രങ്ങൾ നേടാൻ ഉപദേശിച്ചു. അതനുസരിച്ച് അർജുനൻ ആദ്യം ഇന്ദ്രനിൽനിന്നും വരങ്ങൾ നേടി. അതിനുശേഷം കൈലാസത്തിലെത്തി ശിവനെ തപസുചെയ്തു. ശിവൻ കിരാതവേഷ ത്തിലെത്തി അർജുനനെ പരീക്ഷിച്ചു. ഇരുവ രും പരാജയപ്പെടാതിരുന്ന യുദ്ധത്തിനൊടുവിൽ ശിവൻ സ്വന്തം രൂപത്തിൽ പ്രത്യക്ഷപ്പെട്ട് അർ ജുനന് പാശുപതാസ്ത്രം നൽകി അനുഗ്രഹിച്ചു.

## പാട്ട് 5

## വരികൾ

"വഴിയെനക്കു പിഴയാതവണ്ണമുറ്ററുൾ ചെയ്യെൻ
മനകുരുന്തിലിളകൊണ്ടു, പുനൽ കൊണ്ടുവടിവാ-
ണ്ടെഴുന്തകൊണ്ടൽ പതറും നെറിതഴത്ത കുഴലീ,
ഇളമതിക്കു തുയർപൊങ്ങിവിളങ്ങിന്റെ നുതലീ,
ചുഴല നിന്റകിലലോകം വണങ്കിൻ കഴലീ,
തുകിൽപുലിത്തൊലികൊള്ളിന്റരനുതൻകണ്ണിണ
പെട്ടഴിവുപെട്ട മലർവില്ലിയെയനങ്കനെ-
യവ്വളവുതോറ്റിന പെരുപ്പമുള്ള വെപ്പിൻ മകളേ".

## അർഥവിശദീകരണം

| | | |
|---|---|---|
| പിഴയാതവണ്ണം | = | തെറ്റാതിരിക്കുവാൻ |
| അരുൾ | = | ദയ |
| ഉറ്ററുൾചെയ്യ് | = | ദൃഢമായി അനുഗ്രഹിച്ച് |
| എൻമനകുരു ന്തിൽ | = | എന്റെ മനസിൽ |
| ഇളകൊണ്ടു | = | വിശ്രമിച്ചുകൊണ്ട് |
| പുനൽ | = | വെള്ളം |
| വടിവാണ്ടെഴുന്ന | = | ഭംഗിയാർന്ന |
| കൊണ്ടൽ | = | കാർമേഘം |
| തഴത്ത | = | തഴച്ച |
| കുഴൽ | = | തലമുടി |
| ഇളമതിക്കു | = | ചന്ദ്രക്കലയ്ക്ക് |
| തുയർപൊങ്ങി | = | ദുഃഖമുണ്ടാക്കി |
| വിളങ്ങിന്റനുതലി | = | വിളങ്ങുന്ന ശോഭയേറിയ, നെറ്റിയോടുകൂടിയവളേ |

| | | |
|---|---|---|
| ചുഴലനിന്റ് | = | ചുറ്റിലുംനിന്ന് |
| തുകിൽ | = | വസ്ത്രം |
| കൊള്ളിന്റ് | = | ധരിക്കുന്ന |
| അരൻ | = | ഹരൻ, ശിവൻ |
| നുതൽ | = | നെറ്റി |
| അഴിവ് | = | നാശം |
| മലർവില്ലിയെ പൂവില്ലനായഅന ങ്കനെ | = | ശരീരം നഷ്ടപ്പെട്ടവനായ കാമദേവനെ |
| പെരുപ്പമുള്ള | = | മഹത്വമുള്ള |
| വെപ്പിൻ മകളേ | = | മലമകളേ, പാർവതിയേ |

## ആശയവിശദീകരണം

പാർവതിയെ സ്തുതിക്കുന്നു. ജലംകൊണ്ടു വടിവാണ്ട കൊണ്ടലിനു പതറിച്ച നൽകുന്നതും തഴച്ചതുമായ തലമുടിയോടുകൂടിയവളേ, ചന്ദ്രക്കലയ്ക്കു ദുഃഖമുണ്ടാക്കി വിളങ്ങുന്ന നെറ്റിയോടുകൂടിയവളേ, ചുറ്റിലുംനിന്ന് ലോകരെല്ലാം വണങ്ങുന്ന പാദങ്ങളോടുകൂടിയവളേ, വസ്ത്രമായ് പുലിത്തോൽ ധരിക്കുന്ന ശിവന്റെ നെറ്റിക്കണ്ണിൽ പെട്ടുനശിച്ച കാമദേവനെ അതുപോലെ തന്നെ ജീവിപ്പിക്കത്തക്ക മഹത്വമുള്ള മലമകളേ, പാർവതിയേ, എന്റെ മനക്കുരുന്നിൽ വിശ്രമിച്ച് വഴിതെറ്റാതിരിക്കുവാൻ ദയ കാട്ടിയാലും. മലർവില്ലിയെയനങ്കനെ സംസ്കൃതഭാഷയിലേപ്പോലെ വിശേഷണവിശേഷ്യപ്പൊരുത്തം വരുത്തിയിരിക്കുന്നു.

SGOU

## പാട്ട് 6

## വരികൾ

“മകരകേതനനുടെ ചെനകനായർമകനായ്
വളരുമെങ്കൾ മറിമായൻ മണിമാർവിലിളകൊ–
ണ്ടകിലലോകങ്ങളിലും നിറഞ്ഞുനിന്നരുളുവോ–
രമലകോമളപയോതിതനയേ, അരചനായ്
ചെകങ്കളേഴും ഉലയിക്കുമന്നിചാചരവരൻ
ചിരങ്ങൾ പത്തുമങ്ങറുത്ത മനുവീരചരിതം
പുകഴുമെന്നെയിന്നു നോക്കിയരുൾവാക്കുട
യവേൽ–
പൊരുതു ചേലിടഞ്ഞിഴുന്റിന കടക്കൺ മുന
യാൽ’’.

## അർഥവിശദീകരണം

| | | |
|---|---|---|
| മകരകേതനനുടെ | = | മകരമത്സ്യത്തെ കൊടിയടയാളമാക്കിയവൻ |
| ചെനകൻ | = | ജനകൻ, പിതാവ് |
| എങ്കൾ | = | ഞങ്ങളുടെ |
| മണിമാർവിൽ | = | ശ്രേഷ്ഠമായ മാറിൽ |
| ഇളകൊണ്ട് | = | വിശ്രമിച്ചുകൊണ്ട് |
| അകിലലോകങ്ങളിലും | = | എല്ലാ ലോകങ്ങളിലും |
| നിറഞ്ഞുനിന്നരുളുവോൾ | = | നിറഞ്ഞുനിന്ന് അനുഗ്രഹിക്കുന്നവൾ |
| അമലം | = | വെളുത്ത, പരിശുദ്ധം |
| പയോതിതനയേ | = | പാലാഴിമങ്കയുമായ ദേവീ, മഹാലക്ഷ്മീ |
| ചെകങ്കൾ | = | ജഗങ്ങൾ, ലോകങ്ങൾ |
| ഉലയിക്കും | = | ഉലയ്ക്കുന്ന, നശിപ്പിക്കുന്ന |
| അന്നിചാചരവരൻ | = | ആ രാക്ഷസ ശ്രേഷ്ഠന്റെ, രാവണന്റെ |
| ചിരങ്ങൾപത്തും | = | ശിരസു പത്തും |
| പുകഴും | = | പുകഴ്ത്തുന്ന |
| അരുൾവാക്കുടയ | = | അനുഗ്രഹിച്ചാലും |
| വേൽപൊരുതു | = | ഭംഗിയുള്ള വേലിനു തുല്യവും |
| ചേൽ | = | കരിമീൻ പോലെ ഒരു തരം മത്സ്യം |
| ഇഴുന്റിന | = | തോറ്റതുമായ |

## ആശയവിശദീകരണം

ലക്ഷ്മിദേവിയെ സ്തുതിക്കുന്നു. കാമദേവന്റെ പിതാവായി (ശ്രീകൃഷ്ണന് രുഗ്മിണിയിലുണ്ടായ പ്രദ്യുമ്നൻ കാമദേവന്റെ അവതാരമാകുന്നു) ആയർകുലത്തിൽ ജനിച്ചു വളരുന്ന ഞങ്ങളുടെ മറിമായക്കാരനായ ശ്രീകൃഷ്ണന്റെ മണിമാറിൽ വിശ്രമിച്ചുകൊണ്ട് അഖില ലോകങ്ങളിലും നിറഞ്ഞു നിന്നരുളുന്നവളും പരിശുദ്ധയും സുന്ദരിയും പാലാഴിമങ്കയുമായ ദേവീ, രാജാവായി ഏഴുലോകവുമുലയ്ക്കുന്ന ആ നിശാചരവരൻ ശിരസു പത്തും അറുത്തുകളഞ്ഞ മനുവീരന്റെ ചരിത്രം പുകഴ്ത്തുന്ന എന്നെ ഭംഗിയുള്ള വേലിനു തുല്യവും കരിമീൻ ഇടഞ്ഞുതോറ്റതുമായ കടക്കൺ മുനയാൽ അനുഗ്രഹിച്ചാലും.

## പാട്ട് 7

### വരികൾ

'ഇടഞ്ഞ താനവരെ വേരറമുടിക്കുമടലിൽ വൻ-
പിലകുമിന്തിരനുമങ്കി നമനും നിരുതിയും
കുടില വാരിപതി വായുവളകേചനരനും
കുളിർനിലാമതിവെയ്യോനുമുരകാതിപതിയും
വടിവുചേരവനിമാതു മയനും വിണ്ണവരും
മയിടനാചിനിയും മുക്കണ്ണർ കനൽക്കണ്ണിലെഴും
കൊടിയ പൈരവിയും ആനനങ്ങളാറുള്ളവനും
കുതുമവാണനുമെനക്കു തുണയാകയിതിനേ.''

### അർഥവിശദീകരണം

| | | |
|---|---|---|
| ഇടഞ്ഞ | = | എതിരിട്ട |
| താനവരെ | = | ദാനവരെ, അസുരന്മാരെ |
| വേരറമുടിക്കും | = | സമൂലം മുടിക്കുന്ന, പൂർണമായി നശിപ്പിക്കുന്ന |
| അടൽ | = | യുദ്ധം |
| വൻപിലകും | = | വമ്പനായ, ശക്തിവിളങ്ങുന്ന. |
| ഇന്തിരനും | = | ഇന്ദ്രനും |
| അങ്കി | = | അഗ്നി |
| കുടില | = | വളഞ്ഞ |
| വാരിപതി | = | സമുദ്രത്തിന്റെ അധിപതിയായ വരുണൻ |
| അളകേചൻ | = | കുബേരൻ |
| വെയ്യോനും | = | സൂര്യനും |
| ഉരകാതിപതി | = | സർപ്പരാജാവ് |
| വടിവുചേർന്ന | = | അഴകാർന്ന |
| അവനിമാത് | = | ഭൂമാതാവ് |
| അയൻ | = | അജൻ, ബ്രഹ്മാവ് |
| വിണ്ണവർ | = | ദേവന്മാർ |
| കനൽക്കണ്ണിലെഴും | = | തീക്കണ്ണിൽ നിന്നുണ്ടായ |
| കൊടിയ | = | ഭയങ്കരി |
| കുതുമവാണൻ | = | കാമദേവൻ |

### ആശയവിശദീകരണം

പ്രധാനദേവകളെ ഓരോപാട്ടിൽ പ്രകീർത്തിച്ചശേഷം മറ്റുദേവന്മാരെ ഇവിടെ അനുസ്മരിക്കുന്നു. എതിരിട്ട അസുരന്മാരെ സമൂലം മുടിക്കുന്ന, പോരിൽ വമ്പനായ ഇന്ദ്രനും അഗ്നിയും യമനും നിരൃതിയും വരുണനും വായുവും കുബേരനും ഈശാനനും ചന്ദ്രനും സൂര്യനും സർപ്പരാജനും അഴകാർന്ന ഭൂമാതും ബ്രഹ്മാവും ദേവന്മാരും മഹിഷാസുരമർദ്ദിനിയും (ദുർഗ) മുക്കണ്ണന്റെ തീക്കണ്ണിൽ നിന്നുണ്ടായ ഭയങ്കരിയായ ഭൈരവിയും ഷണ്മുഖനും കാമദേവനും ഇതിന് എനിക്കു തുണയാകട്ടെ.

## പാട്ട് 8

### വരികൾ

"തുണയെനക്കതിനു മിക്കവരുംമുൾക്കനമേറ-
ച്ചുരുങ്കിനോരകുതിയെന്ററിഞ്ഞു നല്ലവരെല്ലാം,
പണിയിതർക്കിവനെനക്കരുതി നൊയ്യവർകളും,
പകയരാവതിനറപ്പരെന്നൊടൊപ്പമുടയോർ,
പിണങ്ങുവോരില്ലയെന്നും പൊഴുതു പോയിടയിട-
പ്പിഴമുഴുക്കിലും, എനത്തെളിഞ്ഞരക്കരെ മുന്നം
മണിവർണ്ണൻ മനുചനായ്പ്പൊരുത പോർക്കൊടുമതൻ
വഴിയുരപ്പതിനു കോലിനതെൻ മേതകൊടുഞ്ഞാൻ.''

### അർഥവിശദീകരണം

| | | |
|---|---|---|
| മിക്കവർ | = | മികച്ചവർ |
| ഉൾക്കനം | = | പാണ്ഡിത്യം |
| ചുരുങ്കി | = | ചുരുങ്ങി |
| അകുതി | = | അഗതി |
| എന്ററിഞ്ഞു | = | എന്നു കരുതി |
| നല്ലവരെല്ലാം | = | നല്ലവർ എല്ലാവരും |
| ഇതർക്കിവനെ | = | ഇവനെക്കൊണ്ടിത് |
| എനക്കരുതി | = | എന്നു കരുതി |
| നൊയ്യവർകൾ | = | നിസ്സാരന്മാർ, ദുർബ്ബലർ, അല്പന്മാർ. |
| പകയരാവതിന് | = | എതിരാളികളാകാൻ |
| അറപ്പർ | = | മടിയുള്ളവർ |
| ഇടയിട | = | ഇടയ്ക്കിടെ |
| പിഴമുഴുക്കിലും | = | പിഴകൾ പറ്റിയാലും |
| എനത്തെളിഞ്ഞ് | = | മനസ്സുതെളിഞ്ഞ് |
| മിക്കവർ | = | മികച്ചവർ |
| ഉൾക്കനം | = | പാണ്ഡിത്യം |

SGOU



SREENARAYANAGURU OPEN UNIVERSITY

| | | |
|---|---|---|
| ചുരുങ്കി | = | ചുരുങ്ങി |
| അകുതി | = | അഗതി |
| എന്റെറിഞ്ഞു | = | എന്നു കരുതി |
| നല്ലവരെല്ലാം | = | നല്ലവർ എല്ലാവരും ഇതർക്കിവനെ |
| എനക്കരുതി | = | എന്നു കരുതി |
| നൊയ്യവർകൾ | = | നിസ്സാരന്മാർ, ദുർബ്ബലർ, അല്പന്മാർ. |
| പകയരാവതിന് | = | എതിരാളികളാകാൻ |
| അറപ്പർ | = | മടിയുള്ളവർ |
| ഇടയിട | = | ഇടയ്ക്കിടെ |
| പിഴമുഴുക്കിലും | = | പിഴകൾ പറ്റിയാലും |
| എനത്തെളിഞ്ഞ് | = | മനസ്സുതെളിഞ്ഞ് |
| അരക്കരെ | = | രാക്ഷസരെ |
| മുന്നം | = | പണ്ട്, മുമ്പ് |
| മനുചനായ് | = | മനുഷ്യനായ് |
| പോർ | = | യുദ്ധം |
| വഴിയുരപ്പതിനു | = | കഥ വർണിക്കുന്നതിന് |
| കോലിനത് | = | ആരംഭിക്കുന്നു |

## ആശയവിശദീകരണം

മികച്ച ആളുകളുടെയെല്ലാം തുണ തനിക്കുണ്ട്. പാണ്ഡിത്യമേറെയില്ലാത്ത അഗതിയെന്നു കരുതി നല്ലവരും, ഇവനെക്കൊണ്ടിതു പ്രയാസമാണ് എന്നു കരുതി നിസ്സാരന്മാരും എന്നെത്തുണയ്ക്കും. എനിക്കൊപ്പമുള്ളവരാകട്ടെ എതിരാളികളാകാൻ മടിയുള്ളവരാണ്. ഇടയ്ക്കിടെ പിഴകൾ പറ്റിയാലും പിണങ്ങുന്നവരും ഇല്ല. ഇങ്ങനെയൊക്കെ വിചാരിച്ച് മനസുതെളിഞ്ഞ്, മുമ്പ് മണിവർണ്ണൻ മനുഷ്യനായവതരിച്ച് രാക്ഷസരോടു ചെയ്ത്ത ഭയങ്കരയുദ്ധത്തിന്റെ കഥ, എന്റെ ബുദ്ധിക്കൊത്തവണ്ണം വർണ്ണിക്കുന്നതിന് ഞാൻ ആലോചിക്കുന്നു.

## പാട്ട് 9

"മേത നൽകുക കവീന്തിരരിൽ മുമ്പുടയ വാ-
ന്മീകിയും പിന്നെ വിയാതനുമെനക്കതികമായ്
വേതവിത്തു നല്ലകത്തിയനൊരോ വകവകൈ
വേരിതിഴ്കിന തമിഴകവി പടൈത്ത മുനിയും
ഓതയിൽ തുയിലുമണ്ണൽ വിണ്ണുളാർ പുകഴവ-
ന്തൂഴിയിൽ തചരതൻ തനയനായവതരി-
ത്താതികാലമുള്ളരുന്തൊഴിൽകൾ ചെയ്തവ കഴി-
ഞ്ഞാഴിമാനിനിയെ മീണ്ട വഴി കൂറുവതിനായ്.''

## അർഥവിശദീകരണം

| | | |
|---|---|---|
| വിയാതനും | = | വ്യാസനും |
| വേതവിത്തു | = | വേദവിത്തായ |
| അകത്തിയനും | = | അഗസ്ത്യനും |
| ഓരോ വകവകൈ | = | കൂട്ടം കൂട്ടമായി, പലതരത്തിൽ |
| വേരിതിഴ്ക്കിന | = | തേൻ കിനിയുന്ന |
| തമിഴ്കവി | = | തമിഴ്ക്കവിത |
| പടൈത്ത മുനിയും | = | എഴുതിയ, നിർമ്മിച്ച മഹർഷിയും. |
| ഓത | = | സമുദ്രം |
| തുയിൽ | = | ഉറക്കം |
| വിണ്ണുളാർ | = | ദേവന്മാർ |
| പുകഴ് | = | സ്തുതി |
| വന്തൂഴിയിൽ | = | ഭൂമിയിൽ വന്ന് |
| തചരതൻ | = | ദശരഥൻ |
| തനയനായ് | = | പുത്രനായ് |
| അവതരിത്ത് | = | അവതരിച്ച് |
| അരുന്തൊഴിൽകൾ | = | അത്ഭുത പ്രവൃത്തികൾ |
| ചെയ്ത് | = | ചെയ്ത് |
| ആഴിമാനിനി | = | ലക്ഷ്മീദേവീ |
| കുറുവതിനായ് | = | പറയുന്നതിന് |
| മേത | = | മേധ, ബുദ്ധി |

## ആശയവിശദീകരണം

ചീരാമകവി പൂർവകവികളെ സ്മരിക്കുന്നു. കവീന്ദ്രരിൽ ആദ്യകവിയായ വാല്മീകിയും പിന്നെ വ്യാസനും വേദവിത്തായ അഗസ്ത്യനും തേൻകിനിയുന്ന തമിഴ്കവിത നിർമ്മിച്ച മുനിയും (നമ്മാൾമാരുടെ 'തിരുവായ്മൊഴി'യാണ് പരാമർശം) ദേവന്മാർ സ്തുതിച്ചപേക്ഷിച്ചപ്പോൾ ഊഴിയിൽ ദശരഥപുത്രനായ് അവതരിച്ച് ആദ്യകാലത്ത് അസാധാരണകൃത്യങ്ങളെല്ലാം ചെയ്ത് ശ്രീരാമൻ ആഴിമാതിനെ വീണ്ടെടുത്തതു പറയുന്നതിന് ബുദ്ധിയും ഓർമ്മയും നൽകണേ. (വേരിതിഴ്ക്കിന തമിഴ്ക്കവിപടൈത്ത മുനി 'നമ്മാഴ്വാർ' ആയിരിക്കാം.)

SGOU

### പാട്ട് 10

"ആഴിമാതിനെ നിചാചരവരൻ കവർന്നുകൊ-
ണ്ടാടി മാതങ്കൾ വരും മുന്നം മറന്തവഴിയേ
ഊഴിമീതുനടന്നന്റുകവിമന്നനുറവാ-
യോടി നാടുകെനവേയരികൾ നാലുതിചൈയും
കീഴുമേലും വിനവിന്റളവിൽ വായുതനയൻ
കേടില്ലാത മതിയൊടു തിരയാഴി കടന്ന-
മ്മാഴനീൾമിഴിയെ മൈതിലിയെ നേടിയൊരിരാ-
മാൽ പുനന്തമയുരൈപ്പതിനരിപ്പമെങ്ങളാൽ.''

### അർഥവിശദീകരണം

| | | |
|---|---|---|
| ആഴിമാതിനെ | = | ലക്ഷ്മിദേവിയെ |
| നിചാചരവരൻ | = | രാക്ഷസരാജാവായ രാവണൻ |
| കവർന്നുകൊണ്ട് | = | അപഹരിച്ചുകൊണ്ട് |
| ആടിമാതങ്കൾ | = | ആടിമാസം, കർക്കിടകമാസം |
| മറന്തവഴിയേ | = | മറഞ്ഞവഴിയെ |
| ഊഴിമീതു | = | ഭൂമിയിലൂടെ, ഭൂമിയിലെങ്ങും |
| നടന്നന്റു | = | നടന്ന ആ കാലത്ത് |
| കവിമന്നൻ | = | (കപി മന്നൻ)വാനരരാജാവായ സുഗ്രീവൻ |
| ഉറവായ് | = | സ്നേഹത്തോടെ |
| എനവേ | = | എന്നുപറയവേ |
| തിചൈ | = | ദിശ |
| കീഴുമേലും | = | താഴെയും മുകളിലും |
| വിനവിൻ | = | അന്വേഷിക്കുന്നതായ |
| അളവിൽ | = | സന്ദർഭത്തിൽ |
| തിരയാഴി കടന്ന് | = | മഹാസമുദ്രം കടന്ന് |
| മാഴനീൾമിഴിയെ | = | അഴകുള്ള കണ്ണോടുകൂടിയവളെ |
| മൈതിലിയെ | = | മൈഥിലിയെ, സീതയെ |
| നേടി | = | തേടിയ, അന്വേഷിച്ച് |
| ഉരൈപ്പതിന് | = | വർണിക്കുന്നതിന് |
| അരിപ്പം | = | പ്രയാസം |

### ആശയവിശദീകരണം

രാമചരിതത്തിന്റെ ആമുഖമായ സ്തുതികൾക്കും അഭ്യർഥനകൾക്കും ശേഷം കവി കഥയിലേക്ക് കടക്കുന്നു. സീതാദേവിയെ രാവണൻ അപഹരിച്ചുകൊണ്ട് വർഷകാലമാവും മുൻപേ മറഞ്ഞവഴിയെ ശ്രീരാമൻ ഭൂമിയിലൂടെ നടന്ന ആ കാലത്ത് വാനരരാജാവ് (സുഗ്രീവൻ) 'സ്നേഹത്തോടെ ഓടി അന്വേഷിക്കുവിൻ' എന്നു പറഞ്ഞതനുസരിച്ച് വാനരന്മാർ നാലുദിക്കിലും കീഴുംമേലും അന്വേഷിക്കുന്ന സന്ദർഭത്തിൽ വായുപുത്രനായ ഹനുമാൻ പിഴയ്ക്കാത്ത ബുദ്ധിയോടുകൂടി മഹാസമുദ്രം കടന്ന് അഴകാർന്ന, നീണ്ടമിഴികളോടുകൂടിയ മൈഥിലിയെ അന്വേഷിച്ചതായ ആ രാത്രി അനുഭവിച്ച ദു:ഖം വർണ്ണിക്കുക എനിക്കു പ്രയാസമുള്ളതാണ്.

### പാട്ട് 11

"മാൽ പുനന്തവനറിന്തണഞ്ഞങ്ങങ്കുലീയവും
മാലവാർകുഴലിലെഴുംമണി കൈക്കൊള്ളുംമുന്നേ
വേൽ പൊരുന്നമിഴിയാൾക്കുനൽകിയപ്പൊഴുതിലേ
മേതിൽ വീഴ്തടിപണിന്തു വിടയുംതൊഴുതുപോയ്
ചേൽ പൊരുന്തു മരിവീരൻ അലയൊഴി കടന്ന-
ത്തീരമെയ്തിരുന്നൊൺ കവികൾ ചൂഴ്ന്തിനിയ
പൈമ്പാൽ പൊരുന്തും മൊഴിയാൽ മൊഴിന്തനൻ
തൊഴുതെല്ലാം
പാർമന്നൻ തന്നൊടു മൈതിലിയുടേ ചരിതമേ.''

### അർഥവിശദീകരണം

| | | |
|---|---|---|
| മാൽപുനന്തവൻ | = | അങ്ങനെ ദുഃഖം സഹിച്ചവൻ, ഹനുമാൻ |
| അറിന്തണഞ്ഞങ്ങ് | = | അറിഞ്ഞ് അങ്ങുചെന്ന് |
| അംഗുലീയം | = | മോതിരം |
| മാലവാർകുഴൽ | = | ഇരുണ്ടു മനോഹരമായ തലമുടി |
| മണി | = | സീത ധരിച്ചിരുന്ന ചൂഢാമണി |
| കൈക്കൊള്ളും മുന്നേ | = | സ്വീകരിക്കും മുൻപേ |
| വേൽ പൊരുന്ന | = | വേൽപോലെ കൂർത്ത |
| മിഴിയാൾക്കു | = | കണ്ണുകളുള്ള ദേവിക്ക് |
| മേതിൽ വീഴ്ന്ത് | = | ഭൂമിയിൽവീണ് |
| അലയാഴി കടന്ന് | = | സമുദ്രവും കടന്ന് |
| തീരം എയ്തി | = | തീരത്ത് എത്തിയ |


SREENARAYANAGURU OPEN UNIVERSITY

| | | |
|---|---|---|
| തീരമെയ്തി രുന്നൊൺ | = | തീരത്തെത്തിയിരുന്ന |
| കപികൾ | = | വാനരന്മാർ |
| കവികൾ പൂഴ് ന്തിനിയ | = | വാനരന്മാരാൽ ചുറ്റപ്പെട്ട് |
| പൈമ്പാൽ പൊരുന്തും | = | മധുരമുള്ള പാലിനു തുല്യ മായ |
| പാർമന്നൻ | = | രാജാവ് |

### ആശയവിശദീകരണം

അങ്ങനെ ദുഃഖം സഹിച്ച ഹനുമാൻ സീത ഇരിക്കുന്ന സ്ഥലം അറിഞ്ഞ് അങ്ങുചെന്ന്, സീത കറുത്ത മുടിയിൽ ധരിച്ചിരുന്ന രത്നം (ചൂഡാമണി) സ്വീകരിക്കുന്നതിനു മുൻപായി വേൽപോലെ കൂർത്ത കണ്ണുകളുള്ള ദേവിക്ക് അംഗുലീയം നൽകി. അപ്പോൾത്തന്നെ ഭൂമിയിൽ വീണ് കാൽക്കൽ നമസ്കരിച്ച് യാത്രയും പറഞ്ഞ് സ്വഭാവഗുണമാർന്ന വാനരവീരൻ സമുദ്രവുംകടന്ന് തീരത്തെത്തിയ വാനരന്മാരാൽ ചുറ്റപ്പെട്ട് മധുരമുള്ള നറുംപാലിനു യോജിച്ച മൊഴിയാൽ ശ്രീരാമനോടു സീതാവൃത്താന്തങ്ങൾ പറഞ്ഞു.

## വിശകലനം

രാമചരിതം ഒരു പ്രാചീന പാട്ടുകാവ്യമാണ്. രാമചരിതത്തിന്റെ ഒന്നാം പടലമാണ് പാഠഭാഗം. ആധുനിക കൃതികളുടേതുപോലെ, സങ്കീർണ്ണമായ സമകാലിക ജീവിതാവസ്ഥകളോ, കഥാപാത്രങ്ങളുടെ മാനസിക സംഘർഷങ്ങളോ കലാമേന്മകളോ അല്ല, കൃതിയുടെ കാലവും ചരിത്രവും മറ്റുപ്രത്യേകതകളും ഭാഷയുടെ പ്രാഗ്‌രൂപവും മറ്റും മനസിലാക്കുകയാണ് പ്രാചീന കാവ്യങ്ങളുടെ പഠനലക്ഷ്യം. കൃത്യമായ നിയമങ്ങൾ പാലിച്ച് എഴുതിയിരുന്ന പാട്ട് എന്ന പ്രാചീനമായ ഒരു കാവ്യശാഖയുടെ മാതൃകയാണ് രാമചരിതം. കവി സൂചിപ്പിക്കുന്നപോലെ, സാധാരണക്കാർക്കുവേണ്ടി എഴുതപ്പെട്ട കാവ്യം അവർക്കുകൂടി മനസിലാവുന്ന കാവ്യഭാഷയിലാവുമല്ലോ രചിച്ചിട്ടുണ്ടാവുക. വീരരസപ്രധാനമായ യുദ്ധകാണ്ഡകഥയാണ് കവി പറയുന്നതെങ്കിലും അനുവാചകനിൽ ഭക്തി ഉണ്ടാക്കുകയാണ് കവിയുടെ ലക്ഷ്യമെന്ന് വ്യക്തമാണ്. ആദ്യപടലത്തിലെ ആദ്യത്തെ ഏഴുപാട്ടുകളും ദേവതാസ്തുതികളാണ്. തുടർന്ന് എല്ലാവരുടെയും സഹായം തന്റെ രചനയ്ക്ക് ഉണ്ടെന്ന് കവി പറയുന്നു. വാല്മീകി, വ്യാസൻ, അഗസ്ത്യൻ തുടങ്ങിയ പൂർവകവികളുടെ അനുഗ്രഹവും തേടുന്നു. പത്തും പതിനൊന്നും പാട്ടുകളിൽ കഥ ചുരുക്കി പറയുന്നു. സീതാദേവിയെ രാവണൻ അപഹരിച്ചുകൊണ്ട് പോയവഴിയെ ശ്രീരാമൻ നടന്നതും, സുഗ്രീവൻ പറഞ്ഞതനുസരിച്ച് വാനരന്മാർ നാലുദിക്കിലും തിരഞ്ഞതും, ഹനുമാൻ കടൽകടന്ന് സീതയെ കണ്ടെത്തി, അംഗുലീയം നൽകി, ചൂഡാമണി സ്വീകരിച്ചതും അതുമായി കടൽകടന്ന് ശ്രീരാമനോടു സീതാവൃത്താന്തം അറിയിച്ചതുവരെയുള്ള ഭാഗമാണ് ഒന്നാം പടലത്തിലെ പ്രതിപാദ്യം. പാട്ടുപ്രസ്ഥാനത്തിന്റെ തത്വങ്ങളെല്ലാം പാലിച്ച് എഴുതിയ രചനയാണ് രാമചരിതം. ദ്രമിഡസംഘാതാക്ഷരങ്ങൾ ഉപയോഗിച്ച്, എതുകയും മോനയും നിലനിർത്തി, വൃത്തവിശേഷത്തിൽ രചിച്ചിരിക്കുന്ന കാവ്യമാണ് രാമചരിതം. അതുകൂടാതെ, 'അന്താദിപ്രാസം' കൂടി രാമചരിതത്തിൽ കാണാം. ചുരുക്കത്തിൽ പ്രാചീനമായ ഈ കാവ്യം കേരളീയഭാഷയുടെ ആദിമമായ ഒരു മാതൃകയെ അടയാളപ്പെടുത്തുന്നുവെന്ന് പറയാം.

## 3. വിശദപഠനം

### പ്രാചീനഗാനമാതൃകകൾ - ബാലനാട്ടുള്ളോരു ബാലച്ചെറുചേകോൻ

കേരളത്തിലെ നമ്പൂതിരിമാർക്കിടയിൽ പ്രചാരത്തിലുള്ള ഒരു അനുഷ്ഠാനകലയാണ് പാനേങ്കളി. സംഘക്കളി, യാത്രാക്കളി, ശാസ്ത്രാങ്കം, ചാത്തിരാങ്കം എന്നീ പേരുകളിലും ഈ കളി അറിയപ്പെടുന്നു. ഒരനുഷ്ഠാനകലയുടെ ലക്ഷണങ്ങളുണ്ടെങ്കിലും സംഘക്കളി വിജ്ഞാനത്തിന്റെയും വിനോദത്തിന്റെയും കല കൂടിയാണ്. നാലുപാദം, പാന, കളി എന്നിങ്ങനെ മൂന്നംശമായി സംഘക്കളിയെ വിഭജിക്കാം. കളിയിൽ ആംഗ്യമെന്നും ആസ്യമെന്നും (ഹാസ്യമെന്നും) രണ്ടു ഭാഗമുണ്ട്. അതിൽ ആസ്യത്തിനുവേണ്ടി പാടുന്ന പാട്ടുകൾ മിക്കതും അസംബന്ധ ഗാനങ്ങളാണ്. അവയിലൊന്നാണ് ഈ പാട്ട്.

SGOU

### വരികൾ

"ബാലനാട്ടുള്ളോരു ബാലച്ചെറുചേകോൻ
വാളു വലിച്ചു രണ്ടോന്തുവെട്ടി
ഓന്തു മുറിഞ്ഞില്ല. വാളു വളഞ്ഞേ പോയ്
ഓന്തന്മാർക്കൊക്കെ മുഖം കറുത്തു.
നെറ്റിമൽ ചൂട്ടുള്ളോരോന്തൻ വന്നാലവൻ
എന്റെ കണക്കിൽ നിന്നങ്കം കണ്ടേൻ
അണ്ടി കരണ്ടോരണ്ണാറക്കണ്ണൻ പോയ്
വേലി പടമേറി അങ്കം കണ്ടാൻ"

ഇത് വിനോദത്തിനും ഹാസ്യത്തിനും വേണ്ടി മാത്രം ഉണ്ടാക്കിയിട്ടുള്ളതാണ്. പക്ഷേ അങ്കം കാണുവാൻ അന്നുള്ളവർ കാണിച്ച വ്യഗ്രത ഇതിൽ പ്രതിഫലിക്കുന്നു. വിപുലമായ ആശയ തലമൊന്നും കവിതയിൽ ഉദ്ദേശിക്കുന്നില്ല. കാണികളെ രസിപ്പിക്കാൻ കൂട്ടി ചേർത്തതാണ് ഈ വരികൾ.

## Recap

- എ.ഡി. ഒന്നാംനൂറ്റാണ്ടു മുതൽ ഒമ്പതാം നൂറ്റാണ്ടുവരെ തമിഴകം ഭരിച്ചിരുന്നത് മുവേന്തന്മാർ എന്നറിയപ്പെട്ടിരുന്ന ചേര ചോള - പാണ്ഡ്യ രാജാക്കന്മാരായിരുന്നു
- കവിസദസ് സംഘം എന്നും കാലഘട്ടം സംഘകാലം എന്നും സാഹിത്യം സംഘസാഹിത്യമെന്നും അറിയപ്പെട്ടു
- നക്കീരർ എഴുതിയ ഇറൈനാർ അകപ്പൊരുളിലാണ് സംഘത്തെക്കുറിച്ച് ആദ്യമായി പരാമർശിക്കുന്നത്
- മൂന്ന് തമിഴ് സംഘങ്ങൾ ഉണ്ടായിരുന്നു. തലൈച്ചങ്കം, ഇടൈച്ചങ്കം, കടൈച്ചങ്കം
- ഇവയിൽ മൂന്നാംസംഘം പരിശോധിച്ച് അംഗീകരിച്ചവയാണ് സംഘസാഹിത്യം
- ഈ കൃതികളെ അകമെന്നും പുറമെന്നും രണ്ടായി തിരിക്കാം
- അകം - പ്രണയം, വിവാഹം, വിരഹം തുടങ്ങിയ വിഷയങ്ങൾ
- പുറം - രാജ്യഭരണം, യുദ്ധം, ജീവിതരീതി, സംസ്കാരം എന്നിവയെ പ്രതിപാദിക്കുന്നു
- പത്തുപ്പാട്ട്, എട്ടുതൊകൈ, പതിനെൺകീഴ്ക്കണക്ക്, ചിലപ്പതികാരം, മണിമേഖല, തൊൽകാപ്പിയം എന്നിവയാണ് സംഘംകൃതികൾ
- ഒരു കാലഘട്ടത്തിലെ ദക്ഷിണേന്ത്യൻ ജനതയുടെ ജീവിതവും സംസ്കാരവും വിദേശബന്ധങ്ങളും പത്തുപ്പാട്ടിൽ അവതരിപ്പിക്കപ്പെടുന്നു
- എട്ട് ഖണ്ഡകാവ്യങ്ങളുടെ സമാഹാരമാണ് എട്ടുതൊകൈ
- പത്ത് ചേരരാജാക്കന്മാരെക്കുറിച്ചുള്ളതാണ് പതിറ്റുപത്ത്
- നറ്റിണ, കുറുന്തൊക, ഐങ്കുറുനൂറ്, കലിന്തൊക, അകനാനൂറ്, എന്നിവ അകംകൃതികൾ പതിറ്റുപത്ത്, പുറനാനൂറ് എന്നിവ പുറംകൃതികൾ. പരിപാടൽ മിശ്രകൃതി
- തൊൽക്കാപ്പിയത്തിലെ ഭാവങ്ങൾ-എഴുത്തതികാരം, ചൊല്ലതികാരം, പൊരുളതികാരം
- ദ്രാവിഡ സൗന്ദര്യശാസ്ത്രത്തിന്റെ ലക്ഷണം
- വിവിധ ഭൂവിഭാഗങ്ങളാണ് തിണകൾ എന്ന് പറയുന്നത്
- തിണകളെ അടിസ്ഥാനമാക്കി പ്രമേയത്തെ അകമെന്നും പുറമെന്നും തിരിച്ചിരിക്കുന്നു
- അകം കവിതകളിൽ പ്രതിപാദിക്കുന്ന കാവ്യസാമഗ്രികൾ മുതൽപ്പൊരുൾ, ഉരിപ്പൊരുൾ, കരുപ്പൊരുൾ
- അഞ്ചു തിണകൾ - കുറിഞ്ചി, മുല്ല, പാലൈ, മരുതം, നെയ്തൽ
- പുറം തിണകൾ - വെട്ചി, വഞ്ചി, വാകൈ, ഉഴിഞ്ഞ, തുമ്പൈ
- വാമൊഴി വഴക്കമാണ് നാടൻപാട്ടുകളുടെ വ്യാവർത്തക ധർമ്മം

SGOU

- പ്രകൃതി പ്രതിഭാസങ്ങളോടും സമൂഹത്തിലെ അധികാരശക്തിയോടും മല്ലിട്ടു ജീവിക്കേണ്ടി വരുന്ന അടിയാളജനതയുടെ നിലവിളിയും പ്രതിഷേധവും
- നാടൻപാട്ടുകളെ ഗാനങ്ങളെന്നും കഥാഗാനങ്ങളെന്നും രണ്ടായി തിരിക്കാം
- നാടൻപാട്ടുകളെ ദേവതാപൂജ, വീരപുരുഷാരാധന, വിനോദം, ശാസ്ത്രം, കുലവൃത്തി, സദാചാരം എന്നിങ്ങനെയാണ് മഹാകവി ഉള്ളൂർ വിഭജിച്ചിട്ടുള്ളത്
- രാമവർമ്മ അപ്പൻതമ്പുരാന്റെ വിഭജനം - പുരാണം, സ്തോത്രം, സദാചാരം, ശാസ്ത്രം, വീരചരിതം, ദേശചരിതം, തൊഴിലായ്മ, വിനോദം, ഭൗതികം, വൈഷയികം, രാഷ്ട്രീയം, സാമുദായികം
- ദിക്കുകളെ അടിസ്ഥാനമാക്കി വടക്കൻപാട്ടെന്നും തെക്കൻപാട്ടെന്നും വിഭജിക്കാം
- ഉത്തരകേരളത്തിലെ വീരകഥാഗാനങ്ങളാണ് വടക്കൻപാട്ടുകൾ
- തച്ചോളി, പുത്തൂരം, പാലാട്ട്, ആറ്റുമ്മണമ്മേൽ, തൊണ്ണൂറം വീട് എന്നീ കുടുംബങ്ങളിലെ അംഗങ്ങളെ പശ്ചാത്തലമാക്കിയാണ് ഇവയുടെ രചന.
- തിരുവനന്തപുരം, കളിയിക്കാവിള വരെയുള്ള തെക്കൻകേരളം, കന്യാകുമാരി ജില്ല - തെക്കൻപാട്ടുകളുടെ പശ്ചാത്തലം
- മതം, അനുഷ്ഠാനം, ഐതിഹ്യങ്ങൾ, പുരാണങ്ങൾ, വീരാപദാനങ്ങൾ, വർഗോല്പത്തി കഥകൾ, സങ്കല്പകഥകൾ, തൊഴിൽഗാനങ്ങൾ, വിനോദഗാനങ്ങൾ ഇങ്ങനെ ഏതുമാകാം സാമുദായികഗാനങ്ങൾ
- ഞാറു പറിച്ചു നടുമ്പോൾ നടീലിന്റെ താളത്തിനൊത്ത് പാടുന്നവയാണ് ഞാറ്റുപാട്ടുകൾ. നാട്ടിപ്പാട്ടെന്നും ഇവയെ പറയുന്നു.
- അടിയാളജനതയുടെ സാമൂഹികാവസ്ഥയും ജീവിതാനുഭവങ്ങളും ഞാറ്റുപ്പാട്ടിന്റെ പ്രമേയങ്ങളാണ്
- അസംബന്ധങ്ങളെന്നോ അയുക്തികങ്ങളെന്നോ നിരർഥകങ്ങളെന്നോ തോന്നുന്ന പാട്ടുകളാണ് അസംബന്ധപ്പാട്ടുകൾ
- മലയാളസാഹിത്യത്തിന്റെ ആദ്യകാലചരിത്രം 12-ാം ശതകംവരെ അവ്യക്തമാണ്
- ഭാഷയുടെ പദ്യശാഖ പാട്ട്, മണിപ്രവാളം, നാടൻപാട്ടുകൾ എന്നിങ്ങനെ വളർന്നു
- കേരളഭാഷയിലെ ആദ്യപാട്ടുകാവ്യമായാണ് രാമചരിതം കരുതപ്പെട്ടിരുന്നത്
- കമ്പർക്കുശേഷവും നിരണംകവികൾക്കു മുൻപുമാണ് രാമചരിതകാലം
- പന്ത്രണ്ടാം നൂറ്റാണ്ടോ പതിമൂന്നാം നൂറ്റാണ്ടോ ആണ് രാമചരിതകാലം എന്ന് കരുതപ്പെടുന്നു
- രാമചരിതത്തിലെഭാഷ തമിഴ്, മിശ്രഭാഷ, അന്നത്തെ പാട്ടുഭാഷ എന്നീ വാദങ്ങൾ നിലവിലുണ്ട്
- രാമചരിതഭാഷയെ സംക്രമണഭാഷ, പരിവർത്തനഭാഷ, അന്തരാളഘട്ടഭാഷ എന്നും പണ്ഡിതന്മാർ വിളിക്കുന്നുണ്ട്
- തമിഴ് സ്വാധീനതയുള്ള മലയാളത്തിന്റെ ഒരു പൂർവഭാഷയായിരുന്നു അത്
- ചീരാമൻ എന്നാണ് രാമചരിതകാരന്റെ പേര്
- ലീലാതിലകത്തിൽ നിർവചിച്ചവിധം എഴുതപ്പെട്ട സാഹിത്യരൂപമാണ് പാട്ട്
- മലയാളത്തിലെ ആദ്യ സാഹിത്യപ്രസ്ഥാനമായി പാട്ട് കരുതപ്പെടുന്നു
- രാമചരിതം ഒരു പ്രാചീന പാട്ടുകാവ്യമാണ്
- കൃതിയുടെ കാലവും ചരിത്രവും ഭാഷയുടെ പ്രാഗ്‌രൂപവും അറിയുകയാണ് പഠനലക്ഷ്യം
- സാധാരണക്കാർക്ക് അറിയാനായി അവരുടെ കാവ്യഭാഷയിലെഴുതി
- വീരരസപ്രധാനമായ യുദ്ധകാണ്ഡകഥയാണ് പറയുന്നത്
- അനുവാചകനിൽ ഭക്തിവർധനവാണ് രചനയുടെ ലക്ഷ്യം

SGOU

- ആദ്യപടലത്തിലെ ആദ്യത്തെ ഏഴുപാട്ടുകളും ദേവതാസ്തുതികളാണ്
- വാല്മീകി, വ്യാസൻ, അഗസ്ത്യൻ തുടങ്ങിയ പൂർവകവികളുടെ അനുഗ്രഹവും തേടുന്നു
- പത്തും പതിനൊന്നും പാട്ടുകളിൽ കഥ ആരംഭിക്കുന്നു
- ശ്രീരാമൻ സീതയെ അന്വേഷിച്ചതും, ഹനുമാൻ കണ്ടെത്തിയതുമായ കഥ ചുരുക്കിയിരിക്കുന്നു

## Objective Questions

1. ഏത് പേരിലാണ് ചേര - ചോള - പാണ്ഡ്യരാജാക്കന്മാർ അറിയപ്പെട്ടിരുന്നത്?
2. സംഘത്തെപ്പറ്റി ആദ്യം പരാമർശിക്കുന്ന കൃതി
3. ഇറൈനാർ അകപ്പൊരുൾ എന്ന കൃതിയുടെ കർത്താവ്?
4. ഇടൈച്ചങ്കത്തിന്റെ ആസ്ഥാനം?
5. ഏത് പേരിലാണ് മൂന്നാംസംഘം അറിയപ്പെട്ടിരുന്നത്?
6. മൂന്നാംസംഘത്തിന്റെ സ്മാരകം സ്ഥിതിചെയ്യുന്ന ക്ഷേത്രമേത്?
7. മൂന്നാംസംഘത്തിന്റെ പ്രമാണഗ്രന്ഥങ്ങൾ?
8. എന്താണ് ആറ്റുപടെ?
9. തൊകൈ എന്ന വാക്കിന്റെ അർഥമെന്ത്?
10. തമിഴ് ഭാഷയുടെ വ്യാകരണകൃതി?
11. തൊൽ എന്ന പദത്തിന്റെ അർഥം?
12. ദ്രാവിഡസൗന്ദര്യശാസ്ത്രത്തിന്റെ ആധികാരിക രേഖ?
13. വീരചരിതങ്ങൾ പ്രമേയമാകുന്ന കവിതകൾ ഏതാണ്?
14. കുറിഞ്ചിത്തിണയിലെ ദേവത?
15. കുറിഞ്ചിത്തിണയിലെ ജനത ഏത് പേരിലാണ് അറിയപ്പെടുന്നത്?
16. മുല്ലത്തിണയുടെ ഭാവം ഏത്?
17. പാലത്തിണയുടെ ദേവത ആരാണ്?
18. മരുതനിലത്തിന്റെ ദേവത ആരാണ്?
19. മരുതനിലത്തിലെ ജനതയക്ക് പറയുന്ന പേര് എന്ത്?
20. നെയ്തൽക്കവിതയുടെ പ്രമേയം എന്താണ്?
21. കുറിഞ്ചിയുടെ പുറത്തിണ ഏത്?
22. വഞ്ചി ഏത് തിണയുടെ പുറത്തിണയാണ്?
23. “വീരസാഹസികതയുടെ അവതാരങ്ങളായ ആ വീരപുരഷന്മാർക്ക് നാട്ടുകാർ അവരുടെ നാവിൽതന്നെ കാവ് പണിതിരിക്കുന്നു.” - ആരുടെ വാക്കുകൾ?

SGOU

24. "ആ ഗാന പ്രപഞ്ചത്തിനുമുണ്ട് ശൈശവമധുരമായ ഒരു സൗന്ദര്യം. അത് ഓലയുടെയും നാരായത്തിന്റെയും ഒത്താശ കൂടാതെ നാടെങ്ങും പ്രചരിക്കുന്നു" - നാടൻപാട്ടുകളെ ഇങ്ങനെ വിലയിരുത്തിയത് ആര്?
25. ലഘു ഇതിഹാസം എന്ന് വിശേഷിപ്പിക്കപ്പെട്ട കവിതാശാഖ ഏത്?
26. മാപ്പിളപ്പാട്ടിലെ ഭാഷ ഏതാണ്?
27. യാത്രാക്കളി എന്നറിയപ്പെടുന്ന പാട്ടിന്റെ മറ്റൊരു പേര് എഴുതുക?
28. ലഭ്യമായതിൽ വെച്ച് ഏറ്റവും പ്രാചീനമായ നാടോടിഗാനം ഏതാണ്?
29. തെക്കൻപാട്ടുകളുടെ പശ്ചാത്തലം ഏത്?
30. തെക്കൻപാട്ടുകളിലെ ഭാഷ എന്താണ്?
31. തോറ്റം എന്നത് ഏതുപദത്തിന്റെ തദ്ഭവമാണ്?
32. ഞാറ്റുപാട്ട് എന്നാലെന്ത്?
33. അരവുപാട്ട് ഏതു വിഭാഗത്തിൽപെടുന്നു?
34. മണിപ്രവാളലക്ഷണ ഗ്രന്ഥം ഏത്?
35. കേരളഭാഷയിലെ ആദ്യ പാട്ടുകൃതി ഏതാണ്?
36. പാട്ടിന്റെ ലക്ഷണമുള്ള രണ്ട് പ്രാചീന കൃതികളുടെ പേരെഴുതുക?
37. രാമചരിതത്തിന്റെ കർത്താവ് ആര്?
38. വേണാടു ഭരിച്ചിരുന്ന ഒരു രാമവർമ്മയാണ് ചീരാമനെന്ന അഭിപ്രായം ആരുടേത്?
39. രാമചരിതം എന്ന പേര് നൽകിയത് ആര്?
40. രാമചരിതം പൂർണ്ണരൂപത്തിൽ പ്രസിദ്ധീകരിച്ചത് ആര്?
41. ദ്രാവിഡ അക്ഷരങ്ങൾ എത്ര?
42. ദ്വിതീയാക്ഷരപ്രാസത്തോട് സാമ്യമുള്ള പ്രാസം ഏത്?
43. പദാർദ്ധാദി പ്രാസം ഏത്?
44. രാമചരിതത്തിൽ എത്ര പടലങ്ങളുണ്ട്?
45. രാമചരിതത്തിലെ പാട്ടുകളുടെ എണ്ണം എത്ര?

SGOU

## Answers

1. മൂവേന്തന്മാർ
2. ഇറൈയനാർ അകപ്പൊരുൾ
3. നക്കീരൻ
4. കവാടപുരം

5. കടൈച്ചങ്കം
6. സംഘത്താർ കോവിൽ
7. സംഘസാഹിത്യം
8. പ്രഭുസന്നിധിയിൽ പാടുന്ന പാട്ടുകൾ
9. സമാഹാരം
10. തൊൽകാപ്പിയം
11. പ്രാചീനം
12. പൊരുളധികാരം
13. പുറം കവിതകൾ
14. മുരുകൻ
15. മലയരും കുറവരും
16. കാത്തിരിപ്പ്
17. കൊറ്റവൈ
18. ഇന്ദ്രൻ
19. ഉഴവരും കർഷകരും
20. കാത്തിരിപ്പും വിലാപവും
21. വെട്ചി
22. മുല്ലത്തിണ
23. ഡോ.എം. ലീലാവതി
24. ഉള്ളൂർ
25. വീരകഥാഗാനങ്ങൾ
26. അറബി മലയാളം
27. സംഘക്കളി
28. പയ്യന്നൂർ പാട്ട്
29. തെക്കൻ കേരളം
30. തമിഴ് കലർന്ന മലയാളം
31. സ്തോത്രം
32. ഞാറു നടുമ്പോൾ പാടുന്ന പാട്ട്
33. പണിപ്പാട്ട്
34. ലീലാതിലകം
35. രാമചരിതം
36. രാമചരിതം, തിരുനിഴൽമാല

SGOU

37. ചീരാമൻ

38. ഉള്ളൂർ

39. ഹെർമ്മൻ ഗുണ്ടർട്ട്

40. സാംബശിവ ശാസ്ത്രികൾ

41. പന്ത്രണ്ട് ഉയിരും, പതിനെട്ട് മെയ്കളും കൂടി മുപ്പത് ആണ് ദ്രാവിഡ അക്ഷരങ്ങൾ

42. എതുക

43. മോന

44. 164

45. 1814

## Assignments

1. ഒരു കാലഘട്ടത്തിലെ ജനജീവിതത്തിന്റെ പ്രതിഫലനമാണ് സംഘസാഹിത്യം - വിശദമാക്കുക.
2. ഐന്തിണകൾ എന്നാലെന്ത്? അവ സംഘകാലജനതയുടെ ജീവിതവുമായി ബന്ധപ്പെട്ടിരിക്കുന്നത് എങ്ങനെയെന്ന് ചർച്ച ചെയ്യുക.
3. നാടൻപാട്ടുകൾ വർഗീകരിച്ച് അവയുടെ സവിശേഷതകൾ വിശകലനം ചെയ്യുക.
4. കേരളത്തിലെ തെക്കുവടക്കൻ ദേശങ്ങളെ പ്രതിനിധാനം ചെയ്യുന്നതാണ് നമ്മുടെ വീരകഥാഗാനങ്ങൾ. നിരൂപണം ചെയ്യുക.
5. ലീലാതിലകത്തിൽ പറഞ്ഞിട്ടുള്ള പാട്ടിന്റെ ലക്ഷണം എപ്രകാരം രാമചരിതത്തിന് യോജിക്കുന്നു എന്ന് വിലയിരുത്തുക.
6. പാട്ടുഭാഷാസാഹിത്യത്തിലെ പ്രശസ്തകാവ്യം എന്ന നിലയിൽ രാമചരിതത്തെ വിലയിരുത്തുക.
7. പാട്ടുപ്രസ്ഥാനത്തിന്റെ സവിശേഷതകൾ രാമചരിതത്തിൽ എത്രത്തോളം കാണപ്പെടുന്നു എന്ന് വിലയിരുത്തുക.
8. മലയാള കാവ്യത്തിന്റെ പ്രാചീനരൂപം മനസ്സിലാക്കാൻ സഹായകമാണ് രാമചരിതം - വിശദീകരിക്കുക.

SGOU

## Reference


1. ഡോ.എം.വി. വിഷ്ണുനമ്പൂതിരി, നാടോടി വിജ്ഞാനീയം, ഡി.സി. ബുക്സ്, കോട്ടയം.
2. ഡോ.എം.വി. വിഷ്ണുനമ്പൂതിരി, വടക്കൻപാട്ടുകഥകൾ, പൂർണ പബ്ളിക്കേഷൻസ്, കോഴിക്കോട്.
3. ഡോ.കെ.എം. ജോർജ്.(എ.ഡി.), സാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ, നാഷണൽ ബുക്ക് സ്റ്റാൾ, കോട്ടയം.
4. എൻ. കൃഷ്ണപിള്ള, കൈരളിയുടെ കഥ, ഡി.സി. ബുക്സ്, കോട്ടയം.
5. പി.വി. കൃഷ്ണൻ നായർ, രാമചരിതം ഒരു വിമർശനാത്മക പഠനം, എസ്.പി.സി.എസ്, കോട്ടയം.
6. ഡോ.എം. ലീലാവതി, മലയാള കവിതാ സാഹിത്യചരിത്രം, കേരള സാഹിത്യ അക്കാദമി, തൃശൂർ.
7. ഡോ.നടുവട്ടം ഗോപാലകൃഷ്ണൻ, പ്രാചീന മലയാള കാവ്യസുധ, മാളുബൻ പബ്ലിക്കേഷൻസ്, തിരുവനന്തപുരം.


SGOU

## Suggested Reading


1. മേലങ്ങത്ത് നാരായണൻകുട്ടി, സംഘസാഹിത്യചരിത്രം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
2. ഡോ.കെ. അയ്യപ്പപ്പണിക്കർ, ഇന്ത്യൻ സാഹിത്യചരിത്രം പ്രസക്തിയും സാധ്യതയും, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
3. എൻ.വി. കൃഷ്ണവാരിയർ, അകംകവിതകൾ, കേരള സാഹിത്യ അക്കാദമി, തൃശൂർ.
4. ത്രിവിക്രമൻ തമ്പി, തെക്കൻപാട്ടുകൾ ഒരു പഠനം, കേരള സാഹിത്യ അക്കാദമി, തൃശൂർ.
5. പ്രൊഫ.ജെ. പദ്മകുമാരി, തെക്കൻപാട്ടുകൾ പാഠവും പഠനവും, കേരള സാഹിത്യ അക്കാദമി, തൃശൂർ.

# മണിപ്രവാളം

# BLOCK - 02

SGOU

BLOCK - 2

# യൂണിറ്റ് - 1 മണിപ്രവാളം

## Learning Outcomes

- മണിപ്രവാള നിർവചനവും സാഹിത്യവും മനസ്സിലാക്കുന്നു
- പ്രാചീന ചമ്പുക്കൾ പരിചയപ്പെടുന്നു
- അച്ചീചരിതങ്ങളിലെ ഭാഷ, പ്രമേയം അറിയുന്നു
- മധ്യകാലചമ്പുക്കളുടെ സവിശേഷതകൾ മനസ്സിലാക്കുന്നു

SGOU

## Prerequisite

ആയിരം വർഷം മുൻപുള്ള നമ്മുടെ കേരളം ഒന്ന് സങ്കല്പിച്ചു നോക്കൂ. അന്ന് വേഷം, പാർപ്പിടം, ആചാരം, ഭക്ഷണം, തൊഴിൽ, ഭാഷ എന്നിവ ഇന്നത്തേതിൽ നിന്നും വളരെയേറെ വ്യത്യസ്തമായിരുന്നു. അന്ന് നമ്മുടെ ദേശത്തെ കേരളം എന്നല്ല അറിയപ്പെട്ടിരുന്നത്. പകരം ഭാഷയുടെ പേരിൽ മലയാളനാട് എന്നാണ് അറിയപ്പെട്ടിരുന്നത്. ദ്രാവിഡഭാഷകളുൾപ്പെടെ എല്ലാ പ്രധാന ഭാഷകളിലും സംസ്കൃതത്തിന്റെ സ്വാധീനം പ്രകടമാണ്. കന്നട, തെലുങ്ക് എന്നീ ഭാഷകളെപ്പോലെ മലയാളവും സംസ്കൃതത്തിൽ നിന്നും പദങ്ങൾ സ്വീകരിക്കുകയും പ്രബല സംസ്കൃതസാഹിത്യ പ്രസ്ഥാനങ്ങളെ പിന്തുടരുകയും ചെയ്തു. കൂടാതെ സാഹിത്യസൃഷ്ടിക്കായി ഭാഷയും സംസ്കൃതവും പ്രത്യേക രീതിയിൽ സംയോജിപ്പി(സംയോഗം)ക്കുകയുണ്ടായി. സവിശേഷമായ ഈ ഭാഷമിശ്രരീതിയാണ് 'മണിപ്രവാളം'എന്ന പേരിൽ അറിയപ്പെടുന്നത്. കേരളഭാഷയുടെയും സാഹിത്യത്തിന്റെയും വികാസപരിണാമപ്രക്രിയയിൽ നിർണ്ണായക സ്വാധീനം ചെലുത്തിയ ഒന്നാണ് മണിപ്രവാളപ്രസ്ഥാനം. എ.ഡി. പത്താം ശതകത്തോടുകൂടി മണിപ്രവാളം തെക്കേഇന്ത്യയിൽ പ്രചാരത്തിലുണ്ടായിരുന്നു എന്ന് രാജരാജചോളന്റെ ചെമ്പിയൻ മഹാദേവീ ശാസനത്തിൽ നിന്ന് മനസ്സിലാക്കാം. 11-ാം ശതകത്തിലുണ്ടായ വീരചോഴിയം എന്ന തമിഴ് വ്യാകരണഗ്രന്ഥത്തിൽ മണിപ്രവാളത്തെക്കുറിച്ച് പരാമർശിക്കുന്നുണ്ട്.

മണിപ്രവാള ലക്ഷണഗ്രന്ഥമാണ് ലീലാതിലകം. ലീലാതിലകാചാര്യൻ മണിപ്രവാളത്തിന് 'ഭാഷാസംസ്കൃതയോഗോ മണിപ്രവാളം', എന്ന് ലക്ഷണം നിർവചിക്കുന്നു. അതായതു മാണിക്യവും പവിഴവും ചേർത്തുകൊണ്ട് ഒരു മാല നിർമ്മിച്ചാൽ എപ്രകാരം വർണ്ണൈക്യം കാണും എന്നതുപോലെ മണിപ്രവാളത്തിൽ മലയാളവും സംസ്കൃതവും വേർതിരിച്ചറിയാൻ പറ്റാത്ത വണ്ണം സാമ്യം വേണമെന്ന് ആചാര്യൻ പറയുന്നു. യോഗമെന്നാൽ അത് വായിക്കുന്നവർക്ക് സന്തോഷം നൽകുന്ന തരത്തിലുള്ള ചേർച്ച എന്നാണ് അർഥം.

ആട്ടപ്രകാരത്തിൽ ഉദ്ധരിച്ചിട്ടുള്ള ഏതാനും പദ്യങ്ങളും വൈശികതന്ത്രവുമാണ് ലഭ്യമായിട്ടുള്ള മണിപ്രവാളകൃതികളിൽ പ്രാചീനതമം. വളരെ കുറച്ച് കൃതികൾ മാത്രമേ മണിപ്രവാളപ്രസ്ഥാനത്തിന്റെ സംഭാവനയായി നമുക്ക് ലഭിച്ചിട്ടുള്ളു. വൈശികതന്ത്രം, ഉണ്ണിച്ചിരുതേവിചരിതം,

ഉണ്ണിയച്ചിചരിതം, ഉണ്ണിയാടീചരിതം എന്നീ മൂന്നു ചമ്പുക്കളും ഉണ്ണുനീലിസന്ദേശം, കോകസന്ദേശം, ശുകസന്ദേശം എന്നീ സന്ദേശകാവ്യങ്ങളും ഉത്തരാചന്ദ്രിക, കൗണോത്തര, ഇളയച്ചി, മേദിനീവെണ്ണിലാവ്, ചെറിയച്ചി, മല്ലീനിലാവ്, ചന്ദ്രോത്സവം, തുടങ്ങിയ ലഘുകാവ്യങ്ങളും ഉൾപ്പെടുന്നതാണ് പ്രധാനപ്പെട്ട പ്രാചീന മണിപ്രവാളകൃതികൾ. മലയാളനാട്ടിലെന്നപോലെ ഇന്ത്യയിലെ മറ്റു ഭാഷകളിലും മണിപ്രവാളകൃതികൾ രചിക്കപ്പെട്ടിട്ടുണ്ട്. ദേവദാസിമാരെ നായികമാരാക്കിയുള്ള പ്രണയകാവ്യങ്ങളുടെ രചനയായിരുന്നു അക്കാലത്തെ മുഖ്യസാഹിത്യപ്രവണത. രാജാക്കന്മാരും ദേവദാസികളും തമ്മിലുള്ള ബന്ധത്തിന്റെ പരിച്ഛേദമാണ് മിക്കകൃതികളിലും കാണുക. ലീലാതിലകത്തിൽ വിശദമാക്കുന്ന മണിപ്രവാള വ്യവസ്ഥകളെല്ലാം പാലിക്കപ്പെടുന്നത് ചന്ദ്രോത്സവം വരെയുള്ള കൃതികളിലാണ്. പില്കാലത്ത് രചിക്കപ്പെട്ട മധ്യകാലചമ്പുക്കൾ ഭാഷാപരമായും പ്രമേയപരമായും ആദ്യകാല മണിപ്രവാളകൃതികളിൽ നിന്നും വ്യത്യസ്തത പുലർത്തുന്നു.

**Keywords**

മണിപ്രവാളം - പ്രചീനചമ്പുക്കൾ - അച്ചീചരിതങ്ങൾ - ഉണ്ണിയച്ചീചരിതം - ചന്ദ്രോത്സവം - സന്ദേശകാവ്യങ്ങൾ - ഉണ്ണുനീലിസന്ദേശം - ഭാഷാരാമായണം ചമ്പു - ഭാഷാനൈഷധം ചമ്പു

## Discussion

## 2.1.1 മണിപ്രവാളം

ചെന്തമിഴിനോട് ആഭിമുഖ്യമില്ലാതിരുന്ന നമ്പൂതിരിമാർ കൊടുന്തമിഴും സംസ്കൃതവും കൂട്ടിച്ചേർത്ത് ഒരു പുതിയ ഭാഷയുണ്ടാക്കി, ആ ഭാഷയിൽ കൃതികൾ രചിക്കാൻ തുടങ്ങി. ത്രൈവർണ്ണികർ, നായന്മാരെയും തങ്ങളുടെ സ്ത്രീകളെയും ബാലന്മാരെയും സാഹിത്യരസം ആസ്വദിപ്പിക്കാൻ തയ്യാറായി. അങ്ങനെയാണ് കേരളത്തിൽ മണിപ്രവാളം എന്ന കാവ്യപ്രസ്ഥാനം ആരംഭിച്ചതെന്നും ഉദ്ദേശം ക്രിസ്തുവർഷം എട്ടാംശതകം മുതൽ മണിപ്രവാളം ഉണ്ടായതായി സങ്കല്പിക്കാമെന്നും ഉള്ളൂർ കേരളസാഹിത്യചരിത്രത്തിൽ പറയുന്നു. പതിനൊന്നാം ശതകത്തിന്റെ അവസാനകാലത്ത് കുലശേഖരഭരണത്തിന് ശൈഥില്യം സംഭവിച്ചതോടെ ബ്രാഹ്മണമേധാവിത്വം ഭരണരംഗത്ത് പിടിമുറുക്കിത്തുടങ്ങി. ബ്രാഹ്മണമേധാവിത്വം ശക്തമായതോടെ സംസ്കൃതം പണ്ഡിതഭാഷയാവുകയും സംസ്കാരമെന്നത് ബ്രാഹ്മണ സംസ്കാരമാവുകയും ചെയ്തു. കേരളഭാഷയിൽ തമിഴിന്റെ സ്ഥാനത്ത് സംസ്കൃതം കടന്നുവരികയും 'ഭാഷാസംസ്കൃതയോഗം' സംഭവിക്കുകയും ചെയ്തു. മധ്യകാലഘട്ടത്തിലാണ് ഈ ഭാഷാമിശ്രണം വലിയ തോതിൽ നടന്നത്. സംസ്കൃത വിദ്യാഭ്യാസത്തിന്റെ പ്രചാരവും ക്ഷേത്രകലകളുടെ വളർച്ചയും മണിപ്രവാളത്തിന്റെ വളർച്ച വേഗത്തിലാക്കി. അങ്ങനെ തുടങ്ങിയ മണിപ്രവാള സാഹിത്യം എഴുത്തച്ഛന്റെ കാലം വരെ ശക്തമായി തുടർന്നുപോന്നു.

മണിപ്രവാളശ്ലോകങ്ങളും മറ്റും പാഠകം പോലുള്ള കലകളിൽ ഉപയോഗിച്ചിരുന്നു. 'മണിപ്രവാളവിഷയത്തെപ്പറ്റി ആരും നിയമം നിർമ്മിച്ചിരുന്നില്ലെങ്കിലും രാജസ്തുതി, ദേവസ്തുതി തുടങ്ങിയ വിഷയങ്ങളെക്കുറിച്ച് നിർമ്മിച്ച കവിതകൾ ഈ പ്രസ്ഥാനത്തിൽ കാണുന്നുണ്ട്. ഉപരിവർഗീയരുടെ ആ സാഹിത്യത്തിൽ പ്രതിപാദ്യങ്ങളായി ഭവിച്ചത് സ്ത്രീപരമായ പുരുഷാഭിലാഷം, അഭിലാഷസിദ്ധിക്കുവേണ്ടിയുള്ള

SGOU

അഭ്യർഥന, സ്ത്രീസൗന്ദര്യത്തിന്റെ സാംഗോപാംഗവർണ്ണനം, മലർബാണ കേളീവിരുതിന്റെ വിവരണം, ഭൂതകാല രത്യാനുഭൂതികളുടെ സ്മരണചർവണങ്ങൾ എന്നിവയായിരുന്നതിനാലാകാം, മണിപ്രവാളമെന്നാൽ ശൃംഗാരകവിത എന്ന ധാരണ പരക്കെയുണ്ടായി' എന്ന് ഡോ. പി.കെ. നാരായണപിള്ള പദ്യരത്നത്തിന്റെ അവതാരികയിൽ പറഞ്ഞിട്ടുള്ളത് ശ്രദ്ധേയമാണ്. മലയാളത്തിൽ മണിപ്രവാളപ്രസ്ഥാനം ഉയർന്നനിലയിലിരുന്ന കാലത്താണ്, പതിമൂന്നാം ശതകം മുതൽ പതിനേഴാം ശതകം വരെയാണ് തമിഴിലും മണിപ്രവാളത്തിനു പ്രാധാന്യമുണ്ടായിരുന്നതെന്ന വസ്തുത രസാവഹവും ചിന്താർഹവുമാണ്. വിഭക്ത്യന്ത സംസ്കൃതപദങ്ങളും തമിഴും ചേർത്തുള്ള മണിപ്രവാളം പോലും വിരളമായിട്ടെങ്കിലും തമിഴിൽ കാണാം' എന്ന് പ്രൊഫ. എൻ. കൃഷ്ണപിള്ള കൈരളിയുടെ കഥ'യിൽ അഭിപ്രായപ്പെടുന്നു. 'ലീലാതിലക പദ്യങ്ങളും പദ്യരത്നവുമാണ് മണിപ്രവാളപഠനത്തിന് ഏറ്റവും ഉപകരിക്കുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർക്കുന്നുണ്ട്.

കൂടിയാട്ടത്തിലെ ഛായാശ്ലോകങ്ങളിലും തോലകവിയുടെ ഹാസ്യശ്ലോകത്തിലും മണിപ്രവാളത്തിന്റെ തുടക്കം കാണാം. കൂടിയാട്ടത്തിൽ നായകനും മറ്റും ചെയ്യുന്ന സംസ്കൃതശ്ലോകങ്ങൾക്കു പകരം വിദൂഷകൻ മണിപ്രവാളത്തിൽ പ്രതിശ്ലോകങ്ങൾ ചൊല്ലുകയും ഭാഷയിൽ തന്നെ അർഥം വിവരിക്കുകയും ചെയ്യുന്നത് തോലൻ വരുത്തിയ പരിഷ്കാരമാണ്. അശനം, രാജസേവ, വിനോദം, വഞ്ചനം എന്നിങ്ങനെ ഓരോ ദിവസമായി അഭിനയിച്ച് ആളുകളെ രസിപ്പിക്കാനായി വിദൂഷകൻ നടത്തിയിരുന്ന പുരുഷാർഥക്കൂത്ത് മിശ്രഭാഷയിൽ തോലൻ രചിച്ചതാണ്. ആട്ടപ്രകാരങ്ങൾ, ആർച്ചാകൂത്ത്, ഒരുവങ്കൂത്ത്, മന്ത്രാങ്കം ഇവയൊക്കെ മണിപ്രാളകവികൾക്ക് പരിചിതമായിരുന്നു എന്നും ഊഹിക്കാം. കൂത്തിലും പാഠകത്തിലും കഥാകഥനത്തിന് ഉപയോഗിച്ചു പോന്ന വ്യവഹാരഭാഷയോടടുപ്പമുള്ള മിശ്രഭാഷയിൽ വിഭക്ത്യന്തപദങ്ങൾ ചേർത്ത് ആരിയച്ചിതവുവന്ന രൂപങ്ങളെ മാറ്റി നിർത്തി വാർത്തെടുത്ത ഭാഷയാണ് മണിപ്രവാളം എന്ന് ചുരുക്കത്തിൽ പറയാം. പ്രാചീന മണിപ്രവാളത്തിലെ ആദ്യകൃതി വൈശികതന്ത്രവും അവസാനകൃതി ചന്ദ്രോത്സവവുമാണ്.

## മണിപ്രവാളം - ലക്ഷണം, നിർവചനം

പതിനാലാം നൂറ്റാണ്ടിൽ രചിക്കപ്പെട്ട ലീലാതിലകമാണ് മണിപ്രവാളത്തിന്റെയും പാട്ടിന്റെയും ലക്ഷണം കല്പിച്ചിട്ടുള്ള ആധികാരിക ഗ്രന്ഥം. സംസ്കൃതഭാഷയിലാണ് ഈ ഗ്രന്ഥം രചിച്ചിട്ടുള്ളത്. പില്കാലത്ത് നിരവധി വ്യാഖ്യാനങ്ങൾ ലീലാതിലകത്തിനുണ്ടായി. എട്ടു ശില്പങ്ങളുള്ള ലീലാതിലകത്തിലെ ഒന്നാം ശില്പത്തിലെ പ്രഥമസൂത്രത്തിലാണ് മണിപ്രവാളലക്ഷണം പറയുന്നത്. 'ഭാഷാസംസ്കൃതയോഗോ മണിപ്രവാളം' എന്നാണ് ലീലാതിലകം നൽകുന്ന നിർവചനം. ഭാഷയെന്നാൽ കേരളഭാഷ. 'ഭാഷാമിശ്രം പൊഴുതുകഥയാമി' എന്ന് മുഹൂർത്തവിധി എന്ന ജ്യോതിഷഗ്രന്ഥത്തിലും കാണുന്നുണ്ട്. 'ഭാഷാമിശ്ര' മെന്നാൽ സംസ്കൃതത്തോടു മലനാട്ടുതമിഴ് കലർന്ന മിശ്രഭാഷ. യാതൊരു നിയമവും കൂടാതെ നമ്പൂതിരിമാർ ആദ്യകാലത്ത് ഉപയോഗിച്ചിരുന്ന ഈ വെങ്കലഭാഷയിൽ നിന്നാണ് മണിപ്രവാളം ഉടലെടുത്തത് എന്ന് പ്രൊഫ. ഇളംകുളം കുഞ്ഞൻപിള്ള ലീലാതിലക വ്യാഖ്യാനത്തിൽ പ്രസ്താവിക്കുന്നുണ്ട്.

അഞ്ചാംശതകം മുതൽ പാട്ട് മലയാളത്തിൽ പ്രചരിച്ചിരുന്നു എങ്കിലും മണിപ്രവാളം എട്ടാംശതകത്തോടുകൂടി മാത്രമേ പ്രചാരത്തിൽ വന്നുള്ളൂ എന്ന് ഉള്ളൂർ കരുതുന്നു. ചെന്തമിഴിലും മണിപ്രവാളമുണ്ടായിരുന്നതായി അദ്ദേഹം ചൂണ്ടിക്കാട്ടുന്നു. സംഘം കൃതികളിലൊന്നായ 'അകനാനൂറി'ന്റെ മധ്യ ഭാഗത്തിന് 'മണിമിടൈപവളം' എന്നാണ് പേര്. ഇത് മണിപ്രവാളത്തെ സൂചിപ്പിക്കുന്നതാണ്. 'മഹിളാളി മഹാസ്പദ' മെന്ന പേരിലാണ് ഏറെക്കാലം മണിപ്രവാളകവിതയും സാഹിത്യവും അറിയപ്പെട്ടത്. ഡോ. പി.വി. വേലായുധൻപിള്ള 'മധ്യകാലമലയാളം' എന്ന പുസ്തകത്തിൽ മണിപ്രവാളത്തിന്റെ മൂന്ന് പ്രധാന സ്വഭാവങ്ങൾ ചൂണ്ടിക്കാട്ടുന്നു.

1. ഭാഷാമിശ്രണം,
2. രംഗകലകളുമായുള്ള ബന്ധം
3. മഹിളാളി മഹാസ്പദം



SGOU
SREENARAYANAGURU OPEN UNIVERSITY

വിഭക്ത്യന്ത സംസ്കൃതപദമാണ് 'സംസ്കൃതം' കൊണ്ട് ഉദ്ദേശിക്കുന്നത്. സഹൃദയഹൃദയാകർഷകമാം വണ്ണമുള്ള സന്നാഹമാണ് 'യോഗം'. അത് നിയമേന ദോഷരഹിതവും ഗുണയുക്തവുമായിരിക്കുന്നതിനാലും രസാലങ്കാരങ്ങൾ യുക്തം പോലെ ചേർക്കുന്നതിനാലുമാണ് ഉണ്ടാകുന്നത്. പദ്യത്തിൽ പദബന്ധവും ദീക്ഷിക്കണം. നമ്പ്യാന്മാർ കൂത്തിലും മറ്റും കഥാപ്രസംഗം ചെയ്യുന്നതിന് 'തമിഴ്' എന്നാണ് പറയുന്നത്. അതിലാകട്ടെ ഭാഷാസംസ്കൃതയോഗവുമുണ്ട്. എന്നാലത് മണിപ്രവാളമല്ല. കാരണം അതിൽ വിഭക്ത്യന്ത സംസ്കൃതപദങ്ങൾ ഉപയോഗിക്കുന്നില്ല. അതുപോലെ 'ആലത്തൂർ മണിപ്രവാളം' എന്ന വൈദ്യഗ്രന്ഥത്തിൽ രസികന്മാരെ രസിപ്പിക്കത്തക്കവണ്ണമുള്ള ഭാഷാസംസ്കൃതയോഗമില്ല. രസഅഭാവം തന്നെ കാരണം. അതുകൊണ്ട് 'ആലത്തൂർ മണിപ്രവാളവും ലീലാതിലകകാരന്റെ ലക്ഷണത്തിൽ വരുന്നില്ല. ചികിത്സാരീതികളും മറ്റും വിവരിക്കുന്നതിൽ എന്തു രസമാണുള്ളതെന്നും ലീലാതിലകകാരൻ ചോദിക്കുന്നു. ആലത്തൂർ മണിപ്രവാളത്തെ വാസ്തവത്തിൽ ഭാഷാമിശ്രിതമെന്നല്ലാതെ മണിപ്രവാളമെന്നു പറയുന്നത് ശരിയല്ലെന്ന് ഇളംകുളവും അഭിപ്രായപ്പെടുന്നു. ഭാഷാസംസ്കൃതങ്ങളുടെ യോഗം ആ വൈദ്യഗ്രന്ഥത്തിലില്ല.

ലീലാതിലകത്തിലെ പ്രസിദ്ധമായ കൂന്തൽ വാദത്തിൽ ഇക്കാര്യം വ്യക്തമാക്കുന്നുണ്ട്. മണിപ്രവാളത്തിൽ കേരളഭാഷയും സംസ്കൃതഭാഷയുമല്ലാതെ മറ്റൊന്നും ചേരുകയില്ല. കേരള ഭാഷാസംസ്കൃതയോഗം മാത്രമാണ് മണിപ്രവാളം. അതിൽ മറ്റൊരു ഭാഷയ്ക്കും പ്രവേശനമില്ല (ലീലാതിലകം, പുറം 40-42). അത് കേരളഭാഷാസംസ്കൃതയോഗത്തിൽ മാത്രം രൂഢിയായിത്തീർന്നിട്ടുള്ളതാണ്. കേരള ഭാഷയുടെയും വിഭക്ത്യന്ത സംസ്കൃതപദങ്ങളുടെയും ഹൃദ്യമായ മേളനം എന്ന് ലീലാതിലകകാരൻ വിശദീകരിക്കുന്നു. മണി എന്നാൽ മാണിക്യം (പത്മരാഗം) എന്നർഥം. മാണിക്യവും പവിഴവും ചെന്നൂലിൽ കോർത്താലെന്നപോലെ തിരിച്ചറിയാൻ സാധിക്കാത്തവിധം വേണം മണിപ്രവാളം ചമയ്ക്കാൻ എന്ന് ലീലാതിലകകാരൻ വിശദീകരിക്കുന്നു. സംസ്കൃതത്തിൽ മണിക്ക് രത്നം എന്നാണർഥമെന്നും അപ്രകാരം നോക്കുമ്പോൾ വെളുത്തമുത്തും ചുവന്ന പവിഴവും ചേരുമ്പോൾ ഉണ്ടാകുന്ന വർണ്ണശബളതയുടെ ആകർഷണമാണ് ഭാഷാസംസ്കൃതയോഗത്തെ മണിപ്രവാളമെന്ന് വിശേഷിപ്പിക്കുന്നതിന് അടിസ്ഥാനമെന്ന് അഭിപ്രായപ്പെടുന്നവരുമുണ്ട്. എന്നാൽ മാണിക്യവും പവിഴവും ചേർന്നാലുള്ള വർണ്ണൈക്യമാണ് മണിപ്രവാളത്തിന്റെ ആകർഷകത്വമെന്നാണ് ലീലതിലകകാരന്റെ നിലപാട്. 'തമിഴ്മണി സംസ്കൃത പവിഴം കോക്കിന്റേൻ വൃത്തമാന ചെന്നൂന്മേൽ' എന്ന് 'യോഗപഞ്ചശതം' എന്ന വൈദ്യഗ്രന്ഥത്തിൽ കാണുന്നു.

'തമിഴ് സംസ്കൃതമെന്റുള്ള സുമനസ്സുകൾ കൊണ്ടൊരു ഇണ്ടമാല തൊടുക്കിന്റേൻ പുണ്ഡരീകാക്ഷപൂജയായ്' എന്ന് 'അനന്തപുരവർണ്ണന' ത്തിലും കാണുന്നുണ്ട്. ഇവിടെ സുമനസ്സുകളെന്നാൽ പുഷ്പങ്ങളാണ്. 'ഇണ്ടമാല' എന്നാൽ ചുവന്നതും വെളുത്തതുമായ പൂക്കൾ ഇടകലർത്തി കെട്ടിയുണ്ടാക്കുന്നതാണ്. പുണ്ഡരീകാക്ഷൻ വിഷ്ണുവാണ്. 'തമിഴ്മണി' എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് കേരളഭാഷയാണ്. ചുരുക്കത്തിൽ 'ഭാഷാസംസ്കൃതയോഗം' എന്ന് മണിപ്രവാളത്തെ നിർവചിക്കുമ്പോൾ, സഹൃദയഹൃദയാഹ്ലാദകമായ ചേർച്ചയാണ് യോഗം കൊണ്ട് ഉദ്ദേശിക്കുന്നതെന്ന് സാമാന്യമായി പറയാം. സംസ്കൃതം ഇവിടെ മാത്രമല്ല, തെലുങ്കുമായും കന്നടവുമായും ഇടകലർന്ന് മണിപ്രവാളതുല്യമായ സാഹിത്യമുണ്ടായിട്ടുണ്ട്.

മണിപ്രവാളത്തെ 'ലീലാതിലകകാരൻ ആദ്യം ഉത്തമം, മധ്യമം, അധമം എന്നിങ്ങനെ മൂന്നായി തിരിക്കുന്നു. ഈ മൂന്നിൽ ഉത്തമം, ഉത്തമകല്പം, മധ്യമം, മധ്യമകല്പം, അധമം എന്നിങ്ങനെ അഞ്ചായും ഇതിനെ ഉത്തമം ഒന്ന്, ഉത്തമ കല്പം നാല്, മധ്യമം ഒന്ന്, മധ്യമകല്പം മൂന്ന്, അധമം ഒന്ന് എന്നിങ്ങനെ ഒൻപതായും തിരിക്കുന്നു.

പില്കാലത്ത് മണിപ്രവാളഭാഷയെ ദൃശ്യകലാസാഹിത്യത്തിന് ഫലപ്രദമായി ഉപയോഗിച്ചത് ആട്ടക്കഥാകൃത്തുക്കളും കുഞ്ചൻനമ്പ്യാരുമാണ്. ആട്ടക്കഥയുടെ ഭാഷാസ്വരൂപത്തിൽ ശ്ലോകം സംസ്കൃതത്തിലും പദം മണിപ്രവാളത്തിലുമാകണമെന്ന് നിഷ്കർഷിച്ചത് കോട്ടയത്തുതമ്പുരാനാണ്. പിന്നീട് മണിപ്രവാളത്തെ സ്വാതന്ത്ര്യത്തോടെ എടുത്തുപയോഗിച്ചത് ഉണ്ണായി

SGOU

വാര്യരാണ്. 'നളചരിതം' ആട്ടക്കഥയെ ഒന്നാന്തരം മണിപ്രവാളകൃതിയായി ഏ.ആറും (കാന്താരതാരകം)കുട്ടിക്കൃഷ്ണമാരാരും (നളചരിതത്തിലൂടെ) പരിഗണിക്കുന്നു. 'ഭാഷയേറിവരുന്ന നല്ല മണിപ്രവാളമതെങ്കിലോ ദൂഷണം വരുവാനുമില്ല, വിശേഷഭൂഷണമായ് വരും' എന്ന് സഭാപ്രവേശം പറയൻതുള്ളലിലും, 'മധുരിപുചരിതം മനോഭിരാമം മധുരപദാകലിതം മണിപ്രവാളം' എന്ന് ശ്രീകൃഷ്ണചരിതം മണിപ്രവാളത്തിലും നമ്പ്യാർ പ്രസ്താവിക്കുന്നുണ്ട്. 'കവിതാരചനയുടെ കാര്യത്തിൽ ഒരുതരം പൂർണ്ണതാവാദി (perfectionist) കളായിരുന്നു മണിപ്രവാളകവികൾ എന്നു കരുതണം. തങ്ങൾക്ക് പറയാനുള്ളത് സഫലമായി, ഹൃദ്യമായി, സുശക്തമായി ആവിഷ്കരിക്കുന്നതിന് വളരെയേറെ നിഷ്കർഷയുണ്ടായിരുന്നു അവർക്ക്' എന്ന ഡോ. പി.വി. വേലായുധൻ പിള്ളയുടെ നിരീക്ഷണം ശ്രദ്ധേയമാണ്. ബിംബകല്പനകൾ അവർക്ക് വളരെ പഥ്യമായിരുന്നു. പലപ്പോഴും ധ്വനനശക്തിയുള്ള ബിംബങ്ങൾ കൊണ്ട് തങ്ങളുടെ കവിതയെ അവർ അലങ്കരിച്ചിരുന്നു. അചുംബിതമെന്ന് പറയാവുന്ന അനേകം ബിംബങ്ങൾ നമുക്ക് മണിപ്രവാളകൃതിയിൽ ചൂണ്ടിക്കാട്ടാം' എന്നാണ് പി.വി. വേലായുധൻ പിള്ളയുടെ അഭിപ്രായം.

രംഗകലാസാഹിത്യം ഭാവാഭിനയപ്രധാനവും രസപോഷകവുമാണ്. നാട്യത്തിന്റെ ആത്മാവ് രസമാണ്. നാട്യരസത്തിലേക്കുള്ള പ്രധാന കാവ്യമാർഗം മണിപ്രവാളഭാഷയാണ്. മണിപ്രവാളത്തെ ലളിതമായി നിർവചിച്ചുകൊണ്ട് ഡോ. എസ്.കെ. വസന്തൻ പറയുന്നു. 'മുൻകാലങ്ങളിൽ ഭക്തിയോ ശൃംഗാരമോ ആയിരുന്നു മണിപ്രവാളരചനയുടെ സാമാന്യസ്വരം. ആട്ടക്കഥകളും ചമ്പുക്കളും ചന്ദ്രോത്സവ കൃതികളും നിരവധി മുക്തകങ്ങളും മണിപ്രവാള സാഹിത്യശാഖയെ സമ്പന്നമാക്കി' (നമ്മൾ നടന്ന വഴികൾ). അഭിനയസാഹിത്യത്തിന്റെയും രംഗകലകളുടെയും ഉത്ഭവ, വികാസ, പരിണാമചരിത്രത്തിൽ ഒട്ടേറെ സംഭാവനകൾ നല്കിയ സാഹിത്യഭാഷയാണ് മണിപ്രവാളം. "മലയാളഭാഷയുടെ അപാരമായ കാവ്യരചനാസാധ്യതകൾ ഹൃദ്യമായി അനാവരണം ചെയ്യുന്നത് പ്രാചീന മണിപ്രവാളചമ്പുക്കളാണ്. ഈ കൃതികൾക്കുള്ള ഭാഷാപരവും സാഹിത്യപരവും കലാപരവും ചരിത്രപരവുമായ പ്രാധാന്യം നാം തിരിച്ചറിഞ്ഞിട്ടില്ല." എന്ന് ഡോ. പുതുശ്ശേരി രാമചന്ദ്രൻ പ്രസ്താവിക്കുന്നു (അവതാരിക, ഉണ്ണിയച്ചീചരിതം). മണിപ്രവാളലക്ഷണഗ്രന്ഥമായ ലീലാതിലകത്തിന് കവിതാചരിത്രത്തിൽ സ്ഥാനം ലഭിക്കുന്നത് മണിപ്രവാള മുക്തകങ്ങളെ ഉൾപ്പെടുത്തിയതു കൊണ്ടാണെന്ന് ഡോ.എം. ലീലാവതിയും പറയുന്നു.

### അച്ചീചരിതങ്ങൾ

മണിപ്രവാളം എന്ന പദം പ്രാരംഭത്തിൽ ഭാഷാമിശ്രണത്തെ ദ്യോതിപ്പിക്കുന്ന ലക്ഷണമായിരുന്നുവെങ്കിലും പിന്നീട് അതിന് സാഹിത്യപരാമർശകമായ ഒരു അർഥം വന്നുചേർന്നു. അതിൽത്തന്നെ "മഹിളാളി മഹാസ്പദാ" എന്ന മറ്റൊരു സങ്കല്പവും കലർന്നു എന്ന് എം. ലീലാവതി സൂചിപ്പിക്കുന്നു (മലയാള കവിതാസാഹിത്യചരിത്രം, പുറം. 42), ശൃംഗാരപ്രധാനമാണ് മണിപ്രവാളം എന്നതുകൊണ്ടായിരിക്കണം ആ ലക്ഷണഗ്രന്ഥത്തിന് 'ലീലാതിലകം' എന്ന പേരുവന്നതെന്നും അവർ പറയുന്നു. അതുപോലെ പ്രാചീനമണിപ്രവാളത്തെപ്പറ്റിയുള്ള പരാമർശം വൈശികതന്ത്രം, അച്ചീചരിതങ്ങൾ, ചമ്പുക്കൾ മുതലായവയെക്കാൾ ഏറെ പ്രാചീനമെന്ന് കരുതിവരുന്ന ഒറ്റശ്ലോകങ്ങൾ കൊണ്ടേ ആരംഭിക്കാവൂ എന്നും ലീലാവതി പറയുന്നത് ശ്രദ്ധേയമാണ്. മണിപ്രവാളസാഹിത്യശാഖയിൽ 'ചെറിയച്ചി', 'മല്ലീനിലാവ്' തുടങ്ങിയ ലഘുകാവ്യങ്ങളും 'ഉണ്ണിയച്ചീചരിതം', 'ഉണ്ണിയാടീചരിതം', 'ഉണ്ണിച്ചിരുതേവീചരിതം' എന്നീ മൂന്ന് അച്ചീചരിതങ്ങളും ഉണ്ണുനീലിസന്ദേശം', 'കോകസന്ദേശം' തുടങ്ങിയ സന്ദേശകാവ്യങ്ങളും 'ചന്ദ്രോത്സവം, 'വൈശികതന്ത്രം' തുടങ്ങിയ കൃതികളും പ്രധാനപ്പെട്ടവയാണ്. കൂടാതെ ചമ്പുക്കൾ - പ്രാചീന മധ്യകാല ആധുനിക ചമ്പുക്കളും, ഇതര രാജസ്തുതികളും സ്ത്രീകീർത്തനങ്ങളും മുക്തകങ്ങളും ഇക്കൂട്ടത്തിലുണ്ട്. ചമ്പുക്കളിൽത്തന്നെ മധ്യകാലചമ്പുക്കളിലധികവും ക്ഷേത്രകേന്ദ്രിതങ്ങളും ഭക്തിരസപ്രധാനവുമാണ്. പ്രത്യേകിച്ചും നീലകണ്ഠകവികളുടെ കൃതികൾ.

## 2.1.2 പ്രാചീന ചമ്പുക്കൾ

ഭാരതീയ കാവ്യമീമാംസാകാരൻ ദണ്ഡിയാണ്

SGOU

ചമ്പുവിന് ആദ്യമായി ലക്ഷണം കല്പിച്ചിട്ടുള്ളത്. 'ഗദ്യപദ്യമയം കാവ്യം ചമ്പുരിത്യഭിധീയതേ' (കാവ്യാദർശം). ഗദ്യവും പദ്യവും ഇടകലർന്ന കാവ്യരചനയാണ് ചമ്പുക്കൾ. കഥാഭാഗം പദ്യത്തിലും വർണ്ണനകൾ ഗദ്യത്തിലുമായിരിക്കും. ചമ്പൂഗദ്യം താളബദ്ധമായിരിക്കും. തരംഗിണി എന്ന വൃത്തമാണ് പൊതുവെ ഉപയോഗിച്ചുകാണുന്നത്. മലയാളചമ്പുക്കളിൽ ഗദ്യം, പദ്യം, ദണ്ഡകം എന്നീ ക്രമത്തിലാണ് രചനാസമ്പ്രായം. ദണ്ഡകം ആദ്യം പ്രയോഗിച്ച സാഹിത്യരൂപമാണ് ചമ്പു. സംസ്കൃതത്തിൽ നിന്നും മലയാളം സ്വീകരിച്ച സാഹിത്യശാഖയാണിത്. കാലം കൊണ്ടും ഭാഷാപരമായ സവിശേഷതകൾ കൊണ്ടും 'ഉണ്ണിയച്ചി', 'ഉണ്ണിച്ചിരുതേവി', 'ഉണ്ണിയാടി' എന്നൊരു ക്രമം കല്പിക്കാമെന്ന് ഡോ. പുതുശ്ശേരി രാമചന്ദ്രൻ പറയുന്നു. 'ലീലാതിലകത്തിന് മുമ്പ് ഈ മൂന്ന് ചമ്പുക്കളും എഴുതപ്പെടുകയും പ്രചാരം നേടുകയും ചെയ്തിരുന്നു. മൂന്നു കൃതികളിലുമുള്ള ചരിത്രപരാമർശങ്ങളും സാമൂഹിക പരിസ്ഥിതികളും ഭാഷാപഠനത്തെ സഹായിക്കുന്നുണ്ടെന്നും അദ്ദേഹം പറയുന്നു (അവതാരിക, ഉണ്ണിയച്ചീചരിതം).

### 2.1.2.1 ഉണ്ണിയാടിചരിതം

കേരളവർമ്മയുടെയും മഹോദയപുരത്തിന്റെയും വർണ്ണനയുള്ള കാവ്യമാണിത്. കൂടാതെ ഭൂലോകം, തൃശ്ശിവപേരൂർ, കൊടുങ്ങല്ലൂർ, ഓടനാട്, കണ്ടിയൂർ മറ്റം, ശ്രീപർവ്വതം അങ്ങാടി തുടങ്ങിയ പ്രദേശങ്ങളും പരാമർശിക്കുന്നുണ്ട്. പ്രത്യേകിച്ചും കേരളത്തെ വർണ്ണിക്കുന്ന ഒരു ചമ്പൂകാവ്യമാണ് 'ഉണ്ണിയാടീചരിതം'.

'ഉണ്ണിയാടിചരിത'ത്തിന്റെ കാലം 14-ാം നൂറ്റാണ്ടിന്റെ അവസാനകാലമാണെന്ന് ഉള്ളൂർ അഭിപ്രായപ്പെടുന്നു. ഈ കാവ്യം കണ്ടെത്തി ഭാഷാത്രൈമാസികയിൽ ആദ്യം പ്രസിദ്ധീകരിച്ചതും ഉള്ളൂരാണ്. 14-ാം ശതകത്തിൽ ഓടനാട് ഭരിച്ചിരുന്ന ഇരവികേരളവർമ്മന്റെ സദസ്യനായിരുന്ന ദാമോദരചാക്യാരാണ് ഇതിന്റെ കർത്താവ്. ഓടനാട് ഇന്നത്തെ കായംകുളമാണ്. കേരളവർമ്മയ്ക്ക് ചെറുകര കുട്ടത്തിയെന്ന നർത്തകിയിൽ ജനിച്ച മകളാണ് ഉണ്ണിയാടി. "അച്ഛനെപ്പറ്റി പരാമർശമുള്ള ഒരേയൊരു മണിപ്രവാളനായിക ഉണ്ണിയാടിയാണ്. മറ്റെല്ലാ മണിപ്രവാളകൃതികളിലെ നായികമാർക്കും അമ്മയുണ്ടെന്നല്ലാതെ അച്ഛനാരെന്ന് പറയുന്നില്ല. ഇത് ആ കാലഘട്ടത്തെ ഉപരിവർഗസംസ്കാരത്തെ മനസ്സിലാക്കാൻ ഉതകുന്നു" എന്ന് ഡോ. പുതുശ്ശേരി രാമചന്ദ്രൻ ചൂണ്ടിക്കാട്ടുന്നു (ഉണ്ണിയച്ചീചരിതം - അവതാരിക). ദാമോദരചാക്യാർ സംസ്കൃതത്തിൽ 'ശിവവിലാസം' എന്നൊരു കാവ്യവും രചിച്ചിട്ടുണ്ട്. പ്രാവൃട്ട് എന്ന അപ്സരസ്സിന്റെ അവതാരമാണ് ഉണ്ണിയാടി. ചന്ദ്രൻ പ്രാവൃട്ട് എന്ന ഗന്ധർവസ്ത്രീയുമായി ക്രീഡിച്ചതറിഞ്ഞ് രോഹിണിയുടെ ശാപം മൂലം ഭൂമിയിൽ വന്നു പിറന്നവളാണിവൾ. ചെറുകരകുട്ടത്തിയെയും ഉണ്ണിയാടിയെയും ഉണ്ണുനീലി സന്ദേശത്തിൽ സ്മരിച്ചുകാണുന്നു. ഭൂമിയിൽ വന്നു പിറന്ന ഗന്ധർവയുവതിയിൽ ചന്ദ്രന് വീണ്ടും അനുരാഗമുണ്ടാകുന്നതും ചന്ദ്രഹൃദയം ഹരിക്കുമാറ് മോഹനരാഗമുതിർത്ത ഉണ്ണിയാടിയെ പാദാദികേശം വർണ്ണിച്ച് കൃതാർഥനാകുന്നിടത്തുമാണ് കാവ്യം അവസാനിക്കുന്നത്.

### 2.1.2.2 ഉണ്ണിച്ചിരുതേവീചരിതം

ഒരു ആര്യവൃത്തശ്ലോകമൊഴിച്ചാൽ ശേഷമെല്ലാം ഗദ്യരൂപത്തിലാണെങ്കിലും ഇതൊരു ചമ്പൂകാവ്യമായിട്ടാണ് ഉള്ളൂർ കരുതുന്നത്. നർത്തകിയും സുന്ദരിയുമായ ഉണ്ണിച്ചിരുതേവിയിൽ ഭ്രമിച്ച് ദേവേന്ദ്രൻ അവളെക്കാണാൻ പുറപ്പെടുന്നതാണ് ഇതിവൃത്തം. മണിപ്രവാളകവിയേയും കൂട്ടിയാണ് ദേവേന്ദ്രന്റെ യാത്ര. വാണിയന്മാരുടെ കോലാഹലം കൊണ്ട് നിറഞ്ഞ ആനാർചിറ അങ്ങാടിയും കടന്ന് അവളുടെ കോയിലിൽ ചെല്ലുമ്പോൾ അവിടെ വിടന്മാരായ ബ്രാഹ്മണരും മാടമ്പിമാരും നായകന്മാരും പാടുകെട്ടികിടക്കുന്നതുകണ്ട് ദേവേന്ദ്രൻ നിരാശനായി മടങ്ങിപ്പോകുന്നു. ഈ ഭാഗം വർണ്ണിക്കുന്ന മുപ്പതാം ഗദ്യത്തോടുകൂടി കാവ്യം അപൂർണ്ണമായി അവസാനിക്കുന്നു.

നിരവധി ചരിത്രപരമായ അറിവുകൾ ഈ കാവ്യത്തിൽ നിന്നും നമ്മുക്ക് ലഭിക്കുന്നു. ആഴ്വാഞ്ചേരി തമ്പ്രാക്കളെപ്പറ്റി ഇതിൽ പരാമർശമുണ്ട്. ആർച്ചാകൂത്ത്, അമ്മാനപ്പാട്ട്, സന്ദേശപ്പാട്ട്, കുയിൽവൃത്തം, ഗാഥ എന്നിവ പരാമൃഷ്ടമാകുന്നു. വള്ളുവനാട്, ചോകിരം ഗ്രാമം, പൊയിലം ദേ

SGOU

ശം, തോട്ടുവായ്പ്പള്ളിവീട്, പന്നിയൂർ-ചൊവ്വര ഗ്രാമങ്ങൾ, ദക്ഷിണാമൂർത്തി ക്ഷേത്രം തുടങ്ങിയവയെപ്പറ്റിയുള്ള വർണ്ണനകളും ശ്രദ്ധേയമാണ്. സ്ത്രീവർണ്ണനയും ദേശവർണ്ണനയും ചേർന്നതാണ് ഇതിലെ ആഖ്യാനരീതി. അതോടൊപ്പം അക്കാലത്തെ സമ്പന്നവർഗത്തിന്റെ ജീവിതത്തെ പരിഹസിക്കുവാനും അതിലൂടെ സാമൂഹിക വിമർശനത്തിനും കവി തയ്യാറാകുന്നു.

### 2.1.2.3 ചന്ദ്രോത്സവം

മണിപ്രവാളത്തിന്റെ ആഭ്യന്തരവും ബാഹ്യവുമായ എല്ലാ ലക്ഷണങ്ങളും സമന്വയിക്കുന്ന ഭാവനാസുന്ദരമായ ഒരു കാവ്യമാണ് ചന്ദ്രോത്സവം. പ്രൊഫ. ഇളംകുളം കുഞ്ഞൻപിള്ള ചന്ദ്രോത്സവത്തെ ഒരു ഉപഹാസകാവ്യം എന്നുതന്നെയാണ് വിളിക്കുന്നത്. മേദിനീ വെണ്ണിലാവ് എന്ന നായികയുടെ സൗന്ദര്യധോരണിയും വേശ്യാസമുദായത്തിൽ അവർക്കുള്ള സ്വാധീനതയും വർണ്ണിച്ചു ഫലിപ്പിക്കുന്നതിനാണ് കവിയുടെ യത്നം. അതിനു സ്വീകരിച്ചിരിക്കുന്നത് അച്ചീചരിതങ്ങളുടെ മാർഗം തന്നെ. എന്നാൽ അച്ചീചരിതങ്ങളേക്കാൾ മുന്തിയ ഒരു കാവ്യസങ്കല്പം ചന്ദ്രോത്സവത്തിൽ കാണാം. കടത്തനാട്ട് ഉദയവർമ്മ രാജാവിന്റേയും കെ.സി. നാരായണൻ നമ്പ്യാരുടേയും പത്രാധിപത്യത്തിൽ നടന്നുപോന്ന കവനോദയം മാസികയിലാണ് ചന്ദ്രോത്സവം ആദ്യമായി പ്രസിദ്ധീകൃതമാകുന്നത്.

ക്രി. വ. 1500 നടുത്താണ് ചന്ദ്രോത്സവത്തിന്റെ രചനയെന്ന് മഹാകവി ഉള്ളൂരും പ്രൊഫ. ഇളംകുളവും സമ്മതിക്കുന്നു. ബാഹ്യമോ ആഭ്യന്തരമോ ആയ തെളിവുകളൊന്നും ഈ കാലഗണന അംഗീകരിക്കുന്നതിന് സമ്പൂർണമായ പിന്തുണ കൊടുക്കുന്നില്ല. കൃഷ്ണഗാഥയ്ക്കും രാമായണംചമ്പുവിനും ഇടയ്ക്കാകണം ഇതിന്റെ രചനയെന്ന് ഏതാണ്ട് സങ്കല്പിക്കാം. മധ്യകാല മണിപ്രവാളകവികളിൽ പ്രസിദ്ധന്മാരായ പുനവും, ശങ്കരനും രാഘവനും മറ്റും ചന്ദ്രോത്സവകാലത്തോ അതിനു തൊട്ടുമുൻപോ ജീവിച്ചിരുന്നവരാകാം.

ചന്ദ്രോത്സവം ഒരു പരിഹാസകൃതിയാണെന്ന് ഇളംകുളം അഭിപ്രായപ്പെടുന്നു. കാവ്യത്തിന്റെ ഓരോ ഭാഗവും ഇതിനുള്ള തെളിവായി അദ്ദേഹം എടുത്തുകാണിക്കുകയും ചെയ്യുന്നു. പതിന്നാലാം ശതകത്തിന്റെ അവസാനമായപ്പോഴേക്കും കേരളത്തിലെ സന്മാർഗ നിലവാരം വളരെ അധഃപതിച്ചുപോയി. നമ്പൂതിരിമാരുടെ ആധിപത്യവും ദേവദാസികളുടെ കുത്തഴിഞ്ഞ ജീവിതവുമാണ് ഇതിനു പ്രധാന കാരണങ്ങൾ. ആഢ്യജനവർഗം ദേവദാസികളുടെ അംഗചലനങ്ങളിൽ ജീവിതത്തിന്റെ സാഫല്യം കണ്ടെത്തി. ഭരണനിയന്ത്രണം പോലും അവരുടെ കൈകളിൽ അമർന്നു. സുന്ദരിമാരെ പുകഴ്ത്താനാണ് കവികൾ തങ്ങളുടെ പ്രതിഭ വിനിയോഗിച്ചത്. ഈ സാമൂഹികാധഃപതനത്തിനെതിരെ തൂലിക ചലിപ്പിച്ച കവിയായി ചന്ദ്രോത്സവകർത്താവിനെ കാണുന്നു. വാത്സ്യായനശാസ്ത്രത്തിന്റെ പുനരാവിഷ്കരണമാണ് ചന്ദ്രോത്സവത്തിൽ പ്രകടമായി കാണുന്നതെങ്കിലും രസികത്തം നിറഞ്ഞ കൃതിയാണിത്. കല്പനാവൈഭവവും അനർഗളമായ ഭാഷാപ്രയോഗവും നിരതിശയമായ വർണ്ണനകളും ഉക്തിവൈചിത്ര്യങ്ങളും കാവ്യത്തിന്റെ മനോഹാരിതയ്ക്കു മാറ്റുകൂട്ടുന്നു. സംഭോഗശൃംഗാരം വേണ്ടതിലധികം വർണ്ണിക്കുന്നുണ്ട്. സന്മാർഗത്തിന്റെ സീമ അതിലംഘിക്കുന്ന വർണ്ണനകൾ ധാരാളം. അതുകൊണ്ടാകാം ചന്ദ്രോത്സവകാരനെ പത്തൽകൊണ്ട് സമ്മാനിക്കണമെന്ന് 'കേരള ഭാഷാസാഹിത്യ ചരിത്രകർത്താവ് ആർ. നാരായണപ്പണിക്കർ അഭിപ്രായപ്പെട്ടത്(മലയാളസാഹിത്യകാലഘട്ടങ്ങളിലൂടെ - എരുമേലി). സാമൂഹികജീവിതത്തിന്റെ ജീർണ്ണതകളാണ് ചന്ദ്രോത്സവത്തിൽ പ്രകടമായത്. കാവ്യഭാഷയിലായപ്പോൾ കുറെ അതിശയോക്തി കലർന്നെന്നു മാത്രം.

## 2.1.3 മണിപ്രവാള ലഘുകാവ്യങ്ങൾ

പ്രാചീന മണിപ്രവാളത്തിലുണ്ടായ മനോഹരങ്ങളായ ചില ലഘുകാവ്യങ്ങളുടെയും മുക്തകങ്ങളുടെയും സമാഹാരം 1949-ൽ ഡോ. പി.കെ. നാരായണപിള്ളയുടെ ഉപോദ്ഘാതത്തോടെ കേരള സർവകലാശാല പ്രസിദ്ധീകരിക്കുകയുണ്ടായി. പ്രസ്തുത കൃതിക്ക് പദ്യരത്നം' എന്ന് നാമകരണം നൽകിയത് പ്രസിദ്ധ ഗവേഷകനായ ഡോ.കൊളത്തേരി ശങ്കരമേനോനാണ്.

SGOU

ഈ മണിപ്രവാള ലഘുകാവ്യങ്ങളിൽ ഉത്തരാചന്ദ്രിക, കൗണോത്തര, ഇളയച്ചി, ഇട്ടിയച്ചി, മല്ലീനിലാവ് എന്നീ കാവ്യങ്ങളെ പറ്റി സൂചിപ്പിക്കുന്നു.

### 2.1.3.1 ചെറിയച്ചി

മണിപ്രവാള ലഘുകാവ്യങ്ങളിൽ ഏറ്റവും മനോഹരം 'ചെറിയച്ചി' ആണെന്ന് ഡോ. എം. ലീലാവതി അഭിപ്രായപ്പെടുന്നു. മാലിനീവൃത്തത്തിൽ 27 ശ്ലോകങ്ങളടങ്ങിയതാണ് ഈ കാവ്യം. ഉദയപുരത്ത് ചെരികിൽ ഭവനത്തിലെ ഒരു നർത്തകിയുടെ മകളാണത്രെ ചെറിയച്ചി. അവളുടെ കാമുകൻ ചന്ദ്രോദയത്തിൽ വിരഹദുഃഖം കൊണ്ട് വിലപിക്കുന്ന മട്ടിലാണ് കാവ്യരചന. പദ്യങ്ങളിൽ ചിലത് ചെറിയച്ചിയെ സംബോധന ചെയ്തും മറ്റുള്ളവ ഒരു തോഴനോട് പറയുന്ന രീതിയിലുമാണ് അവതരിപ്പിച്ചിട്ടുള്ളത്. ഈ കാവ്യത്തിലെ നാലു പദ്യങ്ങൾ (3, 18, 24, 25) ലീലാതിലകത്തിൽ ഉദ്ധരിച്ചിട്ടുള്ളതിനാൽ ഇതിന്റെ രചനാകാലം ലീലാതിലകത്തിനു മുമ്പാണെന്ന് കരുതാം. 14-ാം ശതകത്തിന്റെ മധ്യകാലമാണ് ഇതിന്റെ രചന. ഒരു നർത്തകിയുടെ മകളായ ചെറിയച്ചിയുടെയും അവളുടെ കാമുകന്റെയും കഥയാണിതിൽ പരാമർശിക്കുന്നത്.

### 2.1.3.2 ഇട്ടിയച്ചി

പത്തു പദ്യങ്ങളുള്ള ഒരു ലഘുകാവ്യമാണ് 'ഇട്ടിയച്ചി'. 'ഇട്ടിയച്ചികടാക്ഷദശകം' എന്നാണ് ഇളംകുളം ഈ കാവ്യത്തെ വിളിക്കുന്നത്. സ്രഗ്ദ്ധര വൃത്തത്തിലാണ് രചന. എല്ലാ പദ്യത്തിലും ഇട്ടിയച്ചി എന്ന സംബോധന കാണാം. കല്പനാവൈചിത്ര്യവും ഭാവമാധുര്യവും കൊണ്ട് ഇതിലെ ഓരോ പദ്യവും മനോഹരമാണ്. കവിയെക്കുറിച്ചോ കാലത്തെക്കുറിച്ചോ കൂടുതലായൊന്നും അറിയാൻ സാധിക്കുന്നില്ല. പതിനഞ്ചാം ശതകത്തിലായിരിക്കാം രചനാകാലം. നായികയെ 'ദയിതേ' എന്ന് സംബോധന ചെയ്തു കാണുന്നു.

### 2.1.3.3 ഉത്തരാചന്ദ്രിക

ഓടനാട്ടിലെ ചിറവായില്ലത്തെ ഒരു ദേവദാസിയെ വർണ്ണിച്ച് രാമൻ എന്ന കവി രചിച്ചതാണ് 'ഉത്തരാചന്ദ്രിക'. പതിനൊന്നു ശ്ലോകങ്ങൾ മാത്രമുള്ളതാണ് ഈ ലഘുകാവ്യം. കാവ്യനാമം കവികല്പിതമാകാം. 'പത്താശാനേ പരക്കും പടി നായികയെ പുകഴ്ത്തലാണ് തന്റെ ലക്ഷ്യമെന്ന് കവി തന്നെ പറയുന്നുണ്ട്. ഗണപതിയെയും സരസ്വതിയെയും വന്ദിച്ചുകൊണ്ടാണ് കാവ്യം ആരംഭിക്കുന്നത്. നായികാവർണ്ണന പ്രധാനമാണ് ഉത്തരാചന്ദ്രിക. മിക്കവാറും എല്ലാ ശ്ലോകത്തിലും നായികാനാമം ചേർക്കാൻ കവി ശ്രമിക്കുന്നതായി കാണാം. പ്രണയകലഹം പൂണ്ടിരിക്കുന്ന നായികയെ അനുനയിപ്പിക്കാൻ വിരഹദുഃഖം കൊണ്ട് ജീവൻ നഷ്ടപ്പെടാൻ പോകുന്ന നായകൻ തോഴനോട് ആവശ്യപ്പെടുന്ന രീതിയിലാണ് രചന. കായംകുളം രാജകുടുംബത്തിലെ അംഗമാണ് നായിക എന്ന് പി.കെ. നാരായണപിള്ള അഭിപ്രായപ്പെടുന്നു (പദ്യരത്നം, ഉപോദ്ഘാതം, പുറം. 45).

### 2.1.3.4 കൗണോത്തര

14-ാം ശതകത്തിന്റെ അന്ത്യത്തിലോ 15-ാം ശതകത്തിന്റെ ആരംഭത്തിലോ ആണ് 'കൗണോത്തര'യുടെ കാലമെന്ന് ഇളംകുളം കരുതുന്നു. കൗണോത്തര എന്നത് ആഢ്യപ്പേരാണ്. തെക്കുംകൂർ രാജവംശത്തിലെ ഒരംഗമായിരിക്കാം നായിക. രണ്ടു ഭാഗങ്ങളുള്ള കാവ്യത്തിൽ ഒന്നും രണ്ടും ഭാഗങ്ങളിൽ ആരംഭപദ്യത്തിൽ വെവ്വേറെ ഇഷ്ടദേവതാവന്ദനം കാണുന്നതിനാൽ രണ്ടും വെവ്വേറെ കവികളെഴുതിയതാകാനാണ് സാധ്യത. ഇതിലെ നായികയെ പലമട്ടിൽ വർണ്ണിക്കുന്നുമുണ്ട്. 'കൗണ' മീനച്ചിലാറും 'കൗണഭൂമി' തെക്കുംകൂറുമാണെന്നും ഇളംകുളം പറയുന്നു. ഒന്നാം ഭാഗത്തിൽ 'വെൺപലക്ഷ്മാരമണനിയോഗത്താൽ' രചിക്കപ്പെട്ടതെന്നും കാണുന്നു. രണ്ടാം ഭാഗത്ത് 'കവിക്ഷ്മാരമണസുരലത' എന്നും 'കൗണക്ഷമാരമണവംശമണിപ്രദീപം' എന്നും കൗണോത്തരയെ വിശേഷിപ്പിച്ചു കാണുന്നു. 'കവിക്ഷ്മാ' കവിയൂരും 'കവിക്ഷാരമണൻ' തെക്കുംകൂർ രാജാവുമാണ്. അതിനാൽ നായിക തെക്കുംകൂർ രാജാവിന്റെ കാമിനിയോ ആ ശാഖയിൽപ്പെട്ട ഏതെങ്കിലും ദേവദാസിയോ ആകാം.

SGOU

### 2.1.3.5 മല്ലീനിലാവ്

കാവ്യഭംഗി നിറഞ്ഞ ഒരു ലഘുകാവ്യമാണ് 'മല്ലീനിലാവ്'. എല്ലാ പദ്യവും മല്ലീനിലാവിനെ അഭിസംബോധന ചെയ്യുന്നതാണ്. കാമോദ്ദീപക മായ സന്ധ്യയുടെ വരവിനെ ഒൻപതു പദ്യങ്ങളി ലൂടെ നായികയെ അറിയിക്കുന്നതാണ് ഇതിലെ പ്രതിപാദ്യം. പ്രകൃതിയിലെ ഓരോ കാഴ്ചകളും കവിദൃഷ്ടിയിൽ കാമദേവന്റെ പരിച്ഛേദങ്ങളാണ്.

"അകിലണി മുലകൂമ്പും പങ്കജൈരിന്ദുകാന്ത്യാ
മുഖരുചി, മൃദുഹാസം കൈരവം കൊണ്ടുകാട്ടി
പികമൊഴിവിരഹേ തേഹന്ത! മാംകാത്തസന്ധ്യാ
സുഖതരമിത! നീണാൾ വെൽക,മല്ലീനിലാവേ!''

എന്നിങ്ങനെയാണ് കാവ്യം അവസാനിക്കുന്നത്. 'ചെറിയച്ചി'യിൽ നിന്നും നാലു ശ്ലോകമുദ്ധരിക്കുന്ന ലീലാതിലകകാരൻ മല്ലീനിലാവിനെ സ്മരിക്കാത്തതുകൊണ്ട്, ഒരുപക്ഷെ, ലീലാതിലകത്തിനു ശേഷമാകാം ഈ കാവ്യത്തിന്റെ രചന എന്നും കരുതാം. ശൃംഗാരരസത്തിന് അനുഗുണമായ കാവ്യമാണ് മല്ലീനിലാവ്.

### 2.1.3.6 ഇളയച്ചി

15-ാം ശതകത്തിന്റെ ആദ്യപകുതിയിലുണ്ടായ കാവ്യമായിരിക്കാം 'ഇളയച്ചി' എന്നു കരുതുന്നു. ഉണ്ണുനീലിസന്ദേശ'ത്തിലും 'ഇളയച്ചി' പരാമൃഷ്ടയാകുന്നുണ്ട്. തയ്യിൽ വീട്ടിൽ ഇളയച്ചിയെ വർണ്ണിക്കുന്ന രണ്ടു കവിതകളിൽ ആദ്യത്തേതിൽ ഇരുപത്തിനാലും രണ്ടാമത്തേതിൽ ആറും പദ്യങ്ങൾ അടങ്ങിയിരിക്കുന്നു. 'ദേവനാരായണ കൃപയാ വാഴ്ത്തുവാനുദ്യതോ ഞാൻ' എന്ന് ആദ്യപദ്യത്തിൽ കാണുന്നതിനാൽ ഒന്നാം ഭാഗം അമ്പലപ്പുഴ ദേവനാരായണന്റെ നിയോഗമനുസരിച്ച് നിർമ്മിച്ചതാകാം. രാജാവിന്റെ പ്രേമഭാജനമായ ഒരു നർത്തകിയായിരിക്കാം നായിക അല്ലെങ്കിൽ ദേവനാരായണന്റെ അധികാരപരിധിയിൽപ്പെട്ട ഏതെങ്കിലും സ്ഥലത്തെ ദേവദാസിയായിരിക്കാം. എല്ലാ കവിതയിലും നായികാനാമം മുദ്ര ചെയ്തിട്ടുണ്ട്. മറ്റു കാവ്യങ്ങളിലെപ്പോലെ നായികാപ്രശംസയാണ് ഇതിലുമുള്ളത്. താൻ പുകഴ്ത്തിയാൽ ഇളയച്ചിയുടെ പ്രശസ്തി ആകാശത്തോളം ഉയരുമെന്നാണ് കവിയുടെ വാദം.

## 2.1.4 സന്ദേശകാവ്യപ്രസ്ഥാനം

ചമ്പുവെന്നപോലെ സംസ്കൃതത്തിൽ നിന്നും മലയാളത്തിലേക്കുവന്ന മറ്റൊരു പ്രസ്ഥാനമാണ് സന്ദേശകാവ്യം. കാളിദാസന്റെ മേഘസന്ദേശമാണ് എല്ലാ സന്ദേശകാവ്യങ്ങൾക്കും ആദ്യമാതൃക. എങ്കിലും ആ മാതൃകയ്ക്ക് കാലാന്തരത്തിൽ രൂപത്തിലും ഉള്ളടക്കത്തിലും ദേശകാലാനുസാരിയായ ചില മാറ്റങ്ങൾ ഉണ്ടാകാതിരുന്നില്ല. ആ മാറ്റങ്ങൾ അനുകരണീയമോ അഭിനന്ദനാർഹമോ ആയിരുന്നെന്നു പൂർണ്ണമായി പറയുവാൻ വയ്യ' എന്ന് ഡോ. ചമ്പക്കുളം അപ്പുക്കുട്ടൻ നായർ പ്രസ്താവിക്കുന്നു (മലയാള സന്ദേശകാവ്യങ്ങൾ ഒരു പഠനം, പുറം 10). സന്ദേശകാവ്യങ്ങൾക്ക് ആദ്യം ലക്ഷണം കല്പിച്ചത് ധർമ്മഗുപ്തനാണ്. 14-ാം നൂറ്റാണ്ടിലുണ്ടായ ലക്ഷ്മീദാസന്റെ ശുകസന്ദേശത്തിന് തയ്യാറാക്കിയ 'വരവർണ്ണിനി' എന്ന വ്യാഖ്യാനത്തിലാണ് അദ്ദേഹം ഇത് വിശദീകരിക്കുന്നത്.

സന്ദേശകാവ്യങ്ങളിലെ അംഗിയായ രസം വിപ്രലംഭശൃംഗാരമാണ്. വിപ്രലംഭം രണ്ടുവിധമുണ്ട് - പൂർവം, ഉത്തരം. അതിൽ ഉത്തരഭാഗത്തിലെ വിപ്രലംഭത്തിനാണ് സന്ദേശകാവ്യങ്ങളിൽ കൂടുതൽ സ്ഥാനമുള്ളത്. ശൃംഗാരത്തെക്കൂടാതെ ഭക്തി, കരുണം, വാത്സല്യം, ബീഭത്സം എന്നീ രസങ്ങൾ കടന്നുവരുന്ന കാവ്യങ്ങളുമുണ്ട്. അപൂർവമായിട്ടെങ്കിലും ഭക്തിരസമുള്ള ആധ്യാത്മിക അടിത്തറയുള്ള സന്ദേശകാവ്യങ്ങളുമുണ്ട്. വൃത്തം മന്ദാക്രാന്തയാണ്. രാമായണത്തിലും, മഹാഭാരതത്തിലും നായികാനായകന്മാരുടെ വിരഹാവസ്ഥ വർണ്ണിക്കുന്നുണ്ട്. സന്ദേശകാവ്യത്തിന് പ്രേരണയായിത്തീർന്നത് രാമായണത്തിലെ ഹനുമൽദൂതും നൈഷധകാവ്യത്തിലെ ഹംസദൂതുമാണെന്ന് ചിലർ കരുതുന്നു. "രാമായണത്തിലെയും നൈഷധത്തിലെയും സന്ദേശവാഹകന്മാർ സ്വത്വം വിട്ട് മനുഷ്യത്വം വരിക്കുകയാണ്'' എന്ന് മുണ്ടശ്ശേരി പറയുന്നു. (മാനദണ്ഡം, സന്ദേശം അതൊന്നേയുള്ളൂ. പുറം 37).

സംസ്കൃതത്തിലും മറ്റ് ഇന്ത്യൻ ഭാഷകളിലും പിന്നീടുണ്ടായ സന്ദേശകാവ്യങ്ങൾക്കെല്ലാം മാതൃക കാളിദാസന്റെ മേഘസന്ദേശമാണ്.

SGOU

'ഒരു സംഭവം-വിരഹം ഒരു ഭാവം-വിപ്രലംഭം, അതിന്റെ വികാസത്തിന്റെ അനുസൃതി ഇതാണ് സന്ദേശകാവ്യം. ഇക്കാര്യത്തിൽ ഇന്നത്തെ ഭാവഗീതത്തോടാണ് സന്ദേശകാവ്യത്തിന് സാദൃശ്യം' എന്ന് ചമ്പക്കുളം അപ്പുക്കുട്ടൻ നായർ നിരീക്ഷിക്കുന്നു (മലയാളസന്ദേശകാവ്യങ്ങൾ ഒരു പഠനം, പുറം 7). 'മേഘദൂതം' ഒരാത്മവിലാപമാണെന്ന് മാരാരെ ഉദ്ധരിച്ചുകൊണ്ട് അദ്ദേഹം പറയുന്നുണ്ട്. 'ഒരു വിരഹിയുടെ കാമസന്തപ്തമായ ഹൃദയത്തിൽ നിന്ന് നീരാവിപോലെ തള്ളിപ്പൊങ്ങിയ ഭോഗചിന്തകൾ കാലാന്തരീക്ഷത്തിൽ ഘനീഭവിച്ചതാണ് ഇവിടുത്തെ മേഘം, സന്ദേശമെന്നത് അതിനുവരുത്തിയ രൂപരേഖയും' എന്നാണ് മാരാരുടെ അഭിപ്രായം. (മേഘസന്ദേശവ്യാഖ്യാനം, ഉപോദ്ഘാതം, പുറം 5). 'യക്ഷനും മേഘവും രണ്ടല്ല ഒന്നു തന്നെ' എന്നും മാരാർ സമർഥിക്കുന്നു.

"കാമാർത്താ ഹി പ്രണയ കൃപണാ
ശ്ചേതനാചേതനേഷു"

(മേഘസന്ദേശം, ശ്ലോകം)

കാമാർത്തനായ, വിരഹിയായ യക്ഷനെ സംബന്ധിച്ചിടത്തോളം തന്റെ മുമ്പിൽ കാണുന്ന ചേതനങ്ങളും അചേതനങ്ങളും ഒരുപോലെയാണ്. അയാളുടെ അപ്പോഴത്തെ കാമഭാവനയിൽ യാഥാർഥ്യം മനസ്സിലാക്കാൻ കൂട്ടാക്കുന്നില്ല. ജീവിതം ഉലയുകയും അലയുകയും വിവിധരൂപങ്ങൾ കൈക്കൊള്ളുകയും വിലയിക്കുകയും ചെയ്യുന്നതിന്റെ വൈചിത്ര്യഭാവങ്ങൾ മേഘസന്ദേശത്തിൽ ദർശിക്കാമെന്ന് പ്രൊഫ.എം.പി. ശങ്കുണ്ണിനായർ ചൂണ്ടിക്കാണിക്കുന്നു (ഛത്രവും ചാമരവും) സന്ദേശകാവ്യശാഖ ഒരു പ്രസ്ഥാനമായി വളരാൻ ആരംഭിക്കുന്നത് പതിനാലാം ശതകം മുതലാണ്. ഇതിനാരംഭം കുറിച്ചത് പൂർണ്ണസരസ്വതിയുടെ 'ഹംസസന്ദേശ'മാണ്. അതിലെ നായകൻ ശ്രീകൃഷ്ണനും നായിക കാഞ്ചീപുരത്തുകാരി ഒരു കന്യകയുമാണ്. 'മേഘസന്ദേശ'ത്തെയാണ് ഈ കവി മാതൃകയാക്കിയിരിക്കുന്നത്' എന്ന് ഡോ. ചമ്പക്കുളം അപ്പുക്കുട്ടൻ നായർ പറയുന്നു (മലയാള സന്ദേശകാവ്യങ്ങൾ ഒരു പഠനം, പുറം 37-38). ഇന്ത്യയിൽ മാത്രമല്ല, ഫ്യൂഡൽ സാമൂഹികഘടനയുടെ ഭാഗമായി പടിഞ്ഞാറൻനാടുകളിലും ഇത്തരം കവിതകൾ ഉണ്ടായിട്ടുണ്ട്. 'നമ്മുടെ ഈ മണിപ്രവാളകവിതകൾക്കു മധ്യകാല യൂറോപ്പിലെ ടുബഡോർ (Trabadoor) കവിതകളുമായി അടുത്ത സാദൃശ്യം കാണുന്നു, രൂപശില്പത്തിലും ഭാവശില്പത്തിലും' (അതേ പുസ്തകം, പുറം 87). 'പാശ്ചാത്യമണിപ്രവാളകവികൾ' എന്ന ലേഖനത്തിൽ ഡോ. പി.വി. വേലായുധൻ പിള്ളയും ഇക്കാര്യം സൂചിപ്പിക്കുന്നുണ്ട് (മലയാള രാജ്യം-1963), ടുബഡോർ കവിതകളിലെ മുഖ്യപ്രമേയം പ്രേമവും സ്ത്രീവർണ്ണനകളും സ്തുതികളുമാണ്.

## 2.1.5 മധ്യകാല ചമ്പുക്കൾ

സംസ്കൃതത്തിലെ ആദ്യചമ്പുകാവ്യം ഭോജരാജാവിന്റെ 'രാമായണം ചമ്പു'വും കേരളീയ സംസ്കൃത ചമ്പുക്കളിൽ ആദ്യത്തേത് ദിവാകര കവിയുടെ "അമോഘരാഘവം' എന്ന കൃതിയുമാണ്. രംഗകലയുമായി ബന്ധപ്പെട്ട് ചാക്യാർ കൂത്തിന്റെ അവതരണത്തിനാണ് പൊതുവെ ചമ്പുക്കൾ എഴുതപ്പെട്ടതെന്ന് കരുതാം. പുരാണകഥകൾ പ്രമേയമാക്കിയവയാണ് കൂത്തിന് ഉപയോഗിച്ചിരുന്നത്. ഫലിതപരിഹാസങ്ങൾ ഉൾപ്പെടുത്തിയുള്ള കഥാവതരണമായിരുന്നു ഇതിന്റെ മുഖ്യസവിശേഷത. ഇവയുടെ സാഹിത്യപരവും കലാപരവും ചരിത്രപരവുമായ പ്രാധാന്യം ഏറെ പ്രസക്തിയുള്ളതാണ്.

"സംസ്കൃത മലയാളപദങ്ങളെ പാലും പഞ്ചസാരയും പോലെ ചേർത്തിണക്കി വൃത്തഗന്ധത്തോടുകൂടി നിർമ്മിതങ്ങളായ ഗദ്യങ്ങൾ കൊണ്ടാണ് ചമ്പുക്കളിലെ അധികം വർണ്ണനകൾ'' എന്ന് വടക്കുംകൂർ രാജരാജവർമ്മ വിലയിരുത്തുന്നത് ശ്രദ്ധേയമാണ് (സാഹിത്യ ചരിത്രം പ്രസ്ഥാനങ്ങളിലൂടെ). മലയാള സാഹിത്യചരിത്ര സംഗ്രഹത്തിൽ പി. ശങ്കരൻ നമ്പ്യാരുടെ ഒരു പ്രസ്താവന ഇങ്ങനെയാണ്: "അവരുടെ കൃതികളിൽ വിഷയമെന്നത് കേവലം ഒരു അഴക്കോൽ മാത്രമായി കരുതിയാൽ മതി. അതിന്മേൽ സ്വന്തം മനഃകല്പിതങ്ങളായ വിചിത്രകാവ്യവസ്തുക്കളെ തൂക്കി അലങ്കരിക്കുന്നതിലാണ് അവരുടെ പാടവം ഇരിക്കുന്നത്. ഭാഷാചമ്പുക്കൾ സരസ്വതിയുടെ കളിപ്പന്തലിലുള്ള തോരണവിധാനങ്ങൾ തന്നെയാണ്''. (മലയാളസാഹിത്യചരിത്രസംഗ്രഹം, പുറം 52-53). 1500-നുശേഷം

ഒന്നൊന്നര നൂറ്റാണ്ടുകാലം വർണ്ണികരായ കവികളും സഹൃദയരും നെഞ്ചേറ്റി ലാളിച്ച ഒരു പ്രസ്ഥാനമായിരുന്നു ചമ്പു. ആകെ 66 കൃതികളാണ് മധ്യകാല ചമ്പുകളുടെ കൂട്ടത്തിൽ കണ്ടുകിട്ടിയിട്ടുള്ളതെന്നും മലയാളത്തിന് അവിസ്മരണീയമായ ഒരു സാഹിത്യസമ്പത്താണ് ഈ പ്രസ്ഥാനം പ്രദാനം ചെയ്തതെന്നും എൻ. കൃഷ്ണപിള്ള ചൂണ്ടിക്കാട്ടുന്നു.

നീലകണ്ഠകവിയുടെ ചമ്പുക്കളെ എൻ. കൃഷ്ണപിള്ള വിലയിരുത്തുന്നതിങ്ങനെ "വിഷയത്തിന്റെ സ്വഭാവത്തിനുപറ്റിയ ഗൗരവം ആഖ്യാനത്തിനു വേണമെന്ന ഔചിത്യബുദ്ധികൊണ്ടോ, ഗ്രന്ഥകാരന്റെ സഹജമായ പ്രകൃതികൊണ്ടോ പല ചമ്പുകൃതികളിലും കാണുന്ന ഭാവചാപല്യങ്ങളും തരംതാണ ശൃംഗാര ഹാസ്യാവിഷ്കാരങ്ങളും ഈ കാവ്യങ്ങളിൽ കാണുന്നില്ല. ഓജസ്സും പ്രൗഢിയുമാണ് മുറ്റിനിൽക്കുന്ന ഗുണങ്ങൾ'' (കൈരളിയുടെ കഥ, പുറം 106-107). ചമ്പുക്കളുടെ ആഖ്യാനത്തിലെ പൊതുരീതി ഇപ്രകാരമാണ്. ചമ്പുക്കളെല്ലാം തുടങ്ങുന്നത് വന്ദനാശ്ലോകത്തോടുകൂടിയാണ്. ശൃംഗാരവും ഭക്തിയുമാണ് പ്രധാന രസങ്ങൾ. രണ്ടും കൂട്ടിച്ചേർത്ത് എഴുതാനുള്ള ഈ കവികളുടെ സിദ്ധി അനിതരസാധാരണമാണ്. ശബ്ദഭംഗിയിലും ഒട്ടും പിന്നിലല്ല. കഥാസൂചന കൂടാതെ ഭാഷാചമ്പുക്കൾ പ്രായേണ ആരംഭിക്കാറില്ല. "വർണ്ണനാചാതുരി, ശബ്ദാർത്ഥഘടനാപാടവം, രസപോഷണപ്രഗല്ഭത മുതലായ കവനകലാവിഭൂതികൾ പലതും അവർ തദ്വാരാ കരസ്ഥമാക്കിയിരിക്കുന്നു. വിവക്ഷിതങ്ങളായ ആശയങ്ങൾ പ്രതിപാദിക്കുന്നതിനുള്ള പദവിന്യാസവൈദഗ്ധ്യം അവരെ സ്വയം ഗ്രഹാശ്ലേഷം ചെയ്തിരുന്നു എന്നുള്ള ഉള്ളൂരിന്റെ വിലയിരുത്തൽ വളരെ അർഥവത്താകുന്നു (ഉള്ളൂർ, ഭാഷാചമ്പുക്കൾ).

മധ്യകാലചമ്പുക്കൾ കൂടുതലും ചാക്യാന്മാരും നമ്പ്യാന്മാരും രംഗപ്രയോഗത്തിന് ഉപയോഗിച്ചിരുന്ന കൃതികളാണ്. പുരാണപ്രമേയങ്ങളും ഭക്തിയും ശൃംഗാരവും ഒക്കെ കടന്നുവരുന്നതാണ് മധ്യകാല ചമ്പുക്കൾ. പുനം നമ്പൂതിരിയുടെ 'ഭാഷാരാമായണം ചമ്പു'വാണ് ഇതിലെ പ്രഥമകൃതി. ഇരുപത് ഭാഗങ്ങളുള്ള ബൃഹത് കാവ്യമാണിത്. പദ്യം പോലെത്തന്നെ ഗദ്യവും മനോഹരമാണ് രാമായണം ചമ്പുവിൽ. മഴമംഗലം നാരായണൻ നമ്പൂതിരിയുടെ 'ഭാഷാനൈഷധം ചമ്പു'വാണ് പിന്നീട് ശ്രദ്ധേയമായ കാവ്യം. ഭാഷാകവിതകളിൽ ഇത്ര ഭംഗിയുള്ള വർണ്ണനകൾ അധികമില്ലെന്നാണ് പി. ഗോവിന്ദപ്പിള്ള പറയുന്നത്. പേരിന് ഒരു പുരാണകഥ തെരഞ്ഞെടുക്കുകയും അതിൽ സ്വന്തം ഭാവനയനുസരിച്ച് ചില പരിഷ്കാരങ്ങൾ ഏർപ്പെടുത്തുകയും നവനവോല്ലേഖങ്ങൾ നിബന്ധിക്കുകയും ചെയ്യുന്നത് പ്രതിഭാധനന്മാരുടെ സ്വഭാവമാണ്. നൈഷധം ചമ്പുവിൽ വരുത്തിയ പരിഷ്ക്കാരങ്ങളെല്ലാം കവിയുടെ ഹാസ്യഭാവനയുടെ മുദ്രപതിഞ്ഞതാണ്. ഒരു ഋഷിയുടെ നിസംഗതയോടെ ജീവിതം കാണുകയും അപഗ്രഥിക്കുകയും ചെയ്യുന്ന ഒരു കവിക്ക് കവിത മാത്രമേ ഇതിവൃത്തത്തെ നർമ്മപ്രധാനമായി രൂപകല്പന ചെയ്യാനും കഥാപാത്രങ്ങളെ യോഗ്യമായ തരത്തിൽ പെരുമാറാനും സാധിക്കയുള്ളൂ. ഇതിഹാസത്തിൽ കലിബാധയുടെ ദുരന്തങ്ങൾ ചിത്രീകരിക്കുന്ന ഗൗരവമേറിയ ഒരു കഥ നർമമധുരമായി അവതരിപ്പിക്കുന്നതാണ് ഭാഷാനൈഷധം ചമ്പു.

സനാതന ധർമ്മപ്രചാരണമായിരുന്നു ചമ്പുകർത്താക്കളുടെ ലക്ഷ്യം. ഈ ദർശനം മാനവിക ധർമ്മം വിളംബരം ചെയ്യുന്നതാണ്. ഇങ്ങനെ ഓരോ സന്ദർഭവും കവി സനാതനധർമ്മങ്ങൾ ഊന്നി പറയുന്നുണ്ട്. തേച്ചുമിനുക്കി കരടും മുരടും കളഞ്ഞ് മണിപ്രവാളശൈലി ചമ്പുകർത്താക്കൾക്ക് സ്വായത്തമായിരുന്നു. മധുരമണിപ്രവാളത്തിന്റെ പ്രണേതാക്കൾ എന്ന് അവരെ വിശേഷിപ്പിക്കാറുണ്ട്. ലളിതമായ സംസ്കൃതപദങ്ങളും കോമളമായ ഭാഷാപദങ്ങളും ഇടകലർത്തി പുളകോൽഗമകാരിയാക്കിയതാണ് ചമ്പുക്കളിലെ ഭാഷാശൈലി. നാനാതരമാളുകൾ നിറഞ്ഞ സദസിൽ കഥാപ്രസംഗത്തിനെത്തുന്ന ചാക്യാർ എല്ലാവിഭാഗത്തിന്റെയും അഭിരുചി കണക്കിലെടുത്തിരുന്നു. സാധാരണക്കാരനെ ലക്ഷ്യമാക്കി ഗദ്യം മിക്കതും പച്ചമലയാളത്തിലും പണ്ഡിതസഹൃദയന്മാർക്കുവേണ്ടി കഠിനസംസ്കൃതത്തിലും ചിലപ്പോൾ പ്രയോഗിക്കും. ചമ്പുകാരന്മാരുടെ ഭാഷാദേവിക്ക് ലളിതവേഷവും പ്രൗഢവേഷവുമിണങ്ങും. പ്രതിപാദ്യത്തിൽ രസഭാവത്തിനനുസരിച്ച് ശബ്ദാർഥങ്ങളെ സമന്വയിപ്പിക്കാൻ കഴിവുള്ള പ്രബന്ധകാരന്മാരെ വശ്യവചസുകൾ എന്ന് വിശേഷിപ്പിക്കാറുണ്ട്.

SGOU

പ്രാചീനചമ്പുക്കളും മധ്യകാലചമ്പുക്കളും തമ്മിലുള്ള പ്രധാനവ്യത്യാസത്തെപ്പറ്റി ഉള്ളൂർ പറയുന്നതിങ്ങനെ: "പതിനാലാം ശതകത്തിലെ ഭാഷാചമ്പുക്കൾ ഇതിവൃത്തവിഷയത്തിൽ ഇതിഹാസപുരാണങ്ങളെ ഉപജീവിച്ചിരുന്നില്ല. തന്നിമിത്തം അവയെ ചാക്യാന്മാരും പാഠകക്കാരും രംഗത്തിൽ പ്രവചനത്തിന് ഉപയോഗിച്ചിരുന്നില്ല. അക്കാര്യത്തിൽ ഇദംപ്രഥമമായി ഒരു പരിഷ്കാരം വരുത്തിയതു പുനമാകുന്നു. അതിന് തെളിവാണു രാമായണം ചമ്പു". (കേരള സാഹിത്യ ചരിത്രം, പുറം 200). കൂത്തിനും പാഠകത്തിനും വേണ്ടി രചിക്കപ്പെട്ടതാണ് ഭാഷാചമ്പുക്കളെന്ന് ഡോ. കൊളത്തേരി ശങ്കരമേനോനും അഭിപ്രായപ്പെടുന്നു. മധ്യകാലചമ്പുക്കൾ നമ്പ്യാന്മാർക്ക് അരങ്ങത്ത് ചൊല്ലി വ്യാഖ്യാനിക്കാൻ വേണ്ടി നിർമ്മിച്ചവയാണെന്ന പ്രത്യേകത അതിപ്രധാനമായി വരുന്നതുവരെ ഇതായിരുന്നു നടപ്പ് എന്ന് എൻ. കൃഷ്ണപിള്ള 'കൈരളിയുടെ കഥ'യിൽ വ്യക്തമാക്കുന്നു.

## മധ്യകാലചമ്പുക്കൾ - വർണ്ണനാരീതി

മലയാളത്തിന് അവിസ്മരണീയമായ ഒരു സാഹിത്യസമ്പത്താണ് മധ്യകാല ചമ്പുപ്രസ്ഥാനം പ്രദാനം ചെയ്തതെന്ന് എൻ. കൃഷ്ണപിള്ള ചൂണ്ടിക്കാട്ടുന്നു. 1500-നുശേഷം ഒന്നൊന്നര നൂറ്റാണ്ടുകാലം കവികളും സഹൃദയരും നെഞ്ചേറ്റി ലാളിച്ച ഒരു പ്രസ്ഥാനമായിരുന്നു ചമ്പു. ആകെ 66 കൃതികളാണ് മധ്യകാലചമ്പുക്കളുടെ കൂട്ടത്തിൽ കണ്ടുകിട്ടിയിട്ടുള്ളത് (കൈരളിയുടെ കഥ, പുറം 90-91). മധ്യകാല ചമ്പുക്കളേറെയും പുരാണകഥകളെ ഉപജീവിച്ച് എഴുതപ്പെട്ടവയാണ്. രംഗപ്രയോഗവുമായി ബന്ധപ്പെട്ടാണ് ഇതിലധികവും രചിച്ചിട്ടുള്ളത്. മറ്റൊന്ന് ഭാഷയിലുള്ള പ്രധാന വ്യത്യാസമാണ്. സംസ്കൃതപ്രചുരമായ 'യോഗ'ത്തിനാണ് മുൻതൂക്കം. പദ്യങ്ങളിൽ ഒന്നോ രണ്ടോ വാക്ക് ഭാഷയിലും ശേഷിച്ചതൊക്കെ സംസ്കൃതത്തിലുമാണ്. തനി സംസ്കൃതശ്ലോകങ്ങൾ തന്നെ ധാരാളമുണ്ട്. സന്ദർഭാനുസാരിയായി മറ്റു കാവ്യങ്ങളിലെ ഭാഗങ്ങൾ എടുത്തുചേർക്കുകയും ചെയ്യും. സമസ്ത പദരചനയായിരുന്നു ഇവർക്ക് പഥ്യം.

### 2.1.5.1 രാമായണം ചമ്പു

മധ്യകാലചമ്പുക്കളിൽ പ്രഥമഗണനീയം രാമായണം ചമ്പുവാണ്. പുരാണകഥ പ്രമേയമായി വരുന്നതും ഭാഷയിലെ ഏറ്റവും വലിയ ചമ്പുവുമിതാണ്. പുനംനമ്പൂതിരിയാണ് കർത്താവെന്ന് കരുതുന്നു. എതിരഭിപ്രായങ്ങളുമുണ്ട്. പതിനഞ്ചും പതിനാറും നൂറ്റാണ്ടുകൾ രാമായണം ചമ്പുവിന്റെ രചനാകാലമായും കരുതുന്നു. രാമായണം ചമ്പുവിന്റെ കർതൃത്വം ഉപരിഗവേഷണമർഹിക്കുന്ന വിഷയമാണെന്ന് ഡോ. ടി.ജി. രാമചന്ദ്രൻപിള്ള അഭിപ്രായപ്പെടുന്നു.(ആമുഖം, നീലകണ്ഠകവിയുടെ സമ്പൂർണ്ണകൃതികൾ -സമ്പാദനം, പഠനം).

### 2.1.5.2 ചെല്ലൂർനാഥോദയം

ഭക്തിഭാവം ഭാഷാചമ്പുക്കളിൽ കടന്നുവരുന്നതിന്റെ പ്രത്യക്ഷലക്ഷ്യങ്ങളാണ് നീലകണ്ഠകവിയുടെ ചമ്പുകാവ്യങ്ങൾ. "പരിവർത്തനോന്മുഖമായിരുന്ന മണിപ്രവാള സാഹിത്യത്തിനു അനുകരണീയമായ പന്ഥാവു വെട്ടിത്തുറന്ന കവീശ്വരനാണ് നീലകണ്ഠൻ. അങ്ങനെ നമുക്ക് ലഭിച്ച വിശിഷ്ട സംഭാവനകളാണ് 'ചെല്ലൂർനാഥോദയം', 'നാരായണീയം', 'തെങ്കൈലനാഥോദയം' എന്നീ ഭാഷാചമ്പുക്കൾ" എന്ന് ഡോ. ടി.ജി. രാമചന്ദ്രൻപിള്ള അഭിപ്രായപ്പെട്ടിട്ടുണ്ട് (നീലകണ്ഠകവിയുടെ സമ്പൂർണ്ണകൃതികൾ സമ്പാദനം, പഠനം). ഇതുകൂടാതെ വൈക്കം മഹാദേവക്ഷേത്രത്തിലെ അഷ്ടമീമഹോത്സവത്തെ മുൻനിർത്തി 'അഷ്ടമിപ്രബന്ധം' എന്നൊരു സംസ്കൃതചമ്പുവും അദ്ദേഹം രചിച്ചിട്ടുണ്ട്.

'കവനോദയം' മാസികയിലാണ് 'ചെല്ലൂർനാഥോദയം' ആദ്യം പ്രസിദ്ധീകരിച്ചത്. സൂര്യവംശരാജാവായ ശതസോമൻ തളിപ്പറമ്പു പെരിഞ്ചല്ലൂർ ക്ഷേത്രത്തിൽ ശൈവബിംബപ്രതിഷ്ഠ നടത്തിയ കഥയാണ് ഇതിലെ ഇതിവൃത്തം. ഇതിലൊരു ദണ്ഡകം ചേർത്തിട്ടുണ്ട്. പെരിഞ്ചല്ലൂർ ഗ്രാമവാസികളായ ബ്രാഹ്മണരുടെ മാഹാത്മ്യം വിവരിക്കുന്നതാണ് പ്രസ്തുത ദണ്ഡകം, അന്യകൃതികളിൽ നിന്ന് ഇരുപത്തിമൂന്നോളം ശ്ലോകങ്ങൾ ഈ കാവ്യത്തിൽ എടുത്തുചേർത്തിട്ടുണ്ട്.

SGOU

### 2.1.5.3 നാരായണീയം

ഡോ. കൊളത്തേരി ശങ്കരമേനോൻ തിരുവനന്തപുരം ഗ്രന്ഥപ്പുരയിൽ നിന്ന് കണ്ടെടുത്ത് പ്രസിദ്ധീകരിച്ചതാണ് നാരായണീയം. 1986-ൽ ഡോ. ടി.ജി. രാമചന്ദ്രൻപിള്ള ഈ കൃതിയുടെ സംശോധിതപാഠവും പഠനവും തയ്യാറാക്കി. സന്താനഗോപാലകഥയും തൃപ്പൂണിത്തുറ പൂർണ്ണത്രയീശ്വര ക്ഷേത്രത്തിലെ വിഷ്ണുബിംബപ്രതിഷ്ഠയുമാണ് മുഖ്യ വർണ്ണനാവിഷയം.

### 2.1.5.4 തെക്കൈലനാഥോദയം

മംഗളോദയം മാസികയിലാണ് 'തെക്കൈലനാഥോദയം' എന്ന കാവ്യം ആദ്യം ഖണ്ഡശ്ശ പ്രസിദ്ധീകരിച്ചത്. 1968-ൽ കേരള സാഹിത്യഅക്കാദമി പുനഃപ്രസാധനം ചെയ്തു. തൃശൂർ വടക്കുംനാഥക്ഷേത്രത്തിലെ അഞ്ചുപ്രതിഷ്ഠകൾ നടത്താനിടയായ സാഹചര്യത്തെക്കുറിച്ചുള്ള ഐതിഹ്യമാണ് ഈ കാവ്യത്തിലെ മുഖ്യവിഷയം. ദക്ഷിണ കൈലാസമെന്നും ശിവന്റെ പുരമായതിനാൽ തൃശ്ശിവപേരൂർ എന്നുമുള്ള പേരുകളാൽ പ്രസിദ്ധമാണ് വടക്കുംനാഥക്ഷേത്രം എന്നു പറഞ്ഞുകൊണ്ടാണ് കാവ്യം അവസാനിക്കുന്നത്.

### 2.1.5.5 ഭാഷാനൈഷധം ചമ്പു

മധ്യകാല ചമ്പുകാരന്മാരിൽ പുനം നമ്പൂതിരി കഴിഞ്ഞാൽ ഏറ്റവും പ്രശസ്തൻ മഴമംഗലം നാരായണൻ നമ്പൂതിരിയാണ്. സംസ്കൃതത്തിലും മലയാളത്തിലും അദ്ദേഹം നിരവധി ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്. മഴമംഗലം ഇല്ലക്കാരുടെ ഉപാസനാദേവത 'വലയാധീശ്വരി' എന്ന് വിശേഷിപ്പിക്കപ്പെടുന്ന ഊരകത്തമ്മയാണ്. അദ്ദേഹത്തിന്റെ കൃതികളിൽ ആദ്യമേ വലയാധീശ്വരിയെ വന്ദിക്കുന്നതായി കാണാം. അതുപോലെ 'പ്രത്യക്ഷസ്വർഗ്ഗസൗഖ്യം' എന്നൊരു പ്രയോഗവും അദ്ദേഹത്തിന്റെ ചമ്പുക്കളിൽ പൊതുവായി കാണപ്പെടുന്നു. മഴമംഗലം നാരായണൻ നമ്പൂതിരി രചിച്ചതാണ് 'ഭാഷാനൈഷധം ചമ്പു'. കൂടാതെ 'രാജരത്നാവലീയം', 'കൊടിയവിരഹം', 'ബാണയുദ്ധം' എന്നീ ചമ്പൂകാവ്യങ്ങളും മഴമംഗലത്തിന്റേതായി ലഭിച്ചിട്ടുണ്ട്.

### 2.1.5.6 രാജരത്നാവലീയം ചമ്പു

പൊതുവെ ചമ്പുക്കളിലെ വിഷയം പുരാണങ്ങളാണ്. എന്നാൽ പുരാണേതര പ്രമേയമുള്ള ചമ്പുകാവ്യമാണ് 'രാജരത്നാവലീയം'. കൊച്ചി രാജാവായിരുന്ന രാമവർമ്മയുടെ ജനനം, കിരീടധാരണം, മന്ദാരമാല എന്ന സുന്ദരിയുമായുള്ള പ്രണയം തുടങ്ങിയവയാണ് ഇതിലെ വർണ്ണ്യവിഷയം. രാമവർമ്മ, മന്ദാരമാല എന്നിവരാണ് നായികാനായകന്മാർ. നായികാപ്രധാനമായ ചമ്പുകാവ്യം എന്ന സവിശേഷതയും ഈ കാവ്യത്തിനുണ്ട്. 'കാലം മാറിപ്പിറന്ന മറ്റൊരുണ്ണിയാടിചരിതമാണ് രാജരത്നാവലീയം' എന്നാണ് എൻ. കൃഷ്ണപിള്ളയുടെ അഭിപ്രായം (കൈരളിയുടെ കഥ. പുറം 103).

### 2.1.5.7 കൊടിയവിരഹം

'കൊടിയവിരഹം' അഥവാ 'സംഗീതചരിതം' ഒരു ശൃംഗാരകാവ്യമാണ്. ഇതിലെ നായകൻ സംഗീതകേതുവും നായിക ശൃംഗാരചന്ദ്രികയുമാണ്. തൃശൂർ പൂരത്തിന് തമ്മിൽ കണ്ട് അനുരാഗബദ്ധരായ രണ്ടുപേർ ദാമ്പത്യത്തിൽ ഒരുമിക്കുകയും പിന്നീട് ചിലരുടെ ഏഷണിയാൽ നായിക നായകനെ ഉപേക്ഷിക്കുന്നതും തുടർന്നുള്ള വിരഹതാപവുമാണ് വിഷയം. 'അഭിലാഷശൃംഗാരം, സംഭോഗശൃംഗാരം ഇതുകളെല്ലാം ഭംഗിയായി ഇതിൽ വർണ്ണിച്ചിരിക്കുന്നു. ശൃംഗാരരസസമ്പാദനത്തിൽ നിസ്തുലസാമർഥ്യമുള്ള കവിയാണ് മഴമംഗലം' എന്ന് പി. ശങ്കരൻ നമ്പ്യാർ അഭിപ്രായപ്പെട്ടിരിക്കുന്നത് ശ്രദ്ധേയമാണ്. (മലയാളസാഹിത്യചരിത്ര സംഗ്രഹം, പുറം 56). "കവിയുടെ ശബ്ദാർത്ഥകല്ലോലിനി ഇടതടവില്ലാതെ ഒഴുകുകയാണിവിടെ, ചമ്പൂകൃതികളിലെങ്ങും കാണാത്തവിധം സമ്മോഹനമാണ് ചിത്രീകരണം'' എന്ന് എൻ. കൃഷ്ണപിള്ള ചൂണ്ടിക്കാട്ടുന്നു.

### 2.1.5.8 ബാണയുദ്ധം ചമ്പു

വീരരസപ്രധാനമായ ചമ്പുകാവ്യമാണ് 'ബാണയുദ്ധം'. ഉഷാഅനിരുദ്ധന്മാരുടെ പ്രണയവും തുടർന്നുണ്ടാകുന്ന സംഭവങ്ങളുമാണ് ഇതിലെ മുഖ്യപ്രമേയം. ചമ്പുക്കളിൽ യുദ്ധവർണ്ണനകൾക്കും ഇടമുണ്ടെന്നതിന് ഈ കാവ്യം തെളിവാണ്. മഴമംഗലത്തിന്റെ 'ദാരികവധം' ബ്രാഹ്മണിപ്പാട്ടിലും യുദ്ധവർണ്ണന കാണാൻ കഴിയും.

SGOU

# 1. വിശദപഠനം

## ഉണ്ണിയച്ചീചരിതം

### അങ്ങാടി വർണ്ണന

'ഉണ്ണിയച്ചീചരിത'വും 'ഉണ്ണിച്ചിരുതേവീചരിത'വും 13-ാം ശതകത്തിലെഴുതപ്പെട്ടിരിക്കാമെന്നാണ് ഇളംകുളത്തിന്റെ അഭിപ്രായം. 'ഉണ്ണിയാടി', 'ഉണ്ണിച്ചിരുതേവി', 'മല്ലീനിലാവ്', 'ചെറിയച്ചി' തുടങ്ങിയ മണിപ്രവാളനായികമാർ നർത്തകിമാരും ദേവദാസികളുമായിരുന്നുവെന്നും അദ്ദേഹം പറയുന്നു. എന്നാൽ ഇവർ ദേവദാസികളായിരുന്നോ എന്ന് തീർച്ചയാക്കാൻ തെളിവുകളില്ലെന്ന് പുതുശ്ശേരി അഭിപ്രായപ്പെടുന്നു. "മലയാളത്തിലെ കാവ്യചന്ദ്രോദയം മണിപ്രവാളകൃതികളിലുടെയാണ് സംഭവിച്ചത്, പ്രാചീന മണിപ്രവാള ചമ്പുവായ 'ഉണ്ണിയച്ചീചരിത'ത്തിലൂടെ."

മേൽപ്പറഞ്ഞ മൂന്ന് ചമ്പുകാവ്യങ്ങളിലൂടെയാണ് മണിപ്രവാളം ഒരു സാഹിത്യപ്രസ്ഥാനമായി സ്ഥാനം നേടുന്നത്. കൂടാതെ സന്ദേശകാവ്യങ്ങളും ശൃംഗാരപ്രധാനമായ ലഘുകവനങ്ങളും ഒറ്റ ശ്ലോകങ്ങളും വൈശികതന്ത്രം പോലെയുള്ള മറ്റു ചില കൃതികളും കൂടിയായപ്പോൾ അതൊരു സാഹിത്യപ്രസ്ഥാനമാവുകയും 'ലീലാതിലകം' എന്നൊരു മണിപ്രവാള ലക്ഷണഗ്രന്ഥം ഉണ്ടാവുകയും ചെയ്തു. അച്ചീചരിതങ്ങൾ മൂന്നും കേരളത്തിന്റെ മൂന്ന് പ്രധാനദേശങ്ങളിലാണ് പിറവിയെടുക്കുന്നത്. വടക്കേ മലബാറിലെ കുറുമ്പ്രനാട്ടിലെ തിരുമരുതൂരാണ് ഉണ്ണിയച്ചിയുടെ ആസ്ഥാനം. മധ്യകേരളത്തിലെ 'ചോകിരം' ഗ്രാമത്തിൽ പൊയിലത്താണ് ഉണ്ണിച്ചിരുതേവിയുടെ വാസസ്ഥലം. ദക്ഷിണകേരളത്തിലെ ഓടനാടിന്റെ തലസ്ഥാനമായ കണ്ടിയൂരിലാണ് ഉണ്ണിയാടി. ഈ നായികമാരൊക്കെ അന്നത്തെ പ്രശസ്ത നർത്തകിമാരുടെ പുത്രിമാരാണ്. സ്വർഗത്തിൽ നിന്നുപോലും കാമുകന്മാരെ ഭൂമിയിലേക്ക് ഇറക്കിക്കൊണ്ടുവരാൻ പോന്ന സൗന്ദര്യധാമങ്ങൾ. ഗന്ധർവന്മാർ, ചന്ദ്രൻ, ദേവേന്ദ്രൻ എന്നിവർ പോലും ഇവരുടെ സൗന്ദര്യാതിശയത്തിൽ മയങ്ങിപ്പോയവരാണ്. തിരുവനന്തപുരം കൊട്ടാരം ലൈബ്രറിയിൽ നിന്നാണ് 'ഉണ്ണിയച്ചീചരിത'ത്തിന്റെ ഹസ്തലിഖിതം കണ്ടെടുത്തിട്ടുള്ളത്. ഭാഷാമാസികയിലാണ് ആദ്യം ഖണ്ഡശ്ശ: പ്രസിദ്ധീകരിച്ചത്. പിന്നീട് ഡോ. പി.കെ. നാരായണപിള്ള തിരുവനന്തപുരം മാനുസ്ക്രിപ്റ്റ് ലൈബ്രറിയിൽ നിന്ന് ഗ്രന്ഥരൂപത്തിൽ പ്രസിദ്ധീകരിച്ചു. 2005-ൽ ഡോ. എൻ. ഗോപിനാഥൻ നായരുടെ പഠനത്തോടു കൂടി കാലിക്കറ്റ് സർവകലാശാല 'ഉണ്ണിയച്ചീചരിതം' പ്രസിദ്ധീകരിക്കുകയുണ്ടായി. അതിന്റെ അവതാരിക എഴുതിയിട്ടുള്ളത് ഡോ. പുതുശ്ശേരി രാമചന്ദ്രനാണ്.

തേവൻചിരികുമാരൻ ആണ് ഉണ്ണിയച്ചീചരിതം എഴുതിയത് അദ്ദേഹത്തെക്കുറിച്ച് നമുക്ക് ലഭ്യമായ വിവരങ്ങൾ വളരെ കുറവാണ്. പക്ഷേ ഗ്രന്ഥാവസാനം അദ്ദേഹം തന്നെ തന്നെക്കുറിച്ച് സൂചിപ്പിച്ചിട്ടുണ്ട്. കൂടാതെ ഈ ഗ്രന്ഥം ഓലയിൽ പകർത്തി എഴുതിയത് താൻതന്നെയെന്ന് പ്രസ്താവിക്കുന്നുണ്ട്. അതിപ്രകാരമാണ്.

> "തേവൻചിരികുമാരച്ചൊന്ന
> ചമ്പു മുറ്റവുമാദരാലാൽ
> രാമൻചിരികുമാരനേട്ടി
> ലെഴുതിക്കൂട്ടിനാ" '

കൂടാതെ അന്നത്തെ കേരളത്തിൽ നിലനിന്നിരുന്ന 'ആനയച്ച്' എന്നൊരു ചോളനാണയത്തെ പ്പറ്റിയും പ്രസ്താവിക്കുന്നുണ്ട്. അത് ഇപ്രകാരമാണ്.

> "ചോനകകുതിര ചോണ്ണാട്ടു വിറ്റാല്
> നമുക്കാനയച്ചുടനിരണ്ടായിരം കിട്ടലാം'"

കൃത്യമായ രചനാകാലസൂചനയും കൊല്ലം, കൊടുങ്ങല്ലൂർ, തൃക്കണ്ണാമതിലകം ദോരസമുദ്രം (ഹോയ്സാല രാജ്യത്തിന്റെ തലസ്ഥാനനഗരിയായി അറിയപ്പെട്ടിരുന്ന ദോരസമുദ്രം അഥവാ ദോരാവതിപുരം) എന്നീ പട്ടണങ്ങളുടെ പ്രതാപകാലത്തെയും, ചരിത്രപ്രാധാന്യത്തെയും പറ്റി ഉണ്ണിയച്ചീചരിതത്തിൽ പരാമർശമുണ്ട്.

## ഇതിവൃത്തം

സേലത്തു അതിയമാനലൂരിൽ നിന്ന് കോലത്തുനാട്ടിലേക്കും അവിടെനിന്ന് പുറക്കിഴാനാട്ടിലെ തിരുമരുതൂരിലും യാത്ര ചെയ്ത് എത്തിയ ഒരു ഗണികാസ്ത്രീയുടെ മകളാണ് ഉണ്ണിയച്ചി. ആ സുന്ദരിയെ ഭ്രമിച്ച ഒരു ഗന്ധർവൻ അവ

SGOU

ളെ കാണാൻ കൊതിച്ച് ഭൂമിയിൽ വരുന്നതാണ് ഇതിന്റെ ഇതിവൃത്തം. വഴിയിൽ വച്ച് കണ്ട ശാലാവിദ്യാർഥിയെയും കൂട്ടി അയാൾ ഉണ്ണിയച്ചിയുടെ വീടുതേടി യാത്ര തിരിക്കുന്നു. ഇതിനിടയിൽ അയാൾ ഗന്ധർവനോടു അവളെപ്പറ്റിയും അവളുടെ സൗന്ദര്യത്തെപ്പറ്റിയും വാതോരാതെ സംസാരിക്കുന്നു. അവർ രണ്ടുപേരും വഴിയിലെ കാഴ്ചകൾ കണ്ടുകൊണ്ട് യാത്ര തുടർന്നു. അവിടെ എത്തിയപ്പോൾ ഗന്ധർവൻ ഞെട്ടിപ്പോയി. ഉണ്ണിയച്ചിയുടെ വീട്ടിൽ അവളുടെ സാമീപ്യം ആഗ്രഹിച്ചെത്തിയ നിരവധി ജനങ്ങളെ അവർ അവിടെ കണ്ടു. അവിടെ കാത്തുകെട്ടി കിടക്കുന്നവരിൽ വൈദ്യന്മാർ, കച്ചവടക്കാർ, അധികാരികൾ, നായന്മാർ, ജ്യോത്സ്യന്മാർ, വൈദ്യശാലാധ്യക്ഷന്മാർ തുടങ്ങിയ വലിയൊരു സംഘത്തെയാണ് അവർ അവിടെ കണ്ടത്. പിന്നെ അവർക്കു എന്ത് സംഭവിച്ചു എന്നതു കാവ്യത്തിൽ അപൂർണമാണ്. ഒരാവർത്തികൂടി നായികയെ വർണ്ണിച്ചുകൊണ്ട്, ഒടുവിൽ പഴഞ്ചേരിഭഗവതിയെ സ്തുതിച്ചുകൊണ്ട് ഉണ്ണിയച്ചീചരിതം അവസാനിക്കുന്നു. ഉണ്ണിയച്ചീചരിതത്തിലെ അങ്ങാടി വർണ്ണന സാംസ്കാരികമായും വർണ്ണനാപരമായും ഏറെ പ്രാധാന്യമുള്ള ഭാഗമാണ്. ശ്ലോകത്തിന്റെ വരികൾ അപൂർണ്ണങ്ങളാണ്. കൂടാതെ അക്ഷരങ്ങൾ മിക്കയിടത്തും നഷ്ടപ്പെട്ടിട്ടുണ്ട്.

## വരികൾ 1

"വാണിയമഴകിതു വീണിയ വിററവ
കോണിയ വൈയ്ത്തവയരിയോ നെല്ലോ;
പിച്ചളനാട്ടിനു പോക ചര
.........ച്ചള നിങ്ങൾ നിറുപ്പിച്ചളവിൽ
.....ചളവില്ല...നമക്കറിയോന്നാം
പൊച്ചളവുഞ്ചതിയും വല്ലേൻ ഞാൻ;''

## അർഥവിശദീകരണം

| | | |
|---|---|---|
| വാണിയം | = | വാണിജ്യം |
| വീണിയ | = | വെറുതെയായി, (വിറ്റതെല്ലാം നഷ്ടത്തിലായി) |
| കോണിയ | = | ചാക്ക് |
| വൈവ | = | വച്ചവ |
| നിറുപ്പിച്ചയളവിൽ | = | നിർത്തിയളക്കുകിൽ |
| കൊച്ചളവില്ല | = | അളവിൽ കുറയ്ക്കില്ല |
| അറിയോനാം | = | നാം അറിയും |
| പൊച്ചം | = | കള്ളം |
| വല്ലേൻ | = | എനിക്ക് കഴിയില്ല |

## ആശയവിശദീകരണം

അവർ പോകുന്ന വഴിക്കുള്ള അങ്ങാടിയുടെ വർണ്ണന ഇവിടെ തുടങ്ങുന്നു. കച്ചവടക്കാരുടെ സംഭാഷണങ്ങൾ അവിടെ ഇപ്രകാരം അവർ കേൾക്കുന്നു. ഈ കച്ചവടം ഇങ്ങനെ ആയാൽ കൊള്ളാം, വിറ്റതെല്ലാം നഷ്ടത്തിലാണ് എന്നിങ്ങനെ ഒരിടത്ത് നിന്നും അവർ കേൾക്കുന്നു. മറ്റൊരിടത്താകട്ടെ ചാക്കിൽ വച്ചിരിക്കുന്നത് അരിയാണോ നെല്ല് ആണോ' എന്നും ചോദിക്കുന്നതായി അവർ കേൾക്കുന്നു. പിന്നീട് അവർ കേൾക്കുന്നത് വിലപേശലിനെക്കുറിച്ചുള്ള ന്യായീകരണങ്ങൾ ആണ്. കള്ളവും ചതിയും എനിക്ക് കഴിയില്ല. അളവിൽ കുറയ്ക്കൽ ഇവിടെയില്ല. പിച്ചളനാട്ടിലേക്ക് പോക. എന്നിങ്ങനെ അപൂർണ്ണവും അവ്യക്തവുമായ ധാരാളം സംഭാഷണങ്ങൾ അവർ കേൾക്കുന്നുണ്ട്.

## വരികൾ 2

"തൃച്ചളരിപ്പെരുമാ .... ററാൻ
പച്ചയളന്നല്ല ചുടൻ തരല....
വടിയുമിച്ചേലയുമൊന്റരൈ
യച്ചു പെറുൻറതു കച്ചുഞ്ചൊല്ലാം;
പച്ചൈപ്പടമിവ വിച്ചൈ
.....മളതൂയ നിനൈച്ചാൽ
പത്തച്ചേറ ക്കാൺമരിതറിവോർ.
കമ്പിളി തരുക കരുംപടമും കൊൾ
കംപിളി നാടുടെയടികളിരുപ്പാൻ.
കംപിയൊരെൺപതു നംപി പറൈഞ്ഞതു
ചെംപുനിറത്തിനതയ്മ്പതു പോരും;

## അർഥവിശദീകരണം

| | | |
|---|---|---|
| തൃച്ചരളിപെരുമാൻ | = | തച്ചരളിയിൽ വാഴുന്നപെരുമാൾ |
| അച്ച് | = | നാണയം |
| പെറുക | = | ലഭിക്കുക |
| പെറുന്റതു | = | വിലയുള്ളത് |
| കച്ചുഞ്ചോല്ലാം | = | കരാറു പറയാം |
| കച്ചം | = | ഉടമ്പടി |

SGOU

| | | |
|---|---|---|
| വിചൈ | = | ആശ്ചര്യം |
| കരുംപടംമും കൊൾ | = | കരിമ്പടവും സ്വീകരിക്കുക. |
| തൂയ | = | പരിശുദ്ധമായ |
| നാടു അടികൾ | = | നാടിന്റെ അടി (അധിപൻ ) |
| ഇരുപ്പാൻ | = | ഇരിക്കാൻ |
| കംപി | = | ലോഹങ്ങൾ ഉരുക്കി ഉണ്ടാക്കുന്ന നൂൽ |

## ആശയവിശദീകരണം

ഗന്ധർവനും ശാലാവിദ്യാർഥിയും കാണുന്ന അങ്ങാടിയിൽ പലതരത്തിലുള്ള വർത്തമാനങ്ങൾ അവർ കേൾക്കുന്നു. മുകളിൽ പറയുന്ന തൃച്ചരളി പെരുമാളിന്റെ ക്ഷേത്രം സ്ഥിതിചെയ്യുന്നത് മാനന്തവാടിക്കും തിരുനെല്ലിക്കും മധ്യേയാണ്. ഇതിൽ നിന്നും തൃച്ചരളി പെരുമാൾ ക്ഷേത്രം അങ്ങാടിക്ക് സമീപം ആണെന്ന് കരുതാവുന്നതാണ്. കച്ചവടക്കാർ അവരുടെ സംഭാഷണങ്ങൾ തുടരുന്നു. അങ്ങാടിയിൽ ധാന്യവർഗങ്ങൾ ഉണങ്ങിയതും ഉണങ്ങാത്തതും ഉണ്ട്. അത് വിലയ്ക്ക് തരാം, കൂടാതെ വിവിധ തരത്തിലുള്ള ചേലകൾ ഒന്നര അച്ചിനു തരാമെന്നും അവർ ആണയിട്ടു പറയുന്നു. ചോളനാണയമായ ആനയച്ചിനെയാണ് ഇവിടെ സൂചിപ്പിക്കുന്നത്. മറ്റൊരിടത്ത് അവർ ഇങ്ങനെ കേൾക്കുന്നു. പരിശുദ്ധമായ പച്ചപ്പട്ടും ചേലകളും ഇവിടെ വിൽക്കാനുണ്ട്. ഞാൻ സത്യം പറയാം. ഈ പട്ടിനെക്കുറിച്ച് അറിയുന്നവർ, ഏവരാലും മതിക്കപ്പെടുന്നവരാണ്. ഈ കമ്പിളി തന്നിട്ട് കരിമ്പടം പറ്റി കൊള്ളുക എന്നുമുള്ള അങ്ങാടി വർത്തമാനങ്ങൾ അവർ കേൾക്കുന്നു. ഇവിടെ സൂചിപ്പിക്കുന്നത് അക്കാലത്ത് നിലനിന്നിരുന്ന കൈമാറ്റ വ്യവസ്ഥാരീതിയെയാണ്. കമ്പിളി നാടിന്റെ അധിപതിക്ക് ഇരിക്കുന്നതിന് സ്വീകരിക്കുക. ഇതിന്റെ ലോഹനൂൽ എൺപതൊന്നു ആണെന്ന് നമ്പി പറഞ്ഞത് വിശ്വസിക്കാം. ഇതിനു ചെമ്പു നിറം കിട്ടാൻ ഈ നൂൽകമ്പി അമ്പതെണ്ണം മതിയാകും. എന്നിങ്ങനെയുള്ള പട്ടിന്റെ മഹത്വങ്ങൾ വർണ്ണിക്കുന്നതും അവർ അവിടെ കേട്ടു. ഇത്തരത്തിലുള്ള സംഭാഷണങ്ങൾ കേട്ടുകൊണ്ട് അവർ യാത്ര തുടങ്ങി.

## വരികൾ 3

“ചെമ്പടമൊട്ടുവരുംപടി കൊള്ളേ-
നെമ്പ്രാനച്ചിവ ചംപ്രാണിപ്പടി
നമ്മണാക്കൊട ണി കുറൈക്കിലു-
മമ്മാണിക്കി പെറുമ്മാവിത്തന
പ്പൊൻമാരിത്താ പാണ്ടി കൊടുത്തവ
മീണ്ടു വരിന്റിതു നീണ്ടിതു കാലമി -
നിക്കൊളൈവരാർ വേണ്ടുകിലിന്നു മ-
രൈപ്പണമൊഴിവിതു...... ലി മുപ്പല-
മൊപ്പട വില്പിതു തപ്പമെനക്കിതു
ചുക്കൊരു പലമേ വില്ക്കരുതേറ-
ച്ചർക്കര തരുവൻ തക്കരി തരുകില്
പുഴ്ക്കരമൂലമമുക്കിരമും കൊൾ
ചോളത്തരി..വ  വെളൈക്കരി കൊൾ
കോ....ളവിതു നാളൈക്കുറവിനി’’

## അർഥവിശദീകരണം

| | | |
|---|---|---|
| ചെമ്പടം | = | ചുവന്നവസ്ത്രം |
| ചംപ്രാണി | = | പത്തേമാരി |
| നമ്മാണക്കൊട | = | നമ്മളാകും നൽകുന്നത് |
| മാണി | = | മാകാണി, (പതിനാറിലൊന്ന്) പഴയകാല അളവിനെ സൂചിപ്പിക്കുന്നു |
| ന | = | നമ്മുടെ |
| ഇത്തന | = | ഇത്ര |
| നീങ്ങിതു കാലം | = | കാലംനീളുന്നു |
| തപ്പ് | = | തെറ്റ് പറയുക |
| തക്കരി | = | ഒരു പച്ചമരുന്ന് |
| പുഴക്കരമൂലം | = | പുഷ്കരമൂലം( ഒരു പച്ചമരുന്ന്) |
| അമുക്കിരമു | = | അമക്കുരം |
| മിളകു | = | മുളകു |
| നമ്പി | = | തുളു ബ്രാഹ്മണൻ |
| വളുതം | = | വളുസം ( കള്ളം) |
| കാപു | = | കാമ്പ് |
| നെട്ട് | = | ഉയരം |
| വാദി | = | വിദ്വാന് |
| തിരുവാണം | = | രാജകല്പന |

## ആശയവിശദീകരണം

ഗന്ധർവനും ശാലാവിദ്യാർഥിയും അങ്ങാടിയിലേക്ക് കടക്കുന്നു. കടക്കാരുടെ സംഭാഷണ

SGOU

ളെ ഇപ്രകാരം കേൾക്കുന്നു. ഇതു നിങ്ങൾക്കും തരാം. പതിനാറിൽ ഒന്ന് കുറച്ചായാലും കച്ചവടം നടത്താം. വേണമെങ്കിൽ ഇനിയും അരപ്പണം ഒഴിവാക്കാം. ഇങ്ങനെയുള്ള വിലപേശലുകൾ അങ്ങാടിയിൽ അവർ കേൾക്കുന്നു. ഈ അങ്ങാടിയിൽ അധികവും പച്ചമരുന്നുകളായിരുന്നു വില്പനയ്ക്കുള്ളത്. അതിൽ തിപ്പലം, തക്കരി, പുഷ്കരമൂലം, അമുക്കിരം എന്നിവയും കൂടാതെ കുരുമുളക്, ചോളത്തരി എന്നിവയും അക്കാലത്ത് ഉള്ളതായി പറയുന്നു. ഇനിയങ്ങോട്ട് കച്ചവടക്കാരുടെ വർത്തമാനങ്ങളാണ് അവർ കേൾക്കുന്നത്. ഈ സാധനങ്ങൾ നാളേക്ക് കുറച്ചേ ഉള്ളൂ, കള്ളകച്ചവടവും, കള്ള അളവുകൾ ഉപയോഗിച്ചുള്ള കച്ചവടവും ഉള്ളത് പോലും കളയുന്നതാണ്. മറ്റൊരിടത്ത് കേൾക്കുന്നത് ഇപ്രകാരമാണ്. തന്റെ കയ്യിലുള്ള പട്ട് മേന്മയേറിയതാണ്. ഇത്തരത്തിലുള്ള കച്ചവടസംഭാഷണങ്ങൾ കേട്ടുകൊണ്ട് അവരിരുവരും അങ്ങാടിയും കണ്ട് യാത്ര തുടർന്നു.

അക്കാലത്തെ പല പ്രാചീനപദങ്ങളും ഈ വരികളിൽ കാണാൻ സാധിക്കുന്നു. ഇതു ചേർത്തു പറയുന്ന സ്വഭാവം പ്രാചീന മലയാളത്തിൽ ഉണ്ടായിരുന്നു. ചില അവസരങ്ങളിൽ ഇതു ഭൂതകാലപ്രത്യയമായും ചിലപ്പോൾ വർത്തമാനകാലപ്രത്യയമായും പ്രയോഗിക്കാറുണ്ട്. വരുവിനു, വരവന എന്നിവ ഉദാഹരണങ്ങളാണ്. മറ്റൊന്ന് 'ഴ' യ്ക്കു പകരം 'ഷ' ഉപയോഗിക്കാറുണ്ട്. പുഷ്കരമൂലം പുഴ്കരമൂലം എന്നത് ഇതിനുദാഹരണമായി കൃതിയിൽ ഉണ്ട്.

## വരികൾ 4

"മിളകും പൊള്ളുകള്ളവുന്തണ്ണിതു
കളയുന്തരുമതു തുളുനംപിയൊടൊരു
വ......... തം പറയെമ്പട്ടും കാംപും
കാൺപിതു കൊൾക്കില്പട്ടിനി വന്തോല്
തോൽക്കും വേണ്ടാ പട്ടുളിനായർ
പറഞ്ഞതിലൊട്ടൊരു നെട്ടന്താമാം
പട്ട ......രകതിരുവാണ മുതൽപേ-
രെട്ടരൈയെട്ടോ വതിയുമൊണ്ടൊരു
ചെട്ടല്ല ചൊന്നതു പട്ടരുടുപ്പാൻ
തരുവൻ, തരലാം കേട്ടോം കാശിതി –
ടാവി.....യിട്ടെ...... കൈംപണ്മകനോ –
--------------------------

............പിന്നെയെട്ടംങ്ങനെ ചെൻറവവാറേ മുഹു;
പിന്നലാട്ടേടമുമ്മുലൊട്ടേടമും
കാട്ടിയെഞൈട്ടെത്തുണി........ ച്ചട്ടയും വാങ്ങിവ-
ച്ചക.... വചൂട്ടിയക്കയ്യുമാട്ടിക്കുറൈ –
ക്കിൻറപേയ് പട്ടിനാപോലെ തീർത്തൊട്ടുമി-
ല്ലാതെ നാണത്തിനാല് വട്ടരേ.. കട്ടമേ
നിങ്കടൈപ്പാഴ്ക... കുട്ട മൊള്ളർക്കന്റേ –
വരുന്നട്ടമായ് പോയിടം മുട്ടിച്ചൂട്ടിട്ടു."

## അർഥവിശദീകരണം

| | | |
|---|---|---|
| കാട്ടി | = | കാണിച്ച് |
| ചൂട്ടി | = | അഹംഭാവം നടിച്ച് |
| കുരയ്ക്ക് | = | കുരയ്ക്കുന്ന |
| മുട്ടിചൂട്ടിട്ടു | = | മുഷ്ഠി വേദനിച്ചിട്ട് |

## ആശയവിശദീകരണം

മദ്യപന്മാർ അങ്ങാടിയിലൂടെ വരുന്ന ദൃശ്യമാണ് ഇവിടെ വ്യക്തമാകുന്നത്. ഗന്ധർവനും ശാലാവിദ്യാർഥിയും മദ്യപന്മാരുടെ വരവിനെ കാണുന്നു. പിന്നിലെ ഭാഗവും മുന്നിലൊന്നു ഭാഗവും കാണിച്ചുകൊണ്ട്, അഹംഭാവത്തിൽ എന്തൊക്കെയോ പുലമ്പി കൊണ്ടാണ് അവരുടെ വരവ്. കയ്യിൽ ചേലയും തുണിയുമൊക്കെയുണ്ട്. അവരുടെ വരവിനെ പേയ്പിടിച്ച നായ വരുന്നപോലെ എന്നാണ് ചമ്പൂകാരൻ പറയുന്നത്. അപ്പോൾ അവിടെ മറ്റൊരു സംസാരം അവർ കേൾക്കുന്നു. അശേഷം നാണമില്ലാതെ കുരയ്ക്കുന്ന പട്ടിയെപ്പോലെ വരുന്ന നിങ്ങളുടെയൊക്കെ നാശം കുഷ്ഠം മൂലം ആയിരിക്കും. മുഷ്ഠിവേദന തുടങ്ങുന്ന പക്ഷം, അത് വരുന്ന സ്ഥലം(ശരീരഭാഗം) നഷ്ടമായിപ്പോയി എന്നങ്ങു വിചാരിച്ചാൽ മതി. ഇങ്ങനെയുള്ള ശാപവാക്കുകൾ അവർ അവിടെ കേൾക്കുന്നു. ഇത്തരത്തിലുള്ള വിവിധ വർത്തമാനങ്ങൾ കേട്ടുകൊണ്ട് രണ്ടുപേരും അവിടെ കഴിഞ്ഞു പോകുന്നു.

## വരികൾ 5

"നിൻ... ഞ്ചില് വച്ചാലിരക്കിമെല്ലോ കറു
പ്പമമെലിമമേറിടെടീ പയ്ത്തിനിപ്പറയി.
നിൻ പൊത്തിനില്ക്കരു വെഴച്ചത്തിനിപ്പോവ
നീചത്തി നീ മത്തി മീ നിന്നു പോ.... ....
മുക്കുവരെയുന്തത്തിയേറീട്ടു മൊൻറയയ്തി
നൊൻറീലപോൽ നിളൈടുയൈചുടു നിരുച്ചൂനി

SGOU

യെത്തോടുപോകള്ളുണിപുലയി നിൻപിള്ള
യെപ്പെറുമടന്തള്ളുമത്തവിടു........പെറാ
മുറിതലേ മറുതലെചൊൻറിനിച്ചൊല്ലുകിൽ
ചൊല്ലുവൻ തണ്ടമായ്കൊണ്ടൊരാഴക്കകൾ
തിരുനലൈത്തണ്ടനായനുമുടെപ്പണ്ടികാ-
ട്ടിന തുട............ ....................ൻറിട്ടവ
മെണ്ടിലച്ചിട്ടു ...................തെല്ലമുമി-
ണ്ണാർക്കിടന്നോർ ചോലൂർക്കുണ്ടമേ പാക്കിയം''

## അർഥവിശദീകരണം

| | | |
|---|---|---|
| പയ്ത്ത്തിനിപ്പറയി | = | ഒരു ജാതിനാമം |
| കറുപ്പ് | = | കുഷ്ഠം |
| അമെലിമ | = | തടിച്ചത് |
| പൊത്തി നിൽക്കുക | = | പൊങ്ങി നിൽക്കുക |
| കരു | = | കറുത്ത കുരു |
| വെഴച്ചത്ത് | = | എഴിച്ച് |
| തത്തി | = | ആഡംബരംകാട്ടുക |
| ഒൻറു | = | ഒന്ന |
| നിയെ | = | തള്ളയ |
| മുറിതല | = | മുറിച്ചവൾ |
| തിരുനലൈതണ്ടനായകൻ | = | തിരുനെല്ലിയിലെ സേനാനായകൻ |
| ഉമിണ്ണ് | = | തുപ്പുക |
| പാക്കിയം | = | ഭാഗ്യം |
| ച്ചൊല്ലൂർ കുണ്ടം | = | ചൊല്ലൂർ സമൂഹം |

## ആശയവിശദീകരണം

ഗന്ധർവനും ശാലാവിദ്യാർഥിയും അങ്ങാടിയിൽ എത്തുന്നു. വിവിധ തരത്തിലുള്ള വർത്തമാനങ്ങൾ അവർ കേൾക്കുന്നു. പരസ്പരം വഴക്ക് കൂട്ടുന്നവരുടെ ശകാരങ്ങൾ, ഒത്താശ, ശാപവാക്കുകൾ, ദേഷ്യപ്രകടനങ്ങൾ, സംഭാഷണശകലങ്ങൾ എന്നിവയും കേൾക്കുന്നു. ഇത്തരം പ്രകടനങ്ങളിലെല്ലാം കുഷ്ഠം ഒരു പ്രധാനപ്രതീകമായി മാറുന്നു. തിരുനെല്ലിയിലെ സേനാനായകൻ ചൊല്ലൂർ സമൂഹത്തിന്റെ ഭാഗ്യമാണെന്ന്, അവർ അവിടെ കേൾക്കുന്നു. കുഷ്ഠരോഗം അക്കാലത്ത് സാധാരണമായിരുന്നുവെന്നും ജനങ്ങൾ അതിൽ ആശങ്കാകുലരായിരുന്നുവെന്നും വ്യക്തമാണ്. നിന്റെ കുഷ്ഠസൂചകമായ തടിപ്പിന് കട്ടിയേറിവരും. നിന്റെ പൊങ്ങിനിൽക്കുന്ന ഈ കുരു ഇനി പോകുന്നതല്ലയെന്നും, നീ മത്തിമത്സ്യത്തിന് പോയിട്ട്, മുക്കുവരുമായി കൂട്ടുകൂടിനടന്നിട്ടും ഒന്നും ലഭിച്ചില്ലേയെന്നും, കുറ്റിമുടിയുള്ളവളെ, കള്ളു കുടിക്കുന്ന പുലയസ്ത്രീയെ, നിൻ തള്ളയെ ചുട്ട് നീ ശൂന്യമായി പോകട്ടെ എന്നും വിവിധ തരത്തിലുള്ള അവ്യക്തമായ ധാരാളം ശാപവാക്കുകൾ അവിടെ അവർ കേൾക്കുന്നു.

## വരികൾ

"കെടുപഴഞ്ചേരിയമൈകറുതൊറ്റു നീ
ച്ചോരി..... ഴ്ക്കടച്ചെറുമി......നീ
പോയിടമ്മുക്കറുക്കപ്പട -
മ്മൂക്കനാല് കടി പെർന്നാക്കുറച്ചീട്ടുനാ
നായ് ക്കിടപ്പെടുനരിക്കിര കൊടുക്കപ്പട -
ന്നടുവുവേ.... ടി കെടപ്പോയിടാ-
യുക്കെടെൻറിഞ്ഞനേ തെരുവിൽ വയുന്തെഴു-
തൈകുഴാം കണ്ടുവർത്തെങ്ങു പോയാനസൌ''

## അർഥവിശദീകരണം

| | | |
|---|---|---|
| പഴഞ്ചേരിയമ്മ | = | പഴഞ്ചേരി നമ്പൂതിരിമാരുടെ പരദേവത |
| ചോരി | = | ചോര |
| മുക്കറുക്കപ്പെട്ട | = | മൂക്കറക്കുന്ന പട |

## ആശയവിശദീകരണം

വളരെ അവ്യക്തത നിറഞ്ഞ വരികളാണ് ഇവിടെയുള്ളത്. പരസ്പരബന്ധമില്ലാത്ത വർത്തമാനങ്ങളാണ് അവർ അങ്ങാടിയിൽ കേൾക്കുന്നത്. പഴഞ്ചേരിയമ്മയ്ക്ക് ചോര എന്നുള്ളടത്തു ബാക്കി അവ്യക്തമാണ്. മൂക്കറുക്കുന്ന, നരിക്ക് ആഹാരമായി കൊടുക്കുന്ന വൻപടയുടെ സാന്നിധ്യം ഇവിടെ പറയുന്നുണ്ട്. പട തദ്ദേശീയമാണോ വിദേശീയമാണോ എന്നതിന് കൃത്യമായ സൂചനകളൊന്നും ഇവിടെയില്ല. അവ്യക്ത പദങ്ങളും, പ്രയോഗങ്ങളും ഈ ഭാഗത്ത് ധാരാളം ഉണ്ട്. ഇത്തരത്തിലുള്ള പരസ്പരബന്ധമില്ലാത്ത വർത്തമാനങ്ങളും തെരുവിൽ പറയുന്ന ചീത്തകൂട്ടത്തെയും കണ്ട് വെറുപ്പോടെ അവൻ അവിടം വിട്ടു പോയി.

## വരികൾ

"അഞ്ഞാറിഞ്ഞരി തന്നു കൊൾക ഞ..
ൻ തരാഞ്ഞ്മ്മേനെ ല്തന്നാൽ
ചോളമളക്കിൽ വാള തരുവൻ

SGOU

പുന്നെല്ക്കു പുൻമീനുള;
വാഴൈക്കായ്ക്കു വരാല്, പരല്ക്ക പതർ നെ
ല്കൊള്ളാരിതെൻറിഞ്ഞനേ
മീന് വില്ക്കൂ..... ക്കി.......
............. തൂഹലം''

### അർഥവിശദീകരണം

| | | |
|---|---|---|
| അഞ്ചാറ് | = | ഏതാനും |
| ഉള | = | ഉണ്ട് |
| പതർ | = | പതിർ |
| പരൽ | = | ഒരു ചെറുമത്സ്യം |

പ്രാചീനകേരളത്തിൽ നിലനിന്നിരുന്ന സാധന കൈമാറ്റ വ്യവസ്ഥയാണ് ഈ വരികളിൽ പ്രകടമാകുന്നത്. അവിടെ അങ്ങാടിയിൽ വിവിധതരത്തിലുള്ള ചരക്കുകൾ വില്പ്പനയ്ക്കു വച്ചിട്ടുണ്ട്. ഒന്ന് തന്നാൽ മറ്റൊന്ന് തരാമെന്ന് കച്ചവടക്കാർ പറയുന്നത് അവർ കേൾക്കുന്നു. അരിക്കു പകരം നെല്ല് തരാമെന്നും, ചോളമളക്കുകയാണെങ്കിൽ വാള തരാമെന്നും, പുന്നെല്ലിനു പകരം ചെമ്മീൻ തരാമെന്നും, വാഴക്കായ്ക്കു പകരം വരാലും, പരൽമീനിന് പകരം പതിരുനെല്ലും തരാം, എന്നീ തരത്തിലുള്ള വർത്തമാനങ്ങൾ അവർ കേൾക്കുന്നു. ഇത്തരത്തിലുള്ള മത്സ്യവില്പനക്കാരുടെ സംസാരം കേട്ട് ശങ്കരി ദിവാഅങ്ങാടി കഴിഞ്ഞു പോയി. കൃത്രിമഭാഷാപദപ്രയോഗം ഇവിടെ ധാരാളമുണ്ട്. അക്കാലത്തു നിലനിന്നിരുന്ന ധാരാളം പദങ്ങളും പ്രയോഗങ്ങളും ഇവിടെ വ്യക്തമാകുന്നു. അവ്യക്തമായ പദപ്രയോഗങ്ങൾ പ്രാചീനഭാഷാമണിപ്രവാളകൃതികളുടെ പൊതുസ്വഭാവമാണ്.

## കാവ്യവിശകലനം

സംസ്കൃത മാതൃകയിലാണ് ഭാഷയിൽ ചമ്പുക്കൾ രചിക്കപ്പെട്ടത്. പൊതുവിൽ ആദ്യകാല ചമ്പുക്കൾ സ്ത്രീവർണ്ണനാപരങ്ങളായിരുന്നു. സാഹിത്യം, അതാതു കാലത്തെ പ്രവണതകളെ ആവാഹിക്കുന്നു എന്നതിന് ഉത്തമ ഉദാഹരണമാണ് തേവൻ ചിരികുമാരൻ രചിച്ച ഉണ്ണിയച്ചീചരിതം. ഡോ. പി.കെ. നാരായണപിള്ള കണ്ടെത്തി പ്രസിദ്ധീകരിച്ച ഈ കാവ്യം അപൂർണ്ണമാണ്. അവ്യക്തത നിറഞ്ഞ ധാരാളം ഭാഗങ്ങളെ ഇതിൽ കാണാൻ സാധിക്കുന്നു. കാവ്യഭംഗി കൂട്ടുവാൻ ഉപയോഗിക്കുന്ന അക്ഷരച്ചേർച്ചയാണ് പ്രാസം. അത്തരത്തിലുള്ള പ്രാസാനുപ്രാസം ഈ കാവ്യത്തിന്റെ പ്രത്യേകതയാണ്. വായനാരസത്തിനായി ഉപയോഗിക്കുന്ന സ്വരച്ചേർച്ചയിലുള്ള താളവ്യവസ്ഥ ഇതിന്റെ മറ്റൊരു പ്രത്യേകതയാണ്. കാവ്യഭംഗിക്കും ആസ്വാദനത്തിനും ഉപയോഗിക്കുന്നവയാണ് വർണ്ണനകൾ. മണിപ്രവാള ചമ്പുക്കളുടെ ഏറ്റവും വലിയ സവിശേഷതകൾ അവയുടെ വർണ്ണനാധിക്യം തന്നെയാണ്. മലയാളഭാഷയുടെ വ്യാകരണത്തിനു ശ്യാസ്ത്രീയ അടിത്തറ ചിട്ടപ്പെടുത്തിയ ഭാഷാപണ്ഡിതനും വ്യാകരണകാരനുമായ എ.ആർ. രാജരാജവർമ്മ മലയാളം തമിഴിൽ നിന്ന് വേർതിരിഞ്ഞതിനു കാരണമായ ഏഴുനയങ്ങളെക്കുറിച്ച് പറയുന്നു. അവയിൽ ഉൾപ്പെടുന്ന താലവ്യാദേശം പുരുഷപ്രത്യയം തുടങ്ങിയവയുടെ ആദ്യരൂപങ്ങളെ ഉണ്ണിയച്ചീചരിതത്തിൽ കാണാൻ സാധിക്കുന്നു.

മലയാളത്തിലെ ആദ്യ ചമ്പുകാവ്യമാണ് ഉണ്ണിയച്ചീചരിതം. മണിപ്രവാളത്തിലെ ഏറ്റവും പ്രാചീനമായ കാവ്യവും ഇതുതന്നെയാണ്. മണിപ്രവാളകൃതിയായ ഉണ്ണിയച്ചീചരിതം രചിച്ചത് തേവൻ ചിരികുമാരനാണെന്നു ഈ കാവ്യത്തിൽ തന്നെ പ്രസ്താവിച്ചിട്ടുണ്ട്. ഉണ്ണിയച്ചീചരിതത്തിലെ നായിക തിരുനെല്ലിക്കു സമീപമുള്ള തിരുമരുതൂർ ക്ഷേത്രത്തിലെ നർത്തകിയാണെന്ന് കരുതുന്നു. കാവ്യത്തിലെ നായികയായ ഉണ്ണിയച്ചിയിൽ ഒരു ഗന്ധർവന് ജനിക്കുന്ന അനുരാഗമാണ് ഇതിലെ പ്രതിപാദ്യം. ഈ കാവ്യത്തിൽ ക്ഷേത്രങ്ങളെയും പുണ്യസ്ഥലങ്ങളെയും വർണ്ണിക്കുന്നു അതിനുശേഷം ഉണ്ണിയച്ചിയെ ഭ്രമിച്ചു ഭൂമിയിലേക്ക് വന്ന ഗന്ധർവനെ അവതരിപ്പിക്കുന്നു. ആ ഗന്ധർവനോട് ഉണ്ണിയച്ചിയുടെ പൂർവചരിത്രം പറയുന്നത് ഒരു ശാലാ വിദ്യാർഥിയാണ്. ശിവവന്ദനത്തോടെ അവരിരുവരും ഉണ്ണിയച്ചിയുടെ വീട്ടിലേക്കു യാത്ര തിരിക്കുന്നു. കവിഭാഷയിൽ പറഞ്ഞാൽ മലയാളരും, കുടശാദികളും, ചേഴിയരും, കരുനാടകരും, ആരിയരും പേശുന്ന (സംസാരിക്കുന്ന) വാണിയമുള്ള ഒരു അങ്ങാടി അവർ കാണുന്നു. തുടർന്ന് അവർ ഉണ്ണിയച്ചിയുടെ വീട്ടിലെത്തുന്നു. ആ ഭവനത്തിൽ അവർ കണ്ട കാഴ്ചകളെ പരിഹസിച്ചതിനു ശേഷം കാവ്യസൂചനയും നൽകികൊണ്ട് കാവ്യം അവസാനിക്കുന്നു. എഴുതപ്പെട്ട കാലത്തെ സാമൂഹികാന്തരീക്ഷത്തെ യഥാക്രമം പ്രതിഫലിപ്പിക്കുന്ന

SGOU



SREENARAYANAGURU OPEN UNIVERSITY

കൃതിയാണിത്. പ്രാചീനകേരളത്തിലെ ഭാഷ സാഹിത്യപശ്ചാത്തലം, സാമൂഹികാവസ്ഥ, ദേശചരിത്രം, പ്രാദേശികസംസ്കാരം തുടങ്ങിയ വിവിധതലങ്ങളിൽ ഈ കൃതിക്ക് പ്രഥമസ്ഥാനമുണ്ട്.

## 2. വിശദപഠനം

### ഉണ്ണുനീലി സന്ദേശം

#### പൂർവഭാഗം

മണിപ്രവാളഭാഷയിൽ രചിക്കപ്പെട്ട ആദ്യത്തെ സന്ദേശകാവ്യമാണ് 'ഉണ്ണുനീലി സന്ദേശം'. വർണ്ണനകളുടെ ആധിക്യം മണിപ്രവാളകൃതികളുടെ പൊതുസ്വഭാവമാണ്. നായികാ-നായകന്മാരുടെ വർണ്ണനയോ, പ്രകൃതിവർണ്ണനയോ, സ്ഥലവർണ്ണനയോ എന്തുമാകട്ടെ അത് ആലങ്കാരികമായ ഭാഷയിൽ വിസ്തരിക്കുന്നതിലൂടെ പ്രത്യേകമായൊരു അനുഭൂതിതലം സൃഷ്ടിക്കപ്പെടുന്നു. ഈ അനുഭൂതിയാണ് മണിപ്രവാളസാഹിത്യത്തെ ഇന്നും വേറിട്ടുനിർത്തുന്നത്. 'ഉണ്ണിയച്ചീചരിതം' മുതൽ 'ചന്ദ്രോത്സവം' വരെയുള്ള മണിപ്രവാളകൃതികളുടെ രചയിതാക്കളിൽ പലരും അജ്ഞാതകവികളാണ്. പേരു വെളിപ്പെടുത്താതെ കാവ്യം രചിക്കുന്ന ഒരു പ്രവണത അന്നു നിലനിന്നിരുന്നു. ഉണ്ണുനീലി സന്ദേശമെഴുതിയത് ആരാണെന്ന കാര്യത്തിൽ ചരിത്രകാരന്മാർക്ക് ഇതുവരെ ഒരു തുമ്പും കിട്ടിയിട്ടില്ല. കവിയും നായകനും ഒന്നാണെന്ന അഭിപ്രായം നിലനില്ക്കുന്നുണ്ട്.

ഉണ്ണുനീലിസന്ദേശത്തിന്റെ കർത്താവ് ആരായിരുന്നാലും അദ്ദേഹത്തിലെ കവിയെ രൂപപ്പെടുത്തിയ ചരിത്രസാഹചര്യത്തിന് വളരെ പ്രാധാന്യമുണ്ട്. ദേവദാസി സമ്പ്രദായം നിലനിന്നിരുന്ന സാമൂഹ്യാവസ്ഥയായിരുന്നു അന്ന് മലയാളനാട്ടിൽ ഉണ്ടായിരുന്നത്. അതുകൊണ്ടുതന്നെ ഉണ്ണുനീലി സന്ദേശമടക്കം ഇക്കാലത്ത് രചിക്കപ്പെട്ട മിക്ക കാവ്യങ്ങളും ദേവദാസികളെ ആസ്പദമാക്കിയുള്ളതായിരുന്നു. ദേവദാസികൾക്ക് സമൂഹത്തിൽ വലിയ സ്ഥാനമുണ്ടായിരുന്ന ഒരു കാലമായിരുന്നു അത്. രാജസദസ്സുകളിലും അധികാരത്തിന്റെ ഇടനാഴികകളിലും ദേവദാസികൾക്ക് സ്വാധീനമുണ്ടായിരുന്നു. നർത്തകിമാരായ പല ദേവദാസികളും അക്കാലത്ത് പ്രസിദ്ധി നേടുകയുണ്ടായി. ഇങ്ങനെ പ്രസിദ്ധരായിട്ടുള്ള ദേവദാസികളെ രാജാക്കന്മാർ വിവാഹം കഴിക്കുന്നത് അപൂർവസംഭവമായിരുന്നില്ല. അപ്പോൾ, ഇത്തരത്തിൽ പേരെടുത്ത ദേവദാസികളെ നായികമാരാക്കി കാവ്യം രചിക്കുന്നത് ഒരു പ്രവണതയായി മാറിയത് സ്വാഭാവികമാണ്.

പ്രണയവും വിരഹവുമാണ് എല്ലാ സന്ദേശകാവ്യങ്ങളുടെയും മുഖ്യപ്രമേയം. കാളിദാസന്റെ 'മേഘസന്ദേശ'ത്തെ പിൻതുടർന്ന് എല്ലാ ഭാഷകളിലും നിരവധി സന്ദേശകാവ്യങ്ങൾ രചിക്കപ്പെട്ടു. മയൂരസന്ദേശം, ശുകസന്ദേശം, ഹംസസന്ദേശം, കോകിലസന്ദേശം തുടങ്ങിയവ പ്രാചീനമലയാളത്തിലുണ്ടായ പ്രധാനപ്പെട്ട സന്ദേശകാവ്യങ്ങളാണ്. ഏതെങ്കിലും സന്ദേശവാഹകർ വഴി നായകൻ നായികയ്ക്ക് കൊടുത്തയക്കുന്ന വിവരങ്ങളാണ് സന്ദേശകാവ്യങ്ങൾക്കടിസ്ഥസ്ഥാനം. മേഘത്തെപ്പോലെ പക്ഷികളെയും സന്ദേശവാഹകരായി കവികൾ സങ്കല്പിച്ചിരുന്നു.

മണിപ്രവാള സന്ദേശകാവ്യങ്ങളിൽ ആദ്യത്തേതും കാവ്യഭംഗിയിൽ ഏറ്റവും മികച്ചതുമായ 'ഉണ്ണുനീലി സന്ദേശം' ഭാവഗീതത്തോട് അടുത്തുനിൽക്കുന്ന ഒരു കാവ്യരൂപമാണ്. ദേവദാസിയായ ഉണ്ണുനീലിയുടെ പ്രണയവും വിരഹവുമാണ് കാവ്യത്തിന്റെ ഇതിവൃത്തം. നായികയ്ക്ക് നായകൻ അയയ്ക്കുന്ന സന്ദേശത്തിലൂടെ കഥാഖ്യാനം നടത്തുന്ന രീതിയിലാണ് ഉണ്ണുനീലി സന്ദേശം രചിച്ചിരിക്കുന്നത്. ഉണ്ണുനീലിയാണ് ഇതിലെ നായിക. നായകന്റെ പേര് എവിടെയും വെളിപ്പെടുത്തിയിട്ടില്ലാത്തതിനാൽ കവിതന്നെയാണ് നായകൻ എന്ന അഭിപ്രായം നിലനിൽക്കുന്നു. മന്ദാക്രാന്ത വൃത്തത്തിലാണ് ഉണ്ണുനീലിസന്ദേശം രചിച്ചിട്ടുള്ളത്. "മന്ദാക്രാന്താ മഭനതതഗം നാലുമാറേഴുമായ്ഗം' - എന്നാണ് ഈ വൃത്തത്തിന്റെ ലക്ഷണം. ഓരോ വരിയിലും പതിനേഴ് അക്ഷരങ്ങൾ വീതമുള്ള ഒരു സമവൃത്തമാണിത്. കാവ്യത്തിലെ പൂർവഭാഗത്തുനിന്നുള്ള പത്ത് ശ്ലോകങ്ങളാണ് പാഠഭാഗത്തിലുൾപ്പെടുത്തിയിരിക്കുന്നത്. പൊതുവെ മണിപ്രവാളകൃതികൾ വർണ്ണനയ്ക്ക് അമിതപ്രാധാന്യം നൽകുന്നവയാണ്. ഉണ്ണുനീലി സന്ദേശത്തിലും ഈ സവിശേഷത കാണാം. ഇതിലെ നായികാ-നായകവർണ്ണ

SGOU

നയും സ്ഥലവർണ്ണനയും ക്ഷേത്രവർണ്ണനയും രാജസ്തുതിയുമൊക്കെ അത്യന്തം കാവ്യഭംഗിയുള്ളവയാണ്. സന്ദേശകാവ്യങ്ങൾ പൊതുവെ യുക്തിഭദ്രമല്ലെങ്കിലും അപാരമായ കാവ്യസൗന്ദര്യം തുളുമ്പുന്നവയാണ്. ഉത്തരസന്ദേശത്തിൽ കടന്തേരിയുടെ വർണ്ണന, നായികയുടെ വിരഹതാപം തുടങ്ങിയ ഭാഗങ്ങളിലെ കാവ്യഭംഗി അതിമനോഹരമാണ്.

കേരളീയതയുടെ സ്പർശം കാവ്യത്തിലങ്ങോളമിങ്ങോളം നിറഞ്ഞുനിൽക്കുന്നുണ്ട്. ഉപ്പുപ്പെന്നു പാടുന്ന ഉപ്പനും, പുന്നപ്പൂവിന്റെ സുഗന്ധവും, പൂങ്കോഴിയുടെ കൂവലും, ചെമ്പകക്കാവുകളും മറ്റും കവിതയിലെ കേരളീയച്ഛായ നിഴലിക്കുന്ന ദൃശ്യങ്ങളാണ്. ഭക്തിയുടെ അതിപ്രസരം ഈ സന്ദേശകാവ്യത്തിന്റെ പല ഭാഗത്തും ദർശിക്കാനാവും. പുരാതനമായ കാവുകളും പ്രതിഷ്ഠകളും ക്ഷേത്രക്കുളങ്ങളും മറ്റും കവിയിലെ ഭക്തി എന്ന പ്രബലമായ വികാരത്തെ അടയാളപ്പെടുത്തുന്നു. യുക്തിഭദ്രവും ഒതുക്കവുമുള്ള അലങ്കാരപ്രയോഗങ്ങളാണ് ഉണ്ണുനീലിസന്ദേശത്തിലുള്ളത്. ഉചിതമായ സന്ദർഭങ്ങളിൽ മാത്രമേ കവി അലങ്കാരത്തിന് ഇടം നൽകുന്നുള്ളൂ. ഉദാഹരണത്തിന് പൂർവഭാഗത്തിലെ പ്രഭാതവർണ്ണനയിൽ പൂങ്കോഴിയുടെ കൂവൽ കാഹളമായും പാതിവിടർന്ന താമരപ്പൂവിനെ മംഗളദീപമായും സങ്കല്പിച്ചിരിക്കുന്നു. അതുപോലെ ശബ്ദങ്ങൾക്കൊണ്ട് അർഥം ധ്വനിപ്പിക്കുന്ന നിരവധി ശ്ലോകങ്ങൾ ഈ കൃതിയിലുണ്ട്. ദ്വിതീയാക്ഷരപ്രാസംകൊണ്ട് പലേടത്തും ശബ്ദാലങ്കാരം ചമച്ചിരിക്കുന്ന കാവ്യത്തിൽ അർഥാലങ്കാരത്തിന് അത്ര പ്രാധാന്യം നൽകിയിട്ടില്ലെന്നാണ് ചില നിരൂപകർ അഭിപ്രായപ്പെട്ടിട്ടുള്ളത്. എന്നാൽ വിശേഷണങ്ങൾക്ക് ഈ കാവ്യത്തിൽ യാതൊരു പഞ്ഞവുമില്ല. കവിയുടെ അനന്യമായ ഭാവനയും മിഴിവുറ്റ ആഖ്യാനശൈലിയുമാണ് ഈ കൃതിയെ മികവുറ്റതാക്കുന്നത്.

ലളിതസുന്ദരമായ ഭാഷാപദങ്ങളുടെയും വിഭക്ത്യന്തസംസ്കൃതപദങ്ങളുടെയും യോഗമാണ് ഉണ്ണുനീലിസന്ദേശത്തിലെ കാവ്യഭാഷയുടെ ഒരു പ്രത്യേകത. മലയാളക്രിയാപദങ്ങളിൽ പുരുഷപ്രത്യയങ്ങൾ പ്രയോഗിച്ചിട്ടുള്ളതും ശ്രദ്ധേയമാണ്. ഉദാഹരണത്തിന് നിന്നാൻ, ചിരിച്ചാൻ, ആർത്താൻ തുടങ്ങിയ പദങ്ങൾ ധാരാളമായി കാണാം. ശൃംഗാരരസത്തിന് കൂടുതൽ പ്രാധാന്യം കൊടുക്കുന്നവയാണ് പൊതുവെ മണിപ്രവാളകൃതികൾ. ഉണ്ണുനീലിസന്ദേശത്തിൽ ശൃംഗാരം അന്തർധാരയായി പ്രവഹിക്കുന്നുണ്ടെങ്കിലും കൂടുതൽ ഉയർന്നുനിൽക്കുന്ന ഭാവം വിഷാദമാണ്. ചരിത്രപരമായ സൂചനകൾ ഇടയ്ക്കിടെ കടന്നുവരുന്നതു കാണാം. ദേശത്തിന്റെ സംസ്കാരം, ഭരണസമ്പ്രദായം, സാമൂഹ്യഘടന തുടങ്ങിയ കാര്യങ്ങളെക്കുറിച്ച് വ്യക്തമായ സൂചനകൾ നൽകുന്ന ഒരു കൃതിയാണിത്. രാജാക്കന്മാരും പ്രഭുക്കന്മാരും നമ്പൂതിരിമാരും പട്ടന്മാരും ദേവദാസികളും ഉൾപ്പെട്ട ഒരു സമ്മിശ്രസമൂഹത്തെയാണ് ഉണ്ണുനീലിസന്ദേശം അവതരിപ്പിക്കുന്നത്. പ്രാസഭംഗിയും രൂപഭദ്രതയും ഭാവനാത്മകമായ കല്പനകളുമാണ് ഈ കാവ്യത്തെ ഹൃദ്യമാക്കുന്ന മറ്റു ഘടകങ്ങൾ. വേണാടിന്റെ ചരിത്രവും സംസ്കാരവും ജനജീവിതവുമെല്ലാം ഉൾക്കൊള്ളുന്ന ഉണ്ണുനീലിസന്ദേശം കൈരളിക്കു ലഭിച്ചിട്ടുള്ള ഒരു വിശിഷ്ടകൃതിയാണെന്ന കാര്യത്തിൽ തർക്കമില്ല.

### ഇതിവൃത്തം

കടുത്തുരുത്തിയിലെ മുണ്ടയ്ക്കൽ തറവാട്ടിൽ കാമുകിയോടൊത്ത് ഉറങ്ങിക്കിടക്കുകയായിരുന്ന നായകനെ ആകാശചാരിണിയായ ഒരു യക്ഷി എടുത്തുകൊണ്ടുപോകുന്നതും നരസിംഹമന്ത്രം ജപിച്ച് രക്ഷപ്പെടുന്ന നായകൻ ശ്രീപദ്മനാഭസ്വാമിക്ഷേത്രപരിസരത്ത് എത്തിപ്പെടുന്നതും അവിടെ ക്ഷേത്രദർശനത്തിനെത്തിയ ആദിത്യവർമ്മ രാജാവിനെ കണ്ടുമുട്ടുന്നതും അദ്ദേഹം വഴി വിരഹിണിയായ കാമുകിക്കുള്ള സന്ദേശം കൊടുത്തയയ്ക്കുന്നതുമാണ് ഉണ്ണുനീലിസന്ദേശത്തിന്റെ കഥ. ഈ സന്ദേശകാവ്യത്തിന് പൂർവസന്ദേശമെന്നും ഉത്തരസന്ദേശമെന്നും രണ്ടു ഭാഗങ്ങളുണ്ട്. പൂർവഭാഗത്തിൽ സന്ദേശഹരന് നായികയുടെ അടുത്തെത്താനുള്ള മാർഗവിവരണമാണ്.

പദ്മനാഭസ്വാമീക്ഷേത്രത്തിലെത്തിയ ആദിത്യവർമ്മയുവരാജാവിനെ നായകൻ സ്തുതിച്ചതിനു ശേഷം തന്റെ കാമുകിയായ ഉണ്ണുനീലിയെ വേർപിരിയാനുണ്ടായ കാരണം വിവരിക്കുന്നു. കടുത്തുരുത്തിയിൽ ചെന്ന് തന്റെ സന്ദേശം

SGOU

അറിയിക്കണമെന്ന് അയാൾ രാജാവിനോടപേക്ഷിക്കുന്നു. അവിടെ എത്തിച്ചേരാനുള്ള വഴിയും പറഞ്ഞുകൊടുക്കുന്നു. പാൽക്കുളങ്ങര വഴി മുതലപ്പുഴ കടന്ന് പുത്തിടം എന്ന സ്ഥലത്തെത്തിച്ചേരുക. അവിടെനിന്ന് പുറപ്പെട്ട് വർക്കല ജനാർദ്ദനസ്വാമിക്ഷേത്രം, പൊഴിക്കര ഭഗവതി ക്ഷേത്രം ഇവ പിന്നിട്ടാൽ കൊല്ലമായി. മൂരിത്തിട്ട ഗണപതി, വേണാട്ടുരാജാക്കന്മാരുടെ കുലദേവതയായ പനങ്ങാവനത്തിലെ ഭൈരവി, ആദിത്യപുരത്തെ ശ്രീകൃഷ്ണൻ തുടങ്ങിയ ദൈവങ്ങളെ വണങ്ങിയശേഷം ഇരവിവർമ്മൻ എന്ന വേണാട്ടുരാജാവിനെ കണ്ടാലും. അന്ന് കരിപ്പൂക്കളം കൊട്ടാരത്തിൽ തങ്ങുക. പിറ്റേന്ന് പ്രഭാതകൃത്യങ്ങൾക്കുശേഷം യാത്ര തുടരുക. നീണ്ടകര അഴിയും അതിർത്തിദേശമായ കന്നേറ്റിയും കടന്നാൽ ഓടനാട് എന്ന പ്രദേശമായി. തുടർന്ന് കായംകുളം വഴി തട്ടാരമ്പലത്തിലെത്തുക. ഓടനാടിന്റെ തലസ്ഥാനമായ കണ്ടിയൂരെത്തി ഓടനാട്ടു രാജാവായ ഇരവിവർമ്മയുടെ ആതിഥ്യം സ്വീകരിച്ച് ആ രാത്രി അവിടെ കഴിയണം. മൂന്നാംദിവസം കണ്ടിയൂർ, ചെന്നിത്തല, പനയനാർക്കാവ്, ചിറവാ, ആതൻതുരുത്തുവഴി തൃക്കൊടിത്താനത്തെത്തുക. അവിടെനിന്ന് തെക്കുംകൂറിന്റെ തലസ്ഥാനമായ മണികണ്ഠപുരം വഴി തിരുവഞ്ചിപ്പുഴയും മീനച്ചിലാറും കടന്ന് ഏറ്റുമാനൂരെത്തി, അവിടെനിന്ന് കോതനല്ലൂർ വഴി കടുത്തുരുത്തിയിൽ ചെന്നെത്തുക - ഇതാണ് ആ മാർഗവിവരണത്തിന്റെ ചുരുക്കം. കടുത്തുരുത്തിയുടെ വർണ്ണന, നായികാവർണ്ണന, സന്ദേശം ഇവയാണ് ഉത്തരസന്ദേശത്തിലുള്ളത്.

### ശ്ലോകം 1

“തണ്ടാർമാതാണ്ടഴകുപൊഴിയും
മിക്കമുണ്ടെക്കൽമേവും
വണ്ടാർ കോലക്കുഴലികൾ ശിഖാമുണ്ണിനീലീമുദാ
രം കൊണ്ടാടിക്കൊണ്ടരുണമണിവാ
കൊണ്ടുകൊണ്ടാത്തരാഗം
പണ്ടേപ്പോലെ പരമനുഭവം കോപി കാമി ജഗാമ.’’

### അർഥവിശദീകരണം

| | | |
|---|---|---|
| തണ്ടാർമാത് | = | ലക്ഷ്മി, ഐശ്വര്യം |
| തണ്ടാർമാതാണ്ട് | = | ഐശ്വര്യമാണ്ട് |
| മിക്ക | = | മികച്ച, ശ്രേഷ്ഠമായ |
| മേവും | = | കഴിയുന്ന, വാഴുന്ന |
| വണ്ടാർ | = | വണ്ടിനെപ്പോലെയുള്ള |
| കോലക്കുഴലി | = | കറുത്ത മുടിയുള്ളവൾ |
| ശിഖാം | = | ശ്രേഷ്ഠയായ |
| കൊണ്ടാടുക | = | പുകഴ്ത്തുക |
| അരുണം | = | ചുവന്ന |
| മണിവാ | = | മനോഹരമായ അധരം |
| ആത്തരാഗം | = | പ്രേമവായ്പ്പോടുകൂടി |
| കാമി | = | കാമുകൻ |
| ജഗാമ | = | പ്രാപിച്ചു |

### ആശയവിശദീകരണം

സമ്പത്തും ഐശ്വര്യവും നിറഞ്ഞ പ്രസിദ്ധമായ മുണ്ടയ്ക്കൽ തറവാട്ടിൽ വസിക്കുന്ന സുന്ദരിമാരിൽ അതിശ്രേഷ്ഠയും ഉദാരശീലയുമായ ഉണ്ണുനീലിയെ കെട്ടിപ്പുണർന്നു ലാളിച്ചുകൊണ്ടും ചുവന്നു പവിഴംപോലുള്ള അധരം പ്രേമപൂർവം നുകർന്നുകൊണ്ടും ഒരു കാമുകൻ പതിവുപോലെ പരമമായ അനുഭൂതി നുകർന്നു. പ്രണയത്തിന്റെ തീവ്രതയാണ് ഈ കാവ്യത്തിലുടനീളം പ്രകടമാകുന്ന വികാരം. എല്ലാം കൊണ്ടും അനുരൂപനായ കാമുകന് ഏറ്റവും യോഗ്യയായ ഒരു കാമുകിയെയാണ് ലഭിച്ചിട്ടുള്ളത്. അവളുടെ തറവാട്ടുമഹിമ, സ്വഭാവം, സൗന്ദര്യം എന്നീ മൂന്നു പ്രത്യേകതകളെയും കേവലം നാലു വരിയിൽ ഉൾക്കൊള്ളിച്ചതിൽതന്നെ അങ്ങേയറ്റത്തെ കവനകൗതുകമുണ്ട്. നായികയുടെ ശരീരവർണ്ണന ‘വണ്ടാർ’ എന്ന ഒറ്റ അവർണ്ണ്യവസ്തുകൊണ്ട് ഉപമ അലങ്കാരത്തിലൂടെ വരച്ചുകാട്ടാൻ കവിക്കു കഴിഞ്ഞു. അരുണമണിപോലെ മനോഹരമായ അധരം എന്ന സാമ്യത്തിലൂടെ നായികയുടെ സൗന്ദര്യവർണ്ണന അതിന്റെ പൂർണ്ണത കൈവരിക്കുന്നു. കാമുകീ-കാമുകന്മാർ തമ്മിലുള്ള പ്രണയത്തിന്റെ അനർഘസുന്ദരമായ നിമിഷങ്ങളാണ് പൂർവഭാഗം ഒന്നാം ശ്ലോകത്തിൽ വിവരിക്കുന്നത്. തുടർന്ന് വരുന്ന ആദ്യത്തെ പത്തു ശ്ലോകത്തിൽ വിരഹത്തിന്റെ വേദനയും സംഘർഷവുമാണ് കവി പങ്കുവയ്ക്കുന്നത്. അതുകൊണ്ടുതന്നെ വിഷാദഭാവമാണ് ഈ ഭാഗത്ത് കൂടുതൽ പ്രകടമാകുന്നത്.

SGOU

നായകനും നായികയും തമ്മിലുള്ള വിരഹത്തിന് ഇടയാക്കുന്ന പശ്ചാത്തലം ശാസ്ത്രപുരോഗതി കൈവരിച്ച ഇന്നത്തെ കാലഘട്ടവുമായി പൊരുത്തപ്പെടുന്നതല്ല. ഉറങ്ങിക്കിടക്കുന്ന നായകനെ യക്ഷി വഹിച്ചുകൊണ്ടുപോയി ദൂരെയുള്ള ഒരു ദേശത്താക്കുന്നതും അവിടെനിന്ന് അയാൾക്ക് തന്റെ കാമുകിയുടെ സമീപത്തെത്താൻ കഴിയാതെ വരുന്നതുമായ ഭാവനാചിത്രങ്ങളുടെ അയുക്തി വളരെ വ്യക്തമാണ്. കലജീവിതയാഥാർഥ്യവുമായി കൂടുതൽ അടുക്കുന്ന പ്രവണതയാണ് ഈ കാലഘട്ടത്തിന്റെ പ്രത്യേകത. കെട്ടുകഥകൾക്കുള്ള സ്വീകാര്യത ഇന്നില്ല. എങ്കിലും ഭാഷാപരവും ചരിത്രപരവുമായ മികവുകൊണ്ട് ഉണ്ണുനീലി സന്ദേശം കാലത്തിനൊപ്പം സഞ്ചരിക്കുന്നു.

### ശ്ലോകം 2

"വക്ഷോദേശേ സുരതകലഹവ്യാകുലംതാംവഹന്തം
യക്ഷി കാചിൽ പുനരമുമുറങ്ങിൻ നേരം നിനായ
ദക്ഷാചാലച്ചതിയിൽ മദനോന്മാദിനീ ദക്ഷിണാശാം
രക്ഷോരാജന്നിളയസഹജാ ലക്ഷ്മണം രാക്ഷസീവ"

### അർഥവിശദീകരണം

| | | |
|---|---|---|
| വക്ഷോദേശേ | = | മാറിടത്തിൽ |
| സുരതകലഹ വ്യാകുലാം | = | രതിക്രീഡയുടെ കലഹത്താൽ തളർന്ന |
| വഹന്തം | = | വഹിക്കുന്ന |
| കാചിൽ | = | ഒരു |
| യക്ഷീ കാചിൽ | = | ഒരു യക്ഷി |
| ദക്ഷിണാശാം | = | ദക്ഷിണദിക്കിലേക്ക് |
| നിനായ | = | നയിച്ചു |
| പുനഃ | = | അനന്തരം |
| ഉറങ്ങിന്റെ നേരം | = | ഉറങ്ങുന്ന നേരം |
| ചാലച്ചതിയിൽ | = | വൻചതിയിൽ |
| മദനോന്മാദിനി | = | കാമപരവശയായവൾ |
| രക്ഷോരാജ | = | രാക്ഷസരാജാവ് (രാവണൻ) |
| ഇളയസഹജാ | = | ഇളയ സഹോദരി (ശൂർപ്പണഖ) |

### ആശയവിശദീകരണം

ഉറക്കത്തിൽ, കാമാർത്തയും വഞ്ചകിയുമായ ഒരു യക്ഷി, കാമയുദ്ധത്തിൽ തളർന്ന അവളെ (നായികയെ) മാറിടത്തിൽ വഹിക്കുന്ന അവനെ (നായകനെ), ശൂർപ്പണഖ ലക്ഷ്മണനെ എന്ന പോലെ തെക്കേ ദിക്കിലേക്ക് എടുത്തുകൊണ്ടുപോയി. കാമപരവശയായ യക്ഷിയെ ശൂർപ്പണഖയുമായി സാദൃശ്യപ്പെടുത്തിയിരിക്കുന്നതിൽ കവി കാണിച്ച ഔചിത്യം ശ്രദ്ധേയമാണ്. ലക്ഷ്മണനോട് പ്രണയം തോന്നിയ ശൂർപ്പണഖ തന്റെ പ്രണയാഭ്യർഥന നിരസിക്കപ്പെട്ടപ്പോൾ രാക്ഷസരൂപം കൈവരിച്ച് ആക്രമണത്തിനു മുതിർന്ന സന്ദർഭത്തെയാണ് ഇവിടെ ഉദാഹരിച്ചിരിക്കുന്നത്. ഒരേ മനോവികാരമുള്ള ശൂർപ്പണഖയെയും യക്ഷിയെയും സാദൃശ്യപ്പെടുത്തിയിരിക്കുന്നതിനാൽ അലങ്കാരം ഉൽപ്രേക്ഷ.

### ശ്ലോകം 3

"സ്യാനന്ദൂരേ ബതപുരവരേചെന്റിനേരത്തുണർന്നാ–
നാനന്ദത്തോടിഹ വിരഹിതോ വേറിരിന്നുണ്ണിനീലിം
ശോകോന്മാദം മനസികനമുണ്ടാകിലുംമന്ത്രശക്ത്യാ
മുക്തോ ദൈവാൽപുനരവളുടെ കയ്യിൽ നിന്റേഷകാമീ."

### അർഥവിശദീകരണം

| | | |
|---|---|---|
| സ്യാനന്ദൂരേ | = | മനോഹരമായ |
| പുരവരേ | = | തിരുവനന്തപുരം നഗരത്തിൽ |
| ചെന്റനേരത്തു | = | ചെന്ന നേരത്ത് |
| ബത | = | കഷ്ടം |
| വേറിരിന്നുണ്ണി നീലിം | = | ഉണ്ണുനിലിയെ വേർപെട്ട് |
| ശോകം | = | ദുഃഖം |
| ഉന്മാദം | = | വിഭ്രാന്തി |
| മുന്തോ | = | മോചിക്കപ്പെട്ടു |

### ആശയവിശദീകരണം

തിരുവനന്തപുരത്തെത്തിയപ്പോൾ, ഉണ്ണുനീലിയെ വേർപെട്ട് നായകൻ ആനന്ദരഹിതനായി ഉണർന്നു. (സ്ഥലം തിരുവനന്തപുരമാണെന്ന് വെളിപ്പെടുത്തുന്നത് പിന്നീടാണ്) അതീവദുഃഖി

SGOU

തനാണെങ്കിലും മന്ത്രശക്തികൊണ്ട് യക്ഷിയുടെ കയ്യിൽനിന്ന് ഭാഗ്യത്തിന് രക്ഷപ്പെട്ടു. കഥാഗതിയെ മാറ്റുന്നതിനായി കവി ഉപയോഗിച്ച സങ്കേതമാണ് മന്ത്രശക്തി എന്ന സങ്കല്പം. അതീന്ദ്രിയശക്തികളിൽ വിശ്വസിച്ചിരുന്ന സമൂഹത്തിൽ ഈ സങ്കല്പത്തിന് യുക്തിഭദ്രതയുണ്ടായിരുന്നുവെന്ന് ഓർക്കുക.

### ശ്ലോകം 4

"അല്ലിത്താർമാതണയ മരുവും പത്മനാഭന്നുപാന്തേ
മെല്ലെത്താന്നങ്ങവനവനിയിൽപ്പുയ്യവേ
ചെന്റിരിന്നാൻ;
അല്ലൽപെട്ടാൻ പ്രിയസഹചരീം
വേറിരിന്നേറ്റമേറ്റാൻ
മുല്ലപ്പൂവിൻ പരിമളമെഴും തെന്റൽ
തീയെന്റെപോലെ.'

### അർഥവിശദീകരണം

| | | |
|---|---|---|
| അല്ലിത്താർമാത | = | ലക്ഷ്മീദേവി |
| ഉപാന്തേ | = | സമീപത്ത് |
| അല്ലപ്പെട്ടാൽ | = | ദുഃഖത്തിലായാൽ |
| പ്രിയസഹചരീം | = | പ്രിയതമ |
| വേറിരിന്നേറ്റ | = | വേർപെട്ടതിനാൽ |
| തെന്റൽ | = | തെന്നൽ, കുളിർകാറ്റ് |
| തീയെന്റെപോലെ | = | തീപോലെ |

### ആശയവിശദീകരണം

യക്ഷിയിൽ നിന്ന് വേർപെട്ട കാമി മെല്ലെ മെല്ലെ താഴ്ന്ന് പതിയെ ഭൂമിയിലേക്കിറങ്ങി. ലക്ഷ്മീദേവിയോടു ചേർന്നു വാഴുന്ന ശ്രീപത്മനാഭന്റെ സന്നിധിയിൽ ചെന്നിരുന്നു. പ്രിയസഹചാരിയെ വേർപെട്ടതിനാൽ ഏറ്റവും ദുഃഖിതനാവുകയും മുല്ലപ്പൂവിന്റെ സുഗന്ധമുയരുന്ന കുളിരിളംകാറ്റ് തീപോലെ ഏല്ക്കുകയും ചെയ്തു. വിരഹനായകന്റെ മാനസികാവസ്ഥയെ അവതരിപ്പിച്ചിരിക്കുന്ന ഈ വരികളിൽ കവിയുടെ ആവിഷ്കാരപാടവം വ്യക്തമാകുന്നു. 'മുല്ലപ്പൂവിന്റെ സുഗന്ധമുയരുന്ന കുളിരിളം കാറ്റ് ശരീരത്തിലേല്ക്കുമ്പോൾ തീ പോലെ പൊള്ളുന്ന അനുഭവമാണ് നായകനുണ്ടായത്. വിരഹത്തിൽ നിന്നുണ്ടായ തീവ്രമായ ദുഃഖവും നിരാശയും എത്രത്തോളമാണെന്നു കാണിക്കാൻ ഈ സൂചന അനുയോജ്യമായിരിക്കുന്നു.

### ശ്ലോകം 5

"അമ്മേ! ദേശം പുനരിവിടമേതേതു നാടെന്റുമെ
ല്ലാം
ദിങ്മോഹാർത്തം പുനരവനുടേ ചിത്തമുന്മീല
യന്ത്യ
നന്മയ്ക്കായ് നീ നിഖിലജഗതാം പത്മനാഭാ!മു
രാരേ
ചിമ്മീടാതേ തിരുനയനമെന്റുദ്ഗതാ വന്ദി വാ
ചഃ"

### അർഥവിശദീകരണം

| | | |
|---|---|---|
| ദേശം പുനരിവിട മേതേതു | = | ഇത് ഏതു ദേശം |
| നാടെന്റു | = | ഏതു നാട് |
| ദിങ്മോഹാർത്തം | = | ദിക്ഭ്രമത്താൽ |
| ചിത്തമുന്മീലയന്ത്യ | = | മനസിനെ ഉന്മേഷത്തിലേക്കുണർത്തുന്ന |
| നിഖിലജഗതാം | = | അഖിലലോകത്തിന്റെ |
| വന്ദിവാചാ | = | വന്ദിക്കുന്ന വാക്കുകൾ (സ്തുതിപ്പുകൾ) |

### ആശയവിശദീകരണം

അമ്മേ! ഇത് ഏതു ദേശമാണ്? ഏതു നാടാണ്? എന്ന ദുഃഖവും സംഭ്രമവുംകൊണ്ട് അവശമായ നായകമനസിനെ ഉണർത്താൻ തക്കതായ വന്ദ്യവാക്കുകൾ അപ്പോൾ കേട്ടു. 'പത്മനാഭാ, മുരാരേ, ലോകനന്മയ്ക്കായി നീ തിരുമിഴികൾ അടയ്ക്കരുതേ. (പത്മനാഭക്ഷേത്രത്തിലെ പള്ളിയുണർത്തലിനു പാടുന്ന വന്ദനം.)

### ശ്ലോകം 6

"കാളംപോലേ കുസുമധനുഷോ ഹന്ത! പൂങ്കോഴി
കൂകീ
ചോളംപോലേ ചെതറി വിളറിതാരകാണാംനി
കായം
താളംപോലെ പുലരിവനിതയ്ക്കാഗതൗചന്ദ്രസൂ
ര്യൗ
നാളംപോലെ നളിനകുഹരാദുദ്ഗതാ ഭൃംഗരാജി."

### അർഥവിശദീകരണം

| | | |
|---|---|---|
| കാളം | = | കാഹളം |
| കുസുമധനുഷോ | = | പൂവമ്പൻ (കാമദേവൻ) |

SGOU

| | | |
|---|---|---|
| ചോളം | = | ചോളം എന്ന ധാന്യ ത്തിന്റെ പൊരി |
| നികായം | = | കൂട്ടം |
| താരകാണാം നികായം | = | നക്ഷത്രങ്ങളുടെ കൂട്ടം |
| പുലരിവനിത | = | പ്രഭാതം |
| ചന്ദ്രസൂര്യൗ | = | സൂര്യചന്ദ്രന്മാർ |
| നളിനം | = | താമര |
| ദുദ്ഗതാ | = | മേലോട്ടുയരുന്ന |
| ഭൃംഗരാജി | = | വണ്ടിൻകൂട്ടം |

## ആശയവിശദീകരണം

കാമദേവന്റെ കാളംവിളിപോലെ പൂങ്കോഴി കൂവി. ചിതറിയ ചോളപ്പൊരികൾ പോലെ പുലർകാലത്ത് നക്ഷത്രങ്ങൾ അങ്ങിങ്ങായി മങ്ങി പ്രകാശിച്ചു. ദേവതയെ പൂജിക്കാനായി സൂര്യചന്ദ്രന്മാർ ഇരുവശങ്ങളിലും വർത്തുളാകൃതിയിൽ പൊന്മയമായ ഇലത്താളംപോലെ ആഗതരായി. വിടരാൻ തുടങ്ങിയ താമരയ്ക്കുള്ളിൽനിന്ന് ധൂമനാളംപോലെ വണ്ടിൻകൂട്ടങ്ങളായി ഒന്നൊന്നായി ഉയർന്നുതുടങ്ങി. കോഴി കൂവുന്നതു മുതൽ നേരം വെളുക്കും വരെയുള്ള പ്രഭാതവർണ്ണനയാണ് ഇത്. പ്രഭാതപൂജയ്ക്കായി കത്തിച്ചുവച്ചിരിക്കുന്ന വിളക്കിനു മുകളിലെ കരിപോലെയാണ് കുമ്പിയ താമരമൊട്ടിൽനിന്ന് പുറപ്പെടുന്ന വണ്ടുകളെ കല്പിച്ചിരിക്കുന്നത്.

ഉണ്ണുനീലി സന്ദേശത്തിലെ ഏറ്റവും പ്രശസ്തമായ ശ്ലോകമാണിത്. ആശയത്തിന്റെ മാഹാത്മ്യം കൊണ്ടും ഉചിതമായ അലങ്കാരങ്ങൾകൊണ്ടും അത്യുന്നതമായ കാവ്യഭാവനകൊണ്ടും ഏറെ ശ്രദ്ധ നേടിയ ഒരു പദ്യമാണിത്. ഓരോ വരിയിലും വർണ്ണ്യ-അവർണ്ണ്യ വസ്തുക്കളുടെ ചേർച്ച (ഉപമാനത്തിനും ഉപമേയത്തിനും ഒരേ ധർമ്മം) മൂലം ഉത്പ്രേക്ഷയാണ് അലങ്കാരം. പുലരിയുടെ ആഗമനത്തെ താദാത്മ്യപ്പെടുത്തിയിരിക്കുന്നത് കാമദേവന്റെ ദിഗ്വിജയം കഴിഞ്ഞുള്ള തിരിച്ചെഴുന്നള്ളത്തിനോടാണ്. പുലരിയാകുന്ന വനിതയുടെ ആഗമനമറിയിക്കുവാനാണ് കാമൻ കാഹള മൂതുന്നത്. പതിവുള്ള ആചാരം തെറ്റിച്ചുകൊണ്ട് സൂര്യനും ചന്ദ്രനും താഴെയും മുകളിലുമായി ഇലത്താളം പോലെ അടുത്തുനില്ക്കുന്നു. പൗർണ്ണമിനാളിൽ സൂര്യൻ അല്പം താഴ്ന്നും ചന്ദ്രൻ അല്പം ഉയർന്നും കാണപ്പെടാറുണ്ട്. പ്രകൃതിയുടെ ഈ ഭാവമാറ്റത്തെ കാമദേവന്റെയും പുലരിവനിതയുടെയും സമാഗമവേളയോട് ചേർത്തു നിർത്തുന്ന കവിഭാവന അപാരമാണ്.

### ശ്ലോകം 7

"നീലക്കുന്റിൻ മണിമകുടവദ്യശ്യതേ ഭാനുബിംബം
ചാലത്താണുകടലിലണിവെണ്ടിങ്കൾ
നാലൊന്റു പോരാ
കാലത്തെയ്ക്കും വെയിലെറുകയിൽപ്പെട്ടു
പാടിന്റേതും കേൾ
വേലപ്പെണ്ണിൻ മുലയിലിതമുറ്റമ്പുമെൻ തമ്പി
രാനേ."

## അർഥവിശദീകരണം

| | | |
|---|---|---|
| നീലക്കുന്റിൻ മണിമകുടം | = | നീലമലയുടെ രത്നകിരീടംപോലെ |
| ഭാനുബിംബം | = | സൂര്യബിംബം |
| വെണ്ടിങ്കൾ | = | വെൺതിങ്കൾ(പൂർണചന്ദ്രൻ) |
| ചാല | = | മിക്കവാറും ( ഭംഗിയിൽ) |
| നാലൊന്റു പോരാ | = | നാലിലൊന്നു താഴാനുണ്ട് |
| എയ്തും | = | എത്തും (പ്രാപിക്കും) |
| എറുക | = | നെറുക (ഉച്ചി) |
| പാടിന്റതും | = | പാടുന്നതും |
| വേലപ്പെണ്ണ് | = | ലക്ഷ്മീദേവി |
| ഇതമുറ്റമ്പ് | = | പ്രീതിയോടെ ചേർന്നു വാഴുന്ന |

## ആശയവിശദീകരണം

നീലമലയുടെ രത്നകിരീടംപോലെ സൂര്യബിംബം കാണപ്പെടുന്നു. മനോഹരമായ വെൺതിങ്കൾ കടലിൽ ഏതാണ്ട് താണുകഴിഞ്ഞിരിക്കുന്നു. ലക്ഷ്മീദേവിയുടെ മാറിൽ പ്രീതിയോടെ ചേർന്നു വാഴുന്ന തമ്പുരാനേ (മഹാവിഷ്ണുവായ പത്മനാഭസ്വാമിയെ സൂചിപ്പിക്കുന്നു). ഞങ്ങൾ ഉച്ചിയിൽ വെയിലേറ്റുനിന്നുകൊണ്ട് ഈ പാടുന്നതു കേൾക്കുക. പ്രഭാതദൃശ്യത്തിന്റെ അനുക്രമമായ വർണ്ണനയും തുയിലുണർത്തുന്ന പാട്ടിൽനിന്നും നായകൻ ഗ്രഹിക്കുന്ന ആശയങ്ങളുമാണ് ഈ ശ്ലോകത്തിൽ.

SGOU

### ശ്ലോകം 8

"എന്റെല്ലാം കേട്ടവനൊരു
നുറുങ്ങാശ്വസിക്കിന്റ
നേരം കുന്റിച്ചെങ്ങും കുയിൽ നിനദവും
കൂവുമക്കാവുതോറും
ഒന്റിച്ചുച്ചൈരയുഗശരനോടാർത്തു
വണ്ടിൻനിനാദൈ-
രെന്റല്ലപ്പോഴൊരു പടുകുലൈക്കാരിവന്നാൻ
വസന്തൻ"

### അർഥവിശദീകരണം

| | | |
|---|---|---|
| എന്റെല്ലാം | = | എന്നെല്ലാം |
| കുന്റിച്ചു | = | വർധിച്ചു |
| നിനദം | = | പാട്ട് |
| കുവുമക്കാവു തോറും | = | കുയിലുകൾ കൂവുന്ന കാവുതോറും |
| ഒന്റിച്ച് | = | ഒന്നിച്ച് |
| ഉച്ചൈരയുഗ ശരൻ | = | കാമദേവൻ |
| വണ്ടിൻ നിനാദം | = | വണ്ടിന്റെ ആരവം |
| കുലൈക്കാരി | = | ആരാച്ചാർ |
| വസന്തൻ | = | വസന്തം |

### ആശയവിശദീകരണം

വന്ദികളുടെ കീർത്തനം കേട്ട് അവൻ അല്പമൊന്നാശ്വസിച്ചപ്പോൾ, സമീപത്തുള്ള മാവിൽനിന്നും കാവുകൾതോറും കേൾക്കുമാറ് കുയിലുകളുടെ പാട്ടും കൂവലും ഉയർന്നുകേട്ടു. മാത്രമല്ല, കാമദേവനോടൊന്നിച്ച് വണ്ടിൻകൂട്ടങ്ങളുടെ ആരവവുമായി ഒരു ആരാച്ചാരെപ്പോലെ വസന്തനുമെത്തിച്ചേർന്നു. (വസന്തത്തെ കൊലയാളി എന്ന് സങ്കല്പിച്ചിരിക്കുന്നത് ആലങ്കാരികമായ പ്രയോഗമാണ്) കാമനും വസന്തനും സന്തതസഹചാരികളാണെന്നാണല്ലോ സങ്കല്പം. വസന്തനെ ഇവിടെ ഭയങ്കരനായ ഒരാച്ചാരായി സങ്കല്പിച്ചിരിക്കുന്നു. കൂടെ സഹചാരിയായ കാമനുമുണ്ട്. ഉച്ചത്തിൽ ആർത്തുകൊണ്ടാണ് അവരുടെ വരവ്. ആരാച്ചാർ എന്നാൽ കൊല ചെയ്യുന്നയാൾ എന്നല്ല ഇവിടെ അർഥം. വിരഹവേദന അനുഭവിക്കുന്ന കാമുകന് ഇത്തരം കാഴ്ചകൾ അയാളെ കൊല്ലുന്നതിനു സമാനമാണ്. ഇവിടെ കാമദേവൻ നായകനെ മാനസികമായി കൊല്ലുന്നു എന്നാണ് സൂചന.

### ശ്ലോകം 9

"തേന്മാവിൻമേൽപ്പരഭൃതകുലം, ഭൃംഗമാലാ പലാശേ,
മാരൻ കുരമ്പുള ചുഴലവും ചെമ്പകക്കാവുതോറും,
തെന്റൽ കന്റുണ്ടിനിയബകളേ, കിംശുകേ കിംശുകാളി,
നാളീകത്താർനളിനിയി,ലവന്നെങ്ങു നോക്കാവുതന്റ്"

### അർഥവിശദീകരണം

| | | |
|---|---|---|
| പരഭൃതകൂലം | = | കുയിലിൻകൂട്ടം |
| ഭൃംഗമാലാ | = | വണ്ടിൻകൂട്ടം |
| പലാശേ | = | പ്ലാശിൽ |
| കൂരമ്പുള | = | കൂർത്ത അമ്പുകൾ |
| ചുഴലവും | = | ചുറ്റുമുള്ള |
| തെന്റൽ | = | ഇളംകാറ്റ് |
| കന്റ് | = | കന്ന്, ഇളത് |
| തെന്റൽകന്റുണ്ട് | = | ഇളംതെന്നലുണ്ട് |
| ഇനിയബകളേ | = | മനോഹരമായ ഇലഞ്ഞിമരത്തിൽ |
| കിംശുകേ | = | മുരുക്കിൽ |
| കിംശുകാളീ | = | മുരിക്കിൻപൂവ് |
| നാളീകത്താർ | = | താമരപ്പൊയ്ക |
| അവന്നെങ്ങു നോക്കാവുതന്റ് | = | അവന് എവിടെയാണ് നോക്കാനാവുന്നത് |

### ആശയവിശദീകരണം

വസന്തത്തിന്റെ വരവിനെയാണ് ഇവിടെ പരാമർശിക്കുന്നത്. പൂത്തുലഞ്ഞുനിൽക്കുന്ന തേന്മാവിൽ കുയിൽകൂട്ടവും പ്ലാശിൽ വണ്ടിൻകൂട്ടവും ചുറ്റുമുള്ള ചെമ്പകത്തോപ്പുതോറും മാരന്റെ കുരമ്പുകളും മനോഹരമായ ഇലഞ്ഞിയിൽ (ബകുളേ) ഇളംകാറ്റും. മുരുക്കിൽ (കിംശുകേ) മുരിക്കിൻപൂക്കളും (കിംശുകാളി) താമരപ്പൊയ്കയിൽ താമരപ്പൂക്കളുമാണ് നായകന്റെ ദൃഷ്ടിയിൽപ്പെട്ടത്. ഇപ്പോൾ ഈ കാണുന്നതെല്ലാം നമ്മുടെ കഥാനായകന് ശത്രുക്കളാണ്. മുൻശ്ലോകത്തിൽ മുല്ലപ്പൂമണമുള്ള കുളിർകാറ്റ് അയാൾക്ക് തീക്കാറ്റുപോലെയാണ് തോന്നിയെന്നു കവി പറഞ്ഞിരിക്കുന്നു. അതിന്റെ കാരണവും കവി അവിടെ പറഞ്ഞു. മനസ്സ് വെന്തുനീറുമ്പോൾ കുളിർകാറ്റ് തീക്കാറ്റായേ തോന്നൂ. ആർദ്രമായ

SGOU

മനുഷ്യമനസ്സിന്റെ ദൗർബല്യമാണത്. ഇവിടെ വസന്തൻ കൂട്ടിക്കൊണ്ടുവന്ന കാഴ്ചകൾ വിരഹവേദനയനുഭവിക്കുന്ന നായകനെ ദുഃഖിതനാക്കുകയാണ്. അതുകൊണ്ടാണ് ഇവയെല്ലാം നായകന് ആരാച്ചാരെപ്പോലെ (മുൻപദ്യത്തിൽ പറയുന്നത്) തോന്നുന്നത്. ഈ രണ്ടു പദ്യങ്ങളും ചേർത്തു വായിക്കുമ്പോഴേ യഥാർഥ അർഥം മനസ്സിലാവുകയുള്ളൂ.

### ശ്ലോകം 10

"കോകശ്രേണീ വിരഹനിഹിതം തീ നുറുങ്ങെന്റെപോലെ
തൂകിത്തൂകിത്തുഹിനകണികാം തൂർന്ന പൂങ്കാവിലൂടെ
സ്തോകോന്മീലന്നളിന തെളിതേൻ കാളകൂടാംബുകോരി-
ത്തേകിത്തോകപ്പവനനവനെച്ചെന്റു കൊന്റാൻ തദാനീം."

### അർഥവിശദീകരണം

| | | |
|---|---|---|
| കോകശ്രേണി | = | ചക്രവാകപ്പക്ഷികളുടെ കൂട്ടം |
| വിരഹനിഹിതം | = | പിരിഞ്ഞിരിക്കുന്ന |
| തുഹിനകണികാം | = | മഞ്ഞുതുള്ളി |
| തീ തുറുങ്ങെന്റപോലെ | = | തീക്കനൽപോലെ |
| സ്തോകോന്മീലത് | = | അല്പം വിടർന്ന |
| തൂർന്ന | = | മൂടിക്കിടക്കുന്ന |
| നളിന തെളിതേൻ | = | താമരപ്പൂവിലെ തെളിഞ്ഞ തേൻ |
| കാളകൂടാംബു | = | വിഷദ്രാവകം |
| കോരിത്തേകി | = | കോരിയൊഴിച്ച് |
| തോകപ്പവനൻ | = | ഇളംകാറ്റ് |
| കൊന്റാൻ | = | കൊന്നു |
| ചെന്റു കൊന്റാൻ | = | ചെന്നു കൊന്നു |

### ആശയവിശദീകരണം

വസന്തന്റെ സഹകാരിയാണ് മന്ദമാരുതൻ. ഇവിടെയും നായകന്റെ മാനസികാവസ്ഥയെ ചുണ്ടിയുള്ള പരിസരവർണ്ണനയാണ് കവി നടത്തുന്നത്. വസന്തന്റെ സഹായത്തോടെ ആ ദുഷ്ടനായ മാരുതൻ നായകനെ കൊല്ലാതെ കൊല്ലുന്നതായാണ് ഈ പദ്യത്തിൽ പറയുന്നത്. രാത്രി മുഴുവൻ വേർപിരിഞ്ഞിരുന്ന ചക്രവാകക്കൂട്ടത്തിന്റെ വിരഹത്തിൽനിന്നുണ്ടായ തീക്കനൽക്കഷണങ്ങളാണോ എന്നു തോന്നുന്നവിധം മഞ്ഞുതുള്ളികൾ തൂകിത്തൂകി ഇടതിങ്ങിനിൽക്കുന്ന പൂങ്കാവിലൂടെ, മന്ദമാരുതൻ ചെന്ന് വിടർന്നു തുടങ്ങിയ താമരകളുടെ നറുതേനാകുന്ന വിഷദ്രാവകം കോരിയൊഴിച്ച് അവനെ കൊന്നു. ഇങ്ങനെയാണ് ഈ പദ്യത്തിൽ നായകന്റെ അവസ്ഥ ചിത്രീകരിച്ചിരിക്കുന്നത്. വിരഹിയായ നായകനെ സംബന്ധിച്ച് കുളിർകാറ്റേൽക്കാനുള്ള ശക്തിയില്ല. നറുതേൻപോലും അയാൾക്ക് കാളകൂടമായിട്ടാണ് തോന്നുന്നത്. മഞ്ഞുതുള്ളികൾ വീണുകിടക്കുന്ന പൂങ്കാവിൽക്കൂടിയാണല്ലോ മന്ദമാരുതൻ വരുന്നത്. എന്നാൽ വിരഹിയെ സംബന്ധിച്ച് അവിടെ വീണുകിടക്കുന്നത് മഞ്ഞുതുള്ളികളല്ല, തീക്കനലുകളാണ്. ഇളംകാറ്റ് അയാളെ ചുട്ട്, വിഷവും കോരിയൊഴിച്ചു കൊന്നു എന്നു സാരം.

### ശ്ലോകം 11

"സ്വസ്ഥാദേശാദിഷു ചലദൃശാം മാരണേ വൈരിപുംസാം
ചിത്തോന്മേഷാദിഷു ച വിദുഷാം പാർക്കിൽ നല്ലോരു മന്ത്രം
തൃപ്പാപ്പൂർ മൂപ്പഴകു പൊഴിയും വീരനാതിച്ചവർമ്മൻ
മുല്പാടുണ്ടാം വിരുതു സഹസാ തസ്യ മൃത്യുഞ്ജയോടഭൂത്."

### അർഥവിശദീകരണം

| | | |
|---|---|---|
| ചലദൃശാം | = | ചഞ്ചലാക്ഷിമാരുടെ |
| വൈരിപുംസാ | = | ശത്രുക്കളുടെ |
| മാരണേ | = | നിഗ്രഹത്തിലും |
| പാർക്കിൽ | = | ഓർത്തു നോക്കുക |
| സഹസാ | = | പെട്ടെന്ന് |
| തസ്യ | = | അവന് |
| മൃത്യുഞ്ജയൻ | = | മരണത്തെ ജയിക്കുന്നവൻ (ശിവൻ) |

### ആശയവിശദീകരണം

സുന്ദരിമാരുടെ കാമകല്പന തുടങ്ങിയിട്ടുള്ള കർമ്മങ്ങളിലും ശത്രുക്കളുടെ സംഹാരത്തിലും


SREENARAYANAGURU OPEN UNIVERSITY

വിദ്വജ്ജനങ്ങളുടെ മനസ്സിനെ സന്തോഷിപ്പിക്കുന്നതിലും, ഒരു സിദ്ധമന്ത്രം പോലെ അനുഭവപ്പെടുന്നവനും, തൃപ്പാപ്പൂർ സ്വരൂപത്തിലെ മൂപ്പുകൊണ്ട് ശോഭിക്കുന്നവനും വീരനുമായ ആദിത്യവർമ്മരാജാവിന്റെ വരവു തൽക്ഷണം ആ വിരഹിക്ക് മൃത്യുവിനെ ജയിക്കത്തക്ക ശക്തിയുള്ളതാക്കിത്തീർന്നു. ആദിത്യവർമ്മയുടെ വരവ് വിരഹി എങ്ങനെ മരണത്തെ ജയിക്കുന്നതായി എന്ന് വിശേഷണങ്ങൾ കൊണ്ട് സമർഥിച്ചിരിക്കുന്നു. ഏനാദ്യശഗുണവിശിഷ്ടനായ രാജാവിന്റെ ആഗമനം വിരഹാർത്തിയാൽ മൃതപ്രായനായ നായകന് മൃത്യുവെ ജയിച്ച സാക്ഷാൽ ശിവന്റെ സന്ദർശനമെന്ന പോലെ ആശ്വാസം പ്രദാനം ചെയ്തുവെന്ന് താല്പര്യം. ആദിത്യവർമ്മയെ സന്ദേശഹരനാക്കി കല്പിച്ചതിന്റെ ഔചിത്യം ഇവിടെ കവി വ്യക്തമാക്കിയിട്ടുണ്ട്.

സുന്ദരിമാരുടെ കല്പനകളിലും വൈരികളുടെ മരണത്തിലും വിദ്വാന്മാരുടെ ചിത്തോന്മേഷാദികളിലും അങ്ങ് ഫലപ്രദമായൊരു ശക്തിയാണ് എന്ന് മൂന്നു കാര്യങ്ങൾക്കും ഏക ക്രിയയിലന്വയം കല്പിക്കയാൽ അലങ്കാരം ദീപകം. ഉത്തരാർധത്തിൽ തൃപ്പാപ്പൂർ മൂപ്പഴകു പൊഴിയും വീരൻ എന്ന വാക്യം മൃത്യുഞ്ജയത്തിനു ഹേതുവാകയാൽ കാവ്യലിംഗം.

## ശ്ലോകം 12

കണ്ടാൻ കണ്ടിപ്പുരികഴലിമാർ മാരനെ പിന്നെ മുന്നൽ
ക്കൊണ്ടാടാവോ ചില ഗുണഗണം ചേർന്ന പുണ്യാംബുരാശിം
തണ്ടാർമാതും കവിവനിതയും തണ്ടിയന്റന്റു പുല്കും
ചണ്ടാർ വെന്റിക്കൊടിയെ വെടിയിന്റോർക്കു കല്പാന്തവഹ്നിം

## അർഥവിശദീകരണം

| | | |
|---|---|---|
| കണ്ടിപ്പുരി കുഴലിയുള്ള സുന്ദരി | = | കറുത്ത മുടി |
| അംബുരാശി | = | സമുദ്രം |
| തണ്ടാർമാത് | = | ലക്ഷ്മീദേവി |
| കവിപനിക | = | സരസ്വതി |
| തണ്ടി | = | അന്വേഷിക്കുക |
| കല്പ്പാന്തവഹ്നീം | = | പ്രളയ കാലത്തെ അഗ്നിയും |
| ദാവാഗ്നി | = | കാട്ടുതീ |

## ആശയവിശദീകരണം

നായകൻ പിന്നീട് സുന്ദരികൾക്ക് കാമനും പുകഴ്ത്താനാവാത്ത ഗുണഗണങ്ങൾക്ക് സമുദ്രവും ലക്ഷ്മിദേവിയും സരസ്വതീദേവിയും നിത്യേന അന്വേഷിച്ചു ചെന്ന് പുൽകുന്നവനും ശത്രുക്കളോടേറ്റ് ജയം വരിക്കുന്നവനും ഉപേക്ഷിച്ചകലുന്നവർക്ക് ദാവാഗ്നിയും ആയിട്ടുള്ള ആദിത്യവർമ്മയെ കണ്ട അലങ്കാരം രൂപകം.

## ശ്ലോകം 13

"നീർത്താനിന്ദുപലമിവ തെളിഞ്ഞാമ്പൽപോലെ ചിരിച്ചാൻ
ആർത്താൻ വണ്ടിൻകുലമിവ വളർന്നാൻ പയോരാശിപോലേ,
പീത്വാരൂപാമൃതമളകിനാനേഷ ചെമ്പോത്തുപോലേ
കൂഴ്ത്താൻ കാമീ മദനനിവ പോന്നാഗതേ വീരചന്ദ്രേ."

## അർഥവിശദീകരണം

| | | |
|---|---|---|
| പോന്നാഗതേ | = | വന്നു ചേർന്നപ്പോൾ |
| ഏഷകാമി | = | ഈ കാമിയായിട്ടുള്ളവൻ |
| ഇന്ദുപലമിവ | = | ചന്ദ്രകാന്തക്കല്ലു പോലെ |
| ആർത്താൻ | = | സന്തോഷാരവം |
| പയോരാശി | = | സമുദ്രം |
| മദനൻ | = | കാമദേവൻ |

## ആശയവിശദീകരണം

വീരചന്ദ്രനായ ആദിത്യവർമ്മൻ വന്നു ചേർന്നപ്പോൾ ഈ വിരഹി ചന്ദ്രദർശനത്തിൽ ചന്ദ്രകാന്തക്കല്ലെന്ന വിധം അലിയുകയും ആമ്പൽപ്പൂവെന്നവണ്ണം ആഹ്ലാദിച്ചു ചിരിക്കുകയും വണ്ടുകളെപോലെ ഹർഷാരവം പുറപ്പെടുവിക്കുകയും സമുദ്രത്തെപ്പോലെ തുടിക്കുകയും കാമനെപ്പോലെ ആനന്ദചാപല്യങ്ങൾ കാട്ടുകയും ചെയ്

SGOU

തു. വീരനായചന്ദ്രൻ വന്നെത്തിയപ്പോൾ കാമി ചന്ദ്രകാന്തകല്ലുപോലെ ആർദ്രനായി. വെളുത്ത് ആമ്പൽപോലെ ചിരിച്ചു. വണ്ടിൻനിരപോലെ ആർത്തു. സമുദ്രം പോലെ വന്നു. രൂപാമൃതം പാനം ചെയ്ത് ചകോരത്തെപ്പോലെ സന്തോഷി ച്ചു, കാമനെ പോലെ ഇളകി മറിഞ്ഞു. അതുപോ ലെ ആദിത്യവർമ്മയുടെ രൂപസൗന്ദര്യം വിരഹി വേണ്ടുവോളം ആസ്വദിച്ചു. അദ്ദേഹത്തിന്റെ സാ മീപ്യം ഉൾക്കുടമായ ആനന്ദം കാമിയിലുളവാ ക്കി. ചന്ദ്രൻ ഉദിക്കുമ്പോൾ ചന്ദ്രകാന്തകല്ലിനും മറ്റും ഉണ്ടാകുന്ന ഭാവവ്യത്യാസങ്ങൾ ഇവിടെ വ്യക്തം. ചന്ദ്രോദയത്തിൽ രൂപമാറ്റം സംഭവി ക്കുന്ന വസ്തുക്കളുടെ ധർമ്മം വിരഹാവസ്ഥയി ലുള്ള നായകനിലും കല്പിച്ചു സാദൃശ്യപ്പെടു ത്തുകയാൽ അലങ്കാരം ഉപമ

### ശ്ലോകം 14

"താന്താനേ വന്നയമുപഗതോ ദൈവയോഗാദി ദാനീം
കാന്താചാന്താർമുലയിണപിരിഞ്ഞുള്ളതാപംവി
ഹന്തും ആന്താനെന്റ്ങ്ങവനുടനണഞ്ഞേത്തിനാ നാത്തരാഗം
ചെന്താർമാതിൻ കുലനിലയമാം വീരവേണാടർ കോനെ."

### അർഥവിശദീകരണം

| | | |
|---|---|---|
| ഇദാനീം | = | ഇപ്പോൾ |
| ദൈവയോഗാൽ | = | ദൈവഹിതമനുസ രിച്ച് |
| ചാന്താർ | = | ചന്ദനച്ചാന്ത ണിഞ്ഞ |
| അണഞ്ഞെത്തിനാൽ | = | സമീപിച്ചു |

### ആശയവിശദീകരണം

പ്രിയതമയെ വേർപിരിഞ്ഞതുകൊണ്ട് തനി ക്കുണ്ടായ ദു:ഖത്തെ തീർക്കുന്നതിനായി ഈ ശ്വരനിയോഗമനുസരിച്ച് വന്നു ചേർന്നവനാണ് ഇദ്ദേഹം എന്നു കരുതി, സമസ്തൈശ്വര്യസമ്പ ന്നനും വീരനും ആയ ആദിത്യവർമ്മയെ വിരഹി പെട്ടെന്ന് സമീപിച്ച് ഇത് ഞാൻ തന്നെയാണ് എന്ന് പറഞ്ഞ് അദ്ദേഹത്തെ പരിചയപ്പെടുത്തി. പൂർവാർധം കൊണ്ട് നായകൻ തന്റെ വൃത്താന്ത ങ്ങൾ ആദിത്യവർമ്മയെ അറിയിക്കുന്നതിലുള്ള അനൗചിത്യത്തെ പരിഹരിക്കുന്നു

### ശ്ലോകം 15

"ആകല്പം വാണരുളു പകയർക്കന്തകാ ഹന്തഭൂ മി
ക്കാകലും നീ പവഴമണിയേ വാണിയും പൂവിൽ മാതും
വീകിച്ചേ വന്നഴകൊടു പുണർന്നീടുമാതിച്ചവർമ്മാ
മേകത്തോടും കൊടയിലിടയിന്റൊരു കാരുണ്യ സിന്ധോ.

### അർഥവിശദീകരണം

നായകനെ പുനർജ്ജീവിപ്പിക്കുന്നതിനുള്ള മന്ത്രപ്രയോഗമാണ്

| | | |
|---|---|---|
| പകയർ | = | ശത്രുക്കൾ |
| അന്തകൻ | = | കാലൻ |
| മുഴുവർമണി | = | സൂര്യദേവർ |
| വാണി | = | സരസ്വതി |
| പൂവിൽമാത് | = | ലക്ഷ്മിദേവി |
| കോടയിൽ | = | ദാനത്തിൽ |
| കല്യാണ സിന്ധോ | = | മംഗള സമുദ്രമേ |

### ആശയ വിശദീകരണം

ശത്രുക്കൾക്ക് കാലനും, ഭൂമിക്ക് അലങ്കാര വുമായ സൂര്യദേവനും സരസ്വതിയും ലക്ഷ് മിയും മാറി മാറി വന്ന് ആശ്ലേഷിക്കുന്നവനും ദാനത്തിൽ മേഘത്തെകൂടി ജയിക്കുന്നവനും, കല്യാണ സമുദ്രവും ആയ അങ്ങ് കല്പാന്ത കാലത്തോളം ജീവിച്ചിരിക്കുക. എല്ലാ വിധത്തി ലും അങ്ങ് ഭൂമിക്കൊരലങ്കാരമാണ്. ആ സ്ഥിതി ക്ക് കല്പാന്തകാലത്തുകൂടി അങ്ങേക്ക് നാശം സംഭവിക്കില്ല, എന്നാൽ കാര്യമങ്ങനെയല്ലല്ലോ. പ്രളയത്തോടുകൂടി എല്ലാം നശിക്കുമെന്നാണ് സങ്കല്പം. അതാണ് ഈ പദ്യത്തിലെ ഹന്തയു ടെ പ്രയോജനം. അഭിത്യവർമ്മയെ ശത്രുക്കൾക്ക് കാലനായും ഗുണപൂർത്തിയുള്ളവരിൽ രത്നമാ യും മംഗളസമുദ്രമായും മറ്റും കല്പ്പിച്ചിട്ടുള്ളതു കൊണ്ട് അലങ്കാരം ഉല്ലേഖം.


SGOU

## കാവ്യാവലോകനം

പ്രാചീനമലയാളഭാഷയുടെ പരിണാമദശയിൽ പിറന്നുവീണ സന്ദേശകാവ്യമാണ് ഉണ്ണുനീലി സന്ദേശം. കാളിദാസന്റെ മേഘസന്ദേശത്തെ അനുകരിച്ച് മലയാളത്തിലുണ്ടായ ആദ്യസന്ദേശകാവ്യമാണ് ഇത്. കവിയുടെ പേര് വെളിപ്പെടുത്തിയിട്ടില്ലെങ്കിലും ഭാവനാസമ്പന്നനും പ്രതിഭാധനനുമായ ഒരു കവി മനോഹരമായി ചിട്ടപ്പെടുത്തിയ കാവ്യമാണ് ഉണ്ണുനീലി സന്ദേശം എന്നതിൽ തർക്കമില്ല. ഇന്നത്തെ കോട്ടയം ജില്ലയിലെ കടുത്തുരുത്തിയിലെ മുണ്ടയ്ക്കൽ തറവാട്ടിൽനിന്നാണ് കഥ ആരംഭിക്കുന്നത്. ആ തറവാട്ടിലെ അതിസുന്ദരിയും സൽസ്വഭാവിയുമായ ഉണ്ണുനീലിയാണ് നായിക. നായകൻ പേരു വെളിപ്പെടുത്താത്ത സ്ഥിതിക്ക് കവിതന്നെയാണോ എന്നൊരു സംശയമുണ്ട്. കാമുകീകാമുകന്മാർ ഉറങ്ങിക്കിടക്കുന്ന സമയത്ത് ആകാശചാരിയായ ഒരു യക്ഷി വന്ന് നായകനെ എടുത്തുകൊണ്ടു പോകുന്നതും അയാളുടെ മന്ത്രശക്തികൊണ്ട് രക്ഷപ്പെട്ട് ശ്രീപദ്മനാഭസ്വാമിക്ഷേത്രസവിധത്തിൽ എത്തുന്നതും അവിടെവച്ച് കണ്ടുമുട്ടിയ ആദിത്യവർമ്മ യുവരാജാവിന്റെ കൈവശം ഉണ്ണുനീലിക്ക് സന്ദേശം കൊടുത്തയയ്ക്കുന്നതുമാണ് കഥയുടെ ഇതിവൃത്തം. പ്രശസ്ത സന്ദേശവുമായി പോകുന്ന ആദിത്യവർമ്മയ്ക്ക് യാത്രാമാർഗം വിവരിക്കുന്നതിലൂടെ കഥ വികാസം പ്രാപിക്കുന്നു. താൻ പറഞ്ഞതെല്ലാം അതുപോലെ ഉണ്ണുനീലിയോടു പറയണമെന്നും നമ്മൾ തമ്മിലുള്ള ബന്ധം എക്കാലവുമുണ്ടാവണമെന്നും പറഞ്ഞുകൊണ്ടാണ് നായകൻ യുവരാജാവിനെ യാത്രയാക്കുന്നത്. 'പ്രളയകാലംവരെ നിന്റെ കീർത്തി നിലനില്ക്കട്ടെ' എന്ന് നായകൻ ആശംസിക്കുകയും ചെയ്യുന്നു.

മണിപ്രവാള സന്ദേശകാവ്യങ്ങളുടെ ഇതിവൃത്തം പൊതുവെ മുറുക്കം കുറഞ്ഞതാണെന്ന അഭിപ്രായത്തോട് നിരൂപകർ യോജിക്കുന്നുണ്ട്. ഉണ്ണുനീലിസന്ദേശത്തെപ്പറ്റി വള്ളത്തോളും മാരാരുമൊക്കെ അഭിപ്രായപ്പെട്ടിട്ടുള്ളത് ഇതൊരു ഹാസകവനമാണെന്നാണ്. മേഘദൂതം, ശുകസന്ദേശം, കോകസന്ദേശം മുതലായ സന്ദേശകാവ്യങ്ങളിൽ പാലിച്ചിട്ടുള്ള ഔചിത്യം ഈ കൃതിയിലില്ലാത്തതിനാലാവാം ഇത്തരമൊരു അഭിപ്രായമുണ്ടായത്. വാചാലത, അയുക്തി, അനൗചിത്യം തുടങ്ങിയവ മണിപ്രവാളസാഹിത്യത്തിന്റെ അപാകതകളായി വിമർശകർ ചൂണ്ടിക്കാണിക്കുന്നുണ്ടെങ്കിലും ഇതിലെ കലാപരമായ ഒതുക്കവും കാവ്യസൗന്ദര്യവും നിഷേധിക്കാനാവാത്തതാണ്. കഥയുടെ കേന്ദ്രആശയത്തിൽ നിന്ന് ബഹുദൂരം വിട്ടുനിന്നുകൊണ്ട് തൂലിക ചലിപ്പിക്കുമ്പോഴും വർണ്ണനകളുടെ അനന്തസാധ്യതയിലേക്ക് കഥാഗതിയെ കൊണ്ടുപോകുന്നതിലുള്ള കവിയുടെ പ്രാവീണ്യം എടുത്തുപറയേണ്ട കാര്യമാണ്. ഇക്കാലത്തെ ഒന്നാംകിട നോവലിനുപോലും കഴിയാത്തവിധത്തിൽ കാവ്യത്തിൽ ആദ്യാവസാനംവരെ ഉദ്വേഗം നിലനിർത്തുന്നു എന്നത് ഉണ്ണുനീലിസന്ദേശത്തെ വ്യതിരിക്തമാക്കുന്നു.

ഉണ്ണുനീലിസന്ദേശം വെറുമൊരു പ്രണയകാവ്യം മാത്രമല്ല, മറിച്ച് കേരളത്തിന്റെ പഴയകാല ചരിത്രത്തിന്റെ ഏടുകളുള്ള ഒരു വിജ്ഞാനസാഹിത്യംകൂടിയാണ്. ചരിത്രപരമായ സൂചനകൾ കാവ്യത്തിൽ ഇടയ്ക്കിടെ കടന്നുവരുന്നതു കാണാം. ദേശത്തിന്റെ സംസ്കാരം, ഭരണസമ്പ്രദായം, സാമൂഹ്യഘടന തുടങ്ങിയ കാര്യങ്ങളെക്കുറിച്ച് വ്യക്തമായ അറിവുകൾ നൽകുന്ന ഒരു കൃതിയാണിത്. രാജാക്കന്മാരും പ്രഭുക്കന്മാരും നമ്പൂതിരിമാരും പട്ടന്മാരും ദേവദാസികളും ഉൾപ്പെട്ട ഒരു ബഹുമുഖസമൂഹത്തെയാണ് ഉണ്ണുനീലി സന്ദേശം അവതരിപ്പിക്കുന്നത്.

കേരളീയചരായ നിഴലിക്കുന്ന ദൃശ്യങ്ങൾ കാവ്യത്തിലുടനീളം അനുഭവപ്പെടുന്നുണ്ട്. പുരാതനക്ഷേത്രങ്ങൾ, ചെമ്പകക്കാവുകൾ, കുളങ്ങൾ, പ്ലാശുമരങ്ങൾ, താമരപ്പൊയ്കകൾ, ഇലഞ്ഞിപ്പൂക്കൾ തുടങ്ങിയവ കേരളീയതയെ പ്രതിഫലിപ്പിക്കുന്നു. പ്രണയം, ഭക്തി, വിഷാദം, സംഘർഷം, നിരാശ, സന്ദേഹം തുടങ്ങിയ ഭാവങ്ങൾ കാവ്യത്തിൽ മാറിമാറി കടന്നുവരുന്നുണ്ട്. കഥയുടെ രസച്ചരട് മുറിയാതെ കൊണ്ടുപോകുന്നതിൽ ഈ സമ്മിശ്രഭാവങ്ങൾ വലിയ പങ്കു വഹിക്കുന്നു. സന്ദേശവാഹകനെ കാര്യങ്ങൾ ധരിപ്പിക്കുന്നതാണ് കഥയിലെ പ്രധാന ഭാഗം. കഥാതന്തു ഏറെ ദൂരെയാണ് നിൽക്കുന്നതെന്ന ചിന്ത അനുവാചകരിലേക്കു കടന്നുവരാത്തവി

ധം ഉദ്വേഗം നിലനിർത്താൻ കഥാകാരനു കഴിയുന്നു. അലങ്കാരപ്രയോഗങ്ങളുടെ കാര്യത്തിൽ ഉണ്ണുനീലി സന്ദേശം നല്ലൊരു മാതൃകയാണ്. കാരണം ഉചിതമായ സന്ദർഭങ്ങളിലാണ് കവി അലങ്കാരത്തെ കൂട്ടുപിടിക്കുന്നത്. ഉദാഹരണത്തിന് വിരഹദുഃഖത്താൽ അവശനായ നായകന്റെ മുമ്പിലേക്ക് വസന്തം കടന്നുവരുമ്പോൾ ഒരു ആരാച്ചാർ കടന്നുവരുന്നതുപോലെയാണ് അയാൾക്കു തോന്നിയത്. മഞ്ഞുതുള്ളികൾ തീക്കനൽപോലെയും മന്ദമാരുതൻ വിഷംകോരിത്തേകി തന്നെ വധിക്കാൻ വന്നിരിക്കുന്ന ഘാതകനായും നായകനു തോന്നുകയാണ്. പ്രണയത്തിന്റെ തീവ്രത ചിത്രീകരിക്കാൻ ഏറ്റവും ഉചിതമായ അലങ്കാരമാണിത്. ഉൽപ്രേക്ഷകൊണ്ട് ചമൽക്കാരം നിർവഹിക്കുന്ന കവി ഇവിടെ സംഘർഷങ്ങളുടെ അഗ്നിപാതയിലൂടെ അനുവാചകനെ കൂട്ടിക്കൊണ്ടുപോകുന്നു.

ശബ്ദാലങ്കാരങ്ങൾക്കൊണ്ടും ഈ സന്ദേശകാവ്യം മനോഹരമാക്കാൻ കവി ശ്രദ്ധിച്ചിട്ടുണ്ട്. ദ്വിതിയാക്ഷരപ്രാസമാണ് മിക്കവാറും വരികളിൽ ഉപയോഗിച്ചിട്ടുള്ളത്. ഉണ്ണുനീലിസന്ദേശത്തിൽ ശബ്ദാലങ്കാരത്തിന് അർഥാലങ്കാരത്തേക്കാൾ പ്രാധാന്യം നല്കിയിരിക്കുന്നതായി ചില നിരൂപകർ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ലളിതസുന്ദരമായ നാട്ടുഭാഷാപദങ്ങളും പരിചിതമായ സംസ്കൃതപദങ്ങളും ഉണ്ണുനീലിസന്ദേശത്തിലെ കാവ്യഭാഷയുടെ പ്രത്യേകതയാണ്. പുരുഷപ്രത്യയങ്ങളോടുകൂടിയ ക്രിയാപദങ്ങൾ ധാരാളമായി കടന്നുവരുന്നുണ്ട്. ഇത് ഭാഷയുടെ പരിണാമദശയിൽ സംഭവിച്ച ശൈലീമാറ്റത്തിന് ഉദാഹരണമാണ്. വന്നാൻ, നിന്നാൻ തുടങ്ങിയ പദങ്ങൾ ഉദാഹരണം. ശൃംഗാരമാണ് മിക്ക മണിപ്രവാളകൃതികളിലും നിറഞ്ഞുനിൽക്കുന്ന രസം. എന്നാൽ ഉണ്ണുനീലിസന്ദേശത്തിൽ ശൃംഗാരത്തേക്കാൾ കൂടിനിൽക്കുന്നത് വിഷാദഭാവമാണ്. പ്രാസഭംഗിയും രൂപഭദ്രതയും ചമല്കാരവും ഭാവനാന്മകമായ കല്പനകളുമാണ് ഈ കാവ്യത്തെ ഹൃദ്യമാക്കുന്ന മറ്റു ഘടകങ്ങൾ. വേണാടിന്റെ ചരിത്രവും സംസ്കാരവും ജനജീവിതവുമെല്ലാം ഉൾക്കൊള്ളുന്ന ഉണ്ണുനീലി സന്ദേശം കൈരളിക്കു ലഭിച്ചിട്ടുള്ള ഒരു വിശിഷ്ടകൃതിയാണെന്ന കാര്യത്തിൽ തർക്കമില്ല.

# 3. വിശദപഠനം

## രാമായണം ചമ്പു - ഉദ്യാനപ്രവേശം

രാമായണം ചമ്പുവിലെ ലളിതവും മനോഹരവുമായ ഒരു ഭാഗമാണ് ഉദ്യാനപ്രവേശം. 81 ശ്ലോകങ്ങളും 3 ഗദ്യങ്ങളും ഒരു ദണ്ഡകവും ഈ ഭാഗത്തിലടങ്ങിയിരിക്കുന്നു. ശ്ലോകങ്ങളിൽ ഭൂരിഭാഗവും സ്രഗ്ദ്ധരാവൃത്തത്തിലാണ് രചിച്ചിരിക്കുന്നത്. ശാർദ്ദൂലവിക്രീഢിതം, ശിഖരണി, മാലിനി, വസന്തതിലകം തുടങ്ങിയ വൃത്തങ്ങളും വൈചിത്ര്യത്തിനുവേണ്ടി ഉപയോഗിച്ചിരിക്കുന്നു. രണ്ടു ഗദ്യങ്ങൾ തരംഗിണീവൃത്തത്തിലാണ് രചിച്ചിരിക്കുന്നത്. രാമായണം സുന്ദരകാണ്ഡത്തെ അടിസ്ഥാനമാക്കിയാണ് ഉദ്യാനപ്രവേശം രചിച്ചിരിക്കുന്നതെങ്കിലും ചില മാറ്റങ്ങൾ കവി വരുത്തിയിട്ടുണ്ട്. രാവണൻ സീതയെ അശോകവനത്തിൽ കൊണ്ടിരുത്തിയതിനു ശേഷം അന്നു രാത്രി പോയി പ്രലോഭിപ്പിക്കുന്ന മട്ടിലാണ് ഉദ്യാനപ്രവേശം രചിച്ചിരിക്കുന്നത്. വിദ്വജ്ജിഹനെ വിളിച്ച് നിർദ്ദേശങ്ങൾ കൊടുക്കുന്നതും നക്ഷത്രങ്ങളെ വിളിച്ച് അഭ്യർഥിക്കുന്നതും കവികല്പിതമാണ്. പിന്നീടുള്ള ചന്ദ്രോദയവർണ്ണനയ്ക്ക് കളമൊരുക്കുന്നതിനുവേണ്ടിയാണ് ഈ വ്യത്യാസങ്ങൾ വരുത്തിയിരിക്കുന്നത്. അശോകവനത്തിലേയ്ക്കുള്ള രാവണന്റെ യാത്രയ്ക്ക് അടിമുടി കേരളീയഛായ നൽകിയിരിക്കുന്നു.

സീതയെ പ്രലോഭിപ്പിക്കാൻ രാവണൻ ചെയ്യുന്ന നീണ്ട വാചാലമായ പ്രസംഗമാണ് ഈ ഭാഗത്തിലെ സിംഹഭാഗവും. വാല്മീകിരാമായണത്തിലെ പ്രൗഢിയും ഓജസ്സും വീര്യവും തെളിഞ്ഞുനിൽക്കുന്ന രാവണനല്ല ഉദ്യാനപ്രവേശത്തിലെ രാവണൻ. വിടനും ജളനുമായ കേരളത്തിലെ ഒരു ഇടപ്രഭുവിന്റെ ഛായയാണ് രാവണനു നൽകിയിരിക്കുന്നത്. രാവണന്റെ ഫലിതപരിഹാസങ്ങൾ ചിലപ്പോൾ അസഭ്യമായി തരംതാഴുന്നു. തന്റെ മുന്നിലിരിക്കുന്ന സാധാരണ ജനങ്ങളെ രസിപ്പിക്കാനാണ് ചമ്പൂകാരന്റെ ശ്രമം. മൂലകഥാപാത്രത്തിന്റെ വ്യക്തിത്വം തരംതാണു പോവുന്നത് ഈ ചിരിപ്പിക്കാനുള്ള ശ്രമത്തിനിടയിൽ അറിയുന്നില്ല.

SGOU



SREENARAYANAGURU OPEN UNIVERSITY

### ശ്ലോകം 1

"വൈദേഹീം നിറമാർന്നശോകവനികാ മദ്ധ്യേനി
ധായ സ്മരോ-
ന്മാദീരാക്ഷസചക്രവർത്തി സഹസാസംപ്രാപ്യ
ശയ്യാഗൃഹം
ജാതാനന്ദമണഞ്ഞഴിഞ്ഞനുസരിക്കാനെന്തുപാ
യം നമു-
ക്കേതേനും പുനരെന്നു സന്തതമസൗചിന്തിച്ചിരു
ന്നീടിനാൻ.''

### അർഥവിശദീകരണം

| | | |
|---|---|---|
| വൈദേഹിം | = | സീതയെ |
| നിധായ | = | വെച്ചിട്ട് |
| സ്മരോന്മാദി | = | കാമഭ്രാന്തുപിടിപെട്ട |
| സഹസാ | = | പെട്ടെന്ന് |
| സംപ്രാപ്യ | = | പ്രാപിച്ചിട്ട് |
| ജാതാനന്ദം | = | ആനന്ദത്തോടുകൂടി |

### ആശയവിശദീകരണം

സീതയെ അശോകവനികാമധ്യത്തിൽ വെച്ചിട്ട് കാമഭ്രാന്തുപിടിപെട്ട രാക്ഷസചക്രവർത്തിയായ ഈ രാവണൻ ശയ്യാഗൃഹത്തെ പെട്ടെന്ന് പ്രാപിച്ചിട്ട്, ഇവൾ (ഈ സീത) സന്തോഷത്തോടെ ലജ്ജയെല്ലാം ഉപേക്ഷിച്ച് തന്നെ പ്രാപിച്ച് അനുസരിക്കുവാൻ എന്താണ് മാർഗമെന്ന് ആലോചിച്ച് ഇരുന്നു. കഥാസന്ദർഭത്തെ സൂചിപ്പിക്കുന്നതാണ് ഈ ശ്ലോകം. വാല്മീകി രാമായണത്തിൽ നിന്ന് ലേശം ഭേദഗതി ചമ്പൂകാരൻ നടത്തിയിട്ടുണ്ട്. സുന്ദരകാണ്ഡത്തിൽ വിവരിക്കുന്ന ഹനുമാന്റെ സാന്നിധ്യം ഇവിടെ കാണുന്നില്ല. ചമ്പൂകാരന്റെ സ്വതന്ത്ര കല്പനാവൈദഗ്ധ്യത്തെ പ്രകടമാക്കുന്ന സന്ദർഭമാണിത്.

### ശ്ലോകം 2

"പൊൻകൊണ്ടാവതു ചെയ്കയോ പുടവയോ
രത്നങ്ങളോ രാശിയോ
ഭംഗ്യാനല്ല കലമ്പനോ മണമുലാവീടുന്ന കസ്തൂ
രിയോ
ശൃംഗാരദ്രവ ശീതളാംബു നിറയും ചെമ്പോ
മണിക്കാഞ്ചിയോ
സംഗം ചേർപ്പതിനെന്തു നൽകുവതെടോ സീത
യ്ക്ക് ജാതാദരം.''

### അർഥവിശദീകരണം

| | | |
|---|---|---|
| രാശി | = | പഴയകാലത്ത് പ്രചാരത്തിലിരുന്ന സ്വർണ്ണനാണയം |
| കലമ്പൻ | = | പലതരം പൂക്കൾ കോർത്തുണ്ടാക്കുന്ന മാല |
| മണമുലാവീടുന്ന | = | സുഗന്ധം പ്രസരിക്കുന്ന |
| മണിക്കാഞ്ചി | = | രത്നം പതിച്ച അരഞ്ഞാണം |
| ശൃംഗാരദ്രവ ശീതളാംബു | = | ശൃംഗാരപോഷകമായ കളഭം |
| സംഗം ചേർപ്പതിന് | = | ഇണക്കുന്നതിന് |

### ആശയവിശദീകരണം

സ്നേഹം ഉണ്ടാക്കുന്നതിന്, സീതയെ ഏതു വിധത്തിൽ വശീകരിക്കാം എന്ന് രാവണൻ ചിന്തിക്കുന്നു. സ്വർണ്ണം, വിശേഷപ്പെട്ട വസ്ത്രങ്ങൾ, പൂമാല, സുഗന്ധദ്രവ്യങ്ങൾ, ആഭരണങ്ങൾ തുടങ്ങിയവയെല്ലാം സ്ത്രീകൾക്കു താൽപര്യമുള്ളവയാണ്. അവയിലേതു നൽകിയാണ് സീതയുടെ സ്നേഹം സമ്പാദിക്കേണ്ടത് എന്ന് രാവണൻ ചിന്തിക്കുന്നു. ആ കാലഘട്ടത്തിൽ കാണപ്പെട്ട സവർണ്ണഛായയാണ് രാവണനു നൽകിയിരിക്കുന്നത്. ഈ കേരളീയതയാണ് പില്കാലത്ത് നമ്പ്യാർ തന്റെ കവിതകളിൽ വികസിപ്പിച്ചത്.

### ശ്ലോകം. 3

'ലങ്കാധീശൻ തദാനീം പലപരിചു നിരൂപിച്ചു
കൊണ്ടർദ്ധരാത്രേ
ശൃംഗാരക്കോപ്പ് വായിച്ചിനിയ ജനകജാസന്നി
ധൗ ചെന്നശങ്കം
സംഗം ചേർക്കുന്ന നാനാവിധ മധുരവചോവൈ
ഭവൈരാശ്വസിപ്പി -
ച്ചംഗീകർത്തവ്യമിന്നു പുനരിതി സുദൃഢം
കല്പയാമാസഗൂഢം.''

### അർഥവിശദീകരണം

| | | |
|---|---|---|
| തദാനീം | = | അപ്പോൾ |
| ഇനിയ | = | ശ്രേഷ്ഠയായ |
| മധുരവചോ വൈഭവ: | = | മധുരമായ വാക്കുകളുടെ സാമർഥ്യത്താൽ |

SGOU

| | | |
|---|---|---|
| അംഗീകർത്തവ്യം | = | അനുസരിപ്പിക്കണം |

## ആശയവിശദീകരണം

അങ്ങനെ രാവണൻ പലപ്രകാരത്തിൽ പിന്തിരിച്ച് അർധരാത്രിയിൽ ശൃംഗാരവർധകമായ ആടയാഭരണങ്ങൾ ധരിച്ചും, സാധനങ്ങൾ സംഭരിച്ചും ശ്രേഷ്ഠമായ സീതയുടെ മുമ്പിൽ മടികൂടാതെ ചെന്ന് അവളെ പല വിധത്തിലുള്ള മധുരവാക്കുകളെക്കൊണ്ട് ആശ്വസിപ്പിച്ച് ഇന്നുതന്നെ അനുസരിപ്പിക്കണമെന്ന് രഹസ്യമായി നിശ്ചയിച്ചുറപ്പിച്ചു.

## ശ്ലോകം. 4

"അസ്മദ്വിക്രമചേഷ്ടിതാനി നിഖില ത്രൈലോക്യഹേലാജയ-
പ്രഹ്വീഭൂത സുരാ സുരാണി ബഹുശോഭൂമേ സ്സുതാ ശൃണ്വതീ
പത്യൗദ്വേഷകഷായിതേനമനസാ സ്നിഗ്ധാ മയിസ്ഥാസ്യതി
സ്ത്രീണാം പ്രേമ യദുത്തരോത്തര ഗുണഗ്രാമസ്പൃഹാ ചഞ്ചലം.''

## അർഥവിശദീകരണം

| | | |
|---|---|---|
| അസ്മത്വിക്രമചേഷ്ടിതാനി | = | എന്റെ പരാക്രമപ്രവൃത്തികളെ |
| പ്രഹ്വീഭൂതം | = | തോല്പിക്കപ്പെട്ടു |
| ശൃണ്വതി | = | കേൾക്കുന്നവളായിട്ട് |
| മയി | = | എന്നിൽ |
| സ്നിഗ്ദ്ധാസ്ഥാസ്യതി | = | സ്നേഹമുള്ളവളായി ഭവിക്കും |
| സ്ത്രീണാം പ്രേമ: | = | സ്ത്രീകളുടെ പ്രേമം |
| സ്പൃഹാ | = | ആഗ്രഹം |
| ഗ്രാമം | = | കൂട്ടം |

## ആശയവിശദീകരണം

മൂന്നു ലോകങ്ങളെയും നിഷ്പ്രയാസം ജയിച്ച്, സുരാസുരന്മാരെ കീഴ്പ്പെടുത്തിയ എന്റെ പരാക്രമപ്രവൃത്തികളെക്കുറിച്ച് കേട്ട് സീത ഭർത്താവിൽ ദ്വേഷമുള്ളവളായി എന്നിൽ സ്നേഹമുള്ളവളായി ഭവിക്കും. എന്തുകൊണ്ടെന്നാൽ സ്ത്രീകളുടെ പ്രേമം മേൽക്കുമേൽ ശ്രേഷ്ഠങ്ങളായ ഗുണസമൂഹത്തിൽ താല്പര്യമുള്ളതായി ചഞ്ചലമായിരിക്കും. സ്ത്രീകളുടെ സ്നേഹം ചഞ്ചലമാണെന്നും കൂടുതൽ ഗുണമുള്ളിടത്തേക്ക് അത് ചലിക്കുമെന്നും രാവണൻ വിശ്വസിക്കുന്നു. തന്റെ പരാക്രമങ്ങളെക്കുറിച്ചു കേൾക്കുമ്പോൾ രാമനോടുള്ള താല്പര്യം നശിച്ച് സീത തന്നിൽ അനുരുക്തയായിത്തീരും എന്നാണ് രാവണന്റെ പ്രതീക്ഷ.

## ശ്ലോകം. 5

"വിദ്യുജ്ജിഹ്വാ! വിളിച്ചീടുക സകലകലാ സുന്ദരം ചന്ദ്രദേവം
മുഗ്ദ്ധം മാണിക്യമാലാമഴകൊടുകൊടു നീ-
ചാരുതാരാഗണാനാമിത്ഥം മാനിച്ചുതൂനാം
ഗണമപി സവിധേ വേണമസ്മാദൃശാനാം.''

## അർഥവിശദീകരണം

| | | |
|---|---|---|
| വിദ്യുജ്ജിഹ്വൻ | = | ശൂർപ്പണഖയുടെ ഭർത്താവ് |
| സകലകലാസുന്ദരം | = | എല്ലാ കലകളെക്കൊണ്ടും പൂർണനായ (സുന്ദരനായ) |
| ചന്ദ്രദേവം | = | ചന്ദ്രദേവനെ |
| അസ്യാനിശായാം | = | ഈ രാത്രിയിൽ |
| ചാരു | = | മനോഹരമായ |
| അസ്മാദൃശാനാം | = | എന്നെപ്പോലെയുള്ളവരുടെ (സ്വർവേശ്യ - ഉർവ്വശി, മേനക, രംഭ, തിലോത്തമ തുടങ്ങിയ ദേവലോകത്തിലെ വേശ്യകൾ) |

## ആശയവിശദീകരണം

വിദ്യുജ്ജിഹ്വനെ വിളിച്ച് രാവണൻ നൽകുന്ന കല്പനയാണ് ആറു മുതൽ ഒമ്പതു വരെയുള്ള ശ്ലോകങ്ങളിൽ പ്രതിപാദിക്കുന്നത്. വിദ്യുജ്ജിഹ്വാ, സകലകലാസുന്ദരനായ ചന്ദ്രദേവനെ വിളിക്കുക. ഈ രാത്രിയിൽ മനോഹരമായ നിലാവിന്റെ നിറംകൊണ്ട് ശോഭവരുത്തണം. നക്ഷത്രഗണങ്ങൾക്ക് മുത്തുകൊണ്ടും മാണിക്യം കൊണ്ടും ഉണ്ടാക്കിയ മാലകൾ നൽകുക. എന്നെപ്പോലെയുള്ളവരുടെ സമീപത്ത് എല്ലാ ഋതുക്കളും ബഹുമാനപൂർവം ഉണ്ടായിരിക്ക

SGOU

ണം. അർധരാത്രിക്ക് പൂർണ്ണചന്ദ്രൻ ഉദിക്കുക എന്നത് പ്രകൃതിയിൽ സംഭവിക്കുന്നതല്ലല്ലോ? തന്റെ പ്രഭാവം കാണിക്കാനാണ് ആ അർധരാത്രിക്ക് പൂർണ്ണചന്ദ്രൻ ഉദിക്കണം എന്ന് രാവണൻ പറയുന്നത്. അസാധ്യമായതു സാധിക്കുന്നതിലാണല്ലോ മഹത്വം സ്ഥിതിചെയ്യുന്നത്.

### ശ്ലോകം. 6

"സ്വർവേശ്യാ ഗർവ്വഹീനം ചമക, ജനകജാ
സന്നിധൗ ഞാൻ പുറപ്പെ-
ട്ടാവ്യാക്ഷേപം നടക്കും പൊഴുതു വഴിതെളി
ച്ചീടുവാനഗ്രഭാഗേ
ഒവ്വാമണ്ഡോദരിക്കെന്നതു മനസികള-
ഞ്ഞെന്നെ രക്ഷിക്ക സീതാ
ചൊവ്വാപ്പൂന്തേൻ വഴങ്ങീടുകിലൊഴിയെ വരാ
താനുമെന്നാലതാസ്താം.''

### അർഥവിശകലനം

| | | |
|---|---|---|
| സ്വർവേശ്യാ | = | ദേവലോകത്തെ വേശ്യകൾ |
| അവ്യാക്ഷേപം | = | ദൃഢനിശ്ചയത്തോടെ |
| ഒവ്വാ | = | ഒക്കുകയില്ല |
| ചൊവ്വാപൂന്തേൻ | = | ചുവന്ന ചുണ്ടുകളാകുന്ന പുതിയ തേൻ |
| ആസ്താം | = | ഇരിക്കട്ടെ |

### ആശയവിശദീകരണം

സീതാസന്നിധിയിലേയ്ക്ക് ദൃഢനിശ്ചയത്തോടെ പുറപ്പെടുന്ന അവസരത്തിൽ മുൻപിൽ വഴി കാണിക്കുവാൻ സ്വർവേശ്യകൾ ഗർവില്ലാതെ അണിഞ്ഞൊരുങ്ങുക. മണ്ഡോദരിക്ക് അത് ഒക്കുകയില്ല (ഇഷ്ടപ്പെടുകയില്ല) എന്ന വിചാരം മനസ്സിൽ നിന്ന് കളഞ്ഞ് എന്നെ രക്ഷിക്കുക. സീതയുടെ ചെഞ്ചുണ്ടുകളാകുന്ന തേൻ വഴങ്ങുക എന്നതൊഴിച്ച് മറ്റുള്ളതെല്ലാം ഇരിക്കട്ടെ. മണ്ഡോദരിയെ പരിചരിക്കാനാണ് രാവണൻ സ്വർവേശ്യകളെ സ്വർഗത്തുനിന്ന് കൊണ്ടുവന്നത്. സീതാവശീകരണത്തിന് അവരെ കൊണ്ടുപോകുന്നത് മണ്ഡോദരിക്ക് ഇഷ്ടപ്പെടുകയില്ല എന്നു വിചാരിച്ച് അവർ വരാതിരുന്നാലോ എന്ന് ശങ്കിച്ചാണ് രാവണൻ ഇങ്ങനെ പറയുന്നത്. ഇപ്പോൾ മണ്ഡോദരിയുടെ കാര്യം നോക്കേണ്ട, സീതാവശീകരണത്തിന് തന്നെ സഹായിച്ചാൽ മതി എന്ന് ആശയം).

### ശ്ലോകം. 7

"പാലൊത്തീടും നിലാവത്തഴകിനൊടു പുറ-
പ്പെട്ടു നിൽക്കും ദശായാം
താലിപ്പെണ്ണുങ്ങളായിരമൊരു തരമേ
വേണമെന്നഗ്രേസവേലം
കോലത്താരമ്പനമ്പും തിരുകിയരികിലാ-
കേണമൻപോടുപൊന്നിൻ
താലത്തിൽ കൈവിളക്കിൻ നിര നിരവധി
വേണം കരേ കാമിനീനാം. '

### അർഥവിശകലനം

| | | |
|---|---|---|
| പാലൊത്തിടും | = | പാലിനൊത്ത |
| ദശായാം | = | ആ സമയത്ത് |
| കോലത്താരമ്പ് | = | കാമദേവന്റെ അസ്ത്രത്തോട് കൂടിയ |

### ആശയവിശദീകരണം

പാലുപോലുള്ള നിലാവിൽ ഞാൻ അണിഞ്ഞൊരുങ്ങി പുറപ്പെടാൻ നിൽക്കുമ്പോൾ എന്റെ മുമ്പിൽ ലീലാവിലാസത്തോടു കൂടി അയ്യായിരം മംഗല്യവതികളായ സ്ത്രീകൾ ഉണ്ടായിരിക്കണം. കാമിനിമാരുടെ കൈയിൽ കൈവിളക്കുകളുടെ നിര നിരവധി ഉണ്ടാവണം. ആഘോഷത്തിന് മംഗല്യവതികളായ സ്ത്രീകൾ താലപ്പൊലിയെടുത്തു മുമ്പിൽ നടക്കുന്ന ആചാരത്തെയാണ് രാവണന്റെ വാക്കുകൾ അനുസ്മരിപ്പിക്കുന്നത്. അശോകവനികയിലേക്ക് സുന്ദരികൾ രാവണനെ പിൻതുടർന്നു എന്നാണ് വാല്മീകിരാമായണത്തിൽ പറയുന്നത്. അത് ചമ്പുകാരൻ അയ്യായിരമാക്കി).

### ശ്ലോകം. 8

"പാടേണം പാർശ്വഭാഗേ മധുമധുരഗിരാ
നാരദൻ താൻ വിശേഷി-
ച്ചാടേണം മുമ്പിലാമ്മാറമരപുരചകോ -
രാക്ഷിമാരാത്തഗാനം
ഗൂഢം ഭേദിച്ചു സീതാം വിരവൊടു വശമാ -
ക്കീടുവാനെന്തുപായം
ഗാഢം നാമിന്നുമറ്റും പലവഴി പെരുമാ
റേണമിന്നും പ്രകാരം.''


SGOU

### അർഥവിശകലനം

| | | |
|---|---|---|
| മധുമധുരഗിരാ | = | തേൻ പോലെ മധുരമായ വാക്കുകൾകൊണ്ട് |
| അമരപുരചകോരാക്ഷിമാർ | = | സ്വർഗസുന്ദരിമാർ |
| ആത്തഗാനം | = | സ്വീകരിക്കപ്പെട്ട ഗാനം |

### ആശയവിശദീകരണം

ഞാൻ പോകുന്ന അവസരത്തിൽ എന്റെ പാർശ്വഭാഗത്ത് നാരദൻ തേൻപോലെ മധുരമായ പദങ്ങളാൽ പാടണം. മുമ്പിൽ സ്വർഗസുന്ദരിമാർ പാടിക്കൊണ്ട് നൃത്തം വയ്ക്കണം. സൂത്രത്തിൽ സീതയുടെ മനസ്സിളക്കി അവളെ വേഗത്തിൽ വശമാക്കാനുള്ള ഉപായം എന്താണോ അതെല്ലാം ഗാഢമായി നാം ഇന്നു പ്രയോഗിക്കണം.

### ശ്ലോകം. 9

"ഇത്ഥം കല്പിച്ചെഴുന്നേറ്റളവുദയഗിരൗ
മെല്ലെ മെല്ലെന്നുദിച്ചു
ചിത്താനന്ദം ജനാനാം തെളിവൊടു വളരും-
മാറു പീയൂഷധാമാ
പത്താശാന്തേ ചൊരിഞ്ഞീടിന ഹിമകണികാ-
മാലയാ മെല്ലെ മെല്ലെ
ന്നിത്രൈലോക്യം കുളുർപ്പിച്ചനുപമപരമാ-
നന്ദസന്ദോഹദായി.''

### അർഥവിശകലനം

| | | |
|---|---|---|
| പീയൂഷധാമാ | = | അമൃതിന് ഇരിപ്പിടമായവൻ (ചന്ദ്രൻ) |
| പത്താശാന്തേ | = | പത്തുദിക്കിലും |
| സന്ദോഹം | = | കൂട്ടം |

### ആശയവിശദീകരണം

രാവണൻ ഇപ്രകാരം കല്പിച്ച് എഴുന്നേറ്റ അവസരത്തിൽ ജനങ്ങളുടെ ഹൃദയത്തിൽ ആനന്ദം തെളിഞ്ഞുവരത്തക്കവിധത്തിൽ, പത്തുദിക്കിലും ചൊരിഞ്ഞ മഞ്ഞിൻതുള്ളിയാകുന്ന മാലയെക്കൊണ്ട് മൂന്നുലോകത്തെയും കുളുർപ്പിച്ച് പരമാനന്ദസമൂഹം നൽകുവാനായി ഉദയപർവതത്തിൽ ചന്ദ്രൻ പതുക്കെപ്പതുക്കെ ഉദിച്ചു.

### ഗദ്യം 1

"പ്രാചീരമണി വദനം പോലേ രജനീയോഷാമുകുരം പോലേ ഐന്ദ്രീകനകത്തോട കണക്കെ മദനപ്പെണ്ണിൻ താലി കണക്കെ സുരതഗുരോരെഴുമാവണ പോലെ മന്മഥവരവിലെതിർത്തു പിടിക്കും വെണ്മുത്തുക്കുടതന്നെപ്പോലെ മന്ദം മന്ദം പോന്നു,ദിയായ ശശാങ്കഃ; പീയുഷത്തെളിതന്നിൽ വിളങ്ങും കർപ്പൂരപ്പൊടി തൂകിന പോലെ ത്രൈലോക്യത്തിൻ പുഞ്ചിരിപോലെ പാൽക്കടൽപോന്നുവരുന്ന കണക്കെ പാണ്ഡുരഭസ്മം ചിതറിനപോലെ വെൺങ്കളിയെങ്ങും തേച്ച കണക്കെ മുത്തുകൾകൊണ്ടു വിതച്ചകണക്കെ കുളുർമയിൽ വളരും മധുരനിലാവിൻ പ്രഭകണ്ടഖിലനിശാചരനിവഹം പ്രിയതമമാരൊടു ചേർന്നു കളിച്ചങ്ങഭിനവമധുപാനോത്സവമാർന്നു. മനോഭാവതന്ത്രം പുതുമപെടുത്തും പടകളി പലതരമാശു തുടർന്നും നിലവിളിനിവിരെ നടത്തിയുമയ്യോ! പല പല കേളി വിനോദമിയന്നും പരമാനന്ദപയോനിധിയിലാകെ നിമഗ്നമശേഷം.

കപോലേ മാർജ്ജാര: പയഇതികരാൻ ലേഢി ശശിനസ്തരുച്ഛിദ്രപ്രോതാൻ ബിസ ഇതികരീ സംവലയതി രതാന്തേ തല്പസ്ഥാൻ ഹരതി വനിതാപ്യം ശുകമിതി പ്രഭാമത്തശ്ചന്ദ്രോ ജഗദിദമഹോ വിഭ്രമയതി ചന്ദന ചർച്ചാ കുചയോ: കചയോർദ്ധമ്മില്ല മല്ലികാദാമ ക്ഷൌമം നിതംബ ബിംബേ ചന്ദ്രകരാ: ക്ഷാമമദ്ധ്യാനാം''

### അർഥവിശകലനം

| | | |
|---|---|---|
| പ്രാചീരമണീവദനം | = | കിഴക്കെദിക്കാകുന്ന സ്ത്രീയുടെ മുഖം |
| ഐന്ദ്രീ ഇന്ദ്രാണി | = | കിഴക്കെ ദിക്ക് |
| സുരതഗുരോ | = | സുരത ഗുരുവിന്റെ |
| ആവണ | = | ആവണപ്പലക (ഇരിപ്പിടം) |
| ഉദിയായ | = | ഉദിച്ചു |
| പാണ്ഡുരഭസ്മം | = | വെളുത്തഭസ്മം |
| വെൺകളി | = | വെളുത്ത ചെളി (കുഴമ്പ്) |
| മനോഭവതന്ത്രം | = | കാമശാസ്ത്രം |

| | | |
|---|---|---|
| പുതുമപെടുത്തും | = | പുതിയ രീതിയിൽ പ്രയോഗിച്ചും |
| നിവിരെ | = | ഉച്ചത്തിൽ |
| തരുച്ഛിദ്ര പ്രോതാൻ | = | മരത്തിനിടയിലൂടെ കടന്നു വരുന്ന |
| ബിസഇതി | = | താമരവളയമാണെന്ന് |
| സംവലയതി | = | വലിക്കുന്നു |
| രതാന്ത | = | സംഭോഗാവസാനത്തിൽ |
| തല്പസ്ഥാൻ | = | തല്പത്തിലിരിക്കുന്ന |
| അംശുകം ഇതി | = | വസ്ത്രമാണെന്നു ധരിച്ച് |
| ഹരതി | = | എടുക്കുന്നു |
| പ്രഭാമത്തഃചന്ദ്ര: | = | പ്രഭാമത്തനായ ചന്ദ്രൻ |
| ക്ഷാമമദ്ധ്യാനാം | = | കൃശമധ്യകൾക്ക് (സുന്ദരികൾക്ക്) |
| കുചയോം | = | സ്തനങ്ങളിൽ |
| ചന്ദ്രകാരാ | = | ചന്ദ്രരശ്മികൾ |
| ധമ്മില്ലേ | = | തലമുടിക്കെട്ടിൽ |
| മല്ലികാ ദാമ | = | മുല്ലപ്പൂമാലയായിത്തീർന്നു |
| ക്ഷൗമം | = | വെൺപട്ട് |

## ആശയവിശദീകരണം

ഈ ഗദ്യത്തിൽ ചന്ദ്രോദയത്തെ വർണ്ണിക്കുന്നു. വർണ്ണനകളാണ് മഹാകാവ്യങ്ങളുടെയെന്നപോലെ ചമ്പുകാവ്യങ്ങളുടെയും ആത്മാവ്. കഥയിലുള്ള പ്രാധാന്യമോ സന്ദർഭമോ ഒന്നും വർണ്ണനയുടെ കാര്യത്തിൽ ചമ്പുകാരന്മാർ പരിഗണിക്കാറില്ല. ആദ്യത്തെ എട്ടുവരികളിൽ ഉദിച്ചുയരുന്ന ചന്ദ്രനെയും, അടുത്ത എട്ടുവരികളിൽ നിലാവിനെയും വർണ്ണിക്കുന്നു. ചന്ദ്രിക രാക്ഷസക്കൂട്ടത്തിലുണ്ടാക്കിയ പ്രതികരണമാണ് അടുത്ത വരികളിൽ. ചന്ദ്രന് കിഴക്കെ ദിക്കാകുന്ന സുന്ദരിയുടെ മുഖമാണെന്നും രാത്രിയാകുന്ന സ്ത്രീയുടെ കണ്ണാടിയാണെന്നും ആദ്യത്തെ രണ്ടു വരികളിൽ ഉൽപ്രേക്ഷിക്കുന്നു. 'പോലെ' എന്നത് ഉപമാവാചകമെന്നതുപോലെ ഉൽപ്രേക്ഷാവാചകവുമാണ്. ഉപമേയത്തിന് ആവശ്യമുള്ളതിൽക്കവിഞ്ഞ വിശേഷണം ഉപമാനത്തിന് ഉണ്ടായിരിക്കുകയോ ചെയ്താൽ അവിടങ്ങളിലെ പോലെ എന്നതിനെ ഉൽപ്രേക്ഷാവാചകമായി കണക്കാക്കണം എന്നാണ് അലങ്കാരശാസ്ത്രനിയമം. ഈ നിയമമനുസരിച്ച് ഇവിടെ ഉൽപ്രേക്ഷയാണ് അലങ്കാരം. 'പ്രാചീരമണി' 'രജനീയോഷ' എന്നിവിടങ്ങളിൽ രൂപകവുമുണ്ട്. അടുത്ത വരികളിൽ ഉപമയാണ് അലങ്കാരം. ചന്ദ്രനെ ഐന്ദ്രിയുടെ കനകത്തോടയോടും രതിയുടെ താലിയോടും കാമദേവന്റെ ആവണപ്പലകയോടും മുത്തുക്കുടയോടും സാദൃശ്യപ്പെടുത്തതിയിരിക്കുന്നതുകൊണ്ട് മാലോപമ.

നിലാവിനെ അമൃതദ്രവത്തിൽ തൂകിയ കർപ്പൂരപ്പൊടിയാണോ എന്നും പാലാഴി വന്നു പരന്നതാണോ എന്നും പാണ്ഡുരഭസ്മം ചിതറിയതാണോ എന്നും മുത്തു വിതച്ചതാണോ എന്നും ബലമായി ശങ്കിച്ചിരിക്കുന്നു. നിലാവ് കാമോദ്ദീപകമാണ്. രാക്ഷസക്കൂട്ടത്തിൽ നിലാവുണർത്തിയ രതിഭാവപ്രകടനങ്ങളാണ് അടുത്ത വരികളിൽ വർണ്ണിക്കുന്നത്. ചന്ദ്രൻ പലരിലുണ്ടാക്കിയ ഭ്രമമാണ് ഈ ശ്ലോകത്തിൽ വർണ്ണിക്കുന്നത്. പൂച്ച തന്റെ കവിളിൽ പതിച്ച ചന്ദ്രരശ്മി കണ്ട് പാലാണെന്ന് തെറ്റിദ്ധരിച്ച് നക്കുന്നു. മരത്തിനിടയിലൂടെ കടന്നുവരുന്ന ചന്ദ്രരശ്മികൾ കണ്ടിട്ട് താമരവളയമാണെന്ന് തെറ്റിദ്ധരിച്ച് ആന പിടിച്ചു വലിക്കുന്നു. സംഭോഗാനന്തരം കിടക്കയിലിരിക്കുന്ന സ്ത്രീക്ക് അത് വസ്ത്രമാണെന്നാണ് തോന്നിയത്. സുന്ദരിമാരുടെ സ്തനങ്ങളിൽ പതിച്ച ചന്ദ്രരശ്മി ചന്ദനലേപം പോലെയും തലമുടിയിൽ പതിച്ച ചന്ദ്രരശ്മി മുല്ലപ്പൂമാല പോലെയും നിതംബത്തിൽ പതിച്ച ചന്ദ്രരശ്മി വെൺപട്ടുപോലെയും ശോഭിച്ചു. ചന്ദനത്തിന്റെ കുളിർമയും മുല്ലപ്പൂവിന്റെയും വെൺപട്ടിന്റെയും നിറവും ചന്ദ്രരശ്മികൾക്കുണ്ടായിരുന്നു എന്നു വ്യംഗ്യം.

## ആശയവിശദീകരണം

ഇപ്രകാരമുള്ള രാക്ഷസരാജാവിന്റെ വാക്കുകൾ കേട്ടിട്ട് കോപിഷ്ഠയായ വിദേഹ രാജപുത്രിയാതൊരു ദയയുമില്ലാതെ ഇങ്ങനെ പറഞ്ഞു. രാക്ഷസരാജാവേ! നിന്റെ വാക്പ്രപഞ്ചംകൊണ്ട് എന്താണ് ഫലം? ഇതു നിമിത്തം നിനക്ക് അനർഥജാലം ഉണ്ടാവും. ആദ്യമായി നീ നിന്റെ കുലത്തിനു പോടായിരിക്കുന്ന താടകയെ ഓർക്കണം. പിന്നീട് മുനിയുടെ യാഗം മുടക്കിയ അവളുടെ പുത്രന്മാരെയാണ് ഓർക്കേണ്ടത്. പി

SGOU

ന്നെ ആ വിരാധനെയും കബന്ധനെയും. ശക്തന്മാരായ ഖരൻ, ദൂഷണൻ, മാരീചൻ എന്നിവരെയും നല്ലവണ്ണം ഓർക്കണം. ഇപ്പോൾ യാതൊരു മാറ്റവുമില്ല. ആർക്കാണ് എതിർക്കാൻ കഴിയുന്നത്. ഇവിടെ പറയുന്ന എല്ലാ രാക്ഷസരെയും രാമൻ വധിച്ചതാണ്. അവരുടെ ഗതിതന്നെ രാവണനും വരും എന്ന് സീത സൂചിപ്പിക്കുന്നു. മദനം ചെയ്യപ്പെട്ട സമുദ്രത്തോടു പൊരുതുന്ന രാമന്റെ ശക്തമായ ഞാണിന്റെ ശബ്ദം ഇരുപതു ചെവികൊണ്ടും നീ കേൾക്കുക. അപ്പോൾ നിനക്കു നല്ലതും ചീത്തയും എന്താണെന്ന് നല്ല അറിവുണ്ടാകും.

രാക്ഷസാധിപതിയായ രാവണൻ സീത ചൊന്നതുമുഴുവൻ മനസ്സിലോർത്തിട്ട് അത്യധികം കോപത്തോടെ നാളത്തെ പ്രഭാതത്തിലെ ഭക്ഷണം നമുക്ക് ഇവളാണ് എന്ന് തീരുമാനിച്ചിട്ട് മൂർച്ചയേറിയ കൈവാൾ കൈയിലെടുത്തു. കുറ്റമറ്റ എന്റെ നിരാസത്തിന് ഇതു തികച്ചും നല്ലതും യോജിച്ചതുമാണ്. കുലസ്ത്രീ ജനങ്ങൾ ഈ ലോകത്തിൽ തലയുയർത്തിപ്പിടിച്ച് ഇരിക്കുന്നതിനുവേണ്ടി നിന്റെ ഉദ്യമം ഞാൻ സഹിക്കും. നിന്റെ മാലയേക്കാൾ നിന്റെ വെട്ടാണ് എനിക്ക് കൂടുതൽ സുഖം തരുന്നത്. എനിക്ക് ഒട്ടും തന്നെ ദുഃഖമില്ല. ദുഷ്ടാത്മാവേ നീ നശിക്കുക തന്നെ ചെയ്യും. അത് നിശ്ചയമാണ്. ഇങ്ങനെ വിചാരിച്ചുകൊണ്ട് അവൾ രാമചന്ദ്രനെ മനസ്സു കൊണ്ട് വന്ദിച്ചു. തന്നെ കൊല്ലുന്നതിനുവേണ്ടി രാവണൻ വാളെടുത്തത് തന്റെ നീരസത്തിന് തികച്ചും യോജിച്ചതാണ് എന്ന് സീത കരുതുന്നു. തന്റെ മരണത്തോടുകൂടി കുലസ്ത്രീയുടെ മാനം സംരക്ഷിച്ചു എന്ന് അവർക്ക് അഭിമാനിക്കാം. രാവണന്റെ മാലയേക്കാൾ അവൾക്ക് സന്തോഷം കൊടുക്കുന്നത് വെട്ടാണ്. രാവണന്റെ ഇംഗിതത്തിനു വഴങ്ങി ജീവിക്കുന്നതിനേക്കാൾ അഭികാമ്യം മരണമാണ് എന്ന് സീത കരുതുന്നു.

ആ അവസരത്തിൽ കീർത്തികേട്ട രാവണന്റെ വാർത്താവിശേഷങ്ങൾ ഓരോന്നും ദുഃഖത്തോടെ മരത്തിനു മറഞ്ഞുനിന്നു കേട്ട ആ മണ്ഡോദരി വേഗത്തിൽ ആ ഉയർത്തിയ ചന്ദ്രഹാസം പിടിച്ചെടുത്തു. "ചീനിപോലെ വെറുതെ തടിച്ച പൊണ്ണാ! പിരാന്താ ഈ കന്യാരത്നത്തെ കൊതിച്ച് ജീവൻ കളയുന്നതിനുതന്നെയാണോ നീ തുനിഞ്ഞിരിക്കുന്നത്.'' എന്നു പറഞ്ഞിട്ട് ഇരുപതുകവിളത്തും ആവുന്നതുപോലെ അടിച്ചിട്ട് വെളിച്ചത്തു നിന്ന് അണിയറയിലേക്ക് ദുഃഖിതയായ മണ്ഡോദരി രാവണനെ കൊണ്ടുപോയി. ഇപ്രകാരം ആർക്കെങ്കിലും ആപത്തുകൾ ഉണ്ടാവുന്ന സമയത്ത് ഭക്ത്യപൂർവം രാമനെ സ്മരിക്കുകയാണെങ്കിൽ രാവണനെ കൊല്ലുവാൻ എങ്ങനെയാണോ രാമാൻ വാളുമായി വന്നത് അതുപോലെ രാമൻ രക്ഷയ്ക്കെത്തും എന്ന് പറഞ്ഞു കൊണ്ട് ഉദ്യാനപർവം സമാപിക്കുന്നു.

## കാവ്യാവലോകനം

സംസ്കൃതത്തിലെ ഭോജ ചമ്പു പോലെ സഹൃദയന്മാർക്ക് രസിക്കുവാൻ വേണ്ടി പുനം നമ്പൂതിരി രചിച്ചതാണെന്ന് കരുതുന്ന മധ്യകാല ചമ്പുവാണ് ഭാഷാരാമായണംചമ്പു. ഉദ്യാനപ്രവേശം ചമ്പു പ്രബന്ധം ആരംഭിക്കുന്നത്, രാവണൻ സീതയെ വശീകരിക്കാനായിട്ട് അശോകോദ്യാനത്തിലേക്ക് യാത്ര പുറപ്പെടുന്ന രംഗം വർണ്ണിച്ചുകൊണ്ടാണ്. ഉദ്യാനത്തിലേക്കുള്ള എഴുന്നള്ളത്തിന്റെ വട്ടങ്ങൾ കവി, വായനക്കാരന്റെ മുമ്പിൽ നിരത്തി വെയ്ക്കുന്നതിൽ കാണിച്ചിരിക്കുന്ന കല്പനാ വൈഭവം, അരസികന്മാരേയും രസിപ്പിക്കുന്നതാണ്. സീതയെ വശീകരിക്കുന്നതിനു വേണ്ടി ഏതറ്റം വരെ പോകാനും രാവണൻ തയ്യാറാവുന്നു. കേണു വീണ് അപേക്ഷിക്കുന്നു. മാരതാപത്താൽ വെന്തുനീറുന്ന രാവണൻ സീതയ്ക്ക് എല്ലാ സുഖസൗകര്യങ്ങളും വാഗ്ദാനം ചെയ്യുന്നു. ഒരു വേള മണ്ഡോദരിയെ ഉപേക്ഷിക്കുമെന്ന് പോലും ആവർത്തിക്കുന്നുണ്ട്. രാമനും രാവണനും തമ്മിലുള്ള അന്തരം ബോധ്യപ്പെടുത്തുന്നു. കാനനത്തിൽ വസിക്കുന്ന രാമന് സീതയ്ക്ക് വേണ്ട സുഖസൗകര്യങ്ങൾ ഒരുക്കാൻ കഴിയുകയില്ലെന്നും സർവലോകത്തേയും കീഴടക്കിയ തനിക്ക് മൂന്നുലകത്തിലും സൗഭാഗ്യകരമായിട്ടെന്തെല്ലാം ഉണ്ടോ അതെല്ലാം കൊടുക്കുവാൻ കഴിയുമെന്നും പറയുന്നു. സ്ത്രീകൾ ആഗ്രഹിക്കുന്ന കാമപൂർത്തീകരണം നടത്തുവാൻ കഴിവുണ്ടെന്ന് രാവണൻ വിശദീകരിക്കുന്നുണ്ട്. ഭക്തിയിൽ നിന്ന് വ്യതിചലിക്കുന്ന ഭാഗങ്ങളായി ഈ ഭാഗത്തെ വർണ്ണനകൾ മാറുന്നു.

SGOU


SREENARAYANAGURU OPEN UNIVERSITY

പുനത്തിന്റെ കല്പനാവൈഭവത്തിനും വർണ്ണനാപാടവത്തിനും ഉത്തമോദാഹരണമാണ് ഉദ്യാനപ്രവേശം. 15 – ാം ശതകത്തിലെഴുതപ്പെട്ട ഈ കാവ്യം മധ്യകാല ചമ്പുക്കളിലാദ്യത്തേയാണ്. മണിപ്രവാളഭാഷയിലെഴുതപ്പെട്ട കാവ്യമാണെങ്കിലും തനി സംസ്കൃതപദങ്ങൾ മാത്രം മാത്രം ഉപയോഗിച്ചുള്ള ധാരാളം പദ്യങ്ങളും ഇതിൽ കാണാവുന്നതാണ്. മണിപ്രവാളത്തിലുള്ള മനോഹര ഗദ്യവർണ്ണനകൾ ഇതിലുണ്ട്. കേരളത്തിലെ നമ്പൂതിരിമാരെയും മുറിവൈദ്യൻമാരെയും മന്ത്രവാദികളെയും ഒക്കെ നമുക്കിവിടെ കാണാം. ഫലിത രസികത്വവും ഈ കാവ്യത്തിന് ഗുണോത്ക്കർഷമുണ്ടാക്കുന്നു. ചമ്പുക്കൾ കൂത്തിനും പാഠകത്തിനും വേണ്ടി രചിക്കപ്പെട്ടിട്ടുള്ളവയാകയാൽ ആണ് ഇവ ഹാസ്യപ്രദാനങ്ങളായത്. സാമൂഹിക പരിഷ്കരണം എന്ന ലക്ഷ്യവും കവിക്കുണ്ടായിരുന്നുവെന്ന് കരുതാവുന്നതാണ്.

## Recap

- സംസ്കൃതവും മലനാട്ടുതമിഴും കോർത്തിണക്കിയുള്ള ഭാഷയിൽ രചന നടത്തുന്നതാണ് മണിപ്രവാളം
- പാട്ടുകൾ ഭാഷാകവിതയുടെ പ്രാചീനദശയിൽ രൂപംകൊണ്ടവയാണ്
- ദ്രമിഡാക്ഷരം തമിഴ് അക്ഷരമാലയാണ്. ഇതിൽ പന്ത്രണ്ടു സ്വരാക്ഷരങ്ങളും പതിനെട്ടു വ്യഞ്ജനാക്ഷരങ്ങളുമുണ്ട്.
- എതുക ശബ്ദാലങ്കാരമായ ദ്വിതീയാക്ഷരപ്രാസമാണ് മോന എന്നത് ഓരോ ഖണ്ഡത്തിലെയും പൂർവോത്തര ഭാഗങ്ങളിലെ ആദ്യാക്ഷരങ്ങൾ യോജിച്ചു വരുന്നതാണ്
- ഉണ്ണിയച്ചീചരിതം രചിച്ചത് തേവൻ ചിരികുമാരനാണ്
- പതിമൂന്നാം നൂറ്റാണ്ടിലാണ് ഉണ്ണിയച്ചീചരിതം രചിക്കപ്പെട്ടത്
- ഉണ്ണിയച്ചീചരിതത്തിൽ ചോളനാണയമായ ആനയച്ചിനെക്കുറിച്ച് പരാമർശമുണ്ട്
- ചീനക്കാരുടെ പത്തേമാരിയെക്കുറിച്ചുള്ള പരാമർശം അക്കാലത്തെ വാണിജ്യബന്ധ സൂചന നൽകുന്നു
- സംസ്കൃതഭാഷയിലെ ചമ്പുക്കളെ മാതൃകയാക്കിയാണ് ഭാഷയിൽ ചമ്പുക്കൾ രചിക്കപ്പെട്ടത്
- ഉണ്ണിയച്ചീചരിതമാണ് ഭാഷയിലെ ആദ്യ ചമ്പൂകാവ്യം. ഇത് പ്രാചീന മണിപ്രവാളത്തിൽ ഉൾപ്പെടുന്നു
- ഗണികസ്ത്രീയായ ഉണ്ണിയച്ചിയെ കാണാൻ ഒരു ഗന്ധർവൻ ഭൂമിയിലെത്തുന്നതും അയാൾ ഒരു ശാലാവിദ്യാർഥിയെ കൂട്ടി അവളുടെ വീട്ടിലെത്തുന്നതും അവർ അവിടെ കാണുന്ന ദൃശ്യങ്ങളുമാണ് ഇതിന്റെ പ്രമേയം
- അക്കാലത്തെ ഭാഷ, തൊഴിൽ, വേഷം, കച്ചവടസാമഗ്രികൾ സാധനകൈമാറ്റവ്യവസ്ഥ തുടങ്ങിയവയെല്ലാം ഇതിൽ പ്രതിപാദ്യങ്ങളാണ്
- പ്രാചീനകേരളത്തിലെ സാമൂഹിക ജീർണ്ണാവസ്ഥകളെ പ്രതിഫലിപ്പിക്കുവാൻ ഉണ്ണിയച്ചീചരിതത്തിന് സാധിക്കുന്നു
- 'ഭാഷാസംസ്കൃതയോഗം' എന്നാണ് മണിപ്രവാളലക്ഷണം
- പാട്ടും മണിപ്രവാളവുമാണ് മലയാളത്തിലുണ്ടായ ആദ്യത്തെ സാഹിത്യരൂപങ്ങൾ
- കാളിദാസന്റെ 'മേഘസന്ദേശ'ത്തെ പിന്തുടർന്നുണ്ടായതാണ് മണിപ്രവാള സന്ദേശകാവ്യങ്ങൾ
- മണിപ്രവാളഭാഷയിൽ രചിക്കപ്പെട്ട ആദ്യസന്ദേശകാവ്യമാണ് 'ഉണ്ണുനീലി സന്ദേശം'
- നായികാ-നായകവർണ്ണനയ്ക്കും സ്ഥലവർണ്ണനയ്ക്കും പ്രാധാന്യം

SGOU

- കേരളീയതയുടെ സ്പർശവും ഭക്തിയുടെ അതിപ്രസരവും
- ലളിതസുന്ദരമായ ഭാഷാപദങ്ങളും വിഭക്ത്യന്തസംസ്കൃതപദങ്ങളും
- പൂർവഭാഗത്ത് കടുത്തുരുത്തിയുടെ വർണ്ണന, നായികാവർണ്ണന, സന്ദേശം എന്നിവ
- ഉണ്ണുനീലിസന്ദേശം-പ്രാചീനമലയാളഭാഷയുടെ പരിണാമദശയിൽ പിറന്നുവീണ സന്ദേശകാവ്യം
- ഉണ്ണുനീലിസന്ദേശം ഹാസകവനമാണെന്ന് നിരൂപകർ
- വാചാലത, അയുക്തി, അനൗചിത്യം തുടങ്ങിയ അപാകതകൾ
- കാവ്യത്തിന്റെ കലാപരമായ ഒതുക്കവും കാവ്യസൗന്ദര്യവും നിഷേധിക്കാനാവാത്തത്.
- പ്രണയകാവ്യത്തിനപ്പുറം കേരളത്തിന്റെ പ്രാചീനചരിത്രത്തിന്റെ ചിത്രങ്ങൾ ലഭിക്കുന്ന കൃതി.
- ശബ്ദാലങ്കാരങ്ങൾക്കു പ്രാധാന്യം
- പ്രാസഭംഗിയും രൂപഭദ്രതയും ചമല്കാരവും ഭാവനാത്മകമായ കല്പനകളും
- രാമായണം ചമ്പുവിന്റെ കർത്താവ് പൂനം നമ്പൂതിരിയാണ്
- പതിനഞ്ചാം നൂറ്റാണ്ടിന്റെ ഉത്തരാർധത്തിലായിരിക്കണം രാമായണം ചമ്പു എഴുതപ്പെട്ടത്.
- കൂത്തിനും പാഠകത്തിനും മറ്റും ഉപയോഗിക്കത്തക്കരീതിയിൽ ഇതിൽ വിഷയങ്ങൾ വേർതിരിച്ചു പ്രതിപാദിച്ചിരിക്കുന്നു
- ചമ്പുക്കളിലെ ഗദ്യം സാധാരണ ഗദ്യഭാഷയിൽ നിന്നും ഭിന്നമാണ്
- ശ്ലോകങ്ങൾ കൂടാതെ ഭാഷാഗദ്യങ്ങൾ, സംസ്കൃതഗദ്യങ്ങൾ, മണിപ്രവാള ദണ്ഡകങ്ങൾ എന്നിവയും ഇതിൽ കലർന്നിരിക്കുന്നു
- ഇതിലെ വൃത്തഗന്ധികളായ ഗദ്യഭാഗങ്ങൾ തുള്ളലിലെ പ്രസിദ്ധമായ തരംഗിണി വൃത്തത്തിന്റെ പൂർവ മാതൃകകളാണ്
- രാമായണം ചമ്പുവിലെ ലളിതവും മനോഹരവുമായ ഒരു ഭാഗമാണ് ഉദ്യാനപ്രവേശം.
- 81 ശ്ലോകങ്ങളും 3 ഗദ്യങ്ങളും ഒരു ദണ്ഡകവും ഈ ഭാഗത്തിലടങ്ങിയിരിക്കുന്നു.
- രാമായണം സുന്ദരകാണ്ഡത്തെ അടിസ്ഥാനമാക്കിയാണ് ഉദ്യാനപ്രവേശം രചിച്ചിരിക്കുന്നത്
- ഉദ്യാനത്തിലേക്കുള്ള എഴുന്നള്ളത്തിന്റെ വട്ടങ്ങൾ കവി, വായനക്കാരന്റെ മുമ്പിൽ നിരത്തി വെയ്ക്കുന്നതിൽ കാണിച്ചിരിക്കുന്ന കല്പനാവൈഭവം, അരസികന്മാരേയും രസിപ്പിക്കുന്നതാണ്
- മണിപ്രവാളഭാഷയിലെഴുതപ്പെട്ട കാവ്യമാണെങ്കിലും തനി സംസ്കൃതപദങ്ങൾ മാത്രം ഉപയോഗിച്ചുള്ള കാവ്യങ്ങളും ഉണ്ട്
- സാമൂഹിക പരിഷ്കരണം എന്ന ലക്ഷ്യവും കവിക്കുണ്ടായിരുന്നുവെന്ന് കരുതാവുന്നതാണ്

## Objective Questions

1. മണിപ്രവാള ലക്ഷണഗ്രന്ഥമേത്?
2. മണിപ്രവാളലക്ഷണം നിർവചിക്കുക?
3. ആദ്യ മണിപ്രവാളകൃതിയേത്?
4. ലീലാതിലകത്തിലെ ഏതു ശില്പത്തിലാണ് മണിപ്രവാള ലക്ഷണം പറയുന്നത്?
5. ഭാഷാമിശ്രമെന്നാലെന്ത്?

SGOU

6. 'മഹിളാളി മഹാസ്പദം' എന്ന് മണിപ്രവാളത്തെ വിശേഷിപ്പിച്ചതാര്?
7. 'തമിഴ്മണി സംസ്കൃത പവിഴം കോക്കിന്റേൻ വൃത്തമാനചെന്നൂമ്മേൽ' ഏതു കൃതിയിലേത്?
8. തമിഴ്മണി എന്ന് ഉദ്ദേശിക്കുന്നതെന്ത്?
9. 'ഭാഷയേറിവരുന്ന നല്ല മണിപ്രവാളമതെങ്കിലോ ദൂഷണം വരുവാനുമില്ല, നല്ല വിശേഷഭൂഷണമായ് വരും' ഏതു കൃതിയിലാണ് ഈ വിശേഷണം
10. 'ഗദ്യപദ്യമയംകാവ്യം ചമ്പുരിത്യഭിധീയതേ'എന്ന് ചമ്പുവിന് നിർവചനം കൊടുത്തത് ആര്?
11. ഉണ്ണിയച്ചീചരിതം അങ്ങാടിവർണ്ണനയിൽ അങ്ങാടിയിൽ ചാക്കിൽ വെച്ചിരിക്കുന്നത് എന്തൊക്കെയാണെന്നാണ് കച്ചവടക്കാർ പറയുന്നത്?
12. ഉണ്ണിയച്ചീചരിതം അങ്ങാടിവർണ്ണനയിൽ കാണുന്ന ദേശനാമ സൂചന എന്താണ്?
13. ഉണ്ണിയച്ചീചരിതം അങ്ങാടിവർണ്ണനയിൽ സൂചിപ്പിക്കുന്നത് ക്ഷേത്രമേത് ?
14. ഉണ്ണിയച്ചീചരിതത്തിൽ പ്രസ്താവിക്കുന്ന അങ്ങാടിയിലെ പ്രധാനപ്പെട്ട സാധനങ്ങൾ ഏവ?
15. ഉണ്ണിയച്ചീചരിതം അങ്ങാടി വർണ്ണനയിൽ സൂചിപ്പിച്ചിട്ടുള്ള വിനിമയകൈമാറ്റ വ്യവസ്ഥ ഏതാണ്?
16. ഉണ്ണിയച്ചീചരിതം അങ്ങാടിവർണ്ണനയിൽ ഏത് ചോളനാണയത്തെക്കുറിച്ചാണ് സൂചിപ്പിച്ചിരിക്കുന്നത്?
17. ഉണ്ണിയച്ചീചരിതം അങ്ങാടിവർണ്ണനയിൽ പത്തേമാരി എന്നതിനുപകരമായി കാണുന്ന പ്രാചീനപദം ?
18. ഉണ്ണിയച്ചീചരിതം അങ്ങാടിയിൽ വിശദീകരിക്കുന്നതും അക്കാലത്തെ അങ്ങാടിയിൽ സുലഭമായി ലഭിക്കുന്ന പച്ചമരുന്നുകൾ ഏതൊക്കെയാണെന്നാണ് വരികളിൽ പറയുന്നത്?
19. ഉണ്ണിയച്ചീചരിതം അങ്ങാടിവർണ്ണനയിൽ സൂചിപ്പിക്കുന്ന പ്രാചീന അളവ് രീതി ഏത്?
20. ആരെയാണ് ചൊല്ലൂർസമൂഹത്തിന്റെ ഭാഗ്യമായി ഉണ്ണിയച്ചീചരിതം അങ്ങാടിവർണ്ണനയിൽ സൂചിപ്പിക്കുന്നത്?
21. ഏതൊക്കെ ജാതിസമൂഹങ്ങളാണ് അന്നത്തെ കേരളത്തിൽ നിലനിന്നിരുന്നതായി ഉണ്ണിയച്ചീചരിതം അങ്ങാടിവർണ്ണനയിൽ സൂചിപ്പിക്കുന്നത്?
22. ഉണ്ണിയച്ചീചരിതം അങ്ങാടിയിൽ പ്രസ്താവിക്കുന്ന അക്കാലത്തെ പ്രധാനപ്പെട്ട മത്സ്യങ്ങൾ ഏവ?
23. ഏതു ഭാഷയിൽ രചിക്കപ്പെട്ട കാവ്യമാണ് ഉണ്ണുനീലിസന്ദേശം?
24. ഉണ്ണുനീലിയുടെ തറവാടിന്റെ പേരെന്താണ്?
25. ഉണ്ണുനീലിയോടൊപ്പം ശയിക്കുകയായിരുന്ന നായകനെ ആരാണ് എടുത്തുകൊണ്ടുപോയത്?
26. കാമാർത്തയും വഞ്ചകിയുമായ യക്ഷിയെ ആരോടാണ് താരതമ്യപ്പെടുത്തിയിരിക്കുന്നത്?
27. ഏതു ദിക്കിലേക്കാണ് യക്ഷി നായകനെ വഹിച്ചുകൊണ്ടുപോയത്?
28. രക്ഷോരാജന്നിളയസഹജാ-എന്നത് ആരെ സൂചിപ്പിക്കുന്നു?

SGOU

29. 'സ്യാനന്ദൂരേ പുരവരേ'സൂചനയെന്ത്?
30. പൂങ്കോഴിയുടെ കൂവലിനെ എന്തിനോടാണ് കവി ഉപമിച്ചിരിക്കുന്നത്?
31. പുലർകാലത്ത് നക്ഷത്രങ്ങൾ അങ്ങിങ്ങായി മങ്ങി പ്രകാശിച്ചത് എങ്ങനെയാണ്?
32. 'ഉച്ചൈരയുഗശരൻ'- എന്ന് വിശേഷിപ്പിച്ചിരിക്കുന്നത് ആരെയാണ്?
33. 'കുന്റിച്ചെങ്ങും കുയിൽ നിനദവും കുവുമക്കാവുതോറും'-എന്തിനെ സൂചിപ്പിക്കുന്നു?
34. മധ്യകാല ചമ്പുക്കളിൽ ആദ്യത്തേത് ഏത്?
35. രാമായണം ചമ്പുവിന്റെ കർത്താവ് ആര്?
36. ഭാഷയുടെ സൗകുമാര്യത്തെ അത്ഭുതകരമായി വർധിപ്പിക്കുവാൻ ഈ ചമ്പുകാവ്യത്തിനു കഴിഞ്ഞിട്ടുള്ളതായി ശൂരനാട്ടു കുഞ്ഞൻപിള്ള അഭിപ്രായപ്പെട്ട ചമ്പു ഏത്?
37. മധ്യകാലചമ്പുകാരന്മാർക്ക് മാതൃകയായിരുന്നത് ഏത്?
38. ഭോജന്റെ ചമ്പുരാമായണത്തിലെ എത്ര ശ്ലോകങ്ങൾ രാമായണം ചമ്പുവിൽ ഉപയോഗിച്ചിട്ടുണ്ട്?
39. ചമ്പുവിലെ വൃത്തഗന്ധികളായ ഗദ്യഭാഗങ്ങൾ ഏതിനോട് സാമ്യം കല്പിക്കുന്നു.?
40. ഉദ്യാനപ്രവേശത്തിൽ എത്ര ശ്ലോകങ്ങളുണ്ട്?
41. ഉദ്യാനപ്രവേശം രചിച്ചിരിക്കുന്നത് ഏത് കൃതിയെ അടിസ്ഥാനമാക്കിയാണ്?

## Answers

1. ലീലാതിലകം
2. 'ഭാഷാസംസ്കൃതയോഗോ മണിപ്രവാളം'
3. വൈശികതന്ത്രം
4. ഒന്നാം ശില്പം
5. സംസ്കൃതത്തോട് മലനാട്ട് തമിഴ് കലർന്ന മിശ്രഭാഷ
6. ഡോ.പി.വി. വേലായുധൻ പിള്ള
7. യോഗപഞ്ചശതം
8. കേരളഭാഷ
9. സഭാപ്രവേശം പറയൻതുള്ളൽ
10. ആചാര്യ ദണ്ഡി
11. അരി, നെല്ല്
12. പിച്ചളനാട്
13. തൃച്ചരളി

SGOU

14. ധാന്യങ്ങൾ, ചേല, പട്ട്, കമ്പിളി, കരിമ്പടം
15. സാധനക്കൈമാറ്റവ്യവസ്ഥ
16. ആനയച്ച്
17. ചംപ്രാണി
18. തിപ്പലം, തക്കരി, അമുക്കിരം, പുഷ്കരമൂലം
19. മാകാണി
20. തിരുനെല്ലിയിലെ സേനാനായകനെ
21. പറയർ, പുലയർ, മുക്കുവർ
22. ചെമ്മീൻ, വാള, പുമീൻ, പരൽ
23. മണിപ്രവാളം
24. മുണ്ടയ്ക്കൽ
25. ആകാശചാരിണിയായ യക്ഷി
26. ശൂർപ്പണഖയോട്
27. തെക്കേ ദിക്കിലേക്ക്
28. ലക്ഷ്മണനെ
29. മനോഹരമായ തിരുവനന്തപുരം നഗരത്തിൽ
30. കാമദേവന്റെ കാളം വിളിയോട്
31. ചിതറിയ ചോളപ്പൊരികൾ പോലെ
32. കാമദേവൻ
33. വസന്തത്തിന്റെ വരവിനെ
34. രാമായണം ചമ്പു
35. പുനം നമ്പൂതിരി
36. രാമായണം ചമ്പു
37. തമിഴ് എന്നു വിളിച്ചിരുന്ന മാർദ്ദംഗികന്മാരുടെ കഥാപ്രതിപാദനരീതി
38. 58 ശ്ലോകങ്ങൾ
39. തുള്ളലിലെ പ്രസിദ്ധമായ തരംഗിണി വൃത്തത്തിനോട്
40. 81
41. രാമായണം സുന്ദരകാണ്ഡത്തെ അടിസ്ഥാനമാക്കി

SGOU

## Assignments

1. പ്രാചീന മണിപ്രവാള കാവ്യങ്ങൾ വെറും സ്ത്രീവർണ്ണന മാത്രമായിരുന്നില്ല. ഉണ്ണിയച്ചീചരിതം അങ്ങാടിവർണ്ണനാഭാഗത്തെ മുൻനിർത്തി സാധൂകരിക്കുക.
2. ഉണ്ണിയച്ചീചരിതം അങ്ങാടിവർണ്ണനയെ മുൻനിർത്തി പ്രാചീന കേരളത്തിലെ സാമൂഹിക അധഃപതനത്തെ വിലയിരുത്തുക.
3. മണിപ്രവാള ലക്ഷണം നിർവചിച്ച് മണിപ്രവാളസാഹിത്യത്തെ വിവരിക്കുക
4. സന്ദേശകാവ്യപ്രസ്ഥാനത്തിന്റെ സവിശേഷതകൾ വിശദീകരിക്കുക
5. ഉണ്ണുനീലിസന്ദേശം മണിപ്രവാളസാഹിത്യത്തിലെ മകുടമണിയാണെന്ന് പറയുന്നതെന്ത് കൊണ്ടെന്ന് ചർച്ച ചെയ്യുക
6. പ്രാചീനചമ്പുക്കളും മധ്യകാലചമ്പുക്കളും തമ്മിലുള്ള വ്യത്യാസങ്ങൾ അടയാളപ്പെടുത്തുക
7. രാമായണം ചമ്പുവിലെ വർണ്ണനാ സവിശേഷതകൾ കണ്ടെത്തുക

SGOU

## Reference


1. ഡോ. പി.കെ. നാരായണപിള്ള, ഉണ്ണിയച്ചീചരിതം, കേരളസർവകലാശാല, തിരുവനന്തപുരം
2. എൻ. കൃഷ്ണപിള്ള, കൈരളിയുടെ കഥ, ഡി.സി. ബുക്സ്, കോട്ടയം.
3. ഉള്ളൂർ. എസ്. പരമേശ്വരയ്യർ, ഭാഷാചമ്പുക്കൾ, കേരള സാഹിത്യ സാഹിത്യ അക്കാദമി, തൃശൂർ.
4. ഡോ.പി.വി. വേലായുധൻ പിള്ള, മണിപ്രവാളകവിത, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
5. ഡോ.പി.കെ. നാരായണപിള്ള, പദ്യരത്നം (ഉപോദ്ഘാതം), കേരള സർവകലാശാല, തിരുവനന്തപുരം.
6. ഇളംകുളം കുഞ്ഞൻപിള്ള, ലീലാതിലകം മണിപ്രവാളലക്ഷണം, നാഷണൽ ബുക്സ് സ്റ്റാൾ, കോട്ടയം.
7. ഉള്ളൂർ. എസ്. പരമേശ്വരയ്യർ, കേരള സാഹിത്യചരിത്രം, കേരള സർവകലാശാല, തിരുവനന്തപുരം
8. ഡോ. എം. ലീലാവതി, മലയാള കവിതാസാഹിത്യചരിത്രം, കേരള സാഹിത്യ അക്കാദമി, തൃശൂർ
9. ഡോ. നടുവട്ടം ഗോപാലകൃഷ്ണൻ, പ്രാചീന മലയാള കാവ്യസുധ, മാളുബൻ പബ്ലിക്കേഷൻസ്, തിരുവനന്തപുരം
10. ചമ്പക്കുളം അപ്പുക്കുട്ടൻ പിള്ള, മലയാള സന്ദേശകാവ്യങ്ങൾ ഒരു പഠനം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
11. ഡോ. കെ. രത്നമ്മ, മലയാളഭാഷാചരിത്രം എഴുത്തച്ഛൻവരെ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

## Suggested Reading


1. ഡോ. കെ.എം. ജോർജ്(എഡി.), സാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ, ഡി.സി.ബുക്സ്, കോട്ടയം.
2. രാഘവവാരിയർ, കേശവൻ വെളുത്താട്ട്, മണിപ്രവാള ചർച്ച, നാഷണൽ ബുക്ക് സ്റ്റാൾ, കോട്ടയം.
3. ഇളംകുളം കുഞ്ഞൻപിള്ള, ലീലാതിലകം മണിപ്രവാളലക്ഷണം, നാഷണൽ ബുക്സ് സ്റ്റാൾ, കോട്ടയം.
4. പ്രൊഫ. പന്മന രാമചന്ദ്രൻ നായർ (എഡി.) സമ്പൂർണ മലയാള സാഹിത്യചരിത്രം, കറന്റ് ബുക്സ്, കോട്ടയം.


SGOU

# പാട്ട് സാഹിത്യം- രണ്ടാംഘട്ടം

# BLOCK - 03

SGOU

# യൂണിറ്റ് - 1

# കൃഷ്ണഗാഥ

## Learning Outcomes

- പാട്ടുകൃതികളുടെ ചരിത്രം, പ്രമേയം, ഭാഷ എന്നിവയെക്കുറിച്ച് അറിയുന്നു
- പാട്ടുസാഹിത്യം രൂപംകൊണ്ട കേരളീയ സാഹചര്യത്തെ അറിയുന്നു
- ഭക്തിപ്രസ്ഥാനം ഉടലെടുക്കാനുണ്ടായ കാരണങ്ങൾ മനസ്സിലാക്കുന്നു
- കൃഷ്ണഗാഥയെ വിശദമായി പഠിക്കുന്നു

## Prerequisite

ഏത് ഭാഷയിലെയും സാഹിത്യം പരിശോധിച്ചാൽ അതിലെ ഗദ്യശാഖയേക്കാൾ മുൻപ് രൂപം കൊണ്ടിട്ടുള്ളത് പദ്യശാഖയാണെന്ന് കണ്ടെത്താനാകും. മാത്രമല്ല, മനുഷ്യഹൃദയത്തിൽ നിന്നും പുറപ്പെടുന്ന വികാരങ്ങൾ ശ്രോതാക്കളുടെ അനുഭൂതിവിശേഷമാക്കി മാറ്റാൻ പാട്ടിന് അസാമാന്യമായ കഴിവുണ്ട്. ഭാഷയുടെയും സാഹിത്യത്തിന്റെയും സമ്പത്തെന്ന് പറയുന്നത് പാട്ടുകളിലൂടെ നടത്തുന്ന ആത്മപ്രകാശനങ്ങളാണ്. ഇവയിൽ പ്രകടമാകുന്നതോ ജീവിത സംസ്കാരവും. ജനതയുടെ നിത്യജീവിതം നിഴലിക്കുന്നതാകട്ടെ ആചാരങ്ങളിൽ കൂടിയും. അപ്പോൾ പ്രാചീന ജനതയുടെ ആചാരാനുഷ്ഠാനങ്ങൾ വ്യക്തമായി മനസ്സിലാക്കാൻ അവലംബമായി വർത്തിക്കുന്നത് കലയും സാഹിത്യവുമാണെന്ന് വരുന്നു. വിശേഷിച്ചും അവയിലെ പാട്ടുകവിതകൾ. സാഹിത്യത്തിലെ ചൈതന്യധാരകളാണ് ഗാനങ്ങളും കവിതകളും. പ്രാചീനരചനകളിൽ ഈശ്വരാഭിമുഖ്യമായ ഭക്തിയ്ക്ക് പ്രാധാന്യം നൽകിയിരുന്നു. കാണപ്പെടാത്ത ഈശ്വരനെ പാട്ടുകളിൽ കൂടിയും കീർത്തനങ്ങളിൽ കൂടിയും സാക്ഷാത്കരിക്കാനുള്ള ആകാംക്ഷയാണ് അത്തരം രചനകളിൽ ഉണ്ടായിരുന്നത്. ഈ വിഷയത്തിലുണ്ടായ ആഭിമുഖ്യം വിവിധ സ്തോത്രങ്ങൾ തൊട്ട് രാമായണ, ഭാരത, ഭാഗവതാദി കൃതികൾ ഉടലെടുക്കാൻ കാരണമായി.

കേരളചരിത്രത്തിന്റെ ആദ്യദശയിലേയ്ക്ക് എത്തിനോക്കുമ്പോൾ, ഏറെ പഴക്കമുള്ള ദ്രാവിഡ സംസ്കാരത്തെപ്പറ്റി പരാമർശിക്കേണ്ടി വരുന്നു. ദ്രാവിഡർ സംസാരിച്ചു വന്നിരുന്ന ഭാഷ എന്നർഥത്തിൽ പഴയ തമിഴിന് ദ്രാവിഡം എന്ന പൊതു നാമധേയം ഉണ്ടായി എന്ന് ഉള്ളൂർ രേഖപ്പെടുത്തുന്നു. കൊല്ലവർഷാരംഭത്തോടെ കേരളത്തിൽ പെരുമാൾഭരണം അവസാനിച്ചുവെങ്കിലും തമിഴ്സംസ്കാരവും വിദ്യാഭ്യാസരീതികളും ഇവിടെ നിലനിന്നിരുന്നു. സാഹിത്യത്തിലെ സംഘകൃതികളുടെ സ്വാധീനം ആയിരിക്കാം തമിഴ് സ്വാധീനതയുള്ള പാട്ടുകൾ അവതരിപ്പിച്ചത് എന്ന് ചില പണ്ഡിതർ അഭിപ്രായപ്പെടുന്നു. പാണ്ഡ്യഭാഷാസാരൂപ്യം പാട്ടിൽ ഏറിയും കാണുന്നത് ദ്രാവിഡ സ്വാധീനമാണെന്ന അഭിപ്രായം ലീലാതിലകകാരൻ മുന്നോട്ടുവയ്ക്കുന്നു. എല്ലാം ഭാഷകളിലെയും സാഹിത്യ രചനയുടെ ആവിർഭാവം പാട്ടുകളിലൂടെ തന്നെയാണ്. മണിപ്രവാളഭാഷയ്ക്ക് മുമ്പ് തന്നെ ഭാഷാസങ്കരത്തിൽ നിന്നും പിറവിയെടുത്ത ഒരു സവിശേഷ ഭാഷാരീതി കേരളത്തിൽ നിലനിന്നിരുന്നു. തമിഴും മലയാളവും തമ്മിലുള്ളതായിരുന്നു ആ ചേർച്ച.

SGOU

ഭാഷയുടെ ആദ്യരൂപമായി നാം ഗണിക്കുന്നതും ഈ ഭാഷാരൂപം തന്നെ. അതാണ് പാട്ട് കൃതികളിലെ ഭാഷാരീതി.

പാട്ട്, മണിപ്രവാളം എന്നിങ്ങനെ രണ്ടു കാവ്യരീതികൾ സമാന്തരമായി വികാസം പ്രാപിച്ചു വന്നു. സംസ്കൃത സ്വാധീനം കൂടുതലായി ഉണ്ടായിരുന്ന മണിപ്രവാള കാലത്ത്തന്നെ നിലനിന്ന പാട്ട്സാഹിത്യപ്രസ്ഥാനത്തിന് ചില പ്രത്യേക ഉദ്ദേശലക്ഷ്യങ്ങൾ ഉണ്ടായിരിക്കണം. കേരളത്തിൽ ദ്രാവിഡസംസ്കാരം സമൂഹത്തിന്റെ അന്തർധാരയായി ഒഴുകാൻ തുടങ്ങിയ സമയത്ത്തന്നെ സംസ്കൃത ഭാഷാസ്നേഹവും മണിപ്രവാളസാഹിത്യവും പ്രഭാവം നേടിത്തുടങ്ങി. മണിപ്രവാളകൃതികളിൽ പൊതുവേ ആവിഷ്കൃതമായിരുന്നത് സമകാലിക സംഭവാവിഷ്കരണവും ഗണികാവർണ്ണനകളും ആയിരുന്നു. അന്നത്തെ സാമൂഹ്യരംഗം ഇത്തരത്തിലുള്ള സുഖലോലുപന്മാരുടെ ഭോഗാലാലസമായ ജീവിതവുമായി ബന്ധപ്പെട്ടതായിരുന്നു. അത്തരമൊരു അരക്ഷിതമായ സാമൂഹിക അവസ്ഥയെ സമുദ്ധരിക്കാനുള്ള ശ്രമമായിരുന്നിരിക്കണം ഭക്തിസമ്പന്നങ്ങളായ പാട്ടുസാഹിത്യകൃതികളിലൂടെ നടന്നിരുന്നത്. സംസ്കൃത പണ്ഡിതന്മാരായ കവികൾ തന്നെയായിരിക്കണം പാട്ടു കൃതികളുടെ സൃഷ്ടാക്കൾ. എന്നിട്ടും തങ്ങളുടെ കാവ്യങ്ങളിൽനിന്നും സംസ്കൃതത്തിന്റെ ആധിക്യം ഒഴിവാക്കിയത് അന്നത്തെ സാധാരണ ജനങ്ങളിലേക്ക് ഇത്തരം ഭക്തിസംവർധകങ്ങളായ ചിന്തകൾ എത്തുന്നതിനും അവരെ ആകർഷിക്കുന്നതിനും വേണ്ടിയായിരുന്നു. മലയാളസാഹിത്യത്തിന്റെ ആദ്യദശകങ്ങൾ പരിശോധിച്ചാൽ, ദ്രാവിഡവൃത്ത പരിഷ്കാരങ്ങളിൽ കൂടിയും പാട്ടുകവിതകളിൽ കൂടിയും തഴച്ചുവളർന്ന ഒരു ഗാനപാരമ്പര്യം ഭാഷയിൽ ഉരുത്തിരിഞ്ഞിട്ടുള്ളതായി കണ്ടെത്താനാകും. ഇത് ഗാനസംസ്കാര രംഗത്തിന് വളരെയേറെ മുതൽക്കൂട്ടുണ്ടാക്കി.

വ്യത്യസ്തങ്ങളും വിപുലങ്ങളുമാണ് പാട്ടുകവിതകൾ. സാധാരണജനങ്ങളെ കർമ്മോന്മുഖരാക്കുന്നതിനും അവരിലെ ഭക്തി വർധിപ്പിക്കുന്നതിനും വേണ്ടിയാണ് പാട്ടുകൃതികൾ രചിക്കപ്പെട്ടത്. കാലഘട്ടങ്ങളുടെ വികാരവിചാരങ്ങൾക്കൊപ്പം കവികൾ പുലർത്തിപ്പോരുന്ന കാലികചിത്രങ്ങൾ സമൂഹത്തിൽ എത്രമാത്രം സ്വാധീനം ചെലുത്തുന്നു എന്നതിന്റെ കൂടി രേഖകളാണ് പാട്ടുകവിതകൾ എന്ന് പറയാം. അവയിലെ കാഴ്ചപ്പാടുകൾ നിത്യജീവിതത്തിലെ യാഥാർഥ്യങ്ങളിലേയ്ക്ക് നയിക്കുന്നവയാണ്. പുരുഷാർഥങ്ങളുടെ സാഫല്യവും ആധ്യാത്മികഭാവങ്ങളുടെ ശ്രേയസ്സും ലക്ഷ്യമാക്കിയിരുന്ന കാവ്യങ്ങളിൽനിന്നും ഏറെ വ്യത്യസ്തമാണ് പാട്ടുകവിതകളുടെ ഇന്നത്തെ അവസ്ഥ. ദേശീയതയും സാർവദേശീയതയും മാനുഷികതയുമാണ് ഇന്നത്തെ പാട്ടുകൃതികളുടെ വിഷയം. വികസനോന്മുഖതയാണ് അവയിലെ മൗലികമായ പ്രകാശധാര. പാട്ടുകൃതികൾക്ക് നിയതമായ ലക്ഷണവും നിർവചനവും ആദ്യ വ്യാകരണകൃതിയായി കരുതുന്ന ലീലാതിലകത്തിൽ തന്നെ വിശദമാക്കിയിട്ടുണ്ട്. പാട്ട് എന്ന പദത്തിന്റെ സവിശേഷാർഥത്തിൽ നിന്നും ഭിന്നമായി ഒരു ഭാഷാരീതിയുടെ വിശദീകരണം എന്ന നിലയിലാണ് ലീലാതിലകത്തിൽ പാട്ടിനെ ലക്ഷണമാക്കിയിരിക്കുന്നത്.

## Keywords

പാട്ട് സാഹിത്യം – വാമൊഴി – ലീലാതിലകം – പ്രോട്ടോ തമിഴ് മലയാളം – രാമചരിതം – തിരുനിഴൽമാല – നിഴൽ – ഭാഷ – ഗാഥ – വൈദഗ്ധ്യ ഭംഗീഭണിതി – ഭാരതം ഗാഥ – കൃഷ്ണഗാഥ – കിളിപ്പാട്ട് –ഗോപികാദുഃഖം



SREENARAYANAGURU OPEN UNIVERSITY

## Discussion

### 3.1.1 പാട്ട് സാഹിത്യം – രണ്ടാം ഘട്ടം

ഒട്ടെല്ലാ ഭാഷകളിലെയും സാഹിത്യത്തിന്റെ പ്രാചീനരൂപം വാമൊഴിയിലൂടെ പകർന്നുവന്ന പാട്ടുകളാണ്. സാഹിത്യത്തിന്റെ ആദിരൂപമായി പാട്ടുകൾ ഉടലെടുത്തത് മനുഷ്യൻ കൂട്ടായ ജീവിതം ആരംഭിക്കുകയും സ്വന്തം ജീവിതസാഹചര്യങ്ങൾ കരുപ്പിടിപ്പിക്കാൻ തുടങ്ങുകയും ചെയ്തതോടെയാണ്. ഭാഷ, തൊഴിൽ, കലകൾ മുതലായവയെല്ലാം ഉടലെടുത്തതും ഈ കൂട്ടായ്മയിൽ നിന്നുതന്നെയാണ്. മലയാളസാഹിത്യത്തിന്റെ ഉയർച്ചയ്ക്കും വളർച്ചയ്ക്കും കാരണമായ പാട്ടുപ്രസ്ഥാനത്തിന്റെ അടിവേരുകൾ നാടൻപാട്ടുകളിലാണ് കണ്ടെത്താനാവുക. മനുഷ്യന്റെ വൈയക്തികമോ സാമൂഹികമോ ആയ വികാരങ്ങൾക്ക് വാമൊഴിയുടെ രൂപത്തിൽ അപ്പപ്പോഴുണ്ടാകുന്ന ആവിഷ്കാരങ്ങളാണ് നാടൻ പാട്ടുകൾ. രൂപത്തിലും ഭാവത്തിലും വർണ്ണനാപരമായും ആലാപനാപരമായുമുള്ള സംലയനം അവയുടെ സവിശേഷതയാണ്. എന്നാൽ പാട്ടുപ്രസ്ഥാനത്തിൽപ്പെട്ട കൃതികളുടെ സ്വഭാവം ഇവയിൽനിന്ന് വ്യത്യസ്തമാണ്. രൂപത്തിലും വർണ്ണനകളിലുമെല്ലാം തികച്ചും വ്യവസ്ഥാപിതമാണ് പാട്ടുകൃതികൾ. തമിഴിന്റെയും സംസ്കൃതത്തിന്റെയും കാവ്യസങ്കല്പങ്ങളെയും കാവ്യനിയമങ്ങളെയുമാണ് അവ പിന്തുടരുന്നത്. ആലാപനപരത നാടൻപാട്ടുകളുടെയും പാട്ടുകൃതികളുടെയും ഒരു സമാനഘടകമാണ്. എന്നാൽ നാടൻപാട്ടുകൾ ആലാപനകാര്യത്തിൽ തികച്ചും സ്വതന്ത്രമായി നിൽക്കുമ്പോൾ പാട്ടുകൃതികൾ അവയുടെ സഹജമായ ആലാപനപരതകൊണ്ട് തൃപ്തിപ്പെടുന്നു. ഈ ആലാപനപരത കേരളീയവൃത്തങ്ങളുടെ മുഖ്യസ്വഭാവമാണ്. 'പ്രധാനം ഗാനരീതിതാൻ'എന്ന് ഏ.ആർ. രാജരാജവർമ്മ അഭിപ്രായപ്പെടുന്നു.

കേരളസംസ്കാരത്തിന്റെ രൂപീകരണത്തിൽ ഏറ്റവും പ്രാധാന്യമർഹിക്കുന്ന ഘടകം ആര്യ – ദ്രാവിഡ സമ്മിശ്രമാണെന്ന് പൊതുവെ ചരിത്രകാരന്മാരെല്ലാം നിരീക്ഷിക്കുന്നുണ്ട്. കേരളത്തിലേക്കുള്ള ആര്യാധിനിവേശം ക്രിസ്തുവർഷാരംഭത്തിനുമുമ്പേ ആരംഭിച്ചിരുന്നു. അവരുടെ മതങ്ങളും സംസ്കാരവും കേരളീയരെ ഏറെ സ്വാധീനിച്ചു. പ്രായോഗികമതികളായ ആര്യന്മാർ നാട്ടുകാരുമായി കൂടുതൽ അടുത്തിടപഴകുകയും അവരുടെ ആദരവ് പിടിച്ചുപറ്റുകയും ചെയ്തു. കാലക്രമേണ അവർ രാജാക്കന്മാരുടെയും നാടുവാഴികളുടെയും ഉപദേശകന്മാരും ആചാര്യന്മാരുമായി മാറി. കേരളത്തിലേയ്ക്ക് കുടിയേറിയ ആര്യന്മാരും തദ്ദേശീയരിൽ ഒരുവിഭാഗവും തമ്മിൽ വിവാഹബന്ധങ്ങളിൽ ഏർപ്പെട്ടു. ഇതിന്റെ ഫലമായി നിയമങ്ങളിലും ആചാരങ്ങളിലുമെല്ലാം മാറ്റങ്ങളുണ്ടായി. പരസ്പരം വേർതിരിയ്ക്കാൻ കഴിയാത്തതരത്തിൽ ഒരിടകലരൽ ആര്യന്മാരുടെയും ദ്രാവിഡന്മാരുടെയും ജീവിതത്തിലും സംസ്കാരത്തിലുമുണ്ടായി. ഇത് ആ ജനതയുടെ ജീവിതത്തിന്റെ സമസ്തതലങ്ങളെയും സ്വാധീനിച്ചു. കേരളീയരുടെ ഭാഷയെയും സംസ്കാരത്തെയും ആചാരാനുഷ്ഠാനങ്ങളെയും ജീവിതക്രമത്തെത്തന്നെയും അത് മാറ്റിമറിച്ചു. അതോടൊപ്പം തന്നെ അറിവിന്റെയും ചിന്തയുടെയും വിശ്വാസങ്ങളുടെയും വൈകാരികതയുടെയും രണ്ടു ജനവിഭാഗങ്ങൾക്കിടയിലുള്ള ഏറ്റുമുട്ടലുകൾക്കും ഏകീകരണത്തിനും കേരളം വേദിയായി. ഏതൊരു പരിണാമദശയിലുമെന്നപോലെ പരിണാമവാദികളും യാഥാസ്ഥിതികരും തമ്മിലുള്ള സംഘർഷം ഇവിടെയും നടന്നിട്ടുണ്ടാകാം. ഇങ്ങനെ ആഭ്യന്തരമായി ഏറെ സങ്കുലമായിത്തീർന്ന ഒരു സമൂഹത്തിന്റെ രണ്ടുപ്രകാരത്തിലുള്ള സൂക്ഷ്മചിത്രങ്ങളാണ് അന്നത്തെ സാഹിത്യരൂപങ്ങളായ പാട്ടിലും മണിപ്രവാളത്തിലും പ്രകടമാകുന്നത്.

മലയാളകവിതയുടെ പ്രധാനപ്പെട്ട രണ്ട് സാഹിത്യരൂപങ്ങളാണ് പാട്ടും മണിപ്രവാളവും. കേരളത്തിലെ ചില പുഴകളെപ്പോലെ ഇവ സമാന്തരമായി അകന്ന് ഒഴുകുന്ന ഘട്ടങ്ങളും കൂടിച്ചേർന്ന് ഒന്നാവുന്ന ഘട്ടങ്ങളും വീണ്ടും പിരിഞ്ഞ് അകലുന്ന ഘട്ടങ്ങളും ഉണ്ട്. അതിനുപുറമെ പാട്ടിൽതന്നെ രണ്ടുവിഭാഗങ്ങളുണ്ട്; നാടൻപാട്ടുകളും പാട്ടുകാവ്യങ്ങളും. ഇവയും ചിലപ്പോൾ സമാന്തരമായി അകലം പാലിച്ചു

SGOU

കൊണ്ട് ഒഴുകുകയും മറ്റു ചിലപ്പോൾ കൂടിച്ചേർന്ന് ഒന്നാകുകയും ചെയ്യുന്നുണ്ട്. പ്രാചീനഘട്ടത്തിൽ മണിപ്രവാളത്തിന്റെയും പാട്ടിന്റെയും രണ്ട് കൈവഴികൾ പ്രാചീന മണിപ്രവാളചമ്പുക്കളിലും രാമചരിതംപോലുള്ള പാട്ടുകളിലും സമാന്തരത പാലിക്കുന്നു. രൂപത്തിലും ഭാവത്തിലും ഇവയ്ക്കുതമ്മിൽ വ്യത്യാസങ്ങൾ കാണാം. മണിപ്രവാളത്തിൽ സംസ്കൃതപദങ്ങൾ തത്സമങ്ങളായി പ്രയോഗിക്കാനുള്ള വർണ്ണമാലയുണ്ട്. പാട്ടിൽ ദ്രമിഡസംഘാതാക്ഷരനിബദ്ധതയാണുള്ളത്. ദ്രമിഡസംഘാതാക്ഷരവും പാണ്ഡ്യഭാഷാസാരൂപ്യവും പാട്ടിന് വേണമെന്ന് അക്കാലത്ത് നിഷ്കർഷിച്ചിരുന്നു. പ്രാചീന മണിപ്രവാളചമ്പുക്കളിൽ (ഉണ്ണിയച്ചീചരിതം, ഉണ്ണിച്ചിരുതേവീചരിതം, ഉണ്ണിയാടീചരിതം) ഉള്ള ഗദ്യങ്ങൾ ഇന്ന് നാം ഗദ്യമെന്ന് വിളിക്കുന്ന വാക്യഘടനയുള്ളവയല്ല. അവ ദ്രാവിഡ വൃത്തബദ്ധമോ വൃത്തഗന്ധിയോ ആണ്. അവയിൽ ദ്രാവിഡസംഘാതാക്ഷരനിബദ്ധത്വമോ പാണ്ഡ്യഭാഷാസാരൂപ്യമോ ഇല്ല. അതുകൊണ്ട് അവ 'പാട്ട്' ആകില്ല. എന്നാൽ ഭാഷയിൽ മണിപ്രവാളവും ശീലിൽ ദ്രാവിഡത്വവും ചേർന്നുകാണുന്ന ഇവയ്ക്ക് സാധാരണജനങ്ങൾക്കിടയിൽ പ്രചാരമുണ്ടായിരുന്നു. അതിനാൽ പിൽക്കാലത്ത് പാട്ടുകാവ്യം രചിയ്ക്കാൻ ദ്രാവിഡസംഘാതാക്ഷരനിബദ്ധത്വം ആവശ്യമില്ല എന്ന് കവികൾ തീരുമാനിച്ചു. അതേതുടർന്ന് പതിനഞ്ചാം നൂറ്റാണ്ടിലെ നിരണംകവികൾ മണിപ്രവാളഭാഷയെയും പാട്ടുഭാഷയെയും കൂട്ടിയിണക്കുന്ന ഭാഷാമിശ്രത്തിന്റെ വഴി കാവ്യരചനയ്ക്ക് സ്വീകരിച്ചു.

സംസ്കാരതലത്തിലും മണിപ്രവാളത്തിനും പാട്ടിനും വൈജാത്യങ്ങളുണ്ടായിരുന്നു. മണിപ്രവാളകൃതികളിൽ സമൂഹത്തിലെ ഉന്നതകുലജാതരുടെ ജീവിതാവിഷ്കാരമാണുള്ളത്. കാമത്തിനും അർഥത്തിനുമാണ് അവയിൽ പ്രാധാന്യം. ഭോഗാലസതയുടെ ചിത്രമാണ് അവയിലുള്ളത്. പാട്ട് അങ്ങനെയല്ല. സാധാരണ ജനങ്ങൾക്കിടയിൽ ഭക്തി വർധിപ്പിക്കുന്നതിനുവേണ്ടിയാണ് തങ്ങൾ കൃതികൾ രചിക്കുന്നതെന്ന് പാട്ടുകവികൾ പ്രസ്താവിച്ചിട്ടുണ്ട്. ധർമ്മവും മോക്ഷവുമാണ് അവയുടെ ലക്ഷ്യങ്ങൾ. പുരാണേതിഹാസങ്ങളിൽ നിന്നെടുത്ത കഥകളായിരുന്നു അവയിലെ പ്രമേയം.

പാട്ടുസാഹിത്യത്തിനും രണ്ട് കൈവഴികളുണ്ട്; നാടൻപാട്ടുകളും പാട്ടുകാവ്യങ്ങളും. ഇവയ്ക്കുമുണ്ട് തനതായ സവിശേഷതകൾ. നാടൻപാട്ടുകളിൽ അവ എവിടെയുണ്ടാകുന്നുവോ അവിടത്തെ നാടോടിഭാഷയിലാണ് പ്രതിഫലിക്കുക. ലളിതവും സംഗീതാത്മകവുമായിരിക്കും അവ. വളച്ചുകെട്ടോ കൃത്രിമത്വമോ ഒന്നുമില്ലാതെ,ഈ പാട്ടുകൾ ജീവിതത്തെ സത്യാത്മകമായും ആത്മാർഥമായും ആവിഷ്കരിക്കുന്നു. നാടൻപാട്ടുകളിലെ സംഗീതാത്മകത ഇപ്പറഞ്ഞ സവിശേഷതകളുടെ മറ്റൊരു മുഖമാണ്. താളമോ ഈണമോ ഒന്നും കാവ്യത്തിൽ നിന്നും വേറിട്ടുനിൽക്കുന്നില്ല. ഏതെങ്കിലുമൊരു അധ്വാനത്തോടോ വിനോദത്തോടോ അനുഷ്ഠാനത്തോടോ അല്ലെങ്കിൽ സവിശേഷമായ ഒരു ജീവിതസന്ദർഭത്തോടോ അനുബന്ധിച്ച് ഈ പാട്ടുകൾ സൃഷ്ടിക്കപ്പെടുമ്പോൾ ആ അധ്വാനത്തിന്റെ, വിനോദത്തിന്റെ, അനുഷ്ഠാനത്തിന്റെ, ജീവിതസന്ദർഭത്തിന്റെതന്നെ താളം ഇവിടെ പാട്ടിന്റെ താളമായിത്തീരുന്നു. അങ്ങനെ നാടൻപാട്ടുകളിൽ സംഗീതാത്മകത കാവ്യജീവനിൽ നിന്നുതന്നെ പിറവിയെടുക്കുന്നു.

> 'മന്ദപ്രജ്ഞന്മാർക്കറിവാനായി
> മനുകുലതിലകനുടെ വൃത്താന്തമി-
> തന്ധൻ ഞാൻ കേവല, മെങ്കിലുമൊ-
> ട്ടായപ്രകാരം ചൊൽക തുനിഞ്ഞേൻ.' –
> കണ്ണശ്ശരാമായണം
>
> 'അച്യുതൻ തന്നുടെ നൽച്ചരിതങ്ങൾ ഞാൻ
> അജ്ഞരായുള്ളോർക്കു ബോധിപ്പാനായ്'–
> കൃഷ്ണഗാഥ
>
> 'വേദസമ്മിതമായ് മുമ്പുള്ള ശ്രീരാമായണം
> ബോധഹീനന്മാർക്കറിയാം വണ്ണം–'
> അധ്യാത്മരാമായണം കിളിപ്പാട്ട്

സമഗ്രമായ ജീവിതാവിഷ്കാരമാണ് നാടൻപാട്ടുകളുടെ മറ്റൊരു പ്രത്യേകത. ഗാനങ്ങളെന്നും കഥാഗാനങ്ങളെന്നും നാടൻപാട്ടുകളെ വേർതിരിയ്ക്കാം. നൈമിഷികമായ അനുഭവങ്ങളുടെ ആവിഷ്കാരമാണ് ഗാനങ്ങൾ. എന്നാൽ, അലങ്കാരങ്ങളോ ആടോപങ്ങളോ ഇല്ലാതെ സാധാരണ സംഭാഷണഭാഷയിൽ കഥ പറഞ്ഞുപോകുന്നതാണ് കഥാഗാനങ്ങളുടെ രീതി. ജീവിതത്തിലെ ചില നിർണ്ണായകഘട്ടങ്ങളും അവ

SGOU

യോടു ചേർന്നുള്ള സംഭവങ്ങളുമാണ് കാവ്യ വിഷയം. ശൃംഗാരമോ വീരമോ ആണ് അംഗി യായ രസങ്ങൾ. അതിനുശേഷം ഹാസ്യകരു ണരസങ്ങളുമാകാം. വീരരായ നായികാനായ കന്മാരുടെ വൈകാരികമായ ജീവിതത്തിനാണ് ഇവയിൽ പ്രാധാന്യം. കഥാപാത്രങ്ങൾക്ക് വാ സ്തവപ്രതീതി നൽകാനും ആസ്വാദകമനസ്സിൽ പെട്ടെന്ന് സ്ഥാനം പിടിക്കാനും സഹായിക്കുന്ന താണ് പാട്ടു കൃതികൾ.

മലയാളഭാഷ ഉരുവംകൊള്ളുമ്പോൾ പ്രധാന മായും രണ്ടുവിഭാഗത്തിലുള്ള സാഹിത്യരൂപങ്ങളാ ണ് ഉണ്ടായിരുന്നത്. ഭാഷാസംസ്കൃതയോഗമായ മണിപ്രവാളവും ദ്രമിഡസംഘാതാക്ഷരനിബദ്ധ മായ പാട്ടും. മണിപ്രവാളലക്ഷണഗ്രന്ഥമായ ലീ ലാതിലകത്തിൽ നിന്നാണ് ഈ രണ്ടു പ്രസ്ഥാന ങ്ങളെയും കുറിച്ചുള്ള വിവരങ്ങൾ ലഭിക്കുന്നത്. പതിനാലാം നൂറ്റാണ്ടാണ് ലീലാതിലകത്തിന്റെ രചനാകാലമെന്ന് കരുതപ്പെടുന്നു. ലീലാതിലക ത്തിലെ ഭാഷ സംസ്കൃതമാണ്. ലീലാതിലകകാ ലത്തിന് മുമ്പേ തന്നെ ഈ രണ്ടുപ്രസ്ഥാനങ്ങ ളും നിലനിന്നിരുന്നു. കേരളംകൂടി ഉൾപ്പെട്ടിരുന്ന തമിഴ്നാട്ടിൽ ഇന്നത്തെ തമിഴും മലയാളവും രൂ പപ്പെടുന്നതിനു മുമ്പായി 'പ്രോട്ടോ-തമിഴ് മല യാളം' എന്ന നിലയിൽ ഒരു പൊതുഭാഷ നില നിന്നിരുന്നു. ആ പൊതുഭാഷയിൽ നിന്നുമാണ് മലയാളം രൂപപ്പെടാൻ തുടങ്ങിയത്. ഏഴാംനൂ റ്റാണ്ടോടുകൂടെ രൂപപ്പെടാൻ തുടങ്ങിയ മലയാ ളഭാഷയിൽ സാഹിത്യമുണ്ടാകാൻ തുടങ്ങുന്ന ത് പാട്ടും മണിപ്രവാളവുമായിട്ടാണ്. ഈ രണ്ടു പ്രസ്ഥാനങ്ങളുടെയും ഭാഷാപരമായ പ്രത്യേ കതകളാണ് ലീലാതിലകത്തിലെ പാട്ടിന്റെയും മണിപ്രവാളത്തിന്റെയും നിർവചനത്തിലും വ്യാ ഖ്യാനത്തിലും കാണുന്നത്.

പാട്ടുപ്രസ്ഥാനത്തെക്കുറിച്ചുള്ള ആദ്യപരാമർ ശം ലീലാതിലകത്തിൽ നിന്നാണ് ലഭിക്കുന്ന ത്. മണിപ്രവാളത്തിന്റെ ലക്ഷണവും അതിന്റെ വിവരണവും നൽകുന്ന ഒന്നാം ശില്പത്തിൽ വിവിധതരം മണിപ്രവാളങ്ങളെക്കുറിച്ച് പ്രസ് താവിച്ചതിനുശേഷം ഭാഷയും സംസ്കൃതവും ചേർന്നുവരുന്ന മറ്റൊരു സാഹിത്യരൂപം കൂടി യുണ്ടെന്നും അത് എങ്ങനെയാണ് മണിപ്രവാള ത്തിൽനിന്ന് വ്യത്യസ്തമാകുന്നത് എന്നും സൂചി പ്പിക്കാനാണ് പാട്ടിന്റെ ലക്ഷണവും വിവരണവും നൽകുന്നത്.

# പാട്ടുകൃതികൾ

## 3.1.2 രാമചരിതം

പാട്ടുപ്രസ്ഥാനത്തിലേതായി നമുക്ക് കിട്ടിയി ട്ടുള്ള ആദ്യ കൃതിയാണ് രാമചരിതം. പാട്ടിന് ലീലാതിലകകാരൻ നിർദ്ദേശിക്കുന്ന ലക്ഷണ ങ്ങൾ പിന്തുടരുന്ന രാമചരിതം ഒരു രാമകഥാ കാവ്യമാണ്. കാവ്യത്തിന്റെ പേര് 'ഇരാമചരിതം' എന്നാണെന്ന് കവി തന്നെ പറയുന്നു. രാമാ യണത്തിലെ യുദ്ധകാണ്ഡത്തെ അടിസ്ഥാന പ്പെടുത്തിയാണ് രാമചരിതത്തിന്റെ രചന. ചീ രാമകവിയാണ് രാമചരിതത്തിന്റെ കർത്താവ്. എ.ഡി.പന്ത്രണ്ടാം നൂറ്റാണ്ടിനോ പതിമൂന്നാം നൂറ്റാണ്ടിനോ അടുത്തായിരിക്കണം രാമചരിത കാലം എന്ന് ഡോ.കെ.എം. ജോർജും പ്രൊഫ. ഇളംകുളം കുഞ്ഞൻപിള്ളയും പി.വി. കൃഷ് ണൻനായരും അഭിപ്രായപ്പെടുന്നു. "കരിന്തമിഴ് കാലത്തിന്റെ അവസാനത്തുണ്ടായ കൃതിയാണ് രാമചരിതം" എന്നാണ് ഏ.ആർ. രാജരാജവർമ്മ യുടെ അഭിപ്രായം.

## 3.1.3 തിരുനിഴൽമാല

ലീലാതിലകത്തിലെ പാട്ടിന്റെ അതേ ലക്ഷ ണങ്ങൾ പിന്തുടരുന്ന മറ്റൊരു കൃതിയാണ് തി രുനിഴൽമാല. തിരുനിഴൽച്ചൊല്ല് എന്ന അനു ഷ്ഠാനകലയെ ആസ്പദമാക്കിയാണ് ഈ കൃതി രചിക്കപ്പെട്ടിട്ടുള്ളത്. കേരളത്തിലെ പ്രസിദ്ധമായ പതിമ്മൂന്ന് തിരുപ്പതികളിൽ പ്രധാനപ്പെട്ട ഒന്നാ ണ് ആറന്മുള ക്ഷേത്രം. അവിടത്തെ ഭഗവാനായ കണ്ണന് മലയരയർ നടത്തുന്ന ബലിയാണ് (നി ഴൽ) ഈ കാവ്യത്തിന്റെ പ്രതിപാദ്യം. കാവ്യോ പക്രമം, നാകുറ്, ബലിയർപ്പിക്കൽ എന്നിങ്ങനെ കാവ്യത്തിന് മൂന്ന് ഭാഗങ്ങളുണ്ട്. 'ഗോവിന്ദൻ ചൊൽ തിരുനിഴെൽമാല' എന്ന പ്രയോഗത്തിൽ നിന്ന് ഗോവിന്ദനാണ് ഈ കൃതിയുടെ കർത്താ വ് എന്ന് മനസ്സിലാക്കാം. തിരുനിഴൽമാലയുടെ രചനാകാലം വ്യക്തമായി പറയുവാനുള്ള തെളി വുകളൊന്നും ലഭ്യമല്ല. എ.ഡി. 1200നും 1300നും മധ്യേ ആയിരിക്കണം ഈ കൃതി രചിക്കപ്പെട്ടിട്ടു

SGOU

ള്ളത്. അതുകൊണ്ട് കൃതിയിലെ ഭാഷാരീതിയും ഇതിൽ പരാമർശിക്കപ്പെട്ടിരിക്കുന്ന ചരിത്രവസ്തുതകളും പരിശോധിച്ചാൽ തിരുനിഴൽമാല പതിമ്മൂന്നാം നൂറ്റാണ്ടിൽ രചിക്കപ്പെട്ട കൃതിയാണെന്ന് ബോധ്യമാകും.

ഈരടികളും ചതുഷ്പദികളും ഇടകലർത്തിയാണ് തിരുനിഴൽമാല രചിച്ചിട്ടുള്ളത്. 539 ഈരടികളും 97 പാട്ടുകളുമുണ്ട്. പാട്ടുകളും ഈരടികളും ഇടകലർന്നുള്ള തിരുനിഴൽമാല ശ്ലോകങ്ങളും വൃത്തഗന്ധിയായ ഗദ്യവും ഇടകലർന്നുള്ള പ്രാചീന മണിപ്രവാളചമ്പുക്കളെ ഓർമ്മപ്പെടുത്തുന്നു. മലയാളത്തിലെ പാട്ടുസാഹിത്യത്തിന്റെ വികാസദശയിലെ ഒരു പ്രധാന ഘട്ടത്തെ പ്രതിനിധീകരിക്കുന്ന കൃതിയാണ് ഇത്. പാട്ട് ദ്രമിഡസംഘാതാക്ഷരമെന്ന നിയമം വിട്ട് ഒരു സമയത്ത് നിരണംകൃതികൾ, ഇരുപത്തിനാലു വൃത്തം, പതിന്നാലു വൃത്തം, ഹരിനാമകീർത്തനം എന്നിവയിൽ കാണുംപോലെ ചതുഷ്പദികളായി വികാസം പ്രാപിച്ചിരുന്നു. അതിന് സമാന്തരമായി കൃഷ്ണഗാഥ, കിളിപ്പാട്ടുകൾ തുടങ്ങിയവയിലെപ്പോലെ ഈരടികളായും മാറി. ഈ രണ്ടു സമ്പ്രദായങ്ങളുടെയും പ്രാചീനരൂപമാണ് തിരുനിഴൽമാലയിലെ നാലുപാദങ്ങളുള്ള പാട്ടുകളിലും രണ്ടു പാദങ്ങളുള്ള ഈരടികളിലും കാണുന്നത്.

## 3.1.4 നിരണം കൃതികൾ

പതിനഞ്ചാം നൂറ്റാണ്ടിൽ ഉണ്ടായതെന്ന് കരുതപ്പെടുന്നതും പല കാര്യങ്ങളിലും സമാനത പുലർത്തുന്നവയുമായ ഏതാനും കൃതികളെയാണ് നിരണംകൃതികൾ എന്ന് പൊതുവെ പറയുന്നത്. നിരണം കവികളെന്നും കണ്ണശ്ശകവികളെന്നും ഈ കൃതികളുടെ രചയിതാക്കൾ അറിയപ്പെടുന്നു. കണ്ണശ്ശരാമായണം ഉത്തരകാണ്ഡം ഉപസംഹരിച്ചുകൊണ്ട് കവി നടത്തുന്ന പരാമർശങ്ങളിൽനിന്നാണ് ഈ കവികളെക്കുറിച്ചുള്ള സൂചനകൾ ലഭിക്കുന്നത്. രാമായണം, ഭാരതം, ഭാഗവതം, ശിവരാത്രി മാഹാത്മ്യം എന്നിവ രാമപ്പണിക്കരുടെ കൃതികളാണ്. ഭഗവത്ഗീതയുടെ കർത്താവ് മലയിൻകീഴ് മാധവപ്പണിക്കരും ഭാരതമാല രചിച്ചത് വെള്ളാങ്ങല്ലൂർ ശങ്കരപ്പണിക്കരുമാണ്. രാമചരിതം, തിരുനിഴൽമാല എന്നീ കൃതികളിൽനിന്നും വ്യത്യസ്തമായി ദ്രമിഡസംഘാതാക്ഷരം എന്ന നിയമം നിരണം കൃതികൾ പാലിക്കുന്നില്ലെന്ന വസ്തുത വ്യക്തമാണ്. സംസ്കൃതപദങ്ങൾ നേരിട്ട് സ്വീകരിച്ചിരിക്കുന്നത് ഈ കൃതികളിൽ കാണാം. എന്നാൽ പാട്ടുപ്രസ്ഥാനത്തിലെ മറ്റെല്ലാ സവിശേഷതകളും ഇവയിലുണ്ട്. എതുക, മോന, ഭാഷാവൃത്തം, അന്താദിപ്രാസം എന്നിവയെല്ലാം ഈ കവിതകളിൽ പ്രകടമാണ്. ഇരട്ടിച്ച തരംഗിണീവൃത്തം ആണ് ഇതിൽ ഉപയോഗിച്ചിട്ടുള്ളത്. നിരണം വൃത്തം എന്നും അറിയപ്പെടുന്നു.

## 3.1.5 ഗാഥ

ഗാഥ എന്നാൽ പാട്ട് എന്നാണർഥം. എന്നാൽ ഗാഥ എന്ന പേരുമായി കേരളീയർ പരിചയപ്പെടുന്നത് കൃഷ്ണഗാഥയോടുകൂടെയാണ്. കൃഷ്ണഗാഥക്ക് കൃഷ്ണപ്പാട്ട് എന്നും ചെറുശ്ശേരി എന്നും നാമാന്തരങ്ങളുണ്ട്. കൃഷ്ണഗാഥയിലെ മുഖ്യവൃത്തം മഞ്ജരിയാണ്. ചെറുശ്ശേരിരീതി, മാകന്ദമഞ്ജരി, ഗാഥാവൃത്തം, ആളുന്തിരാഗം എന്നീപേരുകളിലെല്ലാം മഞ്ജരി അറിയപ്പെടുന്നു. പിന്നിലുള്ളവർ മുന്നിലുള്ളവരെ ഉന്തിക്കൊണ്ട് നടത്തുന്ന വിനോദമാണ് ഉന്തിപ്പറക്കൽ. മാണിക്യവാചകരുടെ തിരുവാചകത്തിലെ തിരുവുന്തിയാർ എന്ന ഭാഗത്ത് എഴുതിയിരിക്കുന്ന ഉന്തിപ്പാട്ടാണ് ഈ വിനോദത്തിനായി പാടിയിരുന്നത്. ഈ രാഗമാണ് ആളുന്തിരാഗം എന്നറിയപ്പെടുന്നത്. കൃഷ്ണഗാഥയുടെ വൃത്തം 'ഉന്തുന്തുന്തുന്ത്' എന്ന് തുടങ്ങുന്ന രാജ്ഞിയുടെ ഉറക്കുപാട്ടെന്ന ഐതിഹ്യത്തിന് അടിസ്ഥാനം ഇതായിരിയ്ക്കാമെന്ന് കെ.എൻ. എഴുത്തച്ഛൻ അഭിപ്രായപ്പെടുന്നു. ലളിത ഭാവങ്ങളാവിഷ്കരിക്കാൻ ഏറെ യോജിച്ച വൃത്തമാണ് മഞ്ജരി.

ഗാനാത്മകത നിറഞ്ഞുനിൽക്കുന്ന താളമാണ് മഞ്ജരിക്കുള്ളത്. ഈ വൃത്തത്തിന്റെ അടിസ്ഥാനതാളം കൃഷ്ണഗാഥക്കുമുമ്പ് നിലനിന്നിരുന്നോ എന്ന അന്വേഷണത്തിന്റെ ഫലമായി എൻ. കൃഷ്ണപിള്ള ഇങ്ങനെ സംഗ്രഹിക്കുന്നു: 'ഈ വൃത്തം ചെറുവ്യത്യാസത്തോടെ രാമചരിതത്തിലുണ്ട്. പഴയ ചില ഭദ്രകാളിപ്പാട്ടുകളിൽ, വടക്കേ മലബാറിലെ പെരുവണ്ണാന്മാരുടെയും പെരുമലയന്മാരുടെയും കളിയാട്ടത്തോറ്റങ്ങളിൽ, കോതാ

SGOU

മൂരിയാട്ടത്തിൽ, നമ്പൂതിരിമാരുടെ സംഘക്കളിയിലെ ചില പാട്ടുകളിൽ, ചില മാറ്റങ്ങളോടുകൂടി ഈ വൃത്തത്തിന്റെ വ്യാപനം കാണാം. മലയാളത്തിൽ ഈ വൃത്തത്തിന്റെ ആഗമം തമിഴിൽ നിന്നാണ്. വടക്കേ മലബാറിൽ മാത്രമല്ല, കേരളത്തിൽ പൊതുവെ തന്നെ നാടൻപാട്ടുകളിൽ ഈ വൃത്തം അപൂർവമായെങ്കിലും കാണാം.

കേരളത്തിലെ വിശേഷിച്ചും ഉത്തരകേരളത്തിലെ, നാടൻപാട്ടുകളിലെ ശാലീനമധുരമായ ഒരു താളം തന്റെ കാവ്യത്തിന് ഉപയോഗിക്കുകയാണ് ചെറുശ്ശേരി ചെയ്തത്. കൃഷ്ണഗാഥയുടെ രചനയെ സംബന്ധിച്ച ഐതിഹ്യം ഈ കാര്യം വ്യക്തമാക്കുന്നു. ആ ഐതിഹ്യത്തിൽ നിറഞ്ഞു നിൽക്കുന്നത് കോലത്തിരി രാജാവായ ഉദയവർമ്മന്റെ പത്നി കുഞ്ഞിനെ ഉറക്കാനായി പാടിയ താരാട്ടിന്റെ താളമാണ്. ആ താളത്തിൽ ഒരു കാവ്യം രചിക്കുവാൻ ചെറുശ്ശേരിയോട് ആജ്ഞാപിക്കുമ്പോൾ രാജാവിന്റെ മനസ്സിൽ നിറഞ്ഞു നിന്ന താളം കേരളീയമനസ്സിൽ അന്തർലീനമായ നാടോടിപ്പാട്ടിന്റെ താളത്തിന്റെ പ്രതിഫലനമാകാം. കൃഷ്ണഗാഥയിൽ 17818 വരികളാണുള്ളത്. അതിൽ 17316 വരികളും മഞ്ജരീവൃത്തത്തിലാണ് രചിച്ചിട്ടുള്ളത്. ബാക്കിയുള്ള 502 വരികൾ നതോന്നത, ഊനതരംഗിണി, സമാസമം, മല്ലിക, തരംഗിണി, ഭുജംഗപ്രയാതം, ശങ്കരചരിതം, അനുഷ്ഠുപ്പ് എന്നീ വൃത്തങ്ങളിലും. അവയെല്ലാം സ്വർഗാരോഹണം എന്ന ഖണ്ഡത്തിലാണുള്ളത്.

നാല്പത്തിയാറ് വ്യത്യസ്തങ്ങളായ അലങ്കാരങ്ങൾ കൃഷ്ണഗാഥയിലുണ്ട്. 'വൈദഗ്ദ്ധ്യ ഭംഗീ ഭണിതി' എന്ന കാവ്യലക്ഷണം തികച്ചും അനുയോജ്യമായ കൃതിയാണ് കൃഷ്ണഗാഥ. ശബ്ദാലങ്കാരങ്ങളുടെയും അർഥാലങ്കാരങ്ങളുടെയും പ്രയോഗത്തിൽ കവിക്കുള്ള വൈദഗ്ധ്യം ഗാഥയിൽ പ്രകടമാണ്. ശബ്ദഭംഗിയും പ്രാസമാധുരിയും ഗാഥയിൽ സർവത്ര കാണുന്നുണ്ട്. ദ്വിതീയാക്ഷരപ്രാസ നിബദ്ധമാണ് കൃഷ്ണഗാഥ. വൃത്താനുപ്രാസവും കവി ധാരാളമായി ഉപയോഗിച്ചിട്ടുണ്ട്. വൈദർഭി, പാഞ്ചാലി എന്നീ രീതികളാണ് ഗാഥയിൽ ഏറ്റവും കൂടുതൽ കാണപ്പെടുന്നത്. ആദ്യാക്ഷരപ്രാസ പ്രയോഗങ്ങളും വിരളമല്ല. ചിലയിടങ്ങളിൽ തൃതീയാക്ഷരപ്രാസം, ചതുർഥാക്ഷരപ്രാസം, പഞ്ചമാക്ഷരപ്രാസം എന്നിവയും കവി ഉപയോഗിച്ചിട്ടുണ്ട്. യമകവും ശ്ലേഷവും വിരളമല്ല.

> ഒറ്റ വ്യഞ്ജനത്തെ ഒരിയ്ക്കലോ പലപ്രാവശ്യമോ, ആവർത്തിക്കുകയും കൂട്ടക്ഷരത്തെ പലതവണ ആവർത്തിക്കുകയും ചെയ്യുന്നതാണ് വൃത്താനുപ്രാസം.

ശബ്ദാലങ്കാരങ്ങളെപ്പോലെ അർഥാലങ്കാരങ്ങളും ഗാഥയിൽ സർവത്ര കാണാം. കാളിദാസന് ഉപമാലങ്കാരം എത്രമാത്രം പ്രിയങ്കരമാണോ അതുപോലെയാണ് ചെറുശ്ശേരിയ്ക്ക് ഉത്പ്രേക്ഷയും. "ഉത്പ്രേക്ഷ കൃഷ്ണഗാഥായാം' എന്ന് ഉള്ളൂർ അഭിപ്രായപ്പെടുന്നു. ഉത്പ്രേക്ഷയെപ്പോലെത്തന്നെ ഉപമയും രൂപകവും കവിക്ക് പ്രിയപ്പെട്ടതാണ്. രൂപകത്തിൽ സാവയവരൂപകവും പരമ്പരിതരൂപകവുമാണ് കൂടുതലായി ഉപയോഗിച്ചിട്ടുള്ളത്. കൂടാതെ സ്വഭാവോക്തി, അപ്രസ്തുതപ്രശംസ, രൂപകാതിശയോക്തി, സമാസോക്തി തുടങ്ങിയ അലങ്കാരങ്ങളും ഗാഥയിൽ ധാരാളം കാണാം. ഒരു മഹാകാവ്യത്തിൽ ശൃംഗാരമോ, വീരമോ, ശാന്തമോ അംഗിയായി വിന്യസിക്കാമെന്നും മറ്റ് രസങ്ങൾ അംഗമായിട്ടേ പാടുള്ളൂ എന്നും കാവ്യശാസ്ത്രം അനുശാസിക്കുന്നു. കൃഷ്ണഗാഥയിൽ എല്ലാ രസങ്ങളും കടന്നുവരുന്നുണ്ടെങ്കിലും ശാന്തമാണ്, അതിലെ അംഗിയായ രസം എന്ന് ടി. ഭാസ്കരൻ അവകാശപ്പെടുന്നു.

ലൗകികാനുഭവങ്ങളോടുള്ള വൈരാഗ്യമുളവാക്കലാണ് കാവ്യരചനയുടെ ലക്ഷ്യമെന്ന് ഗാഥയുടെ തുടക്കത്തിലും ഒടുക്കത്തിലും കവി പറയുന്നു. വൈരാഗ്യമെന്നാൽ ശാന്തരസത്തിന്റെ സ്ഥായിഭാവമായ നിർവേദം തന്നെയാണ്. ഓരോ മനുഷ്യനും ജീവിതത്തിന്റെ കാമനകളെല്ലാം നുകർന്ന് ഒടുവിൽ എത്തിച്ചേരുന്നത് ജീവിതവൈരാഗ്യത്തിലാണ്. കാവ്യത്തിലുടനീളം കാണുന്ന അലങ്കാരങ്ങളും വർണ്ണനകളും ചെറുശ്ശേരിയുടെ ശൃംഗാരപ്രതിപത്തിക്ക് ഉദാഹരണമാണ്. എന്നാൽ ഈ ശൃംഗാരമെല്ലാം വാത്സല്യത്തിന്റെയും ഭക്തിയുടെയും നിറവിലൂടെ 'ശമം' എന്ന അവസ്ഥയിലേക്ക് എത്തിച്ചേരുന്നു. എല്ലാ രസങ്ങളും ഒന്നായിച്ചേർന്ന് മോക്ഷത്തിലേയ്ക്ക്

SGOU

എത്താനുള്ള വൈരാഗ്യം എന്ന അവസ്ഥയിലേയ്ക്ക് മനുഷ്യനെ നയിക്കാനുള്ള ഒരന്തരീക്ഷമാണ് കവി ഒരുക്കുന്നത്.

ചെറുശ്ശേരി നമ്പൂതിരിയാണ് കൃഷ്ണഗാഥയുടെ കർത്താവ് എന്ന് പൊതുവെ അംഗീകരിക്കപ്പെട്ടിട്ടുണ്ട്. ചെറുശ്ശേരി എന്നത് ഇല്ലപ്പേരാണ്. ഉത്തരകേരളത്തിലെ കുറുമ്പ്രനാട്ട് താലൂക്കിൽ വടകര എന്ന സ്ഥലത്ത് ചെറുശ്ശേരി എന്ന ഇല്ലമുണ്ടായിരുന്നു എന്ന് പി. ഗോവിന്ദപ്പിള്ള അഭിപ്രായപ്പെടുന്നുണ്ട്. കൊല്ലവർഷം 621 മുതൽ 650 വരെ കോലത്തുനാട് ഭരിച്ചിരുന്ന ഉദയവർമ്മൻ എന്ന് പേരായ രാജാവിന്റെ സദസ്യനായിരുന്നു ചെറുശ്ശേരി. ഉദയവർമ്മന്റെ ആജ്ഞപ്രകാരമാണ് കൃഷ്ണഗാഥ രചിച്ചതെന്ന് കരുതപ്പെടുന്നു. സംസ്കൃതത്തിലായാലും ദേശഭാഷകളിലായാലും പ്രാചീന കവികൾ പുരാണേതിഹാസങ്ങളെയാണ് ഇതിവൃത്തത്തിനായി സ്വീകരിച്ചിരുന്നത്. രാമായണ - ഭാരത - ഭാഗവതങ്ങൾ കാവ്യങ്ങൾക്ക് വിഷയമായി. പുരാണകഥകൾ പുനരാഖ്യാനങ്ങളായും പുനഃസൃഷ്ടികളായും കാവ്യലോകത്ത് പ്രതിഷ്ഠ നേടി.

90 അധ്യയങ്ങളുള്ള ഭാഗവതം ദശമസ്കന്ദമാണ് കൃഷ്ണഗാഥയുടെ പ്രതിപാദ്യത്തിനുള്ള അവലംബം. കൂടാതെ ദശമസ്കന്ദത്തിലെ 1, 6, 30, 31 അധ്യായങ്ങളും മഹാഭാരതത്തിലെ സ്വർഗാരോഹണപർവത്തിന്റെ സാരവും ഉണ്ട്. എന്നാൽ ഭാഗവതത്തിന്റെയോ ഭാരതത്തിന്റെയോ പദാനുപദവിവർത്തനമല്ല കൃഷ്ണഗാഥയിലുള്ളത്. ഇതൊരു സ്വതന്ത്രകാവ്യമാണ്. ഭാഗവതത്തിന്റെ വിവർത്തനമല്ല ഗാഥയെങ്കിലും ചില ഭാഗങ്ങളുടെ വിവർത്തനങ്ങളും ഗാഥയിൽ കാണാവുന്നതാണ്. ഭാഗവതം ദശമസ്കന്ദത്തിലെ കൃഷ്ണോൽപ്പത്തി മുതൽ സ്വർഗാരോഹണം വരെയുള്ള സംഭവങ്ങളെ നാല്പത്തിയേഴ് ഖണ്ഡങ്ങളാക്കി കാവ്യത്തെ രണ്ടു ഭാഗങ്ങളിലായി തിരിച്ചിരിക്കുന്നു. കൃഷ്ണന്റെ ജനനം മുതൽ അമ്പാടിയിൽ കഴിയുന്ന കാലം വരെയുള്ളത് ഒന്നാം ഭാഗത്തും മഥുരയിലേയ്ക്ക് പോയതിനു ശേഷമുള്ള സംഭവങ്ങൾ രണ്ടാംഭാഗത്തും നിബന്ധിച്ചിരിക്കുന്നു. ഇതിൽ ഓരോ ഖണ്ഡങ്ങളിലും ഒന്നിലേറെ കഥകൾ ചേർത്തിട്ടുണ്ട്. ഭാഗവതത്തിലില്ലാത്ത കാര്യങ്ങൾ കൃഷ്ണഗാഥയിൽ കവി കൂട്ടിച്ചേർത്തിട്ടുണ്ട്. കംസൻ ദേവകിയെ വധിക്കാനൊരുമ്പെടുമ്പോൾ ജനങ്ങൾക്കുണ്ടാകുന്ന ഭാവപ്പകർച്ച കവി കൂട്ടിച്ചേർത്തതാണ്. പൂതനയുടെ രൂപം, കൃഷ്ണനെ കാണുമ്പോൾ അവൾക്കുണ്ടാകുന്ന വികാരവിചാരങ്ങൾ എന്നിവയും ചെറുശ്ശേരിയുടെ സ്വന്തം ഭാവനയാണ്. ഭാഗവതത്തിൽ പ്രാവൃട് വർണ്ണനയും ശരത് വർണ്ണനയും മാത്രമേയുള്ളൂ. എന്നാൽ ഗാഥയിൽ ഗ്രീഷ്മ, ഹേമന്തവർണ്ണനകൾ കൂടി ഉൾപ്പെടുത്തിയിരിക്കുന്നു. നല്ല നല്ല മലയാളപദങ്ങളും, ലളിത കോമള സംസ്കൃതപദങ്ങളും കൂട്ടിയിണക്കിക്കൊണ്ടുള്ള കവിതാരീതി നിർമ്മലജലവാഹിനിയായ അരുവിയുടെ മന്ത്രമധുരമായ പ്രവാഹത്തെ അനുസ്മരിപ്പിക്കുന്നുവെന്ന് ഏ.ഡി. ഹരിശർമ്മ അഭിപ്രായപ്പെടുന്നു.

നായകപ്രധാനമായ കാവ്യമാണ് കൃഷ്ണഗാഥ. ശ്രീകൃഷ്ണന്റെ സമ്പൂർണ്ണജീവിതം അവതരിപ്പിച്ചുകൊണ്ട് നായകന്റെ മനോവികാസം ബാല്യകൗമാരയൗവ്വന ദശകളിലൂടെ വായനക്കാരന്റെ മനസ്സിലേക്ക് സംക്രമിപ്പിക്കുകയാണ് ചെറുശ്ശേരി ചെയ്തത്. കുസൃതികളും വിനോദങ്ങളും പ്രണയവും കാര്യഗൗരവവും പിന്നീടുണ്ടാകുന്ന വൈരാഗ്യ ചിന്തയുമെല്ലാം കവി കൃഷ്ണന്റെ ജീവിതസംഭവങ്ങളിലൂടെ വളരെ മനോഹരമായി ചിത്രീകരിക്കുന്നു. കൃഷ്ണഗാഥയെ ജനകീയമാക്കിയത് ലളിതവും പ്രസന്നവുമായ ദ്രാവിഡത്വമുള്ള പാട്ടുശൈലിയാണ്. ഹൃദ്യവും പ്രസാദാത്മകവുമായ ഭാഷയാണ് കൃഷ്ണഗാഥയിലുടനീളം ഉള്ളത്. ഉക്തിവൈചിത്ര്യം കൃഷ്ണഗാഥയിൽ പ്രകടമാണ്. പ്രസാദവും മാധുര്യവും നിറഞ്ഞതാണ് ഗാഥയിലെ പ്രമേയം. അതിന് ഉചിതമായ ലളിതകോമളകാന്തപദാവലികളാണ് കാവ്യത്തിലുടനീളം അണിനിരത്തിയിരിക്കുന്നത്. ഗാഥയുടെ മറ്റൊരു സവിശേഷത വാമൊഴിയെ വരമൊഴിയായിത്തീർക്കുന്നതാണ്.

## 3.1.6 ഭാരതം ഗാഥ

കൃഷ്ണഗാഥയുടെ ശൈലി അനുകരിച്ചുകൊണ്ട് മഞ്ജരീവൃത്തത്തിൽ എഴുതപ്പെട്ട കൃതിയാണ് ഭാരതം ഗാഥ. ഈ രണ്ടു കൃതികളിലെയും ഭാഷയ്ക്ക് സമാനത കാണുന്നതിനാൽ ഇവയുടെ നിർമ്മാണകാലത്തിന് തമ്മിൽ വലിയ

SGOU

അന്തരം ഉണ്ടാകാൻ സാധ്യതയില്ല എന്ന് അനുമാനിയ്ക്കാം. ഭാരതം ഗാഥയുടെ കർത്താവ് ചെറുശ്ശേരിയാണെന്ന നിഗമനത്താൽ, ഇതിന് ചെറുശ്ശേരി ഭാരതം എന്ന പേരു കൂടിയുണ്ട്. ഈ കൃതിയുടെ കർതൃത്വത്തെ സംബന്ധിച്ച് ഭിന്ന അഭിപ്രായങ്ങൾ ഇവിടെ നിലനിൽക്കുന്നുണ്ട്. 45 അധ്യായങ്ങളിലായി 5250 ഈരടികളിൽ മഹാഭാരതകഥ സംഗ്രഹിക്കുകയാണ് ഭാരതംഗാഥയിൽ. ഇതിൽ 4100-ൽ പരം ഈരടികളിൽ പാണ്ഡവ-കൗരവ കഥ ആഖ്യാനം ചെയ്യപ്പെടുന്നു.

## 3.1.7 ഗാഥാപ്രസ്ഥാനത്തിലെ മറ്റു കൃതികൾ

കൃഷ്ണഗാഥയ്ക്കും ഭാരതം ഗാഥയ്ക്കും ശേഷം രണ്ടു ഗാഥകൾ കൂടി തൊട്ടടുത്ത കാലത്തു തന്നെ ഉണ്ടായതായി സാഹിത്യചരിത്രഗ്രന്ഥങ്ങളിൽ കാണുന്നു. രുഗ്മാംഗദചരിതം ഗാഥയും രാമായണം ഗാഥയും. 15-ാംനൂറ്റാണ്ടായിരിയ്ക്കാം രുഗ്മാംഗദചരിതം ഗാഥയുടെ രചനാകാലമെന്ന് ആർ. നാരായണപ്പണിക്കർ പറയുന്നു. രാമായണം കഥ ആറു ഖണ്ഡങ്ങളായി വിഭജിച്ച് പ്രതിപാദിക്കുന്ന കൃതിയാണ് അജ്ഞാതകർത്തൃകമായ രാമായണം ഗാഥ. ഭാരതഗാഥ, ഭാഗവതഗാഥ, ഗിരിഗാഥ, ചക്രഗാഥ, സത്യഗാഥ എന്നിവ ഗാഥാ പ്രസ്ഥാനത്തിലുൾപ്പെട്ട കൃതികൾ ആണ്. വൈഷ്ണവഭക്തിയുടെ നിത്യമായ പ്രചോദനസ്രോതസ്സാണ് ശ്രീമദ് ഭാഗവതപുരാണം. അതിനുണ്ടായ ആദ്യത്തെ സമ്പൂർണ്ണവിവർത്തനമാണ് ഭാഗവതം കിളിപ്പാട്ട്. എന്നാൽ അത് പദാനുപദ വിവർത്തനമല്ല. കൊടുങ്ങല്ലൂർ കൊച്ചുണ്ണിത്തമ്പുരാൻ രചിച്ച ഭാഗവത വിവർത്തനം ഗാഥാ രീതിയിലുള്ളതും പദാനുപദവുമാണ്. നമ്മുടെ ഭക്തിസാഹിത്യത്തെ സമ്പന്നമാക്കുക എന്നതിനേക്കാൾ മലയാളഭാഷയെ സമ്പന്നമാക്കുക എന്ന ലക്ഷ്യം കൂടി ഈ വിവർത്തനത്തിന് ഉണ്ടായിരുന്നു എന്ന് കാണാം. മഹാകവി വള്ളത്തോളും ഗാഥാവൃത്തത്തിൽ കാവ്യങ്ങൾ രചിച്ചിട്ടുണ്ട്. സത്യഗാഥ, ചക്രഗാഥ എന്നീ രണ്ടു ലഘുകവിതകളാണവ. എന്നാൽ ഈ വൃത്തത്തിൽ വലുതും ചെറുതുമായ കൃതികൾ അദ്ദേഹം രചിച്ചിട്ടുണ്ടെങ്കിലും അവയൊന്നും ഗാഥാപ്രസ്ഥാനത്തിൽ ഉൾപ്പെടുത്താൻ കഴിയില്ല. സാഹിത്യമഞ്ജരിയിലെ ഇരുപത്തിനാല് കവിതകൾ, മഗ്ദലനമറിയം, കൊച്ചുസീതയിലെ രണ്ടാം ഖണ്ഡം, ബാപ്പുജിയിലെ എട്ടാം ഖണ്ഡം എന്നിവയാണ് അവ. സത്യത്തിന്റെയും ധർമ്മത്തിന്റെയും മാഹാത്മ്യം വെളിപ്പെടുത്തുന്ന കവിതയാണ് സത്യഗാഥ. സത്യമാണ് യഥാർഥജ്ഞാനമെന്നും അതിൽ അർപ്പണം ചെയ്യുന്നതാണ് ത്യാഗമെന്നും കവി പറയുന്നു.

ദേശീയബോധമുണർത്തുന്ന കവിതയാണ് ചക്രഗാഥ. നവോത്ഥാനഭാരതത്തിന്റെ നായകനും ശില്പിയുമായ ഗാന്ധിജിയെ ദർശിക്കുകയും അദ്ദേഹം ആവിഷ്കരിച്ച സ്വദേശിപ്രസ്ഥാനം, വിദേശവസ്ത്ര ബഹിഷ്കരണം, അയിത്തോച്ചാടനം, ഹരിജനോദ്ധാരണം തുടങ്ങിയ പരിപാടികളുടെ പ്രാധാന്യം ഊന്നിപ്പറയുകയും ചെയ്തുകൊണ്ട് വള്ളത്തോൾ എഴുതിയ കവിതകളുടെ കൂട്ടത്തിൽ ചക്രഗാഥ ശ്രദ്ധേയമായ സ്ഥാനം വഹിക്കുന്നു.

## 3.1.8 രാമകഥപ്പാട്ട്

രാമചരിതത്തിന്റെയും തിരുനിഴൽമാലയുടെയും തുടർച്ച എന്ന് വിശേഷിപ്പിക്കാവുന്ന കൃതിയാണ് രാമകഥപ്പാട്ട്. രാമകാവ്യം എന്നാണ് കൃതിയിൽ പലയിടത്തും ഇതിനെ വിശേഷിപ്പിച്ചിട്ടുള്ളത്. മലയാളത്തിലെ ആദ്യത്തെ സമ്പൂർണ്ണ രാമായണകഥാകാവ്യമാണ് രാമകഥപ്പാട്ട്. അയ്യപ്പിള്ള ആശാനാണ് ഈ കൃതിയുടെ രചയിതാവ്. 3163 ശീലുകളാണ് രാമകഥപ്പാട്ടിലുള്ളത്. മലയാളത്തിലെ 'ഇതിഹാസഗാനം' എന്നാണ് രാമകഥപ്പാട്ടിനെ വിശേഷിപ്പിക്കുന്നത്. നാടോടിപ്പാട്ടുകൾ എന്ന വിഭാഗത്തിലാണ് ഉള്ളൂർ ഈ കൃതിയെ ഉൾപ്പെടുത്തിയിരിക്കുന്നത്. ഇതിന് പ്രധാന കാരണം രാമകഥപ്പാട്ടിന്റെ ഗാനാത്മകതയാണ്. തെക്കൻപാട്ടുകളുടെ നടുനായകമായ രാമകഥപ്പാട്ട് എന്ന് അദ്ദേഹം ഇതിനെ പറയുകയും ചെയ്യുന്നു. തെക്കൻ തിരുവിതാംകൂറിലെ വിഷ്ണുക്ഷേത്രങ്ങളിലാണ് രാമകഥപ്പാട്ട് പാടുന്നത്. 'ചന്ദ്രവളയം' എന്ന വാദ്യോപകരണം ഉപയോഗിച്ചാണ് ഈ പാട്ട് പാടുന്നത്.

പതിനഞ്ചാം നൂറ്റാണ്ടിലെ നിരണം കവികളുടെ കാലത്തിന് ശേഷമാണ് അയ്യപ്പിള്ള ആശാന്റെ ജീവിതകാലം. കഥയുടെ വിഷയമായി വാല്മീകിരാമായണത്തെയാണ് കവി ഉപജീവിച്ചിട്ടുള്ള

SGOU

ത്. എങ്കിലും രാമകഥപ്പാട്ടിലെ രാമൻ ഈശ്വരാവതാരം തന്നെയാണ്. ഈ കൃതിയുടെ ഏറ്റവും പ്രധാനപ്പെട്ട സവിശേഷത അതിൽ ഉപയോഗിച്ചിട്ടുള്ള വൃത്തങ്ങളുടെയും ഈണങ്ങളുടെയും ബാഹുല്യമാണ്. കേരളീയജനത ഉപയോഗിച്ചിരുന്ന നാടൻ ഈണങ്ങളും ശീലുകളുമാണ് അയ്യപ്പിള്ള ആശാൻ തന്റെ കൃതിയിലും ഉപയോഗിച്ചിരിക്കുന്നത്.

## 3.1.9 കിളിപ്പാട്ട്

മലയാളസാഹിത്യചരിത്രത്തിലെ ഏറ്റവും ശ്രദ്ധേയമായ ഘട്ടം തുടങ്ങുന്നത് കിളിപ്പാട്ട് പ്രസ്ഥാനത്തോടുകൂടിയാണ്. മലയാളസാഹിത്യത്തിലെ ഏറ്റവും വിസ്തൃതമായ ശാഖയുമാണിത്. അതുകൊണ്ടുതന്നെ പാട്ടുപ്രസ്ഥാനത്തിന്റെ ചരിത്രത്തിലും മലയാളകവിതയുടെ പരിണാമത്തിലും പ്രധാനമായൊരു ഘട്ടത്തെ കിളിപ്പാട്ടുകൾ പ്രതിനിധാനം ചെയ്യുന്നു. എഴുത്തച്ഛന്റെ അധ്യാത്മരാമായണം കിളിപ്പാട്ട്, ഭാരതം കിളിപ്പാട്ട് എന്നീ കാവ്യങ്ങളെ മുൻനിർത്തിയാണ് കിളിപ്പാട്ട് എന്ന പ്രസ്ഥാനം വികസിച്ചത്. അറുപത്തിനാല് സർഗങ്ങളടങ്ങിയ അധ്യാത്മരാമായണം ആറ് കാണ്ഡങ്ങളിലായിട്ടാണ് എഴുത്തച്ഛൻ വിവർത്തനം ചെയ്തത്. ബാലകാണ്ഡം, അയോധ്യാകാണ്ഡം, ആരണ്യകാണ്ഡം, കിഷ്കിന്ധാകാണ്ഡം, സുന്ദരകാണ്ഡം, യുദ്ധകാണ്ഡം എന്നിങ്ങനെ. ഭക്തിയിൽ ഉറച്ചുനിന്നുകൊണ്ട് കാവ്യസൗന്ദര്യത്തിന് മാറ്റുകൂട്ടുവാൻ ആവശ്യമായതെന്തും കവി സ്വീകരിച്ചു. അല്ലാത്തവയെ ഒഴിവാക്കുകയും ചെയ്തു. ഇങ്ങനെയുള്ള ഒഴിവാക്കലാണ് രാമായണ-ഭാരത സംക്ഷേപങ്ങളുടെ കാതൽ.

കിളിപ്പാട്ട് രീതിയുടെ ഉപജ്ഞാതാവ് എഴുത്തച്ഛനാണെങ്കിലും കിളിയെകൊണ്ട് പാടിക്കുന്ന ചില 'പക്ഷിപ്പാട്ടുകൾ' പണ്ടേ ഭാഷയിൽ ഉണ്ടായിരുന്നതായി കാണാം. അരയന്നം, കുയിൽ, വണ്ട് മുതലായവയെക്കൊണ്ടും പണ്ട് പാട്ടുകൾ പാടുന്ന പതിവുണ്ടായിരുന്നു. ഏകാദശി മാഹാത്മ്യത്തിൽ വണ്ട്, കുയിൽ, കിളി, അന്നം എന്നീ നാലു ജീവികളും ഓരോ പാദം വീതം പാടുന്നുണ്ട്. തമിഴിലാകട്ടെ 'കിളിദൂത്' അഥവാ 'കിളിവിടുത്ത്' എന്നൊരു സമ്പ്രദായം നിലവിലുണ്ടായിരുന്നു. പഴയ സംഘംകൃതികളിൽ കിളി, അരയന്നം തുടങ്ങിയവയെ സന്ദേശഹരരായി അയയ്ക്കുന്ന പതിവ് കാണുന്നുണ്ട്. കൂടാതെ ഏഴാം നൂറ്റാണ്ടിനുശേഷം വരുന്ന തമിഴ്നാട്ടിലെ മതസാഹിത്യത്തിലും പക്ഷികൾ പ്രത്യക്ഷപ്പെടുന്നുണ്ട്. ശൈവാചാര്യന്മാരായ നായനാർമാരുടെ തേവാരത്തിലും വൈഷ്ണവാചാര്യന്മാരായ ആൾവാർമാരുടെ പ്രബന്ധത്തിലും കിളി, അരയന്നം, വണ്ട് എന്നിവയെ സംബോധന ചെയ്തുകൊണ്ടുള്ള ഗീതങ്ങൾ കാണാം. തിരുജ്ഞാനസംബന്ധരുടെ തേവാരത്തിലും മാണിക്യവാചകരുടെ തിരുവാചകത്തിലും കിളിയെ അഭിസംബോധന ചെയ്യുന്നുണ്ട്. ഇവരായിരിക്കണം എഴുത്തച്ഛന്റെ മാർഗദർശികൾ എന്ന് ഉള്ളൂർ രേഖപ്പെടുത്തുന്നു. കൂടാതെ നമ്മാൾവാരുടെ തിരുവായ്മൊഴിയിലും കിളിയെ കാണാം. സംഘംകൃതികളിൽ കേവലം കവിഭാവനയെന്ന നിലയിലും ശൈവവൈഷ്ണവരുടെ കൃതികളിൽ ആധ്യാത്മികാവശ്യത്തിന് ഉപയോഗപ്പെടുത്തുന്നതുമായ 'കിളിദൂത്' ഇന്നും തമിഴ് കാവ്യങ്ങളിൽ നിലനിൽക്കുന്നു. ഇവയെ പിന്തുടർന്നു വന്ന എഴുത്തച്ഛന്റെ കിളിയും മലയാള കാവ്യശാഖയിൽ പ്രാധാന്യമർഹിക്കുന്ന ഒന്നാണ്.

കേക, കാകളി, കളകാഞ്ചി, അന്നനട എന്നിവയാണ് കിളിപ്പാട്ടിന് ഉപയോഗിക്കുന്ന പ്രധാന വൃത്തങ്ങൾ. മഹാഭാരതം കർണ്ണപർവത്തിലും മൗസലപർവത്തിലുമാണ് അന്നനട ആദ്യമായി കടന്നുവരുന്നത്. വൈചിത്ര്യത്തിനുവേണ്ടി പല പർവങ്ങളുടെയും തുടക്കത്തിൽ മണികാഞ്ചി, ഊനകാകളി എന്നീ വൃത്തങ്ങളും എഴുത്തച്ഛൻ പ്രയോഗിച്ചിട്ടുണ്ട്. കിളിപ്പാട്ട് വൃത്തങ്ങളിൽ എഴുത്തച്ഛൻ ഏറ്റവുമധികം ഉപയോഗിച്ചിട്ടുള്ളത് കാകളിയാണ്. അധ്യാത്മരാമായണത്തിലെ ആറു കാണ്ഡങ്ങളിൽ പകുതിയും, ഭാരതത്തിലെ ഇരുപത്തൊന്ന് പർവങ്ങളിൽ എട്ടും കാകളിയിലാണ്. കളകാഞ്ചി, മണികാഞ്ചി, ഊനകാകളി തുടങ്ങിയതെല്ലാം കാകളിയുടെ ഭേദങ്ങളാണ്. പ്രാചീന ചമ്പുക്കളിലും, സംഘക്കളി, രാമചരിതം തുടങ്ങിയവയിലും ഈ വൃത്തം കാണാവുന്നതാണ്. കിളിപ്പാട്ടുകൾ പാട്ടുകളാണെങ്കിലും ദ്രമിഡസംഘാതാക്ഷരനിബദ്ധമല്ല. മലയാളത്തിന്റെ വ്യാകരണസ്വരൂപത്തിൽ അടിയുറച്ചതും സംസ്കൃതപദങ്ങളെ സ്വാഗതം ചെയ്യുന്നതുമായ


SREENARAYANAGURU OPEN UNIVERSITY

ഒരു സ്വതന്ത്രകാവ്യപ്രസ്ഥാനമാണ് കിളിപ്പാട്ട്. ഇത്തരത്തിൽ സംസ്കൃത ദ്രാവിഡപദങ്ങളുടെ ഉചിതമായ സംയോജനം എഴുത്തച്ഛൻ കൃതികളിൽ പ്രകടമാണ്. ഇതാണ് അദ്ദേഹത്തിന്റെ ഭാഷയുടെ നവീനതയും. അധ്യാത്മസാഹിത്യത്തിന്റെ പ്രകാശനത്തിനുള്ള ഉപാധിയായിട്ടാണ് കിളിപ്പാട്ട് ഉടലെടുത്തത്. ആത്മജ്ഞാനവും മോക്ഷവുമായിരുന്നു എഴുത്തച്ഛന്റെ പ്രധാന ലക്ഷ്യം. അതുകൊണ്ടുതന്നെ ഭക്തിരസത്തെ പരിപോഷിപ്പിക്കുന്നവയാണ് അദ്ദേഹത്തിന്റെ എല്ലാ കൃതികളും.

## 3.1.10 പാന

പാനപ്പാട്ട് എന്ന പേരിൽ ചില ഗാനങ്ങൾ മലയാളത്തിൽ ആദ്യകാലം മുതൽക്കേ പ്രചരിച്ചിരുന്നു. ഭദ്രകാളീക്ഷേത്രങ്ങളിലെ ആരാധനയോടുബന്ധപ്പെട്ട ഒരു ചടങ്ങാണ് പാനകളി. അതിൽ പാടാൻ ഉപയോഗിച്ചിരുന്ന ഗാനാത്മകമായ വൃത്തമാണ് പാന. പാനപ്പാട്ടിലെ സർപ്പിണിവൃത്തം ഭക്തിഭാവത്തിനിണങ്ങുമെന്ന് മനസ്സിലാക്കിയ പൂന്താനം ആ രീതിയിൽ കാവ്യങ്ങൾ രചിച്ചു. 'പാന' എന്ന സാഹിത്യപ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവാണ് പൂന്താനം. പാനപ്പാട്ടിന് സാഹിത്യപദവി നൽകി അതിനെ ഒരു പ്രസ്ഥാനമായി വളർത്താനും പൂന്താനത്തിന് കഴിഞ്ഞു.

## 3.1.11 തുള്ളൽപ്പാട്ടുകൾ

മലയാളത്തിന്റെ തനതുകലാരൂപമാണ് തുള്ളൽ. നൃത്തപ്രധാനമായ ഒരു കലാരൂപമാണിത്. കുഞ്ചൻനമ്പ്യാരാണ് തുള്ളൽപ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവ്. കിളിപ്പാട്ടുകളിലും നാടൻപാട്ടുകളിലും പ്രചാരത്തിലുണ്ടായിരുന്ന ഈണങ്ങളും പ്രയോഗങ്ങളുമാണ് വൃത്തസംബന്ധമായി തുള്ളലുകളിലും കാണുന്നത്. ചടുലമായി വേഗത്തിൽ ചൊല്ലുന്ന രീതിക്ക് ഇണങ്ങുന്നതാണ് തുള്ളൽവൃത്തങ്ങൾ. ഓട്ടൻതുള്ളലിൽ ദ്രുതഗതിയിലും പറയൻതുള്ളലിൽ മന്ദഗതിയിലും ശീതങ്കൻ തുള്ളലിൽ മധ്യഗതിയിലുമാണ് ആലാപനം. കളകാഞ്ചി, കാകളി, തരംഗിണി, മല്ലിക, മഞ്ജരി തുടങ്ങി ഗാനാത്മകങ്ങളായ മിക്ക ഭാഷാവൃത്തങ്ങളും നമ്പ്യാർ തന്റെ തുള്ളലുകളിൽ ഉപയോഗിച്ചിട്ടുണ്ട്. ജനങ്ങളുടെ ജീവിതത്തിൽനിന്ന് കാവ്യവിഷയങ്ങൾ കണ്ടെത്തി അവരിൽനിന്ന് ആവിഷ്കരണ മാതൃകകൾ സ്വീകരിച്ച് അവർക്കുവേണ്ടി കലാവതരണം നടത്തുന്ന ഒരു സമ്പ്രദായമാണ് നമ്പ്യാർ നടപ്പിലാക്കിയത്. അതുകൊണ്ടുതന്നെ പാട്ടുപാരമ്പര്യത്തിന്റെ യഥാർഥ പിന്തുടർച്ചക്കാരനും വക്താവും ആവിഷ്കർത്താവുമായിരുന്നു കുഞ്ചൻനമ്പ്യാരെന്ന് നിസ്സംശയം പറയാം. പുരാണേതിഹാസങ്ങളെ ഇതിവൃത്തമായി സ്വീകരിക്കുമ്പോഴും കേരളീയത നിലനിർത്താനും ദ്രാവിഡവൃത്തങ്ങളിൽ കവിതകൾ എഴുതുവാനും അദ്ദേഹം ശ്രദ്ധിച്ചു. പുരാണകഥകളെ ആദിമധ്യാന്തപ്പൊരുത്തത്തോടെ വളച്ചുകെട്ടില്ലാതെ അവതരിപ്പിക്കുന്ന രീതിയാണ് തുള്ളലിൽ കാണുന്നത്. അതിനനുസരിച്ച് അക്കാലത്ത് നാട്ടിൽ നിലവിലിരുന്ന ഈണങ്ങളെയും താളങ്ങളെയും പാട്ടിൽ ലയിപ്പിക്കുകയാണ് നമ്പ്യാർ ചെയ്തത്. നമ്പ്യാർക്കവിതകൾ സാധാരണജനതയുടെ മനസ്സിലേയ്ക്ക് ഇറങ്ങിച്ചെല്ലാൻ ഈ താളബോധം സഹായിച്ചു. നമ്പ്യാരെ ജനകീയകവി എന്ന് വിളിയ്ക്കാനുള്ള കാരണവും ഇതുതന്നെയാണ്.

## 3.1.12 വഞ്ചിപ്പാട്ട്

പാട്ടുപ്രസ്ഥാനത്തെ കേരളത്തിന്റെ തനതു സാഹിത്യരൂപമെന്ന് വിശേഷിപ്പിക്കുന്നതുപോലെ കേരളത്തിന്റെ തനതുഗാനരൂപങ്ങളിൽ പ്രധാനപ്പെട്ട ഒന്നാണ് വഞ്ചിപ്പാട്ട്. ജലാശയങ്ങളെക്കൊണ്ട് സമൃദ്ധമായ കേരളം അതിന്റെ ഒരാവിഷ്കാരത്തിന് ജലതരംഗങ്ങളുടെ ഈണവും താളവും നൽകിയുണ്ടാക്കിയ ഗാനരൂപമാണ് വഞ്ചിപ്പാട്ടിന്റേത്. ഓളങ്ങളെപ്പോലെ താണും പൊങ്ങിയും പോകുന്ന ആ ഗാനരീതി മനുഷ്യജീവിതത്തിന്റെ സന്തോഷവും ശോകവും ആവിഷ്കരിക്കുന്നതിന് സമർഥമാണ്. ജീവിതക്രമവുമായി നേരിട്ട് ഹൃദയബന്ധം പുലർത്തുന്ന ഈണമായതുകൊണ്ട് കേരളീയരെ സംബന്ധിച്ചിടത്തോളം ഏറെ വികാരസംവേദനക്ഷമതയുള്ള ഗാനരൂപവുമാണിത്. കുചേലവൃത്തം എന്ന കാവ്യം കേരളീയരെ ആഴത്തിൽ സ്പർശിക്കുന്ന ഒന്നായിത്തീർന്നത് അതിലെ വൃത്തമാണെന്ന് പറയാം. ഓളങ്ങളെപ്പോലെ നതവും ഉന്നതവുമായ ഈണമുള്ള നതോന്നതയാണ് കുചേലവൃത്തം വഞ്ചിപ്പാട്ടിന്റെ വൃത്തം. രാമപുരത്തു വാര്യരാണ് കുചേലവൃത്തം വഞ്ചിപ്പാട്ടിന്റെ കർത്താവ്.

SGOU

## 3.1.13 പാട്ടുകൃതികളുടെ ഭാഷാ സവിശേഷതകൾ

പാട്ടുകൃതികളുടെ ഭാഷാപരിണാമത്തെക്കുറിച്ചുള്ള പഠനം കേരള ഭാഷാപരിണാമത്തെക്കുറിച്ചുള്ള പഠനം കൂടെയാണ്. കേരളഭാഷയുടെ പ്രാചീനരൂപം, നമുക്ക് കിട്ടിയിട്ടുള്ളത്. പാട്ടുകൃതികളിൽനിന്നും വൈശികതന്ത്രം പോലുള്ള മണിപ്രവാളകൃതികളിൽനിന്നുമാണ്. മലയാള ഭാഷയുടെ ആവിർഭാവത്തെ സംബന്ധിച്ച ചിന്ത നമ്മെ ആദിദ്രാവിഡ ഭാഷയോളം കൊണ്ടെത്തിക്കുന്നു. ഒരു കാലത്ത് പ്രാചീനഭാരതം മുഴുവൻ വ്യാപിച്ചിരുന്നു എന്ന് കരുതാവുന്നതും ഉത്തരഭാരതം ആര്യന്മാർ കൈയടക്കിയതോടെ ദക്ഷിണദേശത്തു മാത്രമായി ഒതുങ്ങിക്കൂടിയതുമായ ഭാഷയാണ് ആദിദ്രാവിഡം. തമിഴ്പദത്തിന്റെ സംസ്കൃതരൂപമാണ് ദ്രാവിഡം. ആദിദ്രാവിഡമാകട്ടെ ഇന്നത്തെ തമിഴ്, കന്നട, തെലുങ്ക്, മലയാളം, തുളു, കുടക്, ഗോണ്ഡി, ബ്രാഹുയി തുടങ്ങിയ ഭാഷകളുടെ ആദിരൂപത്തെയാണ് കുറിക്കുന്നത്. ദക്ഷിണദേശത്താകെ വ്യാപിച്ചിരുന്ന ഈ ഭാഷയ്ക്ക് പല ദേശഭേദങ്ങളും ഉണ്ടായിരുന്നു. സാമാന്യജനതയുടെ വ്യവഹാരഭാഷയായ ആ ദേശഭേദങ്ങളാണ് കൊടുന്തമിഴ് എന്നറിയപ്പെട്ടിരുന്നതെന്ന് ചില പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു. ക്രിസ്തുവർഷാരംഭത്തിനു മുമ്പുതന്നെ ആദിദ്രാവിഡഭാഷ ഉത്തരദക്ഷിണശാഖകളായി പിരിഞ്ഞു. അതിന്റെ വടക്കൻ ശാഖ പിന്നീട്, അത് പ്രചരിച്ചിരുന്ന ഭൂവിഭാഗത്തിന്റെ വടക്കുകിഴക്കൻ ദേശത്ത് തെലുങ്കായും മറ്റിടങ്ങളിൽ കന്നടമായും വേർപിരിഞ്ഞു.

ആദിദ്രാവിഡഭാഷയുടെ തെക്കൻശാഖയ്ക്കാണ് തമിഴ് എന്ന പേർ വന്നത്. ദ്രാവിഡഭാഷകളിൽ ഏറ്റവും പ്രാചീനമായ സാഹിത്യം നിലവിലുള്ളത് തമിഴിനാണ്. ബി.സി.മൂന്നാം നൂറ്റാണ്ടോടെ അതൊരു സാഹിത്യഭാഷയായി പരിണമിക്കുകയും വ്യാകരണനിയമങ്ങളും മറ്റും ഉണ്ടാവുകയും ചെയ്തു. അതാണ് ചെന്തമിഴ് എന്നും ദേശംതോറും ഭിന്നമായ ദേശഭാഷയാണ് കൊടുന്തമിഴ് എന്നും ചില പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു. ആദിദ്രാവിഡത്തിൽനിന്നും വേർതിരിഞ്ഞ ദക്ഷിണദ്രാവിഡഭാഷയായ തമിഴിനെ പഴന്തമിഴ് എന്നാണ് സി.എൽ. ആന്റണി വിളിക്കുന്നത്. ഇന്നത്തെ മലയാളത്തിന്റെയും തമിഴിന്റെയും പൊതുപ്രാഗ്രൂപമായ ഈ ഭാഷയിലാണ് മലനാട്ടുവഴക്കങ്ങൾ പോലുള്ള സ്വതന്ത്രമായ ദേശ്യഭേദങ്ങളും ഭാഷാഭേദങ്ങളും പ്രവർത്തിച്ചിരുന്നത്.

ബ്രാഹ്മണരുടെയും സംസ്കൃതഭാഷയുടെയും കടന്നുകയറ്റവും ആധിപത്യവും കേരളത്തിൽ രാഷ്ട്രീയവും സാംസ്കാരികവും ഭാഷാപരവുമായ മാറ്റങ്ങൾക്ക് കാരണമായി. തമിഴിന്റെ കേരളത്തിലെ ദേശ്യരൂപം അക്കാലത്തുണ്ടായ സാംസ്കാരികസമ്മർദങ്ങളും സംസ്കൃതത്തിന്റെയും പ്രാകൃതത്തിന്റെയും സ്വാധീനതകളും ഒത്തുചേർന്നപ്പോൾ മലയാളഭാഷയായി പരിണമിച്ചുവെന്ന് മനസ്സിലാക്കാം. തമിഴിനെപ്പോലെത്തന്നെ പ്രത്യേക വ്യക്തിത്വം പുലർത്തുന്ന, എന്നാൽ തമിഴിനോട് ഏറെ അടുത്തുനിൽക്കുന്ന ഭാഷയാണ് മലയാളം. ഈ രണ്ടു പ്രാചീന ഭാഷകളും പ്രത്യേക ഭാഷകളെന്നതിനേക്കാൾ ദ്രാവിഡഗോത്രത്തിൽപ്പെട്ട ഒരേ ഭാഷയുടെ ഉപഭാഷ എന്ന നിലയിലാണ് വിഭിന്നങ്ങളായത് എന്ന ഡോ. ഗുണ്ടർട്ടിന്റെ പ്രസ്താവന ശ്രദ്ധിക്കേണ്ട വസ്തുതയാണ്.

മലയാളത്തിലെ പാട്ടുകവികളെല്ലാം തങ്ങൾ കാവ്യരചന നടത്തുന്നത് പാമരരായ സാധാരണ ജനങ്ങൾക്കുവേണ്ടിയാണെന്ന് തങ്ങളുടെ കാവ്യങ്ങളിൽതന്നെ സാക്ഷ്യപ്പെടുത്തുന്നു. അന്നത്തെ സാമാന്യവ്യവഹാരത്തിലിരുന്ന ഭാഷയാണ് അവർ തങ്ങളുടെ കാവ്യനിർമ്മിതിയ്ക്ക് ഉപയോഗിച്ചതും. എന്നാൽ പാട്ടുകവിതകൾക്ക് മുമ്പേ ഇവിടെയുണ്ടായികുന്ന മണിപ്രവാളത്തിന്റെ സ്വാധീനം സാധാരണ ജനങ്ങളുടെ നിത്യവ്യവഹാരത്തിലേക്കു കൂടി കടന്നുചെന്നപ്പോൾ അത് കുറച്ചുകൂടി കൂടിയ തോതിൽ പില്ക്കാല പാട്ടുകൃതികളിലേക്കും കയറിപ്പറ്റുകയാണുണ്ടായത്. മലനാട്ടു വഴക്കങ്ങൾ ശക്തമായതോടെ മറ്റുപ്രദേശങ്ങളിലെ തമിഴിൽനിന്ന് അകന്നു കഴിഞ്ഞ കേരളത്തിലെ കൊടുന്തമിഴിൽ അധിനിവേശ ഭാഷയായ സംസ്കൃതവും അതിന്റെ ഉല്പന്നമായ മണിപ്രവാളവും നടത്തിയ ശക്തമായ സ്വാധീനമാണ് ആധുനികമലയാളത്തിന്റെ ആവിർഭാവത്തിലേയ്ക്ക് നയിച്ചത്.

SGOU

പാട്ടുസാഹിത്യത്തിലെ ഭാഷയെ വിലയിരുത്തുമ്പോൾ കേരള ഭാഷാപരിണാമത്തെ സംബന്ധിച്ച വസ്തുതകളെല്ലാം ഏറെ പ്രസക്തമായിത്തീരുന്നു. മലയാളത്തിലെ ആദ്യ പാട്ടുകൃതിയായ രാമചരിതത്തിലെ ഭാഷയെക്കുറിച്ച് വിഭിന്നങ്ങളായ അഭിപ്രായങ്ങളാണ് നിലനിൽക്കുന്നത്. ഇതിലെ ഭാഷ ചെന്തമിഴാണെന്നും മലയാളമാണെന്നും അതല്ല മിശ്രരൂപമാണെന്നും മൂന്ന് അഭിപ്രായങ്ങളുണ്ട്. രാമചരിതം മലയാളകാവ്യമോ തമിഴ്കാവ്യമോ എന്ന് തീർച്ചപ്പെടുത്താൻ കഴിയില്ലെന്നും ചില പ്രയോഗങ്ങൾ മലയാളത്തെ അനുസരിക്കുന്നതുകൊണ്ടും ഉല്പത്തി കേരളമായതുകൊണ്ടും മലയാളകാവ്യമെന്ന് പറയാമെങ്കിലും സൂക്ഷ്മമായി പരിശോധിച്ചാൽ ഇതിലെ ഭാഷ തമിഴാണെന്ന് ബോധ്യപ്പെടും എന്ന് ദ്രാവിഡഭാഷാ പണ്ഡിതനായ ടി.എ. ഗോപിനാഥ റാവു അഭിപ്രായപ്പെടുന്നു. പി. ഗോവിന്ദപ്പിള്ളയാകട്ടെ, രാമചരിതത്തിലെ ഭാഷ 'ശുദ്ധമായ ഇലക്കണത്തമിഴ് രീതി വീട്ട് ശുദ്ധമലയാളമാകുന്നതിനുള്ള മാർഗത്തിലായിക്കാണുന്നു'വെന്ന് പറയുന്നു. എന്നാൽ രാമചരിതത്തിലെ ഭാഷ അക്കാലത്തെ മലയാളഭാഷയെ ഉദാഹരിക്കുന്നില്ലെന്നും അത് ചോളഭാഷയും മലയാളഭാഷയും കലർന്ന ഒരു മിശ്രഭാഷയാണെന്നുമാണ് ആർ. നാരായണപ്പണിക്കരുടെ അഭിപ്രായം.

'ദ്രമിഡസംഘാതാക്ഷരനിബദ്ധമെതുകമോന വൃത്തവിശേഷയുക്തം പാട്ട്' എന്ന നിബന്ധന പാട്ടുകൃതികളെ സംബന്ധിച്ചിടത്തോളം എത്രമാത്രം സാധൂകരിക്കാവുന്നതാണ് എന്ന് പരിശോധിക്കാം. ലീലാതിലകത്തിൽ നിർദ്ദേശിച്ചിട്ടുള്ള എല്ലാ നിബന്ധനകളും അനുസരിക്കുന്ന കൃതിയാണ് രാമചരിതം. ഒന്നാം പാട്ടുമുതൽ 1814-ാം പാട്ടുവരെയും ഈ നിബന്ധന അനുവർത്തിച്ചിട്ടുണ്ട്. കൂടാതെ അന്താദിപ്രാസവും ദീക്ഷിക്കുന്നുണ്ട്. ദ്രാവിഡ അക്ഷരമാലയിലുള്ള മുപ്പത് വർണ്ണങ്ങളാണ് കവി ഉപയോഗിച്ചിരിക്കുന്നത്. സംസ്കൃതപദങ്ങൾ തത്സമമായി ഉപയോഗിച്ചിരിക്കുന്നു. സംസ്കൃതാക്ഷരങ്ങൾ ദ്രാവിഡീകരിച്ചാണ് പ്രയോഗിച്ചിരിക്കുന്നത്. വിഭക്ത്യന്ത പദങ്ങളും കുറവല്ല. അനുനാസികാതിപ്രസരം, താലവ്യാദേശം എന്നിവ ഇല്ലാത്ത രൂപങ്ങൾ രാമചരിതത്തിൽ ധാരാളമുണ്ട്. പുരുഷഭേദം ഉള്ളതും ഇല്ലാത്തതുമായ രൂപങ്ങളും കാണാം. അണഞ്ഞ, ഉരഞ്ഞ എന്ന് സ്വരസംവരണം വന്ന രൂപങ്ങളും പിഴൈ, ഇരുന്നമൈ എന്നിങ്ങനെ അതില്ലാത്ത രൂപങ്ങളുമുണ്ട്. അംഗഭംഗം നടപ്പിലാകാത്ത രൂപങ്ങളാണ് പൊതുവെ രാമചരിതത്തിൽ കാണുന്നത്. ലീലാതിലകത്തിൽ പറയുന്ന സന്ധിനിയമങ്ങളും രാമചരിതത്തിലുണ്ട്.

ഭാഷാപരമായും വ്യാകരണപരമായും ഉള്ള കാര്യങ്ങളിൽ രാമചരിതത്തെ പിന്തുടരുന്ന കൃതിയാണ് തിരുനിഴൽമാല. ഈ കൃതിക്ക് മൂന്നു ഭാഗങ്ങളുണ്ട്. 97 പാട്ടുകളും 539 ഈരടികളുമാണ് തിരുനിഴൽമാലയിലുള്ളത്. ഭാഷാപരമായി ഈ കാവ്യത്തിനുള്ള സവിശേഷത ദ്രാവിഡാക്ഷരമാലയിലുള്ള ദ്രാവിഡപദങ്ങളും സംസ്കൃതപദങ്ങളും പ്രയോഗിച്ചിരിക്കുന്നു എന്നതാണ്. അനുനാസികാതിപ്രസരം, താലവ്യാദേശം, സ്വരസംവരണം എന്നീ മാറ്റങ്ങൾ സംഭവിച്ചതും അല്ലാത്തതുമായ രൂപങ്ങൾ ഇതിലുണ്ട്. ഇവയിൽ നിന്നുമുള്ള ക്രമികമായ വളർച്ചയാണ് നിരണം കൃതികളിലുള്ളത്.

നിരണംകവികൾ എന്ന് അറിയപ്പെടുന്നത് നിരണത്ത് രാമൻ, മലയിൻകീഴ് മാധവൻ, വെള്ളാങ്ങല്ലൂർ ശങ്കരൻ എന്നിവരാണ്. രാമായണം, ഭാരതം, ഭാഗവതം, ശിവരാത്രി മാഹാത്മ്യം എന്നിവ രാമപ്പണിക്കരുടേതും ഭാഷാഭഗവദ്ഗീത മാധവപ്പണിക്കരുടേതും ഭാരതമാല ശങ്കരപ്പണിക്കരുടേതുമാണ്. ഭാഷാപരമായും കാവ്യപരമായും സമാനതയുള്ള കാവ്യങ്ങളാണിവ. ദ്രമിഡസംഘാതാക്ഷരപാഠം ഉപേക്ഷിച്ച് സംസ്കൃതപദങ്ങളുടെ തത്സമരൂപങ്ങൾ സ്വീകരിച്ചിരിക്കുന്നു. എതുക, മോന, അന്താദിപ്രാസം എന്നിവ ദീക്ഷിച്ചിട്ടുണ്ട്. അനുനാസികാതിപ്രസരം, താലവ്യാദേശം, സ്വരസംവരണം, അംഗഭംഗം എന്നീ നയങ്ങളുടെ പ്രവർത്തനം വളരെ വേഗത്തിലാണ് ഈ കൃതികളിൽ നടന്നത്. പുരുഷഭേദനിരാസം കൂടുതലായി കാണാം. ചെന്തമിഴ് പദങ്ങളുണ്ടെങ്കിലും എണ്ണത്തിൽ കുറവാണ്. സംസ്കൃതാക്ഷരമാല സ്വീകരിച്ചെങ്കിലും തദ്ഭവപദങ്ങളും ഇടയ്ക്കിടെ കടന്നുവരുന്നുണ്ട്. ഇങ്ങനെ എങ്ങുനിന്നും പൂർണ്ണമായും വിട്ടുപോരാതെ, എങ്ങും എത്തിച്ചേരാതെയുമുള്ള ഒരവസ്ഥയാണ് നിരണംകൃതികളിലേത്. എങ്കിലും ഇവ ഭാഷാചരിത്രത്തിലെ ഒരു പരിണാമഘട്ടത്തെ കുറിക്കുന്നവയാണ്.

SGOU

പാട്ടുസാഹിത്യത്തിലുണ്ടായ ഒരു ജനകീയ കാവ്യമാണ് രാമകഥപ്പാട്ട്. വിരുത്തവും പാട്ടുമായാണ് ഈ കൃതി രചിക്കപ്പെട്ടിട്ടുള്ളത്. 279 വിരുത്തവും 3163 പാട്ടുകളുമാണുള്ളത്. ലീലാതിലകത്തിൽ പറയുന്ന ദ്രമിഡസംഘാതാക്ഷര പാഠത്തെ ഈ കൃതി നിരാകരിച്ചുകൊണ്ട് സംസ്കൃതാക്ഷരങ്ങൾ സ്വീകരിച്ചിരിക്കുന്നു. തമിഴ് പണ്ഡിതനായിരുന്ന അയ്യപ്പിള്ള ആശാൻ മലയാംതമിഴിലാണ് രാമകഥ എഴുതിയതെന്ന് ഉള്ളൂർ അഭിപ്രായപ്പെടുന്നു. തെക്കൻ തിരുവിതാംകൂറിലെ നാടോടിത്തമിഴാണ് ഈ കൃതിയിലെ ഭാഷ. എതുക, മോന, ദ്രാവിഡവൃത്തങ്ങൾ എന്നിവ ദീക്ഷിച്ചിട്ടുണ്ട്. ദ്രാവിഡവൃത്തങ്ങളുടെയും നാടൻഈണങ്ങളുടെയും ധാരാളിത്തവും ഉണ്ട്. അനുനാസികാതിപ്രസരവും താലവ്യാദേശവും ഉള്ളതും ഇല്ലാത്തതുമായ രൂപങ്ങൾ കാണാം. മറ്റുകൃതികളിൽ കാണാത്ത വർണ്ണപരിണാമങ്ങളും സന്ധിരൂപങ്ങളും പീഢം, അധിശയം, ജാംഭവാൻ തുടങ്ങിയ തെറ്റായ പദങ്ങളും രാമകഥപ്പാട്ടിലെ ഭാഷാസവിശേഷതകളാണ്.

കൃഷ്ണഗാഥയും ഭാരതഗാഥയും ഉൾപ്പെടുന്ന ഗാഥാപ്രസ്ഥാനം നിരണം കൃതികളിൽ കാണുന്ന ഭാഷയുടെ വളർച്ചയാണ് സൂചിപ്പിക്കുന്നത്. ഭാഷാപരിണാമത്തിന്റെ കാര്യത്തിൽ വലിയൊരു കുതിച്ചുചാട്ടം തന്നെയാണ് ഇവ നടത്തിയിരിക്കുന്നത്. തമിഴുമായുള്ള സാദൃശ്യം കഴിയുന്നത്ര ഒഴിവാക്കി മലയാളത്തിന്റേതായ ഒരു ഭാഷാശൈലി കൈവന്നതിന്റെ ആദ്യകാഴ്ച കൃഷ്ണഗാഥയിൽ കാണുന്നു. ദ്രമിഡസംഘാതാക്ഷരപാഠം എന്ന സങ്കല്പം ഇല്ലാതായി. എതുക പ്രയോഗിച്ചിട്ടുണ്ട്. എന്നാൽ മോനയും അന്താദിപ്രാസവും ഇല്ലാതായി. വൃത്തവിശേഷയുക്തത (ദ്രാവിഡവൃത്തങ്ങളുടെ ഉപയോഗം) വീഴ്ചയില്ലാതെ തുടർന്നുപോന്നു.

എഴുത്തച്ഛൻകൃതികളോടെ ആരംഭിയ്ക്കുന്ന കിളിപ്പാട്ടുകളാണ് തുടർന്നുവരുന്നത്. നൂറ്റാണ്ടുകളോളം പടർന്നുകിടക്കുന്ന കിളിപ്പാട്ടുകൾ എഴുത്തച്ഛൻകൃതികളിൽ നിന്നും വലിയ വളർച്ച പ്രകടിപ്പിക്കുന്നവയല്ല. എഴുത്തച്ഛൻ കൃതികളിൽ പ്രാചീന തമിഴ് പദങ്ങൾ കുറഞ്ഞുവരുന്നത് കാണാം. സംസ്കൃതപദങ്ങളുടെ തത്സമങ്ങൾ ഉപയോഗിച്ചിട്ടുണ്ട്. ദ്രാമിഡസംഘാതപാഠം, മോന, അന്താദിപ്രാസം എന്നിവ പാടേ ഉപേക്ഷിച്ചു. ആറു നയങ്ങളുടെ പ്രവർത്തനം ഈ കൃതികളിലും പൂർണ്ണമായിക്കാണുന്നില്ല. മണിപ്രവാളത്തിന്റെ ഭാഷാപരവും ശൈലീപരവുമായ നല്ല അംശങ്ങൾ എഴുത്തച്ഛൻ സ്വീകരിച്ചതായി കാണാം. തുടർന്നു വരുന്ന പാട്ടുകൃതികളെല്ലാം ഭാഷാപരമായി കേരളഭാഷയുടെ വികാസപരിണാമങ്ങളുടെ ക്രമികമായ വളർച്ചയെയാണ് സൂചിപ്പിക്കുന്നത്.

## 3.1.14 ക്ലാസ്സിക് കൃതികളുടെ സ്വാധീനം

പാട്ടുപ്രസ്ഥാനത്തിലെ കൃതികളിലെല്ലാം തന്നെ കാവ്യവിഷയം ഇതിഹാസകഥകളോ, ഇതിഹാസകഥയിൽനിന്നും ഉത്ഭവിച്ചവയോ ആണ്. പാമരരായ സാധാരണജനങ്ങളിൽ ഈശ്വരഭക്തി നിറയ്ക്കുവാനാണ് തങ്ങൾ കവിതകൾ രചിക്കുന്നതെന്ന് പാട്ടുകവികൾ പറയുന്നുണ്ട്. അതിനുവേണ്ടി അവർ തെരഞ്ഞെടുത്തത് വൈഷ്ണവമതത്തിലെ പ്രധാന ദേവതകളായ രാമന്റെയും കൃഷ്ണന്റെയും ജീവചരിതങ്ങളാണ്. വാല്മീകിരാമായണത്തിലെ യുദ്ധകാണ്ഡമാണ് രാമചരിതമെഴുതാൻ ചീരാമകവി ഉപജീവിച്ചത്. എന്നാൽ രാമകഥയിൽ കാലത്തിനനുസരിച്ചുണ്ടായ പരിണാമങ്ങൾ തന്റെ കഥാഗതിയിലും മാറ്റം വരുത്താൻ അദ്ദേഹത്തെ പ്രേരിപ്പിച്ചു. വാല്മീകി രാമായണത്തിന്റെ നേർപരിഭാഷയാണ് കണ്ണശ്ശരാമായണം. മഹാഭാരതത്തെ ഉപാദാനമാക്കിയാണ് കണ്ണശ്ശഭാഗവതത്തിന്റെ രചന. ചെറുശ്ശേരിയാകട്ടെ കൃഷ്ണന്റെ ജനനം മുതൽ സ്വർഗാരോഹണം വരെയുള്ള കഥ പറയാൻ ഭാഗവതം ദശമസ്കന്ദത്തെയും മഹാഭാരതത്തിലെ മൗസലപർവത്തെയുമാണ് ആശ്രയിച്ചത്. എഴുത്തച്ഛൻ രാമായണ മഹാഭാരതങ്ങളെ ആശ്രയിച്ചുകൊണ്ടാണ് കൃതികൾ രചിച്ചത്. പിന്നീടു വന്ന പാട്ടുകവികളെല്ലാം ഭാഗവതത്തെ ആധാരമാക്കിക്കൊണ്ടാണ് കൃഷ്ണകാവ്യങ്ങൾ എഴുതിയിട്ടുള്ളത്.

# 1. വിശദപഠനം

## ചെറുശ്ശേരി – ഗോപികാദുഃഖം

### ചെറുശ്ശേരി

ചെറുശ്ശേരി നമ്പൂതിരിയാണ് കൃഷ്ണഗാഥയുടെ കർത്താവ്. ചെറുശ്ശേരി എന്നത് ഇല്ലപ്പേരാണെന്നും അത് ഉത്തരകേരളത്തിലാണെന്നും പൊതുവെ അംഗീകരിക്കപ്പെട്ടിട്ടുള്ള ഒന്നാണ്. എന്നാൽ കവിയെക്കുറിച്ചോ കാലഘട്ടത്തെക്കുറിച്ചോ ഗവേഷകർക്കിടയിൽ യോജിപ്പ് കാണുന്നില്ല. ഉത്തരകേരളത്തിൽ ഇപ്പോഴത്തെ കുറുമ്പ്രനാട്ടു താലൂക്കിൽ വടകര എന്ന സ്ഥലത്ത് ചെറുശ്ശേരി എന്ന ഇല്ലപ്പേരോടുകൂടി ഒരു നമ്പൂതിരി ഉണ്ടായിരുന്നുവെന്നും അദ്ദേഹമാണ് കൃഷ്ണഗാഥയുടെ കർത്താവെന്നും പി. ഗോവിന്ദപ്പിള്ള അവകാശപ്പെടുന്നു. എന്നാൽ അത്തരമൊരു ഇല്ലം ഉണ്ടായിരുന്നില്ലെന്നും പുനം നമ്പൂതിരിയാണ് കൃഷ്ണഗാഥയുടെ കർത്താവെന്നും കവനോദയം മാസികക്കാർ അവകാശപ്പെടുന്നു. സാഹിത്യപഞ്ചാനനാകട്ടെ കൃഷ്ണഗാഥയുടെ കർത്താവ് ചെറുശ്ശേരിയാണെന്ന് സ്ഥാപിക്കുന്നു. ചെറുശ്ശേരി എന്നത് ഗാഥയിൽ ഉപയോഗിക്കുന്ന വൃത്തത്തിന്റെയും ആ കാവ്യത്തിന്റെയും പേരാണെന്നാണ് കുണ്ടൂർ നാരായണമേനോന്റെ വാദം. ചിറയ്ക്കൽ കോവിലകത്തെ ടി. ബാലകൃഷ്ണൻനായർ അവകാശപ്പെടുന്നത്, കൊല്ലവർഷം 621 മുതൽ 650 വരെ കോലത്തുനാട് ഭരിച്ചിരുന്ന ഉദയവർമ്മൻ എന്ന് പേരായ ഒരു രാജാവിന്റെ സദസ്യനായിരുന്നു ചെറുശ്ശേരി എന്നാണ്. ഇത്തരത്തിൽ കവിയെക്കുറിച്ച് വിഭിന്നങ്ങളായ വാദങ്ങൾ ഇന്നും നിലനിൽക്കുന്നുണ്ട്. എങ്കിലും

> "പാലാഴി മാതുതൻ പാലിച്ചുപോരുന്ന
> കോലാധിനാഥനുദയവർമ്മൻ
> ആജ്ഞയെച്ചെയ്കയാലജ്ഞനായുള്ള ഞാൻ
> പ്രാജ്ഞനെന്നിങ്ങനെ ഭാവിച്ചപ്പോൾ" –

എന്ന് കൃതിയുടെ ആരംഭത്തിലും

> "ആജ്ഞയാ കോലഭൂപസ്യാ
> പ്രാജ്ഞസ്യോദയവർമ്മണഃ
> കൃതായാം കൃഷ്ണഗാഥായാം"–

എന്ന് ഗ്രന്ഥത്തിന്റെ അവസാനത്തിലും കാണുന്നതിൽനിന്ന് കോലത്തുനാട് ഭരിച്ചിരുന്ന ഉദയവർമ്മൻ എന്ന രാജാവിന്റെ ആശ്രിതനായിരുന്നു കവി എന്ന് മനസ്സിലാക്കാം.

## കൃഷ്ണഗാഥ

പുരാണേതിഹാസങ്ങളുടെ ആത്മസത്തയെ പിന്തുടരുക എന്നത് പൗരാണികരുടെ ഒരു സ്വഭാവമാണ്. ഇതോടൊപ്പം സമൂഹത്തിലെ നന്മതിന്മകൾ പ്രകാശിപ്പിക്കുവാനുള്ള വൈഭവം കൂടി നേടുമ്പോഴാണ് ഒരു കൃതി ഉദാത്തമാകുന്നത്. കൃഷ്ണഗാഥ ആദ്യന്തം സുന്ദരമായിരിക്കുന്നതും ഇതേ കാരണത്താലാണ്. മലയാളഭാഷയുമായി ചെന്തമിഴും സംസ്കൃതവും ഇടചേർന്നിരുന്ന ഭാഷാമിശ്രണത്തിന്റെ കാലഘട്ടത്തിലാണ് കൃഷ്ണഗാഥയുടെ രചന. എന്നാൽ തമിഴിനോടോ സംസ്കൃതത്തിനോടോ പ്രത്യേകമായി മമതാബന്ധമൊന്നുമില്ലാത്ത ഒരു മലയാളഭാഷ സാധാരണ ജനങ്ങളുടെയിടയിൽ നിലനിന്നിരുന്നു. ആ ജനതക്കിടയിൽ പ്രചാരത്തിലിരുന്ന നാടൻപാട്ടുകൾ അവരുടെ സംസാരഭാഷയിലാണ് രചിക്കപ്പെട്ടത്. ഈ നാടൻശീലുകളുടെ മാതൃകയിൽ രചിക്കപ്പെട്ട കൃതിയാണ് മലയാളഭാഷയിലെ ആദ്യമഹാകാവ്യമായ കൃഷ്ണഗാഥ. തമിഴിനോടോ സംസ്കൃതത്തിനോടോ അതിരുകവിഞ്ഞ താല്പര്യമോ അസഹിഷ്ണുതയോ ചെറുശ്ശേരി പ്രകടിപ്പിച്ചിരുന്നില്ല. സാധാരണക്കാർക്ക് മനസ്സിലാകുന്ന രീതിയിൽ, മലയാളപദങ്ങളെ ലളിതമായ സംസ്കൃതപദങ്ങളിൽ കൂട്ടിക്കലർത്തിയാണ് ചെറുശ്ശേരി കൃഷ്ണപ്പാട്ട് അഥവാ കൃഷ്ണഗാഥ രചിച്ചത്. പ്രത്യക്ഷത്തിൽ സംസ്കൃതപദങ്ങളുണ്ടോ എന്ന് സംശയം തോന്നിപ്പിക്കുംവിധം ആധുനിക ഭാഷാസാരൂപ്യത്തിന്റെ പ്രത്യേകതകൾ മിക്കവാറും കലർന്ന്, പ്രസാദവും മാധുര്യവും നിറഞ്ഞ പ്രമേയത്തിന് ഉചിതമായ ലളിതകോമളപദാവലികൾ കാവ്യത്തിലുടനീളം അണിനിരത്തി, ഒരു നാടോടിപ്പാട്ടിന്റെ ഈണമുള്ള മഞ്ജരീവൃത്തത്തിലാണ് ഗാഥയുടെ രചന.

> "കൈയിൽ കുഴലുണ്ടു കാലിൽ ചിലമ്പുണ്ട്
> മെയ്യിലമ്മാൺപുറ്റ പൂൺപുമുണ്ടേ
> മഞ്ഞൾനിറം തോഞ്ഞ കൂറയുടുത്തുണ്ടു
> മഞ്ജുളമായ മൊഴിയുമുണ്ടേ."

എന്ന് കേൾക്കുമ്പോൾ ഏതോ നാടൻപാട്ടിന്റെ വരികളാണെന്ന തോന്നൽ സാധാരണക്കാരായ വായനക്കാരിൽ ഉണ്ടാവാൻ സാധ്യത ഏറെയാണ്. ഈയൊരു ഈണവും താളവും ഗദ്യത്തിനോട് അടുത്ത് നിൽക്കുന്നതാണ്. കൃഷ്ണഗാഥയുടെ രചനയെക്കുറിച്ചുള്ള ഐതിഹ്യത്തിലും നിറഞ്ഞുനിൽക്കുന്നത് രാജപത്നി പാടിയ താരാട്ടിന്റെ താളമാണ്. കൃഷ്ണഗാഥയുടെ രചനയ്ക്ക് കവിയെ പ്രേരിപ്പിച്ച സംഭവത്തെക്കുറിച്ച് ഒരു ഐതിഹ്യം നിലവിലുണ്ട്. ഒരിയ്ക്കൽ തന്റെ ആശ്രിതന്മാരിൽ ഒരാളും കവിയുമായ ഒരു നമ്പൂതിരിയുമായി കോലത്തിരി രാജാവായ ഉദയവർമ്മൻ ചതുരംഗം കളിച്ചുകൊണ്ടിരിക്കുകയായിരുന്നു. തോൽക്കാൻ തുടങ്ങുന്ന രാജാവിനെ രക്ഷിക്കുന്നതിനായി, കളിയിൽ ശ്രദ്ധിക്കുകയും അതേസമയം അടുത്ത് തൊട്ടിലിൽ കുട്ടിയെ കിടത്തി താരാട്ടുപാടി ഉറക്കുകയും ചെയ്തിരുന്ന രാജപത്നി ആ താരാട്ടിനിടയ്ക്ക് 'ഉന്തുന്തുന്തുന്തുന്ത് ആളെയുന്ത്' എന്ന് അതിന്റെ അനുപല്ലവിയെന്നോണം പാടി. ചതുരംഗക്കരുവായ 'ആളെ' നീക്കാനുള്ള നിർദ്ദേശമാണ് അതെന്ന് മനസ്സിലാക്കിയ രാജാവ് അപ്രകാരം ചെയ്ത് കളിയിൽ വിജയിച്ചു. കളി കഴിഞ്ഞിട്ടും രാജാവിന്റെ മനസ്സിൽ നിറഞ്ഞുനിന്ന ആ താളം കേരളീയ ജനതയുടെ മനസ്സിൽ വേരുറച്ചിരുന്ന താളം തന്നെയായിരുന്നു. ആ വിജയത്തിൽ സന്തുഷ്ടനായ അദ്ദേഹം തന്റെ പത്നി പാടിയ രാഗത്തിൽ പാടത്തക്കവണ്ണം ഒരു കൃതി രചിക്കണമെന്ന് നമ്പൂതിരിയോട് ആജ്ഞാപിച്ചു. ആ ആജ്ഞയനുസരിച്ച് കവി 'സംസാരമോക്ഷത്തിൻ കാരണമായ വൈരാഗ്യം' മനുഷ്യർക്കുണ്ടാക്കുന്നതിനായി കൃഷ്ണഗാഥ രചിച്ചു എന്നാണ് ഐതിഹ്യം.

> "സംസാരമോക്ഷത്തിൻ കാരണമായതോ
> വൈരാഗ്യമെന്നല്ലോ ചൊല്ലിക്കേൾപ്പൂ
> എന്നതുതന്നെ വരുത്തി നിന്നീടുവാൻ
> ഇന്നിതുതന്നെ ഞാൻ നിർമ്മിക്കുന്നു."

ഭാഗവതം, ബ്രഹ്മവൈവർത്തം എന്നീ പുരാണങ്ങളിലും മഹാഭാരതത്തിലുമാണ് ശ്രീകൃഷ്ണന്റെ കഥ വിസ്തരിച്ച് പ്രതിപാദിക്കുന്നത്. സംസ്കൃതത്തിലെ ഈ ഗ്രന്ഥങ്ങളെ ഉപജീവിച്ചുകൊണ്ടാണ് മലയാളത്തിലും കൃഷ്ണകഥകൾ എഴുതപ്പെട്ടിട്ടുള്ളത്. കൃഷ്ണഗാഥയും ഇതിൽനിന്ന് വിഭിന്നമല്ല. കാവ്യപരമായ പ്രത്യേകതകൾ ഏറെയുള്ളതാണ് ചെറുശ്ശേരിയുടെ കൃഷ്ണഗാഥ അഥവാ കൃഷ്ണപ്പാട്ട്. പതിനഞ്ചാം നൂറ്റാണ്ടിൽ രചിക്കപ്പെട്ട ഈ കൃതി മലയാളിയുടെ മനസ്സിലും ജീവിതത്തിലും സുപ്രധാനമായ സ്വാധീനം ചെലുത്തിയിരുന്നു.

## ഗോപികാദുഃഖം

കൃഷ്ണഗാഥാരചനയ്ക്ക് വിഷ്ണുഭാഗവതമെന്ന സംസ്കൃതകൃതിയെയാണ് ചെറുശ്ശേരി മുഖ്യമായും ആധാരമാക്കിയിട്ടുള്ളത്. പന്ത്രണ്ടു സ്കന്ദങ്ങളിലായി എഴുതപ്പെട്ട ഭാഗവതത്തിലെ പത്താമത്തെ സ്കന്ദത്തിലാണ് ശ്രീകൃഷ്ണന്റെ ജനനം മുതൽ സ്വർഗാരോഹണം വരെയുള്ള ജീവിതകഥ ഉൾപ്പെടുത്തിയിരിക്കുന്നത്. കൃഷ്ണന്റെ ലീലാവിലാസങ്ങളെ വർണ്ണിക്കുന്ന കൂട്ടത്തിലാണ് ഗോപികാദുഃഖം എന്ന ഭാഗം ഉൾപ്പെട്ടിരിക്കുന്നത്. ഇതിൽ 1498 വരികളാണുള്ളത്. അമ്പാടിയിലെ കാമിനിമാരായ ഗോപസ്ത്രീകൾക്ക് ശ്രീകൃഷ്ണനോട് സ്നേഹം തോന്നുകയാൽ അവർ കാമപരവശരായിത്തീരുന്നു. ഭർത്താവിനോടൊത്ത് രമിക്കുന്ന വേളയിലും കൃഷ്ണനോടൊത്ത് രമിക്കുന്നുവെന്ന ഭാവനയിലാണവർ. ഒന്നിലും സംതൃപ്തി നേടാനാവാത്ത അവർ കണ്ണന്റെ മുരളീഗാനത്തിൽ ആകൃഷ്ടരായി കാട്ടിലേയ്ക്ക് ഓടുന്നു. ബന്ധുക്കളുടെയും ശുഭകാംക്ഷികളായ മറ്റുള്ളവരുടെയും എതിർപ്പുകളെ അവഗണിച്ച് കാനനത്തിൽ ഓടിയെത്തിയ ഗോപികമാർ കണ്ണനെ ചുറ്റിനിൽക്കുകയും അവരുടെ ആവേശം അദ്ദേഹത്തെ അറിയിയ്ക്കുകയും ചെയ്തു.

കാനനഭംഗി കാണാനാണ് വന്നതെങ്കിൽ കണ്ടുകഴിഞ്ഞ് എല്ലാവരും അവരവരുടെ വീടുകളിലേയ്ക്ക് പോകുവാൻ കാപട്യത്തോടെ കണ്ണൻ അവരോട് ആവശ്യപ്പെട്ടു. പെട്ടെന്ന് ഗോപസ്ത്രീകൾ കണ്ണീരൊഴുക്കുകയും കണ്ണന്റെ കരളലിയിക്കുകയും ചെയ്തു. മധുരവാക്കുകളോതിയും മാദകലീലകൾ ചെയ്തും കാമിനിമാരെ ആനന്ദിപ്പിച്ചുകൊണ്ട് കൃഷ്ണൻ കാട്ടിലെങ്ങും നടന്നു. പിന്നീട്, ഭഗവാനായ കൃഷ്ണന് തങ്ങൾ പ്രാണങ്ങളാണെന്നും തങ്ങളെ കൂടാതെ അദ്ദേഹത്തിന് ജീവിക്കാൻ സാധിക്കില്ലെന്നും ധരിച്ച കാമിനി

SGOU

മാർ അഹങ്കാരികളായി മാറി. അസാധാരണവും അസഹ്യവുമായ അവരുടെ പ്രകടനങ്ങൾ ശ്രീകൃഷ്ണനെ തെല്ലൊന്ന് ചിന്താധീനനാക്കി. ഒരു ചെറിയ കപടനാടകമാടുവാൻ അദ്ദേഹം തീരുമാനിച്ചു.

ഗോപസ്ത്രീകൾ എല്ലാവരും ആനന്ദമത്തരായി നില്ക്കെ കാനനമധ്യത്തിൽനിന്ന് കൃഷ്ണൻ പെട്ടെന്ന് അപ്രത്യക്ഷനായി. ഗോപികമാരെ ഒരു പാഠം പഠിപ്പിക്കുന്നതിനുവേണ്ടിയാണ് ഭഗവാൻ അങ്ങനെ ചെയ്തത്. ഗോപികമാരാകട്ടെ, പരിഭ്രാന്തരായി കാടുനീളെ കണ്ണനെത്തേടി അലഞ്ഞു. കണ്ണിൽപ്പെട്ട കാട്ടുമരങ്ങളോടും കാട്ടുജീവികളോടും പക്ഷികളോടുമെല്ലാം കണ്ണനെ കണ്ടോ എന്നന്വേഷിച്ച് കരഞ്ഞും ദുഃഖംപേറിയും അവർ കഷ്ടപ്പെട്ടു. ആ സമയം, കണ്ണനാകട്ടെ നീളയെന്ന മറ്റൊരു ഗോപസ്ത്രീയുമായി വനത്തിലൊരു ഭാഗത്ത് ആനന്ദനൃത്തമാടുകയായിരുന്നു. അഹങ്കാരിയായി മാറിയ നീളയെയും അദ്ദേഹം ഒരു പാഠം പഠിപ്പിച്ചു. അവസാനം നീളയും മറ്റു ഗോപികമാരും ഒരിടത്ത് ഒന്നിക്കുകയും കണ്ണന്റെ വൈഭവങ്ങളെപ്പറ്റി പുകഴ്ത്തുകയും അഹങ്കാരമെല്ലാം അകന്ന് ശാന്തപ്രകൃതികളായി അവർ മാറുകയും ചെയ്തപ്പോൾ കൃഷ്ണസാന്നിധ്യം അവർക്ക് ലഭിക്കുകയും ചെയ്തു. ഗോപികാദുഃഖത്തിലെ പ്രമേയമിതാണ്. അനുഭവപാഠത്തേക്കാൾ മികച്ച ഗുരു വേറെയില്ലെന്ന് ഗോപികമാരെ പഠിപ്പിച്ച ശ്രീകൃഷ്ണന്റെ അത്ഭുതവ്യക്തിത്വത്തിൽ വായനക്കാർ അമ്പരന്നുപോകുംവിധമാണ് ഈ കഥാഭാഗത്തെ ചെറുശ്ശേരി അവതരിപ്പിച്ചിരിക്കുന്നത്.

## രസഭാവനിരൂപണം

പദപ്രയോഗം, വർണ്ണന, അലങ്കാരങ്ങൾ, കല്പനകൾ എന്നിവയിലൂടെ വ്യഞ്ജിക്കുന്ന വികാരങ്ങളുടെയും, വിഭാവം, അനുഭാവം, സഞ്ചാരീഭാവങ്ങൾ എന്നിവയുടെ സംയോഗത്തോടുകൂടിയ സ്ഥായിഭാവങ്ങളുടെയും അവയിൽനിന്ന് അനുവാചക ഹൃദയങ്ങളിലുണ്ടാകുന്ന രസങ്ങളുടെയും നിരൂപണമാണ് രസഭാവനിരൂപണം. ചെറുശ്ശേരിക്ക് വിവിധ രസങ്ങളെ പരിസ്ഫുരിപ്പിക്കാൻ അനായാസേന സാധിച്ചിട്ടുണ്ട്. ശൃംഗാരം, ഹാസ്യം, കരുണം എന്നിങ്ങനെയുള്ള രസങ്ങളെ ആവിഷ്കരിക്കാനും അവ സഹൃദയന്റെ മനസ്സിൽ തത്തുല്യമായ രസഭാവങ്ങളുണർത്തുവാനും ഉള്ള കവിയുടെ പാടവം അസാമാന്യമാണ്. ഗോപികാദുഃഖത്തിലെ മുഖ്യരസത്തെക്കുറിച്ച് ചിന്തിക്കുമ്പോൾ പെട്ടെന്നു തോന്നുക കരുണമെന്നായിരിയ്ക്കും. അതിനു കാരണം ഗോപികമാരുടെ ദുഃഖമാണ് വിഷയം എന്നതുതന്നെ. എന്നാൽ ശോകത്തിനുപകരം ഹാസ്യമാണ് അനുവാചകരിൽ ഉണർത്തുന്ന രസം. വർണ്ണനാപ്രധാനങ്ങളായ ഭാഗങ്ങളിലുടനീളം അഭിവ്യഞ്ജിക്കുന്ന സ്ഥായിഭാവം രതിയാണ്. ഗോപികമാരും കാമുകന്മാരുമായി രമിക്കുന്ന സന്ദർഭങ്ങളിലും ശ്രീകൃഷ്ണനെ കാമിച്ചുകൊണ്ട് കാമിനിമാർ കാമപാരവശ്യം നടിക്കുന്ന സന്ദർഭങ്ങളിലും മുഖ്യമായി പ്രത്യക്ഷപ്പെടുന്ന രസം സംഭോഗശൃംഗാരമാണുതാനും. എന്നാൽ ശ്രീകൃഷ്ണനെ കാണാതെ വേദനിച്ച് ഉഴറി നടക്കുന്ന ഗോപസ്ത്രീകളുടെ ഭാവങ്ങളെ വർണ്ണിക്കുന്ന ഘട്ടങ്ങളിലെല്ലാം ശോകഹേതു പരിഹാസ്യമാകയാൽ, ഹാസ്യം എന്ന രസത്തിനാണ് ഈ ഭാഗത്ത് പ്രാധാന്യമുള്ളത് എന്ന് കാണാം.

ഇതിലെ നായകൻ ശ്രീകൃഷ്ണനാണ്. എന്നാൽ നായകനെ അവലംബിച്ചല്ല, നായികമാരായ ഗോപികമാരെ ആശ്രയിച്ചാണ് കഥ നടക്കുന്നത്. നായികമാരുടെ വിഭ്രമാദിവികാരങ്ങൾക്ക് അടിസ്ഥാനം അവർക്ക് നായകനോടുള്ള പ്രണയമാണ്. ആ വിധത്തിൽ മാത്രമാണ് കൃഷ്ണൻ ആലംബനവിഭാവമാകുന്നത്. കാമദേവനും, കാടും, കാറ്റും, പൂക്കാലവും, വണ്ടും മറ്റും ഉദ്ദീപനവിഭാവങ്ങളായി മാറുന്നു. കാമുകരൊത്ത് ഉല്ലസിക്കുന്ന നായികമാരുടെ പ്രവൃത്തികൾ വർണ്ണിക്കുമ്പോൾ സംഭോഗശൃംഗാരവും കൃഷ്ണനെ തേടി അലയുമ്പോൾ വിപ്രലംഭമായ ശൃംഗാരവും പ്രകടമാകുന്നു. നായികമാർ ഓരോന്ന് പറയുന്നതും നീളയെ കണ്ടുമുട്ടുമ്പോൾ അവർ അവളോടു സംഭാഷണം ചെയ്യുന്നതുമെല്ലാം സഞ്ചാരീഭാവങ്ങളാണ്. അങ്ങനെ ഗോപസ്ത്രീകളും കൃഷ്ണനുമാകുന്ന ആലംബനവിഭാവത്തിന്റെയും മേൽപ്പറഞ്ഞ ഉദ്ദീപനവിഭാവങ്ങളുടെയും സമ്മേളനത്താൽ രതി എന്ന സ്ഥായിഭാവം ശൃംഗാരമായി പരിണമിക്കുകയാണ് ചെയ്യുന്നത്.

ശൃംഗാരത്തിന് ഇതിൽ അംഗത്തിന്റെ സ്ഥാനമേയുള്ളൂ. അംഗിയായ രസം ഹാസ്യമാണ്.

SGOU

കൃഷ്ണൻ ഇവിടെ കപടനാടകമാടുകയാണ് ചെയ്യുന്നത്. അഹങ്കാരം ആർക്കും ഒരിയ്ക്കലും പാടില്ല എന്ന തത്വം കാമിനിമാരെ പഠിപ്പിക്കണമെന്നതായിരുന്നു കൃഷ്ണന്റെ ലക്ഷ്യം. അതിനുവേണ്ടിയാണ് ഗോപസ്ത്രീകളെ അദ്ദേഹം കാട്ടിൽ തനിച്ചാക്കിയത്. ഈ കാര്യം വായനക്കാർക്ക് വ്യക്തമായി അറിയാവുന്നതുകൊണ്ട് ഗോപികമാരുടെ ദുഃഖം ഒരു തരത്തിലും ശോകമായി അനുവാചകരിൽ പരിണമിക്കുന്നില്ല. മറിച്ച് മായാജാലത്തിൽ നിന്നും കാപട്യത്തിന്റെ സുഗമമായ പുരോഗതിയിൽനിന്നും ഗോപസ്ത്രീകളുടെ കാമക്കൂത്തുകളിൽനിന്നും പ്രേരകമായുദിച്ച പരിഹാസം സ്ഥായിയായിത്തീർന്ന് അനുഭവത്തിൽ ഹാസ്യമായി അവശേഷിക്കുകയാണ് ചെയ്യുന്നത്.

## വരികൾ

1. അമ്പാടിതന്നിലേ വമ്പോലും വാണിമാർ
സംഭ്രമിച്ചോരോരോ വീടുതോറും
ഇമ്പമിയന്നുള്ളോരന്തിമയക്കില-
ങ്ങമ്പിനാരോരോ വേലകളിൽ
കണ്ണനിലുള്ളൊരു കാമം തഴയ്ക്കയാൽ
തിണ്ണം തളർന്നൊരു മെയ്യുമായി.
പാൽക്കുഴതന്നെയെടുത്തങ്ങു ചെന്നിട്ടു
ഗോക്കളെ നിന്നു കറന്നാരപ്പോൾ.
ആക്കമിയന്നുള്ള ചേൽക്കണ്ണിമാർ ചിലർ
പാൽക്കലമൊക്കവേ തീക്കൽവച്ച്
ബാലകന്തന്നുടെ ലീലകൾ പാടീട്ടു
പാലു തികത്തിനാർ മെല്ലെ മെല്ലെ
തന്മകന്തന്നെയെടുത്തങ്ങു ലാളിച്ചു
നന്മുല നല്കിനാളങ്ങൊരുത്തി
ഭ്രാതൃജനങ്ങളിരുന്നവർമുന്നല-
ങ്ങോദനം തന്നെയുമാദരമായ്
ഭോജനഭാജനം തന്നിൽ പകുത്തങ്ങു
യോജനംചെയ്താളേ മറ്റൊരുത്തി.
വേണുന്ന കാമുകന്താനുമായമ്പിനോ-
ടൂണു തുടങ്ങിനാളങ്ങൊരുത്തി.
മോഹനമന്ദിരം തന്നിലകംപുക്കു
മോദമിയന്നങ്ങു നിന്നു പിന്നെ
ശില്പമെഴുന്നൊരു തല്പം വിരിച്ചിട്ടു
നല്പരിചാക്കിനാൾ മറ്റൊരുത്തി.
ഉറ്റോരുമായിട്ടു കട്ടിൽകരേറീട്ടു
വെറ്റില തിന്നുതുടങ്ങി ചിലർ.
അംഗജനുള്ളൊരു ശൃംഗാരപൂജത-
ന്നംഗങ്ങളായുള്ള സാധനങ്ങൾ
ഇച്ഛ തിരണ്ടൊരു മച്ചകംതന്നിലേ
പച്ചപ്പെടുമ്മാറു വച്ചു ചെമ്മെ:
പുഷ്പങ്ങളും മറ്റു ചന്ദനം കുങ്കുമം
തല്പസമീപത്തിൽ വച്ചുടനെ
മല്ലികാമാലയും മുല്ലതൻ മാലയും
നല്ല വിതാനത്തിൽ തൂക്കി മെല്ലെ.
കസ്തൂരിതന്നെപ്പനിനീരിൽ ചാലിച്ചു
കട്ടിൽക്കലൊക്കെത്തളിച്ചു ചെമ്മെ;
ദീപിച്ചു നിന്നൊരു ദീപവും വച്ചുടൻ
ധൂപിച്ചാളങ്ങകംതന്നിലെങ്ങും.
പാക്കും പഴുക്കയുമാപാദിച്ചമ്പോടു
പാർത്തിട്ടു നിന്നാളെ മറ്റൊരുത്തി.

## അർഥവിശകലനം

| | | |
|---|---|---|
| വമ്പോലും വാണിമാർ | = | മെച്ചമാർന്ന മൊഴികളോടുകൂടിയവർ |
| തിണ്ണം | = | ബലമായി |
| തഴയ്ക്കുക | = | വളരുക |
| ആക്കം | = | ശക്തി |
| തല്പം | = | കിടക്ക |
| ചേൽക്കണ്ണി | = | സുന്ദരി |
| ഓദനം | = | ചോറ് |
| യോജനം ചെയ്യുക | = | ചേർത്ത് വയ്ക്കുക |
| അൻപിനോട് | = | പ്രീതിയോട് |
| മോദം ഇയന്ന് | = | സന്തോഷത്തോടുകൂടി |
| പച്ചപ്പെടുമാറ് | = | അകൃത്രിമമായി |

## ആശയവിശദീകരണം

അമ്പാടിയിലെ ഗോപവനിതമാർക്ക് ‘കണ്ണനിൽ കാമംതഴച്ചപ്പോൾ’ അവർക്കുണ്ടായ ചാപല്യങ്ങളെ കവി ഇത്തരത്തിലാണ് വർണ്ണിക്കുന്നത്. സന്ധ്യാസമയത്ത് അവർ ഓരോരോ ജോലികളിൽ മുഴുകി. എന്നാൽ കണ്ണനിലുള്ള കാമം അവരെ സംഭ്രമിപ്പിച്ചു. എന്താണ് ചെയ്യേണ്ടത് എന്നറിയാത്ത മനോനിലയിൽ അവർ എത്തി. അന്തിയായ ആ നേരത്ത് ചിലർ പശുക്കളെ കറക്കാൻ തുടങ്ങി. മറ്റു ചിലരാകട്ടെ, പാൽക്കലം അടുപ്പത്ത് വെച്ച് കണ്ണന്റെ ലീലകൾ പാടി പാൽ തിളപ്പിച്ചു. ഒരുത്തി തന്റെ മകനെയെടുത്ത് മുലയൂട്ടാൻ തുടങ്ങിയപ്പോൾ മറ്റൊരുത്തിയാകട്ടെ, വീട്ടിലുള്ളവർക്ക് പാൽച്ചോറ് വിളമ്പി. തന്റെ കാമുകനോടൊത്ത് ഊണു കഴിക്കാൻ ഒരു

SGOU

വൾ ആരംഭിച്ചു. മറ്റു ചിലരാകട്ടെ കിടക്ക വിരിച്ച്, ഭർത്താക്കന്മാരുമായി കിടക്കാൻ തുടങ്ങി. പിന്നീട് അവരുടെ ശൃംഗാരപൂജക്കുള്ള ഒരുക്കങ്ങളായി. പൂക്കൾ, ചന്ദനം, കുങ്കുമം എന്നിവ അടുത്തുള്ള തല്പത്തിൽ വെച്ചു. മല്ലികയും മുല്ലയും കോർത്ത മാലകൾ വിതാനത്തിൽ തൂക്കി. കസ്തൂരി പനിനീരിൽ ചാലിച്ച് കട്ടിലിൽ തളിച്ചു. വെറ്റിലയും അടക്കയും ചേർത്ത് ഒരുവൾ മുറുക്കാൻ തുടങ്ങി.

2. ഉൾച്ചേരും കാമുകന്താനുമായമ്പോടു
മച്ചകംതന്നിലടച്ചുകൊണ്ട്,
കച്ചണിക്കൊങ്കയും നല്കി മയങ്ങി നി-
ന്നിച്ഛയിൽ മേവിനാളങ്ങൊരുത്തി.
ചാന്തേലും കൊങ്കയിൽ കാന്തനെച്ചേർത്തങ്ങു
താന്തമാരായിക്കിടന്നു ചിലർ.
ഏറ്റമുവന്നൊരു കാന്തനും താനുമായ്
ചീറ്റംതിരണ്ടേറ്റം നില്ക്കയാലേ
വേഗത്തിൽ പോയങ്ങു വേറേ കിടന്നിട്ടു
വേദന കാട്ടിനാൾ മറ്റൊരുത്തി.
പഞ്ചശരങ്ങൽ തൻനെഞ്ചകം പൂകയാൽ
കിഞ്ചിലഴിഞ്ഞൊരു നീവിയുമായ്
അഞ്ചാതെ ചെന്നു തൻകാമുകൻമെയ് ചേർന്നു
കൊഞ്ചിത്തുടങ്ങിനാളങ്ങൊരുത്തി.
കണ്ണൻമെയ് തന്നെ നിനച്ചു കിടക്കയാൽ
തിണ്ണമഴലുള്ളിൽ പൊങ്ങിപ്പൊങ്ങി
എണ്ണമില്ലാതൊരു പഞ്ചശരം നട്ടു
കണ്ണുനീർ വീഴ്ത്തിനാൾ മറ്റൊരുത്തി.
കണ്ണൻനിറമാണ്ട കായാവിൻപൂവിനേ
പുണ്യമിയന്നൊരു കണ്ണുകൊണ്ട്
നോക്കിനിന്നമ്പോടു ദീർഘമായങ്ങനെ
വീർത്തുതുടങ്ങിനാളങ്ങൊരുത്തി.
കണ്ണുമടച്ചങ്ങുറങ്ങുന്നനേരത്തു
കണ്ണന്മെയ് തന്മെയ്യിൽ ചേർത്തുകണ്ടു
കണ്ണനെന്നോർത്തു തങ്കാമുകൻതന്നെയും
തിണ്ണം തഴുകിനാൾ മറ്റൊരുത്തി.
സംഗമിയന്നൊരു കാമുകൻമേനിചേർ -
ന്നംഗജനാടകമാടുന്നേരം
പുണ്യമിയന്നൊരു കണ്ണന്മെയ് ചിന്തിച്ചു
തിണ്ണം മയങ്ങിനാളങ്ങൊരുത്തി.
തൂമുത്തുലാവിന കൊങ്കയിൽ ചേർത്തുതൻ
പ്രേമത്തെ തൂകുന്ന കാന്തനേയും
വാർമെത്തും കാമക്കൂത്താടുമ്പോൾ കണ്ണന്തൻ
നാമത്തെച്ചൊല്ലി വിളിച്ചുടനെ
നാവും കടിച്ചുകൊണ്ടേതുമനങ്ങാതെ
നാണിച്ചു നിന്നാളേ മറ്റൊരുത്തി.
അത്തൽ പൊറാഞ്ഞുടൻ ചിത്രമെഴുതീട്ടു
ഭിത്തിമേലങ്ങവൻമേനിതന്റെ
അംബുജംവെന്നൊരു കമ്രമുഖംതന്നിൽ
ചുംബിച്ചുനിന്നാളേയങ്ങൊരുത്തി.
കണ്ണിനു നല്ലൊരു തേങ്കുഴമ്പായൊരു
കണ്ണന്മെയ്തന്നിലെ പിന്നെപ്പിന്നെ
സംഗമിയന്നവൾ ചെയ്യുന്ന വേലകൾ
ഇങ്ങനെയെന്നതു ചൊല്ലവല്ലേൻ.

## അർഥവിശകലനം

| | | |
|---|---|---|
| താന്ത | = | തളർന്നവൾ |
| കൊങ്ക | = | മാറിടം |
| ചീറ്റം | = | കോപം |
| നീവി | = | മടിക്കുത്ത് |
| കായാവ് | = | കായാമ്പൂ |
| വീർക്കുക | = | ദീർഘ നിശ്വാസം ചെയ്യുക |
| അഞ്ചാതെ | = | ലജ്ജയില്ലാതെ |
| സംഗം | = | ആഗ്രഹം , ചേർച്ച |
| അംഗജനാടകം | = | കാമക്രീഡ |
| അത്തൽ | = | ദുഃഖം |
| അംബുജം | = | താമര |
| കമ്രം | = | സുന്ദരം |

## ആശയവിശകലനം

ശൃംഗാരമയമായിട്ടാണ് വർണ്ണനകൾ നീണ്ടുപോകുന്നത്. കാമുകന്മാരുടെ കൂടെ കിടന്ന് കാമപാരവശ്യം കാട്ടുമ്പോഴും കണ്ണൻ നിറമാണ്ട കായാവിൻ പൂവിനെയാണ് അവർ മനസ്സിൽ കാണുന്നത്. സ്വന്തം കാമുകനെ കണ്ണനെന്നോർത്ത് തഴുകുകയും കാമനാടകമാടുമ്പോൾ കണ്ണന്റെ മെയ് ചിന്തിച്ച് മയങ്ങുകയും ഗാഢാലിംഗനബദ്ധയായിരിക്കെത്തന്നെ കണ്ണന്റെ പേർ ചൊല്ലി കാമുകനെ വിളിച്ച് നാണിച്ച് നാവും കടിച്ച് നിൽക്കുകയും മറ്റും ചെയ്യുന്ന ഗോപസ്ത്രീകളെയാണ് ഇവിടെ കവി അവതരിപ്പിക്കുന്നത്. സഭ്യതയുടെ സീമകൾ ലംഘിക്കാതെതന്നെ ഭംഗ്യന്തരേണ അത്തരം കാര്യങ്ങൾ കവി ഏറ്റവും ഭംഗിയായി ആവിഷ്കരിക്കുന്നു. മനസ്സിൽ ഒന്ന് നിനച്ച് മറ്റു വേലകൾ ചെയ്യുമ്പോൾ പരസ്പരബന്ധമി

ല്ലാതെയാണ് വരിക. ഇവയെല്ലാം സ്ത്രീകളുടെ ചാപല്യത്തെയാണ് പ്രതിഫലിപ്പിക്കുന്നത്.

3. ഗോകുലനാരികൾ ഓരോരോ വേലയിൽ
ആകുലമാരായി നില്ക്കുന്നേരം
ഉച്ചമെഴുന്നൊരു ഗാനം പോയ് ചെന്നവർ
നൽച്ചെവിതന്നിലകത്തു പുക്ക്
ഊനമകന്നൊരു മാനസംതന്നെയ -
ങ്ങാനന്ദിപ്പിച്ചു നുറുങ്ങുനിന്ന്
'പോരിങ്ങു നീ' എന്നു ചൊല്ലി വലിച്ചിട്ടു
നേരേ നടത്തിത്തുടങ്ങീതപ്പോൾ.
കാമന്താനന്നേരം ഗാനംതൻ പിന്നാലെ
കാമിനിമാരുള്ളിൽ ചെന്നു പുക്ക്
കോമളനായ്നിന്നക്കാമിനിമാരെത്തൻ
കോമരമാക്കിനാനൂക്കിനാലേ.
ഊന്മേൽ മുളച്ച കുരുപോലെ സങ്കടം
മേന്മേലേ പൊങ്ങിന തേന്മൊഴിമാർ
കൈയും മറന്നാരെ മെയ്യും മറന്നാരെ
പൈയും മറന്നാരങ്ങപ്പൊഴുതേ.
താന്താനെടുക്കുന്ന വേലയും കൈവിട്ടു
മാന്താർശരഭ്രാന്തിൽ നീന്തിച്ചെമ്മെ
കാന്തനായുള്ളൊരു കണ്ണൻ മരുവിന
കാന്താരം നോക്കിയങ്ങോടിനാരേ.
ലോചനമൊന്നങ്ങു ലോലമെഴുതീട്ടു
കാചന മറ്റേതെഴുതുംമുമ്പെ
ചാരു മഷിക്കോലും ചാരെപ്പിടിച്ചിട്ടു
ചാടിത്തുടങ്ങിനാളങ്ങു നോക്കി.
കർണ്ണങ്ങളാലൊന്നിൽ കുണ്ഡലം ചേർക്കുമ്പോൾ
കണ്ണന്റെ പാട്ടിനെക്കേട്ടൊരുത്തി
മറ്റേതു ചേർക്കും നിലമങ്ങറിയാതെ
തപ്പിത്തുടങ്ങിനാൾ മെയ്യിലെങ്ങും
ഗാത്രികതന്നെയും ചാർത്തിയരതന്നിൽ
ചേർത്തു തൻകൊങ്കയിൽ കൂറതന്നെ
ചീർത്തൊരു കൊങ്ക പൊറുത്തു വിയർത്തങ്ങു
വീർത്തുകൊണ്ടോടിനാളങ്ങൊരുത്തി.
തൂമുത്തുമാലകൾ കാൽച്ചിലമ്പാക്കിനി-
ന്നോമൽച്ചിലമ്പിനെത്തോൾവളയായ്
മെയ്യിലണിഞ്ഞു ചമഞ്ഞുതുടങ്ങിനാൾ
പയ്യവേ പോവാനായ് മറ്റൊരുത്തി.

സന്മതനാകിന കാന്തനും താനുമായി
മന്മഥക്കൂത്തിനണഞ്ഞു ചെമ്മെ
ചാലേ മുലക്കച്ച കാചിലഴിക്കുമ്പോൾ
കോലക്കുഴൽവിളി കേട്ടു പാഞ്ഞാൾ
വീടികാ കൈക്കൊണ്ടു വീടന്മുഖംതന്നെ -
ത്തേടിക്കൊടുപ്പാന്തുടങ്ങുംനേരം
ചാടിക്കളഞ്ഞുടൻ ചാലപ്പുറപ്പെട്ട -
ങ്ങോടിത്തുടങ്ങിനാൾ മറ്റൊരുത്തി.
അംഗജന്തന്നുടെ സംഗരം തങ്ങൾക്കു
സംഗമിച്ചങ്ങുടൻ നിന്ന നേരം

ഭംഗികലർന്നൊരു പാട്ടിനെക്കേട്ടവൾ
അങ്ങനെ മണ്ടിനാളങ്ങു നോക്കി.
കാന്തന്മാരാർക്കുമക്കാന്തമാരുള്ളിലെ -
ബ്ഭ്രാന്തിന്മരുന്നേതും തോന്നീതില്ലേ.
മാതൃജനങ്ങളും ഭ്രാതൃജനങ്ങളും
ഓതിനാർ പോകൊല്ലായെന്നുതന്നെ.
ബന്ധുക്കളായുള്ള മറ്റുള്ള ലോകരും
എത്തിത്തുടങ്ങുന്നതെന്നു ചൊല്ലി
ചാരത്തു ചെന്നിട്ടിന്നാരിമാർപോക്കിനെ
നേരേ തടുത്തങ്ങു നിന്നാരപ്പോൾ.
ആർക്കുമൊരുവർക്കും പോക്കുതടുപ്പാനാ .-
യൂക്കു പുലമ്പീലയെന്നേ വേണ്ടു -
പോക്കു തടുക്കുന്ന ബന്ധുക്കളെക്കാള -
ങ്ങൂക്കനല്ലോ അങ്ങു നിന്നവൻതാൻ.
വാട്ടമകന്നൊരു കാട്ടുമരങ്ങള-
പ്പാട്ടിനെക്കേൾക്കയാലങ്ങു നോക്കി
ചാഞ്ഞു ചെരിഞ്ഞൊരു നൽവഴിയൂടെ പോയ്
പാഞ്ഞുതുടങ്ങിനാർ പാൽമൊഴിമാർ

## അർഥവിശകലനം

| | | |
|---|---|---|
| കാന്താരം | = | കാട് |
| ലോചനം | = | കണ്ണ് |
| ഗാത്രം | = | ശരീരം |
| മെയ്യ് | = | ശരീരം |
| പൈ | = | വിശപ്പ് |
| മണ്ടുക | = | ഓടുക |
| ഗാത്രിക | = | കഴുത്തിലണിയുന്ന ആഭരണം |
| കാചന | = | ഒരുത്തി |
| മാന്താർ | = | മാവിൻ പൂവ് |
| കൂറ | = | വസ്ത്രം |
| വീടിക | = | താംബൂലം |
| വീടൻ | = | ഭർത്താവ് |
| തൂമ | = | ഭംഗി |



SGOU

## ആശയവിശദീകരണം

ഓരോരോ വേലകളിൽ മുഴുകിയ ആ സമയത്താണ് ഗോപികമാർ കണ്ണന്റെ വേണുഗാനം കേട്ടത്. എന്തു ചെയ്യണമെന്നറിയാതെ അസ്ത്രപ്രജ്ഞരായി നിന്ന അവരെ കാമദേവൻ തന്റെ കോമരമാക്കി മാറ്റി. ഈ ഭാഗം വർണ്ണിക്കുമ്പോൾ ചെറുശ്ശേരിയുടെ ഭാവന അത്യന്തം മനോഹരമായിരിക്കുന്നു. നവീനങ്ങളായ ഉല്ലേഖനങ്ങളാണ് ഈ ഭാഗത്ത് നിബന്ധിച്ചിരിക്കുന്നത്. കൈയും മെയ്യും പയ്യും മറന്ന്, ഊനിന്മേൽ മുളച്ച കുരുവിന്റെ വേദന അനുഭവിച്ചുകൊണ്ട്, തങ്ങൾ ചെയ്യുന്ന വേലകൾ കൈവിട്ട്, കണ്ണനോടുള്ള മാരപാരവശ്യത്താൽ, കണ്ണൻ മരുവുന്ന കാന്താരത്തിലേക്ക് ഓട്ടംതുടങ്ങിയ നാരിമാരെ ഹാസ്യരസം കലർത്തിയാണ് ചെറുശ്ശേരി വർണ്ണിക്കുന്നത്. ഒരുതരം ഭ്രാന്ത് എന്ന് തന്നെയാണ് കവി, ഗോപസ്ത്രീകളുടെ കാമപാരവശ്യത്തെ കരുതുന്നത്. കണ്ണന്റെ അടുത്തേക്ക് ഓടാൻ തുടങ്ങുന്ന അവരിലുണ്ടാകുന്ന വിഭ്രാന്തികളെ വർണ്ണിക്കുമ്പോഴും ചെറിയൊരു ചിരി കവിയുടെ ചുണ്ടിൽ തത്തിക്കളിക്കുന്നതു കാണാം. ഒരു കണ്ണിൽ മഷിയെഴുതി ഇനിയെന്തു ചെയ്യണമെന്നറിയാതെ മഷിക്കോൽ പിടിച്ച്, ഒരു കാതിൽ കമ്മലിട്ട് മറ്റേത് എവിടെയിടണം എന്നറിയാതെ, വസ്ത്രങ്ങൾ തെറ്റിയണിഞ്ഞ്, മാലകൾ കാൽച്ചിലമ്പാക്കി, ചിലമ്പിനെ തോൾവളയാക്കി, ഇത്തരത്തിൽ പല പാരവശ്യങ്ങളും കാട്ടി ഓടുന്ന കാമിനിമാരുടെ ഭ്രാന്തിന് മരുന്നൊന്നും കണ്ടെത്താൻ കാന്തന്മാർക്കും കഴിയുന്നില്ല. കണ്ണന്റെ അടുത്തേക്ക് പോകുന്ന അവരോട് അച്ഛനുമമ്മയും സഹോദരരും മറ്റു ലോകരും പോകരുതെന്ന് വിലക്കിയിട്ടും അവർക്കതിന് കഴിഞ്ഞില്ലെന്ന് കവി പറയുന്നു. അത്രമേൽ ഗോപികമാരുടെ മനസ്സിൽ കണ്ണനോടുള്ള ഇഷ്ടം നിറഞ്ഞു നിന്നിരുന്നു.

4. പ്രേമം തഴയ്ക്കയാൽ മെയ്യിലെഴുന്നോരു
രോമാഞ്ചകഞ്ചുകമാണ്ടു ചെമ്മെ
തേന്തുള്ളിജാലങ്ങളേന്തിവിളങ്ങിന
സാന്ദ്രസരോരുഹമെന്നപോലെ
സ്വേദമിയന്നുള്ളോരോമൽമുഖംതന്നിൽ
തൂമകലർന്നൊരു കാന്തിയുമായ്.
ചെന്തളിർപോലെ ചുവന്നു പതുത്തെങ്ങും
ചന്തമിയന്നുള്ള പാദങ്ങളും
'ഞാന്മുമ്പിൽ, ഞാന്മുമ്പി'ലെന്നങ്ങു തങ്ങളി-
ലാണ്മ തിരണ്ടങ്ങു പേശുകയാൽ
മൂർത്തു ചമഞ്ഞുള്ള കല്ലിലും മുള്ളിലും
ചേർത്തങ്ങു മണ്ടിനാരാർത്തവേഗം.
മാരന്തൻ വീട്ടിന്നു പൊൽക്കമ്പമായ് നിന്നു
ചാരുക്കളായുള്ളോരൂരുക്കളും
ചാലത്തളർന്നങ്ങതേതുമറിയാതെ
നീലക്കാർവേണിമാരോടിയോടി
കണ്ണന്മരുവിന കാന്താരംതന്നിലേ
ചെല്ലത്തുടങ്ങിനാരല്ലലോടെ.
തൂമകലർന്നുള്ള പൂമരമോരോന്നേ
കാമിനിമാരങ്ങു ചെല്ലുംനേരം
മേനിയിൽ മേവിന പൂവുകൾ പൂണ്ടിട്ട -
ങ്ങാനായമാതർതന്മുന്നിൽനിന്ന്
കൂകുന്ന കോകിലനന്മൊഴികൊണ്ടപ്പോൾ
സ്വാഗതമെന്നങ്ങു ചൊല്ലിപ്പിന്നെ
പൂമലരായുള്ള ജാലങ്ങൾതന്നെയും
കാമിനിമാർമെയ്യിൽ തൂകിത്തൂകി
പുന്തേനായ് മേവുന്നൊരർഘ്യജലംകൊണ്ടു
കാന്തമാർക്ലാന്തിയെപ്പോക്കിനിന്നു.
നാരിമാരന്നേരം നാഥനായുള്ളവൻ
ചാരത്തു ചെന്നുടൻ നിന്നു മെല്ലെ
ലോചനദീധിതിജാലമതാകിന
മാലകൾ ചാർത്തിനാർ മെയ്യിലെങ്ങും.
കാർവർണ്ണന്തന്നുടെ കൺമുനയന്നേരം
കാമിനിമാർമുഖംതന്നിൽ ചെന്നു
മേളമിയന്നുള്ള താമരപ്പൂക്കളിൽ
നീളെ നടക്കുന്ന വണ്ടുപോലെ,
നന്മൊഴിയാകിന തേന്തുള്ളികൊണ്ടവർ
കർണ്ണങ്ങളെല്ലാം നിറച്ചാൻ പിന്നെ.

## അർഥവിശകലനം

| | | |
|---|---|---|
| കഞ്ചുകം | = | പുതപ്പ് |
| സ്വേദം | = | വിയർപ്പ് |
| ആണ്മതിരണ്ട് | = | ധീരതയോടുകൂടി |
| പൊൽക്കമ്പം | = | പൊന്നു കൊണ്ടുള്ള തൂണ് |
| ഊരുക്കൾ | = | തുടകൾ |
| ആനായമാതർ | = | ഗോപസ്ത്രീകൾ |
| ക്ലാന്തി | = | ക്ഷീണം |
| ദീധിതി | = | രശ്മി |
| ജാലം | = | കൂട്ടം |
| ഉണ്മ | = | സത്യം |

## ആശയവിശകലനം

സമൃദ്ധവും സമ്പന്നവും നൂതനവുമാണ് ഈ ഭാഗത്തെ വർണ്ണനകൾ. ശ്രീകൃഷ്ണന്റെ വേണുഗാനം കേട്ട് അദ്ദേഹത്തിന്റെ സമീപത്തേക്ക് ഓടിച്ചെന്ന കാമിനിമാരെ കവി വർണ്ണിക്കുന്നു. കൃഷ്ണനോടുള്ള പ്രണയം തേൻതുള്ളികളേന്തി നിൽക്കുന്ന താമരപ്പൂവുപോലെ അവരെ രോമാഞ്ചമണിയിച്ചുവെന്ന കവിയുടെ ഭാവന ഒട്ടും അതിശയോക്തിപരമാകുന്നുമില്ല. കണ്ണന്റെ സന്നിധിയിൽ വേഗമെത്തണമെന്നുള്ള അവരുടെ അഭിനിവേശം അറിഞ്ഞ് പ്രവർത്തിക്കുന്ന പാദങ്ങളുടെ മികവും കവിയുടെ ഭാവനയ്ക്ക് നല്ലൊരു ഉദാഹരണമാണ്. കൂർത്തുമൂർത്ത കല്ലിലും മുള്ളിലും കൂടി വേഗം വേഗം അവർ ഓടി. അവർ കാട്ടിലെത്തിയപ്പോൾ അവിടെ നിന്നിരുന്ന തൂമകലർന്ന പൂമരമോരോന്നും അവരെ സമുചിതമായി സ്വീകരിക്കുന്ന വിധം ചെറുശ്ശേരി വർണ്ണിക്കുന്നു. അവരുടെ മെയ്യിൽ പൂമരങ്ങൾ തങ്ങളുടെ പൂക്കൾ വർഷിച്ചു. പൂന്തേനാകുന്ന അർഘ്യജലം ഗോപികമാരുടെ മെയ്യിൽ തളിച്ച് അവരുടെ ക്ഷീണമകറ്റി. നാരിമാരാകട്ടെ കണ്ണനെ കണ്ട നേരം കടാക്ഷങ്ങളാകുന്ന മാലകൾ കണ്ണന്റെ മെയ്യിൽ ചാർത്തി. കണ്ണന്റെ നോട്ടമാണെങ്കിലോ, മധുവുണ്ട് താമരപ്പൂക്കളിൽ പാറിനടക്കുന്ന വണ്ടിനെപ്പോലെ കാമിനിമാരുടെ മുഖത്ത് ഓടിനടന്നു. ഈ വർണ്ണനകളിൽ നിബന്ധിച്ചിരിക്കുന്ന കല്പനകൾ ആസ്വാദ്യകരങ്ങളാകുന്നത് അവയുടെ പുതുമ കൊണ്ടാണ്.

5. ചാരത്തു പോരികെൻ നാരിമാരെല്ലാരും
ദൂരത്തു നില്ക്കുന്നിതെന്തിങ്ങനെ?
ഇന്നല്ലോയെൻ കണ്ണു ചാലക്കുളുർക്കുന്നു -
തിന്നല്ലോയെന്നുള്ളം വീർത്തുനിന്നു.
നിങ്ങളിക്കാനനംതന്നിലേ വന്നതു
മംഗലമായ് വന്നിതെങ്ങൾക്കിപ്പോൾ.
നിങ്ങളെയിങ്ങനെ ചാരത്തു കാണ്മാനായ്
എങ്ങൾക്കോ വങ്കൊതിയുണ്ടല്ലോതാൻ.
നിങ്ങൾക്കുമങ്ങനെയുണ്ടാകിലേയല്ലോ -
യെങ്ങൾ കൊതിക്കുന്നതുണ്മയാവൂ.
ഇങ്ങനെ ചൊന്നവർ വന്നതിൻമൂലം താ -
നേതുമറിഞ്ഞീലയെന്നപോലെ
പിന്നെയും ചൊല്ലിനാൻ വല്ലവിമാരോടു
ഖിന്നതയുള്ളത്തിൽ ചേർക്കുംവണ്ണം:
അമ്പാടിതന്നിലിന്നാരുമൊരുവർക്കും
തൺപെടുമാറേതും വന്നില്ലല്ലീ?
ഘോരമായുള്ളൊരു രാവെന്തു നിങ്ങളി-
പ്പോരുവാനിങ്ങനെ നാരിമാരേ!
കാട്ടി, കടുവാ,യും കാട്ടാനക്കൂട്ടവും
കാട്ടിൽ നിറഞ്ഞെങ്ങുമുണ്ടല്ലോ താൻ;
വീട്ടിന്നുതന്നെയും പേടിക്കും നിങ്ങളി-
ക്കാട്ടിലേ പോന്നിങ്ങു വന്നതെന്തേ?
കാന്തമായുള്ളൊരു കാന്താരംതന്നുടെ
കാന്തിയെക്കാണ്മാനായെന്നിരിക്കാം.
എങ്കിലോ കണ്ടാലും പൂമരമോരോന്നേ
തങ്കൽ പൊഴിഞ്ഞുള്ള പൂക്കളുമായ്.
ഇമ്പം വളർക്കുന്ന ചെമ്പകംതന്നുടെ
കൊമ്പെല്ലാം കണ്ടാലും പൂത്തതെങ്ങും.
തേന്മാവു പൂത്തതും മേന്മേലേ കണ്ടാലും
ചാൺമേൽ നിടുതായ കണ്ണുകൊണ്ടേ
വല്ലരിജാലങ്ങൾ നല്ല മരങ്ങളെ
മെല്ലെപ്പിടിച്ചങ്ങു പൂണുന്നതും
കോമളനായൊരു രോഹിണീവല്ലഭൻ
തൂമകലർന്നു വിളങ്ങുകയാൽ
ജ്യോൽസ്നയായുള്ളൊരു പാൽക്കളികൊണ്ടുട -
നാർദ്രമായുള്ളൊരു ഭൂതലവും.
കോകിലം പാടുന്ന പാട്ടെല്ലാം കേട്ടാലും
കോകങ്ങൾ തങ്ങളിൽ കൂകുന്നതും.
വേണുന്നതെല്ലാമേ വെവ്വേറെകണ്ടങ്ങു
വേഗത്തിൽ പോകണമല്ലോതാനും.
ബന്ധുക്കളെല്ലാരും നിങ്ങളെക്കാണാഞ്ഞി -
ട്ടെന്തോന്നോ ചെയ്യുന്നോരെന്നേവേണ്ടൂ.
ഗോപന്മാരെല്ലാരും കാണുന്ന നേരത്തു
കോപിച്ചു ചെയ്യുന്ന വേലയെന്തേ?
വൈകല്യമൊന്നിനും വാരാതെകണ്ടങ്ങു
വൈകാതെ പോകണം നിങ്ങളെല്ലാം.

## അർഥവിശകലനം

| | | |
|---|---|---|
| ആനനം | = | മുഖം |
| കാട്ടി | = | കാട്ടുപോത്ത് |
| ചാമ്പിനെടുതായ | = | അല്പം അടഞ്ഞു പോയ |
| കോകിലം | = | കുയിൽ |
| കോകം | = | ചക്രവാകം |
| വല്ലരി ജാലം | = | വള്ളിച്ചെടികളുടെ കൂട്ടം |
| പൂണുക | = | ആലിംഗനം ചെയ്യുക |
| ജ്യോത്സന | = | നിലാവ് |
| വല്ലവി | = | ഗോപസ്ത്രീ |

SGOU

## ആശയ വിശകലനം

ഗോപസ്ത്രീകൾ കൂട്ടംകൂട്ടമായി അസമയത്ത് തന്നെ സമീപിച്ചതിന്റെ കാരണം ഏതുമറിയാത്ത മട്ടിൽ ശ്രീകൃഷ്ണൻ അവരോട് സാധാരണരീതിയിൽ ചോദിക്കുന്നു. ഇത് കവിയുടെ കല്പനയ്ക്ക് നല്ലൊരു ദൃഷ്ടാന്തമാണ്. അമ്പാടിയിൽ ആർക്കും ആപത്തൊന്നുമില്ലല്ലോയെന്ന കണ്ണന്റെ കുസൃതി നിറഞ്ഞ ചോദ്യം വായനക്കാരിലും ഒരു പുഞ്ചിരിയുണർത്താൻ പര്യാപ്തമാണ്. കടുവയും കാട്ടാനയുമൊക്കെയുള്ള ഘോരവനത്തിൽ ആ രാത്രിയിൽ അവർ എത്തിയതിന്റെ കാരണം കണ്ണൻ തിരക്കുന്നു. പിന്നീട് ഒരു കുസൃതിയാലെന്നോണം പൂക്കൾ പൊഴിയ്ക്കുന്ന പൂമരങ്ങളെയും പൂത്തുനിൽക്കുന്ന മരങ്ങളെ പുണർന്നു നിൽക്കുന്ന വല്ലരികളെയും കണ്ണൻ അവർക്ക് കാട്ടിക്കൊടുത്തു. തെറ്റു ചെയ്യുന്ന കൊച്ചുകുട്ടികളെ ഉപദേശിക്കുന്നതുപോലെ പിന്നീട് കൃഷ്ണൻ അവരെ വീട്ടിലേയ്ക്ക് തിരികെ പോകാൻ ഉപദേശിച്ചു. ഹാസ്യരസത്തെ പ്രതിഫലിപ്പിക്കുന്നുവെങ്കിലും ഒരു തത്വോപദേശത്തിന്റെ ഛായയുണ്ട് ഈ ഭാഗത്ത്.

6. കണ്ണന്താനിങ്ങനെ ചൊന്നൊരു നേരത്തു
പെണ്ണുങ്ങളെല്ലാരും കണ്ണുനീരാൽ
കൊങ്കകൾ രണ്ടിലും തങ്കിയിരുന്നൊരു
കുങ്കുമച്ചാറെല്ലാം പോക്കിനിന്നു

ദീനതപൂണ്ടുള്ളൊരാനനംതന്നെയും
ദീർഗ്ഘമായ് വീർത്തങ്ങു വീഴ്ത്തിപ്പിന്നെ
കാൽനഖംകൊണ്ടു നിലത്തു വരച്ചങ്ങു
കാർവർണ്ണന്തന്നോടു മെല്ലെച്ചൊന്നാർ:

കണ്ടാലുമിന്നിപ്പൊഴുണ്ടായൊരത്ഭുതം
പണ്ടെങ്ങളിങ്ങനെ കണ്ടീലെങ്ങും
തേന്മാവുതാനിങ്ങു കാഞ്ഞിരക്കായ്കളെ
മേന്മേലേ കാച്ചതു കണ്ടിരിക്കെ
മാനസംതന്നെ നീ മാനിച്ചുവച്ചല്ലൊ
ദീനത ചേർക്കുന്നൂതെങ്ങൾക്കിപ്പോൾ.
പോവതിന്നോർക്കുമ്പോൾ വേവല്ലൊ മേവുന്നൂ -
താവതോ കേവലമില്ലയല്ലൊ.
കേണുതുടങ്ങിനാർ കേശവൻമുന്നലേ
വീണുടനിങ്ങനെ വല്ലവിമാർ.

## അർഥവിശകലനം

| | | |
|---|---|---|
| കൊങ്ക | = | മാറിടം |
| പോക്കുക | = | കളയുക |
| ആവത് | = | സാധ്യമായത് |

## ആശയ വിശകലനം

വീട്ടിലേക്ക് തിരിച്ചുപോകാനുള്ള കൃഷ്ണന്റെ വാക്കുകൾ കേട്ടപ്പോൾ ഗോപസ്ത്രീകൾ കണ്ണുനീർ തൂകാൻ തുടങ്ങി. അവർ ദീനതയോടെ മുഖം താഴ്ത്തിനിന്നു. തങ്ങളുടെ മനസ്സിൽ വളർന്നുവന്ന സന്തോഷത്തെ കണ്ടില്ലെന്ന് നടിച്ച് പോകാൻ പറയുമ്പോൾ മേലെല്ലാം വേവുന്നുവെന്ന് അവർ വേവലാതിപ്പെട്ടു. കണ്ണന്റെ കാൽക്കൽ വീണുകിടന്ന് ഗോപികമാർ നിലവിളിയ്ക്കാൻ തുടങ്ങി.

## വിശകലനം

ഭാഗവതം ദശമസ്കന്ദത്തെ അധികരിച്ചുണ്ടായ കൃഷ്ണഗാഥയിൽ വർണ്ണനകൾക്ക് ഏറെ ഇടം നൽകുന്ന കാവ്യഭാഗമാണ് ഗോപികാദുഃഖം. വർണ്ണനയാണ് കവിതയ്ക്ക് ചൈതന്യവും ജീവനും നൽകുന്നത്. രമണീയവും സന്ദർഭോചിതവുമായ വർണ്ണനകൾ ചമയ്ക്കാൻ ഭാവനാശക്തി അത്യാവശ്യമാണ്. ചെറുശ്ശേരിയുടെ നർമ്മബോധവും ഭാവനാവ്യാപാരവുമെല്ലാം അദ്ദേഹത്തിന്റെ വർണ്ണനകളിൽ സമ്മേളിക്കുന്നുണ്ട്. നൂതനമായ കല്പനകളും പ്രതിപാദനരീതിയും അദ്ദേഹത്തിന്റെ വർണ്ണനകൾക്ക് പ്രത്യേകമായ ഒരു വ്യക്തിത്വം നൽകുന്നു. അദ്ദേഹത്തിന്റെ വർണ്ണനകളിലെല്ലാം ഫലിതത്തിന്റെ നിഴലാട്ടവും കാണാം. ഗോപികാദുഃഖത്തിലെ വർണ്ണനകൾ ഹ്രസ്വങ്ങളും രസജനകങ്ങളുമാണ്. ഓർത്തോർത്ത് ചിരിയ്ക്കാനും അവ സന്ദർഭം നൽകുന്നുണ്ട്. ശൃംഗാരത്തിന്റെ വിവിധ ഭാവങ്ങളെ പച്ചയായി ആവിഷ്കരിക്കുന്നതിൽ ചിലപ്പോൾ അസ്വാഭാവികത അനുഭവപ്പെടാം. എന്നാൽ ഗോപസ്ത്രീകളുടെ ദുഃഖങ്ങൾ കാണുമ്പോൾ അവരോട് അനുകമ്പയോ അനുതാപമോ അല്ല ഉണ്ടാകുന്നത്. അവരുടെ ദുഃഖകാരണമായ മാരതാപത്തെയോർത്ത് അവരുടെ നേർക്ക് ഹാസ്യമല്ലാതെ മറ്റെന്താണ് തോന്നുക? അഹങ്കാരികളായ ആ സ്ത്രീകൾ അത്രയുമൊക്കെ അനുഭവിക്കേണ്ടതുതന്നെ എന്ന ചിന്തയായിരിയ്ക്കും ഗോപികാദുഃഖം വായിച്ചു കഴിയുമ്പോൾ അനുവാചകരിൽ ഉണ്ടാകുക.

SGOU

## Recap

- സാഹിത്യത്തിന്റെ പ്രാചീനരൂപം വാമൊഴിയിലൂടെ പകർന്നുവന്ന പാട്ടുകളിലാണുള്ളത്
- പാട്ടുപ്രസ്ഥാനത്തിന്റെ ആദ്യരൂപങ്ങൾ നാടൻപാട്ടുകളിൽ കണ്ടെത്താം
- ഭാവം, വർണ്ണന, ആലാപനം എന്നിവയിലുള്ള ലയനമാണ് നാടൻപാട്ടുകളുടെ സവിശേഷത
- കേരളീയവൃത്തങ്ങളുടെ മുഖ്യസ്വഭാവം ആലാപനപരതയാണ്
- മലയാളകവിതയുടെ പ്രധാന സാഹിത്യരൂപങ്ങൾ പാട്ടും മണിപ്രവാളവും ആണ്
- മണിപ്രവാളഭാഷയുടെയും സാഹിത്യത്തിന്റെയും ലക്ഷണഗ്രന്ഥമാണ് ലീലാതിലകം
- പ്രാചീന മണിപ്രവാളചമ്പുക്കൾ - ഉണ്ണിയച്ചീചരിതം, ഉണ്ണിച്ചിരുതേവീചരിതം, ഉണ്ണിയാടീ ചരിതം
- പാട്ടിന്റെ ലക്ഷണം - ദ്രമിഡസംഘാതാക്ഷരനിബദ്ധമെതുകമോന വൃത്തവിശേഷയുക്തം പാട്ട്
- മണിപ്രവാള ലക്ഷണം - ഭാഷാസംസ്കൃതയോഗോ മണിപ്രവാളം
- പുരാണേതിഹാസങ്ങളിൽ നിന്നെടുത്ത കഥകളാണ് പാട്ടുകൃതികളിലെ പ്രമേയം
- 30 അക്ഷരങ്ങളാണ് തമിഴ് അക്ഷരമാലയിലുള്ളത്. 12 സ്വരങ്ങൾ, 18 വ്യഞ്ജനങ്ങൾ
- ദ്രാവിഡവൃത്തങ്ങളാണ് പാട്ടുകൃതികൾക്ക് ഉപയോഗിക്കുന്നത്
- നമുക്ക് ലഭ്യമായിട്ടുള്ള ആദ്യ പാട്ടുകൃതി രാമചരിതമാണ്
- ചീരാമകവിയാണ് രാമചരിതത്തിന്റെ കർത്താവ്
- തിരുനിഴൽച്ചൊല്ല് എന്ന അനുഷ്ഠാനകലയെ ആസ്പദമാക്കി രചിക്കപ്പെട്ട കൃതിയാണ് തിരുനിഴൽമാല
- ആറന്മുളക്ഷേത്രത്തിലെ ദേവനായ ശ്രീകൃഷ്ണന് മലയരയർ നടത്തുന്ന ബലിയാണ് നിഴൽ
- തിരുനിഴൽമാലയുടെ കർത്താവ് ഗോവിന്ദൻ ആണെന്ന് കരുതുന്നു
- മലയാളത്തിലെ ആദ്യത്തെ സമ്പൂർണ്ണ രാമായണകഥാകാവ്യം രാമകഥപ്പാട്ട് ആണ്
- മലയാളത്തിലെ ഇതിഹാസഗാനമെന്ന് രാമകഥപ്പാട്ടിനെ വിളിയ്ക്കുന്നു
- ചന്ദ്രവളയം എന്ന വാദ്യോപകരണം ഉപയോഗിച്ചുകൊണ്ടാണ് രാമകഥപ്പാട്ട് പാടുന്നത്
- പാട്ട് എന്നാണ് ഗാഥയുടെ അർഥം
- കൃഷ്ണഗാഥയ്ക്ക് കൃഷ്ണപ്പാട്ട് എന്നും ചെറുശ്ശേരി എന്നും പേരുകളുണ്ട്
- മഞ്ജരിയെ ഗാഥാവൃത്തം എന്നറിയപ്പെടുന്നു
- കൃഷ്ണഗാഥയിലെ മുഖ്യ അലങ്കാരം ഉത്പ്രേക്ഷ
- വൈദർഭീ രീതിയാണ് ഗാഥയുടേത്
- കിളിപ്പാട്ട് പ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവ് എഴുത്തച്ഛനാണ്
- പ്രധാന കിളിപ്പാട്ട് വൃത്തങ്ങൾ- കേക, കാകളി, കളകാഞ്ചി, അന്നനട
- പാട്ടുകൃതികളുടെ ഭാഷാപരിണാമത്തെക്കുറിച്ചുള്ള പഠനം കേരളഭാഷയുടെ പരിണാമപഠനം കൂടെയാണ്
- മലയാളഭാഷയിലെ ആദ്യമഹാകാവ്യമാണ് കൃഷ്ണഗാഥ
- കോലത്തിരി രാജാവായിരുന്ന ഉദയവർമ്മന്റെ ആശ്രിതനായിരുന്നു ചെറുശ്ശേരി
- മലയാളഭാഷയുമായി ചെന്തമിഴും സംസ്കൃതവും ഇടകലർന്നിരുന്ന ഭാഷാമിശ്രണത്തിന്റെ കാലത്താണ് കൃഷ്ണഗാഥയുടെ രചന
- മലയാളപദങ്ങളെ ലളിതമായ സംസ്കൃതപദങ്ങളിൽ കൂട്ടിക്കലർത്തിയാണ് കൃഷ്ണഗാഥ രചിച്ചിരിക്കുന്നത്

SGOU

- അനുവാചകന്റെ ഇഷ്ടത്തിനൊത്ത്, താളമിട്ട് ആസ്വദിക്കാവുന്ന താരാട്ടുപാട്ടിന്റെ ലയമുള്ള ദ്രാവിഡവൃത്തമാണ് മഞ്ജരി
- കൃഷ്ണഗാഥയുടെ ലക്ഷ്യം സംസാരമോക്ഷത്തിന് കാരണമായ വൈരാഗ്യം മനുഷ്യരിൽ ജനിപ്പിക്കുക എന്നതാണ്
- അനുഭവപാഠത്തേക്കാൾ മികച്ച ഗുരു വേറെയില്ലെന്ന അറിവാണ് ഗോപികാദുഃഖം എന്ന ഭാഗത്തിന്റെ പ്രാധാന്യം
- ഹാസ്യമാണ് ഗോപികാദുഃഖത്തിലെ അംഗിയായ രസം

## Objective Questions

1. മനുഷ്യന്റെ വൈയക്തികമോ സാമൂഹികമോ ആയ വികാരങ്ങൾക്ക് വാമൊഴി രൂപത്തിലുണ്ടായ ആവിഷ്കാരങ്ങൾ എന്ത്?
2. നാടൻപാട്ടുകളുടെ പ്രത്യേകത?
3. കേരളീയ വൃത്തങ്ങളുടെ മുഖ്യസ്വഭാവം?
4. മലയാളകവിതയുടെ പ്രധാനപ്പെട്ട രണ്ട് സാഹിത്യരൂപങ്ങൾ
5. പാട്ടിന്റെയും മണിപ്രവാളത്തിന്റെയും ലക്ഷണഗ്രന്ഥം
6. പ്രാചീന മണിപ്രവാളചമ്പുക്കൾ ഏവ?
7. പാട്ടിന്റെ ലക്ഷണം?
8. ദ്രമിഡസംഘാതാക്ഷരമെന്നാലെന്ത്?
9. എതുക എന്നാലെന്ത്?
10. തമിഴ് അക്ഷരമാലയിലെ സ്വരങ്ങളെത്ര, വ്യഞ്ജനങ്ങളെത്ര?
11. മലയാളത്തിലെ ആദ്യ വ്യാകരണഗ്രന്ഥം?
12. ലീലാതിലകത്തിലെ ഭാഷ?
13. മണിപ്രവാള ലക്ഷണം?
14. ലീലാതിലകത്തിന്റെ രചനാകാലം?
15. പാട്ടുകൃതിയിൽ ഉപയോഗിക്കുന്ന വൃത്തങ്ങൾ?
16. രാമചരിതത്തിന് ആ കൃതിയിൽ പറയുന്ന പേര്?
17. രാമചരിതകർത്താവ്?
18. നിഴൽ എന്ന അനുഷ്ഠാനകലയെ അടിസ്ഥാനമാക്കി രചിക്കപ്പെട്ട കൃതി?
19. തിരുനിഴൽമാലയുടെ രചനാകാലം?
20. നിരണം കവികളെ പറയുന്ന മറ്റൊരു പേര്?
21. കണ്ണശ്ശരാമായണം ആരുടെ കൃതിയാണ്
22. ശിവരാത്രി മാഹാത്മ്യം എഴുതിയത് ആര്?

SGOU

23. ഭഗവത്ഗീതയുടെ കർത്താവ് ?
24. ഭാരതമാല രചിച്ചത് ആര്?
25. കൃഷ്ണഗാഥയിലെ മുഖ്യ വൃത്തം?
26. മാകന്ദമഞ്ജരി എന്ന് വിളിക്കപ്പെടുന്നത് ഏത് വൃത്തമാണ്?
27. കൃഷ്ണഗാഥയുടെ മറ്റൊരു പേര്?
28. താരാട്ടുപാട്ടിന്റെ ഈണമുള്ള വൃത്തം?
29. കൃഷ്ണഗാഥയുടെ കർത്താവ്?
30. 'ഉത്പ്രേക്ഷ കൃഷ്ണഗാഥായാം'- എന്ന് പറഞ്ഞത് ആര്?
31. കൃഷ്ണഗാഥയിലെ അംഗിയായ രസം ശാന്തമാണെന്ന് അഭിപ്രായപ്പെട്ടത് ആര്?
32. ഏത് രാജാവിന്റെ സദസ്യനായിരുന്നു ചെറുശ്ശേരി?
33. കൃഷ്ണഗാഥയുടെ പ്രമേയം എന്ത്?
34. മലയാളത്തിലെ ആദ്യത്തെ സമ്പൂർണ്ണ രാമായണ കഥാകാവ്യം ഏത്?
35. മലയാളത്തിലെ ഇതിഹാസഗാനം എന്നറിയപ്പെടുന്ന കൃതി?
36. തെക്കൻതിരുവിതാംകൂറിലെ വിഷ്ണുക്ഷേത്രങ്ങളിൽ പാടിവരുന്ന ഒരു പാട്ടുകാവ്യം?
37. രാമകഥപ്പാട്ട് പാടുവാൻ ഉപയോഗിക്കുന്ന വാദ്യോപകരണം?
38. കൃഷ്ണഗാഥയുടെ രചനാകാലം?
39. കവനോദയം മാസികക്കാരുടെ അഭിപ്രായത്തിൽ കൃഷ്ണഗാഥയുടെ കർത്താവ് ആരാണ്?
40. ചെറുശ്ശേരി എന്നത് ഗാഥയിൽ ഉപയോഗിക്കുന്ന വൃത്തത്തിന്റെയും ആ കാവ്യത്തിന്റെയും പേരാണെന്ന് അഭിപ്രായപ്പെട്ടത് ആര്?
41. കൃഷ്ണഗാഥയുടെ മറ്റു പേരുകൾ?
42. ഹിന്ദുകുടുംബങ്ങളിൽ ചിങ്ങമാസത്തിൽ പാരായണം ചെയ്തിരുന്ന കാവ്യം?
43. ഗോപികാദുഃഖത്തിലെ മുഖ്യരസം?
44. ഗോപികാദുഃഖത്തിലെ ആലംബന വിഭാവം
45. ഗോപികാദുഃഖത്തിലെ ഉദ്ദീപന വിഭാവങ്ങൾ?
46. ഗോപികാദുഃഖം എന്ന ഭാഗത്തിന്റെ രചനാലക്ഷ്യം എന്ത്?

SGOU

## Answers

1. നാടൻപാട്ടുകൾ
2. രൂപത്തിലും ഭാവത്തിലും വർണ്ണനാപരമായും ആലാപനപരവുമായുള്ള ലയനം.
3. ആലാപനപരത



SREENARAYANAGURU OPEN UNIVERSITY

4. പാട്ടും മണിപ്രവാളവും
5. ലീലാതിലകം
6. ഉണ്ണിയച്ചീചരിതം, ഉണ്ണിച്ചിരുതേവീചരിതം, ഉണ്ണിയാടീചരിതം.
7. ദ്രമിഡസംഘാതാക്ഷരമെതുകമോന വൃത്തവിശേഷയുക്തം പാട്ട്.
8. ദ്രാവിഡ അക്ഷരമാലയിൽ (തമിഴ്) എഴുതപ്പെട്ടത്.
9. നാലുവരി ചേർന്ന ഒരു പാട്ടിലെ ഓരോ വരിയുടെയും രണ്ടാമത്തെ അക്ഷരം ഒരുപോലെ വരുന്നത്.
10. സ്വരങ്ങൾ 12, വ്യഞ്ജനങ്ങൾ 18
11. ലീലാതിലകം
12. സംസ്കൃതം
13. ഭാഷാസംസ്കൃതയോഗോ മണിപ്രവാളം
14. 14-ാംനൂറ്റാണ്ട്
15. ദ്രാവിഡ വൃത്തങ്ങൾ
16. ഇരാമചരിതം
17. ചീരാമകവി
18. തിരുനിഴൽമാല
19. 13-ാം നൂറ്റാണ്ട്
20. കണ്ണശ്ശക്കവികൾ
21. രാമപ്പണിക്കർ
22. രാമപ്പണിക്കർ
23. മലയിൻകീഴ് മാധവപ്പണിക്കർ
24. ശങ്കരപ്പണിക്കർ
25. മഞ്ജരി
26. മഞ്ജരി
27. കൃഷ്ണപ്പാട്ട്
28. മഞ്ജരി
29. ചെറുശ്ശേരി
30. ഉള്ളൂർ
31. ടി. ഭാസ്കരൻ
32. ഉദയവർമ്മൻ കോലത്തിരിയുടെ
33. കൃഷ്ണന്റെ ജനനം മുതൽ സ്വർഗാരോഹണം വരെയുള്ള കഥ
34. രാമകഥപ്പാട്ട്

SGOU

35. രാമകഥപ്പാട്ട്
36. രാമകഥപ്പാട്ട്
37. ചന്ദ്രവളയം
38. പതിനഞ്ചാംനൂറ്റാണ്ട്
39. പുനം നമ്പൂതിരി
40. കുണ്ടൂർ നാരായണ മേനോൻ
41. കൃഷ്ണപ്പാട്ട് , ചെറുശ്ശേരി
42. കൃഷ്ണഗാഥ
43. ഹാസ്യം
44. ശ്രീകൃഷ്ണൻ
45. കാമദേവൻ, കാറ്റ്, പൂക്കാലം, കാട്, വണ്ട് എന്നിവ
46. അനുഭവത്തേക്കാൾ വലിയ ഗുരു വേറെയില്ലെന്ന യാഥാർഥ്യബോധം.

SGOU

## Assignments

1. പാട്ടുകൃതികളുടെ ഭാഷാസവിശേഷതകൾ വിശദമാക്കുക.
2. ഗോപികാദുഃഖത്തിലെ ഹാസ്യരസത്തെക്കുറിച്ച് അപഗ്രഥിക്കുക.
3. ചെറുശ്ശേരിയുടെ വർണ്ണനാപാടവം കൃഷ്ണഗാഥയെ അടിസ്ഥാനമാക്കി ചർച്ച ചെയ്യുക.
4. പാട്ടുകൃതിയെന്ന നിലയിൽ കൃഷ്ണഗാഥയുടെ സവിശേഷതകൾ ഉപന്യസിക്കുക.
5. പാട്ടുസാഹിത്യത്തിൽപ്പെടുന്ന കൃതികളെക്കുറിച്ച് വിശദീകരിക്കുക.

## Reference


1. സി. കൃഷ്ണൻനായർ, പാട്ടുകവിതകളുടെ സാമൂഹികപ്രസക്തി, കേരള ഭാഷാ ഇൻസ്റ്റി റ്റ്യൂട്ട്, തിരുവനന്തപുരം.
2. എൻ. കൃഷ്ണപ്പിള്ള, കൈരളിയുടെ കഥ, സാഹിത്യപ്രവർത്തക സഹകരണ സംഘം, കോട്ടയം.
3. ചെറുശ്ശേരി, കൃഷ്ണഗാഥ , സാഹിത്യപ്രവർത്തക സഹകരണ സംഘം, കോട്ടയം.
4. കെ. എം. ജോർജ്ജ് സാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ, നാഷണൽ ബുക്ക് സ്റ്റാൾ, കോട്ടയം.

## Suggested Reading


1. ഉള്ളൂർ എസ്. പരമേശ്വരയ്യർ, കേരള സാഹിത്യചരിത്രം ഭാഗം 1-2, കേരള സർവകലാശാലാ പ്രസിദ്ധീകരണം, തിരുവനന്തപുരം,
2. എൻ. മുകുന്ദൻ, ഗാഥ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
3. എസ്. രാജശേഖരൻ, പാട്ടുപ്രസ്ഥാനം: പ്രതിരോധവും സമന്വയവും, സാംസ്കാരിക പ്രസിദ്ധീകരണവകുപ്പ്, തിരുവനന്തപുരം.
4. സാം എൻ. (എഡി.), മലയാളസാഹിത്യചരിത്രം ഭാഗം-1 കവിത, കേരള സാഹിത്യ അക്കാദമി, തൃശൂർ


SGOU

# കീർത്തനപ്രസ്ഥാനം

# BLOCK - 04

SGOU

# യൂണിറ്റ് - 1 കീർത്തനപ്രസ്ഥാനം

## Learning Outcomes

- ഭക്തിപ്രസ്ഥാനത്തിന്റെ സാംസ്കാരിക ചരിത്രത്തെക്കുറിച്ച് ധാരണ ലഭിക്കുന്നു
- പൂന്താനം എന്ന കവിയെയും കാലഘട്ടത്തെയും കുറിച്ച് അറിവ് നേടുന്നു
- ജ്ഞാനപ്പാന എന്ന കൃതിയിലെ തത്വചിന്തകളുടെ സാരം ഗ്രഹിക്കുന്നു
- എഴുത്തച്ഛന്റെ കാവ്യശൈലി പരിചയപ്പെടുന്നു
- കിളിപ്പാട്ടുപ്രസ്ഥാനത്തിന്റെ സവിശേഷതകൾ മനസ്സിലാക്കുന്നു
- കിളിപ്പാട്ട് വൃത്തങ്ങളെക്കുറിച്ച് ധാരണ ലഭിക്കുന്നു

## Prerequisite

ക്രിസ്തുവർഷം 15, 16, 17 നൂറ്റാണ്ടുകൾ ഇന്ത്യയുടെ ഇതരഭാഗങ്ങളിലെന്നപോലെ കേരളത്തിലും ആധ്യാത്മിക നവോത്ഥാനത്തിന്റെ കാലഘട്ടമായിരുന്നു. അന്നത്തെ സാമൂഹികവും രാഷ്ട്രീയവുമായ സാഹചര്യങ്ങളാണ് ഇതിന് വഴിയൊരുക്കിയത്. വിദേശികളുടെ ആധിപത്യം, രാജാക്കന്മാർ തമ്മിലുള്ള അധികാരമത്സരം, നിരന്തരകലാപങ്ങൾ, മതപരിവർത്തനം എന്നിവയെല്ലാം ചേർന്ന് ജനങ്ങളുടെ ജീവിതം ദുസ്സഹമാകുന്ന ഒരു അന്തരീക്ഷം സൃഷ്ടിച്ചു. സാധാരണ ജനങ്ങളെ ധർമ്മമാർഗത്തിലേക്ക് നയിക്കാൻ ഭക്തിയോളം ശക്തമായ മറ്റൊരുപാധിയുമില്ലെന്ന ചിന്തയാണ് ഭക്തിപ്രസ്ഥാനത്തിലേയ്ക്ക് വഴിതെളിയിച്ചത്. ആ ലക്ഷ്യം നിറവേറ്റാൻ കവികൾ ഭക്തിസാഹിത്യം രചിക്കുവാൻ തുടങ്ങി. ഈ നവോത്ഥാനത്തിന് നേതൃത്വം നൽകിയത് തുഞ്ചത്ത് രാമാനുജൻഎഴുത്തച്ഛനാണ്. പുരാണേതിഹാസങ്ങളുടെ പുനരാവിഷ്കാരത്തിലൂടെ അദ്ദേഹം ജനങ്ങളിൽ ഭക്തിയുടെ ചിന്തകൾ പകർന്നുനൽകി.

എഴുത്തച്ഛന്റെ ആധ്യാത്മികപ്രഭാവം ഉജ്ജ്വലമായിരുന്ന കാലഘട്ടത്തിൽ കേരളീയസമൂഹത്തെ സ്വാധീനിച്ച മറ്റൊരു ഭക്തകവിയാണ് പൂന്താനം. എഴുത്തച്ഛനും പൂന്താനവും മേൽപ്പത്തൂർ നാരായണഭട്ടതിരിയും ഭക്തിയെ സാമൂഹികപരിഷ്കരണത്തിന് ഉപയോഗിച്ചു. മേല്പത്തൂരിന്റെ സംസ്കൃത കീർത്തനങ്ങൾ പണ്ഡിതലോകത്തെയും എഴുത്തച്ഛന്റെ കിളിപ്പാട്ടുകൾ സാമാന്യജനതയെയും ലക്ഷ്യമാക്കിയപ്പോൾ നിരക്ഷരരായ സാധാരണജനങ്ങളെ തന്റെ പച്ചമലയാളകീർത്തനങ്ങളിലൂടെ ഭക്തിയുടെ ലോകത്തേക്ക് നയിക്കാനാണ് പൂന്താനം ശ്രമിച്ചത്. പൂന്താനത്തിന്റെ ജീവിതവുമായി ബന്ധപ്പെട്ട് ധാരാളം ഐതിഹ്യങ്ങളുണ്ട്. അവയിലെല്ലാം ഗുരുവായൂരപ്പനോടുള്ള ഭക്തി ജീവിതവ്രതമാക്കിയ ഒരു കവിയെ നമുക്ക് ദർശിക്കാം.

ഇന്ത്യയിലെ സാംസ്കാരിക ജീവിതത്തിന്റെ മാത്രമല്ല, പ്രാദേശികമായ എല്ലാ ഭാഷാസാഹിത്യങ്ങളിലും ഭക്തിപ്രസ്ഥാനം ശക്തമായ സ്വാധീനം ചെലുത്തി. 'രാമചരിതമാനസ'കർത്താവായ തുളസീദാസൻ മുതൽ സൂർദാസ്, കബീർ ദാസ്, ബംഗാളി ഭാഷയിലെ വിദ്യാപതി ചൈത

SGOU

ന്യൻ, ഗുജറാത്തിലെ മീരാഭായി, സൗരാഷ്ട്രയിലെ നാഴ്സിമേത്ത, മഹാരാഷ്ട്രയിലെ തുക്കാറാം, ദക്ഷിണേന്ത്യയിൽ രാമാനുജൻ, മാധ്യൻ, വല്ലഭൻ എന്നിങ്ങനെ വൈഷ്ണവഭക്തിക്ക് ചൈതന്യം പകർന്ന് ഭക്തിപ്രസ്ഥാനത്തിനു കരുത്തു നല്കിയവർ നിരവധിയാണ്. ഈ ഭക്തിപ്രസ്ഥാനത്തിന്റെ പിറവിക്കു ചരിത്രപരമായ കാരണങ്ങളുമുണ്ട്.

മധ്യകാലത്തെ ഭാരതത്തിന്റെ സാമൂഹിക സാംസ്കാരികജീവിതം ആചാരാനുഷ്ഠാനങ്ങളിലും ശുഷ്കമായ തത്വവിചാരങ്ങളിലും കുടുങ്ങി കിടന്നിരുന്നു. ആദ്യകാലത്ത് എല്ലാ വിഭാഗക്കാരെയും കോർത്തിണക്കാൻ പര്യാപ്തമായിരുന്ന വർണ്ണസമ്പ്രദായം ജാതിവ്യവസ്ഥയായി അധഃപതിച്ചതോടെ ഭാരതത്തിന്റെ പുരോഗതിയും വികാസവും തടസ്സപ്പെടുകയുണ്ടായി. ജ്ഞാനമാർഗമോ കർമ്മമാർഗമോ ഒന്നും സ്വീകരിക്കാതെ ഭക്തി ഒന്നുകൊണ്ടു മാത്രം ഈശ്വരസാക്ഷാത്കാരം നേടാമെന്ന് ഭക്തിപ്രസ്ഥാനം ഉദ്ഘോഷിച്ചു. മധ്യകാലത്തെ ഭാരതത്തിന്റെ സാമൂഹിക സാംസ്കാരിക ജീവിതം ആചാരാനുഷ്ഠാനങ്ങളിലും ശുഷ്കമായ തത്വവിചാരങ്ങളിലും കുടുങ്ങിക്കിടന്നു. ആദ്യകാലത്ത് നല്ലൊരു വിഭാഗക്കാരെയും കോർത്തിണക്കാൻ പര്യാപ്തമായിരുന്ന വർണ്ണസമ്പ്രദായം ജാതിവ്യവസ്ഥയായി അധഃപതിച്ചതോടെ ഭാരതത്തിന്റെ പുരോഗതിയും വികാസവും തടസ്സപ്പെടുകയുണ്ടായി. ഈ ഘട്ടത്തിൽ ഭാരതത്തിലേക്ക് കടന്നുവന്ന ഇസ്ലാമിക സംസ്കാരവും ഭാരതീയ സംസ്കാരവും തമ്മിൽ സമന്വയിക്കുന്നതിനായി സ്വീകരിച്ച മാർഗമായിരുന്നു ഭക്തിപ്രസ്ഥാനം. ജ്ഞാനമാർഗമോ കർമ്മമാർഗമോ ഒന്നും സ്വീകരിക്കാതെ ഭക്തി ഒന്നു കൊണ്ടു മാത്രം ഈശ്വരസാക്ഷാത്കാരം നേടാമെന്ന് ഭക്തിപ്രസ്ഥാനം ഉദ്ഘോഷിച്ചു. ഈ ഭക്തിമാർഗം ഏതു ജാതിയിലും മതത്തിലും പെട്ടവരായാലും സ്വീകരിക്കാവുന്നതാണെന്നായിരുന്നു ഭക്തിപ്രസ്ഥാനത്തിന്റെ നിലപാട്. ചുരുക്കത്തിൽ ഇന്ത്യയിലെ ഭക്തിപ്രസ്ഥാനത്തിന് രണ്ടുലക്ഷ്യങ്ങളുണ്ടായിരുന്നു. ഒന്ന്, മതത്തിന്റെ ഔപചാരിക ഘടനകൾക്കും ആരാധനയുടെ ബാഹ്യസ്വഭാവത്തിനുമെതിരെ പ്രതിഷേധിക്കുക. രണ്ട്, ഹിന്ദുക്കളെയും മുസ്ലീങ്ങളെയും തമ്മിൽ അടുപ്പിക്കുക. സാരാംശത്തിൽ രണ്ടു മതങ്ങളും ഭിന്നങ്ങളെന്ന് സ്ഥാപിക്കുകയും ചെയ്യുക. ചുരുക്കത്തിൽ വരട്ടു തത്വവാദങ്ങളെ ഉപേക്ഷിക്കുക, അനാവാശ്യമായ ആചാരങ്ങളെ നിഷേധിക്കുക, ഈശ്വരനെയും മനുഷ്യനെയും സ്നേഹിക്കുക, സാമൂഹ്യകാര്യങ്ങളിൽ മനുഷ്യർ തമ്മിൽ സമത്വം പാലിക്കുക, ജാതിയുടെ നിരർഥകത ബോധ്യപ്പെടുത്തുക തുടങ്ങിയ മാർഗങ്ങളിലൂടെ സമൂഹത്തിൽ മാതൃകാപരമായ ജീവിതസിദ്ധാന്തങ്ങൾക്ക് അടിത്തറപാകാൻ ഭക്തിപ്രസ്ഥാനത്തിനു കഴിഞ്ഞു.

ഇന്ത്യയിൽ ഉയർന്നുവന്ന ഭക്തിപ്രസ്ഥാനത്തോടൊപ്പം കേരളത്തിലും ഭക്തിപ്രസ്ഥാനം നാമ്പെടുത്തു. ബ്രാഹ്മണാധിപത്യം ശക്തമായിരുന്ന പ്രദേശമായിരുന്നു അന്ന് കേരളം. ഇതിന്റെ ഭാഗമായി നായന്മാരടക്കമുള്ള മറ്റ് സമുദായങ്ങളെ ശൂദ്രന്മാരായി കണക്കാക്കുകയും തങ്ങൾ മാത്രമാണ് സർവസ്വതന്ത്രർ എന്ന് ബ്രാഹ്മണർ കരുതുകയും ചെയ്തു. ഇങ്ങനെ ജാതിചിന്തയും അയിത്തവും കൊണ്ട് ഹിന്ദുമതം അഭ്യന്തരമായി ജീർണ്ണിച്ച ഒരു ഘട്ടത്തിലാണ് ഇസ്ലാമതം കേരളത്തിൽ ഒരു സാമൂഹികശക്തിയായിത്തീരുന്നത്. അയിത്തവും, ജാതിഭ്രഷ്ടുമൊന്നും ബാധകമാകാതിരുന്ന ഇസ്ലാമതത്തിലേക്ക് ജനങ്ങൾ ആകർഷിക്കപ്പെട്ടത് ഹിന്ദുമതത്തിന് ഒരു വെല്ലുവിളിയായിത്തീർന്നു. ഈ വെല്ലുവിളിയെ നേരിടാനുള്ള ചരിത്രപരമായ ഉപാധിയെന്ന നിലയിലാണ് കേരളത്തിൽ ഭക്തിപ്രസ്ഥാനം രൂപം കൊള്ളുന്നത്. ഭക്തിപ്രസ്ഥാനം ചെറുതല്ലാത്ത പരിവർത്തനങ്ങൾ കേരളത്തിൽ വരുത്തി. ഇടുങ്ങിയ ജാതിവ്യവസ്ഥയ്ക്കുള്ളിൽ മരവിച്ചുപോയ കേരളീയ സമൂഹത്തിന് മനുഷ്യത്വത്തിന്റെ പ്രകാശം നല്കി. സംസ്കൃതപാണ്ഡിത്യവും വേദജ്ഞാനവും മാത്രമാണ് ഈശ്വരസാക്ഷാത്കാരത്തിനുള്ള മാർഗമെന്ന ധാരണ തിരുത്തി. ശൂദ്രനും അക്ഷരം പഠിക്കാമെന്നും ക്ഷേത്രത്തിൽ പ്രവേശിക്കാമെന്നുമുള്ള നിലവന്നു. ബ്രാഹ്മണാധിപത്യത്തെയും ജാതിവ്യവസ്ഥയെയും രൂക്ഷമായി വിമർശിച്ച ഭക്തി പ്രസ്ഥാനം മനുഷ്യ

SGOU

സ്നേഹത്തിനു പ്രാധാന്യം നല്കി. എല്ലാ മനുഷ്യർക്കും ഈശ്വരഭക്തിയിലൂടെ ശാശ്വതമായ ആനന്ദം നേടാമെന്ന് ഭക്തിപ്രസ്ഥാനം ഉദ്ഘോഷിച്ചു. ഈ പശ്ചാത്തലത്തിലാണ് മലയാളത്തിലെ ഭക്തിപ്രസ്ഥാനത്തിന്റെ പ്രയോക്താക്കളായ എഴുത്തച്ഛന്റെയും പൂന്താനത്തിന്റെയും കവിതകളെ വിലയിരുത്തേണ്ടത്.

## Keywords

എഴുത്തച്ഛൻ - കവി - കാലം - കൃതികൾ - കാവ്യഭാഷ - എഴുത്തച്ഛന്റെ സ്വാധീനവും തുടർച്ചയും - ഭക്തിപ്രസ്ഥാനം - പൂന്താനത്തിന്റെ കൃതികൾ, ജ്ഞാനപ്പാന, ജീവിതദർശനം

## Discussion

### 4.1.1 എഴുത്തച്ഛൻ, കവി, കാലം

മാനവർക്ക് ആത്മീയ ഉന്നതി പ്രദാനം ചെയ്യുകയായിരുന്നു മലയാളത്തിലെ പാട്ടു കാവ്യങ്ങളുടെ ലക്ഷ്യം. രാമചരിതകാരൻ മുതൽ വഞ്ചിപ്പാട്ടുകാരൻ വരെയുള്ളവർ ഈ ലക്ഷ്യത്തിനായി പരിശ്രമിച്ചവരാണ്. അതിൽ പ്രധാനിയാണ് തുഞ്ചത്ത് രാമാനുജൻ എഴുത്തച്ഛൻ. 'ആധുനിക മലയാളഭാഷയുടെ പിതാവ് ' എന്നു വിശേഷിപ്പിക്കപ്പെടുന്ന ഭാഷാകവിയാണദ്ദേഹം. മലപ്പുറംജില്ലയിൽ തിരൂരിലെ തൃക്കണ്ടിയൂരിലാണ് എഴുത്തച്ഛൻ ജനിച്ചത്. എഴുത്തച്ഛന്റെ യഥാർഥനാമത്തെക്കുറിച്ചും ജീവിച്ചിരുന്ന കാലഘട്ടത്തെക്കുറിച്ചും പല വാദങ്ങളുണ്ട്. പതിനഞ്ചാം നൂറ്റാണ്ടിനും പതിനാറാംനൂറ്റാണ്ടിനും ഇടയിലായി ജീവിച്ചിരുന്നുവെന്ന് കരുതപ്പെടുന്നു. അദ്ദേഹത്തിന്റെ യഥാർഥനാമം രാമാനുജൻ എഴുത്തച്ഛൻ എന്നാണ് വിശ്വസിച്ചുപോരുന്നത്. 'എഴുത്തച്ഛൻ ' ഒരു ജാതി പേരായിരിക്കുമെന്നും ജന്മനാടായ തിരൂരിൽ ഒരു പള്ളിക്കൂടം സ്ഥാപിച്ച് ധാരാളം കുട്ടികൾക്ക് അറിവ് പകർന്നു കൊടുത്തതുകൊണ്ടാകാം എഴുത്തച്ഛൻ എന്ന പേര് കിട്ടിയതെന്നും വാദങ്ങളുണ്ട്. അക്കാലത്തെ വൈദേശികാധിപത്യത്തിലും നാട്ടുരാജ്യങ്ങൾ തമ്മിലുള്ള കിടമത്സരങ്ങളിലും പെട്ടു പോയ സംസ്കാരത്തെ പരിഷ്കരിച്ചെടുക്കാനാണ് എഴുത്തച്ഛൻ ശ്രമിച്ചത്. 'ഭക്തിയിലൂടെ മുക്തി ' എന്ന തിരിച്ചറിവാകാം രാമായണവും മഹാഭാരതവും ഹരിനാമകീർത്തനവുമെല്ലാം കാവ്യവിഷയങ്ങളായി സ്വീകരിക്കാൻ എഴുത്തച്ഛനെ പ്രേരിപ്പിച്ചത്.

എഴുത്തച്ഛന്റെ കാലമായപ്പോഴേക്കും മലയാളം തമിഴിൽനിന്ന് വേർപിരിഞ്ഞ് സ്വതന്ത്രഭാഷയായി രൂപം പ്രാപിച്ചിരുന്നു. എഴുത്തച്ഛനു മുൻപും ചെറുശ്ശേരി അടക്കമുള്ളവരുടെ കൃതികൾ രൂപം കൊണ്ടിട്ടും ആധുനിക മലയാള ഭാഷയുടെ പിതാവായി കണക്കാക്കുന്നത് എഴുത്തച്ഛനെയാണ്. 30 അക്ഷരമുള്ള വട്ടെഴുത്തിൽ നിന്ന് 51 അക്ഷരമുള്ള മലയാളംലിപി പ്രയോഗത്തിൽ വരുത്തിയത് ഇദ്ദേഹമാണ്. അക്ഷരാഭ്യാസം സിദ്ധിച്ചിട്ടില്ലാത്തവർക്കുപോലും സുഗമമായി പാടാൻ കഴിയുന്നതായിരുന്നു ഇദ്ദേഹത്തിന്റെ വരികൾ. ഭാഷയ്ക്ക് അനുസൃതമായ അക്ഷരമാല ഉപയോഗിക്കുന്നതിലൂടെയും സാമാന്യജനതയ്ക്ക് സ്വീകാര്യമായ രീതിയിൽ ഇതിഹാസങ്ങളുടെ സാരാംശം വർണ്ണിച്ചതിലൂടെയും ഭാഷയുടെ സംശ്ലേഷണമാണ് എഴുത്തച്ഛന് സാധ്യമായത്. കിളിയെക്കൊണ്ട് കഥ പറയിക്കുന്നരീതി മുൻപേതന്നെ തമിഴിൽ നിലനിന്നിരുന്നുവെങ്കിലും കിളിപ്പാട്ട് ജനകീയമായത് എഴുത്തച്ഛനിലൂടെയാണ്. അതുകൊണ്ടാണ് ആ സമ്പ്രദായത്തിന്റെ ഉപജ്ഞാതാവ് അദ്ദേഹമാണെന്ന് പറയുന്നത്. കിളിപ്പാട്ടുകളിൽ കാണുന്ന പ്രധാന വൃത്തങ്ങൾ കേക, കാകളി, കളകാഞ്ചി

SGOU



SREENARAYANAGURU OPEN UNIVERSITY

എന്നിവയാണ്. കാകളിയാണ് കിളിപ്പാട്ടുവൃത്തത്തിൽ ഏറ്റവും പ്രശസ്തം. എഴുത്തച്ഛന്റെ കൃതികൾ എത്രയെന്ന് ഇനിയും നിർണ്ണയിച്ചിട്ടില്ല. എങ്കിലും അധ്യാത്മരാമായണം കിളിപ്പാട്ട്, മഹാഭാരതം കിളിപ്പാട്ട്, ഭാഗവതം, ഹരിനാമകീർത്തനം, ദേവീമാഹാത്മ്യം, ചിന്താരത്നം, ശിവപുരാണം, ഇരുപത്തിനാലുവൃത്തം, കേരളനാടകം, ശതമുഖരാമായണം, പാതാളരാമായണം, ഉത്തരരാമായണം, കൈവല്യനവനീതം, ബ്രഹ്മാണ്ഡപുരാണം എന്നിങ്ങനെ പതിനാലുകൃതികൾ അദ്ദേഹത്തിന്റേതാണെന്നു കരുതപ്പെടുന്നു.

## 4.1.2 കാവ്യഭാഷ

ജീവിതോൽകർഷത്തിന്റെ സാക്ഷാത്കാരമായി എഴുത്തച്ഛൻ സാഹിത്യത്തെ വിലയിരുത്തുമ്പോൾതന്നെ അതിനു രൂപംനല്കിയ ഭാഷ പഠനവിധേയമാകണം. മലയാളഭാഷയുടെ പിതാവ് എന്ന ആലങ്കാരിക പദവി എഴുത്തച്ഛന് നൽകുന്നത് ചരിത്രപരമായി ശരിയല്ല. എന്നാൽ ആ പദത്തിന്റെ വാച്യാർഥത്തിനപ്പുറം ധ്വനിക്കുന്ന ആഴമേറിയ ഒരാശയതലമുണ്ട്. അതായത് എഴുത്തച്ഛനു മുമ്പുള്ള മലയാള കാവ്യഭാഷയ്ക്ക് നാലു കൈവഴികൾ ഉണ്ടായിരുന്നതായി കാണാം. രാമചരിതത്തിൽ തുടങ്ങുന്ന ദ്രമിഡസംഘാതാക്ഷര നിബദ്ധമായ പാട്ടുഭാഷ, മണിപ്രവാളഭാഷ, നാടൻപാട്ടിലെ തനി വാമൊഴിഭാഷ ഇവയിൽ നിന്ന് വ്യത്യസ്തമായ മലയാളത്തനിമയുടെ നിറവായ കൃഷ്ണഗാഥയിലെ ഭാഷ. വ്യക്തി മനസ്സിനെയും സമൂഹമനസ്സിനെയും ആഴത്തിൽ സ്വാധീനിച്ച ജനകീയ സാഹിത്യഭാഷ എഴുത്തച്ഛന്റേതെന്ന തിരിച്ചറിവും പ്രധാനം. ഉദാത്തമായ ധാർമ്മികത, വികാരതീവ്രമായ ഭക്തി, പ്രബോധനാത്മകത, പ്രസാദാത്മകത, മാനുഷികതയെ കേന്ദ്രീകരിച്ച സാംസ്കാരികാവബോധം, ഇതിഹാസങ്ങളിൽ പ്രത്യക്ഷീഭവിച്ച ജീവിതസമസ്യകളുടെ വർത്തമാനകാലവിശകലനം, പുതിയ സമൂഹസൃഷ്ടിക്കായുള്ള പ്രതിജ്ഞാബദ്ധമായ സർഗാത്മക വെളിപാട് തുടങ്ങിയവ ഉൾക്കൊള്ളുന്ന കാവ്യസംസ്കാരം എഴുത്തച്ഛൻ സാഹിത്യത്തിന്റെ അന്തർധാരയായി വർത്തിക്കുന്നു. ഈ ലക്ഷ്യങ്ങളുടെ സാക്ഷാത്കാരത്തിന് ഉതകുന്ന ഒരു ഭാഷയുടെ അനിവാര്യത എഴുത്തച്ഛനു ബോധ്യം വന്നു. കേരളത്തിലെ എല്ലാ പ്രദേശങ്ങൾക്കും എല്ലാ ജനവിഭാഗങ്ങൾക്കും സ്വീകാര്യമായ ഭാഷയായിരിക്കണം അത്. ഭാവസാന്ദ്രതയും അർഥഗാംഭീര്യവും പ്രസന്നവുമായ ഭാഷ. ഭാഷാപരമായ നവീകരണമാണ് എഴുത്തച്ഛന് സാധിച്ചത്. ചില ഭാഗങ്ങൾ സംസ്കൃതകേന്ദ്രിതങ്ങളായി അനുഭവപ്പെടുമെങ്കിലും സംസ്കൃത- മലയാള പദങ്ങളുടെ ചേരുവയിൽ എഴുത്തച്ഛൻ സ്വീകരിച്ച കലാത്മകത നവമായ ഭാഷാശൈലിക്ക് ഉയിരും ഉടലും നല്കി. അതാണ് എഴുത്തച്ഛന്റെ കാവ്യഭാഷ. ഭാഷയും സാഹിത്യവും ക്രമേണ വളരുകയും വികസിക്കുകയും പുരോഗതി പ്രാപിക്കുകയും ചെയ്തതോടെ എഴുത്തച്ഛന്റെ ഭാഷ, മലയാളത്തിന്റെ അർഥഗരിമയും പ്രസന്നതയും വെളിവാക്കുന്ന നിലവാരമുള്ള ഭാഷയുടെ ഉൽകൃഷ്ടരൂപമായി അംഗീകരിക്കുകയും ചെയ്തു.

## 4.1.3 എഴുത്തച്ഛന്റെ തുടർച്ച

ക്രിസ്തുവർഷം 15, 16, 17 നൂറ്റാണ്ടുകൾ ഇന്ത്യയുടെ ഇതരഭാഗങ്ങളിലെന്നപോലെ കേരളത്തിലും ആധ്യാത്മിക നവോത്ഥാനത്തിന്റെ കാലഘട്ടമായിരുന്നു. അന്നത്തെ സാമൂഹികവും രാഷ്ട്രീയവുമായ സാഹചര്യങ്ങളാണ് ഇതിന് വഴിയൊരുക്കിയത്. വിദേശികളുടെ ആധിപത്യം, രാജാക്കന്മാർ തമ്മിലുള്ള അധികാരമത്സരം, നിരന്തരകലാപങ്ങൾ, മതപരിവർത്തനം എന്നിവയെല്ലാം ചേർന്ന് ജനങ്ങളുടെ ജീവിതം ദുസ്സഹമാകുന്ന ഒരന്തരീക്ഷം സൃഷ്ടിച്ചു. സാധാരണജനങ്ങളെ ധർമ്മമാർഗത്തിലേക്ക് നയിക്കാൻ ഭക്തിയോളം ശക്തമായ മറ്റൊരുപാധിയുമില്ലെന്ന ചിന്തയാണ് ഭക്തിപ്രസ്ഥാനത്തിലേയ്ക്ക് വഴിതെളിയിച്ചത്. ആ ലക്ഷ്യം നിറവേറ്റാൻ കവികൾ ഭക്തിസാഹിത്യം രചിക്കുവാൻ തുടങ്ങി. ഈ നവോത്ഥാനത്തിന് നേതൃത്വം നൽകിയത് തുഞ്ചത്ത് എഴുത്തച്ഛനാണ്. പുരാണേതിഹാസങ്ങളുടെ പുനരാവിഷ്കാരത്തിലൂടെ അദ്ദേഹം ജനങ്ങളിൽ ഭക്തിയുടെ ചിന്തകൾ പകർന്നുനൽകി.

എഴുത്തച്ഛന്റെ ആധ്യാത്മികപ്രഭാവം ഉജ്ജ്വലമായിരുന്ന കാലഘട്ടത്തിൽ കേരളീയസമൂഹത്തെ സ്വാധീനിച്ച മറ്റൊരു ഭക്തകവിയാണ് പൂന്താനം. എഴുത്തച്ഛനും പൂന്താനവും മേൽപ്പത്തൂർ നാരായണഭട്ടതിരിയും ഭക്തിയെ

SGOU

സാമൂഹികപരിഷ്കരണത്തിന് ഉപയോഗിച്ചു. മേല്പത്തൂരിന്റെ സംസ്കൃത കീർത്തനങ്ങൾ പണ്ഡിതലോകത്തെയും എഴുത്തച്ഛന്റെ കിളിപ്പാട്ടുകൾ സാമാന്യജനതയെയും ലക്ഷ്യമാക്കിയപ്പോൾ നിരക്ഷരരായ സാധാരണജനങ്ങളെ തന്റെ പച്ചമലയാളകീർത്തനങ്ങളിലൂടെ ഭക്തിയുടെ ലോകത്തേക്ക് നയിക്കാനാണ് പൂന്താനം ശ്രമിച്ചത്. പൂന്താനത്തിന്റെ ജീവിതവുമായി ബന്ധപ്പെട്ട് ധാരാളം ഐതിഹ്യങ്ങളുണ്ട്. അവയിലെല്ലാം ഗുരുവായൂരപ്പനോടുള്ള ഭക്തി ജീവിതവ്രതമാക്കിയ ഒരു കവിയെ നമുക്ക് ദർശിക്കാം.

## 4.1.4 ഭക്തിപ്രസ്ഥാനം

ഇന്ത്യൻ ക്ലാസ്സിക്കൽ സാഹിത്യത്തിന്റെ ഒരു പ്രധാന ഘടകമായി വർത്തിക്കുന്നത് മതപരമായ വിചാരങ്ങളും വീക്ഷണങ്ങളുമാണെന്ന് പറയാം. ഇത് നമ്മുടെ ജീവിതസമീപനത്തിന്റെ ഒരു സവിശേഷതയാണ്. ഹിന്ദുമതം, ബുദ്ധമതം, ജൈനമതം, സിഖ്മതം, ഇസ്ലാം-ക്രിസ്ത്യൻ മതങ്ങൾ എന്നിവ ഉദാത്തമായ ചിന്തകളെയും ആദർശങ്ങളെയും ജീവിതതത്വങ്ങളെയും സമൂഹത്തിന് സംഭാവന ചെയ്തിട്ടുണ്ട്. നമ്മുടെ ഭാഷകളുടെ ആധ്യാത്മികമാനങ്ങളെയും ആവിഷ്കാരശൈലികളെയും ഇവ ഗണ്യമായി സ്വാധീനിച്ചിട്ടുമുണ്ട്. അതുകൊണ്ടാണ് ഭക്തിസാഹിത്യം കൂടുതൽ ആകർഷകവും ജനപ്രീതികരവും ആയിത്തീർന്നത്. എല്ലാ മതങ്ങളും അംഗീകരിച്ചിട്ടുള്ള ഒന്നാണ് ഭക്തിസങ്കല്പം. ഭക്തന്മാരാകട്ടെ, ഈശ്വരഭക്തിയിൽ ലയിക്കുക മാത്രമല്ല; സാധാരണക്കാർക്ക് കൂടി ഈശ്വരസാന്നിധ്യത്തെ അനുഭവിക്കാൻത്തക്കരീതിയിൽ ഗാനങ്ങളും കവിതകളുമെഴുതി. സമാനചിന്താഗതിയുള്ള മറ്റു ഭക്തന്മാർ ഈ സാഹിത്യരൂപങ്ങളെ വലിയ താല്പര്യത്തോടെ സ്വീകരിക്കുകയും അനുകരിക്കുകയും പ്രചരിപ്പിക്കുകയും ചെയ്തു. വൈദികസാഹിത്യം മതപരമായ ഒരു കർത്തവ്യം നിർവഹിക്കുക മാത്രമല്ല; സർവസ്പർശിയായ ഒരു സാഹിത്യപ്രഭാവം സ്വരൂപിക്കുകയും ചെയ്യുകയാണുണ്ടായത്. ശൈവമതം, വീരശൈവമതം, വൈഷ്ണവമതം തുടങ്ങിയ ഹിന്ദുമതശാഖകൾ ചിന്താദായകവും ഭക്തിസാന്ദ്രവുമായ സാഹിത്യകൃതികൾ സംഭാവന ചെയ്തു. ബഹുദൈവവിശ്വാസങ്ങളിൽനിന്നും പൂജാവിധികളിൽനിന്നും മാറി, ഏകദൈവം, ആ ദൈവത്തിന്റെ അവതാരങ്ങൾ എന്നീ ചിന്താഗതിയിലേക്ക് തിരിഞ്ഞു. അങ്ങനെയാണ് കൃഷ്ണൻ, രാമൻ എന്നീ അവതാരങ്ങളിൽ ശ്രദ്ധയും ഭക്തിയും കേന്ദ്രീകൃതമായത്. സ്വന്തമെന്ന് കരുതുന്ന ദൈവത്തോട് തീക്ഷ്ണമായ വികാരങ്ങളുമായി ഒരു വ്യക്തി സമീപിക്കുമ്പോഴാണ് അത് ഭക്തിരസമായി മാറുന്നത്. അതിന്റെ സാഹിത്യപരമായ ആവിഷ്കാരമാണ് ഭക്തിസാഹിത്യം.

തെക്കേ ഇന്ത്യയിൽ, പ്രത്യേകിച്ച് തമിഴ്നാട്ടിലാണ് ഭക്തിസാഹിത്യത്തിന്റെ ആദ്യപ്രവാഹങ്ങൾ ഉണ്ടായത്. ശൈവമതത്തിന്റെ ആചാര്യന്മാരും പ്രബോധകന്മാരും തമിഴിൽ ആറാംനൂറ്റാണ്ടുമുതലേ പാട്ടുകളും കവിതകളും എഴുതിവന്നു. ഇക്കാലത്തുതന്നെ ബുദ്ധ-ജൈനമതാനുയായികളായ ഗുരുക്കന്മാർ തമിഴിൽ ഭക്തിസാഹിത്യകൃതികൾ എഴുതിയിരുന്നു. പിന്നീടത് വൈഷ്ണവമതത്തിലും പ്രകടമാകാൻ തുടങ്ങി. രാമാനുജൻ, രാമാനന്ദൻ, ചൈതന്യൻ എന്നീ ഗുരുക്കന്മാരിലൂടെ ഭക്തിസാഹിത്യം തെക്കുനിന്ന് വടക്ക്-കിഴക്കൻ പ്രദേശങ്ങളിലേയ്ക്ക് വ്യാപിച്ചു. താമസിയാതെ ഈ പ്രസ്ഥാനം ഗുജറാത്തി, ഹിന്ദി, തെലുങ്ക്, മലയാളം തുടങ്ങിയ എല്ലാ ഭാഷകളിലും പടർന്നുപിടിച്ചു. അങ്ങനെ ഭക്തിസാഹിത്യം ഇന്ത്യ ഒട്ടാകെ എല്ലാ പ്രധാന ഭാഷകളിലും പാട്ടുകളായും കവിതകളായും രൂപം പൂണ്ട് അഭിജാതവർഗങ്ങളെയും സാമാന്യജനങ്ങളെയും സ്വാധീനിച്ച് വലിയൊരു ചലനം ഉളവാക്കി. ഭക്തിസാഹിത്യത്തിന്റെ ശക്തമായ തരംഗങ്ങൾ ഭാരതം മുഴുവൻ ചലനം സൃഷ്ടിച്ചത് പതിനഞ്ചും പതിനാറും നൂറ്റാണ്ടുകളിലാണ് എന്നതും ശ്രദ്ധേയമാണ്.

കേരളത്തിലും ഏതാണ്ട് ഇതേ സമയത്തുതന്നെയാണ് ഭക്തിപ്രസ്ഥാനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ രൂപംകൊള്ളുന്നത്. കേരളത്തിൽ പതിമൂന്നാം നൂറ്റാണ്ടിന്റെ അവസാനഘട്ടത്തിൽ ജീവിച്ചിരുന്ന വില്വമംഗലം സ്വാമിയാരുടെ ശ്രീകൃഷ്ണകർണ്ണാമൃതമാണ് ആദ്യത്തെ ഭക്തികാവ്യം. എന്നാൽ ഇത് സംസ്കൃതഭാഷയിലാണ് രചിക്കപ്പെട്ടിട്ടുള്ളത്. ബ്രാഹ്മണമേധാവിത്വവും അതിൽനിന്ന് ഉരുത്തിരിഞ്ഞ

SGOU

ചാതുർവർണ്ണ്യവ്യവസ്ഥയും ജാതീയമായ ഉച്ചനീചത്വങ്ങൾക്ക് വഴിതെളിച്ചു. കൂടാതെ അധികാരത്തിനുവേണ്ടി നാടുവാഴികൾ തമ്മിലുള്ള മത്സരങ്ങളും രാജാക്കന്മാരുടെ ദുർബലതയും സാമ്പത്തികവും ധാർമ്മികവുമായ തകർച്ചയ്ക്ക് വഴിയൊരുക്കി. ഇവയുടെയെല്ലാം പരിണിതഫലമായിട്ടാണ് കേരളത്തിൽ ഭക്തിപ്രസ്ഥാനത്തിന് വേരോട്ടമുണ്ടായത്. സാധാരണജനതയെയാണ് ഭക്തിപ്രസ്ഥാനം ഏറ്റവും കൂടുതൽ ആകർഷിച്ചത്. അവരുടെയിടയിൽ ഈ പ്രസ്ഥാനത്തിനും സാഹിത്യത്തിനും വളരെ വേഗം പ്രചാരം സിദ്ധിച്ചു.

ചെറുശ്ശേരിയുടെ കൃഷ്ണഗാഥ, എഴുത്തച്ഛന്റെ അധ്യാത്മരാമായണം, പൂന്താനത്തിന്റെ ജ്ഞാനപ്പാന, മേൽപ്പത്തൂർ നാരായണഭട്ടതിരിയുടെ നാരായണീയം, നമ്പ്യാരുടെ തുള്ളൽപാട്ടുകൾ, രാമപുരത്തുവാര്യരുടെ കുചേലവൃത്തം വഞ്ചിപ്പാട്ട് ഇവയെല്ലാം ജനങ്ങളിൽ ഭക്തി വളർത്താൻ പ്രേരണയായ കാവ്യങ്ങളാണ്. വിഷ്ണുവിന്റെ അവതാരങ്ങളായ കൃഷ്ണനും രാമനും ജനങ്ങളുടെ ഹൃദയങ്ങളിൽ ഇടംപിടിച്ചു. ഭക്തിരസവും പ്രകൃതിവർണ്ണനയും ഉൾപ്പെടുത്തികൊണ്ട് എഴുതിയ അതിമനോഹരമായ കാവ്യങ്ങൾ ജനങ്ങൾ സ്വീകരിക്കുകയും ചെയ്തു. ഭക്തകവികളുടെ ദർശനത്തിൽ നിന്ന് സംഗീതം, സാഹിത്യം, കലകൾ എന്നിവ ഉടലെടുത്തു. രാമനാട്ടം, കൃഷ്ണനാട്ടം, കഥകളി തുടങ്ങിയ ക്ഷേത്രകലകളുടെ ഉത്ഭവത്തിനും ഭക്തിപ്രസ്ഥാനവും സാഹിത്യവും കാരണമായി. കൂടാതെ മലയാളഭാഷയുടെ വളർച്ചയ്ക്കും ഈ പ്രസ്ഥാനം വഴിവെച്ചു. കൃഷ്ണഗാഥ, അധ്യാത്മരാമായണം, തുള്ളൽകൃതികൾ, വഞ്ചിപ്പാട്ട് തുടങ്ങിയ ഭക്തികാവ്യങ്ങൾ സാധാരണജനതയെ ആകർഷിക്കുക മാത്രമല്ല; അവരുടെ മനസ്സിനെ അക്ഷരപൂർണ്ണമാക്കുന്നതിനും മനോവികാസത്തിനും ഇടയാക്കി. കൂടാതെ ഇവർക്ക് സംസ്കൃതഭാഷ പഠിക്കുവാനും ഈ അവസരം പ്രയോജനപ്പെട്ടു. കേരളത്തിൽ ഇന്ന് കാണപ്പെടുന്ന സാക്ഷരതയുടെയും നവോത്ഥാനചിന്തയുടെയും ഉറവിടം ഈ ഭക്തിപ്രസ്ഥാനത്തിൽ നിന്നും വന്നതാണെന്ന് മനസ്സിലാക്കാൻ കഴിയുന്നതാണ്. ചെറുശ്ശേരിയുടെ കൃഷ്ണഗാഥ, എഴുത്തച്ഛന്റെ അധ്യാത്മരാമായണം, പൂന്താനത്തിന്റെ ജ്ഞാനപ്പാന, മേൽപ്പത്തൂർ നാരായണഭട്ടതിരിയുടെ നാരായണീയം, നമ്പ്യാരുടെ തുള്ളൽപാട്ടുകൾ, രാമപുരത്തുവാര്യരുടെ കുചേലവൃത്തം വഞ്ചിപ്പാട്ട് ഇവയെല്ലാം ജനങ്ങളിൽ ഭക്തി വളർത്താൻ പ്രേരണയായ കാവ്യങ്ങളാണ്. വിഷ്ണുവിന്റെ അവതാരങ്ങളായ കൃഷ്ണനും രാമനും ജനങ്ങളുടെ ഹൃദയങ്ങളിൽ ഇടംപിടിച്ചു. ഭക്തിരസവും പ്രകൃതിവർണ്ണനയും ഉൾപ്പെടുത്തികൊണ്ട് എഴുതിയ അതിമനോഹരമായ കാവ്യങ്ങൾ ജനങ്ങൾ സ്വീകരിക്കുകയും ചെയ്തു. ഭക്തകവികളുടെ ദർശനത്തിൽ നിന്ന് സംഗീതം, സാഹിത്യം, കലകൾ എന്നിവ ഉടലെടുത്തു. രാമനാട്ടം, കൃഷ്ണനാട്ടം, കഥകളി തുടങ്ങിയ ക്ഷേത്രകലകളുടെ ഉത്ഭവത്തിനും ഭക്തിപ്രസ്ഥാനവും സാഹിത്യവും കാരണമായി. കൂടാതെ മലയാളഭാഷയുടെ വളർച്ചയ്ക്കും ഈ പ്രസ്ഥാനം വഴിവെച്ചു. കൃഷ്ണഗാഥ, അധ്യാത്മരാമായണം, തുള്ളൽകൃതികൾ, വഞ്ചിപ്പാട്ട് തുടങ്ങിയ ഭക്തികാവ്യങ്ങൾ സാധാരണജനതയെ ആകർഷിക്കുക മാത്രമല്ല; അവരുടെ മനസ്സിനെ അക്ഷരപൂർണ്ണമാക്കുന്നതിനും മനോവികാസത്തിനും ഇടയാക്കി. കൂടാതെ ഇവർക്ക് സംസ്കൃതഭാഷ പഠിക്കുവാനും ഈ അവസരം പ്രയോജനപ്പെട്ടു. കേരളത്തിൽ ഇന്ന് കാണപ്പെടുന്ന സാക്ഷരതയുടെയും നവോത്ഥാനചിന്തയുടെയും ഉറവിടം ഈ ഭക്തിപ്രസ്ഥാനത്തിൽ നിന്നും വന്നതാണെന്ന് മനസ്സിലാക്കാൻ കഴിയുന്നതാണ്.

## 4.1.5 പൂന്താനം

പൂന്താനത്തിന്റെ വ്യക്തിജീവിതത്തെക്കുറിച്ച് വേണ്ടത്ര വിവരങ്ങളൊന്നും ലഭ്യമല്ല. ലഭ്യമായവയിൽ പലതും ഐതിഹ്യങ്ങളിൽ അധിഷ്ഠിതമാണ്; ചിലത് കൃതികൾ നൽകുന്ന സൂചനകളും. കൊല്ലവർഷം എട്ടാം ശതകമാണ് പൂന്താനത്തിന്റെ കാലം എന്നതിനോട് മിക്ക ചരിത്രകാരന്മാരും യോജിക്കുന്നു. മേല്പത്തൂരിന്റെ സമകാലികനായിരുന്ന പൂന്താനത്തിന്റെ ജീവിതകാലം 1548 നും 1640 നും മധ്യേയാണെന്നത് നിർവിവാദമാണ്. വള്ളുവനാട് താലൂക്കിലെ നെന്മേനി എന്ന അംശത്തിൽ പൂന്താനത്ത് ഇല്ലത്തിലാണ് അദ്ദേഹം ജനിച്ചത്. ഭാഷാകർണ്ണാമൃതത്തിലും കീർത്തനങ്ങളിലും ആവർത്തിച്ചു കാണുന്ന ‘വാമപുരാധീശസ്മരണയാണ്’ ഇതിന് തെളിവ്. അങ്ങാടിപ്പുറത്ത് തിരുമാന്ധാംകുന്ന് ക്ഷേത്ര

SGOU

ത്തിന് വടക്കുള്ള ഇടത്തുപുറം ക്ഷേത്രത്തിലെ ആരാധനാമൂർത്തിയാണ് വാമപുരാധീശ്വരൻ. ഈ ക്ഷേത്രത്തിൽനിന്നും നാലുനാഴിക ദൂരത്തിലാണ് പൂന്താനം ഇല്ലം സ്ഥിതിചെയ്യുന്നത്.

## 4.1.6 ജീവിതസൂചനകൾ

ബാല്യകാലം മുതൽക്കുതന്നെ ഗുരുവായൂരപ്പന്റെ ഭക്തനായിരുന്നു പൂന്താനം. വേളി കഴിഞ്ഞ് വളരെക്കാലം കഴിഞ്ഞിട്ടും സന്താനഭാഗ്യം ഉണ്ടാകാതിരുന്ന പൂന്താനം 'സന്താനഗോപാലംപാന' രചിച്ച് ഗുരുവായൂരപ്പനെ ആരാധിച്ചതിന്റെ ഫലമായി അദ്ദേഹത്തിന് ഒരു ഉണ്ണിയെ ലഭിച്ചു. ആ ഉണ്ണിയുടെ ചോറൂണ് ദിവസം മുഴിഞ്ഞ വസ്ത്രങ്ങൾക്കടിയിൽപ്പെട്ട് ശ്വാസംമുട്ടി കുട്ടി മരിച്ചു. ഇതിന്റെ ദുഃഖത്തിൽ മനംനൊന്ത പൂന്താനം ഉണ്ണിയുടെ മൃതശരീരം മടിയിൽ കിടത്തി പാടിയ കൃതിയാണ് 'ജ്ഞാനപ്പാന'. ഇതിനുശേഷം ഇല്ലത്തേക്ക് മടങ്ങിയിട്ടില്ല എന്നാണ് ഒരു ഐതിഹ്യം. സന്താനഗോപാലം പാനയിലെ വൈകുണ്ഠവർണ്ണന പലതവണ മാറ്റിയെഴുതിയിട്ടും തൃപ്തിവരാതെ വിഷാദവാനായി ശ്രീകൃഷ്ണനെ ധ്യാനിച്ചുറങ്ങിയ രാത്രിയിൽ സ്വപ്നരൂപേണ ഭഗവാൻ വൈകുണ്ഠദർശനം നൽകിയെന്നും അതിനു ശേഷമാണ് ആ കൃതി പൂർത്തിയാക്കിയതെന്നും മറ്റൊരു ഐതിഹ്യം. വാർധക്യകാലത്ത് ഗുരുവായൂരിൽ നിരന്തരം പോകാൻ കഴിയാത്തതിൽ മനംനൊന്ത് ഭഗവാനെ കേശാദിപാദം ധ്യാനിച്ചുവെന്നും ഭഗവാൻ പൂന്താനത്തിന്റെ ഇല്ലമുറ്റത്ത് പ്രത്യക്ഷപ്പെട്ട് ഇനി ഇവിടെയിരുന്ന് ഭജിച്ചാൽ മതി എന്നരുളി ചെയ്തുവെന്നും ഈ സ്ഥലത്ത് പൂന്താനം, ക്ഷേത്രംപണിതുവെന്നും ഐതിഹ്യമുണ്ട്. ഒരിക്കൽ പൂന്താനം ഭജനയ്ക്കായി ഗുരുവായൂരിലേക്ക് പോകുമ്പോൾ വഴിയിൽ കൊള്ളക്കാർ ആക്രമിച്ച് ഗുരുവായൂരപ്പനെ പ്രാർഥിച്ചപ്പോൾ ശ്രീകൃഷ്ണൻ സാമൂതിരിയുടെ മന്ത്രിയായ മങ്ങാട്ടന്റെ രൂപത്തിൽ പ്രത്യക്ഷപ്പെട്ട് പൂന്താനത്തെ രക്ഷിച്ചു. സന്തുഷ്ടനായ പൂന്താനം തന്റെ മോതിരം മങ്ങാട്ടച്ചന് സമ്മാനിച്ചു. അന്നു രാത്രി ഗുരുവായൂരിലെ മേൽശാന്തിക്ക് ഒരു സ്വപ്നദർശനമുണ്ടായി. ഗുരുവായൂരിലെ ക്ഷേത്രബിംബത്തിൽ ഒരു മോതിരമുണ്ടെന്നും അത് പൂന്താനത്തിന് തിരികെ നല്കണമെന്നുമായിരുന്നു ഭഗവാൻ സ്വപ്നത്തിൽ അരുളി ചെയ്തത്.

പൂന്താനത്തിന്റെ ഭക്തിമാഹാത്മ്യത്തെ വെളിപ്പെടുത്തുന്ന മറ്റു ചില ഐതിഹ്യങ്ങൾ മേല്പത്തൂർ നാരായണഭട്ടതിരിയുമായി ബന്ധപ്പെട്ടിരിക്കുന്നു. ഒരിക്കൽ പൂന്താനം പത്മനാഭോമരപ്രഭു എന്നു ചൊല്ലിയപ്പോൾ പത്മനാഭൻ അമരപ്രഭുവാണ് മരപ്രഭുവല്ല എന്നിങ്ങനെ മേല്പത്തൂർ പരിഹസിച്ചുവത്രേ. അപ്പോൾ ഭക്തവത്സലനായ ഗുരുവായൂരപ്പൻ താൻ പ്രഭുവും മരപ്രഭുവും സർവപ്രഭുവുമാണെന്ന് ശ്രീകോവിലിൽ നിന്ന് അരുളി ചെയ്തുവത്രേ. മറ്റൊരുഘട്ടത്തിൽ തന്റെ ഭാഷാകൃതി (സന്താനഗോപാലം പാനയാണെന്നും ശ്രീകൃഷ്ണ കർണ്ണാമൃതമാണെന്നും രണ്ടഭിപ്രായങ്ങളുണ്ട്.) പിഴ തീർത്തുതരാൻ മേല്പത്തൂരിനോട് ആവശ്യപ്പെട്ടുവെങ്കിലും വിഭക്തി യില്ലാത്തവരുടെ കൃതികൾ പിഴ തീർത്തു തരാനാവില്ലെന്ന് പറഞ്ഞപ്പോൾ നാരായണഭട്ടതിരിയുടെ വിഭക്തിയേക്കാൾ പൂന്താനത്തിന്റെ ഭക്തിയാണ് തനിക്കിഷ്ടമെന്ന് ഭഗവാൻ ശ്രീകോവിലിൽ നിന്നു കല്പിച്ചു എന്ന് ഒരു ഐതിഹ്യമുണ്ട്. പൂന്താനത്തിന്റെ അപേക്ഷ നിരസിച്ച ദിവസം രാത്രി മേല്പത്തൂരിന്റെ വാതരോഗം വർധിച്ചുവെന്നും ഭഗവാൻ പ്രത്യക്ഷപ്പെട്ട് മേല്പത്തൂരിന്റെ വിഭക്തിയേക്കാൾ പൂന്താനത്തിന്റെ ഭക്തിയാണ് തനിക്കിഷ്ടമെന്ന് പറഞ്ഞുവെന്നും ഈ ഐതിഹ്യത്തിനൊരു പാഠഭേദമുണ്ട്. രണ്ടായാലും മേല്പത്തൂരിന്റെ പാണ്ഡിത്യഗർവ് ശമിച്ചു വെന്നും പൂന്താനത്തിന്റെ കൃതികളുടെ പിഴ തീർത്തുവെന്നതുമാണ് ചുരുക്കം.

പൂന്താനം ഉടലോടെ സ്വർഗസ്ഥനായതുമായി ബന്ധപ്പെട്ടും ഐതിഹ്യങ്ങളുണ്ട്. ശ്രീകൃഷ്ണൻ നേരിട്ടെത്തി തന്നെ സ്വർഗത്തിലേക്ക് കൊണ്ടുപോകുമെന്ന് സ്വപ്നദർശനം ലഭിച്ച പൂന്താനം ഉറക്കമുണർന്ന് ഭഗവാനെ സ്വീകരിക്കുന്നതിനുള്ള ഒരുക്കങ്ങൾ നടത്തുന്നു. ഇത് പൂന്താനത്തിന്റെ മതിഭ്രമമായിട്ടേ കാഴ്ചക്കാർ കരുതിയുള്ളൂ. ഒടുവിൽ അതിഥിയെ എതിരേറ്റു കൊണ്ടുവരുന്നതായും പീഠത്തിലിരുത്തി കാൽ കഴുകുന്നതായും നടിച്ച് ഭഗവാന്റെ വിമാനത്തിൽ കയറിയിരുന്ന് ആരെങ്കിലും തന്നോടൊപ്പം വരുന്നുവോ എന്നു ചോദിച്ചു. ഒരു ദാസി മാത്രം 'അടിയനും' എന്നു പറഞ്ഞപ്പോൾ 'വിരോധമില്ല' എന്ന് പൂന്താനം പ്രതികരിച്ചു. അതോടെ പൂന്താനം ജീവന്മുക്തനായി. ദാസിയും ചേതനയറ്റു നിലംപതിച്ചു.



SGOU

ഇതോടെയാണ് പൂന്താനം ഉടലോടെ സ്വർഗത്തിൽ പോയതായി വിശ്വസിക്കുന്നത്. ഇല്ലത്തിന്റെ പൂമുഖത്തിന് വടക്കുഭാഗത്ത് പൂന്താനം സ്വർഗാരോഹണം ചെയ്ത സ്ഥലം അടയാളപ്പെടുത്തിയിട്ടുണ്ട്. ഇല്ലത്തിനു പടിഞ്ഞാറു ഭാഗത്ത് വിസ്താരമേറിയ ഒരു കുന്നുണ്ട്. ഈ ശങ്കരൻ കുന്നിലാണത്രേ പൂന്താനം സ്വർഗാരോഹണം ചെയ്തത് എന്നൊരു പക്ഷവുമുണ്ട്.

## 4.1.7 പൂന്താനം കൃതികൾ

സംസ്കൃതം, മലയാളം, തമിഴ് എന്നീ ഭാഷകളിലായി ഇരുപത്തിയാറോളം കൃതികൾ പൂന്താനത്തിന്റേതായി കരുതപ്പെടുന്നു. ഉള്ളൂരിന്റെ കേരള സാഹിത്യചരിത്രത്തിൽ പൂന്താനത്തിന്റേതായി ഇരുപത്തിരണ്ടു രചനകളുണ്ടെന്ന് സൂചിപ്പിക്കുന്നു. 'ഭാഷാകർണ്ണാമൃതം, കുമാരഹരണംപാന, ജ്ഞാനപ്പാന, പാർഥസാരഥീസ്തവം, ഘനസംഘം, നാരായണീകീർത്തനങ്ങൾ, ഗോവിന്ദകീർത്തനങ്ങൾ, ആനന്ദനൃത്തം, ദ്വാദശാക്ഷരനാമകീർത്തനം, ശ്രീകൃഷ്ണകീർത്തനങ്ങൾ, അഷ്ടാക്ഷരകീർത്തനം, ബ്രഹ്മപര ഗോവിന്ദകീർത്തനം, ഗോപാലകൃഷ്ണകീർത്തനം, ഗൗരികീർത്തനം, വാമപുരേശകീർത്തനം, പത്മനാഭകീർത്തനം, വിവേകോദയകീർത്തനം, ജയകൃഷ്ണകീർത്തനം, മുകുന്ദ കീർത്തനം, ദശാവതാരസ്തോത്രം' തുടങ്ങിയവ പൂന്താനത്തിന്റെ രചനകളാണെന്ന് കരുതപ്പെടുന്നു. എന്നാൽ നിസ്തർക്കമായി പൂന്താനത്തിന്റേതെന്ന് അംഗീകരിക്കപ്പെട്ടിട്ടുള്ള കൃതികൾ സന്താനഗോപാലം, ജ്ഞാനപ്പാന, ഭാഷാകർണ്ണാമൃതം എന്നിവയാണ്.

### 4.1.7.1 പാന

പാനപ്പാട്ട് എന്ന പേരിൽ ചില ഗാനങ്ങൾ മലയാളത്തിൽ ആദ്യകാലം മുതൽക്കേ പ്രചരിച്ചിരുന്നു. ഭദ്രകാളീക്ഷേത്രങ്ങളിലെ ആരാധനയോടുബന്ധപ്പെട്ട ഒരു ചടങ്ങാണ് പാനകളി. അതിൽ പാടാൻ ഉപയോഗിച്ചിരുന്ന ഗാനാത്മകമായ വൃത്തമാണ് പാന. പാനപ്പാട്ടിലെ സർപ്പിണിവൃത്തം ഭക്തിഭാവത്തിനിണങ്ങുമെന്ന് മനസ്സിലാക്കിയ പൂന്താനം ആ രീതിയിൽ കാവ്യങ്ങൾ രചിച്ചു. 'പാന' എന്ന സാഹിത്യപ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവാണ് പൂന്താനം. പാനപ്പാട്ടിന് സാഹിത്യപദവി നല്കി അതിനെ ഒരു പ്രസ്ഥാനമായി വളർത്താനും പൂന്താനത്തിന് കഴിഞ്ഞു.

### 4.1.7.2 സന്താനഗോപാലംപാന

ഭാഗവതം ദശമസ്കന്ധത്തിലെ സന്താനഗോപാലം കഥയാണ് സന്താനഗോപാലംപാനയുടെ ഇതിവൃത്തത്തിനാധാരം. 'മതിചെന്നു കുമാരഹരണമാകതന്നിൽ മുഴുകിച്ചമകയാൽ' എന്നീ വരികളെ മുൻനിർത്തി ഈ കാവ്യത്തിന്റെ പേര് 'കുമാരഹരണം പാന' എന്നാണെന്ന് ഉള്ളൂർ രേഖപ്പെടുത്തിയിട്ടുണ്ട്. സന്താന നഷ്ടത്താൽ ദുഃഖിതനായ ബ്രാഹ്മണൻ ദ്വാരകയിൽ വന്ന് ശ്രീകൃഷ്ണനോട് പരാതി പറയുന്നു. അശ്വമേധത്തിനായുള്ള ദീക്ഷ പാലിച്ചിരുന്ന ശ്രീകൃഷ്ണനും യാദവാദികളും പരാതി പരിഗണിക്കുന്നില്ല. തുടർന്ന് ബ്രാഹ്മണർ ശ്രീകൃഷ്ണനെ ഭർത്സിക്കുന്നു. ഇതോടെ ഒരുണ്ണി ഉണ്ടായാൽ രക്ഷിച്ചു കൊള്ളാമെന്ന് അർജ്ജുനൻ വാഗ്ദാനം ചെയ്യുന്നു. അടുത്ത ഭാഗത്ത് ബ്രാഹ്മണപത്നി ഗർഭിണിയാകുന്നതും സൂതികാഗൃഹത്തിന് ചുറ്റും അർജ്ജുനൻ ശരകൂടം കെട്ടി കാവൽ നിൽക്കുന്നതിന്റെയും ദൃശ്യങ്ങളാണ്. എന്നാൽ അർജ്ജുനന് തന്റെ വാഗ്ദാനം പാലിക്കാൻ കഴിയാതെ വരുന്നു. മൂന്നാം ഭാഗത്ത് ബ്രാഹ്മണപുത്രന്മാരെത്തേടി അർജ്ജുനൻ ഭൂമിയിലും സ്വർഗത്തിലും പാതാളത്തിലും കാലപുരിയിലുമെല്ലാമലയുന്നു. എന്നാൽ കുട്ടികളെ കണ്ടെത്താൻ കഴിയാതെ, തന്റെ പ്രതിജ്ഞ നിറവേറ്റാനാവാതെ അർജ്ജുനൻ അഗ്നിയിൽ ചാടി ആത്മാഹുതിക്കൊരുങ്ങുന്നു തുടർന്ന് ശ്രീകൃഷ്ണൻ അർജ്ജുനനെ സമാശ്വസിപ്പിച്ച്കൊണ്ട് വൈകുണ്ഠത്തിലേക്ക് കൂട്ടിക്കൊണ്ടുപോകുന്നു. നാലാംഭാഗം അർജ്ജുനന്റെ വൈകുണ്ഠ ദർശനവും കുമാരഹരണവുമാണ്. വൈകുണ്ഠത്തിന്റെയും അവിടെ അനന്തശായിയായ സാക്ഷാൽ മഹാവിഷ്ണുവിന്റെയും മഹാലക്ഷ്മിയുടെയും സന്നിധിയിൽ ക്രീഡാലോലരായി കഴിയുന്ന കുട്ടികളുടെ വർണ്ണനകളിൽ ഭക്തനായ പൂന്താനത്തിന്റെ ആത്മഭാവം ദർശിക്കാനാവുന്നു. ഈ കഥ കേൾക്കുന്നവർക്ക് പുത്രസമ്പത്തും അർഥമിത്രാദികളത്ര സുഖവും മുക്തിയും ഉണ്ടാകുമെന്നാണ് കാവ്യത്തിന്റെ ഫലശ്രുതി.

SGOU

### 4.1.7.3 ശ്രീകൃഷ്ണ കർണ്ണാമൃതം

ശ്രീകൃഷ്ണലീലകൾ സ്തോത്രരൂപത്തിൽ വാഴ്ത്തിപ്പാടുകയും തത്വചിന്താപരമായ വിഷയങ്ങൾ ഭക്തർക്കുപദേശിച്ചു കൊടുക്കുകയും ചെയ്യുന്ന സ്തോത്രകൃതിയാണ് ഭാഷാകർണ്ണാമൃതം. ലീലാശുകന്റെ ശ്രീകൃഷ്ണകർണ്ണാമൃതത്തിന്റെ പൂർണ്ണമായ ഭാഷാന്തരീകരണമല്ല ഈ കൃതി. ഭാഗവതം ദശമസ്കന്ധത്തിലെ കഥയാണ് സംഗ്രഹരൂപത്തിൽ ഭാഷാകർണ്ണാമൃതത്തിൽ പ്രതിപാദിച്ചിട്ടുള്ളത്. 169 ശ്ലോകങ്ങളിലായി കൃഷ്ണലീലകകളുടെ വർണ്ണനകളും കൃഷ്ണസ്തുതികളും തത്വചിന്താശകലങ്ങളും കർണ്ണാമൃതവും ഹൃദയാകർഷകവുമായി ആവിഷ്കരിച്ചിരിക്കുന്നു. ലളിതമധുരങ്ങളായ മലയാളപദങ്ങൾ കോർത്തിണക്കിയതാണ് ഭാഷാകർണ്ണാമൃതത്തിൽ ശൈലി. ഈ ലാളിത്യം മുൻനിർത്താതെയാണ് പൂന്താനത്തെ ഭാഷാസാഹിത്യത്തിലെ കെടാവിളക്കായി ഡോ.കെ. രാഘവൻ പിള്ള വിശേഷിപ്പിക്കുന്നത്.

## 1. വിശദപഠനം

### ജ്ഞാനപ്പാന

പൂന്താനത്തിന്റെ ഏറ്റവും പ്രസിദ്ധമായ ദാർശനിക കാവ്യമാണ് ജ്ഞാനപ്പാന. അതിഗഹനങ്ങളായ ആധ്യാത്മികതത്വങ്ങളെ പാമരന്മാരായ ജനങ്ങൾക്കുപോലും മനസ്സിലാകത്തക്കരീതിയിൽ ഇതിൽ ആവിഷ്കരിച്ചിരിക്കുന്നു. പരിപക്വമായ ഒരു വിചാരധാര ജ്ഞാനപ്പാനയിൽ ദൃശ്യമാണ്. ജ്ഞാനപ്പാനയെന്ന് പേരുണ്ടെങ്കിലും ഭക്തിയുടെ മഹത്വം ഉദ്ഘോഷിക്കാനാണ് പൂന്താനം ഈ കൃതിയിൽ ഉടനീളം ശ്രമിച്ചിട്ടുള്ളത്. സാധാരണ മനുഷ്യർക്ക് ഭക്തിയിലൂടെ മാത്രമാണ് മുക്തിയെക്കുറിച്ച് ചിന്തിക്കാൻ കഴിയൂവെന്ന് കവിക്ക് അറിയാമായിരുന്നു. അതിനുള്ള ശ്രമമാണ് മറ്റു പാട്ടുകവികളെപ്പോലെ പൂന്താനവും നടത്തിയത്. സംസാരചക്രത്തിന്റെ ഗതിവിഗതികൾ, മനുഷ്യജന്മത്തിന്റെ മഹത്വം, പുനർജന്മം എന്നിവയെക്കുറിച്ചെല്ലാം വിശദീകരിച്ച ശേഷം കലിയുഗത്തിലെ ധർമ്മച്യുതിയുടെ യഥാർഥമായ ചിത്രം കവി അനാവരണം ചെയ്യുന്നു. സമകാലികസമൂഹത്തിന്റെ പ്രതിഫലനം ഈ വർണ്ണനകളിലുണ്ട്. സ്ഥാനമാനങ്ങൾ ചൊല്ലിക്കലഹിച്ചു നാണംകെട്ട് നടക്കുന്നവർ, മത്സരബുദ്ധിയാൽ ഉന്മാദം ബാധിച്ചവർ, സുന്ദരിമാരുടെ ഭവനങ്ങളിൽ ശൃംഗാരപ്പദം ആടുന്നവർ, സേവകവേഷം കെട്ടി ഞെളിയുന്നവർ, അഷ്ടിക്കു വകയില്ലാതെ സ്വന്തം കുട്ടിയെ വിൽക്കുന്നവർ, ധനമോഹം കൊണ്ട് അധർമ്മം ചെയ്യുന്നവർ എന്നിങ്ങനെ ആ പട്ടിക നീളുന്നു. മനുഷ്യന്റെ അത്യാർത്തിക്കും അതിരില്ല. ആശാപാശങ്ങളിൽ കുരുങ്ങി മനക്കോട്ടകൾ കെട്ടിയുയർത്തുന്നതിനിടയിൽ മരണം കടന്നുവരുന്നു. പരലോകയാത്രയിൽ ഉടുവസ്ത്രംപോലും കൊണ്ടുപോകാൻ സാധിക്കില്ല. അതിനാൽ ക്ഷണഭംഗുരങ്ങളായ ലൗകികതൃഷ്ണകളിൽനിന്ന് മനസ്സിനെ പിന്തിരിപ്പിച്ച് ഈശ്വരോന്മുഖമാക്കുകയാണ് വേണ്ടത്. ഭഗവാന്റെ തിരുനാമസങ്കീർത്തനംകൊണ്ട് ജന്മസാഫല്യവും ബ്രഹ്മസായൂജ്യവും നേടാൻ കഴിയുമെന്ന് ജ്ഞാനപ്പാന ലൗകികമനുഷ്യരെ ഉദ്ബോധിപ്പിക്കുന്നു.

362 വരികളുള്ള ഒരു ലഘുകാവ്യമാണ് ജ്ഞാനപ്പാന. 'ജ്ഞാനപ്പാന പോലെ അനവദ്യഹൃദ്യമായ ഒരു ഭക്തികാവ്യം മലയാളത്തിൽ അതിനു മുമ്പോ പിമ്പോ ഉണ്ടായിട്ടില്ല. ഏതെങ്കിലും ഭാരതീയ ഭാഷയിൽ ഉണ്ടായിട്ടുണ്ടോ എന്നും സംശയിക്കേണ്ടിയിരിക്കുന്നു. ആത്മാവുകൊണ്ടനുഭവിച്ചറിഞ്ഞതെന്തോ ആ ജീവിതവേദാന്തത്തെ അവ്യാജമനോഹരമായി, കവിയുടെ മുഖത്ത് തേയ്പും ഉടുത്തുകെട്ടും കൂടാതെ പൂന്താനം ഉള്ളിലേക്കു പകരുമ്പോൾ അത് അവിടെ ഉറഞ്ഞുകൂടുന്നു. അതുൾക്കൊള്ളുന്ന വരികൾ തന്നത്താനറിയാതെ നമുക്കു മനഃപാഠമാവുകയും ചെയ്യുന്നു' എന്ന് പ്രൊഫ എൻ. കൃഷ്ണപ്പിള്ള പ്രസ്താവിക്കുന്നത് തികച്ചും അന്വർഥമാണ്.

### വരികൾ

1. കൃഷ്ണ! കൃഷ്ണ! മുകുന്ദ! ജനാർദ്ദന!
കൃഷ്ണ! ഗോവിന്ദ! നാരായണ! ഹരേ!
അച്യുതാനന്ദ! ഗോവിന്ദ! മാധവ!
സച്ചിദാനന്ദ! നാരായണ! ഹരേ!

കൃഷ്ണഭക്തനായ പൂന്താനം ഭഗവാന്റെ നാമങ്ങൾ ഉച്ചരിച്ചുകൊണ്ട് കാവ്യരചന ആരംഭിക്കു


SGOU

ന്നു. അതിനുശേഷം കവി ഗുരുവന്ദനം ചെയ്യുന്നു.

'ഗുരുനാഥൻ തുണചെയ്ക സന്തതം
തിരുനാമങ്ങൾ നാവിന്മേലെപ്പൊഴും
പിരിയാതെയിരിക്കണം നമ്മുടെ
നരജന്മം സഫലമാക്കീടുവാൻ.'

## ആശയവിശദീകരണം

എന്റെ ഗുരുനാഥൻ എന്നെ എപ്പോഴും തുണയ്ക്കേണമേ. മനുഷ്യജന്മത്തിന്റെ സാഫല്യമായ മോക്ഷം ലഭിക്കുന്നതിനായി ഈശ്വരന്റെ നാമങ്ങൾ എപ്പോഴും നാവുകൊണ്ട് ഉച്ചരിക്കാൻ കഴിയണേ എന്ന് കവി പ്രാർഥിക്കുന്നു. ഏതുകാര്യവും മംഗളമായി കലാശിക്കണമെങ്കിൽ ഗുരുവിന്റെ അനുഗ്രഹം അത്യാവശ്യമാണ്. അതിനാലാണ് കവി ആദ്യമായി ഗുരുവിനെ വന്ദിക്കുന്നത്. ഗുരു എന്ന പദത്തിന്റെ അർഥം സാരവത്താണ്. 'ഗു' എന്ന ശബ്ദം അന്ധകാരത്തെ കുറിക്കുന്നു. 'രു' എന്നത് അതിന്റെ നിരോധത്തെയും. അതായത് അജ്ഞാനമാകുന്ന അന്ധകാരത്തെ ഇല്ലാതാക്കുന്നവനാണ് ഗുരു എന്നർഥം.

## വരികൾ

2. 'ഇന്നലെയോളമെന്തന്നറിഞ്ഞീലാ
ഇനി നാളെയുമെന്തെന്നറിഞ്ഞീലാ;
ഇന്നിക്കണ്ട തടിക്കുവിനാശവു-
മിന്ന നേരമെന്നേതുമറിഞ്ഞീല.
കണ്ടു കണ്ടങ്ങിരിക്കും ജനങ്ങളെ -
ക്കണ്ടില്ലെന്നു വരുത്തുന്നതു ഭവാൻ.
രണ്ടു നാലു ദിനം കൊണ്ടൊരുത്തനെ
തണ്ടിലേറ്റി നടത്തുന്നതും ഭവാൻ.
മാളികമുകളേറിയ മന്നന്റെ
തോളിൽ മാറാപ്പങ്ങാക്കുന്നതും ഭവാൻ.'

## അർഥവിശദീകരണം

| | | |
|---|---|---|
| തടി | = | ശരീരം |
| തണ്ട് | - | പല്ലക്ക് |
| മാറാപ്പ് | - | വസ്ത്രം കൊണ്ടുള്ള ഒരു തരം ഭാണ്ഡക്കെട്ട് |

## ആശയവിശദീകരണം

തന്റെ മുജ്ജന്മങ്ങളിൽ താൻ ആരായിരുന്നുവെന്നോ ഇനി വരാൻപോകുന്ന ജന്മങ്ങളിൽ ആരായിരിക്കുമെന്നോ ഒന്നുംതന്നെ ഒരാൾ അറിയുന്നില്ല. അഥവാ ഭൂതകാലത്തെപ്പറ്റിയോ ഭാവികാലത്തെപ്പറ്റിയോ മനുഷ്യന് യാതൊരറിവും ഉണ്ടാകാറില്ല. ഇന്നു നാം കാണുന്ന നശ്വരമായ ഈ ശരീരം എന്ന് നശിക്കുമെന്നും ആരും അറിയുന്നില്ല. അതായത് ഏത് നേരത്താണ് മരണം സംഭവിക്കുക എന്നതിനെപ്പറ്റി എല്ലാവരും അജ്ഞരാണ്. നാം നിത്യവും കണ്ടുകൊണ്ടിരിക്കുന്ന ഒരാളെ പെട്ടെന്ന് കാണാതാകുന്നു. അത് വരുത്തുന്നത് അങ്ങുതന്നെയാണ് (ഈശ്വരനാണ്). ഒരാളെ രണ്ടുനാലു ദിനംകൊണ്ട് രാജാവാക്കി പല്ലക്കിലേറ്റി നടത്തുന്നതും, മണിമാളികയിൽ വസിക്കുന്ന രാജാവിന്റെ തോളിൽ മാറാപ്പേറ്റുന്ന ഭിക്ഷക്കാരനാക്കി മാറ്റുന്നതും അങ്ങുതന്നെയാണ്. ദൈവഹിതത്തിനനുസരിച്ചാണ് ജനനമരണങ്ങളും ഉയർച്ച താഴ്ചകളും സംഭവിക്കുന്നതെന്ന് സാരം.

## വരികൾ

3. 'കണ്ടാലൊട്ടറിയുന്നു ചിലരിതു
കണ്ടാലും തിരിയ ചിലർക്കേതുമേ.
കണ്ടതൊന്നുമേ സത്യമല്ലെന്നതു
മുമ്പേ കണ്ടങ്ങറിയുന്നിതു ചിലർ.
മനുജാതിയിൽ തന്നെ പല വിധം
മനസ്സിന്നു വിശേഷമുണ്ടോർക്കണം
പലർക്കുമറിയേണമെന്നിട്ടല്ലോ
പലജാതി പറയുന്നു ശാസ്ത്രങ്ങൾ
കർമ്മത്തിലധികാരിജനങ്ങൾക്കു
കർമ്മശസ്ത്രങ്ങളുണ്ടു പലവിധം
ജ്ഞാനത്തിനധികാരി ജനങ്ങൾക്കു
ജ്ഞാന ശാസ്ത്രങ്ങൾ യോഗശാസ്ത്രങ്ങളും
സാംഖ്യശാസ്ത്രങ്ങൾ യോഗങ്ങളെന്നിവ
സംഖ്യയില്ലതു നിൽക്കട്ടെ സർവ്വവും.'

## അർഥവിശദീകരണം

| | | |
|---|---|---|
| തിരിയാ | = | മനസ്സിലാകുന്നില്ല |
| കർമ്മം | = | പ്രവൃത്തി |

## ആശയ വിശദീകരണം

മുൻപറഞ്ഞ സത്യങ്ങൾ ചിലരെല്ലാം അനുഭവംകൊണ്ട് അറിയുന്നു. എന്നാൽ (ബുദ്ധിഹീനരോ അഹങ്കാരികളോ ആയ) ചിലർ ഇതൊന്നും

SGOU

അനുഭവിച്ചാലും മനസ്സിലാക്കുന്നില്ല. തത്വജ്ഞാനികളായ കുറച്ചുപേർ മാത്രം ഈ പ്രപഞ്ചം ക്ഷണഭംഗുരമാണെന്നും ശാശ്വതമല്ലെന്നുമുള്ള സത്യം മുൻകൂട്ടി കണ്ടറിയുന്നു. മനുഷ്യരെല്ലാം ഒരുപോലെയുള്ളവരല്ല. മനുഷ്യർ സ്വന്തം മനഃസ്ഥിതികൊണ്ട് അന്യോന്യം ഭേദപ്പെട്ടിരിക്കുന്നു. ചിലർ ബുദ്ധിയുള്ളവരായിരിക്കും. ചിലർ കഠിനഹൃദയരാണെങ്കിൽ ചിലർ ദയാലുക്കളായിരിക്കും. പലതരത്തിലുള്ള മനഃസ്ഥിതി ഉള്ളവർക്കും പ്രപഞ്ചസത്യം അറിയേണ്ടതുള്ളതുകൊണ്ടാണ് വിവിധങ്ങളായ ശാസ്ത്രങ്ങളും ദർശനങ്ങളും രചിക്കപ്പെട്ടിട്ടുള്ളത്. കർമ്മത്തിന് അധികാരിയായവർക്കും അതിൽ താല്പര്യമുള്ളവർക്കും വേണ്ടിയുള്ളതാണ് കർമ്മയോഗം. സാംഖ്യയോഗം, യോഗശാസ്ത്രങ്ങൾ എന്നിങ്ങനെ അസംഖ്യം ശാസ്ത്രങ്ങൾ വേറെയും ഉണ്ട്. അവയെല്ലാം അങ്ങനെ നിൽക്കട്ടെ. പരമലക്ഷ്യമായ മുക്തി ലഭിക്കുവാൻ പല മാർഗങ്ങളും നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്. കർമ്മയോഗം, ജ്ഞാനയോഗം, ഭക്തിയോഗം, സാംഖ്യയോഗം, ധ്യാനയോഗം എന്നിങ്ങനെ. അവ എണ്ണിയാൽ ഒടുങ്ങാത്തതാണ്. ഓരോരുത്തർക്കും അവൻ എന്തിനാണ് അർഹൻ എന്ന് കണ്ടറിഞ്ഞ് ആ മാർഗം സ്വീകരിക്കാവുന്നതാണ്.

## വരികൾ

4. 'ചുഴന്നീടുന്ന സംസാരചക്രത്തി-
ലുഴന്നീടും നമുക്കറിഞ്ഞീടുവാൻ
അറിവുള്ള മഹത്തുക്കളുണ്ടൊരു
പരമാർഥമരുൾ ചെയ്തിക്കുന്നു.
എളുതായിട്ട് മുക്തി വരുത്തുവാൻ
ചെവി തന്നിതു കേൾപ്പിനെല്ലാവരും.
നമ്മെയൊക്കെയും ബന്ധിച്ചു സാധനം
കർമ്മമെന്നറിയേണ്ടതു മുമ്പിനാൽ
മുന്നമിക്കണ്ട വിശ്വമശേഷവും
ഒന്നായുള്ളൊരു ജ്യോതിസ്വരൂപമായ്
ഒന്നും ചെന്നങ്ങു തന്നോടു പറ്റാതെ
ഒന്നിനും ചെന്നു താനും വലയാതെ
ഒന്നൊന്നുള്ളിലുറയ്ക്കും ജനങ്ങൾക്ക്
ഒന്നുകൊണ്ടറിവാകുന്ന വസ്തുവായ്
ഒന്നിലുമുറയ്ക്കാത്ത ജനങ്ങൾക്ക്
ഒന്നു കൊണ്ടും തിരിയാത്ത വസ്തുവായ്
ഒന്നും പോലെയൊന്നില്ലാതെ കണ്ടതിൽ
ഒന്നായുള്ളോരു ജീവസ്വരൂപമായ്
ഒന്നിലുമൊരു ബന്ധമില്ലാതെയായ്
നിന്നവൻതന്നെ വിശ്വം ചമച്ചുപോൽ.'

## അർഥവിശദീകരണം

| | | |
|---|---|---|
| സംസാരചക്രം | = | ജനനം, മരണം, പുനർജന്മം എന്നിവയുടെ തുടർച്ച |
| ഉഴന്നിടുന്ന | = | കഷ്ടപ്പെടുന്ന |
| മഹത്തുക്കൾ | = | മഹാന്മാർ |
| എളുത് | = | എളുപ്പം |
| മുക്തി | = | മോക്ഷം |

## ആശയവിശദീകരണം

ചുറ്റിത്തിരിയുന്ന സംസാരചക്രത്തിൽപ്പെട്ട് കഷ്ടപ്പെടുന്ന ജനങ്ങൾക്ക് പരമമായ ജ്ഞാനം നൽകുന്നതിനായി മുമ്പുണ്ടായിട്ടുള്ള മഹാത്മാക്കൾ, ലഘുവായ മുക്തിമാർഗം ഉപദേശിച്ചിട്ടുണ്ട്. അത് എന്തെന്ന് എല്ലാവരും ശ്രദ്ധയോടെ കേൾക്കുക. ശാസ്ത്രങ്ങളുടെ ബാഹുല്യവും വൈവിധ്യവും നിമിത്തം സംസാരചക്രത്തിൽപ്പെട്ട് ചുറ്റിത്തിരിയുന്നവന് ഏതാണ് എളുപ്പമായ മുക്തിമാർഗമെന്ന് സ്വയം കണ്ടറിയുവാൻ വിഷമമുണ്ടാകും. അവർക്കുവേണ്ടി, എളുപ്പത്തിൽ മുക്തി ലഭിയ്ക്കാവുന്ന ഒരു മാർഗമാണ് കവി നിർദ്ദേശിക്കാൻ പോകുന്നത്. കർമ്മമാണ് സംസാരകാരണമെന്നും നമ്മെയെല്ലാം അത് ബന്ധിച്ചിരിക്കുകയാണെന്നും ആദ്യമായി മനസ്സിലാക്കണം. പ്രപഞ്ചത്തിലുള്ള എല്ലാ ജീവജാലങ്ങളും അനുഭവിക്കുന്നത് താൻ ചെയ്ത കർമ്മഫലമാണ്. അത് മുജ്ജന്മത്തിൽ ചെയ്തതാകാം. ഈ ജന്മത്തിലേതുമാകാം. കർമ്മം ചെയ്യാതിരിയ്ക്കാൻ കഴിയില്ല. കർമ്മഫലം അനുഭവിക്കാതിരിക്കാനും വയ്യ. കർമ്മം ചെയ്യുകയെന്നത് ബ്രഹ്മത്തിനുപോലും ഒഴിവാക്കാനാവാത്ത ബന്ധനമാണ്. ഇപ്രകാരം ഓരോ ജന്മത്തിലും ചെയ്യുന്ന കർമ്മഫലങ്ങൾ അനുഭവിക്കാൻ വീണ്ടും ജനിക്കേണ്ടിവരുന്നു. അങ്ങനെ ജന്മങ്ങൾ അവസാനിക്കാതെ ഒരു ചക്രമായി ചുറ്റിത്തിരിയുന്നു.

പ്രപഞ്ചസൃഷ്ടിയെപ്പറ്റിയാണ് തുടർന്ന് വിവരിക്കുന്നത്. സൃഷ്ടിയുടെ ആരംഭത്തിനു മുമ്പായി,

SGOU

പ്രളയത്തിന്റെ അവസരത്തിൽ ഇപ്പോൾ കാണപ്പെടുന്ന ഈ വിശ്വം മുഴുവനും ഒന്നായി ചേർന്ന്, പരമമായ ഒരു ജീവസ്വരൂപമായിത്തീർന്ന് സ്ഥിതിചെയ്യുന്നു. ഒന്നുംതന്നെ ചെന്ന് പരമാത്മാവിൽ ലയിക്കുന്നില്ല; പരമാത്മാവ് ഒന്നിലും ചെന്ന് വലയുന്നുമില്ല. അങ്ങനെയുള്ള ഒന്നാണ് പരമാത്മാവ് എന്ന് ഉള്ളിൽ അറിയാവുന്ന ജനങ്ങൾ യാഥാർഥ്യം മനസ്സിലാക്കുന്നു. എന്നാൽ ആ സത്യം മനസ്സിലാകാത്തവർക്ക് ഒന്നും തിരിയാത്ത വസ്തുവാണ് പരമാത്മാവ്. ഈ പരമാത്മാവാകട്ടെ നിരുപമമാണ്. അത് ഓരോ ജീവിയിലും ഓരോ ജീവാത്മായി വർത്തിക്കുന്നു. അതേ സമയത്തുതന്നെ ആ പരമാത്മാവിന് ഒന്നിനോടും ബന്ധം ഉണ്ടാകുന്നുമില്ല. ഈ രീതിയിലാണ് ഈശ്വരൻ പ്രപഞ്ചസൃഷ്ടി നടത്തിയിട്ടുള്ളത്. പ്രളയാവസരത്തിൽ ഓരോ ജീവനും സ്വന്തം കർമ്മങ്ങളോടുകൂടിത്തന്നെ, മറ്റുള്ളവരുമായി കൂടിച്ചേർന്ന് പരമാത്മാവിൽ ലയിക്കാതെ, ഒരു തേജഃപുഞ്ജമായി സ്ഥിതി ചെയ്യുന്നു. പ്രളയാനന്തരം തന്റെ കർമ്മഫലമനുസരിച്ച് വീണ്ടും ജന്മങ്ങൾ സ്വീകരിച്ച്, ജനനമരണചക്രത്തിൽപ്പെട്ട് ഉഴലുവാൻ തുടങ്ങുന്നു.

## വരികൾ

5. 'മൂന്നുമൊന്നിലടങ്ങുന്നു പിന്നെയും
ഒന്നുമില്ലപോൽ വിശ്വമന്നേരം
മൂന്നുകൊണ്ടു ചമച്ചൊരു വിശ്വത്തിൽ
മൂന്നായിട്ടുള്ള കർമ്മങ്ങളൊക്കെയും
പുണ്യകർമ്മങ്ങൾ പാപകർമ്മങ്ങളും
പുണ്യപാപങ്ങൾ മിശ്രമാം കർമ്മവും
മൂന്നു ജാതി നിരൂപിച്ചുകാണുമ്പോൾ
മൂന്നു കൊണ്ടും തളയ്ക്കുന്ന ജീവനെ
പൊന്നിൻ ചങ്ങലയൊന്നിപ്പറഞ്ഞതിൽ
ഒന്നിരുമ്പിനാൽ, ഭേദമത്രേയുള്ളൂ;
രണ്ടിനാലുമെടുത്തു പണിചെയ്ത
ചങ്ങലയല്ലോ മിശ്രമാം കർമ്മവും
ബ്രഹ്മവാദിയായിച്ചയെറുമ്പോളം
കർമ്മബദ്ധന്മാരെന്നതറിഞ്ഞാലും.'

## അർഥവിശദീകരണം

മൂന്നു = രജസ്സ്, സത്വം, തമസ്സ്

ചമയ്ക്കുക = ഉണ്ടാക്കുക

## ആശയവിശദീകരണം

ഒരേ പ്രപഞ്ചകർത്താവുതന്നെ പ്രപഞ്ചത്തെ സൃഷ്ടിക്കാനും രക്ഷിക്കാനും സംഹരിക്കാനുമായി രജസ്സ്, സത്വം, തമസ്സ് എന്നീ ഗുണങ്ങളെ ആശ്രയിച്ച് മൂന്നായി പിരിയുന്നു. പരമാത്മാവ് രജോഗുണം പൂണ്ട് പ്രപഞ്ചം സൃഷ്ടിക്കുമ്പോൾ ബ്രഹ്മാവെന്നറിയപ്പെടുന്നു. സത്വഗുണമെടുത്ത് രക്ഷചെയ്യുമ്പോൾ വിഷ്ണുരൂപം കൈക്കൊള്ളുന്നു. തമോഗുണമെടുത്ത് സംഹരിക്കുമ്പോൾ ശിവനായി വർത്തിക്കുന്നു. ത്രിമൂർത്തികൾ സൃഷ്ടി, സ്ഥിതി, സംഹാരകർത്താക്കളാണെങ്കിലും അവരെല്ലാവരും യഥാർഥത്തിൽ ഒരേ പരമാത്മാവുതന്നെയാണ്. ത്രിഗുണങ്ങൾ വെടിഞ്ഞ് ബ്രഹ്മവിഷ്ണുമഹേശ്വരന്മാർ മാഞ്ഞ് പരമാത്മാവ് അദ്വയനായി വർത്തിക്കുമ്പോൾ അവിടെ പ്രപഞ്ചത്തിന്റെ നിഴൽപോലും ഉണ്ടാകില്ല. ഇതിൽനിന്നും ത്രിഗുണങ്ങൾ വഴിക്കാണ് എല്ലാ പ്രാപഞ്ചികപ്രവർത്തനങ്ങളെല്ലാം നടക്കുന്നതെന്ന് മനസ്സിലാകുന്നു.

ഗുണങ്ങളാണ് സകല കർമ്മങ്ങളെയും നിയന്ത്രിക്കുന്നത് ഗുണാശ്രയങ്ങളായ കർമ്മങ്ങളും മൂന്നായി വേർതിരിയുന്നു. പുണ്യകർമ്മം, പാപകർമ്മം, മിശ്രകർമ്മം. കർമ്മം ഏതുവിധത്തിലായാലും അതെല്ലാം ജീവാത്മാവിന് ബന്ധകാരണം തന്നെയാണ്. മൂന്നുതരം കർമ്മവും ജീവനെ ബന്ധിച്ച് ജീവിതദുഃഖത്തിൽ അകപ്പെടുത്തി വലയ്ക്കുന്നു. സത്വഗുണപ്രധാനമായ പുണ്യകർമ്മം സ്വർണ്ണച്ചങ്ങലയാണെങ്കിൽ തമോഗുണപ്രധാനമായ പാപകർമ്മം ഇരുമ്പുചങ്ങലയാണ്. സ്വർണ്ണവും ഇരുമ്പും കൂട്ടിക്കലർത്തിയുണ്ടാക്കിയ ചങ്ങല മിശ്രകർമ്മവും. ബന്ധിക്കുകയെന്ന അംശത്തിൽ ചങ്ങലകൾക്ക് തമ്മിൽ ഒരു വ്യത്യാസവുമില്ല. ഇങ്ങനെയാലോചിച്ചാൽ ഈ ലോകത്ത് ബ്രഹ്മാവു മുതൽ ഈച്ചയുറുമ്പുവരെയുള്ള എല്ലാ ജീവജാലങ്ങളും കർമ്മബദ്ധരാണെന്ന് കാണാം.

## വരികൾ

6. 'ഭുവനങ്ങളെ സൃഷ്ടിക്കയെന്നത്
ഭുവനാന്ത്യ പ്രളയം കഴിവോളം
കർമ്മപാശത്തെ ലംഘിക്കയെന്നതു
ബ്രഹ്മാവിന്നുമെളുതല്ല നിർണ്ണയം

SGOU

ദിക്പാലന്മാരുമവ്വണ്ണമോരോരോ
ദിക്കുതോറും തളച്ചു കിടക്കുന്നു
അല്പകർമ്മികളാകിയ നാമെല്ലാ-
മല്പകാലംകൊണ്ടോരോരോ ജന്തുക്കൾ
ഗർഭപാത്രത്തിൽ പൂക്കും പുറപ്പെട്ടും
കർമ്മംകൊണ്ടു കളിക്കുന്നതിങ്ങനെ.'

## അർഥവിശദീകരണം

| | | |
|---|---|---|
| എളുതല്ല | = | എളുപ്പമല്ല |
| പാശം | = | കയർ |
| പുക്കും | = | പ്രവേശിച്ചു |

## ആശയവിശദീകരണം

സൃഷ്ടിയും പ്രളയവും പകലും രാവുമെന്ന പോലെ ഒന്നിനൊന്നായി ആവർത്തിച്ചുകൊണ്ടിരിക്കുന്നു. ഇതിന് തുടക്കവും ഒടുക്കവുമില്ല. ഈ സംസാരത്തിൽപ്പെട്ട് നിൽക്കുന്നിടത്തോളം കർമ്മപാശം ഒഴിവാക്കാൻ ബ്രഹ്മാവിനും കഴിവില്ല. കിഴക്കു തുടങ്ങി പ്രദക്ഷിണക്രമത്തിലുള്ള എട്ടു ദിക്കുകളുടെ പാലകന്മാരാണ് ഇന്ദ്രൻ, വഹ്നി, പിതൃപതി, നിരൃതി, വരുണൻ, മരുത്, കുബേരൻ, ഈശൻ എന്നിവർ. അവരും അതത് ദിക്കുകളെ കാത്തുകൊള്ളുക എന്ന കർമ്മത്തിൽ കുടുങ്ങിക്കിടക്കുന്നു. അവരുമായി താരതമ്യപ്പെടുത്തുമ്പോൾ നമ്മുടെ കർമ്മവും ആയുസ്സും എത്രയോ തുച്ഛമാണ്. എങ്കിലും ജനിച്ചും മരിച്ചും വീണ്ടും ജനിച്ചും നമ്മളും കർമ്മബദ്ധരായി കഴിയുന്നു.

## വരികൾ

7. 'നരകത്തിൽ കിടക്കുന്ന ജീവൻ പോയ്
ദുരിതങ്ങളെടുങ്ങി മനസ്സിന്റെ
പരിപാകവുംവന്നു ക്രമത്താലേ
നരജാതിയിൽ വന്നു പിറന്നിട്ടു
സുകൃതം ചെയ്തു മേല്പോട്ടു പോയവർ
സുഖിച്ചീടുന്നു സത്യലോകത്തോളം
സൽക്കർമ്മംകൊണ്ടു മേല്പോട്ടു പോയവർ
സ്വർഗത്തിങ്കലിരുന്നു രമിച്ചുടൻ
സുഖിച്ചങ്ങനെ പോയിട്ടും കാലവും
സുകൃതങ്ങളുമൊക്കെയൊടുങ്ങിടും
പരിപാകമൊരെള്ളോളമില്ലവർ
പതിച്ചീടുന്നു നമ്മുടെ ഭൂമിയിൽ.
ദുരിതം ചെയ്തു ചെയ്തവർ പിന്നെപ്പോയ്
നരകത്തിൽ വെവ്വേറെ വീഴുന്നു
സുരലോകത്തിൽ നിന്നൊരു ജീവൻപോയ്
നരലോകേ മഹീസുരനാക്കുന്നു.
ചണ്ഡകർമ്മങ്ങൾ ചെയ്തവൻ ചാകുമ്പോൾ
ചണ്ഡാലകുലത്തിങ്കൽ പിറക്കുന്നു.
അസുരന്മാർ സുരന്മാരായിടുന്നു
അമരന്മാർ മരങ്ങളായീടുന്നു
അജം ചത്തു ഗജമായ് പിറക്കുന്നു.
ദ്വിജൻ ചത്തു ദ്വിജമായ് പിറക്കുന്നു.
നരി ചത്തുനരനായ് പിറക്കുന്നു
നാരി ചത്തുടനോരിയായ് പിറക്കുന്നു.
കൃപകൂടാതെ പീഡിപ്പിച്ചീടുന്ന
നൃപൻ ചത്തു കൃമിയായ് പിറക്കുന്നു.
ഈച്ച ചത്തൊരു പൂച്ചയായീടുന്നു
ഈശ്വരന്റെ വിലാസങ്ങളിങ്ങനെ'

## അർഥവിശദീകരണം

| | | |
|---|---|---|
| സുരൻ | = | ദേവൻ |
| അമരന്മാർ | = | ദേവന്മാർ |
| അജം | = | ആട് |
| ദ്വിജൻ | = | ബ്രാഹ്മണൻ |
| ദ്വിജം | = | പക്ഷി |

## ആശയവിശദീകരണം

പാപകർമ്മങ്ങൾ ചെയ്തതിന്റെ ഫലമായി നരകത്തിൽ കിടന്ന് ദുരിതങ്ങൾ ഒടുങ്ങിക്കഴിഞ്ഞ ജീവൻ, പരിപക്വമാകുമ്പോൾ മനുഷ്യനായി വന്ന് ജനിക്കുന്നു. മനുഷ്യനായി ജീവിക്കുമ്പോൾ ചെയ്യുന്ന സൽകർമ്മങ്ങളുടെ ഫലമായി ചിലർ സദാ സത്യാന്വേഷികളായി ധർമ്മമാർഗത്തിൽ ചരിക്കുന്നു. സുകൃതികളായ അവർ സത്യലോകത്തിൽ ചെന്ന് സുഖമായി വാഴുന്നു. എന്നാൽ ചിലർ സത്യത്തെ തിരയാതെ യാഗാദി പുണ്യകർമ്മങ്ങൾ ചെയ്ത് സ്വർഗം നേടാൻ തിരിയുന്നു. അവർ ചെയ്ത പുണ്യങ്ങളുടെ ഫലമായി സ്വർഗത്തിലെത്തി സുഖമായി വാഴുന്നു. സുഖം അനുഭവിച്ചനുഭവിച്ച് ചെയ്ത പുണ്യം ഒടുങ്ങും. വീണ്ടും ഭൂമിയിൽ പതിച്ച്, മനുഷ്യജന്മമെടുത്ത്, പാപകർമ്മങ്ങളിലാണ് വാസന കൂടുതലെങ്കിൽ ദുരിതം ചെയ്ത് വീണ്ടും നരകത്തിൽ തന്നെ ചെന്നു വീഴുന്നു.

SGOU

മൂന്നുതരം കർമ്മങ്ങളുടെയും ഫലമായി ജീവൻ ഇങ്ങനെ സ്വർഗം, ഭൂമി, നരകം എന്നീ ലോകങ്ങളിൽ മാറി മാറി സഞ്ചരിച്ചു കഴിയുന്നു. പുണ്യം ക്ഷയിക്കുമ്പോൾ ഒരു ജീവൻ സ്വർഗലോകത്തു നിന്നും ഭൂമിയിലെത്തി ബ്രാഹ്മണനായി ജനിക്കുന്നുവെന്ന് കരുതുക. ഈ ബ്രാഹ്മണൻ പാപകർമ്മങ്ങളാണ് ചെയ്യുന്നതെങ്കിൽ അടുത്ത ജന്മം ചണ്ഡാലനായി ജനിക്കുന്നു. ഇങ്ങനെ നോക്കുമ്പോൾ കർമ്മഫലമായി ചിലപ്പോൾ അസുരന്മാർ ദേവന്മാരായും ദേവന്മാർ ചിലപ്പോൾ മരങ്ങളായും ജനിക്കുന്നു. ആട് ചത്ത് ആനയായി ജനിക്കുന്നു. ബ്രാഹ്മണൻ ചത്ത് പക്ഷിയായി പിറക്കുന്നു. കുറുക്കൻ മനുഷ്യനായും സ്ത്രീ നരിയായും ജനിക്കുന്നു. പ്രജകളെ കഠിനമായി പീഡിപ്പിക്കുന്ന രാജാവ് അടുത്ത ജന്മം വെറും കൃമിയായി പിറക്കുന്നു. ഈച്ച പൂച്ചയായിത്തീരുന്നു. ഈശ്വരന്റെ കളിയായ ഈ കർമ്മഗതി അതിവിചിത്രമെന്നേ പറയേണ്ടൂ.

8. 'കീഴ്മേലിങ്ങനെ മണ്ടുന്ന ജീവന്മാർ
ഭൂമിയീന്നത്രെ നേടുന്നു കർമ്മങ്ങൾ
സീമയില്ലാതോളം പല കർമ്മങ്ങൾ
ഭൂമിയീന്നത്രെ നേടുന്നു ജീവന്മാർ
അങ്ങനെ ചെയ്തു നേടി മരിച്ചുടൻ
അന്യലോകങ്ങളോരോന്നിലോരോന്നിൽ
ചെന്നിരുന്നു ഭുജിക്കുന്നു ജീവന്മാർ
തങ്ങൾ ചെയ്തൊരു കർമ്മങ്ങൾതൻ ഫലം
ഒടുങ്ങീടുമതൊട്ടുനാൾ ചെല്ലുമ്പോൾ
ഉടനെ വന്നു നേടുന്നു പിന്നെയും
തന്റെ തന്റെ ഗൃഹത്തിങ്കൽ നിന്നുടൻ
കൊണ്ടു പോന്ന ധനം കൊണ്ടു നാമെല്ലാം
മറ്റെങ്ങാനുമൊരേടത്തിരുന്നിട്ടു
വിറ്റൂണെന്നു പറയും കണങ്ങിനെ.
കർമ്മങ്ങൾക്കു വിളനിലമാകിയ
ജന്മദേശമിബ്ഭൂമിയറിഞ്ഞാലും
കർമ്മനാശം വരുത്തേണമെങ്കിലും
ചെമ്മേ മറ്റെങ്ങും സാധിയാ നിർണ്ണയം.
ഭക്തന്മാർക്കും മുമുക്ഷു ജനങ്ങൾക്കും
സക്തരായ വിഷയീജനങ്ങൾക്കും
സക്തരായ വിഷയീജനങ്ങൾക്കും
ഇച്ഛിച്ചീടുന്നതൊക്കെക്കൊടുത്തിടും
വിശ്വമാതാവു ഭൂമിയറിഞ്ഞാലും.
വിശ്വനാഥന്റെ മൂലപ്രകൃതിതാൻ
പ്രത്യക്ഷേണ വിളങ്ങുന്നു ഭൂമിയായ്
അവനീതലപാലനത്തിന്നല്ലോ
അവതാരങ്ങളും പലതോർക്കുമ്പോൾ
അതുകൊണ്ടു വിശേഷിച്ചും ഭൂലോകം
പതിന്നാലിലുമുത്തമമെന്നല്ലോ
വേദവാദികളായ മുനികളും
വേദവും ബഹുമാനിച്ചു ചൊല്ലുന്നു.'

### അർഥവിശദീകരണം

| | | |
|---|---|---|
| മണ്ടുന്ന | - | സഞ്ചരിക്കുന്ന |
| സീമ | - | അതിര് |
| അവനീ | - | ഭൂമി |

### ആശയവിശദീകരണം

ജനനമരണങ്ങളിൽപ്പെട്ട് നരകത്തിലും സ്വർഗത്തിലും സഞ്ചരിച്ചുകൊണ്ടിരിയ്ക്കുന്ന ജീവന്മാർ കർമ്മങ്ങൾ ഉരുക്കൂട്ടുന്നത് ഭൂമിയിൽ വെച്ചാണ്. മനുഷ്യജന്മത്തിൽ ചെയ്ത പുണ്യത്തിന്റെ ഫലം അനുഭവിക്കുക മാത്രമാണ് സ്വർഗത്തിൽ. അതുപോലെ പാപഫലം നരകത്തിലും. പുണ്യപാപങ്ങൾ സമനിലയിലെത്തിയാലാണ് വീണ്ടും ഭൂമിയിൽ ജനിക്കുന്നത്. ഭൂമിയിൽ മറ്റു ജീവജാലങ്ങളെ അപേക്ഷിച്ച് മനുഷ്യന് വിവേകം കൂടും. ഭൂമിയിൽ ഓരോ മനുഷ്യനും തന്റെ വാസനയ്ക്കനുസരിച്ച് കർമ്മങ്ങൾ സഞ്ചയിയ്ക്കുന്നു. ഈശ്വരചിന്ത വളർത്തി മോക്ഷം പ്രാപിക്കാനുള്ള വിവേകം മനുഷ്യനുണ്ട്. ഓരോ ജീവനും ഇവിടെ ഏതുതരം കർമ്മമാണോ സഞ്ചയിക്കുന്നത്, മരണാനന്തരം അതനുസരിച്ചുള്ള ലോകത്തിൽ എത്തിച്ചേരുന്നു. അവിടെ അതാതിന്റെ ഫലവും അനുഭവിക്കാനിടവരുന്നു. ഫലം ഭുജിച്ച് കർമ്മത്തിന്റെ ഭൂരിഭാഗവും ഒടുങ്ങിയാൽ വീണ്ടും ഭൂമിയിലേയ്ക്ക് മടങ്ങുന്നു. ഭക്തന്മാർക്ക് ഭൂമിയിൽ ഈശ്വരനിൽപരമമായ ഭക്തി കൈവരുന്നു. മുമുക്ഷുക്കൾക്ക് എല്ലാ കർമ്മങ്ങളും ഒടുങ്ങി മോക്ഷം പ്രാപിയ്ക്കാൻ കഴിയുന്നു. വിഷയാസക്തരായ ലൗകികന്മാർക്ക് ആവശ്യമുള്ള എല്ലാ സുഖഭോഗങ്ങളും ഇവിടെ ലഭ്യമാകുന്നു. ചുരുക്കത്തിൽ ഓരോരുത്തർക്കും അവരവരുടെ ആഗ്രഹത്തിനനുസരിച്ച് എന്തും നൽകാൻ കഴിവുള്ള ലോകമാതാവാണ് ഭൂമി. ഈശ്വരന്റെ മൂലപ്രകൃതിയായ മായ തന്നെ പ്രത്യക്ഷരൂപം ധരിച്ച് ഭൂമിയായി വിളങ്ങിനിൽക്കുകയാണ്. ഈശ്വരൻ പല അവതാരങ്ങൾ എടുത്തിട്ടുള്ളതും ഭൂമിയെ സംരക്ഷിക്കാൻ വേണ്ടിയാണ്. അതുകൊണ്ടാണ്

SGOU

മുനിമാരും വേദങ്ങളും ഒരുപ്പോലെ പതിനാലു ലോകങ്ങളിലുംവെച്ച് ഭൂമി ഉത്തമമാണെന്ന് പുകഴ്ത്തിയിരിക്കുന്നത്.

### വരികൾ

9. 'ലവണാംബുധിമദ്ധ്യേ വിളങ്ങുന്ന
ജംബുദ്വീപൊരു യോജനലക്ഷവും
സപ്തദ്വീപുകളുള്ളതിലെത്രയും
ഉത്തമമിസ്ഥലമെന്നു വാഴ്ത്തുന്നു
ഭൂപത്മത്തിനു കർണ്ണികയായിട്ടു.
ഭൂധരേന്ദ്രനതിലല്ലോ നില്ക്കുന്നു
ഇതിലൊമ്പതു ഖണ്ഡങ്ങളുണ്ടല്ലോ
അതിലുത്തമം ഭാരതഭൂതലം
സമ്മതരായ മാമുനിശ്രേഷ്ഠന്മാർ
കർമ്മക്ഷേത്രമെന്നല്ലോ പറയുന്നു.
കർമ്മബീജമിതിന്നുമുളയ്ക്കേണ്ടു
ബ്രഹ്മലോകത്തിരിക്കുന്നവർകൾക്കും.
കർമ്മബീജം വരട്ടിക്കളഞ്ഞുടൻ
ജന്മനാശം വരുത്തേണമെങ്കിലും
ഭാരതമായ ഖണ്ഡമൊഴിഞ്ഞുള്ള
പാരിലെങ്ങുമെളുതല്ല നിർണ്ണയം
അത്ര മുഖ്യമായുള്ളൊരു ഭാരത-
മിപ്രദേശമെന്നെല്ലാരുമോർക്കണം.'

### അർഥവിശദീകരണം

| | | |
|---|---|---|
| ലവണം | = | ഉപ്പ് |
| യോജന | = | അളവുകോൽ |
| കർണ്ണിക | = | താമരപ്പൂവിന്റെ ഉൾഭാഗം |

### ആശയവിശദീകരണം

ഇത്രയും വിശിഷ്ടമായ ഭൂമിയുടെ വ്യക്തമായ വിവരണം പുരാണങ്ങളിൽ കാണാം. താമരയുടെ ആകൃതിയിൽ സമവർത്തുളാകാരത്തിലാണ് ഭൂമിയുടെ നില. ഇതിന്റെ ദൈർഘ്യം സൂര്യചന്ദ്രന്മാരോളം എത്തിനിൽക്കുന്നു. താമരയുടെ ഉള്ളിലുള്ളിലായുള്ള കോശങ്ങൾ എന്ന പോലെ ഏഴു സമുദ്രങ്ങളാൽ ചുറ്റപ്പെടുന്ന ഏഴു ദ്വീപുകളായിട്ടാണിത് വിഭജിക്കപ്പെട്ടിരിക്കുന്നത്. അവയിൽ ഉപ്പുസമുദ്രത്താൽ ചുറ്റപ്പെട്ടു കിടക്കുന്ന ഭൂമണ്ഡലമാണ് ജംബുദ്വീപ്. ഏഴു ദ്വീപുകളിലുംവെച്ച് ജംബുദ്വീപ് ഉത്തമമാണെന്ന് പുരാണങ്ങൾ പുകഴ്ത്തുന്നു. ഭൂപത്മത്തിന്റെ അല്ലിപോലെ വിളങ്ങുന്ന മേരുപർവതം ഇതിലാണ്. ജംബുദ്വീപിനെ ഒമ്പതുവർഷങ്ങളായി അതായത് ഖണ്ഡങ്ങളായി വേർതിരിച്ചിട്ടുണ്ട്. അവയിൽ ഏറ്റവും ഉത്തമമായ ഖണ്ഡമാണ് ഭാരതം. സത്യദർശികളായ മുനിമാർ ഭാരതത്തിന് കർമ്മക്ഷേത്രമെന്നാണ് പേരിട്ടിരിക്കുന്നത്. മറ്റു ലോകങ്ങളിലൊക്കെ എത്തിച്ചേരാനുള്ള കർമ്മം സമ്പാദിക്കേണ്ടത് ഇവിടെ നിന്നാണ്. ബ്രഹ്മാവിന്റെ ലോകംപോലും ഇവിടെ ചെയ്യുന്ന കർമ്മം കൊണ്ടാണ് നേടിയെടുക്കേണ്ടത്. കർമ്മബീജത്തെ പാടേ നശിപ്പിച്ച് ജനനമരണരഹിതമായ മോക്ഷസ്ഥിതി കൈവരിയ്ക്കണമെങ്കിലും ഭാരതത്തിൽവെച്ച് തന്നെ വേണ്ടിയിരിയ്ക്കുന്നു. മറ്റ് ലോകങ്ങളിലൊന്നും ഇത് സാധ്യമല്ല. അത്ര വിശിഷ്ടമാണ് ഭാരതമെന്ന കാര്യം ഭാരതീയർ ഒരിക്കലും മറന്നുപോകാൻ പാടില്ല.

### വരികൾ

10. 'യുഗം നാലിലും നല്ലൂ കലിയുഗം
സുഖമേതന്നെ മുക്തി വരുത്തുവാൻ
കൃഷ്ണ, കൃഷ്ണാ, മുകുന്ദ,ജനാർദ്ദന,
കൃഷ്ണ, ഗോവിന്ദ, രാമയെന്നിങ്ങനെ
തിരുനാമസങ്കീർത്തനമെന്നി മ –
റ്റേതുമില്ല പ്രയത്നമറിഞ്ഞാലും
അതു ചിന്തിച്ചു മറ്റുള്ള ലോകങ്ങൾ
പതിമൂന്നിലുമുള്ള ജനങ്ങളും
മറ്റു ദ്വീപുകളാറിലുമുള്ളോരും
മറ്റു ഖണ്ഡങ്ങളെട്ടിലുമുള്ളോരും
മറ്റു മൂന്നു യുഗങ്ങളിലുള്ളോരും
മുക്തി തങ്ങൾക്കു സാദ്ധ്യമല്ലായ്കയാൽ
കലികാലത്തെ ഭാരതഖണ്ഡത്തെ
കലിതാദരം കൈവണങ്ങീടുന്നു.
അതിൽ വന്നൊരു പുല്ലായിട്ടെങ്കിലും
ഇതുകാലം ജനിച്ചുകൊണ്ടീടുവാൻ
യോഗ്യത വരുത്തീടുവാൻതക്കൊരു
ഭാഗ്യംപോരാതെ പോയല്ലോ ദൈവമേ!
ഭാരതഖണ്ഡത്തിങ്കൽ പിറന്നോരു
മാനുഷർക്കും കലിക്കും നമസ്കാരം!
എന്നെല്ലാം പുകഴ്ത്തീടുന്നു മറ്റുള്ളോർ
എന്നതെന്തിന്നും നാം പറഞ്ഞീടുന്നു ?'

### ആശയവിശദീകരണം

നാലു യുഗങ്ങളിൽ കലിയുഗത്തിലാണ് മോ



SGOU

ക്ഷം നേടാൻ എളുപ്പം. മറ്റു യുഗങ്ങളിൽ കഠിനങ്ങളായ തപസ്സുകൾ അനുഷ്ഠിച്ചാലേ മുക്തി കിട്ടൂ. കലിയുഗത്തിലാകട്ടെ കേവലം ഈശ്വരനാമസങ്കീർത്തനം കൊണ്ടുതന്നെ മുക്തി ലഭിക്കുമെന്നാണ് പുരാണങ്ങൾ ഉദ്ഘോഷിക്കുന്നത്. അതുകൊണ്ട് കലിയുഗത്തിൽ, ഭാരതവർഷത്തിൽ ജന്മം കിട്ടാൻ എല്ലാവരും കൊതിക്കുന്നു. മറ്റ് പതിമൂന്ന് ലോകങ്ങളിലുള്ളവരും ആറു ദ്വീപുകളിലുള്ളവരും എട്ട് ഖണ്ഡങ്ങളിലുള്ളവരും മൂന്നു യുഗങ്ങളിലുള്ളവരും അങ്ങനെ കലികാലത്തെ ഭാരതവർഷത്തെ കൈവണങ്ങിക്കഴിയുന്നവരാണ്. ഭാരതവർഷത്തിൽ ഒരു പുല്ലായിട്ടെങ്കിലും ജനിക്കുവാൻ ഭാഗ്യം കിട്ടണേ എന്നാണ് അവരുടെ പ്രാർഥന. കലിയുഗത്തിൽ ആ ഭാഗ്യം ലഭിക്കാത്തവർ ദുഃഖിതരായി കഴിയുന്നു. മറ്റുള്ളവർ ഇങ്ങനെ ഭാരതത്തെ പാടിപ്പുകഴ്ത്തുമ്പോൾ ഭാരതത്തിൽ കലികാലത്തിൽ ജന്മം ലഭിച്ചിട്ടുള്ള ഭാഗ്യവാന്മാർ ഈയൊരു കാര്യം നല്ലവണ്ണം ധരിക്കേണ്ടതുണ്ട്.

## വരികൾ

11. 'കാലമിന്നു കലിയുഗമല്ലയോ ?
ഭാരതമിപ്രദേശവുമല്ലയോ?'
ജന്മവും നരജന്മമിതല്ലയോ?
ചെമ്മേ നന്നായ് നിരൂപിപ്പിനെല്ലാരും
ഹരിനാമങ്ങളില്ലാതെ പോകയോ?
നരകങ്ങളിൽ പേടി കുറകയോ?
നാവുകൂടാതെ ജാതന്മാരാകയോ?
നമുക്കിന്നി വിനാശമില്ലായ്കയോ?
കഷ്ടം കഷ്ടം നിരൂപണം കൂടാതെ
ചുട്ടുതിന്നുന്നു ജന്മം പഴുതെ നാം!
എത്ര ജന്മം പ്രയാസപ്പെട്ടിക്കാലം
അത്ര വന്നു പിറന്നു സുകൃതത്താൽ !
എത്ര ജന്മം ജലത്തിൽ കഴിഞ്ഞതും
എത്ര ജന്മം മലത്തിൽ കഴിഞ്ഞതും
എത്ര ജന്മം മരങ്ങളായ് നിന്നതും
എത്ര ജന്മം മരിച്ചു നടന്നതും
എത്ര ജന്മം മൃഗങ്ങൾ പശുക്കളായ്
മർത്ത്യ ജന്മത്തിൽ മുമ്പേ കഴിച്ചു നാം !
എത്രയും പണിപ്പെട്ടിങ്ങു മാതാവിൻ
ഗർഭപാത്രത്തിൽ വീണതറിഞ്ഞാലും
പത്തുമാസം വയറ്റിൽക്കഴിഞ്ഞു പോയ്
പത്തുപന്തീരാണ്ടുണ്ണിയായിട്ടും പോയ്
തന്നത്താനഭിമാനിച്ചു പിന്നേടം
തന്നത്താനറിയാതെ കഴിയുന്നു.
എത്ര കാലമിരിക്കിനിയെന്നും
സിദ്ധമേ നമുക്കേതുമെന്നില്ലല്ലോ
നീർപ്പോളപോലെയുള്ളൊരു ദേഹത്തിൽ
വീർപ്പുമാൽ മുണ്ടിങ്ങനെ കാണുന്നു
'ഓർത്തറിയാതെ പാടുപെടുന്നേരം.
നേർത്തുപോകുമതെന്നേ പറയാവൂ.
അത്രമാത്രമിരിക്കുന്ന നേരത്തു
കീർത്തിച്ചീടുന്നതില്ല തിരുനാമം'

## അർഥവിശദീകരണം

| | | |
|---|---|---|
| പഴുതേ | = | വെറുതെ |
| നീർപ്പോള | = | വെള്ളത്തുള്ളി |

## ആശയവിശദീകരണം

ഇത് കലിയുഗമാണ്. ഭാരതീയരായി ജനിക്കുവാൻ ഭാഗ്യം ലഭിച്ചു. ഉത്തമമായ മനുഷ്യജന്മവും കിട്ടിയിരിക്കുന്നു. ഭാരതീയർ ഈ പരിതസ്ഥിതികൾ ശ്രദ്ധാപൂർവം ചിന്തിച്ചറിയേണ്ടതാണ്. ഇത് വേണ്ടവണ്ണം തിരിച്ചറിയാതെ എത്ര ഭാരതീയരാണ് ജന്മം വെറുതെ പാഴാക്കുന്നത്. ഇതെന്തുകൊണ്ട് സംഭവിക്കുന്നു? ഈശ്വരനാമങ്ങൾ ഇല്ലാതായിട്ടാണോ? നരകാനുഭവങ്ങളിൽ ഭയമില്ലാഞ്ഞിട്ടാണോ? പലരും ഈശ്വരനാമം ഉച്ചരിക്കാൻ മടിക്കുന്നത് നാവില്ലാതെ ജനിച്ചതുകൊണ്ടാണോ? മരണമില്ലെന്നാണോ ഇക്കൂട്ടർ കരുതുന്നത്? ഈ കലികാലത്ത് ഭാരതീയനായി ജനിച്ചിട്ട് ഈശ്വരനാമം ഉച്ചരിക്കാതെ ജീവിക്കുന്നവർ വിലപ്പെട്ട മനുഷ്യജന്മത്തെ ചുട്ടുതിന്നുന്നവരാണ്. പ്രയാസപ്പെട്ട് പല പല ജന്മങ്ങൾ പല സ്ഥലത്തും കഴിച്ചുകൂട്ടിയതിനുശേഷമാണ് പുണ്യഫലമായി ഭാരതത്തിൽ മനുഷ്യനായി പിറന്നത്. ജലത്തിലും മരത്തിലും മണ്ണിലും കൃമികീടങ്ങളായി എത്രയോ നാൾ കഴിച്ചുകൂട്ടിയിരിക്കണം. മരങ്ങളായും പക്ഷികളായും മൃഗങ്ങളായും പല പ്രാവശ്യം ജനിച്ചിരിക്കണം. അങ്ങനെ അനന്തമായ ദുഃഖം അനുഭവിച്ചതിനുശേഷമാണ് ഒരു മനുഷ്യമാതാവിന്റെ ഗർഭപാത്രത്തിൽ ഇടം കിട്ടിയത്. മനുഷ്യജന്മത്തിലും അജ്ഞതയും ക്ലേശവും കുറവല്ല.

പത്തുമാസം ഒന്നുമറിയാതെ ഗർഭത്തിൽ കഴിച്ചുകൂട്ടുന്നു. പത്തുപന്ത്രണ്ടുകൊല്ലം അവിവേ

SGOU

കത്തിനിരിപ്പിടമായ ബാല്യത്തിൽ കഴിയുന്നു. അത് കഴിഞ്ഞാൽ ദുരഭിമാനവും ഉച്ചനീചഭാവ വുംകൊണ്ട് മനസ്സ് കലങ്ങിമറിയുന്നു. അവന വനെ അറിയുവാൻ ഒരു ശ്രമവും അധികം പേ രും ചെയ്തു കാണുന്നില്ല. എത്രകാലം ഇനി ജീവിച്ചിരിക്കാൻ കഴിയുമെന്ന് ആർക്കും ഒരു നിശ്ചയവുമില്ല. ഈ ശരീരം ഒരു നീർക്കുമിളപോ ലെ നിസ്സാരമാണ്. പ്രാണന്റെ സഹായത്തോ ടെയാണ് ഇത് നിലനിൽക്കുന്നത്. പാടുപെട്ട് പല സമ്പത്തും നേടിവെയ്ക്കുമ്പോഴേയ്ക്കും നരയും രോഗവും ബാധിച്ച് ശരീരം നശിച്ചുപോ കും. ജീവിതം ഇത്ര നിസ്സാരമാണെന്ന് ദിവസേന കണ്ടറിഞ്ഞിട്ട് പലരും ഈശ്വരനാമം ചൊല്ലാൻ മടിയ്ക്കുന്നതാണ് ആശ്ചര്യമായിട്ടുള്ളത്.

## വരികൾ

12. 'സ്ഥാനമാനങ്ങൾ ചൊല്ലിക്കലഹിച്ചു
നാണംകെട്ടു നടക്കുന്നിതു ചിലർ;
മദമത്സരം ചിന്തിച്ചു ചിന്തിച്ചു
മതികെട്ടു നടക്കുന്നിതു ചിലർ;
ചഞ്ചലാക്ഷിമാർ വീടുകളിൽപ്പുക്കു
കുഞ്ചിരാമൻ കളിക്കുന്നതു ചിലർ,
കോലകങ്ങളിൽ സേവകരായിട്ടു
കോലംകെട്ടി ഞെളിയുന്നിതു ചിലർ;
ശാന്തിചെയ്തു പുലർത്തുവാനായിട്ടു
സന്ധ്യയോളം വിശക്കുന്നിതു ചിലർ;
കൊഞ്ചിക്കൊണ്ടു വളർത്തൊരു പൈതലേ
കഞ്ഞിക്കില്ലാഞ്ഞു വില്ക്കുന്നിതു ചിലർ;
അമ്മയ്ക്കും പുനരച്ഛനും ഭാര്യയ്ക്കും
ഉണ്ണാൻ പോലും കൊടുക്കുന്നില്ലാ ചിലർ;
അഗ്നിസാക്ഷിണിയായൊരു പത്നിയെ
സ്വപ്നത്തിൽപ്പോലും കാണുന്നില്ലാ ചിലർ;
സത്തുക്കൾ കണ്ടു ശിക്ഷിച്ചു ചൊല്ലുമ്പോൾ
ശത്രുവെപ്പോലെ ക്രുദ്ധിക്കുന്നു ചിലർ;
വന്ദിതന്മാരെക്കാണുന്ന നേരത്തു
നിന്ദിച്ചത്രേ പറയുന്നിതു ചിലർ;
കാൺക നമ്മുടെ സംസാരം കൊണ്ടത്രേ
വിശ്വമീവണ്ണം നില്പുവെന്നും ചിലർ;
ബ്രാഹ്മണ്യം കൊണ്ടു കുന്തിച്ചു കുന്തിച്ചു
ബ്രഹ്മാവുമെനിക്കൊവ്വായെന്നും ചിലർ;
അർഥാശയ്ക്കു വിരുതു വിളിപ്പിപ്പാൻ
അഗ്നിഹോത്രാദി ചെയ്യുന്നിതു ചിലർ;
സ്വർണ്ണങ്ങൾ നവരത്നങ്ങളെക്കൊണ്ടും
എണ്ണം കൂടാതെ വില്ക്കുന്നിതു ചിലർ;
മത്തേഭംകൊണ്ടു കച്ചവടം ചെയ്തും
ഉത്തമതുരഗങ്ങളതുകൊണ്ടും
അത്രയുമല്ല കപ്പൽ വെപ്പിച്ചിട്ടു -
മെത്ര നേടുന്നിതർഥം ശിവ! ശിവ!
വൃത്തിയുംകെട്ടു ധൂർത്തരായെപ്പോഴും
അർഥത്തെക്കൊതിച്ചെത്ര നശിക്കുന്നു!
അർഥമെത്ര വളരെയുണ്ടായാലും
തൃപ്തിയാകാ മനസ്സിന്നൊരുകാലം
പത്തു കിട്ടുകിൽ നൂറു മതിയെന്നും
ശതമാകിൽ സഹസ്രം മതിയെന്നും
ആയിരം പണം കൈയിലുണ്ടാകുമ്പോൾ
അയുതമാകിലാശ്ചര്യമെന്നതും
ആശയായുള്ള പാശമതിങ്കേന്നു
വേർവിടാതെ കരേറുന്നു മേല്ക്കുമേൽ.
സത്തുക്കൾ ചെന്നിരന്നാലായർഥത്തിൽ
സ്വല്പമാത്രം കൊടാ ചില ദുഷ്ടന്മാർ.
ചത്തുപോംനേരം വസ്ത്രമതുപോലു-
മെത്തിടാ കൊണ്ടുപോകാനൊരുത്തർക്കും.
പശ്ചാത്താപമൊരെള്ളോളമില്ലാതെ
വിശ്വാസപാതകത്തെക്കരുതുന്നു.
വിത്തത്തിലാശ പറ്റുക ഹേതുവായ്
സത്യത്തെ ത്യജിക്കുന്നു ചിലരഹോ!
സത്യമെന്നതു ബ്രഹ്മമതുതന്നെ
സത്യമെന്നു കരുതുന്നു സത്തുക്കൾ'

## അർഥവിശദീകരണം

| | | |
|---|---|---|
| മത്തേഭം | = | ആന |
| തുരഗം | = | കുതിര |
| അർഥം | = | ധനം |
| ആയുതം | = | പതിനായിരം |
| സത്തുക്കൾ | = | സജ്ജനങ്ങൾ |
| പാശം | = | കയർ |

## ആശയവിശദീകരണം

മിഥ്യാകല്പിതങ്ങളായ എന്തെല്ലാം ഭേദബുദ്ധി കളാൽ പെട്ടാണ് മനുഷ്യൻ ഉഴലുന്നത്. ചിലർ ലജ്ജയില്ലാതെ സ്ഥാനമാനങ്ങൾക്കുവേണ്ടി കല ഹിക്കുന്നു. മദമാത്സര്യങ്ങളിൽപ്പെട്ട ചിലരുടെ ബുദ്ധി തീരേ നശിക്കുന്നു. ചിലർ കാമകിങ്കര ത്വവും സേവാവൃത്തികളുമായി കാലം കഴിച്ചു കൂട്ടുന്നു. ജീവിതവൃത്തിക്കായി മാത്രം ചിലർ ക്ഷേത്രത്തിലെ ശാന്തിയും മറ്റും ചെയ്യുന്നു. ചില അച്ഛനമ്മമാർ മക്കളെപ്പോലും വിറ്റുതിന്നുന്നു.

ചില മക്കൾ അച്ഛനമ്മമാരെപ്പോലും പട്ടിണിക്കിടുന്നു. അഗ്നിസാക്ഷിയായി വിവാഹം കഴിച്ച ഭാര്യയെ ചിലർ എന്നന്നേക്കുമായി ഉപേക്ഷിക്കുന്നു. സജ്ജനങ്ങൾ നല്ലതു പറഞ്ഞുകൊടുത്താൽ കോപിച്ച് അവരോട് കയർക്കുന്നു. പൂജ്യന്മാരെ നിന്ദിക്കുകയാണ് ചിലരുടെ തൊഴിൽ. ചില മനുഷ്യരുടെ വിചാരം അവരുള്ളതുകൊണ്ടാണ് ഈ ലോകം ഇങ്ങനെ നടന്നുപോകുന്നതെന്നാണ്. ബ്രാഹ്മണനായതിൽ അഹങ്കരിച്ച് ചിലർ ബ്രഹ്മാവിനേക്കാൾ ഞെളിഞ്ഞു നടക്കുന്നു. എല്ലാറ്റിനുമുപരി ധനമോഹമാണ് മനുഷ്യനെ അങ്ങേയറ്റം അധഃപതിപ്പിക്കുന്നത്. അഗ്നിഹോത്രാദിയാഗങ്ങൾപോലും പണം നേടുവാനാണ് നടത്തിപ്പോരുന്നത്. സ്വർണ്ണവ്യാപാരം, രത്നവ്യാപാരം, ആനക്കച്ചവടം, കുതിരക്കച്ചവടം, കപ്പൽ വ്യാപാരം എന്നിവകൊണ്ട് എന്തുമാത്രം പണമാണ് ഓരോരുത്തർ ഉണ്ടാക്കിക്കൂട്ടുന്നത്. മാനസികവും ശാരീരികവുമായ എല്ലാ പരിശുദ്ധിയും വെടിഞ്ഞ് പണം ധൂർത്തടിച്ച് എത്രയെത്ര ആളുകളാണ് ദിനംപ്രതി നശിക്കുന്നത്.

പണം വേണ്ടെന്നല്ല പറയുന്നത്. പക്ഷേ പണത്തിൽ തൃഷ്ണ മുഴുത്താൻ എത്ര കിട്ടിയാലും ആർക്കും തൃപ്തിവരുന്നില്ല. പത്തുകിട്ടിയാൽ നൂറു വേണമെന്നും നൂറായാൽ ആയിരമാക്കാതെ കഴിയുകയില്ലെന്നും, ആയിരത്തെ പതിനായിരത്തിലെത്തിക്കണമെന്നും അങ്ങനെ നീണ്ടുനീണ്ടു പോകും മനുഷ്യന്റെ ആഗ്രഹങ്ങൾ. സജ്ജനങ്ങൾ വല്ലതും വന്നിരന്നാലും ചില ദുഷ്ടന്മാർ കൊടുക്കാൻ മടിക്കുന്നു. ചത്തുപോകുമ്പോൾ ഉടുതുണിപോലും ആർക്കും കൊണ്ടുപോകാൻ കഴിയില്ല. പണക്കാർക്കാകട്ടെ വിശ്വാസവഞ്ചന ചെയ്യാനും മടിയില്ല. പശ്ചാത്താപവുമില്ല. പണക്കൊതിയുള്ളവർക്ക് ഒരിക്കലും സത്യമായി പെരുമാറാൻ കഴിയില്ല. അദ്വയജ്ഞാനരൂപമായ ബ്രഹ്മമത്രേ സത്യം. സജ്ജനങ്ങൾ ഇത് നന്നായി അറിയുന്നു.

## വരികൾ

13. 'വിദ്യ കൊണ്ടറിയേണ്ടതറിയാതെ
വിദ്വാന്മാരായ് നടിക്കുന്നിതു ചിലർ;
കുങ്കുമത്തിന്റെ വാസമറിയാതെ
കുങ്കുമം ചുമക്കും പോലെ ഗർദ്ദഭം.

കൃഷ്ണ കൃഷ്ണ ! നിരൂപിച്ചു കാണുമ്പോൾ
തൃഷ്ണ കൊണ്ടേ ഭ്രമിക്കുന്നിതൊക്കെയും
എണ്ണിയെണ്ണിക്കുറയുന്നിതായുസ്സും
മണ്ടി മണ്ടിക്കരേറുന്നു മോഹവും
വന്നുവോണം കഴിഞ്ഞു വിഷു വെന്നും.
വന്നില്ലല്ലോ തിരുവാതിരയെന്നും,
കുംഭമാസത്തിലാകുന്നു നമ്മുടെ
ജന്മനക്ഷത്രമശ്വതിനാളെന്നും,
ശ്രാദ്ധമുണ്ടഹോ വൃശ്ചിക മാസത്തിൽ
സദ്യയൊന്നുമെളുതല്ലിനിയെന്നും,
ഉണ്ണിയുണ്ടായി വേൾപ്പിച്ചതിലൊരു
ഉണ്ണിയുണ്ടായിക്കണ്ടാവൂ ഞാനെന്നും,
കോണിക്കൽത്തന്നെ വന്ന നിലമിനി
കാണമെന്നുറമടുപ്പിക്കരുതെന്നും,
ഇത്ഥമോരോന്നു ചിന്തിച്ചിരിക്കവേ
ചത്തുപോകുന്നു പാവം ശിവ! ശിവ!'

## അർഥവിശദീകരണം

| | | |
|---|---|---|
| ഗർദ്ദഭം | - | കഴുത |
| ഇത്ഥം | - | ഇപ്രകാരം |

## ആശയവിശദീകരണം

വിദ്യകളെല്ലാം ഈ സത്യത്തെ സാക്ഷാത്കരിക്കാനുള്ളതാണ്. പക്ഷേ അവനവന്റെ ആത്മാവു തന്നെയായ ഈ സത്യത്തെ അറിയാതെ വിദ്വാന്മാർപോലും വിദ്വാന്മാരെന്ന് ഭാവിക്കുന്നേയുള്ളൂ. വേദങ്ങളും വേദാന്തശാസ്ത്രങ്ങളും പഠിച്ചിട്ടുള്ളവർക്കുപോലും ചിലപ്പോൾ ഈശ്വരനെ ഉള്ളിൽ കണ്ടനുഭവിക്കാൻ കഴിയുന്നില്ല. കുങ്കുമത്തിന്റെ സുഗന്ധം അറിഞ്ഞനുഭവിക്കാൻ കഴിവില്ലാതെ കുങ്കുമഭാണ്ഡവും പേറി നടക്കുന്ന കഴുതയെപ്പോലെയാണ് ബ്രഹ്മത്തിന്റെ അനുഭവമില്ലാതെ വേദം പഠിച്ചു നടക്കുന്ന പണ്ഡിതൻ. അർപ്പണബുദ്ധിയോടുകൂടിയ ഭക്തി ഒന്നുകൊണ്ടേ ആത്മസാക്ഷാത്കാരം സാധിക്കൂ. തൃഷ്ണയോടെ വിഷയസുഖങ്ങളിൽ മോഹിച്ച് ഉഴലുന്നവർക്ക് ഈശ്വരനെ അറിയാൻ കഴിയില്ല. ദിനംപ്രതി ആയുസ്സ് കുറയുകയാണ്. ആയുസ്സ് കുറയുംതോറും മോഹം വർധിക്കുകയും ചെയ്യുന്നു. ഓണം, വിഷു, തിരുവാതിര, ശ്രാദ്ധം, സദ്യ, പുത്രജന്മം, ജന്മദിനം, വസ്തുസമ്പാദനം എന്നിങ്ങനെ മനുഷ്യമനസ്സ് മാറി മാറി മോഹിച്ചുകൊണ്ടിരിക്കുന്നു. ഇങ്ങനെ ഒടുങ്ങാത്ത മോഹ

SGOU

ങ്ങളിൽപ്പെട്ടുഴന്നു കൊണ്ടിരിക്കുമ്പോൾ പാവം! അറിയാതെ മരിക്കുകയും ചെയ്യുന്നു.

## വരികൾ

14. 'എന്തിനിത്ര പറഞ്ഞു വിശേഷിച്ചും
ചിന്തിച്ചീടുവിനാവോളമെല്ലാരും
കർമ്മത്തിന്റെ വലിപ്പവുമോരോരോ
ജന്മങ്ങൾ പലജാതി കഴിഞ്ഞതും
കാലമിന്നു കലിയുഗമായതും
ഭാരതഖണ്ഡത്തിന്റെ വലിപ്പവും
അതിൽ വന്നു പിറന്നതുമിത്രനാൾ
പഴുതേതന്നെ പോയപ്രകാരവും
ആയുസ്സിന്റെ പ്രമാണമില്ലാത്തതും
ആരോഗ്യത്തോടിരിക്കുന്നവസ്ഥയും
ഇന്നുനാമസങ്കീർത്തനം കൊണ്ടുടൻ
വന്നു കൂടും പുരുഷാർഥമെന്നതും
ഇന്നു തെറ്റിയാലിത്രയെളുപ്പമായ്
എന്നു മേലിലീവണ്ണം വരുമെന്നും
ഇനിയുള്ള നരകഭയങ്ങളും
ഇന്നു വേണ്ടും നിരൂപണമൊക്കെയും
പോയ് വഴിവോയി കാലംകളയാതെ
വൈകുണ്ഠത്തിന് പോയ്ക്കൊൾവിനെല്ലാരും'

## അർഥ വിശദീകരണം

| | | |
|---|---|---|
| ആവോളം | = | കഴിവുള്ളത്ര |
| പഴുതേ | = | വെറുതേ |
| പുരുഷാർത്ഥം | = | ധർമ്മം, അർത്ഥം, കാമം, മോക്ഷം |

## ആശയവിശദീകരണം

ലൗകികജീവിതത്തിന്റെ വിവിധ വശങ്ങൾ ഇങ്ങനെ വിസ്തരിച്ചു പ്രതിപാദിച്ചതെന്തിനാണെന്ന് എല്ലാവരും ചിന്തിച്ചറിയേണ്ടതാണ്. കർമമാർഗത്തിൽ തന്നെ കഴിഞ്ഞുകൂടുകയാണെങ്കിൽ അതിനൊരറ്റവുമില്ല. കർമഫലങ്ങളായ ജന്മങ്ങളും നിരവധിയാണ്. കാലമോ കലിയുഗവും. ഭാരതം വിശാലമായ ദിവ്യഭൂമി. ഇവിടെ വന്നു ജനിച്ചിട്ടും ഇത്രനാളും നാം ജീവിതം പാഴിലാക്കി. ആയുസ്സ് എപ്പോഴാണ് ഒടുങ്ങുന്നതെന്ന് അറിഞ്ഞുകൂടാ. ഇന്ന് ആരോഗ്യമുണ്ട്. നാമസങ്കീർത്തനംകൊണ്ടു മാത്രം പരമപുരുഷാർഥമായ മോക്ഷം നേടാൻ ഇതാണവസരം. ഈ സന്ദർഭം നഷ്ടമായാൽ വീണ്ടും എന്നാണതു ലഭിക്കുക? ഈ അവസരം കൈവിട്ടുപോയാൽ പിന്നെ അനുഭവിക്കേണ്ടിവരുന്ന നരകയാതനയെക്കുറിച്ചും ചിന്തിച്ചു നോക്കുക. അതുകൊണ്ട് അസത്യമാർഗം കൈവെടിഞ്ഞ് സദാ ഈശ്വരചിന്തകൾ നിലനിർത്തി വൈകുണ്ഠലോകം നേടുകയാണ് ഭാരതീയരുടെ പ്രധാന കർത്തവ്യം.

## വരികൾ

15. 'കൂടിയല്ലാ പിറക്കുന്ന നേരത്തും
കൂടിയല്ലാ മരിക്കുന്ന നേരത്തും
മധ്യേയിങ്ങനെ കാണുന്ന നേരത്തു
മത്സരിക്കുന്നതെന്തിനു നാം വൃഥാ?
അർഥമോ പുരുഷാർഥമിരിക്കവേ
അർഥത്തിന്നു കൊതിക്കുന്നതെന്തു നാം?
മദ്ധ്യാഹ്നാർക്കപ്രകാശമിരിക്കവേ
ഖദ്യോതത്തെയോ മാനിച്ചു കൊള്ളേണ്ടു?
ഉണ്ണിക്കൃഷ്ണൻ മനസ്സിൽക്കളിക്കുമ്പോൾ
ഉണ്ണികൾ മറ്റു വേണമോ മക്കളായ് !
മിത്രങ്ങൾ നമുക്കെത്ര  ശിവ ശിവ!
വിഷ്ണുഭക്തന്മാരില്ലേ ഭുവനത്തിൽ?
മായകാട്ടും വിലാസങ്ങൾ കാണുമ്പോൾ.
ജായ കാട്ടും വിലാസങ്ങൾ ഗോഷ്ഠികൾ
ഭുവനത്തിലെ ഭൂതികളൊക്കെയും.
ഭവനം നമുക്കായിതുതന്നെ
വിശ്വനാഥൻ പിതാവു നമുക്കെല്ലാം
വിശ്വധാത്രി ചരാചരമാതാവും.
അച്ഛനും പുനരമ്മയുമുണ്ടല്ലോ
രക്ഷിച്ചീടുവാനുള്ള നാളൊക്കെയും.
ഭിക്ഷാന്നം നല്ലൊരന്നവുമുണ്ടല്ലൊ
ഭക്ഷിച്ചീടുക തന്നെ പണിയുള്ളൂ.'

## അർഥവിശദീകരണം

| | | |
|---|---|---|
| മദ്ധ്യാർക്കൻ | = | ഉച്ചസൂര്യൻ |
| ഖദ്യോതം | = | മിന്നാമിനുങ്ങ് |
| ജായ | = | പത്നി |

## ആശയവിശദീകരണം

ഈ ജീവിതം ഇടയ്ക്കുള്ള ഒരു അല്പകാലാനുഭവമാണ്. ഒരാൾ മരിക്കുന്നതിനുമുൻപ് എന്തായിരുന്നുവെന്നോ മരിച്ചതിനുശേഷം എന്താകുമെന്നോ അറിയില്ല. ഇവിടെയുള്ള എല്ലാ ബന്ധങ്ങളും ഈ അല്പകാലാനുഭവത്തി

SGOU

നിടയ്ക്ക് സംഭവിച്ചതാണ്. ജനിക്കുമ്പോൾ എല്ലാവരും തനിയെ ജനിക്കുന്നു. മരിക്കുമ്പോഴും അങ്ങനെതന്നെ. അല്പകാലം ഒന്നുമറിയാതെ ഇങ്ങനെ ജീവിക്കുന്നതിനിടയ്ക്ക് കലഹിച്ചും മത്സരിച്ചും കാലം കഴിക്കുന്നതെന്തിനാണ്? മോക്ഷമാകുന്ന പുരുഷാർഥം നേടാമെന്നിരിയ്ക്കെ ആപത്തുകൾക്കെല്ലാം ഇരിപ്പിടമായ ധനത്തെ അതിരുകവിഞ്ഞ് എന്തിനാണ് മോഹിക്കുന്നത്? ഉച്ചയ്ക്ക് സൂര്യൻ പ്രകാശിക്കുമ്പോൾ ആരെങ്കിലും മിന്നാമിനുങ്ങിനെ തേടി നടക്കാറുണ്ടോ? മോക്ഷത്തെ വിട്ട് ഭൗതിക സമ്പത്തുകൊതിക്കുന്നത് സൂര്യനെ വിട്ടിട്ട് മിന്നാമിനുങ്ങിനെ തേടുന്നതിന് തുല്യമാണ്.

ഈശ്വരനെ ആശ്രയിക്കുന്ന ഒരാൾക്ക് എല്ലാ ബന്ധുമിത്രാദികളും ആ ഈശ്വരൻ തന്നെയാണ്. അങ്ങനെയുള്ള ഭക്തന്മാർക്ക് ഹൃദയത്തിൽ സദാ ഉണ്ണിക്കണ്ണൻ കളിയാടി വസിക്കുമ്പോൾ മറ്റ് ഉണ്ണികൾ വേണമെന്നില്ല. വിഷ്ണുഭക്തന്മാരെല്ലാവരും അവരുടെ കൂട്ടുകാരാണ്. മായാദേവിയുടെ ലീലാവിലാസങ്ങൾ കാണാൻ കണ്ണുള്ളവർക്ക് ഭാര്യമാരുടെ ഭാവഹാവാദികൾ വെറും ഗോഷ്ഠികളായിട്ടേ തോന്നൂ. ഭക്തന്മാരുടെ വീട് ഈ ലോകം തന്നെയാണ്. ലോകത്തിലെ സമ്പത്തു മുഴുവൻ അവരുടെ സമ്പത്താണ്. ജഗദീശ്വര ശക്തിയായ മായാദേവി മാതാവും. അവർ നമ്മെ അവസാനം വരെ നോക്കിക്കൊള്ളും. ആഹാരത്തിന് സജ്ജനങ്ങൾ നൽകുന്ന ഭിക്ഷ ധാരാളം മതിയാകും.

## വരികൾ

16. 'സക്തി കൂടാതെ നാമങ്ങളെപ്പൊഴും
ഭക്തിപൂണ്ടു ജപിക്കണം നമ്മുടെ
സിദ്ധിക്കാലം കഴിവോളമീവണ്ണം
ശ്രദ്ധയോടെ വസിക്കേണമേവരും
കാണാക്കുന്ന ചരാചരജാതിയെ
നാണം കൈവിട്ടു കൂപ്പി സ്തുതിക്കണം
ഹർഷാശ്രു പരിപ്ലുതനായിട്ടു
പുരുഷാദികളൊക്കെ സഹിച്ചുടൻ
സജ്ജനങ്ങളെക്കാണുന്ന നേരത്തു
ലജ്ജ കൂടാതെ വീണു നമിക്കണം.
ഭക്തിതന്നിൽ മുഴുകിച്ചമഞ്ഞുടൻ
മത്തനെപ്പോലെ നൃത്തം കുതിക്കണം.
മോഹം തീർന്നു മനസ്സു ലയിക്കുമ്പോൾ
സോഹമെന്നിടകൂടുന്നു ജീവനും.
പാരിലിങ്ങനെ സഞ്ചരിച്ചീടുമ്പോൾ
പ്രാരാബ്ധങ്ങളശേഷമൊഴിഞ്ഞീടും.
വിധിച്ചീടുന്നു കർമ്മമൊടുങ്ങുമ്പോൾ
പതിച്ചീടുന്നു ദേഹമൊരേടത്ത്;
കൊതിച്ചീടുന്ന ബ്രഹ്മത്തെക്കണ്ടിട്ടു
കുതിച്ചീടുന്നു ജീവനുമപ്പൊഴേ'

## അർഥവിശദീകരണം

ഹർഷാശ്രു = ഹർഷബാഷ്പം

പരിപ്ലുതം = മുങ്ങിയത്

## ആശയവിശദീകരണം

ഒരാൾ തൽക്കാലം ഏത് കർമ്മമണ്ഡലത്തിലായാലും വിരോധമില്ല. പക്ഷേ, ഫലാസക്തി കൂടാതെ മനസ്സ് ഈശ്വരനിൽ ഉറപ്പിക്കണം. മനസ്സിൽ വിഷയങ്ങളിൽ സംഗം വരുമ്പോൾ ഈശ്വരനാമം ജപിച്ച് അതിനെ അകറ്റണം. ഇടതടവില്ലാതെ ഈശ്വരാനുഭൂതി കൈവരുംവരെ വിശ്വാസത്തോടെ ഈ പരിശീലനം തുടരണം. കാണപ്പെടുന്നതെല്ലാം ഈശ്വരരൂപമായി ഭാവന ചെയ്ത് മനസ്സാ കുമ്പിടണം. എല്ലാം ഈശ്വരസ്വരൂപമായി കാണുകയാണ് ഏറ്റവും വലിയ സാധന. അത് അനന്തമായ ആനന്ദം ഉള്ളിലുണ്ടാക്കും. ആ ആനന്ദപ്രവാഹത്തിൽ മുഴുകി ലൗകികമായ ഏതു ക്ലേശവും സഹിക്കാനുള്ള ശക്തി നേടണം.

സത്യദർശികളായ സജ്ജനങ്ങളുടെ പാദങ്ങളിൽ സാഷ്ടാംഗം നമസ്കരിക്കണം. ലോഭമോഹങ്ങളകന്ന് മനസ്സ് ഭഗവാനിൽ ലയിക്കുന്തോറും ഈശ്വരനും താനും ഒന്നുതന്നെയാണെന്ന സാക്ഷാത്കാരം ഉണ്ടാകും. ഈ സാക്ഷാത്കാരം നേടി ജീവിതം നയിച്ചാൽ ശേഷിക്കുന്ന പ്രാരാബ്ധങ്ങൾ ക്രമേണ ഇല്ലാതാകും. ആത്മസാക്ഷാൽക്കാരം നേടുന്നവൻ ജീവനിൽനിന്നും മുക്തനാകുന്നു. പ്രാരാബ്ധമൊടുങ്ങുന്നതോടെ ദേഹമുക്തിയും കൈവരുന്നു. അതോടെ ബ്രഹ്മദർശനം പൂർത്തിയായി ജീവൻ കുതിച്ചുപൊങ്ങി ആ സച്ചിദാനന്ദ സ്വരൂപനുമായി ഒരുമിക്കുന്നു.



SGOU

17. 'സക്തി വേറിട്ടു സഞ്ചരിച്ചീടുവാൻ
പാത്രമായില്ലയെന്നതു കൊണ്ടേതും
പരിതാപം മനസ്സിൽ മുഴുക്കേണ്ട
തിരുനാമത്തിൽ മാഹാത്മ്യംകേട്ടാലും;
ജാതി പാർക്കിലൊരന്ത്യജനാകിലും
വേദവാദി മഹീസുരനാകിലും
നാവുകൂടാതെ ജാതന്മാരാകിയ
മൂകന്മാരെയൊഴിച്ചുള്ള മാനുഷർ
എണ്ണമറ്റ തിരുനാമമുള്ളതിൽ
ഒന്നുമാത്രമൊരിക്കലൊരു ദിനം
സ്വസ്ഥനായിട്ടിരിക്കുമ്പോഴെങ്കിലും
മറ്റൊന്നായിപ്പരിഹസിച്ചെങ്കിലും
മറ്റൊരുത്തർക്കും വേണ്ടിയെന്നാകിലും
ഏതു ദിക്കിലിരിക്കിലും തന്നുടെ
നാവു കൊണ്ടിതു ചൊല്ലിയെന്നാകിലും
അതുമല്ലൊരു നേരമൊരുദിനം
ചെവി കൊണ്ടിതു കേട്ടുവെന്നാകിലും
ജന്മ സാഫല്യമപ്പൊഴേ വന്നുപോയ്
ബ്രഹ്മസായൂജ്യം കിട്ടീടുമെന്നല്ലോ
'ബാദരായണൻതാനും വിശേഷിച്ചു
ശ്രീധരാചാര്യനും പറഞ്ഞീടുന്നു.
ശ്രീധരൻതാനരുൾ ചെയ്തിരിക്കുന്ന.
ഗീതയിൽ പറഞ്ഞീടുന്നതിങ്ങനെ.
ആമെന്നുള്ളവർ ചൊല്ലുവിൻ നാമങ്ങൾ
ആമോദത്തോടെ ചെല്ലുവിൻ ബ്രഹ്മത്തിൽ
ഇതിന്മീതെ പറയാമതൊന്നില്ലാ.
മതിയുണ്ടെങ്കിലൊക്കെ മതിയിതു
തിരുനാമമാഹാത്മ്യം പറഞ്ഞതു
തിരുവുള്ളമാകെന്റെ ഭഗവാനേ!'

### അർഥവിശദീകരണം

| | |
|---|---|
| അന്ത്യജൻ | = താഴ്ന്ന ജാതിയിൽപ്പെട്ടവൻ |
| മഹീസുരൻ | = ബ്രാഹ്മണൻ |

### ആശയവിശദീകരണം

പ്രപഞ്ചകാര്യങ്ങളിൽ വിരക്തി വരിക ആർക്കും എളുപ്പമല്ല. ആസക്തി വിടാൻ കഴിയുന്നില്ലല്ലോ എന്ന് കരുതി വിഷമിക്കാനില്ല. ഈശ്വരനാമം ജപിക്കുന്നത് വിഷയാസക്തനെപ്പോലും മുക്തനാക്കും. അതിന്റെ മാഹാത്മ്യം അവർണനീയമാണ്. ജാതിയിൽ ശൂദ്രനാകട്ടെ അഥവാ ബ്രാഹ്മണനാകട്ടെ നാവുള്ളവനാണെങ്കിൽ ഈശ്വരനാമം ജപിച്ചാൽ മതി മുക്തി നേടാൻ. ഊമയായി ജനിച്ചവന് തിരുനാമങ്ങൾ ചെവികൊണ്ട് കേട്ടാലും മതി ജന്മസാഫല്യം കിട്ടുവാൻ. ഈശ്വരന്റെ നാമങ്ങൾ എണ്ണമറ്റതായിട്ടുണ്ട്. സ്വസ്ഥനായിരിക്കുമ്പോഴോ സ്വപ്നത്തിലോ അറിയാതെയോ പരിഹാസമായിട്ടെങ്കിലുമോ അവയിലൊരൊണ്ണം ഒരു ദിവസം ഒരിക്കലെങ്കിലും ഉച്ചരിച്ചാൽ മതി. എവിടെയിരുന്നായാലും മറ്റാർക്കെങ്കിലും വേണ്ടിയായാലും ഈശ്വരനാമം ചൊല്ലുകയോ കേൾക്കുകയോ ചെയ്താൽ ജന്മസാഫല്യമായി. അത് ക്രമേണ ബ്രഹ്മസായൂജ്യത്തിന് കാരണമായി തീരും. ശ്രീ വേദവ്യാസനും ഭാഗവത വ്യാഖ്യാതാവായ ശ്രീധരാചാര്യരും ഇക്കാര്യം പ്രഖ്യാപിച്ചിട്ടുണ്ട്. ഗീതയിൽ ഭഗവാനും ഇക്കാര്യം വ്യക്തമാക്കിയിട്ടുണ്ട്. കഴിയുമെങ്കിൽ ഈശ്വരനാമം നിരന്തരം ചൊല്ലുവിൻ. ബുദ്ധിയും ശ്രദ്ധയുമുണ്ടെങ്കിൽ ഇത് ധാരാളം മതി. ഇതിലധികം പറയാൻ ഒന്നുമില്ല. ഈശ്വരനാമമാഹാത്മ്യം ഇങ്ങനെ പ്രകീർത്തിച്ചതിൽ എല്ലാ തെറ്റുകളും പൊറുത്ത് കരുണാനിധിയായ ഈശ്വരൻ അനുഗ്രഹിക്കട്ടെ.

ഇത്തരത്തിൽ ഈശ്വരന്റെ മാഹാത്മ്യത്തെക്കുറിച്ചും ജ്ഞാനമാർഗത്തെക്കുറിച്ചും മോക്ഷത്തെക്കുറിച്ചും പറഞ്ഞ് പൂന്താനം ജ്ഞാനപ്പാന എന്ന കാവ്യം അവസാനിപ്പിക്കുന്നു.

## അവലോകനം

ജ്ഞാനപ്പാന എന്ന കാവ്യശീർഷകം സൂചിപ്പിക്കുന്നതു പോലെ ഇത് ജ്ഞാനത്തെക്കുറിച്ചുള്ള പാനയാണ്. ജ്ഞാനം എന്നതുകൊണ്ട് ഈശ്വരജ്ഞാനം എന്ന് തന്നെയാണ് കവി അർഥമാക്കുന്നത്. ഈ പ്രപഞ്ചത്തിന്റെ നാഥൻ ഈശ്വരനാണ്. മനുഷ്യജീവിതത്തിന്റെ ലക്ഷ്യം മോക്ഷമാണ്. ഈ മുക്തിയിലേക്കുള്ള മാർഗമത്രേ ജ്ഞാനം. ജ്ഞനാർജ്ജനത്തിലൂടെ ഈശ്വരസന്നിധിയിലെത്തുന്നതിനു പകരം മനുഷ്യൻ സംസാരബന്ധത്തിൽ മുഴുകി ദുഃഖിതനായി ഈ ഭൂമിയിൽ അലയുന്നു. ഐഹിക ദുഃഖങ്ങൾക്കെല്ലാം കാരണം മനുഷ്യന്റെ കർമ്മമാണ്. എന്നാൽ ഈ കർമ്മത്തിൽ നിന്ന് മുക്തനാവാൻ മനുഷ്യന് കഴിയുകയുമില്ല. മനുഷ്യനെ ഈ ഭൗതികജീവിതത്തിൽ തളച്ചിടുന്നത് കർമ്മബന്ധങ്ങളാണ് എന്നും ജ്ഞാനികളായ മനുഷ്യർ മുൻപേ

SGOU

കണ്ടറിയുന്നു. ഈ കർമ്മപാശമറുത്ത് ഈശ്വര സാക്ഷാത്കാരം നേടാൻ നാമസങ്കീർത്തനത്തി ലൂടെയേ കഴിയൂ എന്ന ജ്ഞാനമാണ് ജ്ഞാന പ്പാന പകർന്നുനൽകുന്നത്.

ഇഹലോകസുഖങ്ങളുടെ അർഥശൂന്യതയെ യും ഈശ്വരപ്രകീർത്തനത്തിന്റെ മഹത്വത്തെ യും എടുത്തു കാട്ടുന്ന കാവ്യമാണ് ജ്ഞാനപ്പാന. ലൗകികസുഖങ്ങളിൽ മുഴുകി ധർമ്മചിന്ത വെടി ഞ്ഞ് ജീവിക്കുന്ന ഒരു ജനതയെക്കുറിച്ചുള്ള വേദ നയിൽ നിന്നാണ് ജ്ഞാനപ്പാന രൂപംകൊണ്ടത്. കലിയുഗത്തിന്റെ ധർമ്മച്യുതിക്കും മനുഷ്യജന്മ ത്തിന്റെ മഹത്ത്വവുമെല്ലാം വെളിവാക്കുന്ന ഈ കൃതിയിൽ സമകാലികസമൂഹത്തിന്റെ ജീർ ണ്ണമുഖം പ്രതിബിംബിക്കുന്നു. ഈ ജീർണ്ണത യിൽനിന്ന് മുക്തി നേടാൻ കവി മുന്നോട്ടുവെ ക്കുന്ന ഒരേയൊരു മാർഗം ഭക്തിയാണ്. ഭക്തി തന്നെയാണ് ജ്ഞാനമെന്ന് ഈ കൃതി വ്യക്തമാ ക്കുന്നു. ഈശ്വരസങ്കീർത്തനം ജന്മസാഫല്യവും ബ്രഹ്മസായൂജ്യവും നേടിത്തരുമെന്ന് 'ജ്ഞാന പ്പാന' നമ്മെ ഉദ്ബോധിപ്പിക്കുന്നു. ജ്ഞാനപ്പാ നയുടെ ഉള്ളടക്കം മുഖ്യമായും നാമജപത്തിന്റെ മാഹാത്മ്യ വർണനയാണെങ്കിലും സമകാലിക സമൂഹത്തിന്റെ എല്ലാ കാലുഷ്യങ്ങൾക്കും നേ രെയുള്ള ചോദ്യചിഹ്നം കൂടിയായി പലപ്പോ ഴും മാറുന്നു. അങ്ങേയറ്റം സാമൂഹിക പ്രതിബ ദ്ധതയുള്ള കവിയായി പൂന്താനത്തെ ഇവിടെ കാണാവുന്നതാണ്. കവിയുടെ ദീർഘദർശന പാടവം ഓരോ വരികളിലും വ്യക്തമാണ്. സ്ഥാ നമാനങ്ങൾ ചൊല്ലി കലഹിക്കുന്നവരെ തന്നെ യാണ് അധികാര കസേരകളിൽ കൂടുതലായി ഇന്നും കാണുന്നത്. അർഥമെത്രയുണ്ടായാലും പിന്നേയും പിന്നേയും വർധിപ്പിക്കണമെന്ന ആഗ്രഹത്തിൽ മാത്രം ജീവിക്കുന്ന തീർത്തും സ്വാർഥമതികളായ മനുഷ്യരുടെ ധൂർത്ത ചിന്ത കളെ ജ്ഞാനപ്പാനയുടെ പല ഭാഗങ്ങളിലും കാ ണാം. കർമ്മ പ്രാധാന്യത്തെക്കുറിച്ചും കലിയുഗ പ്രശസ്തിയെക്കുറിച്ചും, ധർമ്മ പ്രബോധനത്തെ ക്കുറിച്ചുമെല്ലാം ജ്ഞാനപ്പാനയിൽ ചർച്ച ചെ യ്യുന്നു.

തികഞ്ഞ ദേശീയബോധം പൂന്താനം കവിത യിൽ കാണുന്നു എന്നതിന് തെളിവാണ്, 'ഭാര തഖണ്ഡത്തിങ്കൽ പിറന്നൊരു മാനുഷർക്കും കലിക്കും നമസ്കാരം' എന്ന വരികൾ. എല്ലാ ഭൂഖണ്ഡങ്ങളിലും വെച്ച് ഉത്തമമായിട്ടുള്ളത് ഭാര തമാണെന്നും ഭാരതത്തിന്റെ സംസ്കാരത്തെക്കു റിച്ചും പാരമ്പര്യത്തെക്കുറിച്ചും എല്ലാം ഓർത്ത് അദ്ദേഹം അഭിമാനം കൊള്ളുന്നതും കാണാം. ഒരു പുല്ലായിട്ടെങ്കിലും ഇവിടെ പിറക്കാൻ കഴി ഞ്ഞത് ഉത്തമഭാഗ്യം ആണെന്നും പറയുന്നു. ഓരോരോ ജന്മങ്ങളെക്കുറിച്ചും അതിന്റെയെ ല്ലാം നിസ്സാരതയെക്കുറിച്ചും പൂന്താനം നമ്മെ വീണ്ടും വീണ്ടും ഓർമ്മപ്പെടുത്തുന്നു. എന്നിട്ടും ചിലർ മദമത്സരം ചിന്തിച്ച് മതികെട്ട് നടക്കുന്നു വെന്നും മദ്യത്തിനും മധുരാക്ഷിക്കും അടിമ പ്പെട്ട് ജീവിതം നശിപ്പിക്കുന്നുവെന്നും അതിൽ നിന്നെല്ലാം ഉള്ള മോചനത്തിനും മോഷണത്തി നും ഈശ്വരഭജന അല്ലാതെ മറ്റൊന്നില്ല എന്ന തിരിച്ചറിവിലേക്ക് വിരൽ ചൂണ്ടുകയാണ് പൂന്താ നം. ദുഃഖങ്ങളെ എങ്ങനെ കീഴ്പ്പെടുത്താമെന്നും പ്രലോഭനങ്ങളെ എങ്ങനെ അതിജീവിക്കണം എന്നും സ്വാനുഭവങ്ങളിലൂടെ കവി വിനീതമായി ഉദ്ബോധിപ്പിക്കുന്ന ഒരു കാവ്യം എന്ന നിലയി ലും ജ്ഞാനപ്പാനയ്ക്ക് പ്രാധാന്യമുണ്ട്. ഇതിലെ വേദാന്ത തത്വപ്രതിപാദനം ദുർഗ്രഹമോ വിരസ മോ ശുഷ്കമോ ആകാത്തതിന് ഒരു കാരണം ഈ ആത്മാംശത്തിന്റെ കലർപ്പാണ്.

ജ്ഞാനപ്പാന എന്നാണ് കൃതിയുടെ പേരെ ങ്കിലും ഇത് ഭക്തിപ്പാനയുമാണ് എന്ന് പ്രൊ ഫ.എസ്. ഗുപ്തൻ നായർ രേഖപ്പെടുത്തിയിട്ടു ണ്ട്. പൂന്താനം ഭക്തകവിയായിരുന്നു എന്നതു സത്യം തന്നെ. എന്നാൽ ആ കവിതകളെ ഭക്തി യുടെ ചട്ടക്കൂട്ടിൽ ഒതുക്കി നിർത്തുന്നത് കാവ്യ നീതിയല്ല. ഐഹികതയെ വെടിഞ്ഞ് ഈശ്വരോ ന്മുഖമായി മാത്രം നിലകൊള്ളുന്ന നിഷ്കാമ ഭക്തിയായിരുന്നില്ല പൂന്താനത്തിന്റേത്. അതേ സമയം മതാധിഷ്ഠിതമായ അനുഷ്ഠാനസ്വരൂപ ങ്ങളോടുകൂടിയ ഭക്തിയുമായിരുന്നില്ല.കാരണം പൂന്താനം ഒരിക്കലും കർമ്മാധിഷ്ഠിതമായ ജീ വിതത്തെ തള്ളിപ്പറഞ്ഞിരുന്നില്ല എന്നു മാത്ര മല്ല കർമ്മനാശത്തിന് ഈ ഭൂമിയല്ലാതെ മറ്റൊരു സ്ഥലമില്ലെന്നും പറയുന്നുണ്ട്. ഐഹികജീവി തത്തെയും ഭൗതികതയെയും അദ്ദേഹം നിഷേ ധിച്ചില്ല മറിച്ച്, മലിനമായ ജീവിത വഴികളിൽ നിന്ന് തിരിച്ചു പിടിക്കാനും ശുദ്ധീകരിക്കാനു മുള്ള പ്രായോഗികമായ തത്വചിന്തകൾ അവത

SGOU

രിപ്പിക്കുകയായിരുന്നു. അതിനുള്ള വഴിയായി ഈശ്വരചിന്തയെയും ഭക്തിയെയും ഉപയോഗപ്പെടുത്തുകയായിരുന്നു. പൂന്താനത്തിന്റെ കവിതകളുടെ ശക്തി ഇത്തരത്തിൽ കാലവും സമൂഹവും ആവശ്യപ്പെട്ട ഭക്തിയായിരുന്നു എന്നതിൽ തർക്കമില്ല. പൂന്താനത്തിന്റെ ഭക്തിപ്പാനകളുടെ പ്രചാരം തന്നെയാണ് അദ്ദേഹത്തെ കീർത്തന പ്രസ്ഥാനത്തിന്റെ കീർത്തി പതാകയായും സങ്കീർത്തനപ്രസ്ഥാനത്തിന്റെ നായകനായും മാറ്റിത്തീർത്തത്. പൂന്താനത്തിന്റെ കവിത്വത്തിലെ ആദിമസിദ്ധിയും അന്തിമസിദ്ധിയും ഭക്തിയാണെന്നും 'ജ്ഞാനപ്പാന' ശുദ്ധമായ ഭക്തിഗീതമാണെന്നും പ്രൊഫ. എൻ. കൃഷ്ണപിള്ളയും നിരീക്ഷിക്കുന്നു. പൂന്താനത്തിന്റെ ഭക്തിയും ജ്ഞാനവും തമ്മിൽ ഭേദമുണ്ടായിരുന്നില്ല. ഭക്തിയുടെ പാരമ്യത്തിലെത്തിച്ചേരുന്ന പടവായിരുന്നു ജ്ഞാനം. ധർമ്മാധർമ്മ ചിന്തയില്ലാതെ ഭോഗലാലസമായ ഒരു സമൂഹത്തെ ഉണർത്താൻ ഭക്തിയെ ഒരായുധമായി പൂന്താനം ഉപയോഗിച്ചു. അതുകൊണ്ട് തന്നെ ജ്ഞാനപ്പാന ഭക്തിപ്പാനയുമാണ് എന്ന നിരീക്ഷണം പ്രസക്തമാണ്.

## Recap

- മേല്പത്തൂരിന്റെ സമകാലികനായിരുന്നു പൂന്താനം
- ഗുരുവായൂരപ്പന്റെ ഭക്തനായിരുന്നു പൂന്താനം
- മരിച്ച ഉണ്ണിയുടെ മൃതശരീരം മടിയിൽ കിടത്തി പാടിയ കൃതിയാണ് ജ്ഞാനപ്പാന
- ഭാഷാകർണാമൃതത്തിലും കീർത്തനങ്ങളിലും ആവർത്തിച്ചു കാണുന്നത് ' വാമപുരാധീശസ്മരണയാണ്
- ശ്രീകൃഷ്ണൻ സാമൂതിരിയുടെ മന്ത്രിയായ മങ്ങാട്ടന്റെ രൂപത്തിൽ പ്രത്യക്ഷപ്പെട്ട് പൂന്താനത്തെ രക്ഷിച്ചു
- ഭട്ടതിരിയുടെ വിഭക്തിയേക്കാൾ പൂന്താനത്തിന്റെ ഭക്തിയാണ് തനിക്കിഷ്ടമെന്ന് ഭഗവാൻ ശ്രീകൃഷ്ണൻ കല്പിച്ചു
- പൂന്താനം ഉടലോടെ സ്വർഗസ്ഥനായി
- ശ്രീകൃഷ്ണർ നേരിട്ടെത്തി സ്വർഗത്തിലേക്ക് കൊണ്ടു പോകുമെന്ന സ്വപ്നദർശനം
- ഉള്ളൂരിന്റെ കേരള സാഹിത്യചരിത്രത്തിൽ പൂന്താനത്തിന്റേതായി ഇരുപത്തിരണ്ടു രചനകളുണ്ടെന്ന് സൂചിപ്പിക്കുന്നു
- പാനപ്പാട്ട് എന്ന പേരിൽ ചില ഗാനങ്ങൾ മലയാളത്തിൽ ആദ്യകാലം മുതലേ പ്രചാരത്തിലുണ്ട്
- ഭദ്രകാളീക്ഷേത്രങ്ങളിലെ ആരാധനയോടു ബന്ധപ്പെട്ട ഒരു ചടങ്ങാണ് പാനകളി
- പാനപ്പാട്ടിലെ സർപ്പിണിവൃത്തം ഭക്തിഭാവത്തിനിണങ്ങും
- ഭാഗവതം ദശമസ്കന്ധത്തിലെ സന്താനഗോപാലം കഥയാണ് സന്താനഗോപാലം പാനയുടെ ഇതിവൃത്തത്തിനാധാരം
- കഥ കേൾക്കുന്നവർക്ക് പുത്രസമ്പത്തും അർഥമിത്രാദികളത്ര സുഖവും മുക്തിയും ഉണ്ടാകുമെന്നാണ് കാവ്യത്തിന്റെ ഫലശ്രുതി
- ശ്രീകൃഷ്ണലീലകൾ സ്തോത്രരൂപകത്തിൽ വാഴ്ത്തിപ്പാടുകയും തത്വചിന്താപരമായ വിഷയങ്ങൾ ഭക്തർക്കുപദേശിച്ചു കൊടുക്കുകയും ചെയ്യുന്ന സ്തോത്രകൃതിയാണ് ഭാഷാകർണ്ണാമൃതം
- ഭാഗവതം ദശമസ്കന്ധത്തിലെ കഥയാണ് സംഗ്രഹരൂപത്തിൽ ഭാഷാകർണ്ണാമൃതത്തിൽ പ്രതിപാദിച്ചിട്ടുള്ളത്
- ലളിതമധുരങ്ങളായ മലയാള പദങ്ങൾ കോർത്തിണക്കിയതാണ് ഭാഷാകർണ്ണാമൃതത്തിന്റെ ശൈലി

SGOU



SREENARAYANAGURU OPEN UNIVERSITY

- പൂന്താനത്തെ ഭാഷാസാഹിത്യത്തിലെ കെടാവിളക്കായാണ് ഡോ.കെ.രാഘവൻ പിള്ള വിശേഷിപ്പിക്കുന്നത്
- ഇന്ത്യൻ ക്ലാസ്സിക്കൽ സാഹിത്യത്തിന്റെ ഒരു പ്രധാന ഘടകമായി വർത്തിക്കുന്നത് മതപരമായ വിചാരങ്ങളും വീക്ഷണങ്ങളുമാണ്
- എല്ലാ മതങ്ങളും അംഗീകരിച്ചിട്ടുള്ള ഒന്നാണ് ഭക്തിസങ്കല്പം
- സ്വന്തമെന്ന് കരുതുന്ന ദൈവത്തോട് തീക്ഷ്ണമായ വികാരങ്ങളുമായി ഒരു വ്യക്തി സമീപിക്കുമ്പോഴാണ് അത് ഭക്തിരസമായി മാറുന്നത്
- തെക്കേ ഇന്ത്യയിൽ, പ്രത്യേകിച്ച് തമിഴ്നാട്ടിലാണ് ഭക്തിസാഹിത്യത്തിന്റെ ആദ്യപ്രവാഹങ്ങൾ ഉണ്ടായത്
- പൂന്താനത്തിന്റെ ഏറ്റവും പ്രസിദ്ധമായ ദാർശനിക കാവ്യമാണ് ജ്ഞാനപ്പാന
- സംസാരചക്രത്തിന്റെ ഗതിവിഗതികൾ, മനുഷ്യജന്മത്തിന്റെ മഹത്വം, പുനർജന്മം എന്നിവ വിശദീകരിക്കുന്നു
- ഭഗവാന്റെ തിരുനാമസങ്കീർത്തനം കൊണ്ട് ജന്മസാഫല്യവും ബ്രഹ്മസായൂജ്യവും നേടാൻ കഴിയും
- മനുഷ്യജന്മത്തിന്റെ സാഫല്യമായ മോക്ഷം ലഭിക്കുന്നതിനായി ഈശ്വരന്റെ നാമങ്ങൾ എപ്പോഴും നാവുകൊണ്ട് ഉച്ചരിക്കാൻ കഴിയണേ എന്ന് കവി പ്രാർഥിക്കുന്നു.
- ദൈവഹിതത്തിനനുസരിച്ച് ജനനമരണങ്ങളും ഉയർച്ചതാഴ്ചകളും സംഭവിക്കുന്നു.
- മനുഷ്യർ സ്വന്തം മനഃസ്ഥിതികൊണ്ട് അന്യോന്യം ഭേദപ്പെട്ടിരിക്കുന്നു
- കർമ്മത്തിന് അധികാരിയായവർക്കും അതിൽ താല്പര്യമുള്ളവർക്കും വേണ്ടിയുള്ളതാണ് കർമ്മയോഗം
- പ്രപഞ്ചത്തിലുള്ള എല്ലാ ജീവജാലങ്ങളും അനുഭവിക്കുന്നത് താൻ ചെയ്ത കർമ്മഫലമാണ്
- സൃഷ്ടിയും പ്രളയവും പകലും രാവുമെന്ന പോലെ ഒന്നിനൊന്നായി ആവർത്തിച്ചു കൊണ്ടിരിക്കുന്നു
- പാപകർമ്മങ്ങൾ ചെയ്തതിന്റെ ഫലമായി നരകത്തിൽ കിടന്ന് ദുരിതങ്ങൾ ഒടുങ്ങിക്കഴിഞ്ഞ ജീവൻ, പരിപക്വമാകുമ്പോൾ മനുഷ്യനായി വന്നു ജനിക്കുന്നു
- ജീവൻ സ്വർഗം, ഭൂമി, നരകം എന്നീ ലോകങ്ങളിൽ മാറി മാറി സഞ്ചരിച്ചു കഴിയുന്നു
- മനുഷ്യജന്മത്തിൽ ചെയ്യുന്നതിന്റെ ഫലം അനുഭവിക്കുക മാത്രമാണ് സ്വർഗത്തിൽ
- ഈശ്വരന്റെ മൂലപ്രകൃതിയായ മായ തന്നെ പ്രത്യക്ഷരൂപം ധരിച്ച് ഭൂമിയായി വിളങ്ങി നിൽക്കുകയാണ്
- പതിനാലു ലോകങ്ങളിലും വെച്ച് ഭൂമി ഉത്തമമാണ്
- സത്യദർശികളായ മുനിമാർ ഭാരതത്തിന് കർമ്മക്ഷേത്രമെന്നാണ് പേരിട്ടിരിക്കുന്നത്
- നാലു യുഗത്തിലും കലിയുഗത്തിലാണ് മോക്ഷം നേടാൻ എളുപ്പം

SGOU

## Objective Questions

1. പൂന്താനം ആരുടെ സമകാലീനനായിരുന്നു?
2. വാമപുരാധീശസ്മരണ ആവർത്തിച്ചു വരുന്ന പൂന്താനത്തിന്റെ കൃതികൾ ഏതെല്ലാം?


SREENARAYANAGURU OPEN UNIVERSITY

3. പൂന്താനം പുത്രദുഃഖത്താൽ മനംനൊന്ത് പാടിയ കൃതി എന്നറിയപ്പെടുന്നത്?
4. ഭദ്രകാളീക്ഷേത്രങ്ങളിലെ ആരാധനയോടനുബന്ധിച്ച് നടത്തുന്ന ചടങ്ങേത്?
5. പാനപ്പാട്ടിലെ വൃത്തം?
6. സന്താനഗോപാലം പാനയുടെ ഇതിവൃത്തത്തിനാധാരമായ കഥ ഏത്?
7. പൂന്താനത്തിന്റെ ഏറ്റവും പ്രസിദ്ധമായ ദാർശനിക കാവ്യം ഏത്?
8. 'ഗു' എന്ന ശബ്ദത്തിന്റെ അർഥം എന്ത്?
9. 'രു ' എന്ന ശബ്ദത്തിന്റെ അർഥം എന്ത്?
10. നമ്മെയൊക്കെ ബന്ധിച്ചിരിക്കുന്ന സംസാരകാരണമെന്ത്?
11. ഏഴു ദ്വീപുകളിൽ വെച്ച് ഉത്തമം എന്ന് പുരാണങ്ങളിൽ പരാമർശിക്കുന്ന ദ്വീപ് ?
12. നാലു യുഗങ്ങളിൽ വെച്ച് മോക്ഷം നേടാൻ എളുപ്പമായിട്ടുള്ള യുഗമേത്?
13. കലിയുഗത്തിൽ മുക്തി ലഭിക്കാനുള്ള മാർഗം എന്ത്?
14. സമകാലിക സമൂഹത്തിന്റെ ജീർണ്ണമുഖം വെളിപ്പെടുത്തുന്ന കൃതിയേത്?
15. എല്ലാ ഭൂഖണ്ഡങ്ങളിലും വെച്ച് ഉത്തമമായിട്ടുള്ളത് ഏത് ഖണ്ഡമാണ് ?
16. പാന എന്ന സാഹിത്യപ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവ് ആര്?
17. പാനവൃത്തം എന്നറിയപ്പെടുന്ന വൃത്തം ഏത്?
18. സന്താനഗോപാലം പാനയുടെ മറ്റൊരു പേരെന്ത്?
19. കേരളത്തിൽ ഭക്തിപ്രസ്ഥാനത്തിന് നേതൃത്വം നല്കിയതാര്?
20. പാന എന്ന സാഹിത്യ പ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവ് ആര്?
21. ജ്ഞാനപ്പാനയിൽ എത്രവരികളാണുള്ളത്?
22. ജ്ഞാനപ്പാനയെ ഭക്തിപ്പാന എന്ന് വിശേഷിപ്പിച്ചതാര്?
23. പൂന്താനത്തിന്റെ കവിത്വത്തിലെ ആദിമസിദ്ധിയും അന്തിമസിദ്ധിയും ഭക്തിയാണെന്നും ജ്ഞാനപ്പാന ശുദ്ധമായ ഭക്തിഗീതമാണെന്നും അഭിപ്രായപ്പെട്ടതാര്?
24. മനുഷ്യജീവിതത്തിന്റെ ലക്ഷ്യം എന്ത്?
25. മനുഷ്യനെ ഭൗതിക ജീവിതത്തിൽ തളച്ചിടുന്നതെന്ത്?
26. മോക്ഷത്തിലേക്കുള്ള മാർഗം എന്താണ്?

SGOU

## Answers

1. മേല്പത്തൂരിന്റെ
2. ഭാഷാകർണ്ണാമൃതം, കീർത്തനങ്ങൾ

3. ജ്ഞാനപ്പാന
4. പാനകളി
5. സർപ്പിണി.
6. ഭാഗവതം ദശമസ്കന്ദത്തിലെ സന്താനഗോപാലം കഥ
7. ജ്ഞാനപ്പാന
8. അന്ധകാരം
9. നിരോധം / ഇല്ലാതാക്കൽ
10. കർമ്മം
11. ജംബുദ്വീപ്
12. കലിയുഗം
13. ഈശ്വരനാമസങ്കീർത്തനം
14. ജ്ഞാനപ്പാന
15. ഭാരതഖണ്ഡം
16. പൂന്താനം
17. സർപ്പിണി
18. കുമാരഹരണം പാന
19. എഴുത്തച്ഛൻ
20. പൂന്താനം
21. 362 വരികൾ
22. പ്രൊഫ.എസ്. ഗുപ്തൻ നായർ
23. പ്രൊഫ.എൻ. കൃഷ്ണപിള്ള
24. മോക്ഷം
25. കർമ്മബന്ധം
26. ജ്ഞാനം

## Assignments

1. ജ്ഞാനപ്പാനയിലെ ദാർശനികതലം വിശകലനം ചെയ്യുക.
2. ഭക്തിപ്രസ്ഥാനത്തിന്റെ സ്വഭാവങ്ങൾ വിശദീകരിച്ച് എഴുത്തച്ഛൻ, പൂന്താനം എന്നിവരുടെ കൃതികളിലെ ഭക്തി എപ്രകാരമുള്ളതാണ് എന്ന് വിലയിരുത്തുക.
3. പൂന്താനത്തിന്റെ കാവ്യജീവതത്തെക്കുറിച്ച് ഉപന്യസിക്കുക.

4. ജ്ഞാനപ്പാനയിൽ അവതരിപ്പിച്ചിരിക്കുന്ന ജീവിതദർശനത്തെ വിലയിരുത്തുക
5. ജ്ഞാനപ്പാനയിലെ ഭാഷാപരമായ പ്രത്യേകതകളെക്കുറിച്ച് വിശദീകരിക്കുക.
6. ജീവിതത്തിന്റെ നശ്വരതയും ജ്ഞാനപ്പാനയും ഉപന്യാസം തയ്യാറാക്കുക.

## Reference


1. എൻ. കൃഷ്ണപിള്ള, കൈരളിയുടെ കഥ, ഡി.സി ബുക്സ്, കോട്ടയം.
2. ചെറുക്കുന്നം പുരുഷോത്തമൻ, പൂന്താനവും ഭക്തിപ്രസ്ഥാനവും, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
3. പ്രൊഫ.ഗോപിക്കുട്ടൻ, പൂന്താനം : ജ്ഞാനപ്പാന പഠനവും വ്യാഖ്യാനവും, ഡി.സി. ബുക്സ്, കോട്ടയം
4. സി. കൃഷ്ണൻ നായർ, പാട്ടുകവിതകളുടെ സാമൂഹികപ്രസക്തി, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
5. ജ്ഞാനപ്പാന, പൂന്താനം, പ്രൊഫ.ജി.ബാലകൃഷ്ണൻ നായർ (വ്യാഖ്യാനം) പ്രൊഫ. എസ്. ഗുപ്തൻ നായർ (പഠനം), നാഷണൽ ബുക്ക് സ്റ്റാൾ, കോട്ടയം.


## Suggested Reading


1. പൂന്താനം നമ്പൂതിരി, ജ്ഞാനപ്പാന, സമ്പൂർണ്ണ വ്യാഖ്യാനം, ഫേമസ് ബുക്ക്സ്, തിരുവനന്തപുരം
2. ഉള്ളൂർ എസ്. പരമേശ്വരയ്യർ, കേരള സാഹിത്യ ചരിത്രം, കേരള സർവകലാശാല പ്രസിദ്ധീകരണം, തിരുവനന്തപുരം.
3. ഡോ. എം. ലീലാവതി, കവിതാ സാഹിത്യം, കേരള സാഹിത്യ അക്കാദമി, തൃശൂർ
4. ഡോ. കെ. എം. ജോർജ്, സാഹിത്യ ചരിത്രം പ്രസ്ഥാനങ്ങളിലൂടെ, എസ്.പി. സി.എസ്. കോട്ടയം.


SGOU

# രംഗകല

# BLOCK - 05

SGOU

# യൂണിറ്റ് - 1

# സഭാപ്രവേശം തുള്ളൽ - കുഞ്ചൻനമ്പ്യാർ

## Learning Outcomes

- വൈവിധ്യമാർന്ന, പൂർവകാല കേരളീയരംഗകലകളെ പരിചയപ്പെടുന്നു
- രംഗകലകളും അവയുടെ സാഹിത്യവും തമ്മിലുള്ള ബന്ധത്തെ വിശകലനം ചെയ്യുന്നു
- കവി, കാലം, ദേശം, ഭാഷ എന്നിവയിൽ ധാരണയുണ്ടാകുന്നു
- തുള്ളൽകൃതികളുടെ സവിശേഷതകൾ തിരിച്ചറിയുന്നു
- സഭാപ്രവേശം തുള്ളൽ പരിചയപ്പെടുന്നു

## Prerequisite

കല എന്ന വാക്കിന് സൃഷ്ടി എന്നാണർഥം. വിശേഷബുദ്ധിയുള്ള മനുഷ്യർ സുഖങ്ങൾ വർധിപ്പിക്കുന്നതിനും ദുഃഖങ്ങൾ ഇല്ലാതാക്കുന്നതിനും വേണ്ടി എല്ലായ്പ്പോഴും ഓരോ പ്രവൃത്തികളിൽ ഏർപ്പെട്ടിരിക്കും. അവയിൽ ബുദ്ധിപൂർവം ചെയ്യുന്ന എല്ലാ പ്രവൃത്തികളും കലകളായി പരിണമിക്കുന്നു. ഒരു നാടിന്റെ പാരമ്പര്യത്തിനും സാംസ്കാരികാഭിവൃദ്ധിയ്ക്കും പരിഗണിക്കുന്ന പ്രധാന ഘടകങ്ങൾ ആ ദേശത്ത് രൂപംകൊണ്ടിട്ടുള്ള കലകളായിരിക്കും. പ്രകൃതിയുടെ പുനഃസൃഷ്ടി അഥവാ അനുകരണമാണ് എല്ലാ കലകളും. 'പ്രകർഷേണ കരോതി ഇതി പ്രകൃതി' അതായത് നല്ലതുപോലെ ദൃശ്യങ്ങളെ ഉണ്ടാക്കുന്നതാണ് പ്രകൃതി. ഈ പ്രകൃതിയെ അനുകരിക്കുകയോ പുനഃസൃഷ്ടിക്കുകയോ ആണ് മനുഷ്യൻ കലകളിലൂടെ ചെയ്യുന്നത്. ഭാരതീയർ പൊതുവെ അറുപത്തിനാല് കലകളെപ്പറ്റി പറയാറുണ്ട്. ഇവയുടെ നാഥനായി ചന്ദ്രനെയും സങ്കല്പിക്കുന്നു. ഭദ്രകാളിയിൽ അറുപത്തിനാല് താന്ത്രികകലകളുണ്ട് എന്ന് പറയുന്നു. 'കലനം ചെയ്യുന്നത്' അതായത് സന്തോഷിപ്പിക്കുന്നത് കല.

പ്രയോഗക്ഷമമായ പരിസരങ്ങളിൽ മാത്രമാണ് കലയ്ക്ക് പ്രസക്തിയുള്ളത്. ഭാരതീയചിന്തകളിൽ യഥാർഥമായ ആനന്ദം സാക്ഷാത്കരിക്കുന്നതിനുള്ള ഒരു മാധ്യമമായിരുന്നു കല. അതിനാൽ ദൈവികഭാവവുമായി ബന്ധിപ്പിച്ചാണ് കലകളെ കണ്ടിരുന്നത്. ഭാരതത്തിലും കേരളത്തിലും കലകൾ ഒരു സാധനയായി പരിഗണിക്കപ്പെട്ടത് ഈ സാഹചര്യത്തിലാണ്. നൃത്തം, സംഗീതം, സാഹിത്യം എന്നിവയെല്ലാം മഹത്തായ ഒരു പദവിയിലേക്കുള്ള ചവിട്ടുപടികളായി മാറി. ഈ പശ്ചാത്തലത്തിലാണ് കലകളുടെയെല്ലാം പ്രഭവസ്ഥാനം ക്ഷേത്രങ്ങളായി മാറിയത്. ദേവതാസങ്കല്പങ്ങൾ ചേർന്ന പ്രതിമകളും ചിത്രങ്ങളും നമ്മുടെ പ്രാചീനദൃശ്യകലകളിലെ വേഷരൂപീകരണത്തിൽ സ്വാധീനം ചെലുത്തിയിട്ടുണ്ട്. ക്ഷേത്രങ്ങളിലെ ഏറ്റവും പഴക്കമുള്ള കൊത്തുപണികളിൽ നൃത്തരംഗങ്ങളുടെ ചിത്രങ്ങൾ ധാരാളം കാണാം. രാമായണം, മഹാഭാരതം മുതലായ പുരാണകാവ്യങ്ങളിലെ രംഗങ്ങൾ പല ക്ഷേത്രങ്ങളിലും കൊട്ടാരങ്ങളിലും ചുമർചിത്രങ്ങളായി ആലേഖനം ചെയ്തിട്ടുണ്ട്. ഭാരതത്തിൽ സാഹിത്യവും കലകളും കൈകോർത്തുപിടിച്ചുകൊണ്ടാണ് പുരോഗതിപ്രാപിച്ചത്. മട്ടാഞ്ചേരി കൊട്ടാരം, കൃഷ്ണപുരം കൊട്ടാരം, പനയന്നാർകാവ്, പുണ്ഡരീകക്ഷേത്രം എന്നിവിടങ്ങളിലെ ചുമർചിത്രങ്ങൾ ഉദാഹരണങ്ങളാണ്.

SGOU

കലകൾ സാമാന്യകലകളെന്നും വിശേഷകലകളെന്നും രണ്ടുവിധത്തിലുണ്ട്. സാമാന്യകലകൾ ബാഹ്യങ്ങളും വിശേഷകലകൾ ആഭ്യന്തരങ്ങളുമാണ്. ആദ്യത്തേത് ശരീരത്തിന്റെ രക്ഷയ്ക്കും നിലനിൽപ്പിനും ഉപയോഗപ്പെടുന്നു. രണ്ടാമത്തേത് ഹൃദയത്തിന് ആഹ്ലാദം ഉണ്ടാക്കുന്നു. ഭക്ഷണം, വസ്ത്രം, വീട് തുടങ്ങി നിത്യജീവിതത്തിന് അത്യാവശ്യമായ വസ്തുക്കളുടെ നിർമ്മാണകല സാമാന്യകലകളാണ്. ഇവയെ സോപയോഗകലകൾ എന്നും പറയുന്നു. ഹൃദയാഹ്ലാദപ്രദങ്ങളായ സംഗീതവും സാഹിത്യവും നാട്യവും ഒത്തുചേർന്നുവരുന്ന സൃഷ്ടികളെ മാത്രമാണ് ഇപ്പോൾ കലകളായി അംഗീകരിക്കുന്നത്. ഇവയാണ് വിശേഷകലകൾ എന്നറിയപ്പെടുന്നത്. ലളിതകലകൾ, കോമളകലകൾ, സുകുമാരകലകൾ, സുന്ദരകലകൾ, ഭദ്രകലകൾ എന്നിങ്ങനെയും വിശേഷകലകളെ വിളിച്ചുവരുന്നു.

ആസ്വാദനവേളയിൽ അനുഭവപ്പെടുന്ന രസത്തിന്റെ വ്യത്യാസമനുസരിച്ച് വിശേഷകലകളെ നാലായി തിരിയ്ക്കാം. ഭക്തികലകൾ, അത്ഭുതകലകൾ, പൂർണകലകൾ, ശില്പകലകൾ എന്നിങ്ങനെ. സാധാരണജനങ്ങളിൽ ഭക്തി വർധിപ്പിക്കുന്നതിനുവേണ്ടി ദേവാലയങ്ങളിലും മറ്റും നടത്തിവരുന്ന കലകളെ ഭക്തികലകൾ എന്നു പറയുന്നു. സർക്കസ്സുകളിലും മറ്റും കാണുന്ന അഭ്യാസങ്ങൾ പലതും അത്ഭുതം ഉണ്ടാക്കുന്നവയാണ്. അമ്മാനാട്ടം, ഞാണിൻമേൽകളി തുടങ്ങിയ കലകളെല്ലാം അത്ഭുതകലകളിൽപെടുന്നു. ശൃംഗാരം, ഹാസ്യം, കരുണം തുടങ്ങിയ എല്ലാ രസങ്ങളെയും അവയോടു ചേർന്നു വരുന്ന എല്ലാ ഭാവങ്ങളെയും പ്രകാശിപ്പിക്കുവാൻ സാധിക്കുന്ന സാഹിത്യം, നാട്യം, ചിത്രങ്ങൾ തുടങ്ങിയവയാണ് പൂർണകലകൾ. ജീവിതത്തിലെ വൈചിത്ര്യങ്ങളെ സമഗ്രമായും സുന്ദരമായും ആവിഷ്കരിക്കുവാൻ പൂർണകലകൾക്ക് കഴിവുണ്ട്. രൂപസൗന്ദര്യംകൊണ്ട് കാണികളിൽ സന്തോഷമുളവാക്കുന്നവയാണ് ശില്പകലകൾ.

ദൃശ്യങ്ങളെന്നും ശ്രവ്യങ്ങളെന്നും സുന്ദരകലകൾ രണ്ടുവിധമുണ്ട്. കണ്ടും കേട്ടും ചിന്തിച്ചും ആനന്ദത്തിന് വകയുണ്ടാക്കുക എന്നതാണ് സുന്ദരകലകളുടെ സാമാന്യധർമം. നൃത്തം, അഭിനയം, ചിത്രം, ശില്പം എന്നിവ ദൃശ്യകലകളും വാദ്യം, സംഗീതം, സാഹിത്യം എന്നിവ ശ്രവ്യകലകളുമാണ്. സംഗീതം ചേരുമ്പോൾ സാഹിത്യത്തിന് രസാനുഭൂതി വർധിക്കുന്നു. വാദ്യമാണ് സംഗീതത്തിന് കൊഴുപ്പേകുന്നത്. നൃത്തത്തിന് വാദ്യവും ഗീതവും സൗന്ദര്യം നൽകുന്നു. അഭിനയത്തിന് സാഹിത്യവും സാഹിത്യത്തിന് അഭിനയവും പരസ്പരപോഷകങ്ങളാണ്.

സുന്ദരകലകളുടെ രംഗഭൂമിയാണ് കേരളം. കേരളീയകലകളെ പ്രധാനമായും നിയന്ത്രിക്കുന്നത് താളമാണ് എന്ന് പറയാം. പരമശിവന്റെ താണ്ഡവത്തിൽനിന്ന് 'ത' എന്ന അക്ഷരവും പാർവ്വതിയുടെ ലാസ്യത്തിൽ നിന്ന് 'ല' എന്ന അക്ഷരവും സ്വീകരിച്ചാണ് താളം എന്ന വാക്ക് സൃഷ്ടിച്ചതെന്ന് പൂർവികന്മാർ അഭിപ്രായപ്പെടുന്നു. നൂറ്റാണ്ടുകൾക്കുമുമ്പുതന്നെ തനികേരളീയമെന്ന് പറയാവുന്ന എല്ലാ കലാരൂപങ്ങൾക്കും അടിസ്ഥാനം നാടോടിവഴക്കങ്ങളിൽ കണ്ടെത്തിയിട്ടുണ്ട്. ഭരതമുനിയുടെ നാട്യവിധികളിൽ പലതിനെയും നാടോടിവഴക്കങ്ങളുമായി സമന്വയിപ്പിച്ച് കേരളത്തിൽ രൂപപ്പെടുത്തിയ പല രംഗാവതരണകലകളുടെയും നാട്യവേദി ക്ഷേത്രങ്ങളായിരുന്നു.

സുന്ദരകലകളിൽവെച്ച് ഏറ്റവും ആകർഷകമായിട്ടുള്ളത് നാട്യകലയാണ്. നാട്യകലയിൽ നൃത്തമെന്നും അഭിനയമെന്നും പ്രധാനമായി രണ്ടുവിഭാഗമുണ്ട്. കയ്യും കലാശവും കാണിച്ച് പല മട്ടിലും ചുവടുകൾവെച്ച് കളിക്കുന്നതിനെ നൃത്തമെന്ന് പറയുന്നു. ഏതെങ്കിലും കഥാപാത്രങ്ങളെ അവലംബിച്ചുകൊണ്ടുള്ള രസഭാവപ്രകാശനമാണ് അഭിനയം. അഭിനയത്തിന് പ്രധാനമായി നാലു വിഭാഗമുണ്ട്. വേഷഭൂഷാദികൾക്ക് ആഹാര്യമെന്നും കൈമുദ്രകൾക്ക് ആംഗികമെന്നും ഭാവപ്രകാശനത്തിന് സാത്വികമെന്നും വാക്കുകൾക്ക് വാചികമെന്നും പറയുന്നു. നൃത്തത്തിന്റെയും നാട്യത്തിന്റെയും ഏതാനും അംശങ്ങൾ കൂടിച്ചേർന്നാൽ അത് നൃത്യമായി.

SGOU

കേരളീയരുടെ ഉത്കൃഷ്ടങ്ങളായ നൃത്തനൃത്യനാട്യങ്ങൾക്ക് കൂടിയാട്ടം, കഥകളി, കൃഷ്ണനാട്ടം, ഓട്ടൻതുള്ളൽ എന്നിവയാണ് പ്രധാന ഉദാഹരണങ്ങൾ.

# സഭാപ്രവേശം തുള്ളൽ

## കുഞ്ചൻനമ്പ്യാർ

മലയാളികൾക്ക് ചിരപരിചിതനായ കവിയാണ് കുഞ്ചൻനമ്പ്യാർ. പതിനെട്ടാം നൂറ്റാണ്ടിലാണ് നമ്പ്യാരുടെ ജനനം. പ്രതിഭാസമ്പന്നനായ കവി എന്നതിനു പുറമെ തുള്ളൽ എന്ന കലാരൂപത്തിന്റെ ഉപജ്ഞാതാവും കൂടിയാണ് കുഞ്ചൻനമ്പ്യാർ. നമ്പ്യാരുടെ കൃതികൾ മിക്കവയും തുള്ളൽ എന്ന കലാരൂപം അവതരിപ്പിക്കുന്നതിനുവേണ്ടി രചിക്കപ്പെട്ടവയാണ്. സാമൂഹികവിമർശനമാണ് അദ്ദേഹത്തിന്റെ കൃതികളുടെ ലക്ഷ്യം. നമ്പ്യാരുടെ ജീവിതത്തെക്കുറിച്ച് കൃത്യമായ വിവരങ്ങൾ നൽകുന്ന രേഖകൾ ഇന്നും ലഭ്യമായിട്ടില്ല. പാലക്കാട് ജില്ലയിലെ ലക്കിടിക്കടുത്തുള്ള കിള്ളിക്കുറിശ്ശിമംഗലത്ത് കലക്കത്ത് ഭവനത്തിലായിരുന്നു അദ്ദേഹത്തിന്റെ ജനനം എന്ന് കരുതപ്പെടുന്നു. ബാല്യകാലത്തെ വിദ്യാഭ്യാസത്തിനുശേഷം അദ്ദേഹം അമ്പലപ്പുഴയിൽ ചെമ്പകശ്ശേരി രാജാവിന്റെ ആശ്രിതനായി കഴിഞ്ഞു. 1746-ൽ മാർത്താണ്ഡവർമ്മ ചെമ്പകശ്ശേരി രാജ്യം കീഴടക്കി വേണാടിനോട് ചേർത്തതിനെത്തുടർന്ന് നമ്പ്യാർ തിരുവനന്തപുരത്തേക്ക് താമസം മാറ്റി. മാർത്താണ്ഡവർമ്മയുടെയും അദ്ദേഹത്തെ തുടർന്ന് ഭരണമേറ്റ കാർത്തിക തിരുനാളിന്റെയും ആശ്രിതനായി ജീവിച്ചു. വാർധക്യത്തിൽ അമ്പലപ്പുഴയിലേയ്ക്ക് മടങ്ങി. 1770-ലായിരുന്നു മരണം എന്ന് കരുതപ്പെടുന്നു.

ചന്ദ്രികാവീഥി, ലീലാവതീവീഥി തുടങ്ങിയ രൂപകങ്ങളും വിഷ്ണുവിലാസം, രാഘവീയം എന്നീ മഹാകാവ്യങ്ങളും ശിവശതകം എന്ന ഖണ്ഡകാവ്യവും ചില ഛന്ദ:ശാസ്ത്രഗ്രന്ഥങ്ങളും മറ്റും സംസ്കൃതത്തിൽ എഴുതിയ രാമപാണിവാദനും കുഞ്ചൻനമ്പ്യാരും ഒരാൾ തന്നെയാണെന്ന ഒരു വാദം ഉള്ളൂർ കേരള സാഹിത്യചരിത്രത്തിൽ അവതരിപ്പിച്ചിട്ടുണ്ട്. എന്നാൽ ആ വാദം ഇന്നും സ്ഥിരീകരിക്കപ്പെട്ടിട്ടില്ല. ഒരു കാലഘട്ടത്തിൽ കേരളത്തിന്റെ രാഷ്ട്രീയ, സാമൂഹിക സ്ഥതിഗതികളെ പ്രതിഫലിപ്പിച്ച കണ്ണാടിയായിരുന്നു നമ്പ്യാർകൃതികൾ. പുരാണകൃതികളിൽ പ്രതിപാദിക്കപ്പെട്ട കഥകളെ കേരളീയപശ്ചാത്തലത്തിലേക്ക് പറിച്ചുനട്ടാണ് നമ്പ്യാർ കൃതികൾ രചിച്ചത്. കഥാപാത്രങ്ങളും കേരളീയരാണ്. സഭാപ്രവേശം എന്ന തുള്ളലാണ് ഇവിടെ പാഠ്യവിഷയം. സഭയിലേക്കുള്ള പ്രവേശം എന്നാണ് സഭാപ്രവേശം എന്നതുകൊണ്ട് അർഥമാക്കുന്നത്. പാണ്ഡവർക്കുവേണ്ടി മയൻ നിർമ്മിച്ച ഇന്ദ്രപ്രസ്ഥമെന്ന സഭ കാണുവാൻ വരുന്ന ദുര്യോധനാദികൾക്ക് പറ്റുന്ന അമളിയാണ് ഇതിലെ പ്രതിപാദ്യം. ഇതൊരു പറയൻതുള്ളലാണ്. ഈശ്വരസ്തുതിയോടെയാണ് കാവ്യം തുടങ്ങുന്നത്. തുടർന്ന് ഗുരുവന്ദനവും. കുലദേവതയായ കിള്ളിക്കുറിശ്ശി മഹാദേവനെയും മാത്തൂരംബികയെയും സ്തുതിച്ച് മാർത്താണ്ഡവർമ്മയെ പ്രകീർത്തിച്ചുകൊണ്ട് കഥ പറയാൻ തുടങ്ങുന്നു.

**Keywords**

കലകൾ - കഥകളി - ആട്ടക്കഥ - തുള്ളൽ - വഞ്ചിപ്പാട്ട് - സഭാപ്രവേശം തുള്ളൽ

SGOU

## Discussion

### 5.1.1 കഥകളി

കേരളത്തിന്റെ തനതു കലാരൂപമാണ് കഥകളി. കേരളത്തിൽ അക്കാലത്ത് നിലനിന്ന പല കലാരൂപങ്ങളുടെയും സ്വാധീനം കഥകളിയിൽ കാണാനാകും. നാട്യകലയെക്കുറിച്ചുള്ള വിവരങ്ങൾ വിശദമായി അവതരിപ്പിക്കുന്നത് ഭരതമുനിയാണ്. അദ്ദേഹത്തിന്റെ നാട്യശാസ്ത്രം എന്ന ബൃഹത്തായ കൃതിയിലാണ് അഭിനയത്തെക്കുറിച്ചുള്ള സമഗ്രമായ കാര്യങ്ങൾ എഴുതിയിട്ടുള്ളത്. വേഷഭൂഷകൾ, കഥാപാത്രങ്ങൾ, രസഭാവങ്ങൾ എന്നിങ്ങനെ ഓരോ നാട്യത്തിനും വേണ്ടതായ എല്ലാ വസ്തുതകളും നാട്യശാസ്ത്രത്തിൽ അടങ്ങിയിരിക്കുന്നു. സംസ്കൃത നാടകാഭിനയരീതിയിലുള്ള കൂടിയാട്ടവും കേരളീയ കലാരൂപമായ കഥകളിയും നാട്യശാസ്ത്രത്തിന്റെ പ്രത്യേകതകളോടുകൂടിയ കലകളാണ്. എന്നാൽ നാട്യശാസ്ത്രത്തിൽ വിവരിക്കുന്ന അഭിനയരീതികളിൽനിന്നും വിഭിന്നമാണ് കഥകളിയിലെ അഭിനയരീതി. കേരളത്തിലെ നാടോടിവഴക്കങ്ങളിൽ നിന്നും ഊർജം ഉൾക്കൊണ്ടാണ് ആചാര്യന്മാർ കഥകളിക്ക് രൂപംനൽകിയത്. ശാസ്ത്രീയരീതികളുടെയും നാടൻകലകളുടെയും സമന്വയം കഥകളിയിൽ കാണാം. നമ്മുടെ പ്രാചീന നാടൻകലകളായ തെയ്യം, തിറ, മുടിയേറ്റ്, പടയണി മുതലായവയിൽനിന്നും ക്ലാസിക്കൽ കലകളായ കൂടിയാട്ടം, കൃഷ്ണനാട്ടം എന്നിവയിൽനിന്നും സ്വീകരിക്കപ്പെട്ട അംശങ്ങൾ കൂടിച്ചേർന്ന് ഓരോ കാലത്തും പുതിയ കലാരൂപങ്ങൾ ഉണ്ടായിട്ടുണ്ട്. അവയിൽ പ്രധാനപ്പെട്ട ഒന്നാണ് കഥകളി.

എല്ലാ രാജ്യക്കാരെയും ഒരുപോലെ ആകർഷിച്ചിട്ടുള്ള ഒരു ദൃശ്യകലയാണ് കഥകളി. ചതുർവിധാഭിനയ പ്രധാനമാണ് ഈ കല. ഒപ്പം രസാവതരണ പ്രധാനവുമാണത്. മേളവും ഗാനവും കഥകളിയിൽ ഒത്തിണങ്ങുന്നു. കേരളത്തിലെ എല്ലാ പ്രധാനക്ഷേത്രങ്ങളിലും ആദ്യകാലങ്ങളിൽ കൂടിയാട്ടം നടന്നിരുന്നു. പിന്നീട് കൂടിയാട്ടത്തിലെ സങ്കീർണങ്ങളായ ചടങ്ങുകളെ സംക്ഷേപിച്ചും സാരങ്ങളും സരസങ്ങളുമായ അംശങ്ങളെ യോജിപ്പിച്ചും സൃഷ്ടിച്ചെടുത്തതാണ് കഥകളി.

നാട്യവിദ്യയെ സംബന്ധിച്ച് ഭാരതീയർക്ക് ലഭിച്ച മഹത്തായ ഒരു ശാസ്ത്രഗ്രന്ഥമാണ് നാട്യശാസ്ത്രം. നാട്യശാസ്ത്രത്തിന് ഷട്സഹസ്രി എന്നും പേരുണ്ട്. 36 അധ്യായത്തില കൂടി ആറായിരം ശ്ലോകങ്ങൾ ഉണ്ട്. ഒരു ശ്ലോകത്തിൽ മുപ്പത്തിരണ്ട് അക്ഷരം എന്നാണ് കണക്ക്. നാട്യകലയോട് ബന്ധപ്പെട്ട സകലവിഷയങ്ങളും ഇതിൽ ലളിതവും വിശദവുമായി പ്രതിപാദിച്ചിരിക്കുന്നു. കെ.പി. നാരായണപിഷാരടിയുടെ മലയാള വിവർത്തനം പ്രശസ്തമാണ്.

### 5.1.2 കഥകളി-ഉല്പത്തി

ഒരിക്കൽ ഗുരുവായൂർക്ഷേത്രത്തിൽ ദർശനത്തിനെത്തിയ കൊട്ടാരക്കരത്തമ്പുരാൻ കൃഷ്ണനാട്ടം കാണാനിടയായി. അതിൽ കൗതുകം തോന്നിയ തമ്പുരാൻ കൃഷ്ണനാട്ടസംഘത്തെ തന്റെ നാട്ടിലേയ്ക്ക് അയയ്ക്കണമെന്ന് മാനവേദൻ സാമൂതിരിയോട് അഭ്യർഥിച്ചു. തെക്കുള്ളവർക്ക് കൃഷ്ണനാട്ടം മനസിലാകില്ലെന്ന് പറഞ്ഞ് സാമൂതിരി ആ അഭ്യർഥന നിരസിച്ചു. ഇതിൽ പ്രതിഷേധിച്ച് കൊട്ടാരക്കരത്തമ്പുരാൻ രാമായണത്തെ അടിസ്ഥാനമാക്കി രാമനാട്ടം എന്ന കലയ്ക്ക് രൂപംനൽകി. കൃഷ്ണനാട്ടംപോലെ എട്ടു ഭാഗങ്ങളിലായാണ് രാമനാട്ടവും ചിട്ടപ്പെടുത്തിയിട്ടുള്ളത്. രാമനാട്ടത്തിലുണ്ടായ പലതരത്തിലുള്ള പരിഷ്കാരങ്ങളാൽ പരിണാമം സംഭവിച്ച കലാരൂപമാണ് കഥകളി.

കഥകളിയെ ചിട്ടപ്പെടുത്തുന്നതിലും ആട്ടക്കഥകൾക്ക് വ്യക്തമായ രൂപഘടന നൽകുന്നതിലും കോട്ടയത്തുതമ്പുരാൻ നിർണായക പങ്കുവഹിച്ചു. മഹാഭാരതത്തിൽ നിന്ന് സ്വീകരിച്ച നാലു കഥകളാണ് പ്രസിദ്ധമായ നാല് ആട്ടക്കഥകൾക്ക് പ്രമേയമായിട്ടുള്ളത്. കാവ്യഗുണം തികഞ്ഞതും ഗഹനഭാവമാർന്നതുമായ രചനകളാണ് കോട്ടയം തമ്പുരാന്റെ ആട്ടക്കഥകൾ. ബകവധം, കല്യാണസൗഗന്ധികം, നിവാതകവചകാലകേയവധം, കിർമ്മീരവധം എന്നിവയാണ് അദ്ദേഹത്തിന്റെ പ്രശസ്തമായ നാല് ആട്ടക്കഥകൾ.

SGOU

കഥകളിക്ക് കാലോചിതമായ പരിഷ്കാരങ്ങൾ ഉണ്ടായിട്ടുണ്ട്. വെട്ടത്തുസമ്പ്രദായം, കല്ലടിക്കോടൻ സമ്പ്രദായം, കപ്ലിങ്ങാടൻ സമ്പ്രദായം, കല്ലുവഴിച്ചിട്ട എന്നിങ്ങനെ നിരവധി രീതിഭേദങ്ങൾക്കു പുറമെ കുറിച്ചിക്കളരി, കിടങ്ങൂർ വഴി, തകഴിവഴി, ചമ്പക്കുളംശൈലി എന്നിങ്ങനെയും വ്യത്യാസങ്ങളുണ്ട്. വെട്ടത്തുനാട്ടു രാജാവ് സ്വന്തം കളിയോഗത്തിന്റെ ആഭിമുഖ്യത്തിലുള്ള രാമനാട്ടം തിരുവനന്തപുരം പദ്മനാഭസ്വാമിക്ഷേത്രത്തിൽ ധാരാളം പ്രാവശ്യം നടത്തിയിട്ടുണ്ട്. ആ സമയത്ത് അദ്ദേഹം ഈ കലയിൽ പല പരിഷ്കാരങ്ങളും വരുത്തി.

വെട്ടത്തുനാട്ടുരാജാവ് മുഖത്തെഴുത്തിന് മനയോല ഉപയോഗിക്കുക, വാദ്യങ്ങളുടെ കൂട്ടത്തിൽ ചെണ്ട ഉൾപ്പെടുത്തുക, വാചികാംശം അവതരിപ്പിക്കാൻ, പിൻപാട്ടുകാരെ നിയോഗിക്കുക, ചുണ്ടപ്പൂവിട്ടു കണ്ണു ചുവപ്പിക്കുക, മുഖംമൂടികൾ വേണ്ടെന്നു വെയ്ക്കുക, മഹർഷി, ബ്രാഹ്മണർ എന്നീ വേഷങ്ങൾക്കൊഴികെ മറ്റു വേഷങ്ങളുടെ പൊലിപ്പം കൂട്ടുക എന്നിങ്ങനെ രാമനാട്ടത്തിൽ വെട്ടത്തുരാജാവ് വരുത്തിയ നിരവധി പരിഷ്കാരങ്ങൾ കാലക്രമത്തിൽ കഥകളി എന്ന പേരിന് കാരണമായി. എന്നാൽ, കോട്ടയത്തുതമ്പുരാനാണ് കലാശസമൃദ്ധവും നൃത്തപ്രധാനവുമായ കഥകളിയെ നാട്യവിധിയനുസരിച്ച് ചിട്ടപ്പെടുത്തുകയും പ്രചരിപ്പിക്കുകയും ചെയ്തത്.

കഥകളിവേഷങ്ങളായ മിനുക്കിൽ സ്ത്രീയും മുനിയും ഉൾപ്പെടും. സാത്വികഗുണമുള്ള കഥാപാത്രങ്ങളെ അവതരിപ്പിക്കുന്ന വേഷമാണ് പച്ച. അസുരാംശമായി ജനിച്ചവരെയും അസുരന്മാരെയും പോലുള്ള രജോഗുണപ്രധാനമായ കഥാപാത്രങ്ങൾക്കാണ് കത്തിവേഷം നിശ്ചയിച്ചിട്ടുള്ളത്. സാത്വികഗുണമുള്ളതും മനുഷ്യസ്വഭാവമുള്ളതുമായ കഥാപാത്രങ്ങൾക്കാണ് താടിവേഷം. തമോഗുണമുള്ളവർക്കാണ് കരിവേഷം നൽകിയിരിക്കുന്നത്. കഥകളിക്ക് വിപുലമായ ഒരു രംഗവേദി ആവശ്യമില്ല. എന്നാൽ പലവിധ ചടങ്ങുകളുമുണ്ട്. കഥകളിയുണ്ടെന്ന് ജനങ്ങളെ അറിയിക്കുന്നതിനായി വൈകുന്നേരം 'കേളികൊട്ട്' നടത്തും. ചെണ്ട, ചേങ്ങില, ഇലത്താളം, മദ്ദളം എന്നീ വാദ്യോപകരണങ്ങളാണ് കേളികൊട്ടിന് ഉപയോഗിക്കുക. അതിനുശേഷം കളി തുടങ്ങുന്നതിനുമുമ്പ് വലിയ നിലവിളക്ക് (ആട്ടവിളക്ക്) അരങ്ങത്തു കൊളുത്തിവയ്ക്കുന്നു. പിന്നീട് അരങ്ങുകേളി നടത്തും.

കളിക്കു തടസ്സങ്ങളൊന്നും വരാതിരിക്കാനുള്ള ഈശ്വരപ്രാർഥനയെ തോടയം എന്നുപറയുന്നു. കളിയുടെ പ്രാരംഭചടങ്ങാണ് തോടയം. കുട്ടിത്തരം വേഷങ്ങൾ ഞൊറിഞ്ഞുടുത്ത മുണ്ടും വാലിട്ട തലയിൽക്കെട്ടും നെറ്റിയിൽ ഗോപിക്കുറിയുമായി തിരശ്ശീലക്കുപിന്നിൽ ചെണ്ടയൊഴികെയുള്ള വാദ്യങ്ങളുടെ പ്രകടനത്തിനൊത്തു നടത്തുന്ന നൃത്തത്തെയാണ് തോടയം എന്നു പറയുന്നത്. തോടയത്തിനുശേഷം പുറപ്പാട് ആണ്. പുറപ്പാട് എന്ന ചടങ്ങിനൊപ്പം 'നിലപ്പദം' അഥവാ 'പുറപ്പാടുപദം' പാടും. പുറപ്പാട് കഴിഞ്ഞാൽ 'മേളപ്പദ'മാണ്. ഗീതഗോവിന്ദത്തിലെ 'മഞ്ജുതര കുഞ്ജതല കേളീസദനേ' എന്ന ഗാനം പാടുന്നതിനാൽ മേളപ്പദത്തെ മഞ്ജുതരയെന്നും പറയും. കഥകളി അവസാനിപ്പിക്കുന്നതു 'ധനാശി'യോടെയാണ്. കഥാവസാനത്തിൽ പച്ചവേഷങ്ങളിലേതെങ്കിലും സദസ്സിന് അഭിവാദ്യമർപ്പിച്ച് അരങ്ങിൽനിന്നും വിടവാങ്ങുന്ന ചടങ്ങാണ് ധനാശി.

## 5.1.3 ആട്ടക്കഥാസാഹിത്യം

കഥകളി എന്ന ദൃശ്യകലയുടെ രംഗാവതരണത്തിനുള്ള സാഹിത്യരൂപമാണ് ആട്ടക്കഥ. കൊട്ടാരക്കരത്തമ്പുരാന്റെ രാമനാട്ടത്തിലൂടെയാണ് ആട്ടക്കഥയെന്ന സാഹിത്യരൂപം ഉടലെടുത്തത്. രാമായണകഥയെ എട്ടുദിവസത്തെ അഭിനയത്തിനുള്ള പാകത്തിൽ എട്ട് ആട്ടക്കഥകളായി രചിച്ചു. നൃത്താഭിനയപരവും സംഗീതപ്രധാനവുമായ ഒരു ഗീതികാവ്യത്തിന്റെയും ദൃശ്യകാവ്യത്തിന്റെയും ലക്ഷണങ്ങൾ ഒത്തിണങ്ങിയതാണ് ആ കൃതി. എന്നാൽ ആട്ടക്കഥയെന്ന സാഹിത്യരൂപത്തിന് പ്രൗഢിയും പ്രശസ്തിയും നൽകിയത് കോട്ടയത്തുതമ്പുരാനാണ്. ആട്ടത്തിനിണങ്ങുംവിധം രചിച്ചിട്ടുള്ളവയാണ് കോട്ടയം കഥകൾ. രാമനാട്ടം ഭക്തിരസപ്രധാനമായിരുന്നു. എന്നാൽ കോട്ടയംകഥകളിലൂടെ വീരശൃംഗാരാദികളായ മറ്റു രസങ്ങൾക്കും കഥകളിയിൽ സ്ഥാനം ലഭിച്ചു. മഹാഭാരതകഥകളെയാണ് കോട്ടയ

SGOU

ത്തുതമ്പുരാൻ തന്റെ ആട്ടക്കഥകൾക്കുവേണ്ടി സ്വീകരിച്ചത്. മലയാളവും സംസ്കൃതവും സംയോജിപ്പിച്ചുകൊണ്ടാണ് തമ്പുരാൻ തന്റെ കൃതികൾ രചിച്ചിരിക്കുന്നത്. ഗാനങ്ങളുടെ രചനയിൽ ലളിതമായ മണിപ്രവാളശൈലിയാണ് അദ്ദേഹം സ്വീകരിച്ചിട്ടുള്ളത്.

കഥകളിയെ ലോകശ്രദ്ധയിലേയ്ക്കുയർത്താൻ നിർണായകപങ്കു വഹിച്ചത് വള്ളത്തോളാണ്. കേരളകലാമണ്ഡലം കഥകളിയുടെ പോറ്റമ്മയായി നിലക്കൊള്ളുന്നു. തൃശ്ശൂർ ജില്ലയിലെ ചെറുതുരുത്തിയിലാണ് കലാമണ്ഡലം സ്ഥാപിച്ചിരിക്കുന്നത്. വള്ളത്തോൾ നാരായണ മേനോന്റെയും മുകുന്ദ രാജയുടെയും ശ്രമഫലമാണ് 1930 – ൽ കേരളകലാമണ്ഡലം സ്ഥാപിതമായത്. കഥകളി, മോഹിനിയാട്ടം, കൂടിയാട്ടം, തുള്ളൽ, പഞ്ചവാദ്യം, ഭരതനാട്യം തുടങ്ങിയ കലകളിൽ ഇവിടെ പരിശീലനം കൊടുക്കുന്നു.

ആട്ടക്കഥാകൃതികളിൽ സാമാന്യമായി ശ്ലോകങ്ങളും പാട്ടുകളും അപൂർവമായി ദണ്ഡകങ്ങളും കാണാം. പാട്ടുകൾക്ക് പദങ്ങൾ എന്നാണ് പറയുക. സംഭാഷണരൂപത്തിലോ വിചാരരൂപത്തിലോ ആണ് പദങ്ങൾ രചിച്ചിരിക്കുന്നത്. ഇവയിലെ ഭാഷാശൈലി പലതരത്തിലുള്ള കലർപ്പുകളും വർണഭേദങ്ങളും അടങ്ങിയതാണ് പ്രൗഢസംസ്കൃതം, ഉത്തമമണിപ്രവാളം, ശുദ്ധമലയാളം എന്നീ മൂന്നിനത്തിൽപ്പെടുത്താവുന്നവയാണ് ആട്ടക്കഥയിലെ ഭാഷാരൂപങ്ങൾ. ശ്ലോകങ്ങൾ കൂടുതലും സംസ്കൃതഭാഷയിൽ രചിക്കപ്പെട്ടവയാണ്. ഇവ കഥാസന്ദർഭങ്ങളെയും കഥാപാത്രങ്ങളുടെ പ്രവേശത്തെയും സൂചിപ്പിക്കുന്ന കവിവചനങ്ങളായിരിക്കും. മറ്റു കാവ്യങ്ങളിലെപ്പോലെ നിയതമായ ഒരു കാവ്യശൈലി ആട്ടക്കഥകൾക്കുണ്ടായിരിക്കില്ല. പദംപ്രതി, രംഗംപ്രതി വ്യത്യസ്തഭാവങ്ങൾ പ്രത്യക്ഷപ്പെടുന്ന കാവ്യസന്ദർഭങ്ങളാണ് പ്രതിപാദനവിഷയമാകുന്നത്. ലളിതസുന്ദരമായ ഭാവങ്ങൾ പ്രകാശിപ്പിക്കേണ്ടി വരുമ്പോൾ ഭാഷാശൈലിയും ലളിതമായിരിക്കും. യുദ്ധരംഗങ്ങളും പോർവിളികളും വർണിക്കേണ്ടി വരുമ്പോൾ ഭാഷാരീതിയും പ്രൗഢമായിത്തീരും.

കോട്ടയത്തുത്തമ്പുരാനുശേഷം ആട്ടക്കഥാസാഹിത്യത്തിൽ ഒരു ഭാവുകത്വപരിണാമം സംഭവിച്ചത് ഉണ്ണായിവാര്യരുടെ നളചരിതം ആട്ടക്കഥയോടുകൂടിയാണ്. ആദിമധ്യാന്തങ്ങളോടുകൂടിയ ഇതിവൃത്തം, വൈവിധ്യമുള്ള കഥാപാത്രങ്ങൾ, സ്ഥായിയായ ഒരു രസം, ആ രസത്തെ യഥോചിതം പരിപോഷിപ്പിക്കുന്ന മറ്റു രസങ്ങൾ എന്നിവ ഉൾക്കൊള്ളുന്ന ഇതിവൃത്തമാണ് നളചരിതത്തിന്റേത്. ജീവിതരംഗങ്ങളുടെ സജീവചിത്രീകരണവും ജീവിതാനുഭവങ്ങളുടെ പ്രകാശനവുംകൊണ്ട് നളചരിതം ആസ്വാദകരെ അഭിരമിപ്പിക്കുന്ന ഒന്നായി മാറിയിരിക്കുന്നു. വാര്യർക്കുശേഷം പ്രസിദ്ധങ്ങളായ ആട്ടക്കഥകൾ രചിച്ചത് ഇരയിമ്മൻതമ്പിയാണ്. കാർത്തിക തിരുനാൾ, അശ്വതി തിരുനാൾ, കരീന്ദ്രൻത്തമ്പുരാൻ എന്നിവരും ആട്ടക്കഥാരംഗത്ത് ഏറെ പ്രശസ്തരായവരാണ്.

കേരളത്തിന്റെ തനതുകലാരൂപമാണ് കഥകളി. കഥകളിയുടെ നാടെന്ന് കേരളത്തെ വിശേഷിപ്പിക്കാറുണ്ട്. ആട്ടക്കഥകളിലെ കഥയും സംഭാഷണവും പദ്യരൂപത്തിലും ഗാനരൂപത്തിലുമാണ് രചിക്കപ്പെട്ടിട്ടുള്ളത്. കഥാസന്ദർഭങ്ങളുടെ വിശദീകരണം ശ്ലോകങ്ങളിലൂടെയും കഥാപാത്രങ്ങൾ സംസാരിക്കുന്നത് ഗാനങ്ങളിലൂടെയുമാണ്. ആ നിലയിൽ കഥകളിയെ നൃത്യസംഗീതനാടകം എന്ന് വിശേഷിപ്പിക്കാം. ലോകത്തിലുള്ളതിൽ ഏറ്റവും ശക്തമായ ദൃശ്യകലാപ്രസ്ഥാനമെന്ന നിലയിൽ ഇന്ന് കഥകളി ശ്രദ്ധേയമായിരിക്കുന്നു. ക്ഷേത്രമതിൽക്കകങ്ങളിലും കൊട്ടാരക്കെട്ടുകളിലും അവതരിപ്പിക്കപ്പെട്ടിരുന്ന ഈ കല ഇന്ന് ലോകശ്രദ്ധ പിടിച്ചുപറ്റുംവിധം വളർന്നുകഴിഞ്ഞു. ആധുനികകാലത്തിനനുസരിച്ച് സന്ദർഭോചിതമായ മാറ്റങ്ങളും കഥകളിയിൽ സംഭവിക്കുന്നുണ്ട്.

## 5.1.4 വഞ്ചിപ്പാട്ട്

കേരളത്തിന്റെ തനതുഗാനരൂപങ്ങളിൽ പ്രധാനപ്പെട്ട ഒന്നാണ് വഞ്ചിപ്പാട്ട്. നദികളാലും കായലുകളാലും സമൃദ്ധമായ കേരളത്തിൽ പുരാതനകാലം മുതലേ വഞ്ചിപ്പാട്ടുകൾ പാടിവരുന്നുണ്ട്. ഓളങ്ങളുടെ ഈണവും താളവും നൽകിയുണ്ടാക്കിയ ഗാനരൂപമാണിത്. ഓളപ്പുറത്തെന്ന വണ്ണം താണും പൊങ്ങിയും പോകുന്ന

SGOU

ആ ഗാനരീതി ജീവിതത്തിന്റെ ആഹ്ലാദമെന്നതു പോലെ ശോകവും ആവിഷ്കരിക്കുന്നു. കേരളീയരുടെ ജീവിതക്രമവുമായി നേരിട്ടു ഹൃദയബന്ധം പുലർത്തുന്ന ഈണമാണെന്നതിനാൽ കേരളീയരെ സംബന്ധിച്ചിടത്തോളം ഏറെ വികാരസംവേദനക്ഷമതയുള്ള ഗാനരൂപമാണ് വഞ്ചിപ്പാട്ട്. വഞ്ചിപ്പാട്ടുകളെ രണ്ടു പ്രധാന ശാഖകളായി വിഭജിക്കാം. തണ്ടുപിടിച്ചുപോകുന്ന വഞ്ചികളിൽ പാടുന്നതാണ് ഒന്ന്. തുഴകൊണ്ട് തുഴഞ്ഞുപോകുന്ന വള്ളങ്ങളിൽ പാടുന്നത് മറ്റേതും. തണ്ടുവെച്ച വഞ്ചികളിലെ പാട്ടുകൾ രചിച്ചവർ ആരാണെന്ന് അറിയില്ല. ഒരുദാഹരണം.

"കറുത്ത പെണ്ണേ, നിന്നെ
കാണാഞ്ഞതിനാലൊരുനാൾ
വറുക്കപ്പെട്ടേ. ഞാനൊരു
വണ്ടായ് ചമഞ്ഞേനെടീ"

(കടാക്ഷശരങ്ങളേൽപ്പിക്കാൻ അറിയാത്ത ഗ്രാമീണ തരുണിനിമിത്തം ഒരു യുവാവിനുണ്ടായ വിരഹവേദനയാണ് ഇതിലെ പ്രതിപാദ്യം)

തുഴക്കാരുടെ പാട്ടുകൾ രണ്ടുവിധമുണ്ട്.

"ആലുണ്ടിലയുണ്ടിലഞ്ഞിയുണ്ടേ നല്ലോ-
രാലുവാത്തേവരേ തമ്പുരാനെ തൊഴാം''

എന്ന രീതിയിലുള്ള പാട്ടുകളെ 'വച്ചുപാട്ടെ'ന്നു പറയുന്നു. "ശ്രീരാമ ഗോവിന്ദ നാരായണാനന്ദ, ശ്രീ വാസുദേവ മുകുന്ദഹരേ' എന്നു തുടങ്ങുന്ന ശീലാവതീചരിതം ഒരു വച്ചുപാട്ടാണ്. മറ്റൊന്ന് സാധാരണ വഞ്ചിപ്പാട്ടെന്ന് പറയുന്നവയാണ്.

കുചേലവൃത്തം, കിരാതം, ബാലിവധം, രാമായണം, ഉണ്ണിമാണിക്യത്തിന്റെ കഥ എന്നിങ്ങനെ ചില വഞ്ചിപ്പാട്ടുകൾ പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്. ഇവയിൽ കുചേലവൃത്തം, വഞ്ചിപ്പാട്ടുകളുടെ കൂട്ടത്തിൽ മാത്രമല്ല; മലയാളസാഹിത്യത്തിൽ ത്തന്നെ അഗ്രഗണ്യമായ ഒന്നാണ്. രാമപുരത്തു വാര്യരാണ് കുചേലവൃത്തം വഞ്ചിപ്പാട്ടിന്റെ രചയിതാവ്. ശങ്കരൻ എന്നാണ് യഥാർഥനാമം. രാമപുരത്തു വാര്യരുടെ പേരോ ജനനസ്ഥലമോ മറ്റു വിവരങ്ങളോ കൃതിയിൽ സൂചിതമാകുന്നില്ല. എന്നാൽ കൃതിയുടെ രചനയെയും അതിനു പ്രേരകമായ സാഹചര്യങ്ങളെയും സംബന്ധിക്കുന്ന ധാരാളം കാര്യങ്ങൾ കവി പ്രസ്താവിക്കുന്നുണ്ട്. വൈക്കത്ത് പെരുംതൃക്കോവിലപ്പനെയും മാർത്താണ്ഡവർമ്മ മഹാരാജാവിനെയും സ്തുതിച്ചുകൊണ്ടാണ് കാവ്യം ആരംഭിക്കുന്നത്. വഞ്ചിപ്പാട്ടുണ്ടാക്കണമെന്ന് രാജാവ് അരുളിച്ചെയ്തതിൻ പ്രകാരമാണ് താൻ കാവ്യം രചിച്ചതെന്ന് വാര്യർ പറയുന്നു. രാജ്യരക്ഷകനായ രാജാവ്, ലോകരക്ഷകനായ ഈശ്വരൻ എന്നിങ്ങനെ പ്രത്യക്ഷവും പരോക്ഷവുമായ രണ്ട് അധികാരസ്ഥാനങ്ങളെ തുലനം ചെയ്തുകൊണ്ടാണ് കുചേലവൃത്തത്തിന്റെ രചന.

ഭാഗവതം ദശമസ്കകന്ദത്തിലെ കുചേലന്റെ കഥയാണ് കുചേലവൃത്തത്തിന്റെ ഇതിവൃത്തം. 'സുദാമചരിതം' എന്ന പേരിലാണ് ഉത്തരേന്ത്യയിൽ ഈ കൃതി അറിയപ്പെടുന്നത്. എത്രമാത്രം ഭക്തി മനസിലുണ്ടെങ്കിലും പ്രാപഞ്ചികദുഃഖം എല്ലാവരെയും അലട്ടുമെന്നും ഈശ്വരകടാക്ഷമുണ്ടെങ്കിൽ ഏത് ക്ലേശത്തിൽനിന്നും നമുക്ക് മോചനം ലഭിക്കുമെന്നും കുചേലന്റെ കഥ നമ്മെ ഓർമ്മിപ്പിക്കുന്നു. ഈയൊരു ഇതിവൃത്തം ജന്മനാ ദരിദ്രനും ഭാവനാസമ്പന്നനുമായ രാമപുരത്തു വാര്യർ കൈകാര്യം ചെയ്തപ്പോൾ സ്വാനുഭവത്തിന്റെ ചൂടും മണവും അതിനെ ചൈതന്യമുള്ളതാക്കി മാറ്റി. കവി, രാജാവിന്റെ മുമ്പിൽ, കുചേലൻ കൃഷ്ണന്റെ മുന്നിലെന്നതു പോലെ നിൽക്കുകയാണ്. കൃഷ്ണനെ കാണുവാനുള്ള ആഗ്രഹം കുറേ നാളുകളായി അദ്ദേഹത്തിന്റെ മനസിലുണ്ട്.

"നാളെനാളെയെന്നായിട്ടുഭഗവാനെക്കാണ്മാനിതത്ര
നാളും പുറപ്പെടാത്ത ഞാനിന്നു ചെല്ലുമ്പോൾ,
നാളീകനയനനെന്തു തോന്നുന്നോ ഇന്നു
നമ്മോടു!
നാളീകം കരിമ്പനമേലെയ്തപോലെയോ?"

എന്നു തുടങ്ങി,

"എന്തായാലും ചെന്താമരക്കണ്ണനെന്നെ
കാണുന്നനേരം
സന്തോഷിക്കും സൽക്കരിച്ചയയ്ക്കയും ചെയ്യും'

എന്നവസാനിക്കുന്ന ചിന്തകൾ കവിയുടെ ത്തന്നെ മനസിനെയാണ് തുറന്നുകാട്ടുന്നത്.

"അന്തണനെക്കണ്ടിട്ടു സന്തോഷംകൊണ്ടോ
തസ്യദൈന്യം



SGOU

ചിന്തിച്ചിട്ടുള്ളിലുണ്ടായ സന്താപംകൊണ്ടോ
എന്തുകൊണ്ടോ ശൗരി കണ്ണുനീരണിഞ്ഞു,
ധീരനായ
ചെന്താമരക്കണ്ണനുണ്ടോ കരഞ്ഞിട്ടുള്ളൂ?''

ലാളിത്യവും ഔന്നിത്യവും ഒത്തിണങ്ങിയ വരികളാണിത്. ദരിദ്രനായ കുചേലൻ ഭാര്യയുടെ നിർദ്ദേശപ്രകാരം സഹപാഠിയായ കൃഷ്ണനെ കാണുവാൻ ദ്വാരകയിലേയ്ക്ക് പോകുന്നതും തുടർന്നുള്ള സംഭവങ്ങളുമാണ് കുചേലവൃത്തത്തിലുള്ളത്. കുചേലന് കൃഷ്ണനിൽനിന്ന് ഐശ്വര്യം ലഭിച്ചതുപോലെ വാര്യർക്ക് രാജാവിൽനിന്ന് സാമ്പത്തികനേട്ടം ഉണ്ടായതായി കാവ്യത്തിൽ സൂചനയുണ്ട്. 'അധീശശക്തിക്ക് സ്വയം കീഴ്പ്പെടുക എന്ന ഭക്തിപ്രസ്ഥാനത്തിന്റെ സവിശേഷത യത്രേ കുചേലവൃത്തത്തിന്റെ മൗലികസ്വഭാവം' എന്ന് എരുമേലി പരമേശ്വരൻപിള്ള നിരീക്ഷിക്കുന്നു. ദാരിദ്ര്യവും മറ്റു ദുരിതങ്ങളും വിധിഹിതമാണെന്നും അവ പരിഹരിക്കുവാൻ അധീശശക്തികൾക്കേ സാധിക്കുകയുള്ളൂവെന്നും ഉള്ള വിശ്വാസം നാടുവാഴിത്തസംസ്കാരത്തിന്റെ ഭാഗമായിരുന്നു.

അതീതഭൂതമായ ഒരു കാലഘട്ടത്തെ, പൗരാണികമായ ഒന്നിനെ, വർത്തമാനകാലവുമായി കോർത്തിണക്കി എന്നതാണ് കുചേലവൃത്തം വഞ്ചിപ്പാട്ടിന്റെ ഏറ്റവും വലിയ പ്രത്യേകത. ശ്രീകൃഷ്ണനെ മാർത്താണ്ഡവർമ്മയും ദ്വാരകയെ തിരുവനന്തപുരവും കുചേലനെ താൻതന്നെയുമാക്കി കാവ്യരചന നടത്തിയതിലൂടെ കുചേലന്റെ കഥ പറയുക എന്നത് തന്റെ തന്നെ ആത്മാവിഷ്കാരമാക്കി മാറ്റാൻ വാര്യർക്ക് സാധിച്ചു. കഥാകഥനത്തിലെന്നതുപോലെ വർണ്ണനയിലും റൊമാന്റിസിസത്തിന്റെയും റിയലിസത്തിന്റെയും ഒരു സമന്വയം കവി പ്രകടമാക്കി. 'ഇല്ല ദാരിദ്ര്യാർത്തിയോളം വലുതായിട്ടൊരാർത്തിയും' എന്ന ആത്മയാഥാർഥ്യത്തിന്റെയും തന്നിൽ നിറഞ്ഞുനിന്ന ഭക്തിയുടെയും വിപുലനമാണ് കുചേലവൃത്തം. അതിനാൽത്തന്നെ അത് കാലത്തിനും മുമ്പേ പിറവിയെടുത്ത മലയാളത്തിന്റെ കാല്പനികകാവ്യമായിത്തീരുകയും ചെയ്തു. പുതുശ്ശേരി രാമചന്ദ്രൻ മലയാളത്തിലെ ഒറ്റക്കൽ മണ്ഡപമാണ് കുചേലവൃത്തം വഞ്ചിപ്പാട്ടെന്ന് വിശേഷിപ്പിച്ചിട്ടുണ്ട്.

## 5.1.5 തുള്ളൽ

കേരളത്തിൽ അനുഷ്ഠാനസ്വഭാവമുള്ള നൃത്തരൂപത്തിന് പൊതുവെ പറയുന്ന പേരാണ് തുള്ളൽ എന്നത്. തുള്ളൽ വിഭാഗത്തിൽ സർപ്പംതുള്ളൽ, കോമരംതുള്ളൽ, ഓട്ടൻതുള്ളൽ എന്നീ മൂന്നും പ്രാധാന്യമർഹിക്കുന്നു. സർപ്പംതുള്ളൽ നാഗാരാധനാപരമായ ഒരു പ്രാചീനകലയാണ്. അനുഷ്ഠാനപരമാണ് ഇത്. നാഗങ്ങളെ പ്രീതിപ്പെടുത്തുവാനായി നടത്തുന്ന വഴിപാടാണ് സർപ്പംതുള്ളൽ. ഭദ്രകാളീക്ഷേത്രങ്ങളിൽ നടത്തിവരുന്ന ഒരു അനുഷ്ഠാനകലയാണ് കോമരംതുള്ളൽ. കോമരം കുളിച്ചുവന്ന് കെട്ടിച്ചുറ്റി ചിലമ്പും കൂറയുമണിഞ്ഞ് അരമണിയും കിങ്ങിണിയും കെട്ടി വാളും കൈയിൽ ധരിച്ച് മുടിയഴിച്ചിട്ട് കലികൊണ്ട് വിവിധ നൃത്തങ്ങൾ തുള്ളുന്നു. ദാരികസംഹാരത്തിനൊരുങ്ങിയ ഭദ്രകാളിയാണ് ഇതെന്ന് സങ്കല്പം. കലാപ്രാധാന്യം കുറഞ്ഞും ആവേശപ്രാധാന്യം കൂടിയുമുള്ള തുള്ളലാണ് കോമരംതുള്ളൽ. വലിയൊരു കലാപ്രസ്ഥാനമായിട്ടാണ് ഓട്ടൻതുള്ളൽ അറിയപ്പെടുന്നത്.

കേരളത്തിലെ ഹാസ്യരസപ്രധാനമായ ഒരു ദൃശ്യകലയാണ് തുള്ളൽ. ദൃശ്യകലാരൂപമെന്ന നിലയിൽ ചതുർവിധാഭിനയങ്ങളുടെ സംവിധാനത്തിൽ ക്ലാസിക് ശൈലിയും ഗ്രാമീണരീതിയും തുള്ളലിൽ സമന്വയിച്ചിരിക്കുന്നു. തുള്ളൽ പ്രസ്ഥാനത്തിന്റെ ഉല്പത്തിയെപ്പറ്റി ഒരു ഐതിഹ്യം നിലവിലുണ്ട്. അമ്പലപ്പുഴ ക്ഷേത്രത്തിൽ ചാക്യാർകൂത്ത് നടന്നുകൊണ്ടിരിക്കുമ്പോൾ മിഴാവു കൊട്ടിക്കൊണ്ടിരുന്ന കുഞ്ചൻനമ്പ്യാർക്ക് എന്തോ കൈയബദ്ധം പറ്റിയെന്നും അതിനെ ചാക്യാർ പരിഹസിച്ചുവെന്നും അതിനുപകരമായി കല്യാണസൗഗന്ധികം തുള്ളൽ രചിച്ച് അമ്പലപ്പുഴ ക്ഷേത്രത്തിൽ തന്നെയുള്ള കളിത്തട്ടിൽ വിചിത്രമായ വേഷവിധാനങ്ങളോടുകൂടി അവതരിപ്പിച്ചു എന്നതാണ് ആ ഐതിഹ്യം. തനിക്കു മുമ്പേ തുള്ളൽ നിലവിലിരുന്നതായി നമ്പ്യാർതന്നെ പറയുന്നുണ്ട്. അതിനാൽ തുള്ളലിനെ ചിട്ടപ്പെടുത്തിയ പരിഷ്കർത്താവായി കുഞ്ചൻനമ്പ്യാരെ കാണുന്നതാണ് ഉചിതം.

SGOU


SREENARAYANAGURU OPEN UNIVERSITY

കുഞ്ചൻനമ്പ്യാർക്കു മുമ്പേ രചിക്കപ്പെട്ട തുള്ളൽകൃതിയാണ് കൃഷ്ണാർജ്ജുനവിജയം തുള്ളൽ. 'ഈ നൃത്തം നാടോടിനൃത്തരൂപത്തിനും ക്ലാസ്സിക്നൃത്തരൂപത്തിനും മധ്യേയാണ്. കഥകളിക്കെന്നപോലെതന്നെയാണ് ഇതിന്റെയും വേരുകൾ, അതേസമയം ഇതിന് ബഹുജനങ്ങളോട് ഗാഢമായ ബന്ധമുണ്ട്' എന്ന് റിനാ സിൻഹമും, റെജി നാൾഡ് മേസ്സിയും അഭിപ്രായപ്പെടുന്നു.

ഗ്രാമീണകലാരൂപങ്ങളിൽനിന്ന് പല ഘടകങ്ങളും സ്വീകരിച്ചു കൊണ്ട് സാധാരണജനങ്ങൾക്കു വേണ്ടിയാണ് നമ്പ്യാർ തുള്ളൽ ചിട്ടപ്പെടുത്തിയത്. ഹാസ്യത്തിന് പ്രാധാന്യം നൽകി രൂപംകൊടുത്ത ഈ പ്രസ്ഥാനത്തിന്റെ പ്രധാന ലക്ഷ്യം സാമൂഹികവിമർശനമാണ്. ഓട്ടൻ, പറയൻ, ശീതങ്കൻ എന്നിങ്ങനെ തുള്ളൽ മൂന്നുവിധമുണ്ട്. വേഷഭേദവും വൃത്തഭേദവും നൃത്തഭേദവുമാണ് തുള്ളലിന്റെ വിഭാഗങ്ങൾക്ക് അടിസ്ഥാനം. ഓട്ടൻതുള്ളലിന് വിടർത്തിയ പാമ്പിൻപടത്തിന്റെ ആകൃതിയിലാണ് മുടി. മുഖത്ത് പച്ച മനയോല കൊണ്ടെഴുതി മഷികൊണ്ട് കണ്ണും പുരികവും വരയ്ക്കുന്നു. മാറും ഉദരവും മറയ്ക്കുന്നവിധം കുരലാരം, കഴുത്താരം, മാർമാല എന്നിവയും കൈയിൽ തോൾപ്പൂട്ട്, പരുത്തിക്കാമണി തുടങ്ങിയവയും കാലിൽ ചിലങ്കയും അണിയുന്നു. അരയിൽ കച്ച, ശരമുണ്ട്, കച്ചമണി, തുണിനാടകൾ കൊണ്ടുള്ള അമ്പലപ്പുഴ കോണകം എന്നീ ഉടുത്തുകെട്ടും ഓട്ടനിൽ വേഷമായി ധരിക്കുന്നു. കൂടാതെ കൊണ്ടകെട്ടും കിരീടവുമുണ്ട്. ഒരു നാഗത്താൻ നിന്നാടുന്നതായിട്ടാണ് ഓട്ടൻതുള്ളലിന്റെ സങ്കല്പം.

ശീതങ്കൻ തുള്ളലിന് അരയിലുള്ള ഉടുപ്പ് ഓട്ടന്റേതുപോലെതന്നെയാണ്. കൈപ്പാമ്പ്, മെയ്പാമ്പ് തുടങ്ങി കുരുത്തോല കൊണ്ടുള്ള ആഭരണങ്ങളും, തലയിൽ കിരീടത്തിനുപകരം കൊണ്ടകെട്ടി കുരുത്തോലകൊണ്ടുള്ള കൊണ്ടെത്താമരയും വെച്ചുകെട്ടുന്നു. മഞ്ഞപ്പൊടികൊണ്ടുള്ള മുഖം മിനുക്ക്, കണ്ണും പുരികവുമെഴുത്ത്, ചുണ്ടിൽ ചായം, കുരുത്തോല കൊണ്ടുള്ള ആഭരണങ്ങൾ, മെയ്യിൽ കളഭംപൂശൽ എന്നിവയാണ് ശീതങ്കന്റെ വേഷവിധാനങ്ങൾ. പറയൻ തുള്ളലിൽ മുഖത്തു പഴുക്കനിറത്തിൽ തേച്ച് കണ്ണും പുരികവുമെഴുതുന്നു. ശരമുണ്ടും കട്യാവും കൊണ്ടുള്ള ഉടുത്തുകെട്ടും നാഗഫണാകൃതിയിലുള്ള കിരീടവും ധരിക്കുന്നു. ശരീരം മുഴുവൻ ഭസ്മംകൊണ്ട് ലേപനം ചെയ്യുന്നു. ശിരസ്സിലെ കൊണ്ടകെട്ടിൽ രുദ്രാക്ഷമാല, പാവുമുണ്ടെടുത്ത് അതിനുമീതേ പട്ടുചുറ്റിയുള്ള ഉടുത്തുകെട്ട്, വലംകാലിൽ ചിലമ്പ് എന്നിങ്ങനെയും പറയനിൽ കാണുന്നുണ്ട്.

തുള്ളലുകളിൽ പത്തുപതിനഞ്ചു തരം വൃത്തങ്ങൾ ഉപയോഗിച്ചുകാണുന്നു. കഥകളിപ്പദങ്ങളുടെ രീതിയിലുള്ള പാട്ടുകളും ഇടയ്ക്കുണ്ട്. ദ്രുതഗതിയിൽ ചൊല്ലാവുന്ന വിധം തരംഗിണീവൃത്തത്തിൽ രചിക്കപ്പെട്ടിട്ടുള്ളവയാണ് ഓട്ടൻതുള്ളൽ. കാകളി, കളകാഞ്ചി, കൃശമദ്ധ്യ മുതലായ വൃത്തങ്ങളിൽ അല്പംകൂടി ഇഴഞ്ഞുപോകുന്നതാണ് ശീതങ്കൻ. അനുഷ്ടുപ്പ് വിഭാഗത്തിൽപ്പെട്ട കവിതാവിഭാഗത്തെ കേരളീയരീതിയിൽ താളപ്പെടുത്തി ചൊല്ലുന്നതാണ് പറയൻ. മല്ലികാവൃത്തം പറയനിൽ ഉപയോഗിക്കാറുണ്ട്. സ്വാഗത, സുമംഗല എന്നീ സംസ്കൃതവൃത്തങ്ങളും ശിതാഗ്ര, ഹംസപ്ലുതം, മദമന്ഥര എന്നീ ഭാഷാവൃത്തങ്ങളും മൂന്നുതരത്തിലുള്ള തുള്ളലുകളിലും കാണാം. വൃത്തവൈചിത്ര്യവും രാഗതാളമേളങ്ങളുടെ വൈചിത്ര്യവും തുള്ളൽപ്പാട്ടുകളുടെ സവിശേഷധർമ്മമാണ്.

'പറയൻ' എന്ന പദം പറയസമുദായത്തെ കുറിക്കുന്നു. ദ്രുതഗതിയിലുള്ളത് എന്നാണ് 'ഓട്ടൻ' എന്നതിനർഥം. 'ഐശ്വര്യം' എന്നർഥമുള്ള ശീതങ്കൻ എന്നതിൽ നിന്നുമാണ് ശീതങ്കന്റെ ഉത്ഭവം. പടയണിയിൽ പൂർവ്വാഹ്നത്തിൽ ശീതങ്കൻ, അപരാഹ്നത്തിൽ പറയൻ, സന്ധ്യക്ക് ശേഷം ഓട്ടൻ – ഇങ്ങനെയാണ് സമയക്രമം. നമ്പ്യാരുടെ തുള്ളലുകളും ഈ സമയക്രമം പാലിച്ചിരിക്കുന്നു.

ഒരാൾമാത്രം രംഗത്തുവന്ന് വിവിധ കഥാപാത്രങ്ങളെ പ്രതിനിധീകരിച്ച് നടത്തുന്ന അഭിനയമാണ് തുള്ളൽ. എന്നാൽ നർത്തകൻ, കൈമണിക്കാരൻ, മദ്ദളക്കാരൻ എന്നീ മൂന്നുപേർ തുള്ളലിൽ ആവശ്യമാണ്. തുള്ളൽക്കാരൻ നടത്തുന്ന കവി

SGOU

താലാപനം മറ്റു രണ്ടുപേർ ഏറ്റുപാടുന്നു. തുള്ളലിന് ചിട്ടകളും ക്രമങ്ങളുമുണ്ട്. മുമ്പിൽ നിലവിളക്ക് കൊളുത്തിവെച്ചു കൊണ്ടാണ് തുള്ളൽ ആരംഭിക്കുന്നത്. ഗണപതി, പടിവട്ടം, കലാശം, മുന്നരങ്ങ് എന്നിവയ്ക്കുശേഷം കഥപാടിക്കളിച്ചു മംഗളംചൊല്ലി അവസാനിപ്പിക്കുന്നു. തൊപ്പിമദ്ദളവും കൈമണിയുമാണ് വാദ്യങ്ങൾ. ചെമ്പടതാളത്തിലാണ് ചുവടുവെയ്പ്. പറയനു പതിഞ്ഞമട്ടും ശീതങ്കനു കുറച്ചുകൂടി ദ്രുതമട്ടും ഓട്ടനു അതിദ്രുതമട്ടുമാണ് പാട്ടിന്റെ രീതി.

തുള്ളൽസാഹിത്യത്തിന് മറ്റു സാഹിത്യപ്രസ്ഥാനങ്ങളെ അപേക്ഷിച്ച് ചില വ്യത്യാസങ്ങളുണ്ട്. ഭാഷയും വിഷയവും രസവും അവയിൽ പ്രാധാന്യമർഹിക്കുന്നു. സാധാരണജനങ്ങൾ സംസാരിക്കുന്ന വാമൊഴിയാണ് തുള്ളലിലെ ഭാഷ. അത് വ്യത്യസ്ത സമുദായക്കാരും സ്വഭാവമുള്ളവരും തമ്മിലാക്കുക, സംഭാഷണം വീട്ടുഭാഷയിലാക്കുക എന്നിവയാണ് ഭാഷയിലുള്ള പ്രത്യേകത. നായർ, നമ്പൂതിരി, ചെട്ടി, പട്ടർ, എമ്പ്രാൻ, അമ്പലവാസികൾ തുടങ്ങി നിരവധി വർഗക്കാർ തുള്ളൽക്കഥകളിലെ കഥാപാത്രങ്ങളാണ്. നാടൻപദങ്ങളും നാടൻശൈലികളും പഴഞ്ചൊല്ലുകളും തുള്ളൽകൃതികളിലെ മുഖ്യഘടകങ്ങളാണ്. പുരാണകഥകളാണ് തുള്ളലിന്റെ പ്രമേയം. ഹാസ്യമാണ് തുള്ളൽപ്രസ്ഥാനത്തിന്റെ സ്ഥായിയായ രസം. അതിനോടൊപ്പം ശൃംഗാരം, വീരം, രൗദ്രം മുതലായ മറ്റു രസങ്ങളും ഇടയ്ക്കിടെ ഉണ്ടാവുകയും ചെയ്യും.

മലയാളിയുടെ നാട്ടുവഴക്കങ്ങളെ വാക്കിലും അരങ്ങിലും സൂക്ഷിച്ച മഹത്തായ കലയാണ് തുള്ളൽ. പൊതുവെ സാമുദായിക വിഡംബനമായി അവതരിപ്പിച്ചിട്ടുള്ള തുള്ളൽക്കവിതകളിലെ പ്രധാനഭാവം പരിഹാസമാണ്. ഉത്തരകേരളത്തിൽ പണ്ട് പ്രേക്ഷകരെ രസിപ്പിക്കാനായി തുള്ളലിനിടയിൽ പൊയ്മുഖം വെച്ച് അരങ്ങത്തെത്തുന്ന 'മരമീടൻ' ഇന്ന് നഷ്ടപ്പെട്ടു കഴിഞ്ഞിരിക്കുന്നു. കേരളത്തിൽ ഇന്ന് അന്യംനിന്നു പോയിരിക്കുന്ന കലാരൂപങ്ങളിൽ ഒന്നാണ് തുള്ളൽ.

## 1. വിശദപഠനം

### സഭാപ്രവേശം - പറയൻതുള്ളൽ

ജനങ്ങളുടെ അഭിരുചിക്ക് പ്രാധാന്യം നൽകി നാടൻകലാരൂപങ്ങളുടെയും ക്ലാസിക് കഥകളുടെയും ചൈതന്യത്തെ ഒരുമിച്ച് ചേർത്ത് ഒരു കാവ്യ-കലാരൂപം കുഞ്ചൻനമ്പ്യാർ മലയാളികൾക്ക് നൽകി. ജനകീയകവി, ഫലിതസമ്രാട്ട്, കവിത ചാട്ടവാറാക്കിയ കവി എന്നീ വിശേഷണങ്ങളും അദ്ദേഹത്തിനുണ്ട്. ഓട്ടൻ, പറയൻ, ശീതങ്കൻ എന്നീ മൂന്നുതരം തുള്ളലുകൾക്കുള്ള കൃതികളും നമ്പ്യാർ രചിച്ചിട്ടുണ്ട്. ഇവയിലെ പ്രമേയങ്ങളെല്ലാം ഇതിഹാസങ്ങളിൽനിന്നും സ്വീകരിച്ചവയാണ്. എന്നാൽ ഭാഷ ജനസാമാന്യത്തിന്റേതാണുതാനും. ആക്ഷേപഹാസ്യമാണ് നമ്പ്യാർക്കവിതകളുടെ മുഖമുദ്ര.

'ഭടജനങ്ങളുടെ നടുവിലുള്ളൊരു
പടയണിക്കിഹ ചേരുവാൻ
വടിവിയന്നൊരു ചാരുകേരള
ഭാഷതന്നെ ചിതം വരൂ.'

സാധാരണക്കാർക്ക് മനസിലാകണമെങ്കിൽ അവരുടെ ഭാഷയിൽ തന്നെയായിരിക്കണം കവിത രചിക്കേണ്ടത് എന്ന വിശ്വാസമാണ് അദ്ദേഹത്തിനുണ്ടായിരുന്നത്.

"പാൽക്കടൽത്തിര തള്ളിയേറി
വരുന്നപോലെ പദങ്ങളെൻ
നാവിലങ്ങനെ നൃത്തമാണൊരു
ഭോഷ്കു ചൊല്ലുകയല്ല ഞാൻ.'

എന്ന് പറയാനുള്ള ആത്മവിശ്വാസം നമ്പ്യാർക്കുണ്ടായിരുന്നു.

ചില നമ്പ്യാർചൊല്ലുകൾ "കാരസ്കരത്തിൻ കുരു പാലിലിട്ടാൽ കാലാന്തരേ കയ്പ്പു ശമിപ്പതുണ്ടോ?, "ചെറുപ്പകാലങ്ങളിലുള്ള ശീലം മറക്കുമോ മാനുഷനുള്ള കാലം', "ആശാനക്ഷരമൊന്നു പിഴച്ചാൽ അമ്പത്തൊന്നു പിഴയ്ക്കും ശിഷ്യനും'', 'ആയിരം വർഷം കുഴലിലിരുന്നാൽ നായുടെ വാല് വളഞ്ഞേയിരിപ്പൂ'', "മുല്ലപൂമ്പൊടിയേറ്റു കിടക്കും കല്ലിനുമുണ്ടാം ഒരു സൗരഭ്യം''

SGOU

ഓട്ടൻ, ശീതങ്കൻ, പറയൻ എന്നിങ്ങനെ മൂന്ന് വിഭാഗങ്ങളിലായി 64 തുള്ളൽ കൃതികൾ അദ്ദേഹം രചിച്ചിട്ടുണ്ട്. ഏറെ പ്രസിദ്ധമായ ഫലിതബോധത്തിനു പുറമെ വിപുലമായ അനുഭവസമ്പത്തും എല്ലാ വിജ്ഞാനശാഖകളിലുമുള്ള അറിവും അദ്ദേഹത്തിന്റെ കൃതികളിൽ പ്രകടമായിരുന്നു. സാമൂഹികവിമർശനം, നിശിതമായ ഫലിതപരിഹാസങ്ങൾ, കേരളീയത, സാധാരണക്കാരന്റെ ഭാഷ, ലോകോക്തികൾ എന്നിവയെല്ലാം നമ്പ്യാർകൃതികളുടെ ലക്ഷണങ്ങളായി എടുത്തു പറയപ്പെടുന്നതാണ്. പുരാണകൃതികളെ അവലംബിച്ചായിരുന്നു നമ്പ്യാരുടെ തുള്ളൽകൃതികളെല്ലാം. എങ്കിലും അവയിൽ കഴിയുന്നത്ര നർമ്മവും സാമൂഹ്യപ്രസക്തിയുള്ള പരിഹാസവും കലർത്തുവാൻ കവി ശ്രദ്ധിച്ചിരുന്നു.

പതിനെട്ടാം നൂറ്റാണ്ടിൽ കേരളത്തിൽ നിലവിലിരുന്ന സാമുഹികവ്യവസ്ഥിതിയിലേക്ക് വെളിച്ചം വീശുന്നവയാണ് നമ്പ്യാർകവിതകൾ. പുരാണേതിഹാസങ്ങളാണ് പ്രമേയമെങ്കിലും ഈ കൃതികളുടെ പശ്ചാത്തലം കേരളമാണ്. കഥാപാത്രങ്ങൾക്ക് അദ്ദേഹം മലയാളിത്തം കല്പിച്ചു കൊടുക്കുന്നു. ദേവേന്ദ്രൻ, ഭീമൻ, ദുര്യോധനൻ, നളൻ, ദമയന്തി, ദ്രൗപദി, സീത, പാർവ്വതി തുടങ്ങിയ കഥാപാത്രങ്ങൾ കേരളത്തിലെ സ്ഥിതിഗതികൾക്കനുയോജ്യമായ രൂപങ്ങളോടുകൂടിയാണ് ഈ കൃതികളിൽ പ്രത്യക്ഷപ്പെടുന്നത്. ഭൂമിയും സ്വർഗവും പാതാളവും നമ്പ്യാരുടെ ഭാവനയിൽ അമ്പലപ്പുഴയോ തിരുവനന്തപുരമോ ആയി മാറുന്നു. അയോധ്യയിലും അളകാപുരിയിലും സ്വർഗത്തിലും പാതാളത്തിലും എല്ലാം കേരളീയർ മാത്രമാണ്. കേളച്ചാരും കാളിപ്പെണ്ണും ചിരികണ്ടച്ചാരും കോന്തനും കേളനും ഇട്ടുണ്ണൂലിയുമൊക്കെ അവിടെയുണ്ട്. കേരളത്തിലെ നായന്മാരും നമ്പൂതിരിമാരും ഇല്ലാത്ത പ്രദേശങ്ങൾ നമ്പ്യാർകവിതകളിൽ കാണാൻ സാധിക്കില്ല. മിക്ക നമ്പ്യാർകൃതികളിലും പ്രത്യക്ഷപ്പെടുന്ന കേരളീയ രാജാവാണ് ഉലകുടപെരുമാൾ.

പതിനെട്ടാം നൂറ്റാണ്ടിൽ സമൂഹത്തിലുണ്ടായിരുന്ന തിന്മകളെ പൊള്ളുന്ന പരിഹാസം കൊണ്ടാണ് നമ്പ്യാർ നേരിട്ടത്. ഫലിതം കലർന്ന ശൈലിയിൽ നമ്പ്യാർ വിമർശിക്കുമ്പോൾ അത് പലരിലും ചെന്നുകൊള്ളുന്നുണ്ടായിരുന്നു. എല്ലാ വിഭാഗം മലയാളികൾക്കിടയിലും ജനസമ്മതിയും അംഗീകാരവും നേടിയിട്ടും നമ്പ്യാർകവിത വിമർശിക്കപ്പെട്ടിട്ടുണ്ട്. സാധാരണക്കാരുടെ ഭാഷയിൽ അവർക്കുവേണ്ടി കവിതകളെഴുതിയ ജനകീയകവിയായി നമ്പ്യാർ കണക്കാക്കപ്പെടുന്നുണ്ടെങ്കിലും അദ്ദേഹത്തിന്റെ കവിതകളിലെ സാമുഹികപശ്ചാത്തലത്തിന്റെ പരിമിതികൾ ചൂണ്ടികാണിക്കപ്പെട്ടിട്ടുണ്ട്. സാഹിത്യം അധഃസ്ഥിതരെ പൊതുവെ അവഗണിച്ചിരുന്ന കാലത്ത് എഴുതപ്പെട്ടതിനാൽ നമ്പ്യാരുടെ കവിതപോലും നായന്മാർ വരെയുള്ള ജനവിഭാഗങ്ങളെ മാത്രമേ കണക്കിലെടുത്തുള്ളൂവെന്നും അതിനു താഴെയുള്ള ജനങ്ങളെക്കുറിച്ചുള്ള സൂചനകൾ അദ്ദേഹത്തിന്റെ കൃതികളിൽ വിരളമാണെന്നുമാണ് വിമർശനം.

ഇതിഹാസപുരാണങ്ങളിലെ കഥാപാത്രങ്ങളെയും സന്ദർഭങ്ങളെയും കേരളീയ സാഹചര്യത്തിൽ നർമ്മത്തിൽ പൊതിഞ്ഞ് അവതരിപ്പിക്കുന്ന നമ്പ്യാരുടെ രീതിയെ വാക്കുകളുടെ വ്യഭിചാരമായാണ് കുട്ടികൃഷ്ണമാരാർ വിശേഷിപ്പിച്ചത്. 'കല്യാണസൗഗന്ധിക'ത്തിൽ ഹനുമാനെ അങ്ങാടിക്കുള്ളനും ഭീമസേനനെ മേനിക്കണ്ടപ്പനുമായി നമ്പ്യാർ തരംതാഴ്ത്തിയെന്ന് മാരാർ പറയുന്നു. 'ദേവന്മാരെയും പുരാണകഥാപാത്രങ്ങളെയും സമകാലികതയുടെ ഹൃദ്യമായ കളത്തിലേക്ക് കുട്ടിക്കൊണ്ടു വരുക വഴി പുരാണകഥകളിലെ കാലത്തെയും സമകാലിക ചരിത്രകാലത്തെയും പരസ്പരം കലർത്തുകയാണ് നമ്പ്യാർ ചെയ്തത്' - കെ.പി. അപ്പനും ഇപ്രകാരം അഭിപ്രായപ്പെട്ടിരിക്കുന്നു.

SGOU


SREENARAYANAGURU OPEN UNIVERSITY

മലയാളത്തിലെ പ്രസിദ്ധമായ പല ലോകോക്തികളും നമ്പ്യാർക്കവിതയിൽ നിന്ന് വന്നവയാണ്.

'നെല്ലും പണങ്ങളുമുണ്ടെന്നുറച്ചിട്ടു
കല്ലിലും പുല്ലിലും തൂകിത്തൊടങ്ങലാ.'
"കണ്ടാലറിവാൻ സമർത്ഥനല്ലെങ്കിൽ നീ
കാണ്ടാലറിയുമതിനില്ല സംശയം."
"കൂനൻ മദിച്ചെന്നാൽ ഗോപുരം കുത്തുമോ."

ഇവ ചില ഉദാഹരണങ്ങൾ മാത്രമാണ്.

മലയാളത്തിലെ ഹാസ്യകവികളിൽ അഗ്രഗണ്യനാണ് നമ്പ്യാർ. നർമ്മത്തിൽ പൊതിഞ്ഞ സാമൂഹ്യവിമർശനമാണ് കൃതികളുടെ മുഖമുദ്ര. ശീതങ്കൻ, പറയൻ, ഓട്ടൻ തുടങ്ങിയ തുള്ളൽ വിഭാഗങ്ങളിൽ പറയൻവിഭാഗത്തിലുള്ളതാണ് സഭാപ്രവേശം. ഈ കൃതി നമ്പ്യാർ അമ്പലപ്പുഴയിൽ നിന്നും തിരുവനന്തപുരത്തേക്ക് മാറി താമസിച്ച കാലത്ത് രചിച്ചതാകാമെന്ന് കരുതുന്നു. അർജുനൻ സുഭദ്രയെ വിവാഹം കഴിച്ചതിനു ശേഷം ഇന്ദ്രപ്രസ്ഥത്തിൽ സസുഖം വാഴുന്ന കാലത്ത് അഗ്നിദേവനിൽ നിന്ന് മയനെ രക്ഷിക്കാനുള്ള ഒരു സന്ദർഭം വന്നു ചേർന്നു. പ്രാണരക്ഷ ചെയ്ത പാണ്ഡവർക്കുള്ള പ്രത്യുപകാരം എന്ന നിലയ്ക്ക് ഇന്ദ്രപ്രസ്ഥത്തിൽ വളരെ വിശേഷമായ ഒരു സഭാമന്ദിരം മയൻ നിർമ്മിച്ചു നൽകി. സഭാപ്രവേശം എന്ന പദം സഭയിലേക്കുള്ള പ്രവേശം എന്നാണ് അർഥമാക്കുന്നത്. ഇവിടെ പാണ്ഡവർക്കുവേണ്ടി പ്രസിദ്ധ അസുരശില്പിയായ മയൻ നിർമ്മിച്ച ഇന്ദ്രപ്രസ്ഥമെന്ന രാജധാനിയിലെ മനോഹരമായ സഭയിലേക്കുള്ള ദുര്യോധനാദികളുടെ കടന്നുവരവാണ് പ്രതിപാദിക്കുന്നത്.

ഒരിക്കൽ അർജുനൻ താമസിക്കുന്നയിടത്ത് അസുരശില്പിയായ മയൻ ചെന്നു. ഗാണ്ഡവവനം ദഹിപ്പിച്ചതിനുശേഷം, മയനെ വധിക്കാനൊരുങ്ങിയ കൃഷ്ണന്റെ കോപം ശമിപ്പിച്ച് അർജുനൻ മയനെ രക്ഷിക്കുകയുണ്ടായി. അതിന് പ്രത്യുപകാരമായി പാണ്ഡവർക്ക് മറ്റും ഒരു കൊട്ടാരം പണിതു നൽകാനാണ് താൻ വന്നിരിക്കുന്നതെന്ന് മയൻ അർജുനനോട് പറഞ്ഞു. ധർമ്മപുത്രരുടെ ആശിർവാദത്തോടെ മയൻ വിഭ്രമിപ്പിക്കുന്നതും മനോഹരവുമായ ഒരു സഭ പണിതു. കള്ളത്തരം കൊണ്ടുനടക്കുന്നവരെ ഭ്രമിപ്പിക്കാൻ പോന്നതെല്ലാം മയൻ അവിടെ സൃഷ്ടിച്ചു. ഇന്ദ്രപ്രസ്ഥത്തിൽനിന്നും ഹസ്തിനപുരിയിലെത്തിയ ഒരുകൂട്ടം വഴിപോക്കർ അവിടെ കണ്ട കാര്യങ്ങളെല്ലാം പരസ്പരം സംസാരിച്ചു. അതെല്ലാം ശകുനിയും ദുര്യോധനനും കർണ്ണനും മറഞ്ഞിരുന്നുകേട്ടു. പട്ടന്മാരുടെ സംസാരം ദുര്യോധനനിൽ ദ്വേഷ്യമുണർത്തി. അവർ തങ്ങളെ ദുഷിക്കുകയാണെന്ന് ദുര്യോധനൻ ശകുനിയോട് ആവലാതികൾ പറഞ്ഞു. ശകുനിയാകട്ടെ മരുമകനെ ആശ്വസിപ്പിക്കുകയാണ് ചെയ്തത്.

നേരം പുലർന്നപ്പോൾ ദുര്യോധനൻ തന്റെ അനുജന്മാരെ വിളിച്ചുകൂട്ടി ഇന്ദ്രപ്രസ്ഥം കാണാനുള്ള ആഗ്രഹം പ്രകടിപ്പിച്ചു. എല്ലാവരും ചേർന്ന് ധൃതരാഷ്ട്രരുടെ അനുവാദം വാങ്ങാൻ പുറപ്പെട്ടു. കൗരവർ പാണ്ഡവരോട് ചെയ്ത അനീതികൾ ഓർമ്മയുള്ള ധൃതരാഷ്ട്രർ ശത്രുരാജ്യത്ത് ചെല്ലുമ്പോൾ ശങ്കിക്കണമെന്നും ആരെയും വിശ്വസിക്കരുതെന്നും മക്കളെ ഉപദേശിച്ചു. പിതാവിന്റെ അനുഗ്രഹം വാങ്ങി ദുര്യോധനാദികൾ പരിവാരസമേതം പുറപ്പെട്ടു. യാത്രക്കിടയിൽ പരിവാരങ്ങൾ ഒരു നായാട്ടും നടത്തി. അതിനുശേഷം ദുര്യോധനന്റെ ചമയലാണ്. കൂത്തിന് ചാക്യാർ ധരിക്കുന്ന പോലെ എന്നാണ് നമ്പ്യാർ ഇതിനെ വിശേഷിപ്പിക്കുന്നത്. തങ്ങളുടെ അധികാരവും പ്രതാപവും കാട്ടാൻ, അഴകിയ രാവണന്മാരായി എത്തിയ ദുര്യോധനനും കൂട്ടർക്കും പറ്റിയ അമളികളാണ് സഭാപ്രവേശം തുള്ളലിലെ ഇതിവൃത്തം. സഭാപ്രവേശം എന്ന പദം സഭയിലേക്കുള്ള പ്രവേശം എന്നാണ് അർഥമാക്കുന്നത്. നമ്പ്യാരുടെ വർണനാപാടവം, പരിഹാസ വൈദഗ്ധ്യം എന്നിവ പ്രകടമാകുന്ന കൃതിയാണ് സഭാപ്രവേശം. സഭാപ്രവേശം തുള്ളലിൽ നമ്പ്യാർ വക്ത്രവൃത്തം, മല്ലികാവൃത്തം, ഊനകാകളി, അർധകേക, ദ്രുതകാകളി എന്നീ വൃത്തങ്ങൾ ഉപയോഗിച്ചിട്ടുണ്ട്.

"നമസ്തേ വിഘ്നരാജാവേ/ നമസ്തേ
വിശ്രുതാത്മാവേ!
------------------------------
പരമാനന്ദമൂർത്തേ! തേ പാദപത്മേ
വണങ്ങുന്നേൻ.''

SGOU

ഇപ്രകാരം മംഗളശ്ലോകത്തോടെയാണ് കാവ്യം ആരംഭിക്കുന്നത്. ഗണപതിയെയും ശിവനെയും വിഷ്ണുവിനെയും വന്ദിക്കുന്നു. അതിനുശേഷം നമ്പ്യാർ തന്റെ ഗുരുവിനെ വണങ്ങുന്നു. തുടർന്ന്,

"കുറവില്ലാത്തൊരു കിള്ളിക്കുറിശ്ശി മഹാദേവൻ
കുറവെന്യേ മനോരംഗേ തിറമോടെ വിളങ്ങേണം.'

നമ്പ്യാരുടെ ജന്മസ്ഥലം പാലക്കാട് ജില്ലയിലെ കിള്ളിക്കുറിശ്ശിമംഗലമാണ്. നമ്പ്യാരുടെ കുലദേവതയായ കിള്ളിക്കുറിശ്ശി മഹാദേവൻ മനസിൽ എപ്പോഴും വിളങ്ങി നിൽക്കണമെന്ന് പ്രാർഥിക്കുന്നു.

"അറിഞ്ഞോരുകഥാഭാഗം കുറഞ്ഞോന്നിസ്സഭ
തന്നിൽ
------------------------------
മറകൂടാതിയലുന്നു, മറവിയും തരിമ്പില്ല;'

ബ്രാഹ്മണന്മാർ തിങ്ങിനിറഞ്ഞിരിക്കുന്ന സഭയിൽ തനിക്കറിയാവുന്ന കഥ പറയാൻ വന്നതാണ്. പക്ഷേ പറയജാതിയിൽ ജനിച്ചതുകൊണ്ട് തങ്ങൾ പറയുന്ന സത്യങ്ങൾ വിശ്വസിക്കുന്ന ജനങ്ങൾ കുറയും. എന്നാൽ പറയിപെറ്റ പന്തിരുകുലത്തിലെ പ്രൗഢനായ പാക്കനാരെ ഇന്ന് എല്ലാവരും അറിയും. നാലു വേദങ്ങളും അവയുടെ അകംപൊരുളും അവന്റെയുള്ളിൽ തിളങ്ങി നിൽക്കുന്നു. ഒരു മറവിക്കും അത് മായ്ക്കാൻ സാധിച്ചിട്ടില്ല. പറയിപെറ്റ പന്തിരുകുലത്തിന്റെ ഐതിഹ്യത്തിലൂടെ പറയജാതിയെ സമൂഹത്തിൽ ഉയർത്തിക്കാട്ടാനുള്ള ഒരു ശ്രമമാണ് നമ്പ്യാർ നടത്തുന്നത്.

സഭാപ്രവേശം പറയൻതുള്ളലിലെ ഏറ്റവും രസകരവും ഉദ്വേഗജനകവുമായ ഭാഗമാണ് പാഠഭാഗത്തിലുള്ളത്. ദുര്യോധനന് സംഭവിക്കുന്ന സ്ഥലജലവിഭ്രാന്തിയാണ് നമ്പ്യാർ ഇവിടെ സൂചിപ്പിക്കുന്നത്. നമ്പ്യാരുടെ അത്യന്തം വിസ്മയകരമായ വർണനാപാടവവും ഹാസ്യം ചമയ്ക്കാനുള്ള സാമർഥ്യവും ഇവിടെ തെളിഞ്ഞു കാണാം. ധർമ്മപുത്രരും അനുജന്മാരും പത്നിയായ പാഞ്ചാലിയുമൊത്ത് ഇന്ദ്രപ്രസ്ഥത്തിൽ സമാധാനത്തിലും, സന്തോഷത്തിലും കഴിയുന്ന കാലം. ഒരു ദിവസം അസുരശില്പിയായ മയൻ അർജുനന്റെ സവിധത്തിലെത്തി. വർത്തമാനങ്ങൾ പലതും പറഞ്ഞ കൂട്ടത്തിൽ ദുര്യോധനാദികളുമായി സന്ധിയിൽ തുടരാമെന്നു കരുതരുതെന്നും എപ്പോഴും യുദ്ധസന്നദ്ധരായിരിക്കണമെന്നും മയൻ സൂചിപ്പിക്കുന്നു. അവരെയൊന്നു കളിയാക്കാൻ വേണ്ടി കുരുവീരന്മാർ വരുമ്പോൾ അവരെ പറ്റിക്കാൻ താനൊരു മായാഹർമ്മ്യം നിർമ്മിക്കാമെന്നും പറയുകയും അതനുസരിച്ച് നിമിഷങ്ങൾക്കകം തന്റെ മായാവിദ്യ ഉപയോഗിച്ച് മയൻ മനോഹരമായ ഒരു കൊട്ടാരം നിർമ്മിക്കുകയും ചെയ്തു.

ഉത്തുംഗഗോപുരശൃംഗങ്ങളും മുത്തും പവിഴവും മരതകവും മാണിക്യവും ഒത്തുവിളങ്ങുന്ന മതിലുകളുമെല്ലാം ചേർന്നു സ്വർലോകത്തെ ഇന്ദ്രപുരിയെയും വെല്ലുന്ന തങ്കനിറമാർന്ന ആ കൊട്ടാരത്തിന്റെ മഹിമകളെക്കുറിച്ച് അറിഞ്ഞ ദുര്യോധനാദികൾ അസൂയയും ഈർഷ്യയും കൊണ്ടു. ഇതൊക്കെ കെട്ടുകഥയാവും, നേരിൽ പോയി കണ്ടു കളയാം എന്നവർ നിശ്ചയിച്ചു. അവരെല്ലാവരും ദുര്യോധനന്റെ നേതൃത്വത്തിൽ ഇന്ദ്രപ്രസ്ഥത്തിലേക്ക് പുറപ്പെട്ടു. നീളെ പുളച്ചു മദിച്ചു നായാടിയും നീരാടിയും അവർ ഇന്ദ്രപ്രസ്ഥത്തിലെത്തി. മറ്റുള്ളവരെ പരിഹസിക്കാൻ വഴിയുണ്ടാക്കരുത് എല്ലാവരും എന്റെ പിന്നാലെ വന്നുകൊള്ളുവിൻ എന്നു പറഞ്ഞ് ദുര്യോധനൻ മുന്നിൽ നടന്നു. സ്ഫടികസമാനങ്ങളായ തറകളിൽ വെള്ളമുണ്ടെന്നു ധരിച്ച് ദുര്യോധനൻ വസ്ത്രങ്ങൾ തെറുത്തു കയറ്റി. വെള്ളമില്ലെന്നറിഞ്ഞു ഇളിഭ്യനായി. യഥാർത്ഥത്തിൽ വെള്ളം ഉണ്ടായിരുന്നേടത്ത് അറിയാതെ ചെന്നു വീഴുകയും ചെയ്തു. വെള്ളത്തിൽ മുങ്ങിപ്പൊങ്ങിയ ദുര്യോധനനെയും അനുജന്മാരെയും നോക്കി ഭീമനും മറ്റുള്ളവരും പൊട്ടിച്ചിരിച്ചു. പക്ഷേ ധർമ്മപുത്രർ ദുര്യോധനാദികളോടും സ്നേഹപൂർവ്വം പെരുമാറി. എങ്കിലും പറ്റിയ അമളിയും അപമാനവും മറക്കാനാവാതെ ദുര്യോധനാദികൾ മടങ്ങിപ്പോന്നു.

### വരികൾ - 1

1. 'ഇത്തം (ഇത്ഥം) പറഞ്ഞു സുയോധനവീരൻ
   ചിത്തം തെളിഞ്ഞു നടന്നു തുടങ്ങി
   ചിത്രപ്പുരത്തിലകത്തു കടന്നു

SGOU

ചിത്രപ്പണികളും കണ്ടു നടന്നു
പാണ്ഡവന്മാരുമദ്രൗപദിതാനും
മണ്ഡപം തന്നിൽക്കരേറി പതുക്കെ
മാധവനേയും ബലഭദ്രനേയും
മാനിച്ചു നന്ദിച്ചവിടെ വസിച്ചു'

### അർഥവിശദീകരണം

| | | |
|---|---|---|
| ഇത്ഥം | = | ഇപ്രകാരം |
| ചിത്തം | = | മനസ് |
| മാധവൻ | = | കൃഷ്ണൻ |
| സുയോധനൻ | = | ദുര്യോധനൻ |

### ആശയവിശദീകരണം

അനുജന്മാരോട് പിന്നാലെ നടക്കുവാൻ ഉപദേശിച്ച് സന്തോഷത്തോടുകൂടെ സുയോധനൻ നടത്തമാരംഭിച്ചു. ഇന്ദ്രപ്രസ്ഥത്തിൽ പ്രവേശിച്ച് അവിടത്തെ ചിത്രപ്പണികൾ കണ്ടു നടന്നു. ഈ അവസരത്തിൽ പാണ്ഡവരും ദ്രൗപദിയും മണ്ഡപത്തിൽ പ്രവേശിച്ച് കൃഷ്ണനേയും ബലരാമനേയും വന്ദിച്ചു.

### വരികൾ - 2

2. 'ദുര്യോധനനും സഹോദരന്മാരും
ദൂരത്തുനിന്നു വരുന്നതു കണ്ടു
ധർമ്മതനൂജന്റെ മാനസം തന്നിൽ
സമ്മോദമേറ്റം വളർന്നു കിളർന്നു
സമ്മാനത്തിന്നുള്ള വട്ടങ്ങൾ കൂട്ടി
സന്തോഷമോടെ വസിക്കുന്ന നേരം
ദിവ്യസഭ തന്നിൽ വന്നു കരേറി
ഭവ്യനായുള്ള സുയോധനഭൂപൻ
വെള്ളസ്ഫടികസ്ഥലങ്ങളിലെല്ലാം
വെള്ളമുണ്ടെന്നൊരു ശങ്ക തുടങ്ങി
ഉള്ളിൽ വിളങ്ങുന്ന രത്നങ്ങൾ കണ്ടാൽ
തള്ളിയലയ്ക്കുന്ന നീരെന്നു തോന്നും
നീരുള്ള ദിക്കെന്നുറച്ചു പതുക്കെ
നീന്തുവാനുള്ളൊരു വട്ടങ്ങൾ കൂട്ടി '

### അർഥവിശദീകരണം

| | | |
|---|---|---|
| തനൂജൻ | = | പുത്രൻ |
| മാനസം | = | മനസ് |
| ഭൂപൻ | = | രാജാവ് |
| നീര് | = | ജലം |
| ശങ്ക | = | സംശയം |
| വട്ടങ്ങൾ | = | ഒരുക്കങ്ങൾ |

### ആശയവിശദീകരണം

അപ്പോൾ ദുര്യോധനാദികൾ ദൂരെ നിന്നും വരുന്നത് അവർ കണ്ടു. വളരെയധികം സന്തോഷത്തോടുകൂടി അവരെ ഉപചരിക്കാനുള്ള നടപടികൾ ധർമ്മപുത്രർ ആരംഭിച്ചു. സുയോധനനും മറ്റും മയൻ നിർമ്മിച്ച മനോഹരമായ ആ മണ്ഡപത്തിൽ വന്നുകയറി. വെള്ള സ്ഫടികപ്രതലങ്ങളിൽ വെള്ളം കിടക്കുന്നു എന്ന തോന്നലാൽ നീന്തുവാനുള്ള ഒരുക്കങ്ങൾ ആരംഭിച്ചു.

### വരികൾ - 3

3. 'വീരാളിപ്പട്ടു ചെരിച്ചു കയറ്റി
വീരൻ പതുക്കെപ്പാദം കൊണ്ടുതപ്പി
പിമ്പിൽ നടക്കുന്ന തമ്പിമാരെല്ലാം
മുമ്പിൽ നടക്കുന്ന ചേട്ടനെപ്പോലെ
ചന്തത്തിലുള്ളൊരു പട്ടുമുയർത്തി
കുന്തിച്ചു കുന്തിച്ചു യാത്രതുടങ്ങി
അപ്രദേശങ്ങൾ പതുക്കെക്കടന്നു
അഗ്രഭാഗത്തിങ്കൽ ചെന്നൊരുനേരം
പച്ചനിറമുള്ള രത്നങ്ങളാലേ
മെച്ചത്തിൽ കെട്ടിപ്പടുത്തു വിളങ്ങും
നീരാഴമുള്ളൊരു നീരാഴി തന്റെ
തീരത്തു ചെന്നു കരേറി നരേന്ദ്രൻ '

### അർഥവിശദീകരണം

| | | |
|---|---|---|
| തമ്പിമാർ | = | അനുജന്മാർ |
| മെച്ചത്തിൽ | = | ഭംഗിയിൽ |
| നീരാഴി | = | ജലാശയം |
| നരേന്ദ്രൻ | = | രാജാവ് |

### ആശയവിശദീകരണം

വെളുത്ത സ്ഫടികസമാനമായ രത്നങ്ങൾ പതിച്ച സ്ഥലത്തൊക്കെ വെള്ളമുണ്ടെന്ന ശങ്കയാൽ തന്റെ വീരാളിപ്പട്ട് മെല്ലെ മീതേക്ക് ചുരുട്ടിക്കയറ്റി, ദുര്യോധനൻ പതുക്കെ പതുക്കെ തപ്പി നടക്കാൻ തുടങ്ങി. പിന്നിലുള്ള അനുജന്മാരും ജ്യേഷ്ഠനെ അനുകരിച്ച് വസ്ത്രം ഉയർത്തിവെ

SGOU

ച്ച് നടന്നു. പക്ഷേ അവിടെ വെള്ളമുണ്ടായിരുന്നില്ല. അവിടെ കഴിഞ്ഞപ്പോൾ മറുവശത്ത് മുന്നിൽ പച്ചനിറമുള്ള രത്നങ്ങളാൽ നിർമ്മിച്ച ജലാശയം കണ്ടു.

## വരികൾ - 4

4. 'ജലമേന്തി നിൽക്കുന്നോരാറ്റിന്റെ മദ്ധ്യേ
ജലമില്ലെന്നുള്ളത്തിലോർത്തു പതുക്കെ
നലമോടു പൊണ്ണൻ കുതിച്ചങ്ങു ചാടി
നിലവിട്ടു വെള്ളത്തിൽവീണാശു മുങ്ങി
പുഴുകും കളഭവും ചാന്തുംകുറിയും
കഴുകിജ്ജലത്തിൽ കിടന്നങ്ങുഴച്ചു
മുഴുകിയും പൊങ്ങിയുമങ്ങൊരുദിക്കിൽ
ഒഴുകിത്തിരിഞ്ഞു തനിച്ചൊരു വീരൻ
വെള്ളം കുടിച്ചും കിതച്ചും പതച്ചും
ഉള്ളം ചൊടിച്ചുമുരണ്ടും പിരണ്ടും
തള്ളിയലച്ചും വിറച്ചും വിയച്ചും
തള്ളിപ്പിടിച്ചും മറിഞ്ഞും തിരിഞ്ഞും
പാരം വലഞ്ഞു പതുക്കെപ്പതുക്കെ
തീരമണഞ്ഞൊരു ദിക്കിൽ കരേറി'

## അർഥവിശദീകരണം

| | | |
|---|---|---|
| ഉള്ളം | = | മനസ്സ് |
| കളഭം | = | ചന്ദനം |
| ആശു | = | പെട്ടെന്ന് |

## ആശയവിശദീകരണം

ജലമില്ലെന്ന് വിചാരിച്ച് സുയോധനൻ അതിലേ പ്രവേശിച്ചു. ഇവിടെ പൊണ്ണനെന്നാണ് ദുര്യോധനനെ നമ്പ്യാർ പരിഹസിക്കുന്നത്. നിലവിട്ട് വെള്ളത്തിലേക്ക് വീണ ദുര്യോധനൻ മുങ്ങിപ്പൊങ്ങാൻ തുടങ്ങി. ശരീരത്തിൽ പൂശിയിരുന്ന കുറിക്കൂട്ടുകളും സുഗന്ധദ്രവ്യങ്ങളുമെല്ലാം വെള്ളത്തിൽ ലയിച്ചു. വെള്ളത്തിൽ മുങ്ങിയും പൊങ്ങിയും കിതച്ചും വലഞ്ഞും ഒരുവിധം കരയിൽ കയറി. തന്റെ അവസ്ഥയോർത്ത് അദ്ദേഹത്തിന് ദേഷ്യം വന്നു. അമളിയോർത്ത് വിവശനായി ദുര്യോധനൻ കുഴങ്ങി.

## വരികൾ - 5

5. 'കണ്ടുവസിക്കും വൃകോദരനപ്പോൾ
രണ്ടുകരങ്ങളും കൊട്ടിച്ചിരിച്ചു
പണ്ടു നീ നമ്മെക്കയർക്കൊണ്ടു കെട്ടി
ക്കൊണ്ടു കയത്തിൽ പിടിച്ചു മറിച്ചു
അങ്ങനെ ചെയ്തൊരു ദുര്യോധനാ ! നീ
ഇങ്ങനെ വെള്ളത്തിൽ മുങ്ങീടവേണം
തങ്ങൾ ചെയ്തീടും ദുരാചാരമെല്ലാം
തങ്ങൾക്കുതന്നെ ഭവിച്ചീടുമല്ലോ'

## അർഥവിശദീകരണം

| | | |
|---|---|---|
| വൃകോദരൻ | = | വൃകത്തിന്റെ ഉദരം പോലുള്ള ഉദരം ഉള്ളവൻ (ഭീമസേനൻ) |
| ഉദരം | = | വയർ |
| വൃകം | = | ചെന്നായ |
| ദുരാചാരം | = | ദുഷ്ടപ്രവൃത്തികൾ |

## ആശയവിശദീകരണം

ഈ കാഴ്ച കണ്ടുനിന്ന ഭീമസേനൻ കൈക്കൊട്ടി ആർത്തു ചിരിച്ചു. എന്നിട്ട് ദുര്യോധനനോട് ഇപ്രകാരം പറഞ്ഞു: 'പണ്ട് നീ എന്നെ കയറിനാൽ വരിഞ്ഞു കെട്ടി കയത്തിൽ തള്ളിയില്ലേ? ആ നിനക്ക് ഇപ്രകാരം തന്നെ വരണം.' തങ്ങൾ ചെയ്തീടും ദുരാചാരമെല്ലാം തങ്ങൾക്കുതന്നെ ഭവിച്ചീടുമല്ലോ'എന്ന സാമാന്യതത്വമാണ് നമ്പ്യാർ ഇവിടെ അവതരിപ്പിക്കുന്നത്. ഇത് സാമാന്യജനങ്ങൾക്കുകൂടി ബാധകമായ പ്രസ്താവനയാണ്.

## വരികൾ

6. 'ശൃംഗാരമോടിയും കൂട്ടിക്കൊണ്ടയ്യോ
ചങ്ങാതി വന്നെന്റെ നീരാഴിതന്നിൽ
മുങ്ങാനവകാശം വന്നതുകൊള്ളാം !
എങ്ങുനിന്നിപ്പോളിവിടേക്കു വന്നു?
നിങ്ങടെ രാജ്യത്തിൽ വെള്ളം കുടിപ്പാ-
നെങ്ങുമൊരേടത്തുമില്ലായ്കകൊണ്ടോ
ഞങ്ങടെ നാട്ടിലെ തോട്ടിലെ വെള്ളം
അങ്ങുള്ള വെള്ളത്തെക്കാൾ ഗുണമെന്നോ?
ഇത്ഥമോരോ പരിഹാസം പറഞ്ഞു ഭീമസേനൻതാൻ
ഹസ്തസംഘട്ടനത്തോടെ ഹസിച്ചങ്ങു രസിക്കുന്നു
മാനിനിമാർ മണിയാളാം ദ്രൗപദിയും കരം കൊണ്ട-

ഞാനനത്തെ മറച്ചാശു മന്ദഹാസം
ചെയ്തുമെല്ലെ'

## അർഥവിശദീകരണം

| | | |
|---|---|---|
| ഇത്ഥം | = | ഇപ്രകാരം |
| ഹസ്തം | = | കൈയ്യ് |
| ഹസ്തസംഘട്ടനം | = | കൈകൊട്ടി കൊണ്ട് |
| ഹസിക്കുക | = | പരിഹസിച്ചു ചിരിക്കുക |
| ആനനം | = | മുഖം |
| ആശു | = | പെട്ടെന്ന് |
| മന്ദഹാസം | = | പുഞ്ചിരി |

## ആശയവിശദീകരണം

എന്റെ ജലാശയത്തിൽ നീന്തിത്തുടിക്കാൻ വന്നത് കൊള്ളാം. നിങ്ങളുടെ രാജ്യത്ത് വെള്ളം കുടിക്കാനില്ലേ? അതോ ഞങ്ങടെ നാട്ടിലെ തോട്ടിലെ വെള്ളം നിങ്ങളുടേതിനേക്കാൾ മെച്ചമായതുകൊണ്ടാണോ? ഇവിടത്തെ തോട്, കയം മുതലായ പ്രയോഗങ്ങൾ കേരളത്തിന്റെ ഗ്രാമീണതയിലേക്ക് വിരൽചൂണ്ടുന്നവയാണ്. ഭീമൻ തന്റെ രൂക്ഷമായ പരിഹാസത്തിന് കൊഴുപ്പ് കൂട്ടാനെന്നവണ്ണം കയ്യടിച്ച് ചിരിച്ചു. സുന്ദരിയായ ദ്രൗപദി തന്റെ മുഖത്തെ, കൈകൊണ്ട് മറച്ച് ചിരിക്കാൻ തുടങ്ങി.

## വിശകലനം

കൈരളിയുടെ പൊട്ടിച്ചിരിയെന്ന് വിശേഷിപ്പിക്കപ്പെട്ട കവിയാണ് കുഞ്ചൻനമ്പ്യാർ, മലയാളികളെ ചിരിക്കാനും ചിന്തിക്കാനും പ്രതികരിക്കാനും അദ്ദേഹം പ്രോത്സാഹിപ്പിച്ചു. കവിതയെ ചാട്ടവാറാക്കിയ പടയണിക്കവിയെന്ന് അദ്ദേഹം അറിയപ്പെട്ടു. നർമ്മമധുരമായി, സമൂഹത്തെ വിമർശിക്കാനും നവീകരിക്കാനും നമ്പ്യാർ തന്റെ കവിതകളെ ഉപയോഗിച്ചു. അധികാരത്തിന്റെ അഹംഭാവത്തിനെതിരെ വാക്കുകളെ ചാട്ടുളിയാക്കി. മികച്ച ജനകീയ ദൃശ്യകലാരൂപമായി തുള്ളലിനെ മാറ്റാൻ കുഞ്ചൻനമ്പ്യാർക്ക് സാധിച്ചു. അദ്ദേഹത്തിന്റെ അവതരണമികവാർന്ന ഒരു തുള്ളൽകാവ്യമാണ് സഭാപ്രവേശം. ലളിതസുന്ദരമായ ഭാഷയാണ് തുള്ളലിന്റെ സവിശേഷത, കഠിനങ്ങളായ സംസ്കൃതപദങ്ങളെ ഒഴിവാക്കി ലളിതമായ ഭാഷാപദങ്ങൾക്ക് കൂടുതൽ പ്രാധാന്യം നൽകി. പഴഞ്ചൊല്ലുകൾ, കടങ്കഥകൾ, നാടൻശീലുകൾ, ഗ്രാമ്യമായ പദങ്ങൾ തുടങ്ങിയവ തുള്ളലിൽ കാണാം. കഠിനതരങ്ങളായ സംസ്കൃതത്തിൽ കഥ പറഞ്ഞാൽ ഭടജനങ്ങളായ സാധാരണക്കാർക്ക് മനസിലാകില്ലെന്ന് നമ്പ്യാർക്ക് അറിയാം. അതിനാൽ ലളിതവും കോമളവുമായ മലയാളഭാഷയിലാണ് അദ്ദേഹം കഥകൾ അവതരിപ്പിച്ചത്. നിരക്ഷരരായ സാമാന്യജനതയെപ്പോലും കലയുടെയും സാഹിത്യത്തിന്റെയും ലോകത്തിലേക്ക് കൈപിടിച്ചുയർത്താൻ ഈ ഭാഷാബോധം അദ്ദേഹത്തെ സഹായിച്ചു.

ദുര്യോധനന് സംഭവിക്കുന്ന സ്ഥലജലവിഭ്രാന്തിയാണ് തുള്ളലിന്റെ ഉള്ളടക്കം. നമ്പ്യാരുടെ വിസ്മയകരമായ വർണ്ണനാപാടവവും ഹാസ്യം ചമയ്ക്കാനുള്ള വിരുതും ഇവിടെ പ്രകടമാണ്. അനുജന്മാരോട് പിന്നാലെ നടക്കുവാൻ ഉപദേശിച്ച് സന്തോഷത്തോടെ സുയോധനൻ നടത്തമാരംഭിച്ചു. സ്ഫടികസമാനമായ സ്ഥലത്തെല്ലാം വെള്ളമുണ്ടെന്ന് തോന്നി തന്റെ പട്ട് മെല്ലെ പൊക്കിപ്പിടിച്ചായിരുന്നു സുയോധനന്റെ നടത്തം. അനുജന്മാരും അത് അനുകരിച്ച് നടക്കാൻ തുടങ്ങി. എന്നാൽ അവിടെ വെള്ളമുണ്ടായിരുന്നില്ല. അവിടം കഴിഞ്ഞപ്പോൾ മറുവശത്ത് പച്ചനിറമുള്ള രത്നങ്ങളാൽ നിർമ്മിച്ച ജലാശയം കണ്ടു. ജലമില്ലെന്ന് വിചാരിച്ച് ദുര്യോധനൻ അതിലേ നടന്നു, കുളത്തിൽ വീഴുകയും ചെയ്തു. അതെല്ലാം കണ്ട് പാഞ്ചാലിയും ഭീമസേനനും മറ്റുള്ളവരും കൈകൊട്ടി ആർത്തുചിരിച്ചു. വെള്ളത്തിൽ വീണ അമളിയേക്കാളും ദുര്യോധനനെ വേദനിപ്പിച്ചത് ഈ പരിഹാസമാണ്. ആ സമയം ധർമ്മപുത്രർ സുയോധനനെ ആശ്വസിപ്പിച്ചു. യുധിഷ്ഠിരന്റെ നന്മനിറഞ്ഞ വാക്കുകൾകേട്ട് സുയോധനൻ മറുപടി പറഞ്ഞു. ഭീമന്റെ പരിഹാസം എങ്ങനെയാണ് മറക്കാൻ കഴിയുക? ഈ വിധത്തിൽ പിരിയാൻ സാധിച്ചത് ഭാഗ്യമെന്നും പുറപ്പെടുകയാണെന്നും അദ്ദേഹം പറഞ്ഞു. ഹസ്തിനപുരിയിലെത്തിയ ദുര്യോധനാദികൾ പിതാവിനെ കണ്ടതിനുശേഷം തങ്ങളുടെ ഭാര്യമാരോടൊത്ത് സുഖമായി ജീവിച്ചു എന്ന് പറഞ്ഞ് പറയൻ കഥ അവസാനിപ്പിച്ചു.

SGOU

## Recap

- ഒരു നാടിന്റെ പാരമ്പര്യത്തിനും സാംസ്കാരികാഭിവൃദ്ധിയ്ക്കും കാരണം ആ ദേശത്ത് രൂപംകൊണ്ടിട്ടുള്ള കലകളായിരിക്കും
- കലകൾ പ്രകൃതിയുടെ അനുകരണം
- 'കലനം ചെയ്യുന്നത്' കല
- ഭാരതത്തിൽ സാഹിത്യവും കലകളും കൈകോർത്തു പിടിച്ചുകൊണ്ടാണ് പുരോഗതി പ്രാപിച്ചത്
- സാമാന്യകലകൾ, വിശേഷകലകൾ എന്ന് രണ്ടുതരം
- സാമാന്യകലകൾ ബാഹ്യങ്ങളും വിശേഷകലകൾ ആഭ്യന്തരങ്ങളുമാണ്
- സാമാന്യകലകളെ സോപയോഗകലകൾ എന്നും പറയുന്നു
- വിശേഷകലകളെ ലളിതകലകൾ, കോമളകലകൾ, സുകുമാരകലകൾ, സുന്ദരകലകൾ, ഭദ്രകലകൾ എന്നിങ്ങനെയും വിളിക്കാം
- വിശേഷകലകൾ- ഭക്തികലകൾ, അത്ഭുതകലകൾ, പൂർണ്ണകലകൾ, ശില്പകലകൾ
- സുന്ദരകലകളെ ദൃശ്യങ്ങളെന്നും ശ്രവ്യങ്ങളെന്നും രണ്ടായി തിരിക്കാം
- കണ്ടും കേട്ടും ചിന്തിച്ചും ആനന്ദത്തിന് വകയുണ്ടാക്കുക എന്നതാണ് സുന്ദരകലകളുടെ ധർമ്മം
- നൃത്തം, അഭിനയം, ചിത്രമെഴുത്ത്, ശില്പനിർമ്മാണം എന്നിവയാണ് ദൃശ്യകലകൾ
- വാദ്യം, സംഗീതം, സാഹിത്യം എന്നിവ ശ്രവ്യകലകൾ എന്നറിയപ്പെടുന്നു
- അഭിനയത്തിന് സാഹിത്യവും സാഹിത്യത്തിന് അഭിനയവും അന്യോന്യ പോഷകങ്ങളാണ്
- കേരളീയകലകളുടെ അടിസ്ഥാനഘടകം താളമാണ്
- കേരളത്തിൽ രൂപപ്പെടുത്തിയ പല രംഗാവതരണകലകളുടെയും നാട്യവേദി ക്ഷേത്രങ്ങളായിരുന്നു
- സുന്ദരകലകളിൽവെച്ച് ഏറ്റവും ആകർഷകമായിട്ടുള്ളത് നാട്യകലയാണ്
- നാട്യകല- നൃത്തം, അഭിനയം
- നൃത്തത്തിന്റെയും നാട്യത്തിന്റെയും ഏതാനും അംശങ്ങൾ കൂടിച്ചേർന്നാൽ നൃത്യമാകും
- നാട്യകലയെക്കുറിച്ച് വിവരങ്ങൾ ആദ്യമായി പ്രതിപാദിക്കുന്നത് ഭരതമുനിയുടെ നാട്യശാസ്ത്രത്തിലാണ്
- നാട്യശാസ്ത്രത്തിൽ 36 അധ്യായങ്ങളും 6000 ശ്ലോകങ്ങളുമുണ്ട്.
- ഷഡ്സഹസ്രി എന്ന പേരിലും നാട്യശാസ്ത്രം അറിയപ്പെടുന്നു
- ഓളങ്ങളുടെ രീതിയിൽ നതവും ഉന്നതവുമായ ഊണവും താളവുമാണ് വഞ്ചിപ്പാട്ടിന്റേത്
- വഞ്ചിപ്പാട്ടിന്റെ വൃത്തം നതോന്നതയാണ്
- രാമപുരത്തുവാര്യരാണ് കുചേലവൃത്തം വഞ്ചിപ്പാട്ടിന്റെ രചയിതാവ്
- രാജ്യരക്ഷകനായ രാജാവ്, ലോകരക്ഷകനായ ഈശ്വരൻ എന്നിങ്ങനെ രണ്ട് അധികാരസ്ഥാനങ്ങളെ തുലനം ചെയ്തുകൊണ്ടാണ് കുചേലവൃത്തത്തിന്റെ രചന
- ഭാഗവതം ദശമസ്കന്ദത്തിലെ കുചേലകഥയാണ് കുചേലവൃത്തത്തിലെ പ്രമേയം
- സുദാമാചരിതം എന്ന പേരിലാണ് കുചേലകഥയെ വഞ്ചിപ്പാട്ട് ഉത്തരേന്ത്യയിൽ അറിയപ്പെടുന്നത്
- "മലയാളത്തിലെ ഒറ്റക്കൽ മണ്ഡപമാണ് കുചേലവൃത്തം വഞ്ചിപ്പാട്ട്' - എന്ന് പുതുശ്ശേരി രാമചന്ദ്രൻ അഭിപ്രായപ്പെടുന്നു
- കേരളത്തിലെ നാടോടിവഴക്കങ്ങളിൽനിന്നും ഊർജ്ജം ഉൾക്കൊണ്ടാണ് കഥകളി രൂപപ്പെടുത്തിയിട്ടുള്ളത്

SGOU

- ശാസ്ത്രീയരീതികളുടെയും നാടൻകലകളുടെയും സമന്വയം കഥകളിയിൽ കാണാം
- ചതുർവിധാഭിനയ ദൃശ്യകലയാണ് കഥകളി
- കൊട്ടാരക്കരത്തമ്പുരാനാണ് രാമനാട്ടത്തിന്റെ ഉപജ്ഞാതാവ്
- രാമനാട്ടത്തിൽ നിന്നാണ് കഥകളിയുടെ ഉത്ഭവം
- കഥകളിക്ക് കാലോചിതമായ പരിഷ്കാരങ്ങൾ ഉണ്ടായിട്ടുണ്ട്
- കോട്ടയത്തുതമ്പുരാൻ നാട്യവിധിയനുസരിച്ച് കഥകളിയെ ചിട്ടപ്പെടുത്തുകയും പ്രചരിപ്പിക്കുകയും ചെയ്തു
- സത്വരജസ്തമോഗുണങ്ങളെ അടിസ്ഥാനമാക്കി പച്ച, കത്തി, മിനുക്ക്, താടി, കരി എന്നിങ്ങനെ കഥകളിയിൽ വേഷങ്ങൾ അഞ്ചുതരമുണ്ട്
- കഥകളിയുടെ ചടങ്ങുകൾ- കേളികൊട്ട്, തോടയം, പുറപ്പാട്, മേളപ്പദം, ധനാശി
- കഥകളിയുടെ സാഹിത്യരൂപമാണ് ആട്ടക്കഥ
- മഹാഭാരതകഥകളാണ് കോട്ടയത്തുതമ്പുരാന്റെ ആട്ടക്കഥകളുടെ പ്രമേയം.
- ആട്ടക്കഥകളിൽ ശ്ലോകങ്ങളും പാട്ടുകളും ചിലപ്പോൾ ദണ്ഡകങ്ങളും ഉണ്ടാകും. പാട്ടുകളെ പദങ്ങൾ എന്നു പറയുന്നു
- പ്രൗഢസംസ്കൃതം, ഉത്തമമണിപ്രവാളം, ശുദ്ധമലയാളം എന്നീ മൂന്ന് ശൈലികളിൽ ഉൾപ്പെടുന്നവയാണ് ആട്ടക്കഥയിലെ ഭാഷ
- കോട്ടയത്തുതമ്പുരാനുശേഷം ആട്ടക്കഥാസാഹിത്യത്തിൽ ഒരു പരിണാമം സംഭവിച്ചത് ഉണ്ണായിവാര്യരുടെ നളചരിതം ആട്ടക്കഥയോടുകൂടിയാണ്
- കേരളത്തിൽ അനുഷ്ഠാനസ്വഭാവമുള്ള നൃത്തരൂപത്തിന് പൊതുവെ തുള്ളൽ എന്നു പറയുന്നു.
- തുള്ളൽ ഹാസ്യരസപ്രധാനമായ ഒരു ദൃശ്യകലയാണ്
- ചതുർവിധാഭിനയങ്ങളുടെ സംവിധാനത്തിൽ ക്ലാസിക്ശൈലിയും ഗ്രാമീണരീതിയും തുള്ളലിൽ സമന്വയിച്ചിരിക്കുന്നു
- ഓട്ടൻ, പറയൻ, ശീതങ്കൻ എന്നിങ്ങനെ തുള്ളൽ മൂന്ന് വിധം
- ചമയത്തിലും സമയത്തിലുമുള്ള വ്യത്യാസം മൂന്ന് തുള്ളലിലും കാണാം
- വേഷത്തിലും വൃത്തത്തിലും നൃത്തത്തിലും ഉള്ള ഭേദമാണ് തുള്ളലിന്റെ വിഭാഗങ്ങൾക്ക് അടിസ്ഥാനം
- പൂർവ്വാഹ്നത്തിൽ ശീതങ്കൻ, അപരാഹ്നത്തിൽ പറയൻ, സന്ധ്യാനന്തരം ഓട്ടൻ ഈ അഭിനയക്രമം നമ്പ്യാരുടെ തുള്ളലുകളിലും പാലിച്ചിരിക്കുന്നു
- പതിനെട്ടാം നൂറ്റാണ്ടാണ് കുഞ്ചൻനമ്പ്യാരുടെ കാലഘട്ടം
- സാമൂഹികവിമർശനമാണ് തുള്ളൽകൃതികളിലെ പ്രമേയം
- സാധാരണജനങ്ങൾക്ക് കാവ്യം മനസ്സിലാകണമെങ്കിൽ അവരുടെ ഭാഷയിലായിരിക്കണം കവിത രചിക്കേണ്ടത് എന്ന അഭിപ്രായമാണ് നമ്പ്യാർക്കുള്ളത്
- ഭാഷയേറി വരുന്ന മണിപ്രവാളഭാഷയാണ് കാവ്യമെഴുതാൻ ഉചിതം
- സഭാപ്രവേശം തുള്ളൽ ഒരു പറയൻതുള്ളലാണ്.
- പാണ്ഡവന്മാർക്ക് അസുരശില്പിയായ മയൻ പണിതുകൊടുത്ത സഭയിലേക്ക് കൗരവർ വരുന്നതും അവർക്ക് പറ്റിയ അമളിയുമാണ് കാവ്യത്തിലെ പ്രമേയം

SGOU

## Objective Questions

1. കല എന്ന വാക്കിന്റെ അർഥമെന്ത്?
2. കല അനുകരണമാണെന്ന് പറഞ്ഞ ചിന്തകനാര്?
3. എന്താണ് കല?
4. രാമായണചിത്രങ്ങൾ ആലേഖനം ചെയ്തിട്ടുള്ള കൊട്ടാരം ഏത്?
5. കൃഷ്ണപുരം കൊട്ടാരത്തിലെ ചുമർചിത്രം ഏതാണ്?
6. കേരളത്തിലെ ഏത് ക്ഷേത്രത്തിലാണ് രാമരാവണയുദ്ധം രചിച്ചിട്ടുള്ളത്?
7. മഹിഷമർദ്ദനം നടത്തുന്ന ദുർഗ്ഗയുടെ ചിത്രം ആലേഖനം ചെയ്തിട്ടുള്ള ക്ഷേത്രമേത്?
8. സാമാന്യകലകളുടെ മറ്റൊരു പേര്?
9. അത്ഭുതകലകൾക്ക് ഒരുദാഹരണം
10. എന്താണ് ശില്പകലകൾ?
11. സംഗീതത്തിന് ഇമ്പം പകരുന്നത് എന്ത്?
12. നൃത്തത്തിന് സൗന്ദര്യം നൽകുന്നത് ഏതെല്ലാമാണ്?
13. കേരളീയകലകളെ പ്രധാനമായും നിയന്ത്രിക്കുന്ന ഘടകം?
14. സുന്ദരകലകളിൽ വെച്ച് ഏറ്റവും ആകർഷകമായിട്ടുള്ളത് ഏത്?
15. അഭിനയത്തിലെ വേഷഭൂഷാദികൾക്ക് പറയുന്ന പേരെന്ത്?
16. സാത്വികം എന്നുപറഞ്ഞാലെന്ത്?
17. നാട്യകലയെക്കുറിച്ചുള്ള വിവരങ്ങൾ ആദ്യമായി പ്രതിപാദിക്കപ്പെടുന്ന കൃതി ഏത്?
18. ഏത് കൃതിയുടെ പേരാണ് ഷട്സഹസ്രി എന്നത്?
19. നാട്യശാസ്ത്രത്തിലുള്ള ശ്ലോകങ്ങളുടെ എണ്ണം എത്ര?
20. ചതുർവിധാഭിനയ പ്രധാനമായ കല ഏത്?
21. രാമനാട്ടത്തിന്റെ ഉപജ്ഞാതാവ് ആര്?
22. കഥകളിയെ ചിട്ടപ്പെടുത്തുന്നതിൽ പ്രധാന പങ്കുവഹിച്ചതാരാണ്?
23. സാത്വികഗുണമുള്ള കഥാപാത്രങ്ങളെ അവതരിപ്പിക്കുന്ന വേഷമേത്?
24. കഥകളിയിലെ സ്ത്രീവേഷം ഏത്?
25. തമോഗുണമുള്ളവർക്ക് നൽകിയിട്ടുള്ള വേഷം ഏത്?
26. കഥകളിക്ക് തടസ്സങ്ങൾ വരാതിരിക്കാനുള്ള ഈശ്വരസ്തുതിക്ക് പറയുന്ന പേരെന്ത്?
27. മേളപ്പദത്തെ പറയുന്ന മറ്റൊരു പേര്?
28. മേളപ്പദമായി പാടുന്ന പാട്ട് ഏതാണ്?
29. കഥകളി എന്ന ദൃശ്യകലയുടെ രംഗാവതരണത്തിനുള്ള സാഹിത്യരൂപമേത്?

SGOU

30. രാമനാട്ടത്തിലെ അംഗിയായ രസം ഏത്?
31. കോട്ടയത്തുതമ്പുരാന്റെ ആട്ടക്കഥകളുടെ പ്രതിപാദ്യമെന്ത്?
32. കേരളശാകുന്തളം എന്നറിയപ്പെടുന്ന കൃതി ഏത്?
33. കഥകളിയുടെ പ്രാരംഭച്ചടങ്ങ് എന്താണ്?
34. വഞ്ചിപ്പാട്ടിന്റെ വൃത്തം ഏത്?
35. നാഗാരാധനാപരമായ ഒരു പ്രാചീനകല ഏത്?
36. ഹാസ്യരസപ്രധാനമായ ഒരു ദൃശ്യകല?
37. നമ്പ്യാർക്കുമുമ്പേ രചിക്കപ്പെട്ട തുള്ളൽകൃതി ഏത്?
38. ഓട്ടൻ എന്ന പദത്തിന്റെ അർത്ഥമെന്ത്?
39. ശീതങ്കൻ എന്ന വാക്കിന്റെ ഉത്ഭവം എന്ത്?
40. പറയൻതുള്ളലിലെ പറയൻ എന്ന പദം സൂചിപ്പിക്കുന്നത് എന്ത്?
41. ഗീതഗോവിന്ദത്തിന്റെ വിവർത്തനമായ ഭാഷാഷ്ടപദിയുടെ കർത്താവ് ആര്?
42. സഭാപ്രവേശം ഏതുതരം തുള്ളൽകൃതിയാണ് ?
43. കൈരളിയുടെ പൊട്ടിച്ചിരിയെന്നു വിശേഷിപ്പിക്കപ്പെട്ട കവി ആര്?
44. കുഞ്ചൻനമ്പ്യാരുടെ കുലദേവതയായി കണക്കാക്കുന്നതാരെ?
45. സഭാപ്രവേശംതുള്ളലിന്റെ ഉള്ളടക്കമെന്ത്?
46. പാണ്ഡവർക്ക് ഇന്ദ്രപ്രസ്ഥസഭാമന്ദിരം നിർമ്മിച്ചു നൽകിയതാര്?
47. ദുര്യോധനന് പറ്റിയ അമളികൾ കണ്ട് ആർത്തുചിരിച്ചതാരെല്ലാം?
48. നമ്പ്യാർകൃതികളിൽ പ്രത്യക്ഷപ്പെടുന്ന കേരളീയ രാജാവാര്?
49. 'ഭടജനങ്ങളുടെ നടുവിലുള്ളൊരു പടയണിക്കിഹ ചേരുവാൻ വടിവിയന്നൊരു ചാരുകേരളഭാഷതന്നെ ചിതം വരൂ.' ആരുടെ വരികൾ? സാംഗിത്യമെന്ത്?
50. നമ്പ്യാർക്കവിതകളുടെ പ്രധാനമുഖമുദ്ര എന്താണ്?
51. മലയാളത്തിലെ ഒറ്റക്കൽ മണ്ഡപമാണ് കുചേലവൃത്തം വഞ്ചിപ്പാട്ടെന്ന് വിശേഷിപ്പിച്ചതാര്
52. ആട്ടക്കഥയിലെ ഭാഷ എപ്രകാരമാണ്?

SGOU

## Answers

1. സൃഷ്ടി
2. പ്ലേറ്റോ
3. കലനം ചെയ്യുന്നത് അല്ലെങ്കിൽ സന്തോഷിപ്പിക്കുന്നത്
4. മട്ടാഞ്ചേരി
5. ഗജേന്ദ്രമോക്ഷം
6. പത്തനംതിട്ടയിലെ പനയന്നാർകാവ്
7. പുണ്ഡരീകപുരം ക്ഷേത്രം
8. സോപയോഗകലകൾ
9. അമ്മനാട്ടം, ഞാണിൻമേൽക്കളി
10. രൂപസൗന്ദര്യം കൊണ്ട് കാണികളിൽ സന്തോഷമുളവാക്കുന്നവ
11. വാദ്യം
12. വാദ്യവും ഗീതവും
13. താളം
14. നാട്യകല
15. ആഹാര്യം
16. ഭാവപ്രകാശനം
17. നാട്യശാസ്ത്രം
18. നാട്യശാസ്ത്രം
19. 6000
20. കഥകളി
21. കൊട്ടാരക്കരത്തമ്പുരാൻ
22. കോട്ടയത്തുത്തമ്പുരാൻ
23. പച്ച
24. മിനുക്ക്
25. കരി
26. തോടയം
27. മഞ്ജുതര
28. ഗീതഗോവിന്ദത്തിലെ 'മഞ്ജുതര കുഞ്ജ കേളസദനേ'
29. ആട്ടക്കഥ
30. ഭക്തി

SGOU

31. മഹാഭാരതകഥകൾ
32. നളചരിതം ആട്ടക്കഥ
33. കേളികൊട്ട്
34. നതോന്നത
35. സർപ്പംതുള്ളൽ
36. തുള്ളൽ
37. കൃഷ്ണാർജുനവിജയം തുള്ളൽ
38. ദ്രുതഗതിയിലുള്ളത്
39. ഐശ്വര്യം എന്നർഥമുള്ള ശീതങ്കൻ എന്ന വാക്കിൽനിന്നും
40. പറയസമുദായത്തെ
41. രാമപുരത്തുവാര്യർ
42. പറയൻതുള്ളൽ
43. കുഞ്ചൻനമ്പ്യാർ
44. കിള്ളിക്കുറിശ്ശി മഹാദേവൻ
45. ഇന്ദ്രപ്രസ്ഥസഭയിൽ പ്രവേശിച്ച ദുര്യോധനന് സംഭവിക്കുന്ന സ്ഥലജലവിഭ്രാന്തി
46. മയൻ എന്ന അസുരശില്പി
47. പാഞ്ചാലിയും ഭീമസേനനും
48. ഉലകുടപെരുമാൾ
49. കുഞ്ചൻനമ്പ്യാരുടെ, ജനസാമാന്യഭാഷയാണ് നമ്പ്യാരുടേതെന്നു സൂചിപ്പിക്കുന്നു
50. ആക്ഷേപഹാസ്യം
51. പുതുശ്ശേരി രാമചന്ദ്രൻ
52. പ്രൗഢസംസ്കൃതം, ഉത്തമമണിപ്രവാളം, ശുദ്ധമലയാളം എന്നിങ്ങവെ മൂന്നുശൈലികൾ ഉൾപ്പെടുന്നു

SGOU

## Assignments

1. ആധുനിക സമൂഹത്തിൽ കലകൾ ചെലുത്തുന്ന സ്വാധീനം വിശദീകരിക്കുക
2. നാടോടികലകളുടെ സ്വാധീനം കഥകളിയിൽ കണ്ടെത്തുക
3. തുള്ളൽ ഒരു ജനകീയകലയാണോ? സമർഥിക്കുക.
4. നമ്പ്യാർക്കവിതകളിലെ നാടോടിശീലുകളുടെ പ്രസക്തി-ചർച്ച ചെയ്യുക.
5. നമ്പ്യാരുടെ വർണനാപാടവം സഭാപ്രവേശം തുള്ളലിനെ അടിസ്ഥാനമാക്കി ചർച്ച ചെയ്യുക
6. കഥകളിയുടെ അവതരണരീതിയും സാഹിത്യവും വിശദീകരിക്കുക

## Reference


1. ഡോ.വി.എസ്. ശർമ്മ, കുഞ്ചൻനമ്പ്യാർ ജീവിതവും കൃതികളും, സാഹിത്യപ്രവർത്തക സഹകരണസംഘം, കോട്ടയം
2. അമ്പലപ്പുഴ ഗണപതിശർമ്മ, തുള്ളൽപ്രസ്ഥാനത്തിന്റെ ആഗമം, കേരള സാഹിത്യ അക്കാദമി, തൃശൂർ
3. കെ.എൻ. ഗണേശ്, കുഞ്ചൻ: വാക്കും സമൂഹവും, വള്ളത്തോൾ വിദ്യാപീഠം, ശുകപുരം
4. അയ്മനം കൃഷ്ണകൈമൾ, ആട്ടക്കഥാസാഹിത്യം, കേരള ഭാഷാ ഇൻസിറ്റിറ്റ്യൂട്ട് , തിരുവനന്തപുരം
5. എരുമേലി പരമേശ്വരൻപിള്ള, മലയാളസാഹിത്യം കാലഘട്ടങ്ങളിലൂടെ, ഡി.സി. ബുക്സ്, കോട്ടയം


## Suggested Reading


1. ഡോ. കെ. എം. ജോർജ്(എഡി.) സാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ, എൻ.ബി.എസ്, കോട്ടയം.
2. ഡോ. കെ.ജി. ശ്രീദേവി, ശിവപുരാണം കിളിപ്പാട്ട്: പഠനവും പാഠവും, റെയ്ൻബോ ബുക്സ്, തിരുവനന്തപുരം.
3. കെ.പി നാരായണപിഷാരടി (വിവ.) ഭരതമുനിയുടെ നാട്യശാസ്ത്രം, കേരള സാഹിത്യ അക്കാദമി, തൃശൂർ.
4. എൻ. കൃഷ്ണപിള്ള, കൈരളിയുടെ കഥ, ഡി.സി ബുക്സ്, കോട്ടയം.


SGOU

# മുക്തകങ്ങൾ

# BLOCK - 06

# യൂണിറ്റ് - 1

# മുക്തകങ്ങൾ

## Learning Outcomes

- വെണ്മണിപ്രസ്ഥാനത്തെപറ്റി അറിയുന്നു
- മുക്തകങ്ങളെക്കുറിച്ച് അറിവു ലഭിക്കുന്നു
- മുക്തകഭാഷാസവിശേഷതകൾ തിരിച്ചറിയുന്നു
- മലയാളത്തിലെ പ്രധാന മുക്തകങ്ങളെ പരിചയപ്പെടുന്നു
- മലയാളത്തിലെ മുക്തകരചയിതാക്കളുടെ കൃതികൾ മനസ്സിലാക്കുന്നു

## Prerequisite

മുക്തകം എന്ന പദത്തിന് രണ്ട് അർഥം ഉണ്ട്. മുക്തകം എന്നാൽ മോചിച്ചത് അല്ലെങ്കിൽ മുക്തമാക്കപ്പെട്ടത്, മറ്റൊന്ന് മുത്ത് എന്നും. രണ്ട് അർഥവും യോജിക്കുന്ന വിധത്തിലാണ് സംസ്കൃതത്തിലും മലയാളത്തിലും മുക്തകം എന്ന കാവ്യസമ്പ്രദായം രൂപംകൊണ്ടിട്ടുള്ളത്. സംസ്കൃതത്തിൽനിന്ന് മലയാളത്തിലേക്ക് കടന്നുവന്നിട്ടുള്ളതും പിന്നീട് മലയാളസാഹിത്യത്തിൽ വികസിച്ചുവന്നതുമായ ഒരു കാവ്യശാഖയാണ് മുക്തകം. മോചിപ്പിക്കപ്പെട്ടത് എന്ന അർഥമെടുത്താൽ, വലിയ കാവ്യങ്ങളിൽനിന്ന് - മഹാകാവ്യങ്ങൾ, പുരാണേതിഹാസങ്ങൾ, ഖണ്ഡകാവ്യങ്ങൾ തുടങ്ങിയവയിൽനിന്ന് അടർത്തിയെടുക്കപ്പെട്ട ശ്ലോകങ്ങളാണ് ഇവ. നാലുപാദങ്ങളിൽ അർഥപൂർണ്ണത വരുന്ന ശ്ലോകങ്ങളാണ് മുക്തകങ്ങൾ അഥവാ ഒറ്റശ്ലോകങ്ങൾ, കാവ്യങ്ങളിൽ നിന്നും അടർത്തിയെടുത്താലും അർഥവ്യത്യാസം ജനിപ്പിക്കാത്തവയാണ് മോചിപ്പിക്കപ്പെട്ടത് എന്ന അർഥത്തിലുള്ള മുക്തകങ്ങൾ. മറ്റൊന്നിനോടും കടപ്പാടില്ലാതെ സ്വതന്ത്രമായി നിൽക്കുന്നവയാണ് ഇവ. രാമായണമഹാഭാരതങ്ങളിൽ ധാരാളം മുക്തകങ്ങൾ കാണാവുന്നതാണ്. ആദികാവ്യമായ രാമായണത്തിലെ ആദ്യശ്ലോകം തന്നെ ഒരു മുക്തകമാണ്. ക്രൗഞ്ചമിഥുനങ്ങളിലൊന്നിനെ വേടൻ അമ്പെയ്തപ്പോൾ കവിയ്ക്ക് ഉണ്ടായ കോപം ശോകമായി മാറിയതും ശോകം ശ്ലോകമായി മാറിയതും മുക്തകത്തിന് ഉദാഹരണമാണ്. പാശ്ചാത്യസാഹിത്യത്തിലെ ഗീതകപ്രസ്ഥാനത്തിന്റെ സ്വാധീനം ഈ ലഘുകാവ്യങ്ങൾക്കുണ്ട്.

> മുക്തകം ശ്ലോക ഏവൈകശ്ച - മത്കാരക്ഷമഃ സതം - ആചാര്യ ദണ്ഡി (കാവ്യാദർശം)
> മുക്തകം ശ്ലോക ഏകസ്യാൽ ചമത്കാരക്ഷഃ സതാം - അഗ്നിപുരാണം
> ഛന്ദോബദ്ധപദം പദ്യം തേന മുക്തേന മുക്തകം - സാഹിത്യദർപ്പണം

"മാ, നിഷാദ! പ്രതിഷ്ഠാം ത്വ-
മഗമ ശാശ്വതീ സമാഃ
യത് ക്രൗഞ്ച മിഥുനാദേകമവധി-
കാമമോഹിതം.''

SGOU

ഒരേ സമയം ശാപവും അനുഗ്രഹവുമായി ഭവിച്ചതാണ് ഈ ശ്ലോകം. ജീവിതത്തിന്റെ നിസ്സാരതയെ കുറിയ്ക്കുന്ന മഹാഭാരതത്തിലെ ഈ ശ്ലോകം: മുക്തകത്തിനുദാഹരണമായി ചൂണ്ടി കാണിക്കുന്നു.

"സർവ്വേ ക്ഷയാന്ത നിചയാ
പതനാന്ത സമുച്ചയാ
സംയോഗാ വിപ്രയോഗാന്താ''

മലയാളത്തിലെ ഖണ്ഡകാവ്യങ്ങളിൽ മുക്തകങ്ങളുടെ ഒരു നീണ്ട നിരതന്നെ കാണാവുന്നതാണ്. കുമാരനാശാന്റെ നളിനിയിൽ, പൊയ്കയിൽ വിടർന്നു നിൽക്കുന്ന താമരയെ നോക്കി നളിനി പറയുന്ന പദ്യം മുക്തകത്തിന് ഉദാഹരണമാണ്.

ത് മറ്റേവർക്കും പറയാൻ കഴിയുന്ന ഒന്നാണ്.

"സന്തതം മിഹിരനാത്മശോഭയും
സ്വന്തമാം മധു കൊതിച്ച വണ്ടിനും
ചന്തമാർന്നരുളി നിൽക്കുമോമലേ,
ഹന്ത! ധന്യമിഹ നിന്റെ ജീവിതം."

ലീലാതിലകം എന്ന മണിപ്രവാളസാഹിത്യലക്ഷണഗ്രന്ഥം മുക്തകങ്ങളുടെ കലവറയാണ്. സംസ്കൃതത്തിലും മലയാളത്തിലും വൈവിധ്യമാർന്ന നിരവധി മുക്തകങ്ങളുണ്ട്. അവ വ്യത്യസ്തങ്ങളായ വിഷയങ്ങളെ കൈകാര്യം ചെയ്യുന്നവയുമാണ്. അഗമ്യമെന്ന് കരുതപ്പെട്ടിരുന്ന അനേകവിഷയങ്ങൾ മുക്തകകർത്താക്കളുടെ സർഗവൈഭത്താൽ നിത്യനൂതനത്വം കൈവരിച്ചിട്ടുണ്ട്. വിഷയസ്വഭാവം അനുസരിച്ച് രാജസ്തുതി, ഛായാചിത്രം, മംഗളം, വസ്തുചിത്രണം, ശൃംഗാരം, തത്വചിന്ത, ഭക്തി എന്നിങ്ങനെ മുക്തകങ്ങളെ വിഭജിക്കാം. ആശയപ്രകാശനത്തിന് ഉതകുന്ന കേവലശ്ലോകങ്ങളെന്നതിലുപരി മിക്ക ശ്ലോകങ്ങളും അനുവാചകന് സമഗ്രമായ അനുഭൂതി പ്രദാനം ചെയ്യുന്നവയാണ്.

നാലുപാദത്തിൽ അർഥപൂർത്തിവരുന്ന ശ്ലോകത്തെയാണ് മുക്തകം എന്നു പറയുന്നത്. ഇവയെ ഒറ്റശ്ലോകങ്ങൾ എന്നും പറയുന്നു. വൈവിധ്യമാർന്ന വിഷയങ്ങൾ പ്രതിപാദിക്കുന്ന നിരവധി മുക്തകങ്ങൾ നമ്മുടെ സാഹിത്യത്തിലുണ്ട്. കാവ്യസ്വരൂപം കൊണ്ട് മുക്തകങ്ങൾ സൂക്ഷ്മരൂപികളാണ്. കാച്ചിക്കുറുക്കിയെടുക്കുമ്പോഴുണ്ടാകുന്ന ഭാവസാന്ദ്രതയും വികാരതീവ്രതയുമാണ് മുക്തകങ്ങളിലൂടെ അനുഭവവേദ്യമാകുന്നത്. വസ്തുനിഷ്ഠവും ആത്മനിഷ്ഠവുമായി വസ്തുതകളെ ആവിഷ്കരിക്കാൻ ഈ കാവ്യരൂപം കവിയെ സഹായിക്കുന്നു. വിജ്ഞാനത്തോടൊപ്പം വിനോദവും പ്രദാനം നൽകുന്നതാണ് മുക്തകങ്ങൾ. രസാശ്രയമായ ചമത്കാരസവിശേഷത ഇവയുടെ പ്രത്യേകതയാണ്. ഭക്തിയും ഇത്തരം ശ്ലോകങ്ങളിൽ ധാരാളം കാണാം.

## Keywords

വെണ്മണിപ്രസ്ഥാനം - വെണ്മണിക്കവികൾ - മുക്തകങ്ങൾ - മലയാളത്തിലെ മുക്തകങ്ങൾ - മുക്തകഭാഷ - മുക്തകരചയിതാക്കൾ - കൃതികളുടെ പ്രത്യേകതകൾ

SGOU

## Discussion

## 6.1.1 വെണ്മണിപ്രസ്ഥാനം

ദക്ഷിണകേരളത്തിൽ കേരളവർമ്മ വലിയ കോയിത്തമ്പുരാന്റെ നേതൃത്വത്തിൽ പ്രാസനിഷ്ഠ മണിപ്രവാളശൈലിക്ക് വ്യാപകമായ പ്രചാരം ലഭിച്ചുകൊണ്ടിരിക്കവേ, മധ്യകേരളത്തിൽ വെണ്മണിപ്രസ്ഥാനം വളർന്നു. ഭിന്നങ്ങളായിരുന്നു ഈ രണ്ടു കാവ്യസരണികളും. ചെറുശ്ശേരിയിൽ തുടങ്ങിയ മലയാളകാവ്യഭാഷയുടെ ഇങ്ങേതലയ്ക്കൽ നാം വെണ്മണിപ്രസ്ഥാനം കാണുന്നു. മധുരമായ സംസ്കൃത - മലയാള പദങ്ങളുടെ സംയോജനത്തിലൂടെ ഭാഷാശൈലിക്കു കൈവന്ന ലാളിത്യവും പ്രസന്നതയുമാണ് കവിതകളുടെ ഭാഷാപരമായ സവിശേഷത. വെണ്മണിക്കവികൾ നാടോടി മലയാളപദങ്ങൾ കവിതയിൽ വാരിക്കോരി പെരുമാറി. കോമളമായ വെണ്മണിക്കവിതയുടെ ഈ ശൈലി സഹൃദയർക്കു പ്രിയങ്കരമായി. സംസ്കൃതപ്രിയരായിരുന്നു വെണ്മണിക്കവികളെങ്കിലും ശുദ്ധമലയാളത്തിന്റെ ഉത്തമസുഹൃത്തുക്കളുമായിരുന്നു. ലാളിത്യം, വാങ്മയചിത്രീകരണത്തിലെ സ്വാഭാവികത, വിഷയസ്വീകരണത്തിലെ സാധാരണത്വവും മൗലികതയും, ഫലിതം, പരിഹാസം തുടങ്ങിയ പ്രത്യേകതകൾ വെണ്മണിപ്രസ്ഥാനത്തിന് അവകാശപ്പെട്ടതാണ്. വാക്കുകൾകൊണ്ടു മോഹനചിത്രങ്ങൾ നെയ്തെടുക്കാനുള്ള വെണ്മണിക്കവികളുടെ വൈദഗ്ധ്യം പ്രശംസാർഹമാണ്. കവിതയുടെ ലക്ഷ്യം ഇക്കവികളെ സംബന്ധിച്ചിടത്തോളം ആനന്ദം മാത്രമാണെന്ന് പ്രത്യക്ഷത്തിൽ തോന്നാം. എന്നാൽ അതിൽ ഉൾക്കൊണ്ടിട്ടുള്ള സാമൂഹിക വിമർശനം നാം വേണ്ടത്ര പരിഗണിച്ചില്ല.

### 6.1.1.1 പശ്ചാത്തലം

വെണ്മണിപ്രസ്ഥാനത്തിന്റെ പൂർവഗാമികളായി ചേലപ്പറമ്പു നമ്പൂതിരി (16891780), അമ്പാടി കുഞ്ഞികൃഷ്ണപൊതുവാൾ (18121881) വിലട്ടത്തു രാഘവൻ നമ്പ്യാർ (18211899), പൂന്തോട്ടത്ത് അച്ഛൻ (ദാമോദരൻ നമ്പൂതിരി (18211865) എന്നിവരെ കരുതാമെന്ന് ഡോ. അകവൂർ നാരായണൻ (വെണ്മണി പ്രസ്ഥാനം) അഭിപ്രായപ്പെടുന്നു. സൂക്ഷ്മമായി നിരീക്ഷിച്ചാൽ മലയാളസാഹിത്യത്തിലെ കാല്പനികതയുടെ ആദ്യാങ്കുരങ്ങൾ ചേലപ്പറമ്പന്റെ പദ്യങ്ങളിൽ ദർശിക്കാം. സരളമായ ശൈലിയിൽ വാങ്മയചിത്രങ്ങൾ നെയ്തെടുക്കാനുള്ള അദ്ദേഹത്തിന്റെ കാവ്യവൈഭവം പ്രശംസാർഹമാണ്. ഈ ചേലൊത്ത് കാവ്യരചന നിർവഹിക്കാനാണ് ഇതരകവികളും സന്നദ്ധരായത്. നൈസർഗികമായ നർമ്മബോധവും ശാലീനമായ ശൈലിയും ആവിഷ്കരണചടുലതയും ഇക്കവികളുടെ സിദ്ധിവിശേഷങ്ങളാകുന്നു. മണിപ്രവാളത്തിന്റെ വരുതിയിൽനിന്നു മുക്തമായ ഈ സ്വതന്ത്ര കവിതാശൈലി വെണ്മണികവികൾക്കു മാർഗദർശകമായി.

വെണ്മണിക്കവികൾ: വെണ്മണി അച്ഛൻ (പരമേശ്വരൻ നമ്പൂതിരിപ്പാട് (1816- 1891), വെണ്മണി മഹൻ (കദംബൻ) നമ്പൂതിരിപ്പാട് (1844-1893) എന്നിവരാണ് വെണ്മണിപ്രസ്ഥാനത്തിന്റെ ഉപജ്ഞാതാക്കൾ. എങ്കിലും കാവ്യരംഗത്ത് മഹനാണ് പ്രധാനി. ചൊവ്വര(ആലുവാ)യ്ക്കടുത്ത് വെള്ളാരപ്പള്ളിയിലാണ് വെണ്മണി ഇല്ലം. വെണ്മണി അച്ഛന് ശ്രീദേവി അന്തർജനത്തിലുണ്ടായ മകനാണ് മഹൻ. വെണ്മണി അച്ഛൻ കൊടുങ്ങല്ലൂർ കോവിലകത്തെ കുഞ്ഞിപ്പിള്ള തമ്പുരാട്ടിയേയും വിവാഹം ചെയ്തു. അതിലുണ്ടായ മകനാണ് കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ. മലയാള കവിതയ്ക്ക് ശില്പപരമായ പുതിയ മാനം കണ്ടെത്തിയ വെണ്മണിക്കവികൾ രൂക്ഷമായ വിമർശനത്തിനു വിധേയരായിട്ടുണ്ട്. വെണ്മണിക്കവിതയെന്നു കേട്ടാൽ ശൃംഗാരകവിതയെന്നായി പൊതുവായ അർഥം. പൂരപ്രബന്ധവും അംബോപദേശവും മറ്റും തെളിവായി എടുത്തു നിരത്തുകയും ചെയ്യാം. ശൃംഗാരം പലപ്പോഴും അശ്ലീലമായെന്നും വരാം.

മനുഷ്യജീവിതത്തിലെ ചില ഉപരിതല ചലനങ്ങൾ മാത്രമേ അവർ ശ്രദ്ധിച്ചിരുന്നുള്ളൂ. ഈ ബഹിർമുഖവ്യഗ്രത വെണ്മണിക്കവിതകളുടെ ഗൗരവം കുറച്ചു. ജീവിതസമസ്യകളൊന്നും അവരെ അലട്ടിയതേയില്ല. ജീവിതമാകട്ടെ ഇക്കവികളെ സംബന്ധിച്ചിടത്തോളം കേവലം വിനോദം മാത്രം. ഇത്തരമൊരു ജീവിതത്തിന് കൂട്ടുനില്

SGOU

ക്കാനേ കവിത വേണ്ടൂ. നാടുവാഴിത്തത്തോടൊപ്പം നാശത്തിലേക്കു വഴുതിവീണു തുടങ്ങിയ നമ്പൂതിരിമാരുടെ ആധിപത്യം വീണ്ടെടുക്കാനുള്ള ശ്രമം എവിടെയും കാണാനില്ല. ജീർണിച്ചു തുടങ്ങിയ പഴയ ആചാരങ്ങളെത്തന്നെ അവർ മുറുകെപ്പിടിച്ചു. നിഷ്ക്രിയത്വത്തെ, അലസതയെ പരോക്ഷമായി കുത്തിനോവിക്കാൻ ചിലപ്പോഴെങ്കിലും വെണ്മണിക്കവിതകൾ സമർഥമായിട്ടുണ്ടെന്ന വസ്തുത എടുത്തു പറയട്ടെ.

## 6.1.2 കൂട്ടുകവിതാപ്രസ്ഥാനം

പഴയ തലമുറയിൽപ്പെട്ട കവികളുടെ കാവ്യവിനോദമായിരുന്നു കൂട്ടുകവിതാരചന. ഏതെങ്കിലും ഒരു കഥ ഇതിവൃത്തമാക്കി ഒന്നിലധികം കവികൾ ചേർന്ന് ഒരു കാവ്യം എഴുതുന്ന സമ്പ്രദായമാണിത്. കവികൾ ഒത്തുചേർന്ന് കഥ തെരഞ്ഞെടുക്കുന്നു. അതിനുശേഷം ഓരോരുത്തരും എഴുതേണ്ട സർഗങ്ങൾ തീരുമാനിക്കുന്നു. ഏറ്റവും ചുരുങ്ങിയ സമയം കൊണ്ട് തങ്ങളെ ഏല്പിക്കുന്ന ഖണ്ഡം ഓരോ കവിയും എഴുതി സമർപ്പിക്കണം. 'കവനകൗമുദി'യാണിതിന് നേതൃത്വം നല്കിയത്. പന്തളം കേരളവർമ, ഉള്ളൂർ, കുണ്ടൂർ, വള്ളത്തോൾ, ഒടുവിൽ, കുറ്റിപ്പുറം, കോയിപ്പള്ളി തുടങ്ങിയവരാണ് കൂട്ടുകവിതാപ്രസ്ഥാനത്തിൽ ഏർപ്പെട്ടിരുന്നത്. സരള, ദേവകി, പത്മിനി, സത്യവതി, ദേവയാനിപരിണയം, ഉപകോശം, ഗജേന്ദ്രമോക്ഷം, ചണ്ഡാലിമോക്ഷം തുടങ്ങിയ കൃതികൾ ഈ പ്രസ്ഥാനത്തിൽപ്പെടുന്നു.

## 6.1.3 പച്ചമലയാള പ്രസ്ഥാനം

സംസ്കൃതപദങ്ങളുടെ അതിപ്രസരം മലയാളകവിതയുടെ വ്യക്തിത്വം ഇല്ലാതാക്കുന്നു എന്നൊരാരോപണം ഉയർന്നുവന്നു. സംസ്കൃതപദങ്ങളുടെ സഹായം കൂടാതെ പ്രശസ്ത കവികൾക്കുപോലും കവിതയെഴുതാൻ ആവില്ല എന്ന സ്ഥിതിവിശേഷം വ്യാപകമായ വിമർശനത്തിനു കാരണമായി. ഇതു സംബന്ധിച്ച് സി. പി. അച്യുതമേനോനും കുഞ്ഞിക്കുട്ടൻ തമ്പുരാനും തമ്മിൽ തർക്കമുണ്ടായി. തനിമലയാളത്തിൽ എഴുതാൻ തനിക്കു കഴിയുമെന്ന് തമ്പുരാൻ തീർത്തുപറഞ്ഞു. അതിന്റെ അടിസ്ഥാനത്തിൽ 52 ശ്ലോകങ്ങളുള്ള 'നല്ലഭാഷ' എന്ന പച്ചമലയാളകൃതി 1066-ൽ 'വിദ്യാവിനോദിനി'യിൽ കുഞ്ഞിക്കുട്ടൻ തമ്പുരാൻ പ്രസിദ്ധീകരിച്ചു. അങ്ങനെ തമ്പുരാൻ പച്ചമലയാള കവിതാപ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവായി. 'ഒടി' എന്നൊരു കൃതിയും ഇതേ രീതിയിൽ തമ്പുരാൻ രചിക്കുകയുണ്ടായി. അപ്പൻ തമ്പുരാൻ എഴുതിയ 'പച്ചമലയാളം' എന്ന ലേഖനം ഇത്തരത്തിൽ ശ്രദ്ധേയമാണ്.

## 6.1.4 മുക്തകങ്ങൾ

മുക്തകങ്ങൾ അഥവാ ഒറ്റശ്ലോകങ്ങൾ ഒരു കാവ്യശാഖയാണ്. ഇന്നിപ്പോൾ ഇതിന് ഏറെ പ്രാധാന്യമോ പ്രസക്തിയോ ഇല്ലായിരിക്കാം. മലയാളസാഹിത്യത്തിൽ വെണ്മണിപ്രസ്ഥാനവും പച്ചമലയാളപ്രസ്ഥാനവും ഒറ്റശ്ലോകങ്ങളുടെ സാധ്യതകൾ കണ്ടറിഞ്ഞിരുന്നു. പൂർണ്ണമായ ഒരാശയത്തെ ചമല്ക്കാരത്തോടെ ആവിഷ്കരിക്കുന്ന ചതുഷ്പദികളാണ് മുക്തകങ്ങളെന്ന് സാമാന്യമായി പറയാം. സംസ്കൃതസാഹിത്യത്തിലാണ് ഇതാവിർഭവിച്ചത്. മുക്തകം എന്നതിന് അന്യാനാലിംഗിതം (മറ്റൊന്നുമായി ചേർന്നുനില്ക്കാത്തത്, ഒറ്റപ്പെട്ടു നില്ക്കുന്നത്) എന്നർഥം. സ്വയം സമ്പൂർണ്ണാർഥ നിവേദനക്ഷമമായ പദ്യമാണ് മുക്തകം. എൻ.വി. കൃഷ്ണവാര്യർ മുക്തകത്തെ ഇപ്രകാരം നിരീക്ഷിക്കുന്നു. "രസാദ്ബോധനമാണ് മുക്തകത്തിന്റെ സർവപ്രധാനമായ ലക്ഷ്യം. ഈ ലക്ഷ്യത്തെ സമർഥമായി നിർവഹിക്കുമ്പോഴാണ് മുക്തകം ഒരു ഭാവകാവ്യമായിത്തീരുന്നത്. കവിയുടെ ആത്മാംശം, സംസ്കൃതത്തിലെ മറ്റേതു കാവ്യരൂപത്തിലെക്കാളും കൂടുതലായി മുക്തകങ്ങളിൽ സ്പന്ദിച്ചു നില്ക്കുന്നത് ഇതുകൊണ്ടുതന്നെയാണ്". കാവ്യത്തിന്റെ പരമപ്രയോജനമായ സോദ്ബോധനത്തെ സാധിക്കുന്ന മുക്തകം, അതെത്ര ഹ്രസ്വമെങ്കിലും ദീർഘമായ ഒരു പ്രബന്ധത്തോടൊപ്പം ഗൗരവമാർജിക്കുന്നു എന്ന് പ്രാചീന വിമർശകന്മാർ പ്രസ്താവിച്ചിട്ടുണ്ട്. അഗ്നിപുരാണത്തിൽ മുക്തകത്തെ 'മുക്തകം ശ്ലോക ഏകഃസ്യാൽ ചമൽക്കാരാക്ഷമഃ സതാം' എന്ന് നിർണ്ണയം ചെയ്തിരിക്കുന്നതായി ഡോ. കെ. കുഞ്ചുണ്ണിരാജാ രേഖപ്പെടുത്തുന്നു.

'ഛന്ദോബദ്ധപദം പദ്യം തേന മുക്തേന മുക്തകം'' എന്ന് 'സാഹിത്യദർപ്പണ'ത്തിൽ മു

SGOU

ക്തകത്തെ നിർവചിച്ചിരിക്കുന്നു. (വൃത്തബദ്ധമാണ് പദ്യം. അതിൽ അർഥപൂർത്തിക്കായി മറ്റൊന്നിനെ ആശ്രയിക്കാതെ നില്ക്കുന്നത് മുക്തകം). വാമനാചാര്യന്റെ 'കാവ്യാലങ്കാര സൂത്രവൃത്തി'യിൽ അനിബദ്ധമായ ഒറ്റശ്ലോകം വെറും തീപ്പൊരി പോലെയാണെന്നും വെളിച്ചവും ചൂടും നല്കാൻ അതിനു കഴിവില്ലെന്നും അഭിപ്രായപ്പെടുന്നു. എന്നാൽ 'ധ്വന്യാലോക'കാരനായ അനന്ദവർധനാചാര്യൻ ഒറ്റശ്ലോകത്തെ വിലമതിക്കുന്നു. ധ്വന്യാലോകത്തിന്റെ വ്യാഖ്യാതാവായ അഭിനവഗുപ്തനാണ് മുക്തകത്തെ വ്യാഖ്യാനിക്കുകയും വിശദീകരിക്കുകയും ചെയ്തത്. രസോല്പത്തിക്ക് അനുപേക്ഷണീയമായ വിഭവാദി സംഘടന ഒരൊറ്റപ്പദ്യമായ മുക്തകത്തിൽ ഉണ്ടാകണമെന്ന് അദ്ദേഹം നിർദ്ദേശിക്കുന്നു. "ഒരു പ്രബന്ധത്തിലെന്നപോലെ സ്ഫുടോജ്ജ്വലമായും സാക്ഷാല്കാരതുല്യമായും നായിക നായകൻ മുതലായ കഥാപാത്രങ്ങളെയും, ഏതെങ്കിലുമൊരു വികാരോല്പന്നമായ ജീവിതസന്ദർഭത്തെയും, ഏതാനും ചില വാക്കുകൾകൊണ്ട് സഹൃദയഹൃദയത്തിൽ ഉയിർക്കൊള്ളിക്കുവാനുള്ള കഴിവാണ് മുക്തകത്തിന്റെ ജീവൻ. സംസ്കൃതസാഹിത്യത്തിൽ പ്രസിദ്ധനായ അമരുക കവിയുടെ മുക്തങ്ങൾ ഓരോന്നും ഓരോ പ്രബന്ധം പോലെ മഹത്തരമാണെന്ന് ആനന്ദവർധനാചാര്യൻ അഭിപ്രായപ്പെടുന്നു. "അമരുക കവേരേകഃ ശ്ലോകപ്രബന്ധ ശതായതേ"- വ്യാകരണനിയമങ്ങൾക്കു സമ്മതമല്ലെങ്കിലും മുത്ത് എന്നർഥമുള്ള മുക്താപദത്തിൽ നിന്ന് മുക്തകപദം വ്യുൽപാദിപ്പിക്കുന്നതിൽ തെറ്റില്ലെന്ന് ഡോ.കെ. കുഞ്ചുണ്ണിരാജാ അഭിപ്രായപ്പെടുന്നു. മുത്തിനുള്ളതുപോലെ ശോഭയും സർവാംഗീണമായ വർത്തുളസൗന്ദര്യവും മുക്തകത്തിനുണ്ടെന്ന വസ്തുത ഇതിന് ഉപോദ്ബലകമായി അദ്ദേഹം ചൂണ്ടിക്കാണിക്കുന്നു.

### 6.1.4.1 മുക്തകങ്ങൾ മലയാളത്തിൽ

തോലന്റെ കാലം മുതൽ തുടങ്ങിയതെങ്കിലും ഇതൊരു ചെറിയ കാവ്യപ്രസ്ഥാനമായി വളർന്നു വികസിച്ചത് വെണ്മണിപ്രസ്ഥാനകാലത്താണ്. ചില പ്രത്യേക സംഭവങ്ങളെയോ അനുഭവങ്ങളെയോ വിഷയമാക്കിയാണ് മുക്തകങ്ങൾ രചിക്കുന്നത്. ശൃംഗാരരസപ്രധാനമാണ് അധികം ശ്ലോകങ്ങളും. വെണ്മണിപ്രസ്ഥാനത്തിന്റെ ചടുലതയും ആർജവവും ഈ ശ്ലോകങ്ങളിൽ ദർശിക്കാം. എന്നാൽ സുഖലോലുപതയുടെ തൊട്ടിലിൽ ഊഞ്ഞാലാടി രസിക്കുന്ന പ്രഭുത്വത്തിന്റെ മനോവികാരങ്ങളേ ഇവയിൽ കൂടുതലായി പ്രതിഫലിക്കുന്നുള്ളൂ. സുഖിക്കാനുള്ളതാണല്ലോ അവരെ സംബന്ധിച്ചിടത്തോളം ജീവിതം. മാംസനിബദ്ധമായ അനുരാഗസാഫല്യം - ഇതിനെക്കുറിച്ചു മാത്രമേ അവർ ചിന്തിച്ചിട്ടൂ. ഉദാസീനജീവിതത്തിന്റെ ഉക്തിവൈചിത്ര്യങ്ങളായി കരുതാം ഇത്തരം മുക്തകങ്ങളെ. സാധാരണ മനുഷ്യരുടെ ജീവിതപ്രശ്നങ്ങൾ അവർക്കന്യമായിരുന്നു. പക്ഷേ, പ്രകൃതിപ്രതിഭാസങ്ങളെ കവനകലയുടെ മണിച്ചെപ്പുകളിൽ നിറച്ച് നിത്യാകർഷകമായി സൂക്ഷിച്ചുവയ്ക്കാൻ ഇക്കവികൾക്കു സാധിച്ചിട്ടുണ്ട്. അതിനാൽ ഇമ്മാതിരി നാടുവാഴിത്തചിന്തകളുടെ സർഗപ്രതിഫലനം മുക്തകങ്ങളിൽ കാണുന്നതിൽ അത്ഭുതപ്പെടേണ്ടതില്ല. അക്ഷരശ്ലോകസദസ്സുകളിലൂടെയാണ് മുക്തകങ്ങൾക്കു വ്യാപകമായ പ്രചാരം ലഭിച്ചത്. കോഴിക്കോടിനു തെക്കുള്ള ചാലിയം സ്വദേശിയായ ചേലപ്പറമ്പു നമ്പൂതിരി, പൂന്തോട്ടം നമ്പൂതിരി (പൂന്തോട്ടത്ത് അച്ഛനും മഹനുമുണ്ട്, രണ്ടുപേരുടെയും പേര് ദാമോദരൻ എന്നാണ്) ഒറവങ്കര നീലകണ്ഠൻ നമ്പൂതിരി തുടങ്ങിയ കവികളാണ് ഈ പ്രസ്ഥാനത്തിലെ പ്രമുഖർ. വെണ്മണി പ്രസ്ഥാനത്തിൽപെട്ട എല്ലാവരും മുക്തകപ്രസ്ഥാനത്തെ പരിപോഷിപ്പിച്ചവരാണ്.

തോലന്റെ ഒരു ശ്ലോകം:

"തിമിര ഭരമെടുത്തിട്ടേകമേണാങ്കബിംബം
മലകളതിനു താഴേ രണ്ടിതാകാശഗാമീ
തദനു കരിശിരസ്സും തല്ക്കരം രണ്ടുമോർത്താ-
ലൊരു കനകലതായാം കാട്ടിയോരിന്ദ്രജാലം"

ചേലപ്പറമ്പന്റെ രണ്ടു ശ്ലോകങ്ങൾ. ആദ്യത്തേത് കരകവിഞ്ഞൊഴുകുന്ന ചാലിയാറിനോട്;

"അംഭോരാശി കുടുംബിനീ തിലകമേ ന
ൽച്ചാലിയാറേ തൊഴാ -
മൻപെന്ന പ്രതി കൈവരേണമതിനായ്
ഞാനൊന്നു സംപ്രാർത്ഥനയേ
അംബോജാക്ഷികൾ മൗലിയാമിവൾ മണിപ്പോതം



SGOU

കടപ്പോളവും ഗംഭീരാരവുമോളവും ചുഴികളും
കാറ്റും കുറച്ചിടേണം"

രണ്ടാമത്തേത് വേലിയിൽ പടർന്നു കിടക്കുന്ന കയ്പവല്ലരിയെക്കുറിച്ച്.

"പാടത്തിൽകരെ നീളെ നീലനിറമായ്
വേലിക്കൊരാഘോഷമാ-
യാടിത്തൂങ്ങി യലഞ്ഞുലഞ്ഞു സുകൃതം
കൈക്കൊണ്ടിരിക്കും വിധൗ
പാരാതേവരികെന്റെ കയ്യിലധുനാ
പീയൂഷഡംഭത്തെയും
ഭേദിച്ചമ്പൊടു കയ്പവല്ലി തരസാ പെറ്റുള്ള പൈ
തങ്ങളേ."

പൂന്തോട്ടത്തിന്റെ ഈ ശ്ലോകം തൊഴിലാളി സ്ത്രീയെ ചിത്രീകരിക്കുന്നു.

"മൂടില്ലാത്തൊരു മുണ്ടുകൊണ്ടു മുടിയും മൂടീട്ടു
വൻകറ്റയും
ചൂടിക്കൊണ്ടരിവാൾ പുറത്തുതിരുകി
പ്രാഞ്ചിക്കിതച്ചങ്ങനെ
നാടൻ കച്ചയുടുത്തു മേനി മുഴുവൻ ചേറും
പുരണ്ടിപ്പൊഴി -
പ്പാടത്തൂന്നുവരുന്ന നിൻവരവു
കണ്ടേറെക്കൊതിക്കുന്നു ഞാൻ."

ഒറവങ്കരയുടെ ഒരു ശ്ലോകം - ശ്രീമൂലം തിരുനാളിനു കാഴ്ചവച്ചത്.

"മർത്ത്യാകാരേണ ഗോപീവസനനിര
കവർന്നോരു ദൈത്യാരിയെത്തൻ -
ചിത്തേ ബന്ധിച്ച വഞ്ചീശ്വര തവ
നൃപനീതിക്കുതെറ്റില്ല; പക്ഷേ,
പൊൽത്താർമാതാവിതാ തൻകണവനെ
വിടുവാനാശ്രയിക്കുന്നു ദാസീ
വൃത്യാനിത്യം ഭവാനെക്കനിവിവളിലുദിക്കൊല്ല
കാരുണ്യരാശേ"

ബ്രിട്ടീഷുകാരുമായി പിണങ്ങി വയനാട്ടിലെ കാട്ടിൽ കഴിയുന്ന കോട്ടയം കേരളവർമ്മത്തമ്പുരാൻ പഴശ്ശിരാജാ നാട്ടിലുള്ള തന്റെ പ്രിയതമ കൈതേരിമാക്കത്തിന് കൊടുക്കാൻ എഴുതിയ ശ്ലോകം:

"ജാതീ, ജാതാനുകമ്പാ ഭവ, ശരണമയേ മല്ലികേ;
കൂപ്പുകൈ തേ
കേതേ, കൈതേരി മാക്കം കബരിയിലണിവാൻ
കയ്യുയർത്തും ദശായാം ഏതാനേതാൻ മദീയാന
ലർ ശരപരിതാപോദയാനാശു നീതാൻ
നീതാൻ നീതാനുണർത്തീടുക ചടുലകയൽ
കണ്ണിതൻ കർണമൂലേ"

ഹാസ്യരസികനായ ശീവൊള്ളിയുടെ ഒരു ശ്ലോകം:

"നെഞ്ഞത്തിന്നലെ രാത്രി പൂച്ച
കടികൂടിച്ചാടിവീണോ, നിറം
മാഞ്ഞെന്തിങ്ങനെ ചുണ്ടിലെന്നു
സഖിമാരോതിച്ചിരിക്കും വിധൗ
കുഞ്ഞമ്മിഞ്ഞ കുറുഞ്ഞൊളിങ്ങു
ചെറുതച്ചെഞ്ചുണ്ടു പൊത്തിപ്പരം
ഞഞ്ഞമ്മിഞ്ഞ പറഞ്ഞിളിഞ്ഞൊരചലക്കുഞ്ഞേ,
കനിഞ്ഞയ്ക്കണേ"

ഭാവസൗകുമാര്യം, ചടുലത, ധ്വന്യാത്മകത, ഫലിതം, ആക്ഷേപഹാസ്യം, വാങ്മയ ചിത്രീകരണം, സമഗ്രത, ആലങ്കാരികഭംഗി, രചനാകൗശലം മുതലായവ മുക്തകങ്ങളുടെ സവിശേഷതകളാണ്. നാലുപാദങ്ങളിൽ മൂർത്തമായ ഒരു ആശയം പ്രതിപാദിക്കുക നിഷ്പ്രയാസമല്ല. ജീവിതത്തിന്റെയും കാവ്യസൗന്ദര്യത്തിന്റെയും സൂക്ഷ്മാംശങ്ങൾ മനസ്സിലാക്കാത്ത ഒരു കവിക്ക് അർഥപുഷ്ടിയും ചമല്കാരവും ഒത്തിണങ്ങിയ ഒറ്റശ്ലോകങ്ങൾ എഴുതാനാവില്ല. ആസ്വാദനത്തിലെ നവീനപ്രവണതയാകാം, മുക്തകങ്ങൾ സാഹിത്യത്തിലെ നഷ്ടപ്രായമായ പ്രസ്ഥാനമായിത്തീർന്നു. മലയാള കാവ്യസംസ്കാരത്തിന്റെ പ്രകാശപൂർണ്ണമായ രംഗവേദികളാണ് അക്ഷരശ്ലോകസദസ്സുകൾ, സഹൃദയസാന്നിധ്യമുള്ള ഈ സദസ്സുകളിലൂടെ മുക്തകങ്ങൾക്കു പുനർജീവൻ കിട്ടിക്കൊണ്ടിരിക്കുന്നു. ഏവൂരിന്റെ മുക്തകങ്ങൾ (ഏവൂർ പരമേശ്വരൻ), മുക്തമാല (തുളസീവനം), നാല്ക്കാലികൾ (പ്രേംജി), ഡി. ശ്രീമാൻ നമ്പൂതിരിയുടെ മുക്തകങ്ങൾ ഇവ പ്രസിദ്ധങ്ങളായ മുക്തക സമാഹാരങ്ങളാണ്.

### 6.1.4.2 മുക്തകഭാഷ

സംസ്കൃതവിഭക്ത്യന്തങ്ങളോപ്രസിദ്ധമല്ലാത്ത പദങ്ങളെ കഴിവുള്ളിടത്തോളം വർജ്ജിക്കുക; പ്രസാദം (കേട്ടനിമിഷത്തിൽ അർഥാവബോധമുണ്ടാകത്തക്ക പദങ്ങളല്ലാതെ മറ്റൊന്നും



SGOU

പ്രയോഗിക്കാതിരിക്കുക), മാധുര്യം, സൗകുമാര്യം, അർഥാവ്യക്തി, ഗതി (സ്വരങ്ങൾക്ക് ആരോഹാവരോഹക്രമം ദീക്ഷിക്കുമ്പോൾ പ്രകടീഭവിക്കുന്ന രമ്യത) ഇത്യാദി കാവ്യഗുണങ്ങളിൽ പ്രത്യേകം ശ്രദ്ധപതിപ്പിക്കുക; വൈദർഭീരീതി (മാധുര്യാദിഗുണങ്ങൾക്കിണങ്ങിയ കോമളമായ ശബ്ദഘടന) ഈവക കാര്യങ്ങളിൽ നിഷ്കർഷിക്കുക; കർണ്ണസുഖം വരുത്തി ശ്രോതാക്കളെ ആകർഷിക്കുന്നതിന് വൃത്താനുപ്രാസത്തിലും അന്ത്യപ്രാസത്തിലും വിശേഷപ്രതിപത്തി പ്രദർശിപ്പിക്കുക; ഏതു ശ്ലോകവും രസകരമാക്കി അതിന്റെ ആസ്വാദ്യത വർധിപ്പിക്കുക എന്നിങ്ങനെ ചില പദ്ധതികളാണ് ആ മുക്തകപ്രസ്ഥാനത്തിന്റെ ഉപജ്ഞാതാക്കൾ തങ്ങളുടെ ഉദ്ദേശസിദ്ധിക്ക് ഉപയോഗിച്ച രചനാരീതികൾ.

അപ്രയുക്തം, അസമർത്ഥം, പര്യായം, സന്ദിഗ്ദ്ധം, ക്ലിഷ്ടം, അന്യാർഥം, അപ്രതീതികം, പരുഷം തുടങ്ങിയ പല കാവ്യദോഷങ്ങളേയും അവർ അകറ്റിനിറുത്തി. എങ്കിലും ച്യുതസംസ്കാരം, നിരർഥകം, അപ്രയോജകം, ഗ്രാമ്യം തുടങ്ങിയ ദോഷങ്ങളെ അവർ കാര്യമായി ഗണിക്കുകയോ അവയിൽ നിന്നു വിമുക്തി നേടുവാൻ യത്നിക്കുകയോ ചെയ്തില്ല. തന്നിമിത്തം അവരുടെ കൃതികൾ ആപാതമധുരങ്ങളാണെങ്കിലും ആലോചനാമൃതങ്ങളാണെന്നു പറവാൻ നിർവാഹമില്ല. സംസ്കൃതച്ഛന്ദസ്സുകളിൽ നിബദ്ധങ്ങളായ മണിപ്രവാളശ്ലോകങ്ങളിൽ ഭൂരിപക്ഷവും പ്രാചീനകാലം മുതല്ക്കുതന്നെ സ്ത്രീകളെ ഉദ്ദേശിച്ചു രചിക്കപ്പെട്ടവയായിരുന്നു. ആ ശ്ലോകങ്ങൾ ചില അവസരങ്ങളിൽ ശൃംഗാരത്തിന്റെ സഭ്യതാസീമയെപ്പോലും അതിലംഘിച്ചിരുന്നു. ചേലപ്പറമ്പിന്റെ മുക്തകങ്ങൾ അത്തരത്തിലുള്ളവയാണെന്നു പറയേണ്ടതില്ലല്ലോ. ആവൈകല്യം വെണ്മണിഅച്ഛന്റെയും മഹന്റെയും കൃതികളെ സവിശേഷം ബാധിച്ചിരുന്നു. പ്രായേണ തങ്ങളുടെ കൃതികളിൽ ബാഹ്യസൗന്ദര്യം മാത്രം ദീക്ഷിച്ചിരുന്ന അവർക്കു ബാഹ്യപ്രകൃതിയെ വർണ്ണിക്കുന്നതിലുള്ള പാടവം ആഭ്യന്തരവികാരങ്ങളുടെ പ്രകാശനവിഷയത്തിൽ ഉണ്ടായിരുന്നില്ല. ഛായാശ്ലോകങ്ങൾ രചിക്കുന്നതിൽ അവർക്കുള്ള പ്രാഗല്ഭ്യം വിസ്മയനീയമായിരുന്നുവെന്നു സമ്മതിക്കണം. വസ്തുതത്ത്വം അങ്ങനെയാണെങ്കിലും ആകെക്കൂടിയുള്ള നിഷ്പക്ഷമായ നിരൂപണത്തിൽ വെണ്മണിപ്രസ്ഥാനവും മുക്തകരചയിതാക്കളും, എന്തെല്ലാം കോട്ടവും കുറവും ഉണ്ടെങ്കിലും ഭാഷാകവിതയ്ക്ക് ഒരു പരമാനുഗ്രഹമായാണ് പരിണമിച്ചത്. പണ്ഡിതന്മാർക്കു ഭാഷാകൃതികളുടെ നേർക്കുണ്ടായിരുന്ന അവജ്ഞയെ അതു പാടേ നിർമ്മാർജ്ജനം ചെയ്തു.

വെണ്മണി ശ്ലോകങ്ങളിലും മുക്തകങ്ങളിലും ഏതാനും ചിലതെങ്കിലും ഹൃദിസ്ഥമാകാത്ത കേരളീയർ അക്കാലത്തുണ്ടായിരുന്നില്ല. ഒരിക്കൽ കേട്ടാൽ ഉടനടി ഉള്ളിൽ കടന്ന് ഒരിക്കലും അവിടെ നിന്നു നീങ്ങിപ്പോകാത്ത തരത്തിലായിരുന്നുവല്ലോ അവയുടെ രചന. ആ കവികൾക്കു സംസ്കൃതത്തിൽ പറയത്തക്ക അവഗാഹമില്ലാതെയിരുന്നതു ഭാഷയുടെ ഭാഗ്യമായി. ഫലിതം അവർക്കു ജന്മസിദ്ധമായിരുന്നു; ഇന്നും അവർ ഏർപ്പെടുത്തിയ പരിഷ്കാരങ്ങൾ തന്നെ അത്തരത്തിലുള്ള കൃതികൾക്കു മാർഗ്ഗജ്യോതിസ്സുകളായി പരിലസിക്കുന്നു. അവയിൽ തള്ളേണ്ടത് അനന്തരഗാമികൾ തള്ളിയിട്ടുണ്ട്; കൂട്ടിച്ചേർക്കേണ്ടത് കൂട്ടിച്ചേർത്തിട്ടുമുണ്ട്. ഭാഷാശൈലിയുടെ ലാളിത്യം, പാണ്ഡിത്യത്തിന്റെ പിടിയിൽ നിന്നു ഭാഷയെ വിടുവിക്കുവാൻ മുക്തകരചയിതാക്കൾക്കു കഴിഞ്ഞിട്ടുണ്ട്.

### 6.1.4.3 രാജസ്തുതി

രാജാക്കന്മാരുടെയോ പ്രഭുക്കന്മാരുടെയോ ആശ്രിതരായിരുന്നു കഴിഞ്ഞ കാലഘട്ടങ്ങളിലെ മിക്ക കവികളും. രാജാക്കന്മാർക്ക് കവികളോടുണ്ടായിരുന്ന ആശ്രിതവാത്സല്യം നിരവധി രാജസ്തുതികളുടെ നിർമാണത്തിന് കാരണമായി. തങ്ങളുടെ സംരക്ഷകരായിരുന്ന രാജാക്കന്മാരുടെ ഗുണമഹിമകളെ-അവ ഇല്ലാത്തവയാണെങ്കിൽപോലും-വാഴ്ത്തി ശ്ലോകങ്ങൾ രചിച്ച് കാഴ്ചവെയ്ക്കുന്നതും രാജാക്കന്മാരിൽനിന്നും അതിന് പ്രതിഫലം പറ്റുന്നതുമായ സന്ദർഭങ്ങൾ നിരവധിയാണ്. ഇത്തരത്തിൽ രാജാക്കന്മാരുടെ സ്നേഹത്തിനും ഔദാര്യത്തിനും പാത്രീഭവിച്ച കവികളിൽ ചെറുശ്ശേരിയും നമ്പ്യാരും രാമപുരത്തുവാര്യരും ഉണ്ണായിവാര്യരുമെല്ലാം ഉൾപ്പെടു

SGOU

ന്നു. സ്തുതിയോടൊപ്പം പരോക്ഷമായെങ്കിലും വിമർശനം നടത്താനും കവികൾ മുതിരാറുണ്ട്.

മാനവേദസദസ്സിലെ പതിനെട്ടരക്കവികളിൽ അരക്കവിയായിരുന്ന പുനം നമ്പൂതിരി തന്റെ രാജാവിനെ പ്രകീർത്തിച്ച് എഴുതിയ ശ്ലോകം മലയാളകവിതാസാഹിത്യത്തിൽ ഒരിയ്ക്കലും മാഞ്ഞു പോകാത്ത ഒരു തൊടുകുറിയായി നിലനിൽക്കുന്നതാണ്.

"താരിൽത്തന്വീകടാക്ഷാഞ്ചല മധുപകുലാ-
രാമ, രാമാജനാനാം
നീരിൽത്താർബാണ,വൈരാകരനികരതമോ-
മണ്ഡലീ ചണ്ഡഭാനോ!
നേരെത്താതോരു നിയാം തൊടുകുറി
കളകായ് കെന്നുമേഷാ കുളിക്കും-
നേരത്തിന്നിപ്പുറം വിക്രമന്യവര ധരാ '
ഹന്ത! കല്പാന്തതോയേ.'

പ്രളയകാലത്ത് ഭൂമി വെള്ളത്തിൽ മുങ്ങുന്നതു വരെ ഭൂമിക്ക് തിലകമായി രാജാവ് ജീവിച്ചിരിക്കട്ടേയെന്ന ആശംസയാണിത്. ഒടുങ്ങാത്ത ഐശ്വര്യവും സമ്പൽസമൃദ്ധിയും ദീർഘായുസ്സും രാജാവിനുണ്ടാകാൻ കവി പ്രാർഥിക്കുന്നു.

ഇരയിമ്മൻതമ്പി ഉത്രം തിരുനാൾ മാർത്താണ്ഡവർമ്മക്ക് സമർപ്പിച്ച ഒരു രാജസ്തുതി ഇപ്രകാരമാണ്.

"കന്ദർപ്പൻ മൂർത്തിമാനോ? കനിവൊടവനിയിൽ-
കല്പവൃക്ഷം ജനിച്ചോ?
പൊന്നിൻ പൂമാതിനേവം കളിനിലമധുനാ
പത്മനാഭൻ ചമച്ചോ?
ഇന്ദ്രൻ വന്നോ ധരിക്കാം! കലയതു കുറയാ
തുള്ള പൂർണ്ണേന്ദുതാനോ?
മന്യേതാപം ജനാനാം ശമയിതുമുളവാ-
യിങ്ങു മാർത്താണ്ഡദേവൻ.'

(കാമദേവതുല്യനായ രാജാവ് ആശ്രിതരുടെ ആവശ്യങ്ങൾ നിറവേറ്റുന്ന കല്പവൃക്ഷത്തിന് സമാനനാണെന്നും ലക്ഷ്മീദേവിയുടെ കളിനിലമാണെന്നും ഭൂമിയിൽ വന്നുപിറന്ന ഇന്ദ്രനോ അതോ പൂർണേന്ദുവോ ആണെന്നും കവി രാജാവിനെ സന്ദേഹിക്കുന്നു).

ഇത്തരത്തിൽ രാജസ്തുതിപരങ്ങളായ മുക്തകങ്ങൾ നിരവധിയാണ്.

### 6.1.4.4 ഛായാചിത്രം

മുക്തകസാഹിത്യത്തിലെ പ്രധാനപ്പെട്ട ഒരു വിഭാഗമാണ് ഛായാചിത്രം. വാക്കുകൾകൊണ്ട് ചിത്രം വരയ്ക്കുന്ന കലാവിരുതാണ് ഇതിൽ പ്രകടമാകുന്നത്. വാങ്മയചിത്രത്തിലൂടെ വർണ്യവിഷയത്തിന്റെ അനുഭൂതി അനുവാചകരിൽ ഉളവാക്കുകയാണ് ഇവയിലൂടെ സാധ്യമാക്കുന്നത്. ഒരു ചിത്രത്തിലെന്നപോലെ, വിഷയത്തിന്റെ ഏതെങ്കിലും ഒരു പ്രത്യേക ഭാവത്തെ ഉയർത്തിക്കാട്ടുകയാണ് ഛായാചിത്രണത്തിലൂടെ ചെയ്യുന്നത്. മലയാളസാഹിത്യത്തിൽ മുക്തകങ്ങളെ ഒരു കാവ്യപ്രസ്ഥാനമായി അവതരിപ്പിച്ചവരാണ് കൊടുങ്ങല്ലൂർക്കളരിയിലെ വെൺമണിക്കവികൾ. പൂന്തോട്ടത്ത് അച്ഛൻ നമ്പൂതിരിയുടെ ഒരു ഒറ്റശ്ലോകം ഇങ്ങനെയാണ്.

"മൂടില്ലാത്തൊരു മുണ്ടുകൊണ്ടു മുടിയും
മൂടീട്ട് വൻകറ്റയും
ചൂടിക്കൊണ്ടരിവാൾ പുറത്തു തിരുകി-
പ്രാഞ്ചിക്കിതച്ചങ്ങനെ
നാടൻ കച്ചയുടുത്തു മേനി മുഴുവൻ
ചേറും പുരണ്ടിപ്പൊഴി-
പ്പാടത്തുന്നു വരുന്ന നിൻ വരവുക-
ണ്ടേറെക്കൊതിക്കുന്നു ഞാൻ.'

കറ്റയും ചുമന്നുകൊണ്ടുവരുന്ന പണിക്കാരിയുടെ വർണ്ണനയാണ് ഈ മുക്തകം. നിത്യജീവിതത്തിൽ കാണുന്ന ഈ കാഴ്ച കവിയുടെ വാക്യത്തിലൂടെയായപ്പോൾ കൂടുതൽ ആകർഷണീയമായിരിക്കുന്നു. അരിവാൾ പുറത്ത് തിരുകി, കീറിയ മുണ്ടുകൊണ്ട് മുടി മൂടി, കറ്റയും ചുമന്ന് വരുന്ന ചെറുമി നാട്ടിൻപുറത്തെ ഒരു കാഴ്ചയാണെങ്കിലും അവരുടെ പ്രാഞ്ചികിതയ്ക്കൽ ആരും ശ്രദ്ധിക്കാറില്ല. അതിലാണ് ഈ ശ്ലോകത്തിലെ ഭംഗി.

കൊടുങ്ങല്ലൂർക്കളരിയിലെ ചില കവികളുടെ പ്രത്യേകതകൾ സമഗ്രമായി ഉൾക്കൊള്ളുന്ന വെൺമണി അച്ഛൻ നമ്പൂതിരിയുടെ ഒരു മുക്തകം ഇപ്രകാരമാണ്.

'ജാതിത്വത്തിനു രാജൻ, ദ്രുതകവിതയിലാ-
കുഞ്ഞുഭൂജാനി, ഭാഷാ-
രീതിക്കൊക്കും വഴക്കത്തിനു നടുവ, മിട-

SGOU

യ്ക്കച്യുതൻ മെച്ചമോടെ
ജാതപ്രാസം തകർക്കും, ശുചിമണി രചനാ-
ഭംഗിയിൽപ്പൊങ്ങി നിൽക്കും,
ചേതോമോദം പരക്കെത്തരുവതിനൊരുവൻ
കൊച്ചുകൊച്ചുണ്ണി ഭൂപൻ.'

വർഗശ്രേഷ്ഠതയിൽ ഒറവങ്കര, ദ്രുതകവനത്തിൽ കുഞ്ഞിക്കുട്ടൻ തമ്പുരാൻ, ഭാഷാപ്രയോഗമഹിമയിൽ നടുവത്തച്ഛൻ നമ്പൂതിരി, പ്രാസവർണനയിൽ കാത്തുള്ളിൽ അച്യുതമേനോൻ, രചനാഭംഗിയിൽ വെണ്മണിനമ്പൂതിരി, മനസ്സിന് ഉല്ലാസം നൽകുന്ന കൊച്ചുണ്ണിത്തമ്പുരാൻ എന്നിങ്ങനെ വെണ്മണിപ്രസ്ഥാനത്തിലെ എല്ലാ കവികളെയും അവരുടെ കാവ്യരീതികളെയും അവതരിപ്പിക്കുന്നു.

### 6.1.4.5 മംഗളം

ഭാഷാമുക്തകപ്രസ്ഥാനത്തിലെ അവഗണിക്കപ്പെടാനാവാത്ത ഒരു വിഭാഗമാണ് മംഗളശ്ലോകങ്ങളുടേത്. വിശേഷാവസരങ്ങളിൽ മംഗളശ്ലോകം ചൊല്ലുക എന്നത് കേരളീയസമൂഹത്തിലെ ഒരു പ്രധാന ചടങ്ങാണ്. മംഗളാശംസകളിൽ കൂടുതലും പ്രത്യേക സന്ദർഭവുമായി ബന്ധപ്പെട്ടവയാണ്.

നടുവത്തച്ഛൻ നമ്പൂതിരി മംഗളോദയം മാസികയ്ക്ക് എഴുതിയ ഒരു മംഗളം:

"മംഗളോദയമിതെന്ന പേരോടു പിന്നെ
മാസിക നിരന്തരം
മങ്ങിടാതെ ഭുവി ഭൂമിദേവകുല ധർമ്മ
രക്ഷയതിനാണിയായ്
എങ്ങുമാരുമലസാതെ കണ്ടു പരിലാള
നേന നിലനിൽക്കുവാ-
നംഗജാരി ഭഗവാന്റെ നല്ലകരുണാക-
ടാക്ഷമവലംബനം!'

കോട്ടയത്തുതമ്പുരാൻ രചിച്ചതും തമ്പുരാന്റെ ആട്ടക്കഥകൾ അവതരിപ്പിക്കുന്നതിനുമുമ്പ് ചൊല്ലുന്നതുമായ ഒരു മംഗളശ്ലോകം:

"മാതംഗാനന, മബ്ജവാസരമണീം
ഗോവിന്ദമാദ്യം ഗുരും
വ്യാസം പാണിനി, ഗർഗ്ഗനാരദകണാ-
ദാദ്യാൻ മുനീന്ദ്രാൻ ബുധാൻ
ദുർഗ്ഗാഞ്ചാപി മൃദംഗശൈലനിലയാം
ശ്രീ പോർക്കലീമിഷ്ടദാം
ഭക്ത്യാ നിത്യമുപാസ്മഹേ സപദിനഃ
കുർവ്വന്ത്വമി മംഗളം'

ഗണപതിയെയും സരസ്വതിയെയും ഗുരുവിനെയും വന്ദിച്ച് മഹർഷിമാരെയും വിദ്വാൻമാരെയും വന്ദിക്കുന്നു. കോട്ടയം രാജാക്കന്മാരുടെ കുലദേവതയായ മൃദംഗശൈലേശ്വരിയെയും സ്തുതിക്കുന്നു. ഈശ്വരസ്തുതിയോടൊപ്പം ഗുരുവിനെയും ഗുരുതുല്യരെയും ഇഷ്ടദേവതയെയും സ്തുതിക്കുന്ന മംഗളശ്ലോകമാണിത്.

### 6.1.4.6 വസ്തുചിത്രണം

കൺമുന്നിൽ കാണുന്ന പ്രകൃതിവസ്തുക്കളുടെ ചിത്രീകരണമാണ് ഈ വിഭാഗത്തിലുള്ളത്. ചുറ്റുപാടുകളിൽനിന്ന് ദൃശ്യമാകുന്നതും അനുഭവവേദ്യമാകുന്നതുമായ പദാർഥങ്ങളുടെ വസ്തുനിഷ്ഠമായ വിവരണമാണ് ഇത്തരം മുക്തകങ്ങളിൽ ഉള്ളത്.

വസ്തുചിത്രണത്തിൽ സമർഥനായ വെൺമണി അച്ഛൻ നമ്പൂതിരി, ഒരു കാള വരുന്ന രംഗം ചിത്രീകരിച്ചിരിക്കുന്നത് ഇങ്ങനെയാണ്.

"വട്ടക്കണ്ണും വഴിക്കുള്ള കിഴുകളതു കു-
ത്തീട്ടു ചെമ്മണ്ണു ചേരും
മൊട്ടക്കൊമ്പും കുളമ്പും കുടിലനുടെ
തുളുമ്പുന്ന വൻപും കൊടുമ്പും
കട്ടപ്പൂവാലുമെന്നീവക കലരുമൊരീ-
ക്കൂറ്റനെക്കൊൺകിലുള്ളം
ഞെട്ടിപ്പോം കല്ലുതിന്നീടിലുമുടനെ ദഹി
ക്കും ദഹിക്കാത്തവനും'

രൗദ്രഭാവത്തിൽ വരുന്ന കാളയുടെ ചിത്രം ആരെയും ഭയപ്പെടുത്തുന്നതാണ്. കുത്തിമറിഞ്ഞു വരുന്ന കൂറ്റനെ കാണുന്നവർ ഭക്ഷിച്ചത് കല്ലാണെങ്കിൽ പോലും അത് ദഹിക്കും. രൗദ്രഭാവത്തിൽ ആക്രമണോത്സുകനായി വരുന്ന കാളക്കൂറ്റനെ വസ്തുനിഷ്ഠമായി അവതരിപ്പിച്ചതിലൂടെ അതിന്റെ രൂപവും ഭാവവും അനുവാചകമനസിൽ ഭയം ഉണർത്തുവാൻ പര്യാപ്തമാകുന്നു.

SGOU

### 6.1.4.7 ശൃംഗാരം

പ്രാചീനവും ആധുനികവുമായ കവിതകളിൽ ധാരാളം ശൃംഗാരശ്ലോകങ്ങൾ കാണുവാൻ കഴിയും. ഇത്തരം ശ്ലോകങ്ങൾക്ക് അർഥവിശകലനം ആവശ്യമായി വരാറില്ല. വെണ്മണി മഹന്റെ ഒരു ശൃംഗാരശ്ലോകം.

'മങ്കത്തയ്യിനെ മഞ്ജുവാക്കുകൾ
പറഞ്ഞട്ടൊട്ടടുപ്പിച്ചു ഞാൻ
തങ്കപ്പട്ടു റവുക്ക തൻ നടുവിലായ്
കയ്യൊന്ന് വെച്ചീടവേ
തങ്കം തീപ്പൊരി വീണ മട്ടുജ്ജ്വലൽ-
ക്കൊങ്കച്ചെപ്പുകൾ മെത്തമേലമരുമാറാക്കി-
ക്കിടന്നാളവൾ ക്ഷണം.'

ധ്വനിദീപ്തിയുള്ള മറ്റൊരു ശൃംഗാര മുക്തകം:

"കാറൊന്നഴിഞ്ഞലർ പൊഴിഞ്ഞിതു കുന്നുലഞ്ഞു
പാരം വിയർത്തു മുഴുതിങ്കൾ പിറാവു കൂവി
താരമ്പനീയരിയ ചെപ്പടി കാട്ടിയൊട്ടു നേരം-
പുലർന്നളവിലാമ്പലുലഞ്ഞു കൂമ്പി'

### 6.1.4.8 തത്വചിന്ത

തത്വചിന്താപരമായ മുക്തകങ്ങൾ മലയാള സാഹിത്യത്തിൽ ഏറെയുണ്ട്. കുമാരനാശാന്റെ ഖണ്ഡകാവ്യങ്ങളിൽ തത്വചിന്ത കടന്നുവരുന്ന ശ്ലോകങ്ങളുണ്ട്. 'ഒരു സിംഹപ്രസവം' എന്ന കാവ്യത്തിൽ, സ്വന്തം മക്കളിൽ പരുഷത പ്രകടിപ്പിക്കുവാൻ ഒരു ജന്തുവിനും കഴിയുകയില്ലെന്ന് കവി പറയുന്നു.

"കരളിൽ കനിവാർന്നിടുന്നുതേ
ഖരകണ്ഠീരവിതാനുമീവിധം
ഒരു ജന്തുവിനും സ്വപുത്രരിൽ
പരുഷത്വം വിധി നൽകിയില്ല താൻ'

മുക്തകസാഹിത്യത്തിൽ മരണവും ഒരു വിഷയമായി വരുന്നു. ഏതു സമയവും കടന്നുവരാവുന്ന ഒന്നാണ് മരണം. ഏതുതരത്തിലുള്ള വ്യക്തിയായിരുന്നാലും മൃഗമായിരുന്നാലും എല്ലാവർക്കും മരണമുണ്ടെന്നും ജീവിതം നശ്വരമാണെന്നും സൂചിപ്പിക്കുന്ന ഒരു ശ്ലോകം:

"മൂഢനും പണ്ഡിതനും പെരിയ ധനികനും
പിച്ച തെണ്ടുന്നവനും
പ്രൗഢനും പ്രാകൃതനും പ്രഭുവിനിടയനും
ഗാഢം വ്യാപിക്കുമാറായ്പ്പകലുമിരവിലും
ലോകമോർക്കാതെ മായാ-
ഗുഢക്കയ്യാൽ മയക്കും മഹിതമരണമേ
നിന്റെ ഘോഷം വിശേഷം.'

### 6.1.4.9 ഭക്തി

ഈശ്വരവർണ്ണനയും ഇഷ്ടദേവതാസ്തുതിയും ഉൾക്കൊള്ളുന്ന ശ്ലോകങ്ങൾ സംഘസാഹിത്യം മുതൽ കാണുവാൻ സാധിയ്ക്കും. എന്നാൽ ഭക്തിപ്രസ്ഥാനത്തിന്റെ പ്രചാരത്തോടെ കേരളത്തിൽ ഭക്തിരസപ്രധാനമായ ശ്ലോകങ്ങൾക്ക് പ്രാധാന്യം ലഭിച്ചുതുടങ്ങി. ഇഷ്ടദേവതാസ്തുതിപരങ്ങളായ ശ്ലോകങ്ങൾ മിക്ക മഹാകവികളും തങ്ങളുടെ കാവ്യാരംഭത്തിൽ ചേർക്കുന്നത് സർവസാധാരണമാണ്. ശൈവവും വൈഷ്ണവവും ശാക്തേയവുമായ ദേവതകളെ സ്തുതിച്ചുകൊണ്ടുള്ള മുക്തകങ്ങളാണ് ഭാഷയിൽ കൂടുതലും രചിക്കപ്പെട്ടിരിക്കുന്നത്.

മുക്തകസാഹിത്യത്തിൽ കൂടുതലായി വർണിച്ചിരിക്കുന്ന ഇഷ്ടദേവത ശിവനാണ്. ഒരു ശിവവർണന:

'വെള്ളം, വെണ്ണീർ, വൃഷം, വെൺമഴു,
വരകരിതോ-
ലാര്യവിത്താധിപൻ തൊട്ടുള്ളോരീ
നൽകൃഷിക്കോപ്പുകളഖിലമധീ-
നത്തിലുണ്ടായിരിക്കെ-
പള്ളിപ്പിച്ചയ്ക്കെഴുന്നള്ളരുതു പുരരിപോ
കാടുവെട്ടിത്തെളിച്ചാ-
വെള്ളിക്കുന്നിൽ കൃഷി ചെയ്യുക;
പണിവതിനും

ഭൂതവൃന്ദം സമൃദ്ധം''

കൃഷി ചെയ്യുന്നതിനുവേണ്ട എല്ലാ വസ്തുക്കളും അധീനത്തിലിരിയ്ക്കെ അതു ചെയ്യാതെ മറ്റുള്ളവരെ ആശ്രയിച്ചുകഴിയുന്ന ഭഗവാന്റെ രീതിയെ ഒരു സുഹൃത്തിന്റെ സ്വാതന്ത്ര്യത്തോടെ തിരുത്തുവാൻ കവി ശ്രമിക്കുന്നു. ഭക്തിയോടൊപ്പം കാർഷികകേരളത്തിന്റെ പ്രതിഫലനവും ഹാസ്യവും ഇതിൽ കാണാൻ കഴിയും. ഭാരതീയ ജീവിതത്തിന്റെയും സംസ്കാരത്തിന്റെയും എല്ലാ തലങ്ങളിലും സ്വാധീനം ചെലുത്താൻ

സാധിച്ച ഈശ്വരരൂപമാണ് മഹാവിഷ്ണുവിന്റേത്. ശ്രീരാമനേക്കാൾ കൂടുതൽ ശ്രീകൃഷ്ണന്റെ ബാലരൂപത്തെ ആരാധിക്കുന്നവരാണ് കേരളീയർ. ഭക്തൻ തന്റെ മനസിൽ ഒരു ചിത്രംപോലെ പതിയുന്ന ഉണ്ണിക്കണ്ണന്റെ രൂപം വർണിച്ചിരിക്കുന്ന ഈ മുക്തകം ഒരു കാലഘട്ടത്തിൽ കേരളത്തിലെ ഓരോ വീടുകളിലെയും പ്രാർഥനയിൽ ഉൾപ്പെടുത്തിയിരുന്നതാണ്.

"പീലിക്കാർ കുന്തൽ കെട്ടിത്തിരുകിയതിൽ
മയിൽപ്പീലിയും ഫാലദേശ
ചാലേ തൊട്ടുള്ള ഗോപിക്കുറിയുമഴകെഴും
മാലയും മാർവിടത്തിൽ
തോളിൽച്ചേർത്തുള്ളോരോടക്കുഴലുമണികരേ
കാലിമേയ്ക്കുന്ന കോലും കോലും
ഗോപാലവേഷം കലരുമുപനിഷ-
ത്തിന്റെ സത്തേ! നമസ്തേ.'

ദേവീസ്തുതിപരങ്ങളായ ധാരാളം ഒറ്റശ്ലോകങ്ങൾ ഭാഷയിലുണ്ട്. ദേവിയുടെ വൈവിധ്യമാർന്ന രൂപഭാവങ്ങൾ വർണിക്കുക മുക്തകകവികളുടെ രീതിയായിരുന്നു. പ്രപഞ്ചത്തിന്റെ മുഴുവൻ ആധാരഭൂതയായ അമ്മയായി ദേവിയെ സങ്കല്പിച്ചുകൊണ്ടുള്ള ഒരു പ്രാർഥന:

'ഓരോരോ പരമാണു തങ്ങളിലടി-
ഞ്ഞൊന്നിച്ചു കൂടിപ്പലേ-
പോരോരോടേ പല രൂപമായ് പലവിധം
ബ്രഹ്മാണ്ഡ ഭാണ്ഡങ്ങളായ്
വേരോടെ പൊടി ഭസ്മമായ്ത്തകരുമാ-
റൊന്നൊന്നിൽ വീഴാതെയി-
ന്നേരോടെ പരിവർത്തന പ്രകൃതിയായ്
ശോഭിയ്ക്കുമമ്മേ തൊഴാം.'

സംസ്കൃതസാഹിത്യത്തിൽനിന്നും മലയാളത്തിലേയ്ക്ക് കടന്നുവന്നവയാണ് മുക്തകങ്ങൾ. സംസ്കൃതത്തിലെ മുക്തകപാരമ്പര്യത്തിന് വേദകാലത്തോളം പഴക്കമുണ്ട്. മലയാളത്തിൽ മുക്തകങ്ങൾ പിറവികൊണ്ടത് തോലനിൽ നിന്നാണെന്ന് പറയാം. മണിപ്രവാളസാഹിത്യത്തിൽ ശൃംഗാരമയമായ മുക്തകങ്ങൾ ഉണ്ടായിട്ടുണ്ട്. കേരളത്തിലുണ്ടായ മുക്തക കവികളിൽ ശ്രേഷ്ഠനാണ് പുനം നമ്പൂതിരി. പൂന്താനം, കുഞ്ചൻനമ്പ്യാർ, രാമപുരത്തുവാര്യർ, കോട്ടയത്തുത്തമ്പുരാൻ, ഇരയിമ്മൻതമ്പി തുടങ്ങിയവർ മുക്തകരചനയെ സഹായിച്ചവരാണ്. വെണ്മണിപ്രസ്ഥാനം മുക്തകങ്ങളുടെ വസന്തകാലമായിരുന്നു. മുക്തകത്തിന് അന്യമായി വിഷയങ്ങളൊന്നുമില്ലെന്ന് തെളിയിച്ചവരാണ് വെണ്മണിക്കവികൾ. രംഗകലകൾക്കും മുക്തകപ്രസ്ഥാനവുമായി അഭേദ്യമായ ബന്ധമുണ്ട്. കൂത്ത്, കൂടിയാട്ടം, കഥകളി എന്നീ കലാരൂപങ്ങളിൽ കഥാവതരണത്തിനിടയിൽ രംഗം കൊഴുപ്പിക്കുന്നതിനുവേണ്ടി ഒറ്റശ്ലോകങ്ങൾ തിരുകിക്കയറ്റാറുണ്ട്. എല്ലാ രസങ്ങളെയും ആവിഷ്കരിക്കുവാൻ പര്യാപ്തമാണ് മുക്തകങ്ങൾ. രൂപപരമായ ഹ്രസ്വതയും ഏകാഗ്രതയുമാണ് മുക്തകങ്ങളുടെ സവിശേഷത. വസ്തുനിഷ്ഠവും ആത്മനിഷ്ഠവുമായ വിഷയങ്ങൾ ഒരേപോലെ മുക്തകകവികൾ ആവിഷ്കരിക്കുന്നു. മുക്തകങ്ങൾ അവയുടെ ഭാവംകൊണ്ട് നിയോക്ലാസിക് കാവ്യപാരമ്പര്യം പിന്തുടരുന്നവയാണ്.

## വിശദപഠനം

മലയാളസാഹിത്യത്തിൽ മുക്തകങ്ങളുടെ സുവർണ്ണകാലമായിരുന്നു കൊടുങ്ങല്ലൂർ ആസ്ഥാനമാക്കി പ്രവർത്തിച്ചിരുന്ന വെണ്മണി പ്രസ്ഥാനത്തിന്റെ കാലഘട്ടം. മണിപ്രവാള സാഹിത്യത്തിന്റെ സംസ്കൃതപദങ്ങളോടുള്ള ചായ്‌വ് മലയാളസാഹിത്യത്തിൽനിന്നും സാധാരണക്കാരെ അകറ്റി നിർത്തിയിരുന്നു. എന്നാൽ വെണ്മണിക്കവികൾ ഏതൊരു സാധാരണക്കാരനെയും മലയാളഭാഷയോടും സാഹിത്യത്തോടും അടുപ്പിച്ചു. ലളിതകോമളപദാവലികളിൽ അവർ നിർമ്മിച്ച രസപ്രോക്തങ്ങളും കല്പനാചാതുരി നിറഞ്ഞവയുമായ ഒറ്റശ്ലോകങ്ങൾ മുക്തസാഹിത്യത്തിനെ സമ്പുഷ്ടമാക്കി. തൂലികാചിത്രം, കത്തുകൾ, കൂട്ടുകവിത, സംഭാഷണങ്ങൾ എന്നിങ്ങനെ സർവ്വവിഷയങ്ങളും കാവ്യമയമാക്കുവാൻ ഇവർക്കു കഴിഞ്ഞു. വെൺമണിക്കവികൾ, കോട്ടയത്തുതമ്പുരാൻ, കേരളവർമ്മ, ഏ.ആർ., രാമപുരത്തുവാര്യർ തുടങ്ങിയവരുടെ മുക്തകങ്ങൾ ഒരു രേഖാചിത്രം പോലെ മലയാളസാഹിത്യത്തിൽ ജ്വലിച്ചു നിൽക്കുന്നവയാണ്. ഇവർക്കുശേഷം ആധുനിക കവിത്രയവും തുടർന്ന് ചങ്ങമ്പുഴ, വയലാർ തുടങ്ങി തുളസീവനം വരെയുള്ള മുക്തകരചയിതാക്കളും ഈ പ്രസ്ഥാനത്തെ സമ്പന്നമാക്കി. മണിപ്രവാളക്കാ

SGOU

ലത്തും വെണ്മണിക്കവികളുടെ കാലത്തും ഏറെ സമ്പന്നമായ മുക്തകപ്രസ്ഥാനം ആധുനികകാലത്തും പ്രസക്തമായി നിലനിൽക്കുന്നു.

## 1. കേരളവർമ്മ പഴശ്ശിരാജയുടെ മുക്തകം

ബ്രിട്ടീഷുകാർക്കെതിരെ പോരാടിയ വീരശൂര പരാക്രമിയാണ് കേരളവർമ്മ പഴശ്ശിരാജ. ആട്ടക്കഥകളും കവിതകളും എഴുതിയിരുന്നതായി പറയപ്പെടുന്നു. അദ്ദേഹം ഭാര്യയ്ക്ക് നൽകുവാനായി എഴുതിയതാണെന്ന് കരുതുന്ന ശ്ലോകമാണിത്. ബ്രിട്ടിഷുകാരോരിടഞ്ഞ് വയനാട്ടിലെ കാട്ടിൽ കഴിയുന്ന കാലത്ത് പ്രിയതമ കൈതേരി മാക്കത്തിനോട് പറയാനായി കൊടുക്കുന്ന സന്ദേശം മുക്തകരൂപത്തിലാണ് രചിച്ചിട്ടുള്ളത്.

### വരികൾ

''ജാതീ, ജാതാനുകമ്പ ഭവ, ശരണമയേ!
മല്ലികേ, കൂപ്പുകൈ തേ കൈതേ,
കൈതേരി മാക്കം
കബരിയിലണിവാൻ കയ്യുയർത്തുംദശായാം
ഏതാ, നേതാൻ
മദീയാനലർശരപരിതാപോദയാ, നാശു
നീതാൻ,നീതാനുണർത്തീടുക
ചടുലകയൽക്കണ്ണി തൻ കർണ്ണമൂലേ !'

### അർഥവിശദീകരണം

| | | |
|---|---|---|
| ജാതി | = | പിച്ചകം |
| മല്ലിക | = | മുല്ലപൂവ് |
| കബരി | = | കെട്ടിവെച്ച തലമുടി |
| അലർ | = | പൂവ് |
| കർണ്ണം | = | ചെവി |

### ആശയവിശദീകരണം

സുന്ദരിയായിരുന്ന തന്റെ കെട്ടിലമ്മ കൈതേരി മാക്കത്തെപ്പറ്റി കേരളവർമ്മ പഴശ്ശിരാജ എഴുതിയ പ്രസിദ്ധമായ ശ്ലോകമാണിത്. പിച്ചകപ്പൂവിനോട് അനുകമ്പയുള്ളവളാകണമെന്നും മുല്ലപ്പൂവിനോട് രക്ഷിക്കണമെന്നും കവി അഭ്യർഥിക്കുന്നു. കൈതപ്പൂവേ നിനക്ക് നമസ്കാരം. കൈതേരി മാക്കം കെട്ടിവെച്ച തലമുടിയിൽ അണിയുന്നതിനുവേണ്ടി കൈ ഉയർത്തുന്ന സമയത്ത് തന്റെ കാമപാരവശ്യം മാക്കത്തോടു പറയുവാൻ പൂക്കളോട് രാജാവ് അപേക്ഷിക്കുന്നു. പണ്ട് ഒരു വശത്തേക്കാണ് തലമുടി കെട്ടിവെക്കാറുള്ളത്. പൂ കൈയിലെടുത്ത് മുടിയിൽ തിരുകുന്ന അല്പസമയത്തേക്ക് പൂവ് ചെവിയുടെ സമീപത്തായിരിക്കും. അപ്പോൾ രാജാവിന്റെ പ്രണയപാരവശ്യം അവളുടെ ചെവിയിൽ പറയണേ എന്ന് സാരം. പ്രാസങ്ങളും യമകങ്ങളും ചേർന്ന് ശബ്ദാലങ്കാര സുന്ദരമാണ് ഈ ശ്ലോകം. ഭാര്യയെ നാട്ടിൽ വിട്ടിട്ട് കാടുകയറിയ പഴശ്ശിരാജാ ബ്രിട്ടീഷുകാരുമായി ഒളിപ്പോരു നടത്തുമ്പോഴും അദ്ദേഹത്തിന്റെ ഹൃദയം പ്രണയത്താലും വിരഹവേദനയാലും വ്യഥിതമായിരുന്നുവത്രെ. ആ കാലഘട്ടത്തിൽ അദ്ദേഹമെഴുതിയ പ്രസിദ്ധമായ ശ്ലോകമാണിതെന്ന് പറയുന്നു. വിപ്രലംഭശൃംഗാരത്തിന്റെ ഉദാഹരണമാണ് ഈ ശ്ലോകം.

## 2. രാമപുരത്തുവാര്യരുടെ മുക്തകം

'കുചേലവൃത്തം വഞ്ചിപ്പാട്ട്' എന്ന പ്രശസ്തമായ കാവ്യം എഴുതിയ രാമപുരത്തുവാര്യരുടെ ശ്ലോകമാണ് ഇത്. രാമപുരത്തുവാര്യർ മാർത്താണ്ഡവർമ്മ മഹാരാജാവിന് എഴുതി സമർപ്പിച്ച ശ്ലോകത്തിൽ തന്റെ ജീവിതസാഹചര്യത്തെ പരോക്ഷമായി സൂചിപ്പിക്കുന്നു. വാര്യരുടെ ഈ ശ്വരഭക്തിയിലും രാജഭക്തിയിലും പ്രീതി തോന്നിയ മഹാരാജാവ് വാര്യർക്ക് ഒരു പുതിയ ഭവനവും കരമൊഴിവായി ഭൂമിയും നൽകുകയുണ്ടായി.

### വരികൾ

'മഹീപതേ ഭാഗവതോപമാനം
മഹാപുരാണം ഭവനം മദീയം
നോക്കുന്നവർക്കൊക്കെ വിരക്തിയുണ്ടാം
അർത്ഥങ്ങളില്ലെന്നൊരു ഭേദമുണ്ട്'.

### അർഥവിശദീകരണം

| | | |
|---|---|---|
| മഹീപതി | = | രാജാവ് |
| മദീയം | = | എന്റെ |
| ഭവനം | = | വീട് |
| അർഥം | = | ധനം |

### ആശയവിശദീകരണം

ഈശ്വരനെയും ഒപ്പം രാജാവിനെയും നമിക്കുന്നു. അല്ലയോ രാജാവേ, എന്റെ ഭവനം ഭാഗവതംപോലെ പൗരാണികമാണ്. കാണുന്നവർക്ക് വിരക്തി തോന്നുംവിധം തകർന്നതാണ് അത് (ഭവനപക്ഷത്തുനിന്നു നോക്കുമ്പോൾ). ഭാഗവത പക്ഷത്തുനിന്ന് നോക്കിയാലും അത് ശരിയാണ്. ഭാഗവതം വായിക്കുന്നവരിൽ ലൗകികജീവിതത്തോടുള്ള വിരക്തിയുണ്ടാകും എന്ന വസ്തുതയും പരമാർഥമാണ്. ശ്ലേഷാലങ്കാരം ആണ് കവി പ്രയോഗിച്ചിരിക്കുന്നത്. മഹാപുരാണം നോക്കുന്നവർക്ക്, വിരക്തി, അർഥങ്ങൾ എന്നീ പദങ്ങൾക്കെല്ലാം രണ്ടർഥമുണ്ട്.

## വിശകലനം

സംസ്കൃതത്തിന്റെ ചുവടുപിടിച്ച് ഭാഷയിൽ ഉണ്ടായ കാവ്യരൂപമാണ് മുക്തകങ്ങൾ അഥവാ ഒറ്റശ്ലോകങ്ങൾ. മുത്തിന്റെ രൂപപ്പൊലിമയും സ്വയം പൂർണ്ണതയും ആകർഷകത്വവുമാണ് മുക്തകങ്ങളുടെ സവിശേഷത. 'മുക്തകം ശ്ലോക ഏവൈകു: ചമൽക്കാരക്ഷമ: സതാം ' എന്ന് പുരാണികർ നിർവചിച്ചിട്ടുണ്ട്. മലയാളത്തിൽ മുക്തകങ്ങൾ ഒരു കാവ്യപ്രസ്ഥാനമായി വളർന്നു വികസിച്ചത് വെൺമണി കവികളുടെ കാലത്താണ്. ഏതു വിഷയവും കാവ്യരചനയ്ക്ക് സ്വീകരിച്ചിരുന്നു. മുക്തകങ്ങളുടെ ഇതിവൃത്തങ്ങൾ വന്ദനശ്ലോകങ്ങൾ, മംഗളാശംസകൾ, പ്രശംസാശ്ലോകങ്ങൾ, തർജമകൾ, എഴുത്തുകുത്തുകൾ, സന്ദേശവാക്യങ്ങൾ, ഛായാശ്ലോകങ്ങൾ, പുരസ്കാരപദ്യങ്ങൾ എന്നിങ്ങനെ വിപുലമാണ്. വെൺമണി പാരമ്പര്യത്തിലല്ലാത്ത കവികളും മുക്തകങ്ങൾ രചിച്ചിട്ടുണ്ട്. കേരളവർമ്മ പഴശ്ശിരാജയുടെ മുക്തകം സന്ദേശപ്രധാനവും രാമപുരത്ത് വാര്യരുടെ ശ്ലോകം രാജസ്തുതിയും ഒപ്പം തന്റെ അവസ്ഥയും ധ്വനിപ്പിക്കുന്നു.

### 3.ചേലപ്പറമ്പ് നമ്പൂതിരിയുടെ മുക്തകം

1690നും 1780നും ഇടയ്ക്ക് ജീവിതകാലം. കോഴിക്കോടിനടുത്ത് ചാലിയമാണ് ജന്മസ്ഥലമെന്ന് കരുതുന്നു. മുക്തകരചനയിലാണ് ഇദ്ദേഹത്തിന്റെ പ്രധാന സംഭാവനകൾ. പാട്ടുണ്ണിചരിതം എന്ന ആട്ടക്കഥ ഇദ്ദേഹത്തിന്റെ ഒരു കൃതിയാണ്. പച്ചമലയാള പ്രസ്ഥാനത്തിലെ ഒരു പ്രധാനപ്പെട്ട കവിയായിരുന്നു. സംസ്കൃതത്തിലും മലയാളത്തിലും ഉള്ള കുറേ മുക്തകങ്ങളല്ലാതെ പൂർണകൃതികളൊന്നും ലഭിച്ചിട്ടില്ല. താൽകാലിക ശ്ലോകങ്ങൾ, അതും അലസതയും നിസ്വതയും തുളുമ്പുന്ന സരസമായ ഒറ്റശ്ലോകങ്ങളാണ് ചേലപ്പറമ്പിന്റെ മുഖമുദ്ര

വേലിയിൽ പടർന്നു കിടക്കുന്ന കയ്പവല്ലരിയെക്കുറിച്ച് ചേലപ്പറമ്പ് നമ്പൂതിരിയുടെ മുക്തകം

"പാടത്തിൽകരെ നീളെ നീലനിറമായ്
വേലിക്കൊരാഘോഷമായാടിത്തൂങ്ങി
യലഞ്ഞുലഞ്ഞു സുകൃതം കൈക്കൊണ്ടിരിക്കും
വിധൗ
പാരാതേവരികെന്റെ കയ്യിലധുനാ
പീയൂഷഡംഭത്തെയും ഭേദിച്ചമ്പൊടു
കയ്പവല്ലി തരസാ പെറ്റുള്ള പൈതങ്ങളേ''

### അർത്ഥം

| | | |
|---|---|---|
| പാടം | = | വയൽ |
| സുകൃതം | = | പുണ്യകർമ്മം, സൽക്കർമ്മം |
| പീയൂഷം | = | അമൃത്, അതീവ മധുരമുള്ള വസ്തു |
| ഡംഭം | = | അഹങ്കാരം, പൊങ്ങച്ചം |
| പീയൂഷഡംഭം | = | അമൃതിന്റെ അഹങ്കാരം |
| ഭേദിക്കുക | = | വേർപെടുത്തുക |
| കയ്പ്പവല്ലി | = | പാവയ്ക്കാ വള്ളി |
| തരസാ | = | പെട്ടെന്ന് |
| പൈതങ്ങൾ | = | കുട്ടികൾ |

### ആശയവിശദീകരണം

കയ്പയ്ക്ക അഥവാ പാവയ്ക്കയെ വർണിക്കുന്ന മനോഹരമായൊരു ശ്ലോകമാണ് 'പാടത്തിൻ കര' എന്നാരംഭിക്കുന്ന മുക്തകം. 'വയലിന്റെ കര മുഴുവനും നീലനിറമാകത്തക്കതരത്തിലും വേലിക്ക് ആഘോഷമാകുന്ന രീതിയിലും ആടിത്തൂങ്ങിയലഞ്ഞുകൊണ്ട് ലോകത്തിന്റെ സുകൃതമാണോ എന്ന് തോന്നുമാറ് നിൽക്കുന്ന അല്ലയോ കയ്പവള്ളിയുടെ

SGOU

കിടാങ്ങളേ, അമൃതിന്റെ അഹങ്കാരത്തെപ്പോലും മറികടക്കാൻ കഴിവുള്ള നിങ്ങൾ എന്റെ കൈയിലേക്ക് വേഗം വരിക. കവി കയ്പക്കയിൽ മനുഷ്യത്വം കല്പിച്ചിരിക്കുന്നു. കയ്പ്പവല്ലിയുടെ കിടാങ്ങളെ എന്ന് വിളിക്കുമ്പോൾ ഈ തോന്നൽ നമുക്ക് അനുഭവപ്പെടുന്നു. പ്രകൃതിയാകുന്ന അമ്മയുടെ പുണ്യമായാണ് പാവയ്ക്കയെ കാണുന്നത്. അമൃതിനെ പോലെ പാവയ്ക്കാ ഔഷധഗുണമുള്ളതും ആയുസ്സിന് ബലം നൽകുന്നതുമാണ്. പാവയ്ക്കായെ കുട്ടികൾക്ക് തുല്യമായാണ് കവി കാണുന്നത്. കുട്ടികൾ വീടിന് സുകൃതമാണ്, പുണ്യമാണ്. അതുപോലെ വേലിക്കൊരാഘോഷമാണ് പാവയ്ക്കാ. കുട്ടികളുടെ മുൻപിൽ മുതിർന്നവരുടെ അഹങ്കാരത്തിന് യാതൊരു സ്ഥാനവുമില്ല. അതുപോലെയാണ് അമൃതിന്റെ അഹങ്കാരത്തെ പാവയ്ക്കാ ഇല്ലാതാക്കുന്നു. കുട്ടികളെ എടുക്കാനുള്ള ഇഷ്ടത്തെ പോലെയാണ് പാവയ്ക്കാകൂട്ടങ്ങളേ എന്റെ അടുത്തേക്ക് വരൂ എന്ന് കവി പറയുന്നത്.

## വിശകലനം

പെരിന്തൽമണ്ണ താലൂക്ക് കാര്യാവട്ടം അംശം തേലക്കാടു് ദേശത്താണ് ചേലപ്പറമ്പ് ജനിച്ചത്. അദ്ദേഹം തറവാട്ടിലെ പട്ടിണി കാരണം വീടുവിട്ടിറങ്ങി തിരുവനന്തപുരം പത്മനാഭസ്വാമി ക്ഷേത്രത്തിൽ എത്തി. അന്ന് രാജാവിന്റെ തൊഴൽ ദിവസമായിരുന്നു. പത്മനാഭനെ തൊഴുതു കഴിഞ്ഞ് രാജാവ് പുറത്തേയ്ക്കിറങ്ങിയപ്പോൾ കാത്തിരുന്ന ചേലപ്പറമ്പ്, മന്ത്രിയോട് പറഞ്ഞു രാജാവിനെ ഒന്നു മുഖം കാണിക്കാൻ ഏർപ്പാട് ചെയ്തു തരണം, ഒരു സാധുബ്രാഹ്മണനാണ് വള്ളുവനാട്ടിൽ നിന്നാണ്, ഗണപതിഹോമം മാത്രമേ വശമുള്ളൂ, കുറച്ചു കവിതാവാസനയും ഉണ്ട് എന്ന് മന്ത്രി രാജാവിനെ ധരിപ്പിച്ചു. ഇവിടെത്തന്നെ നിന്നോളൂ, വൈകിട്ട് ഉത്തരം മറുപടിയായിത്തരാം എന്നു പറഞ്ഞു. ചേലപ്പറമ്പിന്റെ തുറന്ന സംസാരരീതി ഇഷ്ടപ്പെട്ട് രാജാവ് വൈകിട്ട് കൊട്ടാരത്തിൽ വിളിപ്പിച്ച് കൽപ്പിച്ചു ഇനി മുതൽ കൊട്ടാരം ഗണപതിഹോമത്തിന് തിരുമേനിയാവട്ടെ എന്ന്. ഭാഗ്യം അന്നു മുതൽ കൊട്ടാരം ഗണപതിഹോമക്കാരനായി തീർന്നു ചേലപ്പറമ്പ് നമ്പൂതിരി.

തറവാട്ടില്ലം പുതുക്കി പണിഞ്ഞതും അവിടെ അമ്പലം കെട്ടിയതും, കൊക്കർണി കുഴിപ്പിച്ചതും തിരുവനന്തപുരം രാജാവാണത്രെ. കൊക്കർണിക്കല്ലിൽ എന്തോ വട്ടെഴുത്തിൽ എഴുതിവെച്ചിട്ടുണ്ട്. കാലം കടന്നുപോയി ചേലപ്പറമ്പ് തിരിച്ചു ഇല്ലെത്തെത്തി, തന്റെ ഗണപതി ഉപാസന തുടർന്നു. വികടഭക്തിക്ക് വളരെ താത്പര്യമുള്ള ഒരാളായി ചേലപ്പറമ്പിനെ കണക്കാക്കുന്നു. നല്ല രീതിയിൽ ഭജിച്ചാൽ മഹാദേവൻ പ്രസന്നനാകില്ലെന്നും പണ്ട് രാവണൻ കൈലാസമെടുത്ത് അമ്മാനമാടിയപ്പോളും കിരാതത്തിൽ അർജ്ജുനൻ മുഷ്ക് എടുത്തപ്പോഴാണ് പ്രസന്നനായത് എന്ന പ്രമാണമെടുത്ത് കവി സമർത്ഥിക്കുന്നു. മുഷ്കേ നിന്നോടു നല്ലൂ കരുണതരുവതിന്ന് എന്ന് പറഞ്ഞ് ഇദ്ദേഹം ഇരിക്കുന്ന ആവണപ്പലകയാൽ ശിവലിംഗത്തിൽ അടിച്ചു എന്നും ഐതിഹ്യമുണ്ട്.

അബ്ദാർധേന ഹരിം പ്രസന്നമകരോദൗത്താന
പാദിശ്ശിശുഃ
സപ്താഹേന നൃപഃ പരീക്ഷിദബലാ യാമാർദ്ധ
തഃ പിംഗലാ .
ഖട്വാംഗോ ഘടികാദ്വയേന നവതിപ്രായോ?പി
തന്ന വ്യഥേ
തം കാരുണ്യനിധിം പ്രപദ്യ ശരണം ശേഷായു
ഷാ തോഷയേ

(ഉത്താനപാദപുത്രനായ ധ്രുവൻ അരവർഷം കൊണ്ട് (ആറുമാസംകൊണ്ട്) ഹരിയെ പ്രസന്നമാക്കി, രാജാവ് പരീക്ഷിത് സപ്താഹം (ഒരാഴ്ച)കൊണ്ടും പിംഗലാ അരയാമം കൊണ്ടും രണ്ട് മണിക്കൂർകൊണ്ട് ഖട്വാംഗനും ഹരിയെ പ്രസന്നനാക്കി. തൊണ്ണൂറുവയസ്സായിട്ടും എനിക്കൊന്നും കഴിഞ്ഞില്ല. ബാക്കിയുള്ള ആയുസ്സിനാലിതാ അദ്ദേഹത്തെ സന്തോഷിപ്പിക്കുന്നു)

ഈ ഒരു ഒറ്റശ്ലോകം ചൊല്ലി ഗുരുവായൂർ മണ്ഡപത്തിൽ ഒരു നമഃസ്കാരം ചെയ്ത് ചേലപ്പറമ്പ് മരണം വരിച്ചു എന്നു പറയപ്പെടുന്നു.

SGOU


SREENARAYANAGURU OPEN UNIVERSITY

## Recap

- മുക്തകം - മുത്ത്, മോചിപ്പിക്കപ്പെട്ടത്
- മുക്തകം- നാലു പാദങ്ങളിൽ അർഥപൂർണത വരുന്ന ശ്ലോകങ്ങൾ
- മുക്തകങ്ങൾ ഒറ്റശ്ലോകങ്ങളാണ്
- മുക്തകവിഭജനം - രാജസ്തുതി, ഛായാചിത്രം, മംഗളം, വസ്തുചിത്രണം, ശൃംഗാരം, തത്ത്വചിന്ത, ഭക്തി
- മുക്തകങ്ങൾ എല്ലാ രസങ്ങളെയും ആവിഷ്കരിക്കുന്നു
- രൂപപരമായ ഹ്രസ്വതയും ഏകാഗ്രതയും മുക്തകസവിശേഷത
- വസ്തുനിഷ്ഠവും ആത്മനിഷ്ഠവുമായ വിഷയങ്ങൾ മുക്തകങ്ങളിൽ കാണാം
- മുക്തകങ്ങൾക്ക് നിയോക്ലാസ്സിക് കാവ്യപാരമ്പര്യമാണുള്ളത്
- സംസ്കൃതസാഹിത്യത്തിൽനിന്നും മലയാളത്തിലേയ്ക്ക് കടന്നുവന്നവയാണ് മുക്തകങ്ങൾ
- സംസ്കൃതത്തിലെ മുക്തകപാരമ്പര്യത്തിന് വേദകാലത്തോളം പഴക്കമുണ്ട്
- രാമായണമഹാഭാരതങ്ങളിൽ ധാരാളം മുക്തകങ്ങൾ കാണാവുന്നതാണ്
- ആദികാവ്യമായ രാമായണത്തിലെ ആദ്യശ്ലോകം തന്നെ ഒരു മുക്തകമാണ്
- ക്രൗഞ്ചമിഥുനങ്ങളിലൊന്നിനെ വേടൻ അമ്പെയ്തപ്പോൾ കവിയ്ക്ക് ഉണ്ടായ കോപം ശോകമായി മാറിയതും ശോകം ശ്ലോകമായി മാറിയതും മുക്തകത്തിന് ഉദാഹരണമാണ്
- പാശ്ചാത്യസാഹിത്യത്തിലെ ഗീതകപ്രസ്ഥാനത്തിന്റെ സ്വാധീനം ഈ ലഘുകാവ്യങ്ങൾക്കുണ്ട്
- മലയാളത്തിൽ മുക്തകങ്ങൾ പിറവികൊണ്ടത് തോലനിൽ നിന്നാണെന്ന് പറയാം
- മണിപ്രവാളസാഹിത്യത്തിൽ ശൃംഗാരമയമായ മുക്തകങ്ങൾ ഉണ്ടായിട്ടുണ്ട്
- കേരളത്തിലുണ്ടായ മുക്തകകവികളിൽ ശ്രേഷ്ഠനാണ് പുനം നമ്പൂതിരി
- പൂന്താനം, കുഞ്ചൻനമ്പ്യാർ, രാമപുരത്തുവാര്യർ, കോട്ടയത്തുത്തമ്പുരാൻ, ഇരയിമ്മൻതമ്പി തുടങ്ങിയവർ മുക്തകരചനയെ സഹായിച്ചവരാണ്
- വെൺമണിപ്രസ്ഥാനം മുക്തകങ്ങളുടെ വസന്തകാലമായിരുന്നു
- സംസ്കൃതത്തിന്റെ ചുവടുപിടിച്ച് ഭാഷയിൽ ഉണ്ടായ കാവ്യരൂപമാണ് മുക്തകങ്ങൾ അഥവാ ഒറ്റശ്ലോകങ്ങൾ
- വെണ്മണിപ്രസ്ഥാനത്തിൽപെട്ട എല്ലാവരും മുക്തകപ്രസ്ഥാനത്തെ പരിപോഷിപ്പിച്ചവരാണ്
- മുത്തിന്റെ രൂപപ്പൊലിമയും സ്വയംപൂർണ്ണതയും ആകർഷകത്വവുമാണ് മുക്തകങ്ങളുടെ സവിശേഷത
- താൽകാലിക ശ്ലോകങ്ങൾ, അതും അലസതയും നിസ്വതയും തുളുമ്പുന്ന സരസമായ ഒറ്റശ്ലോകങ്ങളാണ് ചേലപ്പറമ്പിന്റെ മുഖമുദ്ര
- മുക്തകസാഹിത്യത്തിലെ പ്രധാനപ്പെട്ട ഒരു വിഭാഗമാണ് ഛായാചിത്രം. വാക്കുകൾകൊണ്ട് ചിത്രം വരയ്ക്കുന്ന കലാവിരുതാണ് ഇതിൽ പ്രകടമാകുന്നത്
- വാങ്മയചിത്രത്തിലൂടെ വർണ്യവിഷയത്തിന്റെ അനുഭൂതി അനുവാചകരിൽ ഉളവാക്കുകയാണ് ഇവയിലൂടെ സാധ്യമാക്കുന്നത്
- ഒരു ചിത്രത്തിലെന്നപോലെ, വിഷയത്തിന്റെ ഏതെങ്കിലും ഒരു പ്രത്യേക ഭാവത്തെ ഉയർത്തിക്കാട്ടുകയാണ് ഛായാചിത്രണത്തിലൂടെ ചെയ്യുന്നത്
- മലയാളസാഹിത്യത്തിൽ മുക്തകങ്ങളെ ഒരു കാവ്യപ്രസ്ഥാനമായി അവതരിപ്പിച്ചവരാണ് കൊടുങ്ങല്ലൂർക്കളരിയിലെ വെണ്മണിക്കവികൾ

SGOU

- തോലന്റെ കാലം മുതൽ തുടങ്ങിയതെങ്കിലും ഇതൊരു ചെറിയ കാവ്യപ്രസ്ഥാനമായി വളർന്നു വികസിച്ചത് വെണ്മണിപ്രസ്ഥാനകാലത്താണ്
- ചേലപ്പറമ്പു നമ്പൂതിരി, പൂന്തോട്ടം നമ്പൂതിരി (പൂന്തോട്ടത്ത് അച്ഛനും മഹനും) ഒറവങ്കര നീലകണ്ഠൻ നമ്പൂതിരി തുടങ്ങിയ കവികളാണ് ഈ പ്രസ്ഥാനത്തിലെ പ്രമുഖർ
- ചില പ്രത്യേക സംഭവങ്ങളെയോ അനുഭവങ്ങളെയോ വിഷയമാക്കിയാണ് മുക്തകങ്ങൾ രചിക്കുന്നത്
- അഗ്നിപുരാണത്തിൽ മുക്തകത്തെ 'മുക്തകം ശ്ലോകം ഏകഃ സ്യാൽ ചമൽക്കാരാക്ഷമഃ സതാം' എന്ന് നിർണയം ചെയ്തിരിക്കുന്നതായി ഡോ. കെ. കുഞ്ചുണ്ണിരാജാ രേഖപ്പെടുത്തുന്നു
- 'ഛന്ദോബദ്ധപദം പദ്യം തേന മുക്തേന മുക്തകം'' എന്ന് 'സാഹിത്യദർപ്പണ'ത്തിൽ മുക്തകത്തെ നിർവചിച്ചിരിക്കുന്നു
- വൃത്തബദ്ധമാണ് പദ്യം. അതിൽ അർഥപൂർത്തിക്കായി മറ്റൊന്നിനെ ആശ്രയിക്കാതെ നില്ക്കുന്നത് മുക്തകം
- വാമനാചാര്യന്റെ 'കാവ്യാലങ്കാര സൂത്രവൃത്തി'യിൽ അനിബദ്ധമായ ഒറ്റശ്ലോകം വെറും തീപ്പൊരി പോലെയാണെന്നും വെളിച്ചവും ചൂടും നല്കാൻ അതിനു കഴിവില്ലെന്നും അഭിപ്രായപ്പെടുന്നു
- 'ധ്വന്യാലോക'കാരനായ അനന്ദവർധനാചാര്യൻ ഒറ്റശ്ലോകത്തെ വിലമതിക്കുന്നു
- അഭിനവഗുപ്തനാണ് മുക്തകത്തെ വ്യാഖ്യാനിക്കുകയും വിശദീകരിക്കുകയും ചെയ്തത്. രസോല്പത്തിക്ക് അനുപേക്ഷണീയമായ വിഭവാദി സംഘടന ഒരൊറ്റപ്പദ്യമായ മുക്തകത്തിൽ ഉണ്ടാകണമെന്ന് അദ്ദേഹം നിർദേശിക്കുന്നു
- സ്വയം സമ്പൂർണാർഥ നിവേദനക്ഷമമായ പദ്യമാണ് മുക്തകം
- കവിയുടെ ആത്മാംശം, സംസ്കൃതത്തിലെ മറ്റേതു കാവ്യരൂപത്തിലെക്കാളും കൂടുതലായി മുക്തകങ്ങളിൽ സ്പന്ദിച്ചു നില്ക്കുന്നു
- ശൃംഗാരരസപ്രധാനമാണ് അധികം ശ്ലോകങ്ങളും. വെണ്മണിപ്രസ്ഥാനത്തിന്റെ ചടുലതയും ആർജവവും ഈ ശ്ലോകങ്ങളിൽ ദർശിക്കാം
- സുഖലോലുപതയുടെ തൊട്ടിലിൽ ഊഞ്ഞാലാടി രസിക്കുന്ന പ്രഭുത്വത്തിന്റെ മനോവികാരങ്ങളേ ഇവയിൽ കൂടുതലായി പ്രതിഫലിക്കുന്നുള്ളൂ.
- മാംസനിബദ്ധമായ അനുരാഗസാഫല്യം - ഇതിനെക്കുറിച്ചു മാത്രമേ അവർ ചിന്തിച്ചിട്ടൂ.
- ഉദാസീനജീവിതത്തിന്റെ ഉക്തിവൈചിത്ര്യങ്ങളായി കരുതാം ഇത്തരം മുക്തകങ്ങളെ.
- ഭാവസൗകുമാര്യം, ചടുലത, ധ്വന്യാത്മകത, ഫലിതം, ആക്ഷേപഹാസ്യം, വാങ്മയ ചിത്രീകരണം, സമഗ്രത, ആലങ്കാരിക ഭംഗി, രചനാകൗശലം മുതലാവ മുക്തകങ്ങളുടെ സവിശേഷതകളാണ്
- മലയാള കാവ്യസംസ്കാരത്തിന്റെ പ്രകാശപൂർണമായ രംഗവേദികളാണ് അക്ഷരശ്ലോക സദസ്സുകൾ
- സഹൃദയസാന്നിധ്യമുള്ള അക്ഷരശ്ലോകസദസ്സുകളിലൂടെ മുക്തകങ്ങൾക്കു പുനർജീവൻ കിട്ടിക്കൊണ്ടിരിക്കുന്നു.
- ശൈവവും വൈഷ്ണവവും ശാക്തേയവുമായ ദേവതകളെ സ്തുതിച്ചുകൊണ്ടുള്ള മുക്തകങ്ങളാണ് ഭാഷയിൽ കൂടുതലും രചിക്കപ്പെട്ടിരിക്കുന്നത്.
- മുക്തകസാഹിത്യത്തിൽ കൂടുതലായി വർണിച്ചിരിക്കുന്ന ഇഷ്ടദേവത ശിവനാണ്.
- രാജാക്കന്മാരുടെയോ പ്രഭുക്കന്മാരുടെയോ ആശ്രിതരായിരുന്നു കഴിഞ്ഞ കാലഘട്ടങ്ങളിലെ മിക്ക കവികളും?
- രാജാക്കന്മാർക്ക് കവികളോടുണ്ടായിരുന്ന ആശ്രിതവാത്സല്യം നിരവധി രാജസ്തുതിക



SGOU

ളുടെ നിർമ്മാണത്തിന് കാരണമായി.

- രാജാക്കന്മാരുടെ ഗുണമഹിമകളെ വാഴ്ത്തി ശ്ലോകങ്ങൾ രചിച്ച് കാഴ്ചവെയ്ക്കുന്നതും രാജാക്കന്മാരിൽനിന്നും അതിന് പ്രതിഫലം പറ്റുന്നതുമായ സന്ദർഭങ്ങൾ നിരവധിയാണ്.
- രാജാക്കന്മാരുടെ സ്നേഹത്തിനും ഔദാര്യത്തിനും പാത്രീഭവിച്ച കവികളിൽ ചെറുശ്ശേരിയും നമ്പ്യാരും രാമപുരത്തുവാര്യരും ഉണ്ണായിവാര്യരുമെല്ലാം ഉൾപ്പെടുന്നു.
- രാജസ്തുതിയോടൊപ്പം പരോക്ഷമായെങ്കിലും വിമർശനം നടത്താനും കവികൾ മുതിരാറുണ്ട്.
- ഭാഷാമുക്തകപ്രസ്ഥാനത്തിലെ അവഗണിക്കപ്പെടാനാവാത്ത ഒരു വിഭാഗമാണ് മംഗളശ്ലോകങ്ങളുടേത്.
- വിശേഷാവസരങ്ങളിൽ മംഗളശ്ലോകം ചൊല്ലുക എന്നത് കേരളീയസമൂഹത്തിലെ ഒരു പ്രധാന ചടങ്ങാണ്.
- മാനവേദസദസ്സിലെ പതിനെട്ടരക്കവികളിൽ അരക്കവിയായിരുന്ന പുനം നമ്പൂതിരി
- പുനം നമ്പൂതിരി രാജാവിനെ പ്രകീർത്തിച്ച് എഴുതിയ ശ്ലോകം മലയാളകവിതാസാഹിത്യത്തിൽ ഒരിയ്ക്കലും മാഞ്ഞു പോകാത്ത ഒരു തൊടുകുറിയായി നിലനിൽക്കുന്നതാണ്.
- തത്വചിന്താപരമായ മുക്തകങ്ങൾ മലയാളസാഹിത്യത്തിൽ ഏറെയുണ്ട്.
- കുമാരനാശാന്റെ തത്വചിന്ത കടന്നുവരുന്ന മുക്തകം ഉൾപ്പെടുന്ന ഖണ്ഡകാവ്യമാണ് 'ഒരു സിംഹപ്രസവം'
- 52 ശ്ലോകങ്ങളുള്ള "നല്ലഭാഷ' എന്ന പച്ചമലയാളകൃതി കുഞ്ഞിക്കുട്ടൻ തമ്പുരാൻ രചിച്ചു
- കേരളവർമ്മ പഴശ്ശിരാജ പ്രിയതമ കൈതേരി മാക്കത്തിനോട് പറയാനായി കൊടുക്കുന്ന സന്ദേശം മുക്തകരൂപത്തിലാണ് രചിച്ചിട്ടുള്ളത്.
- പാട്ടുണ്ണിചരിതം എന്ന ആട്ടക്കഥ ചേലപ്പറമ്പു നമ്പൂതിരിയുടെ കൃതിയാണ്.
- വികടഭക്തിക്ക് വളരെ താത്പര്യമുള്ള ഒരാളായി ചേലപ്പറമ്പിനെ കണക്കാക്കുന്നു

## Objective Questions

1. മുക്തകം എന്ന വാക്കിന്റെ അർത്ഥം?
2. മുക്തകങ്ങളെ വിളിക്കുന്ന മറ്റൊരു പേര്?
3. ഭാവപരമായി മുക്തകങ്ങൾ പിന്തുടരുന്ന കാവ്യപാരമ്പര്യം?
4. മുക്തകങ്ങളുടെ പ്രധാന സവിശേഷതകളെന്തെല്ലാം?
5. മുക്തകവിഭജനം ഏതെല്ലാം തരത്തിലാണ്?
6. ആദികാവ്യമായ രാമായണത്തിലെ ആദ്യശ്ലോകം ഏതു കാവ്യമാണ്?
7. കുമാരനാശാന്റെ തത്വചിന്ത കടന്നുവരുന്ന മുക്തകം ഉൾപ്പെടുന്ന ഖണ്ഡകാവ്യമേത്?
8. സ്വയം സമ്പൂർണാർഥ നിവേദനക്ഷമമായ പദ്യമേത്?
9. മുക്തകസാഹിത്യത്തിൽ കൂടുതലായി വർണിച്ചിരിക്കുന്ന ഇഷ്ടദേവത ഏത്?
10. രാജാക്കന്മാരുടെ സ്നേഹത്തിനും ഔദാര്യത്തിനും പാത്രീഭവിച്ച കവികളാരെല്ലാം?

SGOU

11. ഭാഷാമുക്തകപ്രസ്ഥാനത്തിൽ മംഗളശ്ലോകങ്ങളുടെ പ്രാധാന്യമെന്ത്?
12. മാനവേദസദസ്സിലെ പതിനെട്ടരക്കവികളിൽ അരക്കവിയായിരുന്ന മുക്തകരചയിതാവാര്?
13. കവികൾക്ക് രാജസ്തുതികൾ നിർമ്മിക്കുന്നതിന് കാരണമായെന്ത് ?
14. എൻ. വി. കൃഷ്ണവാര്യർ മുക്തകത്തെ നിരീക്ഷിക്കുന്നത് എപ്രകാരമാണ്?
15. അഗ്നിപുരാണത്തിൽ മുക്തകത്തെ നിർണയം ചെയ്തിരിക്കുന്നതെങ്ങനെ?
16. 'ഛന്ദോബദ്ധപദം പദ്യം തേന മുക്തേന മുക്തകം' എന്ന് മുക്തകത്തെ നിർവചിച്ചിരിക്കുന്നത് ഏതു ഗ്രന്ഥത്തിലാണ്?
17. വൃത്തബദ്ധമാണ് പദ്യം. അതിൽ അർഥപൂർത്തിക്കായി മറ്റൊന്നിനെ ആശ്രയിക്കാതെ നില്ക്കുന്നത് എന്താണ്?
18. വാമനാചാര്യന്റെ 'കാവ്യാലങ്കാര സൂത്രവൃത്തി'യിൽ മുക്തകത്തെപ്പറ്റി പറഞ്ഞിരിക്കുന്നതെങ്ങനെ?
19. ഛായാചിത്രം അഥവാ ഛായാചിത്രണം എന്നാലെന്ത്?
20. മലയാളസാഹിത്യത്തിൽ മുക്തകങ്ങളെ ഒരു കാവ്യപ്രസ്ഥാനമായി അവതരിപ്പിച്ചവരാരാണ്?
21. മലയാളത്തിൽ മുക്തകസാഹിത്യം ആരംഭിച്ചത് ആരുടെ കാലം മുതലാണ്?
22. മുക്തകസാഹിത്യം കാവ്യപ്രസ്ഥാനമായി വളർന്നു വികസിച്ചത് ആരുടെ കാലത്താണ്?
23. മലയാളത്തിലെ ആദ്യത്തെ പച്ചമലയാളകൃതി ഏത്? രചിച്ചതാര് ?
24. വെൺമണിപ്രസ്ഥാനത്തിലെ പ്രമുഖരായ മുക്തകകവികളാരെല്ലാം?
25. പാടത്തിൽകരെ നീളെ നീലനിറമായ് - എന്നു മുക്തകത്തിൽ ചേലപ്പറമ്പ് നമ്പൂതിരിയുടെ എന്തിനെക്കുറിച്ചാണ് പറയുന്നത്?
26. പ്രിയതമ കൈതേരിമാക്കത്തിന് പറയാനായി കൊടുക്കുന്ന സന്ദേശം മുക്തകരൂപത്തിലാണ് രചിച്ചതാരാണ്?
27. 'മഹീപതേ ഭാഗവതോപമാനം എന്നു തുടങ്ങുന്ന മുക്തകം രചിച്ചതാര്?
28. വികടഭക്തിക്ക് വളരെ താല്പര്യമുള്ള കവിയായി കണക്കാക്കുന്നത് ആരെയാണ്?

## Answers

1. മുക്തമാക്കപ്പെട്ടത്
2. ഒറ്റശ്ലോകങ്ങൾ
3. നിയോക്ലാസ്സിക്
4. ഭാവസൗകുമാര്യം, ചടുലത, ധ്വന്യാത്മകത, ഫലിതം, ആക്ഷേപഹാസ്യം, വാങ്മയ ചിത്രീകരണം, സമഗ്രത, ആലങ്കാരികഭംഗി, രചനാകൗശലം മുതലായവ മുക്തകങ്ങളുടെ സവിശേഷതകളാണ്.

5. രാജസ്തുതി, ഛായാചിത്രം, മംഗളം, വസ്തുചിത്രണം, ശൃംഗാരം, തത്ത്വചിന്ത, ഭക്തി
6. മുക്തകമാണ്.
7. 'ഒരു സിംഹപ്രസവം'
8. മുക്തകം
9. ശിവൻ
10. ചെറുശ്ശേരിയും കുഞ്ചൻനമ്പ്യാരും രാമപുരത്തുവാര്യരും ഉണ്ണായിവാര്യരും
11. ഭാഷാമുക്തകപ്രസ്ഥാനത്തിലെ അവഗണിക്കപ്പെടാനാവാത്ത ഒരു വിഭാഗമാണ് മംഗളശ്ലോകങ്ങളുടേത്. വിശേഷാവസരങ്ങളിൽ മംഗളശ്ലോകം ചൊല്ലുക എന്നത് കേരളീയസമൂഹത്തിലെ ഒരു പ്രധാന ചടങ്ങാണ്.
12. പുനം നമ്പൂതിരി
13. രാജാക്കന്മാർക്ക് കവികളോടുണ്ടായിരുന്ന ആശ്രിതവാത്സല്യം
14. രസോദ്ബോധനമാണ് മുക്തകത്തിന്റെ സർവപ്രധാനമായ ലക്ഷ്യം. ഈ ലക്ഷ്യത്തെ സമർഥമായി നിർവഹിക്കുമ്പോഴാണ് മുക്തകം ഒരു ഭാവകാവ്യമായി തീരുന്നത്.
15. 'മുക്തകം ശ്ലോകം ഏകഃ സ്യാൽ ചമൽക്കാരാക്ഷമഃ സതാം'
16. 'സാഹിത്യദർപ്പണ'ത്തിൽ
17. മുക്തകം
18. അനിബദ്ധമായ ഒറ്റശ്ലോകം വെറും തീപ്പൊരി പോലെയാണെന്നും വെളിച്ചവും ചൂടും നല്കാൻ അതിനു കഴിവില്ലെന്നും അഭിപ്രായപ്പെടുന്നു.
19. മുക്തകവിഭാഗത്തിൽ ഛായാചിത്രങ്ങൾകൊണ്ട് വാങ്മയചിത്രത്തിലൂടെ വർണ്യവിഷയത്തിന്റെ അനുഭൂതി അനുവാചകരിൽ ഉളവാക്കുന്നു. ഒരു ചിത്രത്തിലെന്നപോലെ, ഏതെങ്കിലും ഒരു പ്രത്യേകഭാവത്തെ ഉയർത്തിക്കാട്ടുകയാണ് ഛായാചിത്രണത്തിലൂടെ ചെയ്യുന്നത്.
20. കൊടുങ്ങല്ലൂർക്കളരിയിലെ വെണ്മണിക്കവികൾ.
21. തോലന്റെ കാലം മുതൽ
22. വെണ്മണിപ്രസ്ഥാനകാലത്ത്
23. 52 ശ്ലോകങ്ങളുള്ള "നല്ലഭാഷ'യാണ് ആദ്യ പച്ചമലയാളകൃതി, കുഞ്ഞിക്കുട്ടൻ തമ്പുരാനാണ് രചിച്ചത് .
24. തോലൻ, അമ്പാടി കുഞ്ഞികൃഷ്ണപൊതുവാൾ വില്വട്ടത്തു രാഘവൻ നമ്പ്യാർ, ചേലപ്പറമ്പു നമ്പൂതിരി, പൂന്തോട്ടം ദാമോദരൻനമ്പൂതിരി (പൂന്തോട്ടത്ത് അച്ഛനും മഹനും) ഒറവങ്കര നീലകണ്ഠൻ നമ്പൂതിരി പുനം നമ്പൂതിരി, വെൺമണിക്കവികൾ, കോട്ടയത്തുതമ്പുരാൻ, കേരളവർമ്മ, ഏ. ആർ., രാമപുരത്തുവാര്യർ തുടങ്ങിയ കവികളാണ് ഈ പ്രസ്ഥാനത്തിലെ പ്രമുഖർ.
25. വേലിയിൽ പടർന്നു കിടക്കുന്ന കയ്പ്പവല്ലരിയെക്കുറിച്ച്
26. കോട്ടയം കേരളവർമ്മ പഴശ്ശിരാജ
27. രാമപുരത്ത് വാര്യർ
28. ചേലപ്പറമ്പു നമ്പൂതിരി

SGOU

## Assignments

1. വെൺമണി പ്രസ്ഥാനത്തെപ്പറ്റി വിവരിക്കുക
2. മലയാളത്തിലെ മുക്തകപ്രസ്ഥാനത്തെപ്പറ്റി ചർച്ച ചെയ്യുക
3. വിജ്ഞാനവും വിനോദവും പ്രദാനം ചെയ്യുന്നവയാണ് മുക്തങ്ങൾ സമർഥിക്കുക
4. മുക്തകങ്ങളിലെ ഭാഷ, ഇതിവൃത്തം, സ്വഭാവസവിശേഷതകൾ എന്നിവയെപ്പറ്റി വിലയിരുത്തുക
5. മുക്തകവിഭജനത്തെ അപഗ്രഥനാത്മകമായി വിലയിരുത്തുക

## Reference

1. ഡോ. കെ. എം. ജോർജ്(എഡി.) സാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ, എൻ.ബി.എസ്, കോട്ടയം.
2. ഡോ. അകവൂർ നാരായണൻ, വെൺമണി പ്രസ്ഥാനം, എൻ.ബി.എസ്, കോട്ടയം
3. എരുമേലി പരമേശ്വരൻപിള്ള, മലയാള സാഹിത്യം കാലഘട്ടങ്ങളിലൂടെ, കറന്റ് ബുക്സ്, കോട്ടയം
4. പി. ഗോവിന്ദപ്പിള്ള, മലയാള ഭാഷാചരിത്രം, സാഹിത്യപ്രവർത്തക സഹകരണ സംഘം, എൻ.ബി.എസ്, കോട്ടയം.

## Suggested Reading

1. ടി. പി. ബാലകൃഷ്ണൻ നായർ, മഹാകാവ്യപ്രസ്ഥാനം, സിറ്റി പ്രസ്, തിരുവനന്തപുരം
2. ടി.എം. ചുമ്മാർ, പദ്യസാഹിത്യചരിത്രം,എൻ.ബി.എസ്, കോട്ടയം.
3. കെ.പി നാരായണ പിഷാരടി (വിവ.) ഭരതമുനിയുടെ നാട്യശാസ്ത്രം, കേരള സാഹിത്യ അക്കാദമി, തൃശൂർ
4. എൻ. കൃഷ്ണപിള്ള, കൈരളിയുടെ കഥ, ഡി.സി ബുക്സ്, കോട്ടയം

SGOU

# SREENARAYANAGURU OPEN UNIVERSITY

**QP CODE: ………** **Reg. No : ..................................**

**Name : ……..............................**

**FIFTH SEMESTER FYUGP BA (HONOURS)**

**MALAYALAM LANGUAGE AND LITERATURE EXAMINATION**

MAJOR DISCIPLINE CORE COURSE - SGB24ML305MC

മലയാളകവിത – പ്രാചീനം മധ്യകാലീനം

**MODEL QUESTION PAPER- SET- A**

**2024 - 25 Admission Onwards**

**Time: 3 Hours** **Max Marks: 70**

## SECTION A

**I. ഏതെങ്കിലും എട്ട് ചോദ്യത്തിന് ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക.**

1. കഥകളിയെ ചിട്ടപ്പെടുത്തുന്നതിൽ പ്രധാന പങ്കുവഹിച്ചതാരാണ്?
2. ദ്രാവിഡസൗന്ദര്യശാസ്ത്രത്തിന്റെ ആധികാരിക രേഖ ഏത്?
3. മൂന്നു തമിഴ് സംഘങ്ങൾ ഏതെല്ലാം?
4. 'ഉച്ചരയുഗശരൻ' എന്ന് വിശേഷിപ്പിച്ചിരിക്കുന്നത് ആരെയാണ്?
5. രാമചരിതത്തിന് ആ കൃതിയിൽ പറയുന്ന പേര് എന്ത്?
6. 'തമിഴ് മണിസംസ്കൃതപവിഴം കോക്കിന്റേൻ വൃത്തമാനചെന്നുമ്മേൽ'- ഏതു കൃതിയിലേത്?
7. സാത്വികഗുണമുള്ള കഥാപാത്രങ്ങളെ അവതരിപ്പിക്കുന്ന വേഷം?
8. കഥകളിയിലെ സ്ത്രീവേഷം ഏത്?
9. പാലൈ തിണയുടെ പ്രധാന തൊഴിൽ എന്താണ്?
10. പൂന്താനത്തിന്റെ രണ്ട് കൃതികൾ പരിചയപ്പെടുത്തുക? **(8x1 = 8Marks)**

## SECTION B

**II. ഏതെങ്കിലും ആറ് ചോദ്യത്തിന് അരപ്പുറത്തിൽ ഉത്തരമെഴുതുക.**

11. പ്രധാനപ്പെട്ട രണ്ട് തെക്കൻ പാട്ടുകളെയും വടക്കൻപാട്ടുകളെയും പരിചയപ്പെടുത്തുക?
12. ഉള്ളൂർ ആറ് വിഭാഗമായി നാടൻപാട്ടുകളെ തിരിച്ചിരിക്കുന്നു -ഏതെല്ലാം?
13. അനുഷ്ഠാനഗാനങ്ങൾ എന്നാൽ എന്ത്?

SGOU

14. ആദ്യകാലമണിപ്രവാളകൃതികൾ ഏതെല്ലാം? രണ്ട് ഉദാഹരണങ്ങൾ എഴുതുക.

15. കഥാഗാനങ്ങളുടെ അഞ്ച് സവിശേഷതകൾ എഴുതുക?

16. എഴുത്തച്ഛന്റെ കാവ്യജീവിതത്തെക്കുറിച്ച് കുറിപ്പെഴുതുക?

17. ലീലാതിലകത്തിൽ പാട്ടിന് നൽകിയിരിക്കുന്ന ലക്ഷണം എന്താണ്?

18. ഞാറ്റുപാട്ടിനെകുറിച്ച് കുറിപ്പെഴുതുക?

19. ഭക്തിപ്രസ്ഥാനത്തെക്കുറിച്ച് കുറിപ്പെഴുതുക? **(6x2 = 12Marks)**

**III. ഏതെങ്കിലും ആറ് ചോദ്യത്തിന് ഒരു പുറത്തിൽ ഉത്തരമെഴുതുക.**

20. മലയാളത്തിലെ മഹാകാവ്യപ്രസ്ഥാനത്തിന്റെ ചരിത്രം സംഗ്രഹിച്ച് കുറിപ്പെഴുതുക?

21. നാടൻ ജീവിതത്തിന്റെയും സംസ്കാരത്തിന്റെയും ആന്തരിക ചൈതന്യം കലർന്നവയാണ് വടക്കൻ പാട്ടുകൾ - ഈ അഭിപ്രായത്തിന്റെ സാധുത പരിശോധിക്കുക?

യുഗം നാലിലും നല്ലൂ കലിയുഗം
സുഖമേതന്നെ മുക്തി വരുത്തുവാൻ
കൃഷ്ണ കൃഷ്ണ മുകുന്ദാ ജനാർദ്ദന
കൃഷ്ണ ഗോവിന്ദ രാമായെന്നിങ്ങനെ
തിരുനാമസങ്കീർത്തനമേന്നിയെ-
യൊരു യത്നവും മേറിയല്ലറിഞ്ഞാലും ' - സന്ദർഭവും സാരസ്യവും വിശദമാക്കുക?

22. ആയോധനകലയുമായി ബന്ധപ്പെട്ട മനുഷ്യരുടെ ജീവിതസംസ്കാരം വടക്കൻ പാട്ടിലെ പ്രധാന ഘടകമാണ് - ചർച്ച ചെയ്യുക?

23. സന്ദേശകാവ്യങ്ങളുടെ പൊതുവായ പ്രത്യേകതകൾ എന്തെല്ലാം?

24. ജ്ഞാനപ്പാനയുടെ ഭാഷാപരമായ സവിശേഷതകൾ വിശദീകരിക്കുക?

25. പുറം കവിതകളുടെ സവിശേഷതകൾ എന്തെല്ലാം?

26. വൈവിധ്യമാണ് നാടൻപാട്ടുകളുടെ മുഖ്യ സവിശേഷത - വിശദമാക്കുക? **(6x5=30 Marks)**

**IV. ഏതെങ്കിലും രണ്ട് ചോദ്യത്തിന് മൂന്നു പുറത്തിൽ ഉത്തരമെഴുതുക.**

27. മലയാളത്തിലെ മഹാകാവ്യപ്രസ്ഥാനത്തെക്കുറിച്ച് ഒരു ഉപന്യാസം തയ്യാറാക്കുക?

28. നമ്പ്യാരുടെ ഫലിത പരിഹാസങ്ങളുടെയും രചനാരീതിയുടെയും സവിശേഷതകൾ കണ്ടെത്തി വിശദീകരിക്കുക?

29. പാട്ട് പ്രസ്ഥാനത്തിലെ ലക്ഷണമൊത്ത കൃതിയാണ് രാമചരിതം - വിശദീകരിക്കുക?

30. സന്ദേശകാവ്യപ്രസ്ഥാനത്തിൽ ഉണ്ണുനീലിസന്ദേശത്തിന്റെ പ്രാധാന്യം വിവരിക്കുക?

**(2x10=20 Marks)**

SGOU

# SREENARAYANAGURU OPEN UNIVERSITY

**QP CODE: ………** **Reg. No : ..................................**

**Name : ……...........................**

**FIFTH SEMESTER FYUGP BA (HONOURS)**

**MALAYALAM LANGUAGE AND LITERATURE EXAMINATION**

MAJOR DISCIPLINE CORE COURSE - SGB24ML305MC

മലയാളകവിത - പ്രാചീനം മധ്യകാലീനം

**MODEL QUESTION PAPER- SET- B**

**2024 - 25 Admission Onwards**

---

**Time: 3 Hours** **Max Marks: 70**

SGOU

## SECTION A

**I. ഏതെങ്കിലും എട്ട് ചോദ്യത്തിന് ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക.**

1. തൊകൈ എന്ന വാക്കിന്റെ അർഥം എന്താണ്?
2. കഥകളിയുടെ പ്രാരംഭച്ചടങ്ങ് ഏത്?
3. ദ്വിതീയാക്ഷരപ്രാസത്തോട് സാമ്യമുള്ള പ്രാചീനപ്രാസം ഏത് ?
4. തുള്ളൽ എത്ര വിധം?
5. 'ഗാഥ' എന്ന വാക്കിന്റെ അർഥം എന്താണ്?
6. വഞ്ചിപ്പാട്ടിന്റെ വൃത്തം ഏത്?
7. ഗാഥാവൃത്തം എന്ന് അറിയപ്പെടുന്ന വൃത്തം ഏതാണ്?
8. കഥകളി എന്ന ദൃശ്യകലയുടെ രംഗാവതരണത്തിനുള്ള സാഹിത്യരൂപം?
9. ഭാവപരമായി മുക്തകങ്ങൾ പിന്തുടരുന്ന കാവ്യപാരമ്പര്യം ഏത്?
10. ഉത്പ്രേക്ഷ കൃഷ്ണഗാഥയാം'- എന്ന് പറഞ്ഞത് ആര്? **(8x1 = 8Marks)**

## SECTION B

**II. ഏതെങ്കിലും ആറ് ചോദ്യത്തിന് അരപ്പുറത്തിൽ ഉത്തരമെഴുതുക.**

11. കൃഷ്ണഗാഥയിലെ പ്രധാന വൃത്തങ്ങൾ ഏതെല്ലാം?
12. ഐന്തിണകൾ ഏതെല്ലാം?
13. ഭക്തിപ്രസ്ഥാനത്തിൽ ഉൾപ്പെടുന്ന രണ്ട് കൃതികൾ പരിചയപ്പെടുത്തുക?
14. ഭാഷാമിശ്രം എന്നാൽ എന്ത് ?

15. കണ്ണശ്ശരാമായണത്തിലെ ഇഷ്ടദേവതാസ്തുതിയുടെ പ്രാധാന്യം എന്താണ്?

16. തിരുനിഴൽമാല - കുറിപ്പെഴുതുക?

17. സംഘസാഹിത്യത്തിലെ അകം, പുറം കവിതകളുടെ സ്വഭാവമെന്ത് ?

18. കണ്ണശ്ശകൃതികളുടെ കാലത്തെക്കുറിച്ചുള്ള  രണ്ട് അഭിപ്രായങ്ങൾ സംഗ്രഹിക്കുക?

**(6x2 = 12Marks)**

**III. ഏതെങ്കിലും ആറ് ചോദ്യത്തിന് ഒരു പുറത്തിൽ ഉത്തരമെഴുതുക.**

19. പാട്ടുഭാഷയുടെ സവിശേഷതകൾ വിവരിക്കുക?

20. ജ്ഞാനപ്പാനയിലെ ദാർശനികചിന്തകൾ ക്രോഡീകരിക്കുക?

21. രാമചരിതത്തിൽ നിന്ന് കണ്ണശ്ശകൃതികളിൽ എത്തിയപ്പോൾ പാട്ടു ഭാഷയ്ക്കുണ്ടായ പരിണാമത്തെക്കുറിച്ച് വിവരിക്കുക?

22. കരുത്തുറ്റ സ്ത്രീകളെ ആദ്യമായി ആവിഷ്കരിച്ചത് വടക്കൻ പാട്ടുകളിലാണ് - ശരിയോ ? വിലയിരുത്തുക?

23. മുക്തകങ്ങളെക്കുറിച്ച് വിശദീകരിക്കുക?

24. കണ്ണശ്ശരാമായണത്തിന്റെ ഭാഷാപരമായ സവിശേഷതകളെക്കുറിച്ച് വിവരിക്കുക?

25. കിളിപ്പാട്ട് പ്രസ്ഥാനത്തെക്കുറിച്ച് കുറിപ്പെഴുതുക?

26. എഴുത്തച്ഛന്റെ കിളിപ്പാട്ടുകൾ ആദ്ധ്യാത്മിക വികാസത്തിനാണ് ലക്ഷ്യം വയ്ക്കുന്നത്. പാഠഭാഗത്തെ മുൻനിർത്തി വിലയിരുത്തുക ? **(6x5=30 Marks)**

**IV.ഏതെങ്കിലും രണ്ട് ചോദ്യത്തിന് മൂന്നു പുറത്തിൽ ഉത്തരമെഴുതുക.**

27. ചമ്പു പ്രസ്ഥാനത്തിന്റെ പൊതുസ്വഭാവം എന്താണെന്ന് വിശദീകരിച്ച് പ്രാചീന ചമ്പുക്കളിൽ നിന്ന് മധ്യകാല ചമ്പുക്കളിൽ എത്തുമ്പോഴുള്ള മാറ്റങ്ങൾ വിലയിരുത്തുക?

28. നാടൻ ജീവിതത്തിന്റെയും സംസ്കാരത്തിന്റെയും ആത്മീയചൈതന്യം കലർന്നവയാണ് നാടൻ പാട്ടുകൾ.  ഈ അഭിപ്രായത്തിന്റെ സാധുത പരിശോധിക്കുക?

29. കേരളത്തിന്റെ സാമൂഹിക സാമ്പത്തിക പശ്ചാത്തലം മണിപ്രവാള സാഹിത്യത്തെ എത്രത്തോളം സ്വാധീനിച്ചിട്ടുണ്ടെന്ന് വിലയിരുത്തുക?

30. വെൺമണിപ്രസ്ഥാനത്തെക്കുറിച്ച് ഉപന്യാസം തയ്യാറാക്കുക? **(2x10=20 Marks)**

SGOU

**സർവ്വകലാശാലാഗീതം**

---------------------

വിദ്യയാൽ സ്വതന്ത്രരാകണം
വിശ്വപൗരരായി മാറണം
ഗ്രഹപ്രസാദമായ് വിളങ്ങണം
ഗുരുപ്രകാശമേ നയിക്കണേ

കൂരിരുട്ടിൽ നിന്നു ഞങ്ങളെ
സൂര്യവീഥിയിൽ തെളിക്കണം
സ്നേഹദീപ്തിയായ് വിളങ്ങണം
നീതിവൈജയന്തി പാറണം

ശാസ്ത്രവ്യാപ്തിയെന്നുമേകണം
ജാതിഭേദമാകെ മാറണം
ബോധരശ്മിയിൽ തിളങ്ങുവാൻ
ജ്ഞാനകേന്ദ്രമേ ജ്വലിക്കണേ

**കുരീപ്പുഴ ശ്രീകുമാർ**

# SREENARAYANAGURU OPEN UNIVERSITY

SGOU

## Regional Centres

### Kozhikode
Govt. Arts and Science College
Meenchantha, Kozhikode,
Kerala, Pin: 673002
Ph: 04952920228
email: rckdirector@sgou.ac.in

### Thalassery
Govt. Brennen College
Dharmadam, Thalassery,
Kannur, Pin: 670106
Ph: 04902990494
email: rctdirector@sgou.ac.in

### Tripunithura
Govt. College
Tripunithura, Ernakulam,
Kerala, Pin: 682301
Ph: 04842927436
email: rcedirector@sgou.ac.in

### Pattambi
Sree Neelakanta Govt. Sanskrit College
Pattambi, Palakkad,
Kerala, Pin: 679303
Ph: 04662912009
email: rcpdirector@sgou.ac.in



SAY NO TO RAGGING
BEFORE YOU EVEN THINK OF RAGGING
Humiliation
Blacklisting
Ruined Career
Download
ANTI RAGGING
App
Don't just stand and watch. Stop Ragging! Show Character
Visit UGC Website i.e. www.ugc.Ac.in & www.antinaging.in to UGC Anti Ragging regulations.
Are You Being Ragged ?
Ministry of Education
Government of India
विश्वविद्यालय अनुदान आयोग
University Grants Commission
quality higher education for all
SGOU
DON'T LET IT BE TOO LATE
SAY NO TO DRUGS
LOVE YOURSELF AND ALWAYS BE HEALTHY
SREENARAYANAGURU OPEN UNIVERSITY
The State University for Education, Training and Research in Blended Format, Kerala

# മലയാളകവിത: പ്രാചീനം-മധ്യകാലീനം

COURSE CODE: SGB24ML305MC

SGOU

ISBN 978-81-686425-6-0

9 788168 642560

Sreenarayanaguru Open University
Kollam, Kerala Pin- 691601, email: info@sgou.ac.in, www.sgou.ac.in Ph: +91 474 2966841